# ഗംഗവ്വ ഗംഗാമാതാവ്

ശങ്കര മൊകാശി പുണേകർ



894.8143
SAN

Chemmaniyoor
P. Vasudevan Pillai
Advocate
TVM
5/2/'85

PC Library & Research Center

# ഗംഗവ്വ–ഗംഗാമാതാവ്

ശങ്കരമൊകാശി പുണേകർ

വിവർത്തനം:

പി. എൻ. ഭട്ടതിരി

2835

PC Library & Research Center

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ന്യൂദൽഹി

894.8143 SAN

1980 (Saka 1902)

© ശങ്കരമൊകാശി പുണേകർ

മലയാള വിവർത്തനം

© നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ 1972

*Original Title :* Gangawa-Gangamayi *(Kannada)*
*Malayalam Title :* Gangawa-Gangamathavu

വില രൂ. 11—50

Published by the Director, National Book Trust, India, A-5, Green Park New Delhi-110016
and Printed at Sastha Printers, Trivandrum-695 014.

# അവതാരിക

കന്നഡത്തിൽ നോവൽ എന്ന രൂപം പ്രചാരത്തിൽ വന്നതു് ഈ നൂററാണ്ടിൻെറ ആരംഭത്തിലാണെന്നു നിസ്സംശയം പറയാമെങ്കിലും, ആരംഭിച്ചതെന്നാണു് എന്ന ചോദ്യത്തിനു് കൃത്യമായ ഒരു മറുപടി പറയുക അസാദ്ധ്യമത്രേ. 1823–ൽ കെംപു നാരായണ എഴുതിയ 'മുദ്രാമഞ്ജൂഷ'യാണു് കന്നഡത്തിലെ ആദ്യനോവൽ എന്നു കരുതുന്നവരുണ്ടു്. ഈ ഗദ്യകഥയുടെ ശൈലി, നോവലിൻേറതിനോടു് അടുത്തുനില്ക്കുന്നു. എന്നാൽ, പിന്നീടുണ്ടായ നോവൽശാഖയുടെ സ്വരൂപത്തെപ്പററി കെംപു നാരായണയ്ക്കു് ഒരു ഊഹവും ഇല്ലായിരുന്നു.

നോവലിനു് അനുയോജ്യമായ ഭാഷയുടെ ചട്ടക്കൂട്ട നിർമ്മിച്ചു എന്ന ബഹുമതിയ്ക്കും കെംപു നാരായണ അർഹനാണെന്നു പറഞ്ഞുകൂടാ. 'രാമാശ്വമേധം' എന്ന ശ്രേഷ്ഠകൃതിയുടെ കർത്താവായ മുദ്ദണ്ണ (1870–1901) 'ഗോദാവരി' എന്നൊരു നോവലിന്റെ പകുതി എഴുതുകയുണ്ടായി. വെങ്കടാചാര്യന്റെ കൃതികൾ അത്യാതുരതയോടെ വായിച്ച മുദ്ദണ്ണയ്ക്കു് നോവൽ രചിക്കുന്നതിനു് സ്വയം പ്രചോദനമുണ്ടായതായി കണക്കാക്കാം.

ബി. വെങ്കടാചാര്യ (1845–1941), ബങ്കിംചന്ദ്രൻ മുതലായ ബംഗാളി നോവലിസ്റ്റുകളുടെ കൃതികൾ വിവർത്തനം ചെയ്തു്, നോവലിന്റെ സ്വരൂപത്തെപ്പററി കർണ്ണാടകക്കാർക്കു് അറിവുണ്ടാക്കിക്കൊടുത്തു. പരമ്പരാഗതമൂല്യങ്ങളെ പിന്താങ്ങുന്ന ബങ്കിംചന്ദ്രന്റെ 'വിഷവൃക്ഷം' 'ദേവിചൗധറാണി', 'കൃഷ്ണകാന്തന്റെ മരണപത്രം' ഇത്യാദി സാമൂഹ്യ നോവലുകളും, 'രാജസിംഹ', 'ദുർഗ്ഗേശനന്ദിനി', 'ആനന്ദമഠം' മുതലായ ചരിത്ര നോവലുകളും കന്നഡക്കാരുടെ ഇടയിൽ പ്രചാരത്തിൽവന്നു. എന്നാൽ ബംഗാളി ഭാഷയിൽ, അധികമായി പ്രയോഗിച്ചുവരുന്ന സംസ്കൃത പദങ്ങൾ വിവർത്തനങ്ങളിൽ ധാരാളമായി കടന്നുകൂടി നോവലിന്റെ ഭാഷ, ജീവത്തായ കന്നഡത്തിൽനിന്നു വളരെ അകന്ന മട്ടിൽ ഉള്ളതായിത്തീർന്നു. ശൈലിയോടു നമുക്കു് ഒരു മോഹം തോന്നാൻ തുടങ്ങിയതു് ബങ്കിംചന്ദ്രന്റെ നോവലുകളുടെ കന്നഡ വിവർത്തനങ്ങളിൽ നിന്നാണു് എന്നു് ശിവരാം കാരന്തു് പറഞ്ഞതു് ഇവിടെ സ്മർത്തവ്യമത്രേ.

മൈസൂർകാരനായ വെങ്കടാചാര്യ വഴി ബംഗാളി നോവലുകൾ കന്നഡത്തിലേയ്ക്കു വന്നുവെങ്കിൽ, മറാഠി ലേഖകരുടെ, പ്രധാനമായും ഹരിനാരായണ ആപ്തേയുടെ, നോവലുകൾ ഉത്തര കർണ്ണാടകക്കാരനായ വ. ടി. ഗളഗനാഥ (1869–1942) കന്നഡത്തിലേയ്ക്കു തർജ്ജമ ചെയ്തു. 'റാണാ രാജസിംഹ', 'ലക്ഷ്മീബായി', 'ഭഗവതി കാത്യായിനി' മുതലായ കൃതികളുടെ വിവർത്തനത്തിന്റെ ഭാഷ, വെങ്കടാചാര്യന്റെ കന്നഡത്തേക്കാളും കൂടുതൽ സരളവും സഹജവും ആയി കാണപ്പെടുന്നു. അവയിൽ മറാഠിയിലെ സംസ്കൃതഭൂയിഷ്ഠത ഉണ്ടാവാഞ്ഞതിനു് ഒരു കാരണമുണ്ടായിരിക്കണം: ഗളഗനാഥ ഉത്തരകർണ്ണാടകത്തിൽ പ്രയോഗിച്ചിരുന്ന ശൈലി സഭ്യമായി കരുതിയിരിക്കാം. ആ പ്രദേശത്തെ പല നോവലെഴുത്തുകാരും ഗളഗനാഥന്റെ ശൈലിയെ അനുസരിച്ചുവന്നതു് അദ്ദേഹത്തിന്റെ ഭാഷാശൈലിയുടെ മഹത്വം സൂചിപ്പിക്കുന്നു. പേരുകേട്ട വീരന്മാരുടെ രോമാഞ്ചജനകമായ സാഹസകൃത്യങ്ങളുടെ ചിത്രീകരണം, ജനാഭിലാഷങ്ങളെ ഉത്തേജിപ്പിക്കൽ, ഭാഷയുടെ സുഗമത, മഹാരാഷ്ട്രത്തിലെ ജനതയുമായി ബന്ധപ്പെടുത്തൽ എന്നീ കാരണങ്ങൾകൊണ്ടു് ഗളഗനാഥ, ഉത്തരകർണ്ണാടകത്തിൽ ബഹുജനസമ്മതനായ ഒരു വിവർത്തകൻ ആയിത്തീർന്നു.

വെങ്കടാചാര്യനിൽനിന്നും ഗളഗനാഥനിൽനിന്നും ആരംഭിച്ച നോവലിന്റെ കാലഘട്ടത്തെ വിവർത്തനകാലഘട്ടം എന്നു വിളിക്കാം. ആ വിവർത്തകന്മാർ വഴി, നോവൽ സാമാന്യജനങ്ങളെ സ്പർശിച്ചുഃപോലെ ആയി. നോവലിന്റെ രൂപം വായനക്കാർക്കു് ഇഷ്ടപ്പെട്ടതായിത്തീർന്നു. ആ കൃതികൾ

നാട്ടിൽ സാംസ്കാരികവും രാഷ്ട്രീയവും ആയ ഉണർവുണ്ടാകുന്നതിനു സഹായകങ്ങളായിത്തീർന്നു. മിക്കവാറും ആ ഭാഷാന്തരീകരണപ്രവർത്തനം കന്നഡത്തിൽ നോവൽ ജന്മമെടുക്കുന്നതിന് പ്രേരകമായിത്തീർന്നു. ഗളഗനാഥതന്നെയാണ്, വിജയനഗരസാമ്രാജ്യത്തെക്കുറിച്ച്, 'മാധവ കരണ്ണാ വിലാസ്', 'കുമുദിനി' എന്നീ സ്വതന്ത്ര നോവലുകൾ എഴുതുകയുണ്ടായത്. ആ കൃതികളിൽ ദേശഭക്തി, ധാർമ്മികാഭിമാനം, ദൈവഭക്തി എന്നിവ മുന്നിട്ടു നിൽക്കുന്നതു കാണാം. കന്നഡ നാടിന്റെ വിഗതവൈഭവത്തെ പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യവും അവയിൽ അടങ്ങിയിരിക്കുന്നു. എന്നാൽ അസ്പൃശ്യതാനിവാരണം പോലെയുള്ള സമകാലീന ചിന്തകളും ചരിത്രസത്യങ്ങളുടെ ചേരുവയും ഗളഗനാഥന്റെ സ്വതന്ത്ര നോവലുകളിൽ തൃപ്തികരമായുണ്ടെന്നു പറയാൻമേല.

ഗളഗനാഥ സ്വതന്ത്രമായി എഴുതിയ ചരിത്ര നോവലുകൾ പുറത്തുവരുന്നതിനു മുമ്പുതന്നെ പശ്ചിമതീരത്തുള്ള ദക്ഷിണ കന്നഡ ജില്ലയിൽ മൗലികങ്ങളായ നോവലുകൾ രൂപംകൊണ്ടിരുന്നു. ഗുലവാഡി വെങ്കടരായന്റെ 'ഇന്ദിരാബായി' (1894) എന്ന നോവലത്രേ കന്നഡത്തിലെ സർവ്വപ്രഥമമായ സാമൂഹ്യ നോവൽ; അതുതന്നെയാണ് കന്നഡത്തിലെ മിക്കവാറും മൗലികമായ ഒരു നോവലും. അങ്ങനെ പത്തൊമ്പതാം ശതകത്തിന്റെ അന്ത്യത്തിൽ കന്നഡ നോവൽ ജന്മംകൊണ്ടു എന്നു നിസ്സംശയം പറയാം. 'വാഗ്ദേവി' (1905) യുടെ കർത്താവായ ബോളാറാ ബാബുറാവുവും 'രോഹിണി' (1907) യുടെ കർത്താവായ ഗുലവാഡി അണ്ണാജിരായയും ദക്ഷിണ കന്നഡ ജില്ലയിൽ നോവലെഴുത്തു തുടങ്ങിവെച്ചു. ഇങ്ങനെ രാഷ്ട്രീയമായി പരസ്പരസമ്പർക്കമില്ലാതെ വിഭിന്ന വലയങ്ങളായി കിടന്നിരുന്ന ബോംബേസംസ്ഥാനത്തിലെ ഉത്തര കർണ്ണാടകം, പഴയ മൈസൂർ നാട്ടുരാജ്യം, മദിരാശി സംസ്ഥാനത്തിലെ ദക്ഷിണ കന്നഡ ജില്ല എന്നീ പ്രദേശങ്ങളിൽ, ഇരുപതാം നൂററാണ്ടിന്റെ ആദ്യദശകം അവസാനിക്കുന്നതിനുള്ളിൽത്തന്നെ, നോവലിന്റെ മണ്ഡലത്തിൽ വിവർത്തന കൃതികളും സ്വതന്ത്ര കൃതികളും ഗണ്യപ്രമാണത്തിൽ ഉണ്ടാവാൻ തുടങ്ങി.

1915–ൽ പുറത്തുവന്ന 'മാഡിദ്ദുണ്ണു മഹാരായ' (താൻ വെച്ചതു് താൻതീനി മഹാരാജ) കന്നഡ നോവലിന്റെ വികാസദൃഷ്ട്യാ മഹത്വമുള്ള ഒരു കൃതിയത്രേ. ഇതിന്റെ കർത്താവായ എം. എസ്സ്. പുട്ടണ്ണയാണ്, പഴയ മൈസൂരിലെ വിശിഷ്ട ശൈലി കന്നഡ നോവലിൽ വഴക്കത്തോടെ ഉൾക്കൊള്ളിച്ചതു്. ആവുന്നത്ര വ്യവഹാരഭാഷയിൽത്തന്നെ എഴുതി, സംഭാഷണത്തിനു സ്വാഭാവികതയുണ്ടാക്കാൻ പ്രയത്നിച്ചവരിൽ മുമ്പൻ പുട്ടണ്ണയാണ്. നോവലിലെ മൂർത്ത മൂല്യശീല നിരൂപണങ്ങൾക്ക് പൗരാണിക സാഹിത്യത്തിന്റെ ആദർശം അവശ്യം വേണമെന്ന് അദ്ദേഹം കരുതിയിരുന്നുവെങ്കിലും, കഥാവസ്തുവിനായി ജനസാമാന്യത്തിന്റെ നേരെ തിരിയണമെന്നും നിർബ്ബന്ധം പിടിച്ചിരുന്നു. 'രാമായണദർശന'ത്തിന്റെ കവിയായ കെ. വി. പുട്ടപ്പ തന്റെ നോവലിലെ കഥാവസ്തുവിനുവേണ്ടി സാമാന്യജീവിതംതന്നെ മറന്നുപോയതു് ഇവിടെ സ്മർത്തവ്യമത്രേ.

പുട്ടപ്പയുടെ 'കാന്തരു സുബ്ബമ്മ' ഹെഗ്ഗഡിതി' (കാന്തരു സുബ്ബമ്മ ഹെഗഡെച്ചി), 'മലെഗളല്ലി മദുവുഗള്' (മലകളിലെ കല്യാണങ്ങൾ) എന്നീ രണ്ടു നോവലുകളും പ്രസിദ്ധീകൃതമായ കാലഘട്ടത്തിനിടയ്ക്ക് മൂന്നു തലമുറകൾ തമ്മിലുള്ള അന്തരമുണ്ട്. എന്നാൽ കെ. വി. പുട്ടപ്പ ഈ രണ്ടു കൃതികളിലും മലനാടിനെത്തന്നെ ചിത്രീകരിച്ചിരിക്കുന്നതുകൊണ്ട്, താൻ ബാല്യവും യൗവ്വനവും കഴിച്ചുകൂട്ടിയ മലനാടിൻെറ ജീവിതസമ്പന്നതയ്ക്ക് ഒരു സാക്ഷിയെന്ന മട്ടിലുള്ള പ്രകൃതിവർണ്ണനകളും അനുഭവചിത്രീകരണങ്ങളുടെ ബഹുലതയും ആ രണ്ടു കൃതികളിലും കാണാം. സൗന്ദര്യാരാധനയുടെ, കാവ്യമയതയുടെ ആയാമത്തെ (Dimension) കന്നഡ നോവലിനു പ്രയോജനപ്പെടുത്തി എന്നതു് പുട്ടപ്പയുടെ നോവലുകളുടെ ഒരു സവിശേഷാംശമാകുന്നു.

ചെറുകഥകൾ വഴി പ്രഖ്യാതനായ മാസ്തി വെങ്കടേശ അയ്യങ്കാർ, പക്വമായ അനുഭവം നേടിയതിനുശേഷമേ നോവലെഴുതാവൂ എന്ന അഭിപ്രായക്കാരനാണ്. മാസ്തിയുടെ എഴുത്തിനു് *നിരുദ്വഗ്നതയുണ്ട്*. 'സുബ്ബണ്ണ' എന്ന സുന്ദരമായ രമ്യകൃതി വന്നു വളരെ കൊല്ലങ്ങൾക്കുശേഷമാണ്, അദ്ദേഹം മലനാടിൻെറ ചരിത്രം പശ്ചാത്തലമായിട്ടുള്ള 'ചന്ന ബസവ നായക' എന്ന നോവൽ എഴുതിയതു്. അദ്ദേഹത്തിൻെറ മറെറാരു നോവലായ 'ചിക്കവീരരാജേന്ദ്ര' കൊടകു് ചരിത്രത്തെ ഇതിവൃത്തമാക്കി എഴുതപ്പെട്ടതാണ്. കന്നഡ നാടിൻെറ സാംസ്കാരികമായ അന്തസ്സത്തയാണ് മാസ്തിയുടെ മുഖ്യമായ വിചിന്തനം.

കന്നഡത്തിലെ ഒരു ചൈതന്യശാലിയായ നോവലിസ്റ്റ് ശിവരാമ കാരന്തു്, ജീവിതാനുഭവംതന്നെ സാഹിത്യത്തിൻെറ മൂലം എന്നു് ദൃഢമായി വിശ്വസിക്കുന്നു. വാസ്തവികത്വവും പളപളപ്പില്ലാത്ത ശൈലിയും കാരന്തിൻെറ നോവലുകളുടെ സഹജലക്ഷണങ്ങളാകുന്നു. സമൂഹോദ്ധാരണം ഉദ്ദേശ്യമാക്കിയിട്ടുള്ള അദ്ദേഹത്തിൻെറ കൃതികളിൽ ഒരു നോവലിസ്റ്റിൻേറതായ സർജ്ജനാത്മകമായ ബഹുമുഖത്വം സക്രിയമായിരിക്കുക നിമിത്തം, അവ അനുഭവത്തിൻെറ അതിസരളീകരണം ആകാറില്ല. സാമൂഹ്യചിന്തനം കാരന്തിൻെറ നോവലിനും വൈചാരികമായ ആയാമം നൽകുന്ന ഒരു മുഖ്യാംശമാണെങ്കിൽ, ഏകതാനത്വം കാരന്തിൻെറ സാധനയുടെ മറെറാരു മുഖമാകുന്നു. അദ്ദേഹം സാഹിത്യത്തിൽ യാതൊരു 'മാർഗ്ഗ' (പ്രസ്ഥാനം) വും സ്ഥാപിച്ചിട്ടില്ല. അദ്ദേഹത്തിൻെറ അനുയായികളെന്നു പറയാവുന്നവരും ആരും ഇല്ല. അദ്ദേഹത്തിൻെറ അധികം കൃതികളിലും ദക്ഷിണ കന്നഡത്തിലെ ജനജീവിതം ചിത്രീകൃതമായിരിക്കുന്നു; സാമാന്യജനങ്ങളുടെ സുഖദുഃഖങ്ങളോടൊപ്പംതന്നെ, ആ ജില്ലയിലെ മണ്ണും വെള്ളവും, പ്രാണികളും പക്ഷികളും, ചെടികളും, മരങ്ങളും അവയിൽ സമൂർത്തങ്ങളായി കാണപ്പെടുന്നു. കാരന്തിൻെറ ഉത്തമകൃതികളിലെ വർണ്ണനകൾ, പുട്ടപ്പയുടെ നോവലുകളിൽ ഉള്ളപോലെ ഒററപ്പെട്ടു നിൽക്കാതെ, കൃതിയിലൊന്നാകെ പൊരുത്തപ്പെട്ടു നിൽക്കുന്നു. 'സരസമ്മന സമാധി' (സരസമ്മയുടെ സമാധി), 'ചോമന ദുഡി' (ചോമൻെറ തുടി), 'മരളി മണ്ണിഗെ' (തിരിച്ചു മണ്ണിലേയ്ക്കു്), 'ബെട്ടദ ജീവ' (മലയിലെ ജീവികൾ) ഈ സഫല കൃതികൾ കാരന്തിൻെറ

നോവലുകളുടെ വൈവിധ്യം സൂചിപ്പിക്കുന്നു. 'അളിദ മേലെ' (മരണാനന്തരം) എന്ന നോവലിന്റെ ശില്പത്തിൽ പുതുമയുണ്ട്. എന്നാൽ പരീക്ഷണ സ്വഭാവം കാരന്തിന്റെ സമഗ്രവ്യക്തിത്വത്തിന്റെ ഒരു അടയാളമാണെങ്കിലും നോവലിസ്റ്റായ കാരന്തിന്റെ സാധനയുടെ വൈശിഷ്ട്യമല്ല.

ശില്പസംബന്ധിയായ പരീക്ഷണങ്ങൾ ഒരു പുതിയ ദൃഷ്ടികോണത്തിനു വശപ്പെടുത്തി, കന്നഡ സാഹിത്യത്തിന് പുതിയ സാധ്യതകൾ കാട്ടിക്കൊടുത്തതു് പുതിയ തലമുറക്കാരത്രേ. ഇവിടെ 'നവ്യ' സാഹിത്യത്തിനു തൊട്ടു മുമ്പുള്ള സാഹിത്യത്തിന്റെ വഴിത്തിരിവിനെ പ്രതിനിധീകരിക്കുന്ന 'പുരോഗമന'ക്കാരെപ്പററിയും ഒന്നു രണ്ടു വാക്കു് പറയേണ്ടിയിരിക്കുന്നു. എം. എസ്സ്. പുട്ടണ്ണവരെയുള്ള കാലഘട്ടത്തെ കന്നഡ നോവലിന്റെ പരിവർത്തനകാലം എന്നു വിളിക്കാം. എന്നാൽ കെ. വി. പുട്ടപ്പ, മാസ്റ്റി വെങ്കടേശ അയ്യങ്കാർ, ശിവരാമ കാരന്തു് എന്നിവരുടെ പ്രധാനപ്പെട്ട നോവലുകൾ വരാൻതുടങ്ങിയതിനുശേഷം, അതായതു് സ്ഥൂലമായി പറഞ്ഞാൽ 1930–നു് ഇങ്ങോട്ടു്, കന്നഡ നോവൽ സമൃദ്ധമായി വളരാൻ തുടങ്ങി. നോവലിന്റെ വിളവെടുപ്പിൽ 'പുരോഗമന'ക്കാരുടെ നേട്ടങ്ങളെ നിസ്സാരമാക്കുകയല്ല. 'സന്ധ്യാരാഗ', 'നടസാർവ്വഭൗമ' എന്നീ നോവലുകൾ എഴുതിയ അ. ന. കൃഷ്ണരായവഴി, അതുവരെ വെറും 'ആത്മീയ'മായിരുന്ന നോവൽശാഖ പണ്ടെങ്ങും കാണാത്ത മട്ടിൽ ബഹുജനപ്രിയമായിത്തീർന്നു. വിമർശനബുദ്ധിയോടെയോ അല്ലാതെയോ, നോവൽസാഹിത്യം വായിക്കുന്നവരുടെ സംഖ്യ പെട്ടെന്നു് വളർന്നുവന്നു. അ. ന. കൃഷ്ണരായയും മററു് പുരോഗമനവാദികളായ എഴുത്തുകാരും വേശ്യാജീവിതം, കലാകാരന്മാരുടെ ജീവിതം, മുതലാളിത്തത്തിൽനിന്നു് ഉണ്ടാകുന്ന അന്യായങ്ങൾ എന്നീ സംഗതികൾ തങ്ങളുടെ സാഹിത്യത്തിനു സാമഗ്രികളായി ഉപയോഗിച്ചു. സാഹിത്യത്തിലെ കഥാവസ്തുവിനെ സംബന്ധിച്ച് അതുവരെ ഉണ്ടായിരുന്ന അയിത്തം ഉച്ചാടനംചെയ്തു്, ഒരുതരത്തിൽ 'നവ്യ'രുടെ ആഗമനകാലത്തു് പൊന്തിവരാമായിരുന്ന എതിർപ്പിന്റെ ഊക്കിനെ 'പുരോഗമന'ക്കാർ കുറയ്ക്കുകയുണ്ടായി. എന്നാലും അവരുടെ നിരർഗ്ഗളമായ ശൈലി, സഹജമായ പ്രതികരണത്തിനുവേണ്ട നിരീക്ഷണം, സംഭാഷണശൈലിയുടെ ചടുലത, കുതൂഹലമുണർത്തിവിടുന്ന കഥനപാടവം, പ്രചോദനത്തിനു് സഹായകമായ മാദകത്വം—ഇവയെല്ലാം ബഹുജനപ്രിയതയ്ക്കു് പോഷകമായിരുന്നുവെങ്കിലും, അ. ന. കൃഷ്ണരായ, ത. രാ. സുബ്ബറാവു, ബസവരാജകട്ടിമനി നിരംജന, കൃഷ്ണമൂർത്തി പുരാണിക് മുതലായവരുടെ നോവലുകൾ, പത്രപ്രവർത്തനത്തിന്റെ തലത്തിൽനിന്നു് എഴുന്നു നിൽക്കത്തക്ക വിധമുള്ള കലാകൃതികൾ ആവുകയുണ്ടായില്ല.

സുമാർ 1960–നോടു് അടുത്തു് പുറത്തുവന്ന നോവലുകളിൽ റാവു ബഹാദൂറിന്റെ 'ഗ്രാമായണ' പ്രധാനപ്പെട്ട ഒരു കൃതിയത്രേ. ഒരു ഗ്രാമത്തിൽ ഉണ്ടായ സംഭവപരമ്പരയിൽ, അന്യായത്തിന്റെ കൈയിലമർന്നു്, പ്രകൃതികോപം നിമിത്തം ഊരൊന്നാകെ മരുഭൂമിയായിത്തീരുന്ന ദുരന്തത്തിന്റെ അനുഭവം ഈ നോവലിൽ കാണാം. ഭാഷയുടെ ഔചിത്യംമൂലം പ്രാദേശികമായ അനിവാര്യ

സ്വരൂപത്തേയും, സാങ്കേതികമായ കെട്ടുറപ്പുവഴി സാർവ്വദേശീയതയേയും ഒരേസമയത്തു് നേടിയെടുത്തിരിക്കുന്നു, ഈ നോവലിൽ.

ഈ നൂററാണ്ടിന്റെ ആറാം ദശകത്തിൽ വളർന്നുവന്ന 'നവ്യ' രീതിയിലെ കലാപരീക്ഷണങ്ങൾക്കു് പ്രചോദനം നൽകിയതു് കന്നഡത്തിലെ ശ്രേഷ്ഠകവിയായ ഗോപാലകൃഷ്ണ അഡിഗയത്രേ. എന്നാൽ യാതൊരു പ്രഭാവധാരയയിലും വളരെക്കാലം നില്ക്കുക എന്നതു് 'നവ്യ' സ്വഭാവത്തിനു് ചേരാത്തതാകുന്നു. യു. ആർ. അനന്തമൂർത്തി, പി. ലങ്കേശ്, തേജസ്വി, ഗിരി—എന്നിവർ വളരെ വേഗത്തിൽ തങ്ങളുടേതായ ശബ്ദത്തിൽ സംസാരിച്ചവരാണ്; മാസ്റ്റി വെങ്കടേശ അയ്യങ്കാരെപ്പോലെ ചെറുകഥകളിൽനിന്നു് നോവലിലേയ്ക്കു് വളർന്നവരാണ്. നവീനരിൽ അത്യന്തം പ്രഭാവശാലിയായ നോവലിസ്റ്റു്, അനന്തമൂർത്തിയാണ്. അദ്ദേഹത്തിന്റെ പ്രഖ്യാത കൃതിയായ 'സംസ്കാര'യിൽ അനുഭവസങ്കീർണ്ണതകളെ, വൈചാരികതയുടെ ചട്ടക്കൂട്ടിൽ ഇട്ടു്, ഭാവുകനായ ഒരു വ്യക്തിയുടെ മേൽ സാംസ്ക്കാരിക സമ്മർദ്ദത്താൽ ഉളവാകുന്ന പരിണാമം, കന്നഡത്തെ സംബന്ധിച്ചിടത്തോളം ഒരു പുതുമ എന്നു പറയാവുന്ന മട്ടിൽ, വിവേചിക്കപ്പെട്ടിരിക്കുന്നു. അനന്തമൂർത്തിയുടെ രണ്ടാമത്തെ നോവലായ 'ഭാരതിപുര' അടുത്ത കാലത്തു മാത്രമാണ് പുറത്തുവന്നതു്. എ. കെ. രാമാനുജത്തിന്റെ 'ഹളദിമീനു' (മഞ്ഞ മത്സ്യം), ശൌരി എഴുതിയ പ്രസിദ്ധീകരിക്കപ്പെടാത്ത ഒരു ഇംഗ്ലീഷ് നോവലിന്റെ വിവർത്തനമാണെങ്കിലും, ശില്പവൈശിഷ്ട്യം, സ്ഥായിയായ അന്തർമുഖത്വം എന്നിവകൊണ്ടു്, കന്നഡത്തിലെ ശ്രദ്ധേയമായ ഒരു നോവലായി കരുതപ്പെടുന്നു. പി. ലങ്കേശിന്റെ 'ബിരുകു' (വിള്ളൽ), തേജസ്വിയുടെ 'സ്വരൂപ', ഗിരിയുടെ 'ഗതി—സ്ഥിതി', യശവന്ത ചിത്താളിന്റെ 'മൂരു ദാരിഗളു' (മൂന്നു വഴികൾ), ശാന്തിനാഥദേശായിയുടെ 'മുക്തി' എന്നീ നോവലുകളിൽ 'നവ്യ'പ്രതിഭയുടെ കുറവില്ലെന്നതു് അസന്ദിഗ്ധമാകുന്നു. 'നവ്യ'കഥാസാഹിത്യം, മനുഷ്യൻ സാമൂഹ്യമായ ചുററുപാടിൽ പ്രദർശിപ്പിക്കുന്ന മുഖത്തിനും, ഒററയ്ക്കുള്ള അനുഭവത്തിന്റെ തീവ്രതയിൽ മനുഷ്യനു് ഉണ്ടായിത്തീരുന്ന നിജരൂപത്തിനും തമ്മിലുള്ള വൈസാദൃശ്യത്തിന്റെ സൂക്ഷ്മസ്വഭാവങ്ങളെ, വ്യംഗ്യത്തിന്റെ സ്ഫുലിംഗത്താലും കാവ്യഭാഷയുടെ ഓജസ്സിനാലും, ദീപ്രമാക്കിത്തീർക്കുന്നു. ആണ്—പെണ്ണു്, വ്യക്തി—സമുദായം, സംസ്ക്കാരം, ഇത്തരം ബന്ധങ്ങളിൽനിന്നുളവാകുന്ന വ്യവസ്ഥയില്ലായ്മയുടെ സമ്മർദ്ദം ഏറുമ്പോൾ മനുഷ്യൻ തന്റെ ഉള്ളിലുള്ളതും തനിയ്ക്കും ലോകത്തിനും ഇടയ്ക്കുള്ളതും ആയ കിടങ്ങുകളെ തിരിച്ചറിഞ്ഞു്, അവന്റെ ഉള്ളിൽ നൈരാശ്യം സ്ഥായിയായിത്തീരുന്നതിനെപ്പററി 'നവ്യ' നോവലുകളിൽ ചിത്രീകരിച്ചിരിക്കുന്നതു് കാണാവുന്നതാണ്. ജീവിതത്തിന്റെ നിഗൂഢമായ അർത്ഥവത്തയും നൈരന്തര്യവും 'ആധുനിക' സാഹിത്യത്തിനു മുമ്പുള്ള കൃതികളുടെ ഒരു പ്രധാന ചിന്തയായിരുന്നുവെങ്കിൽ, ജീവിതത്തിന്റെ ആർത്ഥഹീനത്വവും സംസ്കാരത്തിന്റെ നിർജ്ജീവസ്വഭാവവും, അത്യധികമായ രീതിയിൽ, 'നവ്യ'കൃതികളുടെ സാമഗ്രിയായിത്തീരുന്നു. തീവ്രമായ നൈരാശ്യത്തിന്റെയും അനാഥത്വത്തിന്റെയും ബോധം

നവീനരുടെ ഇടയിൽ ഒരു വിശ്വാസപ്രമാണമായിത്തീരാൻ കാരണം, സമകാലീന യൂറോപ്യൻ സാഹിത്യത്തിൽ വേരൂന്നിയിട്ടുള്ള അസ്തിത്വവാദത്തിൻെറയും അസംബന്ധസമ്പ്രദായ (Absurd Tradition) ത്തിൻെറയും, വിശേഷിച്ച് കാഫ്കയുടേയും കാമുവിൻെറയും പ്രഭാവത്തിൻെറ, നിഴൽ വീശിയതായിരിക്കാം. എന്നാൽ 'നവ്യ' സാഹിത്യത്തിൻെറ പ്രാമാണികത്വത്തെ ചോദ്യംചെയ്യുന്നവർ, യൂറോപ്യൻ സംസ്കാരത്തിൻെറ സമ്പർക്കത്തിൽനിന്ന് നമ്മുടെ ജീവിതത്തിൽ ഉണ്ടായിത്തീരുന്ന അനിവാര്യ വിഷമതകളേയും ഓർമ്മിക്കേണ്ടതുണ്ട്. മൊത്തത്തിൽ പറഞ്ഞാൽ, ഇതുവരെ പുറത്തുവന്നിട്ടുള്ള നോവലുകളെ അടിസ്ഥാനപ്പെടുത്തി, തൽക്കാലം കന്നഡത്തിൽ എഴുതിക്കൊണ്ടിരിക്കുന്ന പ്രതിഭാശാലികളായ ലേഖകരിൽ അധികംപേരും 'നവീന'രാണെന്നു് പറഞ്ഞുവെയ്ക്കാം.

കന്നഡ നോവലിനെപ്പററിയുള്ള ഈ സംക്ഷിപ്ത സമീക്ഷയിൽ, പൗരാണികം, ചരിത്രപരം, രാഷ്ട്രീയം, സാമൂഹ്യം, എന്നിങ്ങനെ കന്നഡ നോവലിൻെറ പ്രഭേദങ്ങളുടെ വെവ്വേറെയുള്ള വികാസക്രമത്തെ വിവേചിക്കാൻ പരിശ്രമിച്ചിട്ടില്ല. ഇവിടെ പരാമർശിക്കപ്പെട്ട ലേഖകന്മാരെക്കൂടാതെ മററു പലരും— ദേവുഡു, ഗോകാക്ക്, ശ്രീരംഗ, എസ്. എൽ. ഭൈരപ്പ, കെ. വി. അയ്യർ, ബി. എം. ഇനാംദാർ, മിർജി അണ്ണാരാവു, ശ്രീ. മുഗളി, വീരകേസരി, സീതാരാമശാസ്ത്രി, കൊരടി ശ്രീനിവാസറാവു, ചദുരംഗ, വ്യാസരായ ബല്ലാള, എസ്. അനന്തനാരായണ, രാമമൂർത്തി, ത്രിവേണി, എം. കെ. ഇന്ദിര മുതലായവർ—നോവൽ മണ്ഡലത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. കന്നഡത്തിൽ നോവൽ സാഹിത്യം വിപുലവും വൈവിധ്യപൂർണ്ണവുമാണു്. ആ വിളയുടെ വില നിശ്ചയിക്കാൻ കന്നഡ വിമർശനം ആരംഭിച്ചിട്ടുണ്ട്.

കന്നഡത്തിലും ഇംഗ്ലീഷിലും എഴുതുന്ന ശങ്കരമൊകാശി സംസ്ഥാനതലത്തിൽ മാത്രമല്ല, ദേശീയതലത്തിലും വേണ്ടത്ര പ്രസിദ്ധനത്രേ. 'ഗംഗവ്വ—ഗംഗാമായി' എന്ന നോവൽ കൂടാതെ, 'മായെയ മൂരു മുഖഗളു' (മായയുടെ മൂന്നു മുഖങ്ങൾ) എന്ന കവിതാസമാഹാരവും 'ബേന്ദ്രേയവര കാവ്യമീമാംസെ, (ബേന്ദ്രേയുടെ കാവ്യമീമാംസ) എന്ന വിമർശന ഗ്രന്ഥവും മററു വിമർശന ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. തൻെറ വിമർശനങ്ങളിൽ അദ്ദേഹം 'ആധുനി' കരെ എതിർക്കുന്നു. വിമർശനത്തിൻെറ മുഖ്യമായ പ്രവൃത്തി രസഗ്രഹണമാണു്, മൂല്യനിർണ്ണയമല്ല; അതുനിമിത്തം ഇക്കാലത്തെ സാഹിത്യ വിമർശനത്തിൽ കാണുന്ന ചികഞ്ഞുനോക്കൽ സ്വഭാവം തുടച്ചുനീക്കി ഉന്മേഷവും ഊഷ്മളതയും നിറയ്ക്കണം—ഇതത്രേ അദ്ദേഹത്തിൻെറ വാദഗതി.

മൊകാശി കന്നഡത്തിൽ എഴുതിയ ഒരേ ഒരു നോവൽ ആണ് 'ഗംഗവ്വ—ഗംഗാമായി'. എന്നാലും അതിനു് അതിൻേറതായ ഒരു സവിശേഷതയുണ്ട്— പരമ്പരാഗതമായ നൈതികതയുടെ ഗൃഹബന്ധനത്തിൽ കഴിഞ്ഞുകൂടുന്ന മനുഷ്യസ്വഭാവത്തിനു് അതിൻെറ ആവരണത്തിൻെറ ഉള്ളിലും പുറത്തും സഞ്ചരിക്കാൻ ശക്തിയില്ലാത്തപോലെ. കഥയുടെ അവസാനത്തിൽ, മിക്കവാറും എല്ലാ കഥാപാത്രങ്ങളും തങ്ങളുടെ ഗുണങ്ങളേയും ദോഷങ്ങളേയും മനസ്സിലാക്കി സ്വയം നന്നാ

യതിൻെറ സ്പഷ്ടമായ സൂചനയുണ്ടെങ്കിലും മനുഷ്യൻെറ ദൗർബല്യത്തെ മൊകാശി ഭംഗിയായി അവലോകനം ചെയ്തിട്ടുണ്ട്. അങ്ങനെ ഗ്രന്ഥകാരൻ ബുദ്ധി പൂർവ്വകമായി സമ്മതം നൽകുന്ന പരമ്പരാഗതമായ നീതിമത്തയ്ക്കും, ഒരു കലാകാരൻെറ കണ്ണിന്ന് കാണാവുന്ന ജീവിതത്തിൻെറ സൂക്ഷ്മതയ്ക്കും ബഹുലതയ്ക്കും, സർഗ്ഗജനാത്മകമായ പിരിമുറുക്കം നൽകിക്കൊണ്ട്, അദ്ദേഹം 'ഗംഗവ്വ—ഗംഗാമായി'ക്കു കന്നഡത്തിൽ ഒരുപ്രകാരത്തിലുള്ള അതുല്യത നേടിക്കൊടുത്തിരിക്കുന്നു.

നിശ്ചിതമായൊരു സാമൂഹ്യ ചുററുപാടിൽ വളർന്നുവന്ന നോവൽ, വിനാശകരമായ പ്രവൃത്തികളുടെമേൽ അതിനുള്ള പിടുത്തം വിട്ടുകളയരുത് എന്നത്രേ മൊകാശി ഉൽഘോഷിക്കുന്ന പരമ്പരാഗതതത്വത്തിൻെറ മൊത്തത്തിലുള്ള അർത്ഥം. അതുതന്നെയാണ് 'ഗംഗവ്വ—ഗംഗാമായി'യുടെ സൃഷ്ടിക്കുള്ള ഉദ്ദേശ്യവും. അതു നിമിത്തം, നോവലിൽ ദുരന്തത്തിൻേറതായ നിഴൽ ഉണ്ടെങ്കിലും, അതിൻെറ സമഗ്രമായ സിദ്ധാന്തം സുഖാന്തമായി തീർന്നിരിക്കുന്നു. പരമ്പരാഗതതത്വത്തെ മൂലദ്രവ്യമാക്കി, അതിനെത്തന്നെ മാനിച്ചു വികസിക്കുന്ന കൃതിയിൽ, അതിലെ അനുഭവമഥനത്തിൽ പൊന്തിവരുന്ന വിഷാംശത്തെ ഫലശൂന്യമാക്കുവാൻ പാടുപെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ സാംസ്കാരികവും ബൗദ്ധികവുമായ ഇരുതലങ്ങളിലും അതു് പരമ്പരാഗതമായി വന്നതത്രേ. എന്നാലും ഈ നോവലിൽ പരമ്പരാഗതതത്വത്തിൻെറ പിടുത്തം കൃതിയുടെ അനുഭവസാന്ദ്രതയെ ലഘൂകരിച്ചിട്ടില്ല.

ഒരു ദൃഷ്ടിയിൽ 'ഗംഗവ്വ—ഗംഗാമായി' ഒരു കൗടുംബിക നോവൽ (Domestic Novel) ആണ്. അതിൻെറ കഥാവസ്തുവിൻെറ മണ്ഡലം സീമിതമാണ്. മുഖ്യമായും ധാർവാറിലെ ഗംഗവ്വ, രാഘപ്പ, ദേസായി എന്നീ മൂന്നാളുകളുടെ വീടുകളെ ചുററിപ്പററി ഉണ്ടാവുന്ന സംഭവങ്ങളുടെ അസ്ഥിവാരത്തിൽ നോവൽ വളർന്നുവരുന്നു. എന്നാലും കൃതി അതിൻെറ സീമയ്ക്കു് അകത്തും പുറത്തുമുള്ള പല സാധ്യതകളേയും മനസ്സിലാക്കുന്നുമുണ്ട്. അങ്ങനെ നോവലിൽ കാര്യപരിധിയുടെ വിസ്തരണം ഉണ്ടാകുന്നു. വസന്തൻെറ നാട്ടിൻപുറത്തേയ്ക്കുള്ള പോക്കും അച്യുതൻെറ ബോംബെ വാസവും വഴി, ധാർവാറിലെ പ്രവർത്തനകേന്ദ്രത്തിനു ഒരു പശ്ചാത്തലമെന്ന മട്ടിൽ ഗ്രാമീണജീവിതവും ഒരു വൻനഗരവും വരുന്നു. ധാർവാറിനേയോ, നാട്ടിൻപുറത്തേയോ ബോംബെയേയോ സജീവമാക്കുവാനുള്ള പരിശ്രമം 'ഗംഗവ്വ—ഗംഗാമായി'യിൽ നടത്തിയിട്ടില്ല. പരിസരത്തിൻെറ സ്പഷ്ടതയ്ക്കു അനിവാര്യമായി വരേണ്ട 'പ്രാദേശിക സ്വഭാവം' ഈ നോവലിന്ന് ഇല്ല. എന്നാൽ ധാർവാറിനേയും നാട്ടിൻപുറത്തേയും ബോംബെ നഗരത്തേയും കൂട്ടിച്ചേർത്തതു് പ്രയോജനമില്ലാതെയുമല്ല. ആ മൂന്നു വീടുകളുടെ ക്ലേശ—സംബന്ധങ്ങൾ മൂലം ധാർവാർ നഗരത്തിൻെറ ജീവിതം ഉലയുന്നില്ല. എന്നാൽ വസന്തൻെറ പ്രവർത്തനങ്ങൾ കാരണം ഗ്രാമത്തിലെ ചുററുപാടുകൾ ഇളകിവശായി എന്നു് ദേസായി മനസ്സിലാക്കുന്നു. അച്യുതൻ ബോംബെയിൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊള്ളുന്നതും ധാർവാറിൽ സ്കൂൾക്കുട്ടികളുടെ ഘോഷയാത്രയിൽ ശാന്ത നേതൃത്വം വഹിക്കുന്നതുമായ സംഭവങ്ങളേയും അവയുടെ പരിണാമങ്ങളേയും

ഒത്തുചേർത്തു നോക്കിയാൽ, അവ പരമ്പരാഗതത്വത്തെ ആശ്രയിച്ചു കഴിയുന്ന ജീവിതത്തിന്റെ ഏകതാനതയെ അതിലംഘിക്കുന്ന ഒരു വലിയ ശക്തിയാണെന്നും, ഇതു് നോവലിസ്റ്റ് ബോധപൂർവ്വം നിബന്ധിച്ചതാണെന്നും വ്യക്തമത്രേ. രത്തയുടെ സങ്കല്പത്തിനതീതമായ സ്വാതന്ത്ര്യം, ശാന്തയ്ക്കു് രാഷ്ട്രീയ പ്രക്ഷോഭം വഴി ലഭിക്കുന്നു. ഒരു തലമുറയിൽ നിന്നു് പിന്നത്തെ തലമുറയിലേയ്ക്കു നീങ്ങുമ്പോഴുണ്ടാകുന്ന വ്യത്യാസം, അതിൽനിന്നു് ഉളവാകുന്ന പ്രശ്നങ്ങൾ, മുതലായവ നോവലിന്റെ വൈചാരിക പരിധിക്കുള്ളിൽ ഒതുങ്ങിനില്ക്കുന്നു. ''(ഓരോ തലമുറയ്ക്കും ഓരോ പ്രശ്നമാണു്........പഴയമട്ടിലുള്ള പെണ്ണുങ്ങൾക്കു് ഈ യുവതലമുറയുടെ നടപ്പു്മനസ്സിലാവില്ല. മുമ്പോട്ടു്നിങ്ങൾ എന്താകുമോ അതിന്റെ നേരെ നോക്കിൻ........)'' പരമ്പരാഗതത്വത്തിന്റെ സ്വാധീനം, മൊകാശിയെ, നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തിൽ നിന്നു് മുഖം തിരിപ്പിക്കുന്നില്ല. അതു്, ശാന്തയുടെ വിവാഹത്തിനും അവളുടെ അമ്മയുടെ വിവാഹത്തിനും തമ്മിലുള്ള സന്ദർഭസാമ്യം ഒരുതരത്തിൽ സമർത്ഥിക്കുന്നു. ഈ സംഭവങ്ങളുടെ പുനരാവർത്തനത്തിന്റെ വ്യംഗ്യത്തിൽ രസികത്വമുണ്ടു്, പരമ്പരാഗതത്വത്തിന്റെ വിമർശനം പര്യായമായി ചെയ്യുതുകൊണ്ടു്.

ജീവിതവൈമുഖ്യം എത്രമാത്രം സാധ്യവും ഹിതകരവുമാണു് എന്നതത്രേ ഈ നോവലിൽ പൊന്തിനില്ക്കുന്ന ഒരു മുഖ്യപ്രശ്നം. ജീവിതത്തിൽ ബേജാർ വരുമ്പോൾ ഗംഗവ്വയ്ക്കു ഗംഗാമാതാവാണു്, ഒരാശ്രയം. എന്നാലോ തന്റെ ചുമതലകൾ തീർന്നിട്ടില്ലെന്ന ബോധം വരുമ്പോൾ,—കിട്ടി കല്യാണം കഴിച്ചു് സ്വന്തം അടുപ്പു പൂട്ടി, ജീവിതത്തിനു ഒരു രൂപം ഉണ്ടാക്കുന്നതുവരെ അയാൾക്കു് അമ്മയുടെ ആശ്രയം അത്യാവശ്യമാണെന്ന ചിന്ത—അവർ ഗംഗയുടെ ആഹ്വാനം തള്ളിക്കളഞ്ഞു്, ജീവിതത്തിലേയ്ക്കു തിരിഞ്ഞു പായുന്നു. ഗംഗാജലം തീവണ്ടിയുടെ ജനലിലൂടെ ചൊരിഞ്ഞുകളഞ്ഞതിന്റെ പാപമേൽക്കാൻ അവർ തയ്യാറാവുന്നു. ഗംഗാമാതാവിനെ കോപിപ്പിച്ചതുവഴി, അവരുടെ വ്യക്തിത്വത്തിന്റെ ദുഃഖം ഏറുന്നു. ഗംഗവ്വ ജീവിതത്തിൽനിന്നു പുറംതിരിയുന്നവളല്ല. പാപവിമുക്തയുമല്ല. തന്റെ അനുജനിൽനിന്നു നേരിട്ട അന്യായവും അവർ മറക്കുന്നില്ല. 'ഭൂതകാലപാരായണം' കൊണ്ടു് അവരുടെ മനസ്സു്, കഠോരമായിത്തീരുന്നു. അവരുടെ നാവിനു വിഷരസം അനുഭവപ്പെടുന്നു. അവർക്കു് ഹൃദയവികാസം ഉണ്ടാവുന്നതിനു്, രാഘപ്പയുടേയും ചമ്പക്കയുടേയും ദുർമ്മരണംകൊണ്ടു് ഉണ്ടായ ശോകം മുററിനില്ക്കേണ്ടിവന്നു. അതുവരെ ഗംഗവ്വയുടെ സ്നേഹഭാവവും ചിന്തയും മകൻ കിട്ടിക്കുവേണ്ടി മാത്രമായിരുന്നു.

ജീവിതത്തിൽ പൊരുതി ജയിക്കാനുള്ള കഴിവു്, വ്യക്തിത്വം, കിട്ടിക്കില്ല. പരാവലംബിയായ അയാൾക്കു്, അവസാനംവരെ കുട്ടിത്തം ഉപേക്ഷിക്കാൻ ആയില്ല; തനിക്കുതാൻപോരിമ ഇല്ലാത്തതു നിമിത്തം ഒരു ദുർബ്ബലനായിത്തന്നെ കഴിയുന്നു. ഈ മുഖ്യ പാത്രത്തെ ധീരോദാത്തനായ ഒരു നായകനാക്കിയിരുന്നുവെങ്കിൽ, കൃതിയുടെ മാമൂൽമുദ്ര കുറെക്കൂടി തെളിഞ്ഞുവന്നേനെ. എന്നാൽ മനുഷ്യസ്വഭാവം അറിയുന്ന മൊകാശി ഒററ കഥാപാത്രത്തേയും സമ്പൂർണ്ണതയുടെ സമാധിയിൽ പിടിച്ചിരുത്തിയിട്ടില്ല. അതു് നോവലിനു് മാനവീയതയുടെ

പുഷ്ടി നൽകിയിരിക്കുന്നു. മാനവീയമായ വിഷമതകൾ, ഒത്തുതീർപ്പുകൾ, അജ്ഞാനം, ദുരന്തം, അനാവരണം, മുദ്ഗലത എന്നീ പരിചിതഘട്ടങ്ങളിലൂടെ ആണ് 'ഗംഗവ്വ—ഗംഗാമായി' യുടെ ഇതിവൃത്തം പുരോഗമിക്കുന്നത്. നോവലിലെ മുഖ്യ സംഘട്ടനങ്ങൾ നടക്കുന്നത് ഗംഗവ്വ—രാഘപ്പ, ദേസായി—രാഘപ്പ എന്നിവർ തമ്മിലത്രേ. ഗംഗവ്വയെപ്പോലെ വിമുഖത ഭാവിച്ച്, സന്ദർഭങ്ങളുടെ സമ്മർദ്ദം നിമിത്തം രംഗമദ്ധ്യത്തിൽ വന്നുനിൽക്കുന്ന മറ്റൊരു വ്യക്തിയാണ്, ദേസായി. അന്യരുടെ വ്യവഹാരങ്ങൾ തനിക്കു വേണ്ട എന്ന് എത്രയോ തവണ പറഞ്ഞിട്ടും, ദേസായിക്കു, ഗംഗവ്വയുടെ പക്ഷംപിടിച്ച് രാഘപ്പയോട്ട് ഏറ്റുമുട്ടേണ്ടിവരുന്നു. അതിന്റെ ഒരു ഫലശ്രുതി: കിട്ടി രാഘപ്പയുടെ വലയിൽ വീണ് നിർബ്ബന്ധംപിടിച്ച് കല്യാണംകഴിച്ചപോലെ, ദേസായിയുടെ മകൻ വസന്ത, ശാന്തയുടെ പിന്നാലെ കൂടുന്നു. അവസാനം പല അപശകുനങ്ങൾക്കും ശേഷം എല്ലാവരും ഭയപ്പെട്ടു് ഒന്നിച്ചു ചേരുന്നു. 'ഗംഗവ്വ—ഗംഗാമായി'യിൽ നേരിട്ടു പങ്കെടുക്കുന്ന ആ മൂവരും വേണ്ടത്ര പ്രബലരാണ്, തീക്ഷ്ണബുദ്ധിയുള്ളവരാണ്. എന്നാൽ രാഘപ്പയുടെ വ്യക്തിത്വം, ഗംഗവ്വയുടേയും ദേസായിയുടേയും വ്യക്തിത്വത്തെക്കാൾ ജടിലമത്രേ. അയാളുടെ അനുഭവങ്ങൾ വിപുലമാണ്. തന്റെ ഗുണത്തിനുവേണ്ടി എന്തു ചെയ്യുന്നതിനും അയാൾ തയ്യാറാണ്. സന്ദർഭം വരുമ്പോൾ ആഭരണങ്ങൾ താൻതന്നെ എടുത്തശേഷം, കളവുപോയി എന്നു പറഞ്ഞു് തെരയുന്നതിന് അയാൾക്കു് ഒരു സങ്കോചവും തോന്നുന്നില്ല. എന്നാലോ, അയാൾ തീരെ നിർദ്ദയനായ, ഒരു കശാപ്പുകാരനായ ഖലനായകനുമല്ല. മകളുടെ കല്യാണത്തിന്റെ അന്ന്, അയാളുടെ മാനം കാക്കുന്നതിന്, മഹബൂബാജാൻ തന്റെ ആരോഗ്യം ബലികൊടുക്കുന്നതു് അയാളുടെ ഹൃദയത്തെ മഥിക്കുന്നു. ആ ക്ഷണം, ജീവിതത്തിൽ തനിക്കു ജയം നേടുകതന്നെ വേണമെന്നു് പ്രതിജ്ഞചെയ്തുവെങ്കിലും, ശാരീരികമായി തളർന്നപ്പോൾപോലും, മനുഷ്യത്വവും നീതിബോധവും അയാളിൽ ഉണർന്നു്, അനന്യസാധാരണമായ സങ്കീർണ്ണസ്വഭാവം പേറുന്നു. സ്വാരസ്യത്തിന്റെ അംശം ഇതാണ്: പുതിയതായി നേടിയ താരതമ്യബോധം അയാളെ ജീവിതവിമുഖനാവാൻ പ്രേരിപ്പിച്ച് ആത്മഹത്യയിൽ എത്തിക്കുന്നു. രാഘപ്പയുടെ വളർച്ച ഗംഗവ്വ—ദേസായിമാരുടേതിനേക്കാൾ വ്യത്യസ്തമത്രേ. ശരിയെയും തെററിനെയും കുറിച്ചുള്ള അറിവ്, മൂല്യബോധം മുതലായവ, അവർ ഇരുവരേയും ജീവിതത്തിലേയ്ക്കു് ആകർഷിക്കുന്നു.

ഈ സംഭവങ്ങളുടെ ഇടയിൽ, ജോർജ്ജി, നോവലിലെ ഒരു പ്രമുഖ കേന്ദ്രമാകുന്നു. സ്വാഭാവികമായ നീതിബോധം അയാളിൽ വേരൂന്നിയിട്ടുണ്ട്. അയാൾ അനാസക്തനും സ്ഥിതപ്രജ്ഞനുമാണ്. മാമൂലിനോടടുത്തു നില്ക്കുക അയാളുടെ ഒരു സവിശേഷതയാണ്. കാലഘട്ടത്തിനനുസരിച്ച് അയാളും പണം വാങ്ങുന്നു. അയാളുടെ വ്യക്തിത്വം വ്യാമിശ്രമല്ല. അയാളുടെ നിസ്പൃഹത്വം കിട്ടിയുടെ മട്ടിലുള്ള അവലംബസ്വഭാവത്തിനു വ്യതിരേകമായി നിൽക്കുന്നു. അതു മാത്രമല്ല, അയാളുടെ തടസ്ഥസ്വഭാവം നോവലിന്റെ ചലനാ

ത്മകതയിലും പ്രതിഫലിക്കുന്നുണ്ട്. സൂക്ഷ്മങ്ങളുടെ ജ്ഞാനമുണ്ടെങ്കിലും അവയോടു ഒത്തുനിൽക്കാതെ, അവയിൽനിന്നകന്ന്, ഉപരിവീക്ഷണംകൊണ്ട് തൃപ്തിപ്പെടുന്ന ഒരുതരം നിർമ്മാണസ്ഥിതിയാകുന്നു, അത്. സൂക്ഷ്മങ്ങളെ പിന്തുടർന്ന്, നോവലിന് അനുഗുണമായ അന്തരീക്ഷത്തെ താറുമാറാക്കിക്കളയുന്ന സാഹസം മൊകാശിയുടെ തൂലിക ചെയ്യില്ല.

ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ വായിക്കുമ്പോൾ, 'ഗംഗവ്വ—ഗംഗാമായി' സാങ്കേതികത്വത്തെ ഏറിയ അളവിൽ ചൂഴ്ന്നുകൊണ്ട്, അനുഭാവനത്തിന്റെ സമീപത്തേയ്ക്കു നീങ്ങുമെന്ന ഒരു പ്രതീക്ഷയുണ്ടാക്കുന്നു. ജീവിതനിവൃത്തിയുടെ, മൃത്യുവിന്റെ ആഹ്വാനത്തെ വ്യഞ്ജിപ്പിക്കുന്ന ഒരു ബിംബമായ 'ഗംഗാമാതാ'വിന്റെ അനുഭവമുദ്ര, അതിൽനിന്ന് അകന്നുമാറുന്ന ഗംഗവ്വയിൽ ഏകാന്തതയുടെ പരാജയമായി അവശേഷിക്കുന്നു. പിന്നീട് ആ ബിംബം മറഞ്ഞ്, കൃതിയിൽ യാഥാർത്ഥ്യം കനത്തുവന്ന്, സന്ദർഭസംയോജനവും പാത്രനിരൂപണവും ശ്രദ്ധയെ ആകർഷിക്കുന്നു. എന്നാൽ അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള പോരുകളുടെ നടുക്ക് 'ഗുപ്തഗമന'യായി ഒഴുകുന്ന നദിയിലെ വിവിധ പ്രവാഹങ്ങളുടെ സൂചനയുണ്ട്. അവസാനം ഗംഗവ്വയുടെ അനുഭവത്തിന്റെ കുടം നിറഞ്ഞ്, സ്മൃതിവിഷത്തിന്റെ ഉറവ വററിയപ്പോൾ, ഗംഗാജലത്തിന്റെ മൊന്ത ഗംഗവ്വ ഇരുന്ന ഇടത്തേയ്ക്ക് താനെ വന്നുചേരുന്നു. അന്നേരം, ജീവിതമരണങ്ങളുടെ വൈരുദ്ധ്യം, ഗംഗവ്വയും ഗംഗാമാതാവും തമ്മിലുള്ള വിഭിന്നവും വ്യതിരിക്തവുമായ സ്ഥിതി, ഇവയെല്ലാം മാഞ്ഞുപോയി എന്ന ഒരു ധ്വനിയുണ്ട്. ഗംഗാമാതാവിന്റെ ബിംബത്തിൽ ദീപ്രമായിരുന്ന ദിവ്യത്വം, 'സാളഗ്രാമ'ത്തിൽ പ്രാധാന്യം ഏന്തുന്നു. സാളഗ്രാമത്തിന്റെ അനുഭവം വഴി, ഗംഗവ്വയുടെ മാനരക്ഷയുടെ ആഴം, രത്നസ്സും കിട്ടിക്കും ആ നിമിഷത്തേയ്ക്കെങ്കിലും അറിവായിത്തീർന്ന്, വീട്ടിലെ വിഭക്തഭാവം കുറയുന്നു. അത് ഗംഗാനദിപോലെ 'ഭോ'ങ്കാരയായ ഗംഗവ്വയുടെ വ്യക്തിത്വത്തിന്റെ തടസ്ഥമുഖത്തേയും ധ്വനിപ്പിക്കുന്നു. ഗംഭീരമൗനവും ഗംഗാമാതാവിന്റെ മറെറാരു മുഖമാണ്. സാളഗ്രാമത്തോടും ഗംഗവ്വയോടും ഒപ്പം സാങ്കേതിക തലത്തിൽ ജോർജ്ജിയുടെ സംബന്ധത്തേയും കല്പിച്ച ഈ നോവലിൽ ദിവ്യത്വത്തിന്റെ സാമാന്യപ്രതീകമായ സാളഗ്രാമത്തിന്, അസംപൃക്തമായ ആശ്രയത്തിന്റെ ആയാമമുള്ളതായി മൊകാശി കാട്ടിത്തരുന്നു.

ഗംഗാമാതാവിനും സാളഗ്രാമത്തിനും ഉള്ള സാങ്കേതികത്വം നോവലിൽ നെടുങ്ങനെ വരുന്ന 'സൈനിക ബിംബ' (military images) ങ്ങൾക്ക് ഇല്ല. 'ഗുപ്താസ്ത്രം', 'ശല്യം', 'കോട്ട', 'ലക്ഷ്യം' മുതലായ പദങ്ങൾ, പ്രചാരത്തിലുള്ള പ്രതികരണത്തെ അടിസ്ഥാനപ്പെടുത്തി, നിഷ്ക്രിയങ്ങളായിത്തീരുന്നു. എന്നുവെച്ചാൽ, നിരൂപിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ചടുലത തോന്നിയാലും ഗുണപക്ഷത്തിൽ അവ നിഷ്ഫലങ്ങളാകുന്നു.

കൗടുംബിക ജീവിതത്തിന്റെ സാരം ഊന്നാൻ ശ്രമിക്കുന്ന ഈ യഥാതഥ നോവലിൽ പല പഴയ ശില്പരൂപങ്ങളും ഉപയോഗിച്ചിട്ടുണ്ട്. അദ്ധ്യായശീർഷ

കങ്ങരം, സംസ്കൃത ശ്ലോകങ്ങരം, ഡിക്കൻസ് മാതൃകയിലുള്ള നാടകീയമായ ഹാസ്യ സന്ദർഭങ്ങരം ഇവ ഉദാഹരണങ്ങളായി എടുക്കാം. അതോടൊപ്പംതന്നെ, പതിനെട്ടാം നൂററാണ്ടിൽ, ഇംഗ്ലീഷുനോവൽ ഒരു രൂപമായി ജനിച്ച കാലത്തെപ്പോലെ, ഇതിവൃത്തത്തെ സ്പഷ്ടമാക്കാൻവേണ്ടി കത്തുകരം ചേർക്കുന്ന രീതിയും ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. നോവലിൻെറ അന്ത്യത്തിൽ ഇതിവൃത്തസംവിധാനത്തിൻെറ ഓരോ ഇഴയും നെയ്തെടുക്കാനുള്ള ആതുരതയിൽ, കത്തുകളുടെ പ്രയോഗം നിമിത്തം കൃതിയുടെ തടസ്ഥതയ്ക്ക് ഒരു പ്രഹരം ഏററപോലെയുണ്ട്. സാമാന്യശില്പംവഴിയായിട്ടുതന്നെ നോവലിൻെറ അനുഭൂതി രൂപപ്പെട്ടുവരണമെന്നത്രേ മൊകാശിയുടെ നിലപാട്. എന്നാൽ മാമൂലിൻെറ മുദ്ര ധരിച്ചുകൊണ്ട്, പരിചിതമായ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട്, മനുഷ്യൻെറ പരിമിതിയെ അനുകമ്പയോടെ നോക്കിക്കൊണ്ട്, പരമ്പരാഗതമായ സാഹിത്യരീതിയുടെ സഹജമായ പരിമിതികളെ അങ്ങിങ്ങ് അതിക്രമിച്ചുകൊണ്ട്, ഒരു കൃതിയ്ക്ക് അനന്യത നേടാമെന്നതിന് 'ഗംഗവ്വ—ഗംഗാമായി' ഒരു സാക്ഷിയത്രേ.

—ബി. ദാമോദര റാവു

ഗംഗവ്വയെപ്പററി ഏവർക്കും അറിയാം.

നാല്പത്തിയെട്ടാം വയസ്സിൽ ഭർത്താവു് മരിച്ചു. അതിനുശേഷവും അവർ ജീവിച്ചു, തൻെറ ഒററ മകനായ കിട്ടിക്കുവേണ്ടി. ഒന്നാമതു് ദാരിദ്ര്യം, അതിനും പുറമെ സമ്പാദിച്ചിരുന്നയാളുടെ കൺമറയലും. പിന്നീടുള്ള, കുടുംബത്തിൻെറ നില ദൈവത്തിനേ അറിയൂ. ഇന്നു് പതിനെട്ടു വയസ്സായി, കിട്ടിക്കു്. കഴിഞ്ഞ എട്ടു കൊല്ലങ്ങളായി അനുഭവിച്ച കഷ്ടപ്പാടു് ഗംഗവ്വയ്ക്കു മാത്രമേ അറിയാവൂ. എന്നാൽ എല്ലാം അവർ സഹിച്ചു, കിട്ടിക്കുവേണ്ടി. താൻ അര വയർ ഉണ്ടു്, അവനെ ഊട്ടി. അന്യരുടെ വീട്ടിൽ അടുക്കളപ്പണി ചെയ്തു് അവനെ സ്കൂളിൽ

പഠിപ്പിച്ചു. അങ്ങനെ അവൻ മെട്രിക്ക് പരീക്ഷ പാസ്സായി; മാമലേദാർ കച്ചേരിയിൽ (താലൂക്കാപ്പീസിൽ) അവന് ഒരു ജോലിയും കിട്ടി. തൻെറ പ്രയത്നഫലം കൺനിറയെ കണ്ടു് അമ്മയ്ക്കു സന്തോഷമായി. എന്നാൽ ആശയ്ക്കുണ്ടോ ആദിയും അന്ത്യവും? അവരുടെ മനസ്സിൽ മററൊരു അഭിലാഷം—കിട്ടിയെക്കൊണ്ടു് കൊള്ളാവുന്ന ഒരു പെണ്ണിനെ കെട്ടിച്ചിട്ടു് തനിക്കു് ചാകണം എന്നു്; അവൻ സ്വന്തം അടുപ്പു് പൂട്ടി ജീവിതം ആരംഭിച്ചാൽ തൻെറ കടമ തീർന്നു എന്നു്.

ആയിടയ്ക്കാണു് അയൽപക്കത്തുള്ള ദേസായി കുടുംബക്കാർ കാശിയാത്രയ്ക്കു പുറപ്പെട്ടതു്. ഇതുതന്നെ ഒരു നല്ല സന്ദർഭമെന്നു കരുതി ഗംഗവ്വ അവരൊന്നിച്ചു് കാശിയിലേക്കു പുറപ്പെട്ടു, തൻെറ അവസാനത്തെ അപേക്ഷ വിശ്വനാഥനെ അറിയിക്കാൻവേണ്ടി! കിട്ടിയ്ക്കു പോകാൻ കഴിഞ്ഞില്ല. അതുകൊണ്ടു് ഗംഗവ്വ ഒററയ്ക്കു് പുറപ്പെട്ടു.

കാശിയിൽ ഗംഗാസ്നാനം കഴിഞ്ഞു. വിശ്വേശ്വരൻ, കാലഭൈരവൻ, ധുംഢിരാജൻ, ബിന്ദുമാധവൻ എന്നീ ദേവന്മാരെയെല്ലാം ദർശനവും കഴിഞ്ഞു. ഹരിശ്ചന്ദ്രഘാട്ടിൽ ദീപമൊഴുക്കലും കഴിഞ്ഞു. പഞ്ചദീപാരാധന, ഗോപുരദീപാരാധന, കർപ്പൂരദീപാരാധന ആദിയായ എല്ലാ ദീപാരാധനകളും നടത്തിച്ചു പ്രസാദം വാങ്ങലും കഴിഞ്ഞു. ഗംഗവ്വ എല്ലാ ദിക്കിലും ഭക്തിയോടെ സാഷ്ടാംഗം പ്രണമിച്ചു പ്രാർത്ഥിച്ചു: കിട്ടിക്കു് കല്യാണമാകണേ! അവനു കുട്ടികളുണ്ടാകണേ! എന്നിട്ടു് എൻെറ കണ്ണടയണേ! അപ്പ!'' എന്നു്. കിട്ടിയ്ക്കു് ഐശ്വര്യമുണ്ടാകട്ടെ, അവൻ ഒരു ആളാകട്ടെ, അവൻെറ ജീവിതം സുഖകരമാകട്ടെ—ഇതുമാത്രമേ അവർക്കു് പ്രാത്ഥിക്കാൻ ഉണ്ടായിരുന്നുള്ളു. അവരുടെ ഹൃദയത്തിൽ വാത്സല്യഭാവം നിറഞ്ഞുകവിഞ്ഞു. വിശ്വേശ്വരൻെറ മുമ്പിൽ ഗോപുരദീപാരാധന നടന്നപ്പോഠം അവർ നീരാജ്ഞനത്തെ സാക്ഷിയാക്കി പ്രാർത്ഥിച്ചു, ഭഗവാനോടു് കേണു.

കാശി വിട്ടു് നാട്ടിലേയ്ക്കു മടങ്ങാനുള്ള സമയമായി. എല്ലാവരും തങ്ങളുടെ ഭാണ്ഡങ്ങഠം കെട്ടാൻ തുടങ്ങി. ഗംഗവ്വയും തൻെറ ചെറിയ ഭാണ്ഡം കെട്ടിടതലേന്നു് എല്ലാവരേയുംപോലെ അവരും കാശിയിലെ ഒരു പുതിയ മൊന്തയും ഒരു അടപ്പും വാങ്ങിക്കൊണ്ടുവന്നു. എല്ലാവരേയുംപോലെ അവരും അതിൽ ഗംഗാജലം നിറച്ചു. മീതെ അടപ്പു് ഇട്ടു് മെഴുകുകൊണ്ടു് വിളക്കിച്ചു്, മൊന്തയുടെ കഴുത്തിനു് ഒരു പിടിവള്ളിയുമിട്ടു. മൊന്തയ്ക്കു് അല്പം കനമുണ്ടായിരുന്നു. തൂക്കിക്കൊണ്ടുവരാൻ തെല്ലു വിഷമം. എന്നാൽ കാശിവരെ വന്നതിനുശേഷം ഗംഗാജലമില്ലാതെ വല്ലവരും മടങ്ങാറുണ്ടോ? താൻ മരിക്കാൻ കിടക്കുമ്പോഠം, തൻെറ തലയ്ക്കൽ ഇരുന്നു് തൻെറ വായിൽ ഗംഗാജലം കിട്ടി ഒഴിച്ചുതന്നില്ലെങ്കിൽ തനിക്കു് സൽഗതിയെങ്ങു്?

വണ്ടി പുറപ്പെടാൻ ഒരു മണിക്കൂർ ഉള്ളപ്പോഠംതന്നെ എല്ലാവരും പോയി, കമ്പാർട്ടുമെൻറിൽ സ്ഥലംപിടിച്ചു കുത്തിയിരുന്നു. ചിലർ ഉറക്കം തൂങ്ങി.

ചിലർ ഉറങ്ങി. വണ്ടി സ്റ്റേഷൻ വിട്ടതു് എപ്പോഠം എന്നു് ചിലർ മാത്രമേ അറിഞ്ഞുള്ള.

ഗംഗവ്വ ഒരു ജനാലയ്ക്കൽ തലയും ചാരി, താഴെ തൻെറ മൊന്തയും ഭാണ്ഡവും വെച്ചു്, കുത്തിയിരുന്നു. വണ്ടിയുടെ കുഴക്കം, നാലുദിവസത്തെ ആയാസം ഇതെല്ലാംകൊണ്ടു് അവർക്കു് ഉറക്കംവന്നു. അങ്ങനെ ഇരുന്നു് ഒന്നു രണ്ടു മണിക്കൂറുകഠം ഉറങ്ങിക്കാണും. വണ്ടിയുടെ ചൂളംവിളി അവരെ ഉണർത്തി. അവർ ഇരുന്ന ജനാലയൊഴികെ മറെറല്ലാ ജനാലകളും അടച്ചിരുന്നു. കുളിരുകൊണ്ടു് അവരുടെ കൈവിരലുകഠം മരവിച്ചപോലെ ആയി. ശരീരമാകെ വിറച്ചു. പുറത്തേയ്ക്കു കണ്ണോടിച്ചു. വണ്ടി വലത്തോട്ടു തിരിയുവാൻ തുടങ്ങി. എഞ്ചിൻെറ കറുത്ത പുക എങ്ങും നിറഞ്ഞു പരന്നു. പൂർണ്ണചന്ദ്രൻ നേരെ മുകളിൽ കയറിയിരുന്നു. ചുററും പാൽക്കടൽ, ഇമചിമ്മുന്ന നക്ഷത്രങ്ങഠം. അകലെ കുന്നുകളിൽ ഗോപുരംപോലെ മരങ്ങളുടെ കരിനിഴലുകഠം. ഗംഗവ്വ എല്ലാം കണ്ടു. പിന്നീടു് ജനൽ അടച്ചു. അവർക്കു് ഉടൻ ഉറക്കം വന്നില്ല. ആലോചനകഠം ചുററിക്കറങ്ങാൻ തുടങ്ങി. ദേവാലയങ്ങഠം, ദേവന്മാർ, ഗോപുരങ്ങഠം, ഗംഗാനദി—അങ്ങനെ ഓരോന്നും കല്പനാപടലത്തിൽ വ്യാപിച്ചുകൊണ്ടുവന്നു. അവർ പരവശയായി. കാശിയാത്ര ഒരു കിനാവുപോലെ തോന്നാൻ തുടങ്ങി. വിശ്വനാഥ ദർശനം നിനച്ച ഉടനെ അവരുടെ ശരീരം കോരിത്തരിച്ചു. താൻ ധന്യയായി എന്നു് അവർക്കു തോന്നി.

എല്ലാ ധാർമ്മികഭാവങ്ങളും താണ്ടിയശേഷം മനുഷ്യൻെറ അവസാനത്തെ ആശ്രയസ്ഥാനമാണു്, വാത്സല്യഭാവം. അവർക്കു് പെട്ടെന്നു് കിട്ടിയെപ്പററിയുള്ള ചിന്ത വന്നു. ആ സമയത്തു് അവൻ, ഒരുപക്ഷേ, ഉറങ്ങുകയായിരിക്കും. തന്നെപ്പററി വിചാരിച്ചു വിചാരിച്ചു് 'അവ്വ' (അമ്മ) എന്നു് സ്വപ്നത്തിൽ വിളിക്കുന്നുണ്ടായിരിക്കും. പാവം! താനില്ലാത്ത ദിവസങ്ങളിൽ അവൻ സ്വയം പാകംചെയ്തു ഭക്ഷിക്കുകയാണു്! അവനു് എന്തു തൊന്തരവു്! ഉം, ആകട്ടെ, അവൻെറ കഴുത്തിൽ ഒരു പാവക്കുട്ടിയെ കെട്ടിവിട്ടാൽ തൻെറ ജീവിതാഭിലാഷം തീരും. എന്നിട്ടു് തനിക്കു ചാകണം.

അവരുടെ ചിന്താചക്രം അങ്ങനെ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. മരണത്തിൻെറ ഭീകരമായ ചിത്രം അവരുടെ മനസ്സിനെ നടുക്കം കൊള്ളിച്ചു. മരണം മനുഷ്യൻെറ എല്ലാ ആശകളേയും ആകാംക്ഷകളേയും തടഞ്ഞുനിറുത്തുന്ന ഒരു ഇടമതിലത്രേ. മരുമകളെ കണ്ടതിനുശേഷവും തനിക്കു് സൗഖ്യത്തോടെ ചാവാൻ ആവുമോ? കിട്ടിയുടെ കല്യാണം കഴിഞ്ഞാൽമാത്രം എല്ലാം തീർന്നോ? തൻെറ ജീവിതത്തിൻെറ ചാരിതാർത്ഥ്യം, ധന്യത്വം പിന്നീടാണു് താൻ നേടാൻപോകുന്നതു്. അവൻെറ ജീവിതം തനിക്കു് സ്വയം കാണണം. അതിനു താൻ ഇനിയും ജീവിക്കണം. അവൻ ഒരു മനുഷ്യനാകുന്നതു് തനിക്കു കാണണം. നാലാഠം അവനെ പുകഴ്ത്തുന്നതു് തനിക്കു കേഠക്കണം. അവൻെറ മക്കളെ കാണണം. അവർ കൈയുരുളയ്ക്കുവേണ്ടി തൻെറ ചുററിലും കുത്തിയിരിക്കണം. അവരെ പാട്ടുപാടി

കളിപ്പിക്കണം. അതിനുവേണ്ടി താൻ ചാവാതെ ജീവിക്കണം. അവസാനംവരെ കഴിവനുസരിച്ച് താൻ ജീവിക്കും. അങ്ങനെ, ജീവിക്കാനുള്ള ആഗ്രഹം അവരുടെ ഹൃദയത്തെ പൊക്കിപ്പിടിച്ചു.

കമ്പാർട്ടുമെൻറിലെ വൈദ്യുതദീപത്തിൻെറ മങ്ങിയ വെളിച്ചത്തിൽ കാശിയിലെ മൊന്ത മിന്നിത്തിളങ്ങി. അതിൻെറ തീക്ഷ്ണ കിരണങ്ങൾ അവരുടെ മേൽ സൂചിമുനപോലെ തുളച്ചുകയറി. മൊന്തയുടെ ഉള്ളിൽ ഗംഗാജലം ചുള്—ചുള് എന്നു് ശബ്ദിച്ചു. ആ ശബ്ദം യമപാശത്തിൻെറ വീശിയെറിയൽപോലെ അവർക്കു തോന്നി. ഗംഗാജലം എന്തിനുവേണ്ടി? താൻ ചാവുമ്പോൾ ഒരുതുള്ളി ഇറക്കാൻവേണ്ടിയല്ലേ? വയ്യ. അവർക്കു് ജീവിക്കണം, ചാവാൻ വയ്യ. അവർക്കു് ഇനിയും ജീവിക്കേണ്ടിയിരിക്കുന്നു. അവർക്കു് കാശി വിശ്വനാഥൻെറ അനുഗ്രഹമുണ്ടു്.

ചുററും നിശ്ശബ്ദം! പുതിയ മൊന്ത മിന്നിക്കൊണ്ടേ ഇരുന്നു. അതിൻെറ ഉള്ളിൽ ഗംഗാമാതാവു് 'ചുള്—ചുള്'' എന്നു് മരണത്തിൻെറ സന്ദേശം ഓർമ്മിപ്പിച്ചുകൊണ്ടേ ഇരുന്നു ഗംഗവ്വയ്ക്കു് ക്ഷമകെട്ടു. അവരുടെ ഹൃദയം 'പട് പട്'' എന്നു പിടച്ചു. ജീവിക്കാനുള്ള ആശ. മരണത്തിൻെറ വിളി. ഇവ രണ്ടും തമ്മിലുള്ള പോരാട്ടത്തിൽ അവർക്കു് ഉലച്ചിൽ തട്ടി. അതു് സഹിക്കാനാവാതായി. അവസാനം ജീവിക്കാനുള്ള ആശ തന്നെ ജയിച്ചു. അവർ ജനാല തുറന്നു. ആ മൊന്ത പതുക്കെ കൈയിലെടുത്തു. വിരലുകൊണ്ടു് മെഴുക് മാററി. അടപ്പു നീക്കി. മൊന്ത കണ്ണിൽ തൊടുവിച്ചു. 'ജയ ഗംഗാമാതാവേ!' എന്നു മന്ത്രിച്ചു. എന്നിട്ടു് പതുക്കെ ജനാലയ്ക്കു പുറത്തേയ്ക്കു പിടിച്ചു് മൊന്ത ഒന്നാകെ കമിഴ്ത്തി.... അവസാനത്തെ തുള്ളി വീഴുംവരെ ഗംഗവ്വ മൊന്ത അങ്ങനെതന്നെ പിടിച്ചുകൊണ്ടിരുന്നു. മറെറല്ലാവരും ഉറങ്ങുകയായിരുന്നു....വീണ്ടും മൊന്തയ്ക്കു് അടപ്പിട്ടു. മെഴുകു് ഒട്ടിച്ചു. അതു് താഴെ ഇട്ടുന്ന ശബ്ദം കേട്ടു് ആരോ അർദ്ധനിദ്രയിൽ 'എന്തു് ?' എന്നു ചോദിച്ചു. ''ഒന്നുമില്ല.'' എന്നു പറഞ്ഞു് ഗംഗവ്വ സംതൃപ്തിയോടെ നെടുതായി നിശ്വസിച്ചു.

## 2. പഴയ ബന്ധുക്കൾ

കാശിയാത്ര കഴിഞ്ഞു് തിരിച്ചുവന്ന ഗംഗവ്വയെ എല്ലാവരും പുകഴ്ത്തി. ഗംഗവ്വ തൻെറ യാത്രയിൽ ഉണ്ടായ പലപല അനുഭവങ്ങളും സരസമായി വർണ്ണിച്ചു കേൾപ്പിച്ചു. അക്കംപക്കത്തിലുള്ള എല്ലാവരെയും. എന്നാൽ ഗംഗാമാതാവിനെ തീവണ്ടിയുടെ ജനാലവഴിയായി പുറത്തേയ്ക്കു വെടിഞ്ഞതു് കേട്ടവർ

ക്കെല്ലാം ശരിയെന്നു തോന്നിയില്ല. അയൽപക്കത്തുള്ള കാശിതായി പറഞ്ഞു: ''ഗംഗവ്വേ, തെററായി അങ്ങനെ ചെയ്തതു്. വീട്ടിലേയ്ക്കു വരുന്ന ഗംഗാമാതാവിനെ പുറംതള്ളി. അതിനു് ഇനിയും പോയി ഗംഗാമാതാവിൻെറ കാൽക്കൽ വീഴണം.'' അതിനു ഗംഗവ്വ ഇങ്ങനെ പറഞ്ഞു സമാധാനിച്ചു: ''ആയതു് ആയി. ഇനിയൊരിക്കൽ കാശിയാത്രയ്ക്കു യോഗമുണ്ടെങ്കിൽഅങ്ങനെ ആവാം.''

എന്നാൽ മറെറാരു അനുഭവം ആരേയും വർണ്ണിച്ചു കേൾപ്പിച്ചില്ല, ഗംഗവ്വ. അതിനെപ്പററി ശുഷ്കമായി വിവരിച്ചു കേൾപ്പിച്ചതുമാത്രമേയുള്ളു, വായ നല്ല പോലെ തുറക്കാതെ.

കുത്തനെയുള്ള ഒരു കുന്നിൻെറ അടിവാരത്തിലൂടെ ഗംഗാമാതാവു് ഒഴുകിക്കൊണ്ടിരുന്നു. യാത്രക്കാർക്കു് മുന്നോട്ടു പോകേണ്ടതു്, അനേകം അടി ഉയരത്തിൽ കുന്നിന്മേലുള്ള കാലടിപ്പാതയിലൂടെയാണു്. യാത്രക്കാരുടെ സാമാനക്കെട്ടു് എടുത്തുകൊണ്ടുപോകുന്ന കൂലിക്കാർ മുന്നറിയിപ്പു് നൽകിക്കൊണ്ടിരിക്കും: ''നേരെ കീഴോട്ടു നോക്കിയാൽ തലചുററും. അനേകംപേർ താഴെ വീണുപോയിട്ടുണ്ടു്. അതുകൊണ്ടു് ആരും നേരെ കീഴോട്ടു നോക്കരുതു്.'' എന്നാൽ ഗംഗവ്വ ജീവൻ കളഞ്ഞും കീഴോട്ടു നോക്കാൻ നിശ്ചയിച്ചു. അങ്ങകലെ ഇരുളാണ്ട അടിവാരത്തിൽ, ഗംഗാമാതാവിൻെറ 'പളപള' എന്നുള്ള ശുഭപ്രവാഹം ഗംഗവ്വയെ മാടി വിളിക്കുന്നപോലെ തോന്നി. അവർ പെട്ടെന്നു് കൺചിമ്മി, മറെറാരു തവണകൂടി അങ്ങോട്ടു നോക്കാതെ മുന്നോട്ടു നീങ്ങി. അതു വിസ്മയകരമായ ഒരു അനുഭവംതന്നെ. എന്നാലോ അതു് അത്ര സവിശേഷസംഗതിയുമല്ല. എന്നിരുന്നാലും അതിൻെറ മാനസികചിത്രം, അതിൻെറ പ്രബലമായ അനുഭവം, ഭീതി, ആശ മുതലായവയെല്ലാം മനസ്സിൽ വിചിത്രമായ ഒരു കിനാവായി നിലനിന്നു. സമ്പൂർണ്ണമായ ആ അനുഭൂതി അവരുടെ ഏകാന്തതയിലെ സമ്പത്തായിരുന്നു. പറഞ്ഞാലോ മുഴുവനും പറയുവാൻ സാധ്യമല്ല; മറച്ചുവെയ്ക്കുവാനും സാധ്യമല്ല............

മെല്ലെമെല്ലെ ആ ജീവിതം കിട്ടിക്കു പഴകിയപോലെ ആയിക്കൊണ്ടുവന്നു........കിട്ടി തൻെറ ജീവിതത്തിൽ ആദ്യമായാണു് അമ്മയെ പിരിഞ്ഞു ജീവിച്ചതു്. കിട്ടി, തള്ളയ്ക്കു ചേർന്ന മകനായിരുന്നില്ല. അമ്മ അടുത്തില്ലായിരുന്നതിൽ തെല്ലു് അസഹ്യത ഉണ്ടായിരുന്നുവെന്നുമാത്രം. ആദ്യമായി, സ്വയം പാകംചെയ്തു ഭക്ഷിക്കലൊണു് അമ്മ അടുത്തില്ലെന്നതു തോന്നിച്ച സംഗതി; ആപ്പീസിൽ താൻ അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പററി സഹാനുഭൂതിയോടെ ചോദിച്ചറിയാൻ, ആശ്രയം നൽകാൻ വീട്ടിൽ ആരും ഇല്ലാതായല്ലോ എന്ന മനോവേദനയും ഉണ്ടായി. ആപ്പീസിൽ കിട്ടിക്കു് ഇത്രയുമല്ല തൊന്തരവുകൾ. അയാൾ പുതിയതായി ജോലിയിൽ പ്രവേശിച്ചവൻ. ആരോ അവനെ ഉപദേശിച്ചു, റവന്യൂ ഡിപ്പാർട്ടുമെൻറിൽ ആർക്കും ആരെയും വിശ്വാസമില്ലെന്നു്. അതു നിമിത്തം അയാൾ ആരോടും ഒന്നും ചോദിക്കാതെ, ജോലിയും പഠിക്കാതെ, അതുമിതും തെററിച്ചു്, മേലെയുള്ളവരിൽനിന്നു ചീത്തകേട്ടു്, സഹപ്രവർത്തക

രുടെ പരിഹാസം സഹിച്ച് അങ്ങനെയിങ്ങനെ മുന്നോട്ടുപോയി. അയാാംക്ക ജോലി ശരിപ്പെടുത്തിക്കൊടുത്ത, തഹസീൽദാർ അംഗഡി* ആദ്യമാദ്യം സഹാനുഭൂതിയോടെ അയാളുടെ തെററുകാം തിരുത്തിക്കൊടുത്തുവന്നു. എന്നാലും രണ്ടു മാസമായിട്ടും അയാാംക്ക ജോലി നന്നായി ചെയ്യാൻ കഴിഞ്ഞില്ല. ഒരുതവണ അദ്ദേഹത്തിൻെറ മുമ്പിൽ ചെന്നു് തൻെറ തൊന്തരവുകാം പറഞ്ഞു. ഒരിക്കൽ കടലാസ്സിൽ തെററു വരുത്തിക്കൊണ്ടു ചെന്ന ഉടൻ, തഹസീൽദാർക്ക മനസ്സിലായി, കിട്ടി ഇനിയും ജോലി പഠിച്ചിട്ടില്ല എന്നു്. അതിനു് അദ്ദേഹം ഒരുതവണ അയാളോടു സംസാരിച്ചു, മനസ്സിൽ കൊള്ളുംവണ്ണം: ''നിനക്ക ജോലിതന്ന ഞാൻതന്നെ വങ്കൻ!'' അന്നുമുതൽക്കു് അയാാം അദ്ദേഹത്തിൽനിന്നു അകലാൻ തുടങ്ങി. മെല്ലെമെല്ലെ ഹെഡ്‌ ഗ്രുമസ്തൻ രാമരായജോഷിയുമായി അടുപ്പം വളർത്തി, അല്പസ്വല്പമായി ഉപദേശം നേടി ജോലി മുന്നോട്ടു കൊണ്ടുപോയി. എന്നിട്ടും ഇടയ്ക്കിടയ്ക്കു് ചില വിചിത്ര സന്ദർഭങ്ങാം ഉണ്ടായിക്കൊണ്ടേ ഇരുന്നു. രാമരായൻെറ ഉപദേശം അനുസരിച്ച് ഒരു കടലാസ്സു തയ്യാറാക്കിയിട്ടും, തഹസീൽദാർ കിട്ടിയെ ചീത്തപറഞ്ഞു്, രാമരായനെ വിളിപ്പിച്ച് ആ കടലാസ്സ് ശരിപ്പെടുത്താൻ പറഞ്ഞു. ഇത്തരം പരിഹാസ്യ സന്ദർഭങ്ങളെപ്പററി പറയാനുള്ളതു് തൻെറ 'മന്ത്രി'യായ അമ്മയോടായിരുന്നു. ഇടയ്ക്കു് ചിരിച്ച്, ഇടയ്ക്കു് ശുണ്ഠിപിടിച്ച് ആപ്പീസിൽ നടന്നതെല്ലാം അവരോടു പറഞ്ഞില്ലെങ്കിൽ അയാളുടെ മനസ്സിനു സമാധാനം ലഭിച്ചിരുന്നില്ല.

തനിക്കു് ആപ്പീസിൽ ചെലുത്താനാവാത്ത അധികാരം അയാാം ചിലപ്പോാം വീട്ടിൽ നടത്തി. പഠിപ്പില്ലാത്ത അമ്മ അറിവില്ലായ്മ നിമിത്തം എന്തെങ്കിലും പറയുന്നതിനെപ്പററി കളിയാക്കുക, അവർ പണ്ടെങ്ങാനും നൽകിയ ഉപദേശങ്ങാംക്കു് കുററവും കുറവും കണ്ടുപിടിക്കുക—അതെല്ലാം കിട്ടിയുടെ മനസ്സിനു സന്തോഷം നൽകിയിരുന്നു. ഇടയ്ക്കു് അവരുമായി വെറുതെ കലഹം കൂട്ടുകയും ചെയ്യും. അങ്ങനെയിരിക്കേ, അമ്മയുടെ താൽക്കാലിക വിരഹത്തിൽ അയാളുടെ ബലമെല്ലാം മങ്ങിപ്പോയി. അതുകൊണ്ടു് അയാാം ഒന്നര മാസം ഏകാകിയെപ്പോലെ കഴിഞ്ഞു.

ഗംഗവ്വ തിരിച്ചുവന്ന ആദ്യദിവസങ്ങളിൽ കിട്ടി വളരെ ഉന്മേഷത്തോടെ കഴിഞ്ഞുകൂടി. അവരില്ലാത്ത കാലത്തു് ആപ്പീസിൽ നടന്ന എല്ലാ സംഗതികളും പറഞ്ഞു കോംപ്പിച്ചു. കാശിയിൽവെച്ച് എത്ര വ്യസനത്തോടെ അയാളെപ്പററി താൻ ചിന്തിച്ചുകൊണ്ടിരുന്നുവെന്നു് അമ്മ പറഞ്ഞുകോംപ്പിച്ചതു് അയാാം തെല്ലു് ലജ്ജയോടെ, സ്നേഹത്തോടെ കേട്ടു. ഗംഗാജലം വഴിക്ക കളഞ്ഞതു് പശ്ചാത്താപത്തോടെയും വേദനയോടെയും അവർ പറഞ്ഞു. അന്നേരം അയാാം, ''അമ്മേ, ഇനിയൊരിക്കൽ കാശിക്ക പോകാം'' എന്നു പറഞ്ഞു് ഉത്സാഹപ്പെടുത്തി. ദിവസങ്ങാം നീങ്ങി. വീണ്ടും പഴയ ക്രമം ആരംഭിച്ചു.

---

* അംഗഡി-കുടുംബപ്പേര് (surname) പരിഭാഷകൻ

അങ്ങനെ ചെറുചെറു വഴക്കുകൾ ജീവിതത്തിന്റെ ഏകാന്തതയ്ക്ക് ഇടയ്ക്കിടെ ഭംഗം വരുത്തിക്കൊണ്ട് സൗഭാഗ്യം വർദ്ധിപ്പിച്ചു.

*            *            *

കിട്ടിയ്ക്ക് അമ്മാമൻമാർ രണ്ടുപേർ. ഒരാൾ വെങ്കടരായ; മറേറ ആൾ രാഘപ്പ. അവരുടെ പേർമാത്രം അയാൾക്ക് കേട്ടറിയാം. തന്റെ കുട്ടിക്കാലത്തു് അവരെ കണ്ടപോലെയുണ്ട്. എന്നാലും അയാൾക്ക് ഓർമ്മയില്ല. ഗംഗവ്വ കാശിക്കു പോയ സമയം അവരിൽ ഒരാൾ ചക്രവാളത്തിൽ ഉദിച്ചുപൊങ്ങി. ഒരിയ്ക്കൽ ഏതോ കാര്യത്തിനായി ആപ്പീസിൽ ചെന്ന രാഘപ്പ അയാളെ തിരഞ്ഞുപിടിച്ചു് താനുമായുള്ള ചാർച്ചയെപ്പററി പറഞ്ഞു കേൾപ്പിച്ചു. ചാർച്ചയെന്നാൽ എന്തെന്നു് തിരിയാത്ത ഋഷ്യശൃംഗനെപ്പോലെയിരുന്ന കിട്ടിക്ക് കസവുകരയുള്ള ഉറുമാൽ ധരിച്ച, ഗോതമ്പു നിറമുള്ള, പൊക്കമുള്ള അമ്മാമനിൽ അത്ര സവിശേഷമായ താൽപര്യം ഉളവായില്ല. രാഘപ്പ, 'ഗംഗ'ക്കന്റെ ആരോഗ്യസ്ഥിതി, ദിനചര്യ എന്നിവയെപ്പററിയെല്ലാം ചോദിച്ചു്, താൻ എല്ലാവരും ഒരുമിച്ചു് അഞ്ചാറു മാസത്തിനുള്ളിൽ വീണ്ടും ധാർവാറിലേയ്ക്കു വരുന്നുണ്ട് എന്നും അറിയിച്ചു; ലൈൻ ബസാറിൽ ഏതോ മേൽവിലാസം പറഞ്ഞുകൊടുത്തു് തന്റെ വീട്ടിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. ഇതുവരെ ബിന്ദഗോളിലുള്ള തന്റെ വീട്ടിൽ താമസിച്ചിരുന്നുവെന്നും മൂത്ത മകൾ 'മുല്ക്കി' പരീക്ഷ പാസ്സായശേഷം, ഇംഗ്ലീഷ് 'രണ്ടു ബുക്ക്' പഠിപ്പിക്കാൻ ധാർവാറിൽത്തന്നെ സകുടുംബം താമസിക്കുമെന്നും അറിയിച്ചു. കിട്ടി പാതി ബേജാറോടെ എല്ലാം കേട്ടു്, അങ്ങനെതന്നെ മറക്കുകയും ചെയ്തു. ഗംഗവ്വ തിരിച്ചുവന്നു രണ്ടു മാസത്തിനകം രാഘപ്പ വീടു തിരഞ്ഞു് തിരഞ്ഞു് എത്തിച്ചേരുകയും ചെയ്തു.

## 3. അപ്രതീക്ഷിതമായ സന്ദർശനം

അനുജനെ കാണാൻ കഴിയുമെന്നു് ഗംഗവ്വ കിനാവിൽപ്പോലും കരുതിയിരുന്നതല്ല. കിട്ടിയും രാഘപ്പയെ ആപ്പീസിൽവെച്ചു കണ്ട വിവരം മറന്നുപോയിരുന്നു. അതുനിമിത്തം ഗംഗവ്വയോടു് പറയാൻ കഴിഞ്ഞതുമില്ല. പറഞ്ഞിരുന്നുവെങ്കിൽ, ഒരുപക്ഷേ, അവർ രാഘുവിനെ കാണാൻ ആദ്യമേ തയ്യാറായിരുന്നേനെ. പത്തുകൊല്ലത്തിനുശേഷം രാഘു, ഗംഗവ്വയുടെ വീട്ടിൽ വന്നിരിക്കുന്നു. ഗംഗവ്വയ്ക്കു തന്റെ ചിന്തകൾ പ്രകടിപ്പിക്കാൻ അവസരം കൊടുക്കാതെതന്നെ, രാഘപ്പ പുറത്തളത്തിൽ കിടന്നിരുന്ന കട്ടിലിന്മേൽ ഇരുന്നു്, കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്കുള്ള തന്റെ സുഖദുഃഖങ്ങളെപ്പററി പറയുവാൻ തുടങ്ങി. എന്തു പറയണമെന്നുതന്നെ ഗംഗവ്വയ്ക്കു് ആദ്യം പിടികിട്ടിയില്ല. അവർക്കു് അനു

ജനെ ഒരു പേടി; പിന്നെ ജുഗുപ്സയും. ആദ്യമെ അറിഞ്ഞിരുന്നുവെങ്കിൽ, ഒരുപക്ഷേ, അവർ തൻെറ നാവ് ചാണയ്ക്കിട്ടു വെച്ചിരുന്നേനെ. പത്തുകൊല്ലത്തിനിടയ്ക്ക് അതിൻെറ മൂർച്ച പോയിക്കഴിഞ്ഞിരുന്നു. എന്നാലോ കഴിഞ്ഞ പത്തുകൊല്ലത്തിനിടയ്ക്ക് തൻെറ അനുജനു നേരിട്ട സംഗതികളെപ്പററി അറിയാൻ അവർക്ക് ആഗ്രഹവും ഉണ്ടായിരുന്നു. അതുനിമിത്തം അനുജൻ പറഞ്ഞതെല്ലാം ചുമ്മാതെ കേട്ടുകൊണ്ട് കുത്തിയിരുന്നു, അവർ. അന്ന് ഞായറാഴ്ചയായിരുന്നതുകൊണ്ട് കിട്ടിയും വീട്ടിൽത്തന്നെ ഉണ്ടായിരുന്നു. അയാളും ആ അപ്രതീക്ഷിതനായ ആഗതൻെറ സംസാരവും കേട്ടുകൊണ്ട് കുത്തിയിരുന്നു, ബേജാറോടെ.

രാഘപ്പ കഴിഞ്ഞ പത്തുകൊല്ലം മുഴവൻ ഉരനാട്ടിൽത്തന്നെ കഴിഞ്ഞുകൂടിയത്രേ. അയാളുടെ ഭാര്യ രണ്ടാമത്തെ മകളെ പെററശേഷം സുഖക്കേടുകാരിയായി. ഇനിയും ക്ഷീണിച്ചിട്ടുതന്നെ. ഇടയ്ക്കിടയ്ക്ക് ഹൃദയശൂല വരും. കൊല്ലത്തിൽ മൂന്നും നാലും മാസം കിടപ്പിലായിരിക്കും. അയാരം കുറച്ചുകാലം കൃഷിപ്പണി ചെയ്തുവത്രേ. കൃഷിപ്പണിവിട്ട് നല്ല കന്നുകാലികളെ വളർത്തിയത്രേ. കുറച്ചുകാലം കച്ചവടവും നടത്തിയത്രേ. അതിലൊന്നും ലാഭമില്ലെന്നു കണ്ടപ്പോരം വീണ്ടും കൃഷിപ്പണി ചെയ്തു. ഇനി പ്രായാധിക്യമായി, വല്ലാത്ത ബേജാറു വന്നുതുടങ്ങി. അതുകൊണ്ട് നിലമെല്ലാം കൃഷിക്കാർക്ക് പാട്ടത്തിനു കൊടുത്തു്, പെൺമക്കളെ പഠിപ്പിക്കാനായി വീണ്ടും ധാർവാറിലേയ്ക്കു വന്നിരിക്കുകയാണ്, സകുടുംബം. ലൈൻ ബസാറിൽ വീടു കിട്ടി. എല്ലാ സൗകര്യങ്ങളും ഉണ്ട്. എന്നാലും പഴയ കാലത്തെപ്പററി ഓർമ്മിക്കുമ്പോരം ഒരു അസുഖം തോന്നുന്നു. എന്തൊരു ബന്ധം! എല്ലാം അങ്ങനെ കലപിലയായിപ്പോയല്ലോ എന്നു തോന്നുകയാണ്. എന്തായാലും മുജ്ജന്മത്തിലെ കടപ്പാട് അങ്ങനെ തീർന്നുപോകുമോ? വീണ്ടും ഒന്നാവുകതന്നെവേണം....അങ്ങനെ പലതും രാഘപ്പ പറഞ്ഞു.

ഗംഗവ്വ, മിണ്ടാതെ എല്ലാം കേട്ടുകൊണ്ട് ഇരുന്നു. രാഘപ്പയുടെ വാഗ്ധാര അവസാനം എങ്ങു ചെന്നു ചേരുമോ? അവർ അതിൻെറ വഴിയുംനോക്കിയിരുന്നു. വർത്തമാനം പതുക്കെ ഏകമുഖമായിത്തുടങ്ങി. ഗുണബന്ധങ്ങരം, ദയാദിത്വം, അന്തഃകരണം, എന്നിങ്ങനെയുള്ള മുഖവുരയോടെ, കിട്ടിയുടെ ബുദ്ധിസാമർത്ഥ്യത്തെപ്പററി മനസ്സു നിറഞ്ഞു് പുകഴ്ത്തി, അയാളുടെ അടുത്തേയ്ക്കു നീങ്ങി, വെററില ചവയ്ക്കാൻ തുടങ്ങി.

''കിട്ടണ്ണ, നമ്മുടെ രത്നയെ നിനക്കു വിട്ടുതന്നിരിക്കുന്നു. അവരക്കു വരനെ തേടുകയും വേണ്ട*....എന്താ, ഗംഗക്കാ?''

---

* ഇട്ടിക്കിൽ മൂത്ത സോദരിയുടെ മകരം മുറപ്പെണ്ണ് എന്ന നാട്ടുനടപ്പ് സ്മരിക്കുക—പരിഭാഷകൻ.

രാഘു വീട്ടിൽ വന്ന അതിഥിയാണ്; അനുജൻ അല്ല. അതുകൊണ്ട് തെല്ല തമാശയോടെ, തെല്ല് വ്യംഗ്യത്തോടെ പറഞ്ഞു, ഗംഗവ്വ: ''കിട്ടി നിന്നെ കവച്ചു പോകാനോ! അപ്പനേ, അതു വിട്!''

ജോലികിട്ടിയ അന്നുമുതല്ലേ അത്തരം വിഷമ സന്ദർഭങ്ങൾ കിട്ടിയ്ക്കു നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴെല്ലാം അയാളുടെ മറുപടി ഒന്നേഒന്ന്: ''കല്യാണം കഴിക്കാൻ ഇപ്പോൾ എനിക്ക് ആലോചനയില്ല.''. എന്നാലോ രാഘപ്പ ഒരു അട്ടയാണ്. എളുപ്പത്തിൽ പിടി വിടുന്നവനല്ല.

''കല്യാണം ഇപ്പോഴേ നടത്തിക്കോ. വേണ്ട, രണ്ടുകൊല്ലം കഴിഞ്ഞ് നടത്തിക്കോ. രത്നയെ ഇതാ നിനക്കു വിട്ടുതന്നിരിക്കുന്നു. ഒരുതരത്തിൽ പറഞ്ഞാൽ അവൾ നിനക്കുവേണ്ടി ജനിച്ചതാണ്, കിട്ടണ്ണ! നമ്മുടെ കിട്ടിയ്ക്ക് ഒരു പെണ്ണു വേണമല്ലോ എന്ന് നിൻെറ അമ്മ പറഞ്ഞു. മൂന്നുമാസം കഴിഞ്ഞപ്പോൾ നമ്മുടെ രത്ന ജനിച്ചു. വേണമെങ്കിൽ ചോദിച്ചുനോക്ക്, നിൻെറ അമ്മയോട്!''

ഗംഗവ്വ ഇടയ്ക്കു കയറി പറഞ്ഞു: ''അതേ, അപ്പ. രാഘു കെട്ടിയതു് ഞാൻ പറഞ്ഞിട്ടാണ്; മക്കൾ ഉണ്ടായതും ഞാൻ പറഞ്ഞിട്ട്. ഞാൻ പറയാതെ വല്ലതും ചെയ്യുന്നവനാണോ, രാഘു!''

രാഘപ്പ വിയർപ്പു തുടച്ച് സംസാരം മറെറാരു വശത്തേയ്ക്കു തിരിച്ചുവിടാൻ തുടങ്ങി. അയാൾക്കു തോന്നി, ആ വഴിക്കു പോയാൽ ഗംഗവ്വ ഭൂതകാലം ഓർമ്മിക്കും, ഒന്നും ക്ഷമിക്കില്ല എന്നൊക്കെ.

''കിട്ടണ്ണ, നമ്മുടെ രത്ന കറുമ്പിയല്ല, വെളുപ്പാണ്.......നാടകങ്ങളിൽ കാണുമ്പോലെ ഒന്നിനെ വേണമെങ്കിൽ അങ്ങനെയല്ല എന്നുമാത്രം, കേട്ടോ. എല്ലാ ജോലിയും ചെയ്യുന്നതു് രത്നയാണ്. 'അവൾ'ക്കു കൈകൊണ്ട് ഒന്നും ചെയ്യാനാവില്ല, എപ്പോഴും കിടപ്പിലായതുകൊണ്ട്. അങ്ങനെ രത്നയല്ലേ എല്ലാ വീട്ടുവേലയും ചെയ്യുന്നതു്! അവൾ ഗംഗക്കനെ കിടക്കമേൽ പിടിച്ചിരുത്തി എല്ലാ വീട്ടുചുമതലയും താനേ നടത്തിക്കൊണ്ടുപോകും.''

''എനിക്കെന്തിനാ, അപ്പ, കിടക്ക! എനിക്കു വിരിപ്പുകൂടിയില്ല!''—ഗംഗവ്വ വ്യംഗ്യത്തോടെ പറഞ്ഞു.

രാഘപ്പയ്ക്കു സംഗതി മനസ്സിലായി........ലോകം ജയിച്ച അയാൾക്ക്, ഗംഗവ്വയോടു സംസാരിക്കുമ്പോൾ, തൻെറ കഴിവെല്ലാം മങ്ങിയപോലെ തോന്നി. അവർ സംസാരിക്കുന്നതിലെല്ലാം മുനയും ഉണ്ടായിരുന്നു. അതിനെപ്പററി അയാൾക്ക് അനുഭവമുള്ളതാണ്. എന്നാലും പത്തുകൊല്ലംകൊണ്ട് യാതൊരു മാററവും വന്നില്ലല്ലോ എന്നോർത്ത് അയാൾക്ക് മനഃക്ലേശം ഉണ്ടായി. അക്കൻ പറഞ്ഞതു് കേൾക്കാത്ത മട്ടിൽ, കിട്ടിയുടെ നേരെ തിരിഞ്ഞു, പുഞ്ചിരിതൂകി, അയാൾ തൻെറ രഹസ്യായുധം പ്രയോഗിക്കാൻ തുടങ്ങി:

''കിട്ടുണ്ണ്യ, എനിക്കു പെൻഷനായി. നിന്റെ അമ്മയ്ക്കും പെൻഷനായി. പുതിയ രക്തം മുന്നേറണമെന്നാണ് എന്റെ ആത്മാർത്ഥമായ ആഗ്രഹം. നിന്റെ തഹസീൽദാരും ഞാനും തമ്മിൽ ആദ്യംമുതൽക്കേ 'ഗളസ്യ കണ്ഠസ്യ' എന്ന മട്ടിലാണ്. നിന്റെ ജോലിയെപ്പററിയോ, കയററത്തെപ്പററിയോ നീ തീരെ വിഷാദിക്കണ്ട. മിനിയാന്ന് ഞാൻ അദ്ദേഹത്തെ കാണുകയുണ്ടായി. കണ്ട ഉടൻ പഴയ പരിചയം വെച്ച് തന്റെ വീട്ടിലേക്കു ക്ഷണിച്ചു. ഒരുതവണ എന്റെ വീട്ടിലേക്കു വരാൻ പറഞ്ഞിട്ടുണ്ട്, ഞാനും. 'ഹ്ം' എന്ന് അദ്ദേഹം പറഞ്ഞു........നീ ഒന്നും പേടിക്കണ്ട, കേട്ടോ!''

അതുവരെ അയാഠം പറയുന്നതിലൊന്നും തനിക്ക് കാര്യമില്ലെന്നപോലെ കുത്തിയിരുന്ന കിട്ടിയുടെ വായിൽ നീരൂറിത്തുടങ്ങി. ആപ്പീസുപടി കയറിയ അന്നു മുതൽക്കേ അയാഠം, കീഴെയുള്ള ശിപ്പായിമാർതൊട്ടു തഹസീൽദാർവരെയുള്ളവരുടെ അധികാരമനുസരിച്ചുള്ള കളിയാക്കലിനു് ഒരു കരുവായി വരികയാണ്. അതിലുംവെച്ച് ആപ്പീസിൽ അയാഠം ചെയ്യുന്ന തെററുകഠക്ക് മേലാവിന്റെ ശകാരം; അതു കേട്ട് നാണിച്ച് തെററുകളുടെ ആവർത്തനം—എല്ലാം അങ്ങനെ നടന്നുവരികയാണ്. അതുകൊണ്ട് താൻ ഒരു മേലാവായിത്തീർന്ന് തന്റെ കീഴിൽ പുതിയതായി വരുന്ന ഗുമസ്തന്മാരെ ശകാരിക്കണമെന്ന ഒരു സുഖസ്വപ്നം അയാഠം മനസ്സിനടിയിൽ പുലർത്തിവന്നു. ആ സ്വപ്നങ്ങളുടെ പരിണാമമെന്നോണം അമ്മയെ അയാഠം ചിലപ്പോഠം ശകാരിക്കാറുണ്ട്........അമ്മാമന്റെ സംസാരം കേട്ടപ്പോഠം അയാളുടെ മുഖത്ത് ഒരുതരം ഭ്രാന്തമായ ചിരി മിന്നിത്തുടങ്ങി.

കല്യാണക്കാര്യം അന്നേരംതന്നെ എടുത്തിടുന്നതിൽ അർത്ഥമില്ലെന്നു മനസ്സിൽ കണ്ട് രാഘപ്പ മററൊരു വഴിക്കു നീങ്ങി. തഹസീൽദാരും താനും ഒരുമിച്ച് സ്കൂളിൽ പഠിച്ചതു്, ഫുട്ബാഠം കളിച്ചതു്, അദ്ദേഹം മുന്നോട്ടു പോയി മെട്രിക്ക് പാസ്സായി സർക്കാരുദ്യോഗത്തിൽ ചേർന്നതു്, നാലാം ക്ലാസ്സിൽ വെച്ച് സ്കൂളിനോട് താൻ വിടവാങ്ങിയതു്—അങ്ങനെ പല സംഗതികളും സരസമായി വിസ്തരിച്ചു....അവസാനം ''ഓ! നേരം വളരെ ആയി. എന്നാൽ ഞാൻ പോയിവരട്ടെ'' എന്നു പറഞ്ഞു. കണ്ണു രണ്ടും ആവുന്നത്ര വിടർത്തി ചെവി വട്ടംപിടിച്ച് കേട്ടുകൊണ്ട്, ഇടയ്ക്കിടയ്ക്ക് ചിരിച്ചുകൊണ്ട് കുത്തിയിരുന്ന കിട്ടി, ''അമ്മേ, ചായയെങ്കിലും ഉണ്ടാക്കൂ'' എന്ന് ആജ്ഞാപിച്ചു.

ആ സംഗതി അരമണിക്കൂർമുമ്പ് പറഞ്ഞിരുന്നുവെങ്കിൽത്തന്നെ ഗംഗവ്വ ചെയ്യുമായിരുന്നു. എന്നാൽ ആ സംസാരത്തിന്റെ മട്ട്, കിട്ടി അതു കേട്ടുകൊണ്ടിരുന്നതിന്റെ രീതി,—അതെല്ലാം കണ്ട് ഗംഗവ്വ നിശ്ചയിച്ചു, ഇനിയും സഹിഷ്ണുത ശരിയല്ലെന്ന്.

''രാഘു ചായകുടിക്കാരനല്ല, അപ്പ!'' എന്ന് ഗംഗവ്വ, നിരുന്മേഷത്തോടെ പറഞ്ഞു.

അമ്മയുടെ ഉള്ളിൽ അത്ര ക്രൂരതയുണ്ടായിരിക്കുമെന്നു് കിട്ടി തീരെ കരുതിയില്ല. ഒപ്പം തനിക്കു് മുഖഭംഗവും ഉണ്ടായി........താൻ ഒരു സർക്കാർ ജോലിക്കാരൻ........തൻെറ വീട്ടിലേയ്ക്കു വന്ന ആ മനുഷ്യൻ........അതിലുംവെച്ചു് തഹസീൽദാരുടെ ഒരു സുഹൃത്തു്....ഇത്തരം ഒരു അപമര്യാദയോ?........

രാഘപ്പ ചിരിച്ചുകൊണ്ടു് പറഞ്ഞു: ''ഗംഗക്ക, പിന്നെപ്പിന്നെ എൻെറ കട്ടിത്തം പോയി. അന്നും ഇന്നും തമ്മിൽ വലിയ വ്യത്യാസം വന്നിരിക്കുന്നു. ഒരു ചായ, ഒരു പുകയില ഇതൊക്കെ വല്ലപ്പോഴുമൊക്കെ വേണം, ഇപ്പോൾ. എന്നാൽ അതെല്ലാം കഴിഞ്ഞാണു് വന്നതു്. ഇപ്പോൾ ഒന്നും വേണ്ട. ഏതായാലും കിട്ടുണ്ണനെ കണ്ടുവല്ലോ. അതു് ചായയെക്കാളും വലിയതല്ലേ.''

എന്നാലോ ഗംഗവ്വ വിടുന്നവരാണോ? അവർ തൊടുത്തുവിട്ടു: ''എന്നാൽ അതിലും വലിയ വലിയ വഴക്കമെല്ലാം പോയല്ലോ, ഇല്ലേ?''

രാഘപ്പ ഉച്ചത്തിൽ ചിരച്ചു പറഞ്ഞു: ''ഹ....ഹ....ഞാൻ പോയിവരട്ടെ. അപ്പ, നിൻെറ അമ്മയേയും കൂട്ടി നമ്മുടെ വീട്ടിലേയ്ക്കു വാ....ഞങ്ങൾ പാവങ്ങളെ മറക്കരുതു്, കേട്ടോ....''എന്നിട്ടു് പുറത്തേയ്ക്കു നടന്നു. തൻെറ അമ്മ അപരിഷ്കൃതമായ മട്ടിൽ പെരുമാറിയതിനു് എങ്ങനെ ക്ഷമ ചോദിക്കണമെന്നു് അറിയാതെ ''ചായ കുടിച്ചു പോയാൽ നന്നായിരുന്നു'' എന്നു പറഞ്ഞു, കിട്ടി അമ്മാമനെ വഴിവരെ അനുഗമിച്ചു.

പടി കടക്കുമ്പോൾ രാഘപ്പ പിന്തിരിഞ്ഞു് ഗംഗവ്വയുടെ നേരെ നിഷ്ഠുരമായി ഒരുതവണ നോക്കിയതു് കിട്ടിയുടെ കണ്ണിൽ പെട്ടില്ല; ഗംഗക്ക കാണുകയും ചെയ്തു. അവർ അനുജനെ കണ്ട സമയം അലിഞ്ഞ തൻെറ ഹൃദയത്തെ വീണ്ടും കല്ലാക്കിത്തീർത്തു.

## 4. കിട്ടിയുടെ കോപം

തെരുവിൽനിന്നു തിരിച്ചു വരുമ്പോൾ, 'രാഘപ്പ അമ്മാമൻ' എന്നു് സ്വയം പറഞ്ഞതു് തേൻമൊഴിയായി കിട്ടിക്കു തോന്നി. എന്നാൽ വീട്ടിൽ കയറിയതു്, അമ്മ ചെയ്ത അപരാധത്തിനു് ദേഷ്യപ്പെടേണ്ടതു് തൻെറ കർത്തവ്യമെന്നു തോന്നി, സന്താപം നിമിത്തം കാൽ ഇടറിക്കൊണ്ടാണു്. വെയിലത്തുനിന്നു് പെട്ടെന്നു് പാതി ഇരുട്ടുള്ള വീട്ടിനുള്ളിലേയ്ക്കു കയറിയതുകൊണ്ടു് അയാളുടെ കണ്ണുകളിൽ ഇരുട്ടു് കട്ടിപിടിച്ചു. വേച്ചുകൊണ്ടു് പാതി കീറിയ ചാരുകസാലയിന്മേൽ ചെന്നു വീണു, അയാൾ. അതോടെ മുഴുവനുമായി, കീറൽ. അതിൻെറ

'വ്യൂഹ'ത്തിൽനിന്നു് കയറിവന്നപ്പോഠം അയാഠംക്കു ചിരി വന്നു. പക്ഷെ ചിരിക്കരുതു്. ചുണ്ടു് ചേർത്തുപിടിച്ചു്, പായയിലേക്കു ചെരിഞ്ഞു. ഗംഗമ്മ കണ്ണടവെച്ചു്, അടുക്കളയിൽ ഇരുന്നു് 'ഭക്തിവിജയ'ത്തിൻെറ പേജുകഠം മറിക്കുകയായിരുന്നു. അവർ കിട്ടിയുടെ ആ 'ധടപട' കേട്ടു് പുസ്തകത്തിലേയ്ക്കു ശ്രദ്ധ ചെലുത്താതെ കുത്തിയിരുന്നു, അയാളുടെ ഒച്ചയും പ്രതീക്ഷിച്ചുകൊണ്ടു്. തെല്ലു നേരത്തേയ്ക്കു് ഇരുവരും മൗനംപൂണ്ടു് ഇരുന്നു. അയാഠം ദേഷ്യപ്പെട്ടിട്ടുണ്ടെന്നു് അവർക്കു് അറിയാം. എന്തു പറഞ്ഞാലും അയാഠം കലഹിക്കും. എന്നാലും മിണ്ടാതെയിരിക്കാൻ ആവാതെ അവർ അവിടെ ഇരുന്നുകൊണ്ടുതന്നെ അയാഠംക്കു കേഠംക്കാവുന്ന മട്ടിൽ പറഞ്ഞു:

''കിട്ടി, അകത്തേയ്ക്കു വാ.''

''എന്തിനു്?''

''വന്നാൽ പറയാം.''

''അവിടെ ഇരുന്നുകൊണ്ടു പറഞ്ഞാൽമതി, ഇവിടെ കേഠംക്കും''

''ആകട്ടെ, ഞാൻ പറഞ്ഞതു് ഇത്രേയുള്ളു. ഈ രാഘപ്പയുമായി കല്യാണബന്ധം വേണ്ട....''

''ഉം''

''നീ അയാളുടെ വലയിൽ വീഴരുതു്.''

''ഉം''

സംസാരിക്കാനുള്ള സമയം ഇനിയും ആയിട്ടില്ല എന്നു് ഗംഗമ്മയ്ക്കു തോന്നി. തന്നെ കവിഞ്ഞു് കിട്ടിക്കു് ഒന്നുമില്ലെന്നു് അവർക്കു് നന്നായി അറിയാം. എന്നാൽ താൻ പറയുന്നതു് അയാളിൽ ഏശണമെങ്കിൽ പററിയ സമയത്തു പറയണം. കിട്ടിക്കാണെങ്കിലോ, തനിക്കു് ഒരു അമ്മാമനുണ്ടു്, അമ്മാമനു് ഒരു മകളുണ്ടു്, ആ മകളെ തന്നെക്കൊണ്ടു് കെട്ടിക്കണം, ഇതൊന്നും പ്രധാനപ്പെട്ട വിഷയമേ അല്ലായിരുന്നു, അന്നേരം. അയാളുടെ തലയിൽ മററു ചിലതായിരുന്നു....സ്വന്തം വീട്ടിൽ താൻ പറഞ്ഞതു നടന്നില്ലല്ലോ....താൻ ഒരു സർക്കാർ ജോലിക്കാരനായിട്ടും തൻെറ മേലാവായ തഹസീൽദാരെ അറിയുന്ന ഒരു ഗൃഹസ്ഥനെ, ചായ പോലും കൊടുക്കാതെ, പറഞ്ഞയച്ചല്ലോ....സ്വന്തം വീട്ടിൽ സ്വന്തം അമ്മപോലും തന്നെ കൂട്ടാക്കുന്നില്ലെങ്കിൽ ആപ്പീസിൽ ശിപ്പായികഠം എങ്ങനെ കൂട്ടാക്കും! അങ്ങനെ അതെല്ലാം ഓർത്തോർത്തു് കലികൊണ്ടു്, അമ്മ ഇനി എന്തെങ്കിലും പറഞ്ഞാൽ താൻ അമ്പു പ്രയോഗിക്കുമെന്നു് തീർച്ചപ്പെടുത്തി, കുത്തിയിരുന്നു. പതിനഞ്ചു നിമിഷങ്ങഠം കടന്നുപോയി. ഗംഗമ്മയുടെ സംസാരമേ കേഠംക്കാനില്ല. തെല്ലു കഴിഞ്ഞപ്പോഠം അടുക്കളയിൽനിന്നു്, വായടക്കിക്കൊണ്ടുള്ള അസ്പഷ്ടമായ ഒച്ച കേട്ടുതുടങ്ങി....'ഭക്തിവിജയ' വായന തുടങ്ങിയിരിക്കുന്നു, അമ്മ.

കിട്ടിക്കു കലി ഏറിവന്നു. ഇനി ഒരു മണിക്കൂർനേരത്തേയ്ക്കു് അമ്മയുടെ ശ്രദ്ധ മറെറാരിടത്തേയ്ക്കു പോവില്ല....താൻതന്നെ ഇനി തുടങ്ങിവെയ്ക്കണം.

''അമ്മേ, പാലില്ലേ?....ചോദിച്ചതു കേറംക്കുന്നുണ്ടോ?''—അയാറം ഒച്ചയിട്ടു. പുസ്തകത്തിൽ മുഴകിയിരുന്ന ഗംഗവ്വ ചോദ്യം തിരിയാതെ ''എന്തു്?'' എന്നു മറുചോദ്യം ചോദിച്ചു.

''രാഘപ്പ വന്നപ്പോറം....എന്തുകൊണ്ടു്. ..ചായ ഉണ്ടാക്കിയില്ല എന്നു്? ഞാൻ അതു ചോദിക്കണോ?'' എന്നു കലിതുള്ളി ഒച്ചയിട്ടു.

''ഞാനെന്തു പറയട്ടെ, അപ്പ!''

''വീട്ടിൽ വന്നവരോടു് ഇങ്ങനെ പെരുമാറിയാൽ എൻെറ മാനം പോകും, അറിയാമോ?....ഞാൻ ഒരു സർക്കാർ ജോലിക്കാരൻ, സ്വന്തം വീട്ടിൽ ഞാൻ പറയുന്നതു നടന്നില്ലെങ്കിൽ പിന്നെ ആളുകറം എന്തു വിചാരിക്കും? ഇങ്ങനെയാണെങ്കിൽ....'' അയാറം മുന്നോട്ടു കുതിക്കാൻ തുടങ്ങുകയായിരുന്നു.

''അയ്യോ കിട്ടണ്ണ! ചായപ്പൊടി തീർന്നില്ലേ? കൊണ്ടുവരാൻ കാലത്തുതന്നെ ഞാൻ പറഞ്ഞതല്ലേ, അപ്പ. നീ നിൻെറ ആ കടലാസ്സും നോക്കിക്കൊണ്ടു് കുത്തിയിരുന്നു. കൊണ്ടുവന്നതന്നേയില്ല....''

ഹോ. അതേ. ശരി. ശരി. മറന്നുപോയി. കാലത്തു് അവസാനമായി ഒരു സ്പൂൺ നിറച്ചു് പൊടിയിട്ടു് തൻെറ മുമ്പിൽ ചായയുടെ ടിൻ അമ്മ കമിഴ്ത്തിക്കാട്ടിയതാണു്, ഉടനെ കൊണ്ടുവരാമെന്നു് താൻ പറഞ്ഞതാണു്....എന്നിട്ടു് താനോ ആ ആപ്പീസുകടലാസ്സുകളിൽ തലയിട്ടു കുത്തിയിരുന്നു. എല്ലാം മറന്നുപോയതു് ഇപ്പോറം ഓമ്മവരുന്നുണ്ടു്....ഹരി ഹരി പുരന്ദര വിഠല....ഫു! ഒരു മറവി!....

കിട്ടിയുടെ കോപത്തിൻെറ മുന ചതഞ്ഞുപോയി. സ്വല്പം ചിരിയും വന്നു....അന്നേരം, ചായ ഉണ്ടാക്കാത്തതിനു് താൻ അമ്മയെ അധികം കുററപ്പെടുത്താഞ്ഞതിൽ സ്വയം അഭിനന്ദിച്ചു. അല്ലെങ്കിൽ, ഒരു സർക്കാർ ജോലിക്കാരൻെറ അടുക്കളരഹസ്യം തഹസീൽദാരുടെ പരിചിതനു് മനസ്സിലായേനെ; ഇന്നു മകളെ തരാമെന്നു് പറഞ്ഞവൻ നാളെ സാധ്യമല്ലെന്നു പറഞ്ഞേനെ.... എന്നാലും കറുത്ത മുഖം പെട്ടെന്നു തെളിഞ്ഞ മുഖമായി അമ്മയുടെ മുമ്പിൽ കാണിക്കാൻ അഭിമാനം സമ്മതിച്ചില്ല. അതുകൊണ്ടു് അതേ മുഖംമൂടി ധരിച്ചു് കോട്ടും തൊപ്പിയും ഇട്ടു്, നടത്തത്തിനു പുറപ്പെട്ടു, അയാറം.

ഈ 'ട്രാൻസ്ഫർ സീൻ' ഗംഗവ്വയ്ക്കു തിരിഞ്ഞില്ല. അവർ തനിക്കു തോന്നിയതനുസരിച്ചു ചെയ്തു. തലേന്നു ശനിയാഴ്ച ഹനുമന്തദേവരുടെ നടയ്ക്കൽ ഉടച്ച തേങ്ങയിൽ കുറച്ചു് ശേഷിച്ചതു് ഉണ്ടായിരുന്നു. അതെടുത്തു ചിരകി. കുറച്ചു പട്ടാണിപ്പരിപ്പു് എടുത്തു. കിട്ടി നടത്തം കഴിഞ്ഞു് വരുമ്പോഴേയ്ക്കു്, ചട്ടിണി ഉണ്ടാക്കിവെച്ചു, ചപ്പാത്തി തിന്നാൻ. അയാറം വന്ന ഉടൻ സന്ധ്യാവന്ദനം കഴിച്ചു്, ഉണ്ണാൻ ഇരുന്നു. ഉച്ചയ്ക്കു താൻ കാട്ടിയ അവിവേകം മറന്നു്, അമ്മയോടു് സന്ധിചെയ്യാനുള്ള ഒരു നല്ല അവസരം അയാറംക്കു കിട്ടി. ചട്ടി

ണിയെപ്പററി നല്ലവണ്ണം പുകഴ്ത്തി, അയാരം സന്ധിചെയ്തു. ''ഞാനെന്തു വേണം, അപ്പ. നീ ദേഷ്യപ്പെട്ടു് എഴന്നേററു പോയി''—എന്നു് എല്ലാററിൻേറയും അവസാനത്തിൽ ഗംഗവ്വ സമാധാനമന്ത്രം ചൊല്ലി.

അന്നു രാത്രി അമ്മയും മകനും വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു.

## 5. പഴയ ഓർമ്മകൾ

''കിട്ടണ്ണ, ഇന്നു് ഉച്ചയ്ക്കു് നീ ദേഷ്യപ്പെട്ടു. ഈ രാഘപ്പൻെറ ഓരോ സംഗതിയും നിനക്കു് അറിയില്ല. ഞാൻ വളരെ കണ്ടിട്ടുള്ളവളാണു്, കൊണ്ടിട്ടുള്ളവളാണു്. എനിക്കു് അതെല്ലാം കൺമുന്നിൽ എപ്പോഴും കാണാൻ കഴിയും. നീ അതൊന്നും അറിയാത്തവനെന്നു കരുതി അയാരം പച്ച നുണകരം തട്ടിവിടുകയാണു്. ആയിക്കോട്ടേ, എൻെറ മുന്നിൽ എത്ര തുള്ളുമെന്നു് നോക്കണമല്ലോ. അയാരം നിൻെറ തലയിൽ ചതിക്കുരുക്കുകരം കുത്തി നിറച്ചേയ്ക്കും. എന്തു ചെയ്യാനും മടിക്കുന്ന മനുഷ്യനല്ല, അയാരം. പിന്നെ രണ്ടു നുണ പറയാനാണോ മടിക്കുക? അയാളുടെ ചായംതേച്ച വാക്കുകരം കേട്ടു് തിരിഞ്ഞുപോകരുതു്, കേട്ടോ.

''ഇയാരം കാരണമാണു് നമുക്കു് ഈ ദാരിദ്ര്യം വന്നതു്, കിട്ടണ്ണ. നമ്മരം ദരിദ്രരായിരുന്നോ? അല്ലപ്പ. ഈ ഞാൻ സേർ കണക്കിനു് പൊന്നു് ദേഹത്തു ധരിച്ചു നടന്നവളാണു്. എല്ലാ വളകളും ഇട്ടാൽ പിന്നെ കൈ പൊക്കാൻ പററില്ല. എല്ലാ കൊല്ലവും പോദ്ദാർ വീട്ടിലെ ലക്ഷ്മീബായിയും ഒന്നിച്ചാണു് ലക്ഷ്മീനാരായണ ദർശനത്തിനു പോകാറു്—അവരുടെ കാളവണ്ടിയിൽ....ആ പഴയ സംഗതിയെല്ലാം അവർക്കു് ഓർമ്മയുണ്ടു്. അതുകൊണ്ടാണു് ഇന്നും അവക്കു് എന്നോടു് ഒരു അടുപ്പം....അതൊക്കെ പോട്ടെ. ഇപ്പോരം അതിനെപ്പററി ഓർമ്മിച്ചിട്ടു് എന്തു ഫലം?

''ഞാൻ അങ്ങനെയിരിക്കുന്ന കാലത്തു് ഈ രാഘു നിലം ഈടുപണയത്തിനു കൊടുത്തു. 'അഞ്ഞൂറു രൂപയെങ്കിലും തരണം, എന്നാൽ രണ്ടു കണ്ടമെങ്കിലും ഒഴിപ്പിച്ചു് എടുക്കാൻ കഴിയും' എന്നൊക്കെ നിൻെറ അച്ഛൻെറ മുമ്പിൽ അവത പറഞ്ഞു് മൂക്കു് ഉരച്ചു. അദ്ദേഹത്തിൻെറ വലിയ മനസ്സായിരുന്നു. എന്തുംചെയ്യാം, കിട്ടണ്ണ. നീ അന്നു് ഒരു ചാൺ മാത്രമേ ആയിരുന്നുള്ളു. അദ്ദേഹം നമ്മളെ കൈവിട്ടു പോയി.......ഉം. അതെല്ലാം വിട്ടുകള........ അതെല്ലാം വിചാരിച്ചു് കരയുന്നവളല്ല, ഞാൻ......എന്നാൽ നിന്നെ കാണുമ്പോരം മാത്രം ഓർമ്മവരും, വ്യസനിച്ചുപോകും........ഇന്നു് ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ

ആകമായിരുന്നോ? നിനക്കു് കന്യകയെ അന്വേഷിച്ച് എവിടെയെല്ലാം അലയ മായിരുന്നോ......പോകട്ടെ. അതൊക്കെ വിട്ടുകള......ഈ നീചനു് അന്നു് അഞ്ഞൂറു രൂപ കൊടുത്തു. ഒരു നിലം ഒഴിപ്പിച്ചെടുത്തു. അതിനുശേഷം തുടങ്ങി, ഇവൻെറ അഴിഞ്ഞാട്ടം. ഇവൻെറ കെട്ടിയവരം ചമ്പി ഇന്നു് എത്ര പണക്കാരി യായി നടക്കുന്നു......അവാംക്കു് രണ്ടു തുണി വാങ്ങിക്കൊടുക്കു് എന്നു പറഞ്ഞു് പണം കൊടുത്താൽമാത്രമാണു് ഇവൻെറ കെട്ടിയവരം പുതിയ ചേല കാണാറു്, അക്കാലത്തു്......ഇങ്ങനെയും ഒരു കാലമുണ്ടായിരുന്നു, ഇവനു്......അവസാനം ആ ഉപകാരത്തിനു് നല്ല നന്ദി കാട്ടിയല്ലോ, ഇവൻ......അനുജനത്രേ, അനുജൻ! പൂർവ്വജന്മത്തിലെ ഒരു ശേഷിപ്പു്!........

''നിനക്കു് ഇനി ഒരു അമ്മാമൻകൂടിയുണ്ടു്. ഈ രാഘപ്പനേക്കാരം ഇളയ വൻ......വെങ്കാട്ടി എന്നു വിളിക്കും....ഇപ്പോരം എവിടെ ജീവിച്ചിരിക്കുന്നോ, അതോ ചത്തുപോയോ, ആവോ. അവൻെറ വിവരം ഒന്നും അറിയാതായിട്ടു് ഇന്നേയ്ക്കു് പതിനൊന്നു കൊല്ലമായി. സ്വല്പം അരപ്പിരാന്തനെപ്പോലെ ആയി രുന്നു. പക്ഷെ മനസ്സു് വളരെ നന്നായിരുന്നു....ആർക്കും കൊടുക്കാതെ ഈ കൽക്ക ണ്ടം തിന്നോ എന്നു പറഞ്ഞു് കൊടുത്താൽ അവൻ തിന്നുമായിരുന്നില്ല..... നമ്മുടെ കുടുംബത്തിലെ വിഷവിത്തു് ഏതെന്നു ചോദിച്ചാൽ ഈ രാഘു ഒരു ത്തൻമാത്രം....നമ്മുടെ വെങ്കാട്ടി സ്വല്പം പിരാന്തനായിരുന്നല്ലോ. നാലു പുസ്ത കമേ പഠിച്ചിട്ടുള്ളു. രാഘുൻെറ കല്യാണം കഴിഞ്ഞ ഉടനെ ആരോ കളിയാ യിട്ടു പറഞ്ഞു, 'നിൻെറയും കല്യാണം കഴിച്ചുവിടു'മെന്നു്. അതു പറഞ്ഞ ഉടൻതന്നെ, വീടുവിട്ടു് ഓടിപ്പോയി. കുറെ ദിവസം പൂനയിൽ ഉണ്ടായിരുന്നു വെന്നു കേട്ടു. ആരേയും അറിയിച്ചില്ല; ആരും അന്വേഷിച്ചുമില്ല. പോയാൽ പോകട്ടെ, ഭാഗം കൊടുക്കാതെ കഴിഞ്ഞല്ലോ എന്നുപറഞ്ഞു്, ഒന്നും ചിന്തി ക്കാതെ, ഇവിടെ ധാർവാറിൽ ഒരു വീടുവെച്ച്, ദിവസേന മാറിമാറി ഓരോ ജോലിചെയ്തു കഴിഞ്ഞുകൂടി.

''പൂനയിൽ ഉണ്ടായിരുന്നപ്പോരം ഒരു ഗുജറാത്തിയുടെ വീട്ടിൽ പൂജചെയ്തു താമസിക്കുകയാണെന്നു കേട്ടു. നല്ല പണക്കാർ ആയിരുന്നു ആ വീട്ടുകാർ. നമ്മുടെ വെങ്കാട്ടിയെ അവർക്കു് നല്ല വിശ്വാസമായിരുന്നുവെന്നു തോന്നുന്നു. ആർ പഠിപ്പിച്ചുകൊടുത്തതോ. അതോ പണത്തിനു് ദുരാശ ജനിച്ചതോ. അറി യാൻമേല. ഒരുദിവസം രണ്ടായിരം രൂപയുടെ ഹുണ്ടിയിൽ കള്ള ഒപ്പു് ഇട്ടു് ഏതോ ഒരു ബാങ്കിൽ നിന്നു് അത്രയും പണം വിഴുങ്ങി....അവൻ അരപ്പിരാ ന്തൻ. ഒറ്റയ്ക്കു് അതു ചെയ്യാൻ അവനെക്കൊണ്ടു് സാധ്യമല്ല. അവൻ പൂനയിൽ ഉണ്ടെന്നു് അറിഞ്ഞു് ഈ രാഘു അവിടെപ്പോയി രണ്ടു നാരം കൂടിയത്രേ. അവൻെറ തലയിൽ ഇതൊക്കെ ഇവനായിരിക്കണം നിറച്ചിരിക്കുക.

''അതുകഴിഞ്ഞു് നാലു ദിവസത്തിനുള്ളിൽ സേഠിനു് സംഗതി മനസ്സി ലായി. പോലീസിനു് അറിവു കൊടുത്തു. പെട്ടെന്നു വന്നല്ലോ പോലീസുകാർ. അവനെ പിടിച്ച് സ്റ്റേഷനിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവൻ അവരോടും

ഇവരോടും ചോദിച്ച് ഇവനു് ഒരു കമ്പി അടിച്ചു, 'എന്നെ ഇവർ തുറുങ്കിൽ ഇടും. അതിൽനിന്നു് എന്നെ രക്ഷിക്കണം' എന്നു്. ആ കമ്പി കിട്ടിയ ഉടൻ രാഘു ഞങ്ങളുടെ അടുത്തേയ്ക്കു് ഓടിവന്നു. അദ്ദേഹത്തിൻെറ കാൽക്കൽ വീണു—'എങ്ങ നെയെങ്കിലും എൻെറ അനുജനെ രക്ഷിക്കണം. വീട്ടിലെ ഒരുത്തനെ തുറുങ്കിൽ ഇട്ടു എന്നു് നാലാം അറിഞ്ഞാൽ എനിക്കു് ഇന്നു കിട്ടുന്ന രണ്ടു കാശുപോലും കിട്ടാതാകും' എന്നു കേണു പറഞ്ഞു. അദ്ദേഹം എന്നെ വിചാരിച്ചാണു് ഈ കുടുക്കിൽ പെട്ടതപ്പ. അന്നു രാത്രിതന്നെ പൂനയ്ക്കു പോയി. രാഘുവിൻെറ നിലമെല്ലാം ഈടുപണയത്തിലായിരുന്നല്ലോ. അതുകൊണ്ടു് അദ്ദേഹം അയ്യായിരം രൂപയ്ക്കു് ജാമ്യം നിന്നു; എന്നിട്ട് വെങ്കാട്ടിയെ വിടുവിച്ച് ധാർവാറിലേയ്ക്കു് കൂട്ടിക്കൊണ്ടു വന്നു........

''അദ്ദേഹം, ആ പിരാന്തൻ വെങ്കാട്ടിയെ, എന്തോ, എപ്പോഴും ശ്രദ്ധിച്ചിരുന്നു. എന്നാൽ ഈ നീചൻ രാഘു എന്തു ചെയ്തോ ആവോ. ഒരു ദിവസം വെങ്കാട്ടിയെ അവൻെറ വീട്ടിൽ ഉറങ്ങാൻ പറഞ്ഞയച്ചു. അവൻെറ തലയിൽ എന്തു നിറച്ചുവിട്ടോ ആവോ. ആ രാത്രിതന്നെ അവൻ നാടുവിട്ടു് ഓടിപ്പോയി. ഇന്നുവരെ ആ പിരാന്തനെപ്പററി ഒരു വിവരവും ഇല്ല........

''പിന്നീടു് ആവേണ്ടതെല്ലാം ആയി. അവൻ ഓടിപ്പോയപ്പോഠ ജാമ്യം നിന്ന അദ്ദേഹത്തിനു് തൻെറ എല്ലാ സ്വത്തും വീടും വിട്ടുകളയേണ്ടിവന്നു.... വീട്ടിലുള്ള അല്ലറ ചില്ലറ സാമാനംപോലും ലേലത്തിൽ പോയി. വീടു് കഴകി. അതിനിടയ്ക്കു് രാഘു വന്നു് കള്ളക്കരച്ചിൽ കരഞ്ഞു. എന്തെല്ലാമോ നാടകം ആടി. അതൊന്നും അദ്ദേഹത്തിനു് പിടിച്ചില്ല. പിന്നീടു് ഹൃദയരോഗം പിടിപെട്ടു. ക്ഷീണിച്ചുവന്നു. അവസാനം അദ്ദേഹം....ഹും!

''കരയാനുള്ളതു പണ്ടേ കരഞ്ഞുകഴിഞ്ഞു. ഇനി ആ നടന്നതെല്ലാം തുക്കിയെടുത്തു് എന്തു ചെയ്യാനാണു്!........പിന്നീടു് ഒരു കൊല്ലം കഴിഞ്ഞു് ഈ രാഘു ധാർവാർ വിട്ടു് ബിന്ദഗോളിൽ കഴിയാൻ പോയി; അവിടെ നിലമെല്ലാം ഒഴിപ്പിച്ച് ധനവാനായി. ഇന്നിപ്പോഠ തൻെറ പണം കാട്ടി നമ്മളെ പററിക്കാൻ വന്നിരിക്കയാണു്........

''കിട്ടണ്ണ, ചിലതു പറയാൻകഴിയും. ചിലതു പറയാൻ കഴിയുകയില്ല. ആകെ ഒരു സംഗതി മാത്രം....ഈ മനുഷ്യൻ നെറിയുള്ളവനല്ല....അവൻ പറയുന്ന വഴിക്കു് നീ പോകരുതു്.''

പിന്നെയും അല്ലറചില്ലറ സംഗതികഠ ഗംഗവ്വ പറഞ്ഞു. രാത്രി പന്ത്രണ്ടര മണിവരെ അമ്മയും മകനും തമ്മിൽ സംസാരം നടന്നു. ജോലി കിട്ടിയ ശേഷം, കിട്ടി, അമ്മ പറയുന്നതു് ആദ്യമായാണു് അത്ര സ്നേഹത്തോടെ കേട്ടതു്. ഭൂതകാല ചിത്രങ്ങഠ നേരിട്ടു കണ്ടിരുന്നില്ലെങ്കിലും അവൻെറ മാനസപടലത്തിൽ നിറഞ്ഞുനിന്നു. അമ്മയെപ്പററി അവനു് ഉൽക്കടമായ ആദരം ഉളവായി.

# 6. ധർമ്മസങ്കടം

അമ്മയുടെ തലമുറ പഴയതു്, അയാളുടെ തലമുറ പുതിയതു്. ഓരോ തലമുറയ്ക്കും അതിൻേറതായ പ്രശ്നമുണ്ടു്. അമ്മയുടെ തീർപ്പിനു് എതിരായി നിൽക്കാൻ കിട്ടിക്കു സാധ്യമല്ല. മുൻകൈയെടുത്തു് കല്യാണം കഴിക്കാൻ അയാൾക്കു് ധൈര്യമില്ല. നമ്മുടെ സമുദായത്തിൽ ഒരു സമ്പ്രദായം ഉണ്ടല്ലോ. പതിനെട്ടു് ഇരുപതു വയസ്സായാൽ ആണിൻെറ ചുററും പെണ്ണിൻെറ അച്ഛനമ്മമാർ കൂട്ടം. എന്നിട്ടു് ആണിനെ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിക്കും—കല്യാണമെന്നാൽ ജീവിതത്തിൽ ആവശ്യമുള്ള ഒന്നാണു്. ഇന്നല്ലെങ്കിൽ നാളെ നടക്കേണ്ട ഒന്നാണു് എന്നൊക്കെ. ഈ വാദത്തിനു് അടിപ്പെട്ടം, ഖണ്ഡിതമായ അഭിപ്രായം ഇല്ലാത്തവർ. കല്യാണമെന്നാലോ കിട്ടിക്കു് ഒരു ഭീഷണിയാണു്. ഇന്നല്ലെങ്കിൽ നാളെ നടക്കാനുള്ള ഒന്നു് എന്ന വിശ്വാസവും. അതിനുംപുറമേ ദിവസവും ആപ്പീസിലുള്ള കയ്പുന്ന അനുഭവങ്ങളും.

രാഘപ്പ അന്നു പിരിയുന്ന സമയം അവസാനമായി പറഞ്ഞ സംഗതികൾ അയാൾക്കു് ആപ്പീസിൽ ഇരിക്കുമ്പോൾ എപ്പോഴും ഓർമ്മവരും........''കിട്ടണ്ണ, ഞാനും നിൻെറ അമ്മയും അട്ടത്തുൺപററാൻ പോകുന്നവരാണു്. കാലത്തിനു് അനുസരിച്ചു് നമുക്കു നടക്കണം. അമ്മയുടെ നേരെ നീ വെറുതേ ദേഷ്യപ്പെട്ടിട്ടു് കാര്യമില്ല. പഴയകാലത്തെ പെണ്ണുങ്ങൾക്കു് ചെറുപ്പക്കാരുടെ നടത്ത അറിയാൻ മേല. ഞങ്ങളുടെ വഴക്കും വക്കാണവും നടക്കും. അതിനെപ്പററി നീ വളരെ അധികം ഗൗനിക്കരുതു് എന്നുമാത്രം. ഭാവിയിൽ എന്താവാൻ നീ ആശിക്കുന്നോ അതിനെപ്പററി മാത്രം നോക്കിയാൽമതി''.......രാഘപ്പ പറഞ്ഞതു സത്യമെന്നു് ഇടയ്ക്കിടെ കിട്ടിക്കു തോന്നും.

നേരിടേണ്ട പ്രശ്നങ്ങൾ അനേകമുണ്ടായിരുന്നു, കിട്ടിക്കു്. പണം അയാളിൽ ഒരു പുതിയ മനുഷ്യനെ നിർമ്മിക്കാൻ തുടങ്ങിയിരുന്നു. മാറാത്ത ചുററുപാടിൽ, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന കിട്ടിക്കു് ശ്വാസം അടക്കിപ്പിടിക്കേണ്ട സന്ദർഭങ്ങൾ അനുനിമിഷം ഉണ്ടായിക്കൊണ്ടിരുന്നു. കഴിഞ്ഞ കാലവുമായി ഒട്ടിനിൽക്കാൻ അയാൾക്കു് അസാധ്യമായിവന്നു, ദിവസേന. വിദ്യാർത്ഥിയായിരുന്ന കാലത്തു് ഓരോ ആഴ്ചയും ഓരോരുത്തരുടെ വീട്ടിൽ അയാൾ ഭക്ഷണത്തിനു് പോകാറുണ്ടു്. ആ വീട്ടുകാരെ വഴിക്കുവെച്ചു കാണുമ്പോൾ വന്ദിക്കണമോ വേണ്ടയോ എന്നു് ഒരു ഇടയിളക്കം അയാൾക്കു് ഉണ്ടാകും. അങ്ങനെ ഉപകാരം ചെയ്തവരുടെ സംഖ്യയും അധികം, കിട്ടിയെ സംബന്ധിച്ചിടത്തോളം. ട്രൗസർ വിട്ടു് പൈജാമ ധരിക്കാൻ തുടങ്ങിയതുകണ്ടു് അവർ ചിരിക്കുന്നുണ്ടോ ഇല്ലയോ എന്നു് അയാൾക്കു് ഒരു ആശങ്ക. മുടിക്കു് നീളംവെച്ചു. ഉച്ചിക്കുടുമയിലെ രോമങ്ങളുടെ എണ്ണം കുറഞ്ഞു. കണ്ണാടിക്കു മുമ്പിൽ നിന്നു് വകഞ്ഞിട്ടു്. മുടി ചീകണമെന്നു് ഒരു മോഹം തുടങ്ങി. കറുത്ത ഒരു തൊപ്പിയിട്ടു് അയാൾ

അതു മറച്ചു. എന്നാലും ചിലപ്പോൾ ഉച്ചികുടുമയിലെ ചില രോമങ്ങൾ തൊപ്പിയെ അതിക്രമിച്ച് പുറത്തു കിടന്നു പാറും. അതു കണ്ട് ആപ്പീസിലെ കൂട്ടുകാർ കളിയാക്കും. ''മുടി, ഉടുപ്പ് ഇതെല്ലാം എന്റെ ഇഷ്ടം. അതിൽ നിങ്ങൾക്ക് ഒരു കാര്യവുമില്ല'' എന്ന് അവരോടു പറയാൻ അയാൾക്കു തോന്നിയാലും പറയാൻ ആവാറില്ല. തന്നേക്കാൾ സീനിയർ ആയവരുടെ സഹായം പലപ്പോഴും വേണ്ടിവരും. ഇന്നല്ലെങ്കിൽ നാളെ അവരെക്കൊണ്ട് ഉപകാരം ഉണ്ടാകും. അതുകൊണ്ട് ആരോടും എതിർ പറയാൻ കിട്ടിക്ക് പേടിയായിരുന്നു.

ആ പേടി കിട്ടിക്ക് ഒരു വലിയ മാനസികപ്രശ്നമായി. വിദ്യാർത്ഥിജീവിതത്തിൽ അയാൾക്ക് പല വിഷമസന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്, കോപം വരത്തക്കവിധം. അപ്പോഴെല്ലാം മനസ്സിനെ ഉപദേശിക്കും: ''ഞാൻ ഒരു 'വാരാന്ത'ക്കാരൻ കുട്ടി. ദേഷ്യപ്പെടുന്നതെങ്ങനെ?'' അങ്ങനെ അത് ക്രമേണ ഒരു സ്വഭാവവിശേഷമായിത്തീർന്നു. അത് ഇപ്പോൾ തനിക്ക് ദേഷ്യപ്പെടാനുള്ള ധൈര്യമേ ഇല്ല എന്ന മട്ടാക്കിത്തീർത്തു. വേണമെങ്കിൽത്തന്നെ വീട്ടിൽ അമ്മയോടുവേണം, ദേഷ്യപ്പെടാൻ. തനിക്കു ദേഷ്യപ്പെടാനുള്ള ധൈര്യമേ ഇല്ലാതായല്ലോ എന്നോർക്കുമ്പോൾ, തന്റെ അച്ഛനേയും അമ്മയേയും ദൈവത്തേയും പിരാകണമെന്ന് കിട്ടിക്ക് പലപ്പോഴും തോന്നിത്തുടങ്ങി. ഇപ്പോഴാണെങ്കിലും അമ്മ പഴയകാലത്തെ ധനസ്ഥിതിയെപ്പററി പറഞ്ഞു. ആ സ്ഥിതി ഇന്നും തുടർന്നിരുന്നെങ്കിൽ തനിക്ക് ഈ മനോദൗർബല്യം ഉണ്ടാകുമായിരുന്നോ?

ഇത്തരം ബേജാറുണ്ടായിരുന്നെങ്കിലും കിട്ടിക്ക് അമ്മയോട് ഒരു മമത, ഒരു സ്നേഹം ഉണ്ടായിരുന്നു. അയാൾക്കു ജോലി കിട്ടിയെന്നു കേട്ട ഉടൻ അയൽപക്കത്തുള്ള ദേസായി കുടുംബക്കാർ തങ്ങളുടെ വീട്ടിലേയ്ക്ക് അയാളെ ലഘുഭക്ഷണത്തിന് വിളിച്ചു. ''കിട്ടി, നിനക്കുവേണ്ടി വളരെ കഷ്ടപ്പെട്ടവളാണ് നിന്റെ അമ്മ. നിന്നെ എങ്ങനെ പുലർത്തിയെന്നു ഞങ്ങൾ കണ്ണുകൊണ്ടു കണ്ടവരാണ്. ഇനി നീ അവരെ സുഖമായി ഇരുത്തണം'' എന്നും പറഞ്ഞു. ജോലി കിട്ടിയ ആഹ്ലാദത്തിന്റെ ആധിക്യം നിമിത്തം എല്ലാവരും കേൾക്കത്തക്കവണ്ണം പറഞ്ഞു, അയാൾ: ''അമ്മയ്ക്കുവേണ്ടിയാണ് ജോലി സ്വീകരിച്ചതുതന്നെ.'' ഇത് വായിൽനിന്നു വീണ ഉടൻ അയാൾക്കു തോന്നി, താൻ എന്തു പിരാന്ത് പറഞ്ഞുവെന്ന്. അതു മാത്രമല്ല, പേററിനു വന്ന, ദേസായിയുടെ ജ്യേഷ്ഠന്റെ മകൾ അകത്തിരുന്ന് ഉറക്കെ ചിരിക്കുകയും ചെയ്തു. ദേസായിയുടെ ഭാര്യ വേണ്ടമ്പായി പറഞ്ഞു മനസ്സിലാക്കി: ''എടോ പിരാന്താ, ഞങ്ങൾ അതല്ല പറഞ്ഞത്. കല്യാണം കഴിച്ച് കുടുംബം ഉണ്ടാക്കണം, ആരെങ്കിലും വലവീശും, സൂക്ഷിക്കണം എന്നാണ്. ''ആ സന്ദർഭം ഓർമ്മിച്ചപ്പോൾ കിട്ടിക്ക് തന്റെ സാമർത്ഥ്യക്കുറവിനെപ്പററി, തനിക്കുണ്ടായ അപമാനത്തെപ്പററി ദേഷ്യം തോന്നി.

എന്നാൽ ഭൂതകാലത്തെ തുടച്ചുകളയാൻ പററിയ ഒരു സന്ദർഭം ആപ്പീസിൽ ഉണ്ടായി. കിട്ടിയുടെ ടേബിൾ മാറി.

ശിപ്പായി ഹുസേനിയെ കണ്ടാലേ കിട്ടിക്കു് ഒരു പരിഭ്രമം ആയിരുന്നു. ഒരു ബുദ്ധിമാനെന്നും 'സമ്പാദ്യ'മുണ്ടാക്കിക്കൊടുക്കാൻ സമർത്ഥനെന്നും ഉള്ള ഒരു ഖ്യാതി അവനു് ആപ്പീസിൽ ഉണ്ടായിരുന്നു. ഇതുവരെ കിട്ടിക്കു് അവനെപ്പററി അകന്ന പരിചയമേ ഉണ്ടായിരുന്നുള്ളു. കിട്ടി ആദ്യമായി ആപ്പീസിൽ ഹാജരായ ദിവസം, അവൻ അയാളുടെ സോപ്പിട്ടു വെളുപ്പിച്ച കുപ്പായവും കാക്കി ട്രൗസറും കൂർത്ത തൊപ്പിയും കണ്ടു് ഒരു നോട്ടം എറിഞ്ഞു, ഒരു സൂക്ഷ്മ വിമർശകനെപ്പോലെ. അന്നുമുതല്ലേ, അയാളുടെ നടത്തം, വേഷം, സംസാരം ഇവയെല്ലാം മററാരുടെ കണ്ണിൽനിന്നു തെററിയാലും ഹുസേനിയുടെ തീക്ഷ്ണദൃഷ്ടിയിൽനിന്നു തെററാറില്ല. എപ്പോഴെങ്കിലും വഴിയിൽവെച്ചു കണ്ടു് അവൻ സലാം ചെയ്താലും അതിലെന്തോ പരിഹാസമുണ്ടെന്നേ അയാൾക്കു തോന്നിയിരുന്നുള്ളു. എന്നാൽ ടേബിൾ മാറിയ അന്നു് അവൻ അയാളുടെ മേശയ്ക്കരികിൽ വന്നു സലാംചെയ്തു. ഈ പുതുമ കണ്ടു് അയാൾ ആദ്യം ഒന്നു പരിഭ്രമിച്ചു, ''എന്താ'' എന്നു ചോദിച്ചു.

''ഏമാന്നെ ആരോ പുറത്തു വിളിക്കുന്നുണ്ടു്''—എന്നായി ഹുസേനി.

കിട്ടി മറെറാന്നും ചോദിക്കാതെ പുറത്തു വന്നു. മുട്ടുവരെയുള്ള ഒരു ധോത്തി ധരിച്ച, കറുത്ത കണ്ണട വെച്ച, ഒരു മനുഷ്യനുണ്ടു് പുറത്തു നിൽക്കുന്നു. ഹുസേനിയാകട്ടെ, അതിദൂരത്തല്ലാതെ, നിന്ന ഇടത്തുതന്നെ നിന്നുകൊണ്ടു്, കഴുത്തു തിരിച്ചു്, ആ സംഗതിയിൽ താനും ഒരു കഥാപാത്രമെന്ന മട്ടിൽ നോക്കിക്കൊണ്ടിരുന്നു. കിട്ടിക്കു മനസ്സിലായി, ഇതെല്ലാം ടേബിൾ മാറിയതിൻെറ ഫലമാണെന്നു്. പുതിയ ടേബിളിൻെറ ചാർജ്ജു് ഇനിയും അയാൾ ഏറെറടുത്തിട്ടേ ഉണ്ടായിരുന്നില്ല. തലേന്നു മാത്രമാണു് മാററക്കല്പന പുറപ്പെട്ടതു്. ഇത്ര വേഗം ആ വാർത്ത ആപ്പീസിനു പുറത്തു് പരക്കുമെന്നു് അയാൾ കരുതിയതേയില്ലായിരുന്നു.

കറുത്ത കണ്ണടക്കാരൻ വന്ദിച്ചു്, ഒന്നു ചുമച്ചിട്ടു് പറയാൻതുടങ്ങി: ''എൻെറ പേരു് കൊള്ളി ഭീമണ്ണ എന്നു്. എൻെറ ഒരു ഭൂമികയ്യേററക്കേസ്സു് നിങ്ങളുടെ അടുത്തു വരും. കേസെല്ലാം ക്ലിയർ ആണു്. എനിക്കു് അനുകൂലമായേ വരൂ. നിങ്ങളുടെ പടക്കി ഏമാൻ എല്ലാ 'റഫ്നോട്ടും' തയ്യാറാക്കി ഇട്ടിട്ടുണ്ടെന്നു പറഞ്ഞു. അങ്ങോർക്കു മാററമായപ്പോൾ വീണ്ടും എനിക്കു പരിഭ്രമമായി. കേസ് ക്ലിയർ ആണു്....പക്ഷെ അങ്ങോരു് തയ്യാറാക്കിയ നോട്ടു് നിങ്ങൾ പുട്ടപ്പു് ചെയ്താൽ വലിയ ഉപകാരമായിരിക്കും. കേസ് ക്ലിയർ ആണു്........വളരെ ക്ലിയർ''

ആ സംസാരമെല്ലാം കേട്ടു് കിട്ടി ഇത്രമാത്രം പറഞ്ഞു: ''ഞാൻ ഇനിയും ചാർജ്ജു് എടുത്തിട്ടില്ല. ആട്ടെ, നേക്കാം''

ഹുസേനിക്കു് അത്ഭുതമായി. കിട്ടിയുടെ മറുപടി കേട്ടു് അവനു് അയാളെ പൊടുന്നനെ ബഹുമാനമായി. ''നോക്കാം'' എന്ന പച്ചവാക്കിനു് ഒരേഒരു അർത്ഥം ഹുസേനി കൽപിച്ചു. ''നോക്കാം'' എന്നു പറയുന്ന ഏമാനൻതന്നെയാണു് ശരിയായ ഏമാനൻ. 'സ ഏവ വക്താ, സ ച ദർശനീയഃ' എന്ന സംഗതിയിൽ വിശ്വാസമുള്ളവനാണു് ഹുസേനി. വിക്രമാദിത്യൻെറ സിംഹാ

സനത്തിൽ ഇരിക്കുമ്പോഠം ഒരു കുഞ്ഞുപോലും നീതി ചെയ്യുമെന്നപോലെ, എത്ര വിഡ്ഢി ആയാലും 'ടേബിറം' മുന്നിൽ ഇരുന്നാൽ ഏമാനൻ ആവാതിരിക്കാൻമേല. 'അനുഭവരത്നാകര'ത്തിൽനിന്നു കിട്ടിക്കു ലഭിച്ചതു് തീരെ പുതിയ രത്നവും. ചാർജ്ജ് ഏൽക്കുന്നതിനുമുമ്പുതന്നെ ''നോക്കാം'' എന്നു പറഞ്ഞതു് 'ടേബിളി'ൻെറ മഹിമയല്ലെങ്കിൽ പിന്നെ എന്തു്?

കിട്ടിയെപ്പററി പുതിയതായി തോന്നിയ ബഹുമാനത്തിൻെറ ആധിക്യത്തിൽ ഹുസേനി ആ കറുത്ത കണ്ണടക്കാരനെ ചീത്തപറഞ്ഞു: ''കേസ് ക്ലിയർ, കേസ് ക്ലിയർ എന്നു വഴവഴാന്നു് പറയുന്നതെന്തിനാ?''—ഇത്രയും ഉച്ചത്തിൽ പറഞ്ഞു്, ആപ്പീസിൻെറ ഗൗരവവും മര്യാദയും പാലിക്കാൻ ഉപദേശിക്കുകയും ചെയ്തു. കറുത്ത കണ്ണടക്കാരൻ എളിക്കുത്തു് അയച്ചു് ഒരു രൂപ വേണോ, രണ്ടു രൂപ വേണോ എന്ന ഇടയിളക്കത്തിൽ നിൽക്കവേ, ഹുസേനി മുന്നോട്ടു കയറി, ''പുതിയ ആളെന്നു കരുതിയാണോ ഈ സൂത്രമൊക്കെ?'' എന്നു ചോദിച്ചു, ''ഏമാനൻ അകത്തേയ്ക്കു പൊയ്ക്കോള്ളു. ഞാൻ സംസാരിച്ചോളാം'' എന്നു പറഞ്ഞു് കിട്ടിയെ ഉള്ളിലേയ്ക്കു് അയച്ചു.

പിന്നീടു് പതിനഞ്ചു നിമിഷങ്ങഠംക്കുള്ളിൽ കിട്ടിയുടെ കൈയിൽ ഒരു അഞ്ചുരൂപാനോട്ടു് വന്നു വീണു. ഹുസേനിയുടെ കീശയിലേയ്ക്കു് ഒരു രൂപയും ചെന്നുചേർന്നു. ഇതുവരെ ഇത്തരം അനുഭവം കിട്ടിക്കു് ഉണ്ടായിട്ടില്ല. 'ഹുസേനിച്ചെങ്ങാത്തം' എന്നു് അയാഠംക്കു് കേട്ടുകേഠംവിയേ ഉണ്ടായിരുന്നുള്ളു. ആ ടേബിറം കിട്ടിക്കു പോയതു കണ്ടു് പലരും ആദ്യമേ അസൂയപ്പെടുകയുണ്ടായി. ആ കറുത്ത കണ്ണടക്കാരൻെറ സംഗതി നിമിത്തമാണു് ഒന്നും തിരിയാത്ത കിട്ടിക്കു് ആ ടേബിറം തഹസീൽദാർ കൊടുത്തതെന്നു് ഹെഡ് ഗുമസ്തൻ രാമരായജോഷിക്കു് അറിയാമായിരുന്നു. ആദ്യദിവസംതന്നെ അഞ്ചുരൂപ കിട്ടിയതു്, ഹുസേനിയുടെ ബഹുമാനം നേടിയതു്—ഇതെല്ലാം കിട്ടിക്കു് സന്തോഷത്തിനു കാരണമായി. ഹുസേനിയുടെ പ്രവൃത്തിയിൽ കണ്ണുംനട്ടുകൊണ്ടു് ഇരുന്നിരുന്ന ചില ഗുമസ്തന്മാർ ആപ്പീസു വിട്ടു ഉടൻ കിട്ടിയെ പിടിച്ചുകൊണ്ടു് ചായക്കടയിലേക്കു പോയി. ഒരിക്കലും ചായക്കടയിലേയ്ക്കു് പോകുന്നവൻ ആയിരുന്നില്ല, കിട്ടി. എന്നാലോ അന്നു് 'ഹുസേനിച്ചെങ്ങാത്ത'ത്തിൻെറ 'പ്രാരംഭോത്സവം' ആഘോഷിക്കേണ്ടിവന്നു; ചായക്കടയിൽ കയറേണ്ടിവന്നു.

'അശുദ്ധി' ഭയന്നു് കിട്ടി ഒരു കപ്പു് പാൽ മാത്രം കുടിച്ചു്, കൂട്ടുകാർക്കു് പതിനഞ്ചു് അണ ചെലവഴിച്ചു. ഹെഡ് ഗുമസ്തൻ രാമരായജോഷി, കിട്ടി കൊടുത്ത പലഹാരങ്ങളുടെ മധുരം നുണഞ്ഞുകൊണ്ടു് അരമണിക്കൂർ നേരം, അയാളെ ഗുണദോഷിച്ചു് അയാളുടെ പണത്തിനു നന്ദി കാട്ടി. ''എടോ കൃഷ്ണാജി, നിനക്കു ചായ വേണ്ട, സിഗററു വേണ്ട, പുകയില വേണ്ട, തമാശ വേണ്ട, ഭാര്യ വേണ്ട. പിന്നെ എന്തിനാ ഈ ജോലി ചെയ്യുന്നതു്, താൻ ?'' എന്ന രാമരായൻെറ ചോദ്യത്തിനു് കിട്ടിക്കു് മറുപടി പറയാൻ ആയില്ല. കമ്പനി പിരി

യുന്ന സമയം കിട്ടിക്കു് ഒരു ഉപദേശവും നൽകി: ''കൃഷ്ണാജി, ഈ പണം ഇത്തരം സംഗതികളിൽ ചെലവാക്കണം. ഇതു് മറ്റൊന്നിനും കൊള്ളില്ല. അങ്ങനെ അല്ലായിരുന്നെങ്കിൽ ഞങ്ങളെല്ലാം വലിയ പണക്കാരായിത്തീർന്നിരുന്നേനെ. ഈ പണം അങ്ങനെതന്നെ പോകണം'' അയാളുടെ ഉപദേശത്തെ മറ്റെല്ലാവരും ഉച്ചത്തിൽ അനുമോദിക്കുകയും ചെയ്തു.

അര നിമിഷത്തേയ്ക്കു് ആ 'വേദാന്ത'ത്തിൻെറ പരിണാമം കിട്ടിയിൽ ഉണ്ടായി. എന്നാൽ ബാക്കി ചില്ലറ കീശയിൽ കിടന്നു് ഇനിയും കിലുങ്ങിക്കൊണ്ടിരുന്നു. കള്ളപ്പൂച്ചയുടേതായ ഒരുതരം അഭിമാനത്തോടെ അയാാം വീട്ടിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ എതിരേവന്ന പോദ്ദാർ ലക്ഷ്മീബായിയെ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു് മുന്നോട്ടു പോയി.

*        *        *        *

ആ കേസ്സിൽ തഹസീൽദാർക്കു് സ്വന്തം താല്പര്യമുണ്ടെന്നതു് ഹെഡ്് ക്ലർക്ക് ആയിരുന്ന രാമരായജോഷിക്കു് അറിയാവുന്ന സംഗതിയായിരുന്നു. അതിനെപ്പറ്റി തൻെറ മുൻഗാമി എന്തെങ്കിലും നോട്ടു് തയ്യാറാക്കി ഇട്ടിട്ടുണ്ടോ എന്നു കിട്ടി ടേബിളിൽ എങ്ങും തിരഞ്ഞു. ഒന്നും കിട്ടിയില്ല. അതു നിമിത്തം വഴക്കമനുസരിച്ചു് ഉപദേശം വാങ്ങാൻ അയാാം രാമരായജോഷിയുടെ അടുത്തേയ്ക്കു പോയി. രാമരായ ജോഷിക്കു്, രാമരായ ശകുനി എന്നും ഒരു പര്യായപ്പേർ ഉണ്ടായിരുന്നു. കിട്ടിയുടെ ചായ കുടിച്ച അന്നുതന്നെ അയാാം പരിപാടി ഇട്ടിരുന്നതാണു്, ''ഇവനു് ഒരു ഞെട്ടു് കൊടുക്കണം'' എന്നു്. കിട്ടി കൊടുത്ത കടലാസ്സുകളെല്ലാം നോക്കി, ''കേസ്സെല്ലാം ക്ലിയർ ആണു്'' എന്നു പറഞ്ഞു്, കറുത്ത കണ്ണടക്കാരൻ കൊള്ളി ഭീമണ്ണയ്ക്കു് അനുകൂലമാകുംപടി നോട്ടു് തയ്യാറാക്കിക്കൊടുത്തു. അതു് സ്വന്തം കൈയക്ഷരത്തിൽ നന്നായി എഴുതി, കിട്ടി തഹസീൽദാരുടെ നിർദ്ദേശത്തിനു് അയച്ചു.

പത്തു നിമിഷത്തിനുള്ളിൽ തഹസീൽദാർ കിട്ടിയെ വിളിപ്പിച്ചു. കിട്ടിക്കു കൈയും കാലും അററപോലെ ആയി. താൻ എന്തു പറയണമെന്നു് രാമരായൻെറ അടുത്തു ചെന്നു ചോദിച്ചു. കിട്ടിയെ ഉന്മേഷപ്പെടുത്തിക്കൊണ്ടു് അയാാം പറഞ്ഞു: ''തഹസീൽദാരെ താൻ എന്തു പറഞ്ഞു മനസ്സിലാക്കാനാണു്! അദ്ദേഹം എന്തു ചോദിച്ചാലും പറയണം ധൈര്യത്തോടെ—ഞാൻ നിയമത്തിലുള്ളതുപോലെ ചെയ്തിട്ടുണ്ടു്. കേസ് ക്ലിയർ ആണു് എന്നു്. താൻ ഇപ്പോാം സ്വല്പം വിടവു് ഇട്ടാൽ നാളെ തൻെറ തലയിൽ മുളകു് ചാലിക്കും, കേട്ടോ!'' ഇതു പറഞ്ഞു് അയാളെ തഹസീൽദാരുടെ അടുത്തേയ്ക്കയച്ചു.

കിട്ടി തഹസീൽദാരുടെ മുറിയിൽ പ്രവേശിച്ച സമയം ഏമാനൻ കോപം കയറി കുത്തിയിരിക്കുകയായിരുന്നു. അയാാം ഏമാൻെറ മേശമേൽ കൈയൂന്നി നിന്നു് ''എന്താണ, സാർ?'' എന്നു ചോദിച്ചു.

''ആദ്യം മേശമേൽനിന്നു കൈ മാററ്!'' എന്നു് ഏമാനൻ ഉരത്തു് പറഞ്ഞു.

കിട്ടി 'സർർ' ന്നു് കൈ മാററി, ഡ്രില്ലിനു നിൽക്കുമ്പോലെ നിന്നു.

''എത്ര ചാണകം തിന്നു, നീ?'' എന്നു തഹസീൽദാർ നേരെ ചോദ്യം വിട്ടു. (ചാണകം എന്നതു് കൈക്കൂലിയുടെ സൂചന)

''ഇല്—ലാ, ഏമാന്നേ!...........''

''എന്തു് ഏമാൻ! ഞാൻ ചോദിച്ചതിനു മറുപടി പറ........''

കിട്ടി അന്തംവിട്ടു് ചുമ്മാതെ നിന്നു.

''നോട്ടു് ഇട്ടിരിക്കുന്നു, ഒരു നോട്ടു്! നിന്നെ ആരാണു് മെട്രിക്ക് പാസ്സാക്കിയതു്? നിനക്കു് ആരാണു് ജോലി തന്നതു്? കന്നുകാലിയെ മേയ്ക്കാൻ പോ!''

''ഏമാന്നേ, ഞാൻ തെററുചെയ്തെങ്കിൽ........''

''തെററില്ല, ഒരു തെററും ഇല്ല! എടാ കഴുതേ, നീ........ചാണകം....തിന്നതല്ലേ........ഈ പാർട്ടിക്കു് പത്തൊമ്പതാമാണ്ടിൽ, അവകാശത്തർക്കത്തിന്റെ മേൽ ഒരു ശിക്ഷ നൽകിയിട്ടുണ്ടു്. ആ പോയിൻറ് എന്തുകൊണ്ടു് എഴുതിയില്ല, നിന്റെ നോട്ടിൽ?''

കിട്ടിക്കു് അതും തിരിഞ്ഞില്ല, ഇതും തിരിഞ്ഞില്ല. ദിക്കു മുട്ടിയവനെപ്പോലെ അയാം ''തെററു പററിപ്പോയി, ഏമാന്നേ!'' എന്നു കേണു.

തഹസീൽദാരുടെ കോപം തെല്ലു് ഇറങ്ങി.

''കൃഷ്ണാജി, താൻ ഒരു പുതിയ ആളാണു്. മററുള്ളവരുടെ കൈയിൽ ആ ടേബിൾ കൊടുത്താൽ വഷളാക്കിത്തീർക്കും എല്ലാം എന്നു കരുതിയാണു് ഞാൻ നിനക്കു തന്നതു്. തന്നിട്ടു് രണ്ടു ദിവസംപോലും ആയില്ല. അപ്പോഴേയ്ക്കും നീയും പഠിച്ചുകഴിഞ്ഞല്ലോ? നീ പണം തിന്നണ്ട എന്നല്ല പറയുന്നതു്, ഞാൻ. എന്നാൽ നിയമത്തിനു് അനുസരിച്ചു് ഇരിക്കു. സ്വരക്ഷ നോക്കെടോ. അല്ലെങ്കിൽ ഇന്നു തിന്നതു് നാളെ ഛർദ്ദിക്കേണ്ടിവന്നാലോ. ആദ്യം റോഷി നില നിറുത്താൻ നോക്കു്. എന്നിട്ടു് ചെയ്യേണ്ട വ്യാപാരം ചെയ്തോ........ഉം എഴുതിയെടുക്കു്........''

രാമരായ പഠിപ്പിച്ചുകൊടുത്ത സംഗതിയെല്ലാം ഏമാനന്റെ ചൂടു് നിമിത്തം, കിട്ടി മറന്നുപോയി. അയാം മറെറാന്നും സംസാരിക്കാതെ ഏമാൻ പറഞ്ഞു കൊടുത്തപോലെ എല്ലാം എഴുതി അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു. അക്ഷരപ്പിശകു തിരുത്തിക്കൊണ്ടു് ഏമാൻ അതിൽ കൈയൊപ്പു വച്ചു.

കിട്ടി അപമാനിതനായി തുടുത്ത മുഖവും ഏന്തി, തന്റെ ടേബിളിന്റെ അടുത്തേയ്ക്കു പോയി. തന്റെ മുഖം രാമരായനെ കാട്ടാൻ മനസ്സുവന്നില്ല,

അയാറംക്ക്. അയാറം പറഞ്ഞുകൊടുത്ത സംഗതികളെല്ലാം പോകട്ടെ. തൻെറ വായകൊണ്ട് 'തെററു പററിപ്പോയി' എന്നു പറഞ്ഞതു്, അദ്ദേഹം പറഞ്ഞു കൊടുത്ത മാതിരിതന്നെ എഴുതിക്കൊടുത്തതു്, അതുമാത്രമല്ല, അദ്ദേഹത്തിൻെറ കോപം ഇറങ്ങിയതുകണ്ടു് താൻ സന്തോഷിച്ചതു്—ഇവയെല്ലാം തൻെറ ദൗർബ്ബല്യങ്ങളല്ലേ! അവയെല്ലാം തൻെറ കൺമുന്നിൽ നൃത്തംവെച്ചു് കിട്ടിയെ നാണിപ്പിച്ചുകളഞ്ഞു!

മററു ഗുമസ്തന്മാർ ജോലിയിൽ മുഴുകിയവരെപ്പോലെ കടലാസ്സുകറം നോക്കിക്കൊണ്ടു് തങ്ങളുടെ പുഞ്ചിരി അമർത്തി, കുത്തിയിരുന്നു.

അന്നു വൈകുന്നേരം കിട്ടിയുടെ അഭിമാനമെല്ലാം പരാജയപ്പെട്ടു.

ശരി. ജോലി ജാഗ്രതയോടെ ചെയ്യില്ലെങ്കിലും ഇനിമേൽ ഏതു പ്രകാരത്തിലായാലും ഈ ചീത്തകേറംക്കലിൽ നിന്നു രക്ഷപ്പെടണം. അവസാനം തൻെറ നാട്ടുനടപ്പനുസരിച്ചു വിനയം കാട്ടി സംഗതി നടന്നു. എന്നാൽ അസഹ്യമായ ഈ ചീത്തകേറംക്കൽ ഇനിമേൽ വയ്യ. ചീത്തപറച്ചിൽ സൂചിപോലെ മെയ്യിൽ തുളച്ചുകയറുകയാണ്........

## 7. ഗംഗവ്വയുടെ വിഷാദം

ഗംഗവ്വ അന്നു സന്ധ്യയ്ക്കു് ആറുമണിക്കു് ദേസായിയുടെ വീട്ടിലേയ്ക്കു ചെന്നു.

ദേസായിയുടെ മൂത്ത മകൻ അച്യുത 'കോമേഴ്സ്' പഠിക്കാൻ ബോംബെയ്ക്കു പോയ അന്നു മുതൽ, രണ്ടാമത്തെ മകൻ വസന്തരായനു് വീട്ടുകാര്യങ്ങളിൽ താൽപര്യവും ചുമതലാബോധവും അധികം ഉളവായി. അയാറംക്കു് ഗംഗവ്വയുടെയും അവരുടെ അരുമ സന്തതിയുടേയും നേരെ വല്ലാത്ത ഈറയായിരുന്നു. അതിന്നു് ഒരു കാരണം, കിട്ടി താഴെയുള്ള ക്ലാസ്സുകളെല്ലാം വേഗം വേഗം താണ്ടി ആദ്യത്തെ തവണതന്നെ മെട്രിക്ക് പാസ്സായി വസന്തനെ കവച്ചുവച്ചതായിരിക്കണം—അല്ലെങ്കിൽ ദേസായി 'എനിക്കു കിട്ടി വേറെയല്ല, വസന്തൻ വേറെയല്ല' എന്നു പറയാറുള്ളതിൽ നിന്നു് അച്ഛൻ തന്നെക്കാളധികം കിട്ടിയെയാണു് സ്നേഹിക്കുന്നതു് എന്നു കരുതിയതിനാൽ ആയിരിക്കണം. മാത്രമല്ല, ഗംഗവ്വ ഇടയ്ക്കിടയ്ക്കു വന്നു് അച്ഛൻെറ കൈയിൽ നിന്നു് രഹസ്യമായി പത്തും പതിനഞ്ചും രൂപ വാങ്ങിക്കൊണ്ടു പോകാറുള്ളതു് അയാറം അറിഞ്ഞു, കഴിഞ്ഞ രണ്ടു മാസങ്ങളായിട്ടു്. സ്റ്റണ്ടു സിനിമകറം കാണാൻ വസന്തരായനു് വല്ലാത്ത പൂതി. എന്നാൽ അന്നു് പണം കൊടുക്കാൻ അച്ഛൻ വിസമ്മതിച്ചു. അതു നിമിത്തമുണ്ടായ വ്യസന

ത്താൽ ജീവിതമേ വിഷമം എന്നു തോന്നി പുറത്തളത്തിൽ പോയി പായ വിരിച്ചു് ഇരുന്നു്, ഈച്ചയാട്ടിക്കൊണ്ടു്, എന്തോ ആലോചിച്ചിരിക്കുകയായിരുന്നു. ആ നേരത്താണു് ഗംഗവ്വയുടെ പ്രവേശം.

''വരിൻ, വരിൻ. എത്ര രൂപ വേണമെന്നു് പറയിൻ. പിൻഭാഗത്തു് ഞാൻ മരം വച്ചു പിടിപ്പിച്ചിട്ടുണ്ടു്.'' എന്നു പറഞ്ഞു, വസന്തരായ ഈററയോടെ.

ഗംഗവ്വക്കു് ചൂടു കയറി. വേഗം വേഗം നടന്നു് അകത്തേക്കു പോയി, ഒരു മൂലക്കൽ ഇരുന്നു് വെററില ചവച്ചുകൊണ്ടിരുന്ന ദേസായിയുടെ മുമ്പിൽ ചെന്നു നിന്നു, അവർ. ''ഇതെല്ലാം എന്തിനു്, ഗോപണ്ണാ! നിങ്ങളുടെ അവലംബത്തിലാണു് ഞങ്ങൾ കഴിയുന്നതു്. അതു് നേരു്. എന്നാൽ ഞങ്ങൾ ആവശ്യപ്പെടുമ്പോൾ തരുന്ന പണം ആരുടെയാണെന്നു് മകനു് തിരിയുമ്പോലെ പറഞ്ഞുകൊടുക്കപ്പു'' എന്നു് ഗംഗവ്വ ഉറക്കെ പറഞ്ഞു.

ദേസായിക്കു് എല്ലാം കേട്ടു് വല്ലാത്ത വിഷമം തോന്നി. വസന്തനെ വിളിച്ചു് ''നിൻെറ നാവു് പിഴുതെടുക്കും ഞാൻ'' എന്നു ദേഷ്യപ്പെട്ടു്, പറഞ്ഞയച്ചു. വസന്തൻ തനിക്കു് സിനിമ കാണാൻ പണം കിട്ടാഞ്ഞതിനു് പരിഭവം പറഞ്ഞു് പുറത്തേക്കു പോയി. എന്നാൽ ഗംഗവ്വ പറഞ്ഞ സംഗതി അയാളുടെ ചെവിയിൽ ഇന്നെങ്കിലും എത്തി. ആരുടെ പണം എന്ന ചോദ്യത്തിൻെറ അർത്ഥത്തെപ്പററി അയാൾ ചിന്തിക്കാൻ തുടങ്ങി.

ആ സമയത്തു് ഗംഗവ്വ വന്നതിനു് എന്തെങ്കിലും സവിശേഷമായ കാരണമുണ്ടായിരിക്കുമെന്നു് ദേസായിക്കു് അറിയാം. ചുവരിന്മേൽ ചാരിയിരുന്നുകൊണ്ടു് അവർ പറഞ്ഞതെല്ലാം കേട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിനു് ഗംഗവ്വയെപ്പററി നല്ല അഭിപ്രായമായിരുന്നു. എന്നാലും അവരുടെ കുടുംബവിഷയത്തിൽ കൈയിടുന്നതു് ശരിയല്ലല്ലോ ; എപ്പോഴെങ്കിലും കൈ പൊള്ളാൻ ഇടവന്നാലോ എന്നു് അദ്ദേഹത്തിനു് ഒരാശങ്ക. ഗംഗവ്വയോ, തൻെറ എല്ലാ സമസ്യകളും അദ്ദേഹത്തിൻെറ തലയിൽ ഏററിവയ്ക്കുകയും ചെയ്തിരുന്നു. കാര്യമായ എന്തെങ്കിലും ഉണ്ടെങ്കിൽ ചെയ്തുകൊടുക്കുന്നതിൽ അദ്ദേഹത്തിനു് ഉത്സാഹമുണ്ടായിരുന്നു. എന്നാൽ 'കിട്ടി ആദ്യത്തെപ്പോലെ എന്നോടു സംസാരിക്കുന്നില്ല, കിട്ടി വളരെ പണം ചെലവാക്കുന്നു, കിട്ടി രാത്രി വളരെ വൈകി വീട്ടിൽ വരുന്നു,' ഇങ്ങനെയുള്ള സമസ്യകൾ കേൾക്കുമ്പോൾ അദ്ദേഹത്തിനു് ഒരുതരം ബേജാറു്. അതിനുപുറമേ, ഏററ കാര്യം ശരിക്കു് ചെയ്യണമെന്ന സിദ്ധാന്തമുള്ള ഒരാളായതുകൊണ്ടു് കഴിയുന്നതും ഒന്നും ഏൽക്കാതിരിക്കാൻ നോക്കും. എന്നാൽ ഗംഗവ്വ അദ്ദേഹത്തിനു് സമ്മതമല്ലെങ്കിലും തൻെറ ഓരോ സമസ്യയും അദ്ദേഹത്തിൻെറമേൽ വച്ചുകെട്ടും.

''ഗോപണ്ണാ, കിട്ടി ഈ മാസം എത്ര രൂപ കൊണ്ടുവന്നു തന്നു ?''

''കോട്ട് തുന്നിക്കണമത്രേ. അഞ്ചുരൂപ തന്നിരിക്കണം.''

''നീ വളരെ ചെലവുചെയ്യാൻ തുടങ്ങി എന്നു് ഒരിക്കൽ അവനെ എന്തു കൊണ്ടു് താക്കീതു ചെയ്യുന്നില്ല ?'' എന്നായി ഗംഗവ്വ.

ആണുങ്ങളുടെ സമസ്യകാം അറിയുന്ന ദേസായി തെല്ല ബേജാറോടെ ധരിപ്പിച്ചു: ''മകൻ അത്ര മോശക്കാരനാണോ, മണ്ടനാണോ ? വേണ്ട മട്ടിൽ അവൻ വേലയെടുക്കുന്നു. നല്ലവണ്ണം സമ്പാദിക്കുന്നു. അവൻ വലിയവനും ആയി. ഒരു കുട്ടിയല്ല. അതുകൊണ്ടു് ഇത്തരം സംഗതികാം അവനോടു് സംസാരിക്കരുതു, ഞാൻ. ഗംഗവ്വ പറഞ്ഞാൽ ഒരുപക്ഷേ നടന്നേക്കും. 'പ്രാപ്തേ ഷോഡശേ വർഷേ പുത്രം മിത്രവദം ചരേൽ' എന്നാണു് ശാസ്ത്രം....''

ഈ 'യൂയം വയം' (നിങ്ങാം—ഞങ്ങാം) എന്ന താരതമ്യം ഗംഗവ്വയ്ക്കു് അസഹ്യമായി തോന്നി. അവർ നീരസത്തോടെ ചോദിച്ചു:

''അങ്ങനെയാണെങ്കിൽ—ചെയ്യുന്നതെല്ലാം ചുമ്മാതെ കണ്ടുകൊണ്ടിരിക്കണം എന്നു് അ....ല്ലേ ? '' അവസാനത്തെ വാക്കു പറയുമ്പോാം വിതുമ്പി, അവർ.

അവരുടെ മട്ടു് കണ്ടപ്പോാം ദേസായിക്കു തോന്നി, അവരുടെ മനസ്സിൽ എന്തോ ഇനിയും ഉണ്ടെന്നു്. ആ കുടുംബത്തിൻെറ രഹസ്യകാര്യങ്ങളിൽ താൻ ഇടപെടരുതു് എന്ന ആഗ്രഹം നിമിത്തം അദ്ദേഹം തെല്ലനേരം മിണ്ടാതെ ഇരുന്നു. എന്നാൽ ചേലത്തുമ്പുകൊണ്ടു് ഗംഗവ്വ മുഖം മറയ്ക്കുന്നതു കണ്ടു്, സ്വയം നിയന്ത്രിക്കാൻ ആകാതെ, അവർ പ്രതീക്ഷിക്കുന്ന ചോദ്യം ചോദിച്ചു: ''ഇപ്പോാം പുതിയതായി എന്തു സംഭവിച്ചു ?''

''എന്തു സംഭവിക്കാനാണു് ? ദിവസേന വരുമ്പോലെ ഊററ പിടിച്ചു് ആപ്പീസിൽനിന്നു വന്നു. ഇന്നു രാത്രി പാട്ടുകച്ചേരിക്കു പോകുന്നുവത്രേ. എവിടെയാണു്, അതെന്നു വെച്ചാൽ.... ...''—അവർക്കു് തുടർന്നു പറയാൻ കഴിഞ്ഞില്ല.

ദേസായി അവരെ സമാധാനിപ്പിച്ചു് എല്ലാം കേട്ടു്, അറിഞ്ഞു.

പാട്ടുകച്ചേരി ഉണ്ടായിരുന്നതോ, ഗംഗവ്വയുടെ അനുജൻ രാഘപ്പയുടെ വീട്ടിലും!

*    *    *    *    *

അതു സംഭവിച്ചതു് ഇങ്ങനെയാണു്:

രാഘപ്പ ആപ്പീസിൽ വന്നു് തൻെറ വീട്ടിലേക്കു ക്ഷണിച്ച സമയം കിട്ടിക്കു് അത്ര താല്പര്യമുണ്ടായിരുന്നില്ല, അവിടെ പോകുന്നതിൽ. പാട്ടിൽ, കിട്ടിക്കു്, അറംഗസേബിനുള്ളത്ര താല്പര്യമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ,

രാഘപ്പ പോകുംസമയം, അവിടെ തഹസീൽദാരും വരുമെന്നും അദ്ദേഹത്തെ നേരിട്ട പരിചയപ്പെടുത്തിക്കൊടുക്കാമെന്നും പറഞ്ഞപ്പോഠം മാത്രമാണ് അവിടെ പോകാൻ കിട്ടിക്ക് ഉൽക്കടമായ ആഗ്രഹമുണ്ടായതു്. ചീത്തപറയുന്ന കലയിൽ സമർത്ഥനായ തഹസീൽദാരുടെ തോക്കിൽനിന്നു് അങ്ങനെയെങ്കിലും തനിക്കു രക്ഷപ്പെടാൻ കഴിഞ്ഞാൽ ആയല്ലോ എന്നായിരുന്നു, അയാളുടെ ആഗ്രഹം. രാഘപ്പ അമ്മാമന്റെ രൂപത്തിൽ ഈശ്വരൻതന്നെ ഇറങ്ങിവന്നതാണെന്നു് അയാഠംക്കു തോന്നി.

പുതിയ ടേബിഠം കിട്ടിയ അന്നുമുതൽ വീട്ടിൽ കിട്ടിയുടെ പെരുമാററത്തിലും മാററം വന്നു. കാലത്തു് നേരം വൈകി എഴുന്നേൽക്കും. സന്ധ്യയ്ക്കു് നടക്കാനിറങ്ങി, വളരെ താമസിച്ചു തിരിച്ചെത്തും. വന്ന ഉടൻ വിശപ്പില്ലെന്നു കിണുങ്ങിക്കൊണ്ടു് രണ്ടുപിടി വാരിത്തിന്നു് കിടക്കും. പുറമേനിന്നു പണം കിട്ടാൻ തുടങ്ങിയതോടെ ഒരുതരം നിഗൂഢമായ മൗനവും വന്നുചേർന്നു. അയാളുടെ സംസാരംതന്നെ ക്രമേണ കുറഞ്ഞുവന്നു. പണ്ടത്തെ ബാലിശമായ സംസാരവും വിട്ടുകളഞ്ഞു. അതിലുംവെച്ച് സംസാരിക്കലേ ഇല്ലെന്ന മട്ടായി. അമ്മയിൽനിന്നു് എന്തോ ഒളിച്ചുവയ്ക്കുമ്പോലെ. ഭക്ഷണത്തിനിരിക്കുമ്പോഴും പണ്ടത്തെപ്പോലെ ദേഷ്യപ്പെട്ടു് എന്തെങ്കിലും അയാളുടെ വായിൽനിന്നു വീഴില്ല.... അധികം സമ്പാദ്യം കിട്ടുന്നുവെന്നു പറഞ്ഞാൽ അമ്മ പണം ആവശ്യപ്പെടും എന്ന വിചാരത്താലോ, അതു പറയാനുള്ള മടിയാലോ നാണത്താലോ എന്തോ അയാളുടെ സംസാരംതന്നെ ഉടക്കിപ്പോയി.

കിട്ടിയുടെ അത്തരം പെരുമാററത്തിൽ, ഗംഗവ്വയ്ക്കു് ഉള്ളിന്റെ ഉള്ളിൽ മൂകമായ ഒരു വേദന അനുഭവപ്പെട്ടു. ജോലിയുടെ ക്ഷീണം ആയിരിക്കുമെന്നു കരുതി കുറെ ദിവസം അവർ മിണ്ടാതെ ഇരുന്നു. അവസാനം ഒരു ദിവസം അവരുടെ അമ്മയെന്ന ഭാവം പുറത്തുവന്നു: ''കിട്ടി, നിന്റെ പണി കണ്ടു് തഹസീൽദാർ എന്തു പറഞ്ഞു?'' ''അദ്ദേഹത്തിന്റെ ഇഷ്ടം നോക്കി നടക്കപ്പെ!''; ''കിട്ടി ഇന്നു് ഉണ്ടാക്കിയ അപ്പത്തിനു് എന്തു് സ്വാദാണെന്നോ. ഒന്നുരണ്ടു് എണ്ണം ചുടുചുടുന്നനെ തരാം. തഹസീൽദാരുടെ വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്നോ?''—പക്ഷെ ഇത്തരം അനാവശ്യ കാര്യങ്ങഠം കേട്ടു് അയാഠംക്കു് ബേജാറു തോന്നി. തനിക്കു അറിയാൻവയ്യാത്ത കാര്യങ്ങളെപ്പററി ഈ അമ്മ എന്തിനാണു് സംസാരിക്കുന്നതു് എന്നു കണക്കാക്കി അവരെ ചീത്തപറഞ്ഞു. തനിക്കു പ്രായം വന്നു എന്ന സംഗതി, താൻ കുഞ്ഞല്ല എന്ന സംഗതി, അമ്മയ്ക്കു് ഇനിയും എന്താണു് തിരിയാത്തതു്—ഇതിനെപ്പററി അയാഠംക്കു് വല്ലാത്ത ദേഷ്യം. തഹസീൽദാരുടെ പേരു് അമ്മ പറഞ്ഞ ഉടൻ അയാഠംക്കു തോന്നി, ''എന്റെ പ്രയത്നംകൊണ്ടാണു് നിനക്കു ജോലിതന്നെ കിട്ടിയതു്'' എന്നു് അമ്മ പറയുമ്പോലെ. അതു് തനിക്കു് ഒരു അപമാനമെന്ന മട്ടിൽ അമ്മയോടു് തട്ടിക്കയറി....ആപ്പീസിൽ നിന്നു് കിട്ടി അങ്ങനെ ഈറ കയറി വീട്ടിലേയ്ക്കു വന്നു കയറുന്നതു് ഗംഗവ്വയ്ക്കു് ഒരു വഴക്കമായിത്തീർന്നു........

എന്നാൽ കിട്ടി രാഘപ്പയുടെ വീട്ടിൽ പോകുന്നതു് ഗംഗവ്വയ്ക്കു് സഹിക്കാനാവില്ല. താൻ പത്തുകൊല്ലംകൊണ്ടു വളർത്തിയെടുത്ത മരം ഇപ്പോഴം കായ്ക്കാൻ തുടങ്ങി. അതിൻെറ കായ രാഘപ്പ വന്നു് പറിച്ചുകൊണ്ടുപോവുക എന്നതു് അസഹ്യം. അതു് അവർക്കു് അടക്കാനാവില്ല, പൊറുക്കാനാവില്ല.

അന്നുമാത്രം കിട്ടി തൻെറ അമ്മയെ പററിച്ചു വിജയം നേടി.

രാഘപ്പയുടെ വീട്ടിൽ കച്ചേരിക്കു പോകുന്നു താൻ എന്നു പറഞ്ഞാൽ, ഉടൻ അമ്മ തീർച്ചയായും കലിതുള്ളുമെന്നു് അയാൾക്കു് അറിയാമായിരുന്നു. അതുകൊണ്ടു് അവരോടു് ദേഷ്യപ്പെടുന്നതിനു പകരം അവരുടെ അലർച്ചയും തുള്ളലും കഴിയുന്നതുവരെ അയാൾ മിണ്ടാതിരുന്നു. അതെല്ലാം തീർന്നപ്പോൾ അയാൾ ഉടുപ്പു വച്ചിരുന്ന ട്രങ്കു് പരതിക്കൊണ്ടു് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: ''തഹസീൽദാരും പാട്ടുകേൾക്കാൻ വരുന്നുണ്ടു്. അദ്ദേഹത്തെ നേരിട്ടു് പരിചയപ്പെടാമല്ലോ എന്നു കരുതി ഞാൻ മൂളി....അമ്മയുടെ രാഘുൻെറ മകളുടെ കഴുത്തിൽ മാലയിടാനല്ല പോകുന്നതു്........വീട്ടിൽ വന്നാൽ ഒരേ പല്ലവി....എന്തിനും ഒരു കലിതുള്ളൽ........ഇടാൻ പററിയതായി ഇസ്തിരിയിട്ട ഒരു കോട്ടില്ല. ആകട്ടെ, ഈ അഴുക്കു കോട്ടു് ഇട്ടു് തഹസീൽദാരുടെ ഒപ്പം ഇരുന്നു വരാം........

ഒരു ക്ഷണനേരത്തേയ്ക്കു് ഒന്നും പറയാൻ തോന്നിയില്ല, ഗംഗവ്വയ്ക്കു്. അമ്മയെ താൻ വിജയകരമായി പററിച്ചു എന്നു വിചാരിച്ചു് കിട്ടി സന്തോഷിച്ചു. പുതിയ ടേബിളിൽനിന്നു നേടിയ വാഗ്സാമർത്ഥ്യം അന്നേരം അയാൾക്കു് പ്രയോജനകരമായി അനുഭവപ്പെട്ടു. ആദ്യം അമ്മയെ ദേഷ്യപ്പെടുത്തി, അവസാനം അമ്മയുടെ നാവു് വരിഞ്ഞുകെട്ടി. അമ്മയ്ക്കു് ദിഗ്ഭ്രമം ഉണ്ടാക്കിവിട്ടതു് സാമാന്യ വിജയമാണോ? എന്നാലോ, ഗംഗവ്വ അയാളെ ഓർമ്മിപ്പിക്കുകതന്നെ ചെയ്തു:

''എടാ കിട്ട്യാ, തഹസീൽദാരെ പരിചയപ്പെടാൻ ഈ രാഘുവിൻെറ ആവശ്യമുണ്ടോ? വൈകുണ്ഠത്തിലേയ്ക്കു് മുടന്തൻ ദാസയ്യൻെറ മദ്ധ്യസ്ഥത വേണമെന്നപോലെ. ഞാൻ എത്രനാളായി പറയാൻതുടങ്ങിയിട്ടു്—തഹസീൽദാരുടെ വീട്ടിൽ പോയിവാ, കിട്ട്യാ എന്നു്, എന്താ എങ്ങനെയാ എന്നെല്ലാം അന്വേഷിച്ചുകൊണ്ടിരിക്കു എന്നു്—അതെല്ലാം ആരുടെ ചെവിയിൽ കയറാനാണു്?........നിൻെറ രാഘപ്പ അമ്മാമൻ വേണ്ടിവന്നു, അല്ലേ, തഹസീൽദാരെ പരിചയപ്പെടുത്തിത്തരാൻ?''

''അമ്മയ്ക്കു് അറിയാത്ത കാര്യത്തിൽ അമ്മയെന്തിനാണു് തലയിടുന്നതു്.... ഇപ്പോഴത്തെ തഹസീൽദാർ വേറെ ആണു്........അംഗഡി തഹസീൽദാർക്കു് മാററമായിട്ടു് ഇന്നേയ്ക്കു് ആറുമാസം കഴിഞ്ഞു........

തന്നെ നിലത്തു് കുത്തനെ ഇട്ടപോലെ ആയി, ഗംഗവ്വയ്ക്കു്! അതിനുശേഷം അവർ 'കമാ'ന്നു മിണ്ടിയില്ല.

അംഗഡി തഹസീൽദാർ ഗംഗവ്വയുടെ ഭർത്താവിൻെറ സ്നേഹിതനായിരുന്നു. വലിയ ഒരുത്തൻെറ ഭാര്യയായ ഗംഗവ്വ, തൻെറ സന്തോഷകാലത്തു്, അംഗഡി തഹസീൽദാരുടെ ഭാര്യയോടു് തോളുരുമ്മി, ഒരുപക്ഷെ അതിലുമധികമായി, പെരുമാറിയിരുന്നവരാണു്. കാരണം, അംഗഡി അക്കാലത്തു് തഹസീൽദാർ ആയിക്കഴിഞ്ഞിരുന്നില്ല. അദ്ദേഹം പിന്നീടു് പലതവണ ധാർവാറിലേയ്ക്കു മാററമായി വന്നു. എന്നാലും തൻെറ നല്ലകാലം കണ്ട ആളുകളുടെ മുമ്പിൽ, തൻെറ ഈ പഞ്ഞംപിടിച്ച നിലയിൽ, ചെല്ലുന്നതു് ശരിയല്ലെന്നു് ഗംഗവ്വയ്ക്കു തോന്നിയിരുന്നു. എന്നാൽ കിട്ടി മെട്രിക്കു് പാസ്സായശേഷം അവർ തൻെറ മാനാപമാനം വിട്ടു്, പത്തുവർഷത്തെ കടപ്പാടു് തീർക്കാൻ വേണ്ടി, അംഗഡി ഏമാനൻെറ വീട്ടുപടി കടന്നു. മകനു് ജോലിക്കു് അപേക്ഷിച്ചു. ഏമാനൻ ആയെങ്കിലും അദ്ദേഹം തികഞ്ഞ സന്തോഷത്തോടെ, പഴയ പരിചയം ഓർമ്മിച്ചു്, ഗംഗവ്വയുടെ മകനു് ജോലി ശരിപ്പെടുത്തിക്കൊടുത്തു. അവർക്കാകട്ടെ അദ്ദേഹത്തോടു് അത്യന്തം നന്ദി തോന്നി. അക്കാലത്തു് തഹസീൽദാരുടെ പന്ത്രണ്ടുവയസ്സായ മകൾ നീലവ്വയ്ക്കു് കല്യാണാലോചന നടക്കുകയായിരുന്നു. ആ മകളെ പ്രസവിക്കുന്ന സമയത്തു് ഗംഗവ്വയുടെ ഭർത്താവു് വളരെ അലഞ്ഞു്, ഒരു അന്യനെന്നു കരുതാതെ കൈയിൽ നിന്നു പണം ചെലവുചെയ്തു്, സിവിൽ സർജ്ജനെ അവരുടെ വീട്ടിലേക്കു് വരുത്തുകയുണ്ടായി. അതിനെപ്പററി തഹസീൽദാരുടെ ഭാര്യ ഓർമ്മിപ്പിച്ചപ്പോൾ ഗംഗവ്വയ്ക്കു് അവരുടെ ആ മകളോടു് ഒരു ആത്മീയത്വം തോന്നി. നീലവ്വയ്ക്കു്കല്യാണം നിശ്ചയിച്ചാൽ അവളെ വീട്ടിലേയ്ക്കു വിളിച്ചു് സദ്യകൊടുത്തു് നല്ല ഒരു ഉടുപ്പുടവ കൊടുക്കണമെന്നു് ഗംഗവ്വയ്ക്കു് ഒരു അഭിലാഷം. അതുകൊണ്ടു് കല്യാണ നിശ്ചയം കഴിഞ്ഞാൽ ഉടൻ, തന്നെ അറിയിക്കണമെന്ന ചുമതല അവർ കിട്ടിയെ ഏല്പിച്ചിരുന്നു. ''ഇനിയും അറിഞ്ഞിട്ടില്ല'' എന്നു് ഒന്നുരണ്ടു തവണ കിട്ടി മുക്കിമൂളി പറഞ്ഞു്, അവസാനം ''അമ്മേ, വീണ്ടും വീണ്ടും ചോദിക്കണ്ട, അറിഞ്ഞ ഉടൻ ഞാനേ പറഞ്ഞോളാം.'' എന്നു് അവരെ ആശ്വസിപ്പിച്ചു.

എന്നാൽ അദ്ദേഹത്തിനു മാററമായ സംഗതി ഇതുവരെ തന്നോടു് പറയരുതായിരുന്നോ? ഒന്നുമില്ലെങ്കിലും ആ സന്ദർഭത്തിൽ നെയ്യപ്പം ഉണ്ടാക്കി തഹസീൽദാരുടെ വീട്ടിലേക്കു് കൊടുത്തയയ്ക്കുമായിരുന്നല്ലോ, താൻ! തൻെറ അഭിമാനത്തിനു തക്കവിധം എപ്പോഴും അവരുടെ വീട്ടിൽ പോകാറില്ല എന്നതു് നേരു്. എന്നാലും മാററമായി എന്ന ഒരു കാരണം വെച്ചു് വീണ്ടും ഒരു തവണയെങ്കിലും അവരുടെ വീട്ടിൽ പലഹാരവുംകൊണ്ടു് പോകുമായിരുന്നല്ലോ, ഇല്ലേ? ഈ 'വിശ്വാസവഞ്ചന'യ്ക്കുമുമ്പിൽ മറെറാന്നും പറയാൻ ഗംഗവ്വയ്ക്കു മനസ്സുവന്നില്ല. അവരുടെ മനസ്സു് നൊന്തു, വെന്തു.

എന്നാലോ, അമ്മയെ ഉടക്കിലിട്ടു്, അവരുടെ വായ മൂടിക്കെട്ടിയതിൽ കിട്ടിയ്ക്കു് ഉള്ളാലെ സന്തോഷമാണു് ഉണ്ടായതു്.

* * * *

ഗംഗവ്വ ദേസായിയുടെ മുമ്പിൽ എല്ലാ സംഗതികളും തൻെറ കാഴ്ചപ്പാടിലൂടെ വിവരിച്ച്, അവസാനം രാഘപ്പയെപ്പററി രണ്ടു് ആശങ്കകഠം വ്യക്തമാക്കി: രാഘപ്പ, കിട്ടിയെ ദുസ്സ്വഭാവം ശീലിപ്പിച്ചാലോ? രാഘപ്പയുടെ മകളെത്തന്നെ കല്യാണംകഴിക്കാൻ പ്രേരിപ്പിക്കത്തക്കവിധം കിട്ടിയുടെ ചെവിയിൽ എപ്പോഴും ഓതിക്കൊണ്ടിരുന്നാലോ?

ഇത്രയായപ്പോഴേയ്ക്കും ദേസായിയുടെ ഭാര്യ വേണുബായി എന്തോ ആവശ്യത്തിനുവേണ്ടി വീടിൻെറ പിൻപുറത്തേയ്ക്കു പോയി. ആ നല്ല സന്ദർഭം നോക്കി ഗംഗവ്വ ഒച്ചതെളിച്ച് ദേസായി മാത്രം കേഠക്കുംമട്ടിൽ പറഞ്ഞു:

''ഗോപണ്ണ, ഞാൻ ഒരു സംഗതി പറയാൻപോകയാണ്. ആരോടും പറയണ്ട. നാം രണ്ടാളുടെ ഉള്ളിൽ മാത്രം ഇരുന്നാൽമതി. രാഘു എന്നു പറഞ്ഞാൽ എൻെറ ദേഹം എരിയും. എന്നാലും അയാളുടെ മകഠക്കു് കല്യാണം ആകണം. ഈശ്വരൻ അവർക്കു് നന്മ വരുത്തട്ടെ. എന്നാൽ എൻെറ കുടുംബത്തിൽ വേണ്ട എന്നു മാത്രമേ എനിയ്ക്കുള്ളു. എന്താണെന്നു ചോദിച്ചാലോ........ഇത്രയും ദിവസം ഉള്ളിൽ അടക്കിവെച്ചിരുന്ന സംഗതി, എൻെറ കുടുംബത്തിലേയ്ക്കു കയറിവരാൻ പോകുന്നതുകൊണ്ടു് പറയുകയാണ്, ഞാൻ. നമ്മുടെ രാഘുവിൻെറ കല്യാണക്കാര്യം ആർക്കും അറിയില്ല. അയാളുടെ ഭാര്യ കല്യാണത്തിനുമുമ്പുതന്നെ അയാളൊന്നിച്ചു കഴിഞ്ഞുകൂടിയവളാണ്. പിന്നീടു് അവളെ കല്യാണം കഴിക്കാതെ കുതറിച്ചാടാൻ നോക്കി. അപ്പോഴേയ്ക്കും ആ പെൺകുട്ടിയുടെ അമ്മ എൻെറ ആളുടെ കാൽക്കൽ വീണു് 'എന്തു ചെയ്തിട്ടാണെങ്കിലും എൻെറ മകളുടെ മാനം കാക്കണം' എന്നു കേണു. ഉടൻതന്നെ അദ്ദേഹം പുറപ്പെട്ടു. ഒരു വടിയുമെടുത്തു്, രാഘുവെ ഒരു മുറിയിലേയ്ക്കു പിടിച്ചുകൊണ്ടുപോയി, 'കാലിക്കോൽകൊണ്ടു തല്ലും, കഴുതപ്പുറത്തിരുത്തി ഘോഷയാത്ര നടത്തും' എന്നെല്ലാം പറഞ്ഞു പേടിപ്പിച്ചതിനുശേഷം മാത്രമാണ് കല്യാണം കഴിയ്ക്കാമെന്നു മൂളിയതു്. അങ്ങനെയുള്ള ഒരുത്തൻെറ മകളെ എനിയ്ക്കു് എൻെറ വീട്ടിലേയ്ക്കു കൊണ്ടുവരാൻ കഴിയുകയില്ല!............''

''ഗംഗവ്വ, ഇത്രനാളും ഈ സംഗതി വിഴുങ്ങിവെച്ചു. ഇനിയും അതുപോലെതന്നെ വിഴുങ്ങിവെയ്ക്കണം. ഇനി ആരുടെ മുമ്പിൽവെച്ചും അതു പറയരുതു്'' എന്നു ദേസായി ഉപദേശിച്ചു.

താൻ രക്ഷപ്പെടാൻ നോക്കുന്തോറും ചളിക്കുണ്ടിൽ കൂടുതൽ ആഴത്തിലേയ്ക്കു് മുങ്ങിപ്പോവുകയാണ് എന്നു് അദ്ദേഹത്തിനു തോന്നി. കഴിയുന്നത്ര വേഗത്തിൽ ആ കുടുംബത്തിൻെറ കാര്യങ്ങളിൽനിന്നു് തെന്നി ഒഴിയുവാനുള്ള പരിപാടിയെപ്പററി ചിന്തിക്കാൻ തുടങ്ങി.

അപ്പോഴേയ്ക്കും വേണുബായി അകത്തേയ്ക്കു തിരിച്ചു വന്നതു നിമിത്തം ആ സംസാരം അവിടംകൊണ്ടു് നിലച്ചു. മററു ക്ഷേമവാർത്തകഠം അന്വേഷിച്ചശേഷം ഗംഗവ്വ വീട്ടിലേയ്ക്കു പുറപ്പെട്ടു.

## ൪. സംഗീത സഭ

ഇസ്തിരിയിടാത്ത കോട്ടമിട്ടതന്നെ സംഗീതക്കച്ചേരിക്ക പോകേണ്ടിവന്നു, കിട്ടിക്ക്. ആ കോട്ടിനു യോജിച്ചവിധം തനിക്കു മുഖം താഴ്ത്തി, തഹസീൽ ദാരുടെ മുമ്പിൽ വിനയത്തോടെ പെരുമാറണമെന്നു് അയാഠം ഉറപ്പിച്ചു. കച്ചേരി എന്ന പരിപാടി എങ്ങനെയിരിക്കുമെന്നു് അയാഠം സങ്കല്പിച്ചു—ഒരു മുറിയിൽ താനും രാഘപ്പ അമ്മാമനും തഹസീൽദാർ ഏമാനും അഭിമുഖമായി കുത്തിയിരിക്കും. രാഘപ്പ തൻെറ ഗുണഗാനം പാടും. ഏമാനൻ അനുകൂലഭാവത്തിൽ പുഞ്ചിരി തൂകി അതു് കേട്ടുകൊണ്ടിരിക്കും. താൻ വിനയത്തോടെ മുഖവും താഴ്ത്തിയിട്ടു കുത്തിയിരിക്കുക—ഇതായിരുന്നു, കച്ചേരിയെപ്പററിയുള്ള അയാളുടെ ചിത്രീകരണം. കച്ചേരിയുടെ പരിപാടിയിൽ ഒരു പാട്ടുകാരനും വേണമെന്നതു് നേരു്. പക്ഷെ അയാളുടെ അസ്തിത്വത്തെപ്പററി കിട്ടി മറന്നേപോയി....ഏഴുമണിക്കു് കിട്ടി അമ്മാമൻെറ വീട്ടിൽ എത്തിച്ചേർന്നു. ഉടൻതന്നെ അയാഠക്കു് ഒന്നാമത്തെ നിരാശത നേരിടേണ്ടിവന്നു. അയാളെ എതിരേററു് സൽക്കരിക്കേണ്ടിയിരുന്ന രാഘപ്പ അമ്മാമൻ വീട്ടിൽ ഉണ്ടായിരുന്നില്ല; തഹസീൽദാരും എത്തിയിരുന്നില്ല. അകത്തേയ്ക്കു വരാൻ ആരും അയാളെ ക്ഷണിച്ചതുമില്ല. മററു പോംവഴിയില്ലാതെ ചെരിപ്പു് ഊരി പുറത്തിട്ടു്, അയാഠം അകത്തേയ്ക്കു പ്രവേശിച്ചു.

ഒരു ചുവന്ന ജമക്കാളം പുറത്തളത്തിൽ വിരിച്ചിരുന്നു. അതു് ഇല്ലാത്ത ഒരു ഇടത്തു് ഒരു ചെറിയ ഗ്യാസ്ലൈററ് കത്തിച്ചു വെച്ചിരുന്നു. അതിനുചുററും പ്രാണികഠം കൂട്ടംകൂടി പറന്നിരുന്നു. പട്ടുറുമാലും രോമക്കുപ്പായവും ധരിച്ചു, നല്ല മെയ്ക്കെട്ടുള്ള ആറേഴു ഗൃഹസ്ഥർ, ജമക്കാളത്തിൻെറ ഒരു വക്കിൽ ഇട്ടിരുന്ന ഉരുളൻ തലയിണയും ചാരി, ഇരുന്നിരുന്നു. അവർ എല്ലാവരും ഏതോ തമാശക്കഥയിൽ മുഴുകിയിരിക്കുകയായിരുന്നു. ഗ്യാസ്ലൈററിൻെറ ചൂടേററു് ചിലർ വിയർത്തിരുന്നു. ജമക്കാളത്തിൻെറ മറെറാരു മൂലയ്ക്കൽ ഏഴുമുതൽ പന്ത്രണ്ടുവരെ വയസ്സുള്ളവരായ കുട്ടികഠം കൂട്ടമായി കുത്തിയിരുന്നു്, സ്കൂളിനെപ്പററി, മാസ്റ്റർമാരെപ്പററി, കളികളെപ്പററി, തമാശ കലർന്ന മട്ടിൽ ചർച്ചചെയ്യുകൊണ്ടിരുന്നു.

കിട്ടി അകത്തു കടന്ന ഉടൻ 'ആപ്ത സംഭാവിതാഃ സ്തബ്ധാഃ ധനമാനമദാന്വിതാഃ' എന്നുള്ള ആ മഹാപുരുഷന്മാർ ഒരു തവണ അയാളെ നോക്കി, ശ്രദ്ധിച്ചുകൊണ്ടു് തങ്ങളുടെ ചർച്ച തുടർന്നു. ആ കുട്ടികളാകട്ടെ, അയാളെ നോക്കിയതേയില്ല. ഓടിവന്നു് ഉഴിഞ്ഞിട്ടെതിരേൽക്കേണ്ടിയിരുന്ന അമ്മാമൻ എങ്ങോ മായാവി ആയിരിക്കുന്നു! ആരും ക്ഷണിച്ചില്ല. അവസാനം

അയാാം കരുതി: മുതിർന്നവരുടെ സംഘത്തിൽ എല്ലാവരും തന്നേക്കാാം വലിയവർ, മാത്രമല്ല തന്നേക്കാളും നല്ല ഉടുപ്പു ധരിച്ചിരിക്കുന്നവർ. അതുകൊണ്ടു്, ആ സ്കൂാം കുട്ടികളുടെ നടുവിൽ ഇരിക്കാൻ അയാാം തീർച്ചപ്പെടുത്തി. ആ കുട്ടികളിൽ ഒരാളെ തള്ളിമാററി, മററൊരാളുടെ മാറിൽ കൈമുട്ടു കുത്തി, മൂന്നാമൻെറ കൈയിന്മേൽ കാൽ കുത്തി, നാലാമൻെറ തുടയിന്മേൽ ചെന്നു് കുത്തിയിരുന്നു. ആ എടപാടിൽ കിട്ടിയുടെ കാൽ കുത്തിയതു്, ഏഴു വയസ്സുള്ള ഒരു കുട്ടിയുടെ കൈയിന്മേലാണു്. അവൻ ഒരു നിമിഷമെങ്കിലും കളയാതെ ''ഹ്ഉ'' എന്നു് അലറി. തലയിണകളിന്മേൽ ചാരി ഇരുന്നിരുന്ന ദിവ്യന്മാർ കരുണ നിറഞ്ഞ ദൃഷ്ടിയോടെ കിട്ടിയെ നോക്കി, ശ്രദ്ധിച്ചുകൊണ്ടു് തങ്ങളുടെ ചർച്ച തുടർന്നു. ''ഭൂമാതാവേ, എന്നെ ഉള്ളിൽ ഒതുക്കൂ!'' എന്നു പറയാൻ തോന്നി, കിട്ടിക്കു്. ബാലസംഘത്തിൽ കൂടുതൽ പൊക്കമുള്ളവൻ അയാളായിരുന്നു. അതുകൊണ്ടു് മഴയത്തു നനഞ്ഞ പൂച്ചയെപ്പോലെ ചുരുണ്ടുകൂടി, ആ കുട്ടികളുടെ നടുക്കു്, അവരുടെതന്നെ ഒരു ഭാഗമായി, അയാാം കുത്തിയിരുന്നു.

തെല്ലുനേരം ആ കുട്ടികളുടെ പലതരത്തിലുള്ള കുററംപറച്ചിൽ ക്ഷമയോടെ അയാാം കേട്ടുകൊണ്ടിരുന്നു. പിന്നീടു് അയാളുടെ ഇരിപ്പിടം സുരക്ഷിതമായി. മെല്ലെ അയാാം തൻെറ നോട്ടം ചുററും പായിച്ചു. ചുമരിന്മേൽ കുറെ ചിത്രങ്ങാം, ഫോട്ടോകാം. മുകളിൽനിന്നു് തൂങ്ങിക്കിടക്കുന്ന ഒരു ശരറാന്തൽ. എല്ലാം സൂക്ഷിച്ചു നോക്കി. ഒരു മൂലയിൽ വെച്ചിരുന്ന തംബുരുവും തബലകളും വളരെ കുതൂഹലത്തോടെ നോക്കി. ''അല്ല, ഇത്ര വലിയ തംബുരുവും ഉണ്ടോ?'' എന്നു തോന്നി, അയാാംക്കു്.

തളത്തിൻെറ ഇരുവശത്തും രണ്ടു മുറികാം. മുറികളിൽ നേരിയ ഇരുട്ടു്. അതുകൊണ്ടു്, ഗ്യാസ് ലൈററിൻെറ തെളിച്ചത്തിൽ ഇരുന്നവർക്കു് ആ മുറികളിലുള്ള ഒന്നും പെട്ടെന്നു് കണ്ണിൽ പെട്ടില്ല. പത്തു നിമിഷം അയാാം തളത്തിലുള്ള എല്ലാം നോക്കി ബേജാറായപ്പോാം, തൻെറ എതിരേയുള്ള മുറിയിലേയ്ക്കു ദൃഷ്ടി ഊന്നി നോക്കി. അന്നേരം അയാാംക്കു് ഒരു അത്ഭുതരംഗം കാണായി.

ആ മുറിയിലുണ്ടു്, ഒരു സ്വർഗ്ഗസുന്ദരി ഇരിക്കുന്നു! ചുമരിൻെറ അരമറവു് ഉണ്ടായിരുന്നെങ്കിലും അവളുടെ മുഖം നന്നായി കാണാമായിരുന്നു. അവളാരു്? ഉർവ്വശിയോ, രംഭയോ, ചിത്രാംഗദയോ? ആദ്യംമുതൽക്കേ താൻ കേട്ടുവന്നിരുന്ന പുരാണകഥകാം ഓർമ്മിച്ചുകൊണ്ടു് അയാാം ആ മുഖം സൂക്ഷിച്ചു നോക്കി. സത്യത്തിൽ ഒരു സ്വർഗ്ഗസുന്ദരിതന്നെ!....ഒരു അപ്സരസ്സു്...:അത്തരം സൗന്ദര്യം അയാാം അതുവരെ കണ്ടിട്ടേയില്ല! സങ്കല്പിക്കാനും കഴിഞ്ഞിട്ടില്ല!....അങ്ങനെ ഊന്നി നോക്കിക്കൊണ്ടിരിക്കേ....അവാം തൻെറനേരെയാണല്ലോ നോക്കുന്നതു് ....അവളുടെ നോട്ടത്തിൽ പെടാതെ, അയാാം തൻെറ നാണംപൂണ്ട മുഖം കീഴോട്ടാക്കി. എന്നാലും ആ ദിവ്യമുഖം വീണ്ടും നോക്കണമെന്നു് ഒരു ആശ. അങ്ങോട്ടു് കണ്ണുയർത്തി വീണ്ടും നോക്കി. ഉടൻ മുഖം തിരിച്ചു. ആരുടെ

മുഖവും അയാളുടെ കണ്ണുകളിൽ അത്രമാത്രം ഊന്നിനിന്നിട്ടില്ല, അന്നുവരെ! അയാളുടെ കണ്ണുകൾ അയാളെയും കടന്നു ചാടാൻ തുടങ്ങി. എന്തുമില്ലാത്ത ഒരു ധൈര്യം അയാളിൽ വന്നുചേരാൻ തുടങ്ങി, മെല്ലമെല്ലെ!....അല്ല, അവളും തന്നെ നോക്കുകയാണല്ലോ........

ഹുബ്ബള്ളിയിലെ (ഹുബ്ലി) മഹ്ബൂബാജാൻ പേർകേട്ട ഒരു ഗായികയായിരുന്നു. ഒരു സുന്ദരി. തൻേറതായ ഒരു സംസ്കാരമുള്ളവൾ. രസികനായ രാഘപ്പ തെരഞ്ഞെടുക്കുന്നതു് ഒന്നുംതന്നെ പാഴാവാൻ സാദ്ധ്യമേ അല്ല. കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലങ്ങളായി അവർ അയാളുടെ ആശ്രയത്തിലായിരുന്നു. സംഗീതത്തിൽ അവർ സ്വന്തമായ ഒരു കീർത്തി നേടിയിരുന്നു. 'ശേഷശായി' നാടകക്കമ്പനിക്കാർ, ആദ്യകാലത്തു് ഹുസേനിനെക്കൊണ്ടു് സീനറി ഉണ്ടാക്കിച്ചിട്ടും മറുനാട്ടിൽനിന്നു് നടന്മാരെ കൊണ്ടുവന്നിട്ടും സമ്പാദിക്കാൻ കഴിയാത്തത്ര പണം അവരുടെ പാട്ടിൻെറ പേരിൽ സമ്പാദിക്കുകയുണ്ടായി. പൂണെയിലെ (പൂന) ഗന്ധർവ്വനാടകം കണ്ടിട്ടുള്ള രസിക ജനങ്ങൾ അവരുടെ പാട്ടുകേട്ടു് ഏതാണ്ടു് അത്രതന്നെ സുഖമനുഭവിച്ചിരുന്നു. എന്നാൽ കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളായി അവർ നാടകക്കമ്പനി വിട്ടിരിക്കുകയായിരുന്നു. എത്രയോ നാടകക്കമ്പനികൾ മുന്നൂറു രൂപവരെ മാസശമ്പളം അവർക്കു കൊടുക്കാൻ തയ്യാറുണ്ടായിരുന്നു! എന്നാൽ ഏതോ ഒരു ഉത്സവത്തോടു് അനുബന്ധിച്ച പരിപാടിയിൽ അവർക്കു് കൂടുതൽ ആയാസപ്പെടേണ്ടിവന്നതു നിമിത്തം സുഖക്കേടു് പിടിപെട്ടു. അപ്പോൾ അവരുടെ 'യജമാനൻ' ആയ രാഘപ്പ ആണയിട്ടു് അവളെ നാടകത്തിൽനിന്നു പിന്തിരിപ്പിക്കുകയാണു് ഉണ്ടായതു്. അതിൽപ്പിന്നീടു് അവർ രാഘപ്പയെത്തന്നെ വിശ്വസിച്ചു്, അയാൾ പറയുന്നതു് അതിക്രമിക്കാതെ, അയാളേ ആശ്രയമെന്നു കരുതി, കാലം പോക്കുകയായിരുന്നു. ഇന്നു് അവർ മദ്ധ്യവയസ്സയായിക്കഴിഞ്ഞിരിക്കുന്നു; അതിനുംപുറമേ ശ്വാസംമുട്ടലും. അതു നിമിത്തം പാട്ടുതന്നെ അവർ വളരെ കുറച്ചിരുന്നു. അന്നു് 'യജമാന'ൻെറ വീട്ടിലെ ക്ഷണമായതുകൊണ്ടു് കാലത്തേതന്നെ ചുക്കു് തിന്നു് ഒച്ച ശരിപ്പെടുത്തിയാണു് പാടാൻ വന്നതു്.

എന്നാൽ തഹസീൽദാരെ വിളിച്ചുകൊണ്ടുവരാൻ പോയ 'യജമാനൻ' ഒരു മണിക്കൂർ കഴിഞ്ഞിട്ടും തിരിച്ചുവന്നില്ല. അവർക്കു വല്ലാത്ത ബേജാറായി. പാട്ടു കേൾക്കാൻ വന്നവർ അവരോടു് ഒന്നുരണ്ടു വാക്കു സംസാരിക്കാൻ ഉള്ളാലേ കൊതിച്ചു. എന്നാലും രാഘപ്പ ഇല്ലാത്തതുകാരണം, അത്യധികമായ ഉത്സുകത പ്രദർശിപ്പിക്കാതെ, അവർ തമ്മിൽത്തമ്മിൽ തമാശ പറഞ്ഞു് കുത്തിയിരുന്നു. അങ്ങനെ അവരോടു് സംസാരിക്കാൻ ആരും ഉണ്ടായിരുന്നില്ല. വലിയ ആളുകൾ വരുമെന്നു് രാഘപ്പ പറഞ്ഞതുകാരണം അവർ പട്ടുടുപ്പുകൾ ഇട്ടുകൊണ്ടു്, മുഖത്തു് നല്ലവണ്ണം പൗഡറിട്ടു്, മുടിക്കെട്ടിൽ പൊൻനൂൽ പിന്നിയ ചേമന്തിമാല ധരിച്ചു്, തൻെറ നല്ല പ്രായത്തിൽ കച്ചേരികൾക്കു പോകാറുള്ള മോടിയിലാണു് വന്നിരുന്നതു്........അങ്ങനെ അവർ ബേജാറായി ഇരിക്കവേയാണു് കിട്ടി പുറ

ത്തളത്തിലേയ്ക്കു പ്രവേശിച്ചതു്. എവിടെ ഇരിക്കണമെന്നുള്ള അയാളുടെ പരിഭ്രമം, കുട്ടികളുടെ നടുക്കു് പോയി ഇരുന്നപ്പോഴുള്ള ബഹളംകൂട്ടൽ, കൂനിക്കൂടിയുള്ള ആ ഇരിപ്പു്, തംബുരുവിൻെറ നേരെ വായ പൊളിച്ചുകൊണ്ടുള്ള നോട്ടം—ഇതെല്ലാം കണ്ടു്, നാടകങ്ങളിൽ പരിചയിച്ച അവർക്കു ചില ഹാസ്യ കഥാപാത്രങ്ങളുടെ ഓർമ്മ വന്നു. എന്നാൽ അന്നേരം ആ യഥാർത്ഥ നാടകം കണ്ടപ്പോൾ അവർക്കു് നല്ല രസം തോന്നി.........

അതിനിടയ്ക്കു് രാഘപ്പ തഹസീൽദാരേയും അദ്ദേഹത്തിൻെറ ഒരു സ്നേഹിതനേയും കൂട്ടിക്കൊണ്ടു് എത്തിച്ചേർന്നു. തഹസീൽദാർ വന്ന ഉടൻ, തലയിണയിൻമേൽ ചാരി ഇരുന്നിരുന്ന ഭവ്യഗൃഹസ്ഥർ പെട്ടെന്നു് നേരെ ഇരുന്നു് അദ്ദേഹത്തിനു് സ്വാഗതമോതി. തഹസീൽദാർ തൻെറ സ്നേഹിതനു്, ഉരുളൻ തലയിണ നല്കി, താനും ഇരുന്നു. അദ്ദേഹത്തിൻെറ അടുത്തുതന്നെ കുത്തിയിരുന്നു്, രാഘപ്പ ഗൃഹസ്ഥരെ പ്രത്യേകം പ്രത്യേകം പരിചയപ്പെടുത്തി. അദ്ദേഹം പരിചിതരായ ഒന്നുരണ്ടു് ആളുകളോടു് കുശലം ചോദിച്ചു. ആ ചെറു കുട്ടികളുടെ ഇടയ്ക്കു് ഇരുന്നിരുന്ന മുതിർന്നവനായ കിട്ടി, രാഘപ്പ അമ്മാമൻ തൻെറനേരെ നോക്കുമോ എന്ന ചിന്തയാലും പരിഭ്രമത്താലും, താഴ്മയോടെ, ഒരു കാട്ടുപൂവു് വിടർന്നപോലെ, കാത്തിരുന്നു—വരുമ്പോൾ വരട്ടെ ഫലം എന്നു കരുതിക്കൊണ്ടു്. എന്നാൽ തഹസീൽദാരാകട്ടെ, അദ്ദേഹത്തിൻെറ ഹൃദയത്തിലേയ്ക്കുള്ള ഒരു വഴിയായ അമ്മാമനാകട്ടെ, ആ ചെളിയിൽ വിടർന്ന താമര തിരയുവാൻ മെനക്കെട്ടുകയുണ്ടായില്ല. അതിനുപകരം രാഘപ്പ അമ്മാമൻ ഗൗരവം കലർന്ന മട്ടിൽ, മുറിക്കുള്ളിൽ ഇരുന്നിരുന്ന മഹബൂബാജാനെ വിളിച്ചു് പറഞ്ഞു: ''മഹബൂബേ, ഏമാനൻ വന്നിരിക്കുന്നതു് നിൻെറ പാട്ടു കേൾക്കാനാണു്. വളരെ ദിവസമായി പറയാൻതുടങ്ങിയിട്ടു്, നിൻെറ പാട്ടു കേൾക്കണം കേൾക്കണം എന്നു്. അതുകൊണ്ടു് നിൻെറ ഒന്നാംതരമായതെന്തോ അതു് പുറത്തെടുക്കണം, ഇന്നു്, കേട്ടോ!''

മഹബൂബാജാൻ വെളിച്ചത്തേയ്ക്കു നീങ്ങിവന്നു്, വലിയ ഉരുളൻ തലയിണയിന്മേൽ ചാരി ഇരുന്ന, തഹസീൽദാരുടെ സ്നേഹിതനെ വണക്കത്തോടെ വന്ദിച്ചു. ''അയാളല്ല, ഞാനാണു്.'' എന്ന മട്ടിൽ തഹസീൽദാർ തൻെറ അവകാശം പ്രദർശിപ്പിക്കുമ്പോലെ, ഗൗരവത്തോടെ, ''ഗന്ധർവ്വൻെറ പാട്ടു് ആവില്ലേ?'' എന്നു ചോദിച്ചു.

''ജീ ഹാം!'' എന്നു മറുപടി പറഞ്ഞു, അവർ. കച്ചേരിക്കു് ഹിന്ദുസ്ഥാനിയിലേ സംസാരിക്കൂ എന്നതായിരുന്നു, അവരുടെ ശാസ്ത്രം. ''ഇനി താമസമില്ല'' എന്നു് അറിയിച്ചുകൊണ്ടു്, മുറിയിൽനിന്നു് പുറത്തുവന്നു്, അവർ തനിക്കു വേണ്ടി വിരിച്ചിട്ടിരുന്ന ജമക്കാളത്തിൽ, തലയിൽ സാരി ശരിപ്പെടുത്തിക്കൊണ്ടു്, കുത്തിയിരുന്നു.

വെളിച്ചത്തു വന്നു കുത്തിയിരുന്നപ്പോൾ അവരുടെ സ്വർഗ്ഗസൗന്ദര്യമെല്ലാം മങ്ങിപ്പോയപോലെ തോന്നി, കിട്ടിക്കു്. ഗ്യാസ്ലൈററിൻെറ തെളിച്ച

ത്തിൽ, പൗഡറിനു മൂടാൻ ആവാത്ത ചുളിവുകരം അവരുടെ മുഖത്തു് അങ്ങിങ്ങു കാണായി. അനുഭവസ്ഥർക്കു് അവർ ഇനിയും ഒരു സുന്ദരിയായി തോന്നിയിരിക്കാം. എന്നാൽ, സൗന്ദര്യത്തിൻെറ ഉമ്മറപ്പടിമേൽ കാൽ കുത്തണമോ വേണ്ടയോ എന്നു സംശയിച്ചു്, മുറിക്കുള്ളിലേയ്ക്കു് എത്തിനോക്കിക്കൊണ്ടിരുന്ന കിട്ടിക്കു് അവളുടെ അപ്പോഴത്തെ ചിത്രം വളരെ ഭയാനകമായി തോന്നി. പൊണ്ണത്തടി ഉണ്ടായിരുന്നില്ലെങ്കിലും അവരുടെ അംഗങ്ങളെല്ലാം കൊഴുത്തു തന്നെ ഇരുന്നിരുന്നു. എന്നാൽ മുഖത്തിൻെറ 'സാക്ഷാൽക്കാരം 'ഉണ്ടായ സമയം കിട്ടിക്കു് വലിയ നിരാശ അനുഭവപ്പെട്ടു.....

അഞ്ചു നിമിഷങ്ങരംക്കുമുമ്പ് ആ ചിററിരുട്ടിലെ കള്ളപ്പടത്തിനുമുമ്പിൽ അയാരം തൻെറ കുട്ടിത്തം കളഞ്ഞുകുളിച്ചിരുന്നു. അതുകൊണ്ടു് ആ നിരാശമാത്രം അയാളെ വീണ്ടും കുട്ടിത്തത്തിലേയ്ക്കു തിരിച്ചു കൊണ്ടുപോവാൻ ഇടയില്ല........

പുറത്തു് ഇറയത്തു് ഒരു ബെഞ്ചിന്മേൽ ഇരുന്നിരുന്ന ഒരു കിഴവൻ അകത്തേയ്ക്കു വന്നു് തംബുരു—തബലകളുടെ ശ്രുതികരം പരീക്ഷിച്ചു് ശരിപ്പെടുത്താൻ തുടങ്ങി. തബല ശരിപ്പെടുത്തുന്ന ചുററികയുടെ 'കടകട' ശബ്ദത്തിന്നിടയ്ക്കു് ഡപ്പിയിലെ പുകയിലപ്പൊടി തീർന്നതായി തഹസീൽദാർ ദേശ്പാണ്ഡേയ്ക്കു മനസ്സിലായി. ''രാഘപ്പ, പുകയില തീർന്നുപോയല്ലോ!'' എന്നു് അദ്ദേഹം ഉറക്കെ പറഞ്ഞു. ''ഉവ്വോ?'' എന്നു ചോദിച്ച രാഘപ്പ, ആ ചെറു കുട്ടികളുടെ നേരെ നോക്കി, തൻെറ എളിയിൽനിന്നു് രണ്ടണ എടുത്തു്, നീട്ടിക്കൊണ്ടു പറഞ്ഞു: ''എയ്, നിങ്ങളിൽ മീശ മുളച്ചവൻ പോയി ഈ രണ്ടണയ്ക്കു പുകയില വാങ്ങിക്കൊണ്ടുവരണം.''

'കമ്പി'കളുടേയും 'തോലി'ൻേറയും ആ ഒച്ചകരംക്കിടയ്ക്കു കുട്ടികരം, പുറത്തേയ്ക്കു് ആരു് പോകുമെന്ന മട്ടിൽ പരസ്പരം നോക്കിക്കൊണ്ടിരുന്നു. ഒരു കുട്ടി കിട്ടിയുടെ നേർക്കു് കൈകാട്ടി 'ഇയ്യാരംക്കു് മീശ വന്നു!'' എന്നു പറഞ്ഞു. കിട്ടി പകച്ചു് പെട്ടെന്നു് എഴുന്നേററു്, അമ്മാമൻെറ കൈയിൽനിന്നു് ആ രണ്ടണത്തുട്ടു് വാങ്ങിക്കാൻ മുന്നോട്ടു നീങ്ങി. അന്നേരമാണു്, രാഘപ്പ അയാളെ കാണുന്നതു്.

''ഓഹോ! നീ വന്നോ?... അവിടെ എന്തിനാ ഇരിക്കുന്നേ?....'' എന്നു് രാഘപ്പ ചോദിച്ചുകൊണ്ടു്, തൻെറ ഉരുളൻ തലയിണ സ്വല്പം തള്ളി, അതിന്മേൽ ഇരിക്കാൻ അയാളോടു പറഞ്ഞു. അയാളെ നേരെ കണ്ടപ്പോരം മഹബൂബ്ജാനിൻെറ മുഖത്തു് പുഞ്ചിരി വിടർന്നു. താൻ പുകയില വാങ്ങിക്കൊണ്ടു വരാൻ എഴുന്നേററതു് തഹസീൽദാർ കണ്ടോ ഇല്ലയോ എന്നു നോക്കാൻപോലും കിട്ടിക്കു മനോധൈര്യം ഉണ്ടായില്ല. എന്തായാലും തൽക്കാലം കിട്ടിയ പ്രൊമോഷൻ മതി എന്നു നിശ്ചയിച്ചു്, തലയിണ സ്വീകരിച്ചു്, കുത്തിയിരുന്നു. തൻെറനേരെ സൂക്ഷിച്ചു നോക്കിയ ഏമാനനെ അയാരം വന്ദിച്ചു. ''ഇവൻ നമ്മുടെ ഒരു പയ്യനാണു്. അങ്ങയുടെ ആപ്പീസിലാണു്'' എന്നിത്ര മാത്രം രാഘപ്പ പരിചയപ്പെടുത്തി. ഏമാനൻ ആകട്ടെ, മെല്ലെ കഴുത്തു കുനിച്ചു. തൻെറ കീഴിലുള്ള ഒരുത്തൻ ഒപ്പം ഇരിക്കുന്നതിൽ ഏമാനു് സ്വല്പം

സങ്കോചം; ഏമാനന്റെ അടുത്തു് തലയിണയിന്മേൽ ചാരി ഇരിയ്ക്കാമോ എന്നു കിട്ടിക്കു് സംശയവും

സംഗീതം ആരംഭിച്ചു. തെല്ലു നേരം കഴിഞ്ഞപ്പോഠം ഏമാനൻ തന്റെ സ്നേഹിതനുമായി സങ്കോചം വിട്ടു് സല്ലപിക്കാൻ തുടങ്ങി. ആ സംസാരം കേഠക്കണോ, അതോ പാട്ടു കേഠക്കണോ എന്നായി കിട്ടിക്കു സംശയം. അമ്മാമനാകട്ടെ സംഗീതത്തിൽ മുഴുകി ഇരിക്കുകയായിരുന്നു. കിട്ടിക്കു് പാട്ടിന്റെ ഒരർത്ഥവും പിടികിട്ടിയില്ല. തടുക്കാനാവാത്ത ഒരു കർമ്മഫലം എന്നു കരുതി അയാഠം കുത്തിയിരുന്നു. തലയിണയിന്മേൽ ചാരി ഇരിക്കാൻ ധൈര്യം ഇല്ലാത്തതുകൊണ്ടു് അയാഠക്കു് നടു നോവാൻ തുടങ്ങി, കുറച്ചു കഴിഞ്ഞപ്പോഠം. ഒപ്പം ആ 'കർണ്ണഹിംസ'യും! ആ സ്വർഗ്ഗസുന്ദരിയാകട്ടെ സ്വർഗ്ഗത്തിന്റെ ഉമ്മറവാതിൽപോലെ വായ തുറന്നു്, ഓരോ സ്വരത്തിനും 'ആക്കു്' 'ആത്തു്' മുതലായ സ്വരവ്യഞ്ജനങ്ങളുടെ വിചിത്ര സമ്മേളനം ഉണ്ടാക്കി ഒരു ശാസ്ത്രീയരാഗം പാടി. ''ശാസ്ത്രീയമോ?.....ഇതു് വേശ്യാസ്ത്രീയം!'' എന്നു വിചാരിച്ചപ്പോഠം കിട്ടിക്കു് ഉള്ളുക്കുള്ളെ അടക്കാനാവാത്ത ചിരി ഉയർന്നു. പിന്നീടു് അവർ ഒരു മറാഠി ഗീതവും, കൃഷ്ണാ നീ ബേഗനേ ബാരോ....ണാനി ബേഗനേ ബാരോ, എന്നൊരു കന്നഡ ഗീതവും പാടി. അതും അയാഠക്കു് സവിശേഷമായ ഒരാനന്ദവും നൽകിയില്ല. എന്നാൽ തഹസീൽദാർ മുതൽ കുട്ടികഠവരെ എല്ലാവരും തലയാട്ടുന്നതു കണ്ടു് അയാളും തലയാട്ടി, ആർക്കും കേഠക്കത്തക്കവണ്ണം 'വഹ് വാഹ്' എന്നു പറഞ്ഞു. രണ്ടര മണിക്കൂർനേരത്തെ ആ പരിപാടിക്കു് ഇടയ്ക്കു് അമ്മാമൻ അയാളോടു് സംസാരിച്ചുവെന്നു മാത്രം. തഹസീൽദാർ അയാളുടെ അസ്തിത്വത്തെ രണ്ടു തവണ ഗൗനിച്ചു—ഒരു തവണ പുകയില വാങ്ങിക്കൊണ്ടു വരാൻ എഴുന്നേററപ്പോഠം; മറെറാരു തവണ അദ്ദേഹത്തിന്റെ സമീപത്തുള്ള തലയിണ 'ആക്രമി'ച്ചപ്പോഠം. താൻ വന്നതു് വെറുതെയായി എന്നു് കിട്ടിക്കു് ഉറപ്പു വന്നു. രാഘപ്പയുടെ നിർദ്ദേശമനുസരിച്ചു് മഹബൂബജാൻ ഒരു ഠുമരി 'സാഭിനയം' പാടി, കച്ചേരി അവസാനിപ്പിച്ചു. അവരുടെ 'അഭിനയം' കണ്ണെടുത്തു നോക്കുന്നതിനുപോലും കിട്ടിക്കു് ബേജാറു തോന്നി. 'ഹിംസ'യാണു് അന്നത്തെ ലാഭം എന്നു് അയാഠം തീർച്ചപ്പെടുത്തി.

കച്ചേരി അവസാനിച്ചശേഷം തഹസീൽദാർ മഹബൂബജാനോടു് ഒന്നു രണ്ടു സല്ലപിച്ചു്, മററുള്ളവരുടെ വന്ദനം സ്വീകരിച്ചു്, പുറത്തേയ്ക്കു് ഇറങ്ങിയപ്പോഠം, കിട്ടി ''ഏമാന്നേ, ടോംഗ വരുത്തട്ടേ?'' എന്നു് കൈകൂപ്പി ചോദിച്ചു. ''ആട്ടെ, രാഘപ്പ ഒരു പയ്യനെ അയച്ചിട്ടുണ്ടു്'' എന്നായി ഏമാനൻ. സ്വച്ഛന്ദമായി അദ്ദേഹത്തിനു സംസാരിക്കാനറിയാം എന്ന വിചാരത്താൽ കിട്ടിക്കു ധൈര്യം വന്നു. മററു ക്ഷേമവാർത്തകഠം പറഞ്ഞതിനുശേഷം അയാഠം ആ പഴയ 'കേസ്സു്' എടുത്തിട്ടു. അപ്പോഴേയ്ക്കും ടോംഗ വന്നു നില്പായി. എന്നാൽ എന്തുകൊണ്ടോ അയാളോടു് സംസാരിക്കണമെന്നു തോന്നി, തഹസീൽദാർ ഗൗരവത്തോടെ മൊഴിഞ്ഞു: ''നോക്കൂ, കുല

കണ്ണി! നിന്നെപ്പോലെയുള്ളവർക്ക് റവന്യൂ ഡിപ്പാർട്ടുമെൻറിൽ നാലു ദിവസം വാഴണമെങ്കിൽ ഞാൻ ഒരു സംഗതി പറയാം. നിൻെറ ടേബിളിനു വേണ്ട പ്രൊസിജർ, റൂംസ്, ലാ ഇതെല്ലാററിലും നിനക്ക് പൂർണ്ണമായ മാസ്റ്ററി ഉണ്ടായിരിക്കണം. മററൊരുത്തൻെറ വാക്ക് കേൾക്കരുത്. നിൻെറ പ്രൊസിജർ ബാറാബർ ആയിരിക്കണം. എന്നാൽമാത്രം നിനക്കു രക്ഷപ്പെട്ടുപോകാം. മിനിയാന്ന് ആരു് നിനക്ക് നോട്ടു് എഴുതിത്തന്നുവെന്ന് എനിക്ക് അറിയാത്ത സംഗതിയാണോ?''

''അങ്ങോരു് കേസ്സ് ക്ലിയർ ആണെന്നു് പറഞ്ഞു'' എന്നായി കിട്ടി.

''ആണോ, ആണോ?....നീയെന്തിനാണ് അദ്ദേഹത്തെ ആശ്രയിക്കുന്നതു്? നിനക്കുവേണ്ട എല്ലാ റൂംസും ഫയലുകളും ആപ്പീസിൽ ഉണ്ട്. അതെല്ലാം വീട്ടിലേയ്ക്കു് എടുത്തുകൊണ്ടുപോയി ഒന്നല്ല നാലുതവണ വായിക്കു. നിനക്ക് വേല അറിയാം. റവന്യൂവിൽ ജോലിയെ സംബന്ധിച്ചേടത്തോളം ആരേയും വിശ്വസിക്കരുതു്. നീ ജൂനിയർ ആണെന്നു വിചാരിച്ച് നാലാൾ നിന്നോട്ട് അങ്ങനെയെല്ലാം പറയുകയാണ്. എന്നാൽ നാളെ നിൻെറ കീഴിൽ ഒരു സൂത്രശാലിയായ പയ്യൻ വന്നാൽ നിന്നെക്കൊണ്ട് എന്തെങ്കിലും ചെയ്യിച്ച് നിൻെറ എല്ലാ മുന്നോട്ടുള്ള ചാൻസും കളഞ്ഞുകുളിക്കും. കാരണം നീ ഒരു ഇന്നൊസൻറ്! ഇനിയും നിനക്ക് ഡിപ്പാർട്ടുമെൻറിൻെറ ഗ്രിപ്പ് മനസ്സിലായിട്ടില്ല. നാളെ വൈകുന്നേരം നീ ആ റൂംസിൻെറ ഫയൽ വീട്ടിലേയ്ക്കു കൊണ്ടുപോ. മററന്നാൾ കാലത്ത് വായിച്ചു തിരിച്ചുകൊണ്ടുവാ. വീട്ടിൽ കൊണ്ടുപോവാൻ തരില്ലെന്ന് അങ്ങോരു് പറഞ്ഞാൽ എൻെറ അടുത്തു വാ. ഞാൻ തരുവിക്കാം. നിനക്ക് പരാശ്രയത്തിന്മേൽ എത്ര നാളാണ് കഴിഞ്ഞുകൂടാൻ ആവുക?.... ബിഫോർ യു ബേൺ യുവർ ഫിംഗേഴ്സ്, (നിൻെറ കൈവിരൽ പൊള്ളിക്കും മുമ്പ്.) ഞാൻ പറഞ്ഞതെല്ലാം ഓർമ്മയിരിക്കട്ടെ!''—ഇത്രയും പറഞ്ഞു് ഏമാനൻ ടോംഗയിൽ കയറി. അദ്ദേഹത്തെ വിട്ട വരാൻ രാഘപ്പയും ടോംഗയിൽ കയറി. കിട്ടിയുടെ മനസ്സ് നന്ദിമൂലം അലിഞ്ഞുപോയി.

ടോംഗ പോയശേഷം കിട്ടി വീട്ടിലേയ്ക്കു മടങ്ങാൻ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴേയ്ക്കും, അയാളുടെ 'മർദ്ദന'മേററ് ആദ്യം 'ഹ്ഹ ഹ്ഹ' മുഴക്കിയ പയ്യൻ, അയാളുടെ കുപ്പായത്തുമ്പ് വലിച്ചുകൊണ്ട് പറഞ്ഞു: ''അമ്മായി വിളിക്കുന്നു.''

''ഏതു് അമ്മായി?'' കിട്ടി ചോദിച്ചു.

''ഞങ്ങളുടെ അമ്മായി.''

''നീയാരു്?''

''ഞാൻ ഭീമസേന''

ആ സംസാരംകൊണ്ട് യാതൊരു ഫലവും ഇല്ലെന്നു കരുതി, കിട്ടി ആ പയ്യൻ വിളിച്ച സ്ഥലത്തേയ്ക്കു പോയി—ഭീമസേനൻെറ കയ്യിൽ അകപ്പെട്ട

ബകാസുരൻ കണക്കു്. പയ്യൻ വീട്ടിന്റെ മദ്ധ്യത്തിലുള്ള ഒരു മുറി ചൂണ്ടിക്കാട്ടി ''അവിടെ കിടക്കുകയാണു്, അമ്മായി!'' എന്നു് പറഞ്ഞു് ഓടിപ്പോയി. ആ തെരുവിലുള്ളവരുടെ ഇടയ്ക്കു് രാഘപ്പയുടെ ഭാര്യ 'അമ്മായി' എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. കിട്ടിക്കു് ഭയവും സങ്കോചവും തോന്നി. എന്നാൽ അയാൾക്കു്, ഒരിക്കൽ രാഘപ്പ അമ്മാമൻ പറഞ്ഞുകേട്ടതു് ഓർമ്മവന്നു: അവർക്കു് വളരെ ദിവസങ്ങളായ! രക്തക്ഷയത്താൽ വിളർപ്പാണു്, കൊല്ലംതോറും മൂന്നുനാലു മാസക്കാലം കിടന്ന കിടപ്പിൽ കഴിയേണ്ടിവരും എന്നും മററും. അതുകൊണ്ടു് സ്വല്പം ധൈര്യം പിടിച്ചു് ആ മുറിയുടെ വാതിലിന്റെ അടുത്തേയ്ക്കു ചെന്നു, അയാൾ. വാതിലിന്റെ അടുത്തു ചെന്നപ്പോൾ ഒരു സംഭാഷണം അയാളുടെ കാതുകൾക്കു തെളിഞ്ഞു കേൾക്കായി:

''മഹബക്കാ, നീ തങ്ക, ഞാൻ അക്ക. നീ ഈ നന്ദി വിടരുതു്. നീ എനിക്കു് ഒരു ദൈവംപോലെ!''

''അക്ക, അദ്ദേഹമാണു് ദൈവം നമുക്കു്!''

കിട്ടി സംശയിച്ചു് വാതിലിന്റെ എതിരെ വന്നു. അപ്പോഴേയ്ക്കും മണി പത്തടിച്ചു. രാത്രിനേരം. അയാളുടെ നിഴൽ കണ്ടു് മഹബൂബാജാൻ പെട്ടെന്നു് എഴുന്നേററു് ഒരു വശത്തേയ്ക്കു് നീങ്ങി നിന്നു. റാന്തലിന്റെ മങ്ങിയ വെളിച്ചത്തിൽ ചടച്ചു് എല്ലിച്ച മദ്ധ്യവയസ്കയായ ഒരു സ്ത്രീ 'വിരിപ്പിൽ തലകുനിച്ചു് കുത്തിയിരുന്നിരുന്നു. ചെറുനാരങ്ങയുടെ നിറം. വയസ്സിലുമധികം പ്രായം തോന്നിച്ചിരുന്നുവെങ്കിലും ചെറുപ്പകാലത്തു് അവർ സുന്ദരിയായിരുന്നിരിക്കണമെന്നു് സ്പഷ്ടമായി പറയാം. കൊല്ലംതോറുമുണ്ടാകുന്ന കാസശല്യത്തിന്റെ അടയാളങ്ങളെന്നപോലെ കവിളുകളിൽ ചെറു ചുളിവുകൾ വീണിരുന്നു. എന്നാലും ശ്രീയുള്ള മുഖം. അയാളുടെ നേരെ തിരിഞ്ഞു്, തീരെ ആശ്ചര്യം കാട്ടാതെ, ആ മങ്ങിയ വെളിച്ചത്തിൽ മുഖം സൂക്ഷിച്ചു നോക്കാനും പ്രയത്നിക്കാതെ, ''വാ, കിട്ടണ്ണാ വാ'' എന്നു് അവർ വിളിച്ചു, ''ആ പായ ഇട്ടുകൊടുക്കു. മഹബക്കാ!'' എന്നു് മഹബൂബാജാനോടു് അപേക്ഷിക്കുകയും ചെയ്തു.

പായിൽ കുത്തിയിരുന്നു, കിട്ടി. മഹബൂബാജാൻ എഴുന്നേററു്, ''അക്ക, പോയിവരാം. പത്തരയ്ക്കാണു് വണ്ടി'' എന്നു പറഞ്ഞു. മഹബൂബാജാനു് ഒരു നിയമം ഉണ്ടായിരുന്നു. രാഘപ്പയുടെ വീട്ടിൽ കിടന്നുറങ്ങാൻ ഇടകൊടുക്കാതെ അവൾ ശ്രദ്ധിച്ചിരുന്നു. മററു പോംവഴിയില്ലാത്തപ്പോൾ മാത്രം, രാഘപ്പയുടെ കല്പന സ്വീകരിച്ചു് കിടന്നു് ഉറങ്ങാറുണ്ടായിരുന്നു.

''കുറച്ചു പാൽ കുടിച്ചുകൊണ്ടു പോകൂ!'' എന്നു ചമ്പക്ക പറഞ്ഞപ്പോൾ അവർ വീണ്ടും കുത്തിയിരുന്നു. ചമ്പക്കയുടെ ക്ഷീണിച്ച സ്വരത്തിലും ഒരുതരം അധികാരഭാവം തുളുമ്പിനിന്നു. തന്റെ ആഗ്രഹം പ്രകടിപ്പിക്കാനുള്ള അദ്ധ്വാനംപോലും ആ ദുർബ്ബല ശരീരത്തിനു് എത്ര വിഷമകരമാണെന്നു്, കാണുന്നവരുടെയെല്ലാം കണ്ണുകൾക്കു തൽക്ഷണം തോന്നുന്നതുകൊണ്ടു്, അങ്ങോട്ടൊന്നും സംസാ

രിക്കാതെ തന്നെ, എല്ലാവരും ചമ്പക്കയുടെ ആഗ്രഹങ്ങളെ ആജ്ഞകാരംപോലെ നിറവേററിയിരുന്നു.

ആ സമയം വാതിലിൻെറ മുന്നിലൂടെ കടന്നുപോയ രത്നയെ ചമ്പക്ക വിളിച്ചുകൊണ്ടു പറഞ്ഞു: ''രത്നേ, ആ പുറത്തളത്തിലുള്ള ഗ്യാസ്‌ലൈററ് എടുത്തു കൊണ്ടുവാ'' ഗ്യാസ്‌ലൈററും വന്നു. ഉമ്മറപ്പടിമേൽ ആ ഗ്യാസ്‌ലൈററ് വെച്ചിട്ട് രത്ന പുറത്തേയ്ക്കു പോയി.

''ഇത്ര ചെറു കുഞ്ഞായിരിക്കുമ്പോഴാണ്, നിന്നെ കണ്ടിട്ടുള്ളതപ്പ. ഞങ്ങളും നിങ്ങളും പരസ്പരം അകന്നിട്ട് ഇന്നേയ്ക്കു പത്തു കൊല്ലമായി. അന്യോന്യം കാണാൻകൂടി ഇല്ലാതായല്ലോ!........എന്തുമാകട്ടെ. കഴിഞ്ഞതു കഴിഞ്ഞു. നീ വലിയവനായി, കുട്ടി!'' എന്നു പറഞ്ഞു ചമ്പക്ക കിട്ടിയുമായുള്ള തങ്ങളുടെ ബന്ധം മഹബൂബാജാനെ ധരിപ്പിച്ചു. മഹബൂബാജാൻ വളരെ കുതൂഹലത്തോടെ, ഇടക്കിടയ്ക്ക് ചോദ്യങ്ങരം ചോദിച്ച് എല്ലാം മനസ്സിലാക്കി. ആ ചോദ്യങ്ങളുടെ ഇടയ്ക്ക് ചമ്പക്ക ചില ചോദ്യങ്ങരം വളരെ സാമർത്ഥ്യത്തോടെ കിട്ടിയോട് ചോദിച്ച് ഗംഗവ്വയെപ്പററി ചില സംഗതികളും മനസ്സിലാക്കി. പല കോണിൽ നിന്നും ചോദ്യങ്ങരം എറിഞ്ഞ്, ഗംഗവ്വയ്ക്ക് ഇനിയും തങ്ങളോട് ദ്വേഷ്യമുണ്ടോ, ഉണ്ടെങ്കിൽ എത്രത്തോളം എന്നറിയുവാൻ അവർ പരിശ്രമിച്ചു. കിട്ടിയുടെ അച്ഛൻ, ജീവനുള്ള കാലംവരെ, തന്നോടും തൻെറ ഭർത്താവിനോടും എത്ര മമതയോടെ പെരുമാറി എന്നതു് സരസമായി കഥപോലെ അവർ വർണ്ണിച്ചു. അവസാനം തൻെറ സുഖക്കേടിനെപ്പററി കരരം അലിയുംവണ്ണം പറഞ്ഞു. ആ പെണ്ണുങ്ങളുടെ സാമീപ്യത്താൽ കിട്ടിയുടെ മനസ്സ് അലിഞ്ഞ അവസരം നോക്കി, ചമ്പക്ക വളരെ സഹജമായി പറയുമ്പോലെ, ഒരു സംഗതി കിട്ടിയെ അറിയിച്ചു:

''എന്തപ്പ, ഈ സുഖക്കേടിൽ ഞാൻ ജീവിച്ചാലും ചത്താലും ഒന്നുതന്നെ. ജീവിക്കുന്നുണ്ടെങ്കിൽ അതു് നിൻെറ അച്ഛൻെറ പുണ്യംകൊണ്ടുമാത്രം. ചാവുകയാണെങ്കിൽ നിൻെറ അമ്മക്കുവേണ്ടി ചാകും. എൻെറ പേരു കേട്ടാലേ നിൻെറ അമ്മയ്ക്കു് ഓർക്കാനം വരുമ്പോലെ !''

മഹബൂബാജാൻ വളരെ വ്യസനത്തോടെ ചോദിച്ചു: ''നിങ്ങളെപ്പോലെയുള്ളവരോട് എന്തിനാണിത്ര ദ്വേഷ്യം?''

''മഹബക്ക, എല്ലാം ഓരോ കാലവിശേഷം. ഇന്നു് നീ ആരാണ്, ഞാൻ ആരാണ്? എന്നാലും അക്കാതങ്കകളെപ്പോലെ കഴിയുന്നു. രക്തബന്ധമുണ്ടാകുമ്പോരം ഇങ്ങനെയും. കാണു, ഓരോന്നു് ആകുന്നതു്. 'കാലായ തസ്‌മൈ നമഃ' എന്നു പറയാം, ഇതിനു്. എന്നാൽ, മഹബക്ക, എത്ര കലഹിച്ചാലും രക്തബന്ധം പോകുമോ? നൂറുകൊല്ലം കഴിഞ്ഞാലും രക്തം, രക്‌തംതന്നെ?...........

ഇത്തരം ഉദാര ജീവികരം ചത്തുപോയി എന്ന മട്ടിൽ നീർ വീഴ്ത്തിയ ഒരു അമ്മയുടെ മകൻ ആണു് താൻ എന്നതിനെപ്പററി കിട്ടിക്കു് സ്വല്പംപോലും നാണം തോന്നിയില്ല.

ഇത്രയുമായപ്പോഴേയ്ക്കു്, രത്ന രണ്ടു കപ്പിൽ പാൽ ചൂടാക്കി കൊണ്ടുവന്നു. ഇത്തവണ മുറിക്കുള്ളിലേയ്ക്കു വരാതെ അവരാക്കു് ഗത്യന്തരം ഉണ്ടായില്ല. ഉമ്മറപ്പടിന്മേൽ സങ്കോചപ്പെട്ടു നിന്ന, പതിനഞ്ചു വയസ്സുള്ള ആ അർദ്ധ തരുണി കിട്ടിയുടെ കണ്ണുകളിൽ ഒരുതവണ മാത്രം പതിഞ്ഞു. അമ്മയുടെ ലാവണ്യം അവളിൽ ഇരട്ടിച്ചു നിറഞ്ഞുനിന്നു. അവരം പാൽ കൊണ്ടുവന്നു വയ്ക്കാൻ കുനിഞ്ഞപ്പോരം കിട്ടി അവളുടെ നേർമ്മയുള്ള സീമന്തരേഖയിൽ ആശയോടെ നോക്കിപ്പോയി.

മൂന്നു മണിക്കൂറിനു മുമ്പുമാത്രം പ്രായപൂർത്തി വന്ന കിട്ടി ഇപ്പോരം ഒരു കാമുകനും ആയിത്തീർന്നു.

## 9. ഗംഗവ്വയുടെ സാമർത്ഥ്യക്കുറവിൻെറ ഫലം

കഴിഞ്ഞതവണ ദേസായിയുടെ വീട്ടിൽ ചെന്ന സമയം ഗംഗവ്വയുടെ സാമർത്ഥ്യക്കുറവു നിമിത്തം ഒരു സംഭവം ഉണ്ടായി.

കോപാവേശത്താൽ പണത്തെപ്പററി ഗംഗവ്വ പറഞ്ഞതു് വസന്തൻെറ ചെവിയിൽ വീഴാതിരുന്നില്ല. അന്നു് 'സിനിമബത്ത' കിട്ടാഞ്ഞതു നിമിത്തം അയാരം വൈകുന്നേരം മുനിഞ്ഞു മുനിഞ്ഞു് അലഞ്ഞു നടന്നു. എത്രയോ തവണ സിനിമയ്ക്കു പോയി, ഒരു സ്ഥിരം പുള്ളിയായിട്ടുപോലും, ഒരു തവണപോലും, ആ ഗേററുകീപ്പർ ഓശാരമായി അകത്തു കടക്കാൻ അയാളെ അനുവദിച്ചില്ല. ''എന്നാൽ കടമായിട്ടു്'' എന്നുപോലും അയാരം കേണു കേണു പറഞ്ഞു. എന്നിട്ടും കിട്ടിയില്ല, പ്രവേശനം. മൂന്നണയ്ക്കുവേണ്ടി ഇത്ര വേദന അയാരം അതിനുമുമ്പു് ഒരിക്കലും അനുഭവിച്ചിട്ടില്ല. സിനിമാ തിയേററർവരെ പോയി തിരിച്ചു പോരേണ്ടിവന്ന വിഷാദത്താൽ ദേഷ്യപ്പെട്ടു് വന്ന വസന്തരായ, പിറേറന്നു്, ഗംഗവ്വ പറഞ്ഞതിൻെറ 'ഗുട്ടൺസ്', അറിയണമെന്നു തീർച്ചപ്പെടുത്തി. അമ്മയുടെ ഭക്ഷണം കഴിയുമ്പോഴേയ്ക്കും അയാരം വെററിലപ്പാക്കിൻെറ ചെപ്പു് ഒളിച്ചുവച്ചു. ഭക്ഷണം കഴിഞ്ഞ ഉടൻ വേണുബായിക്കു് രണ്ടു പഴുത്ത വെററില, ഒരു പിടി അടയ്ക്കക്കീറു്, ഇത്രയുമില്ലെങ്കിൽ 'ഊർദ്ധ്വം പ്രാണാഹി ഉൽക്രാമന്തി' എന്ന മട്ടാകും. തിടുക്കപ്പെട്ടു് പൊത്തുതോറും അവർ തിരഞ്ഞു. ദേസായിയുടെ ഉറക്കത്തിൻെറ സമയമായതുകൊണ്ടു് അധികം ഒച്ചവെയ്ക്കാനും നിവൃത്തിയില്ലായിരുന്നു.

ഇതിനിടയ്ക്കു് വസന്തരായ മച്ചിൽ നിന്നു് ഇറങ്ങിവന്നു് ചോദിച്ചു: ''അമ്മേ, ഇന്നലെ ഗംഗവ്വ എന്തോ പറഞ്ഞല്ലോ?''

''എന്തു പറയാനാണ്, ആ പാവം! മകൻ, മകൻ എന്ന വിചാരത്തിൽ മുങ്ങിച്ചാവാറായ ഒരു ജീവി.

''അതല്ല, അമ്മേ. പണത്തെപ്പററി എന്തോ.,..?''

''പണം എവിടെയാണ്?''

''പിന്നെ എന്നെ ചീത്തപറഞ്ഞല്ലോ. വിട്ടിലെ അവകാശിയായ മകൻ സിനിമയ്ക്കു മൂന്നണ ചോദിച്ചാൽ ഇല്ല. ആ തള്ള ചോദിച്ചാലോ, പത്തും പതിനഞ്ചുംവരെ ഉണ്ടാകും, രൂപ! വീട്ടിൽ നടക്കുന്നതൊന്നും എനിക്ക് അറിയേണ്ട. ഇതു ഞാൻ ഒരുതവണ ചോദിക്കാതിരിക്കില്ല, കേട്ടോ!''

''ആരാ നിനക്ക് തരില്ലെന്നു പറഞ്ഞത്, വസന്തണ്ണ? അദ്ദേഹം നിൻെറ നന്മയ്ക്കാണ് പറയുന്നത്. ആഴ്ചയിൽ ഒരു സിനിമ നീ കാണ്. അതു വിട്ട് ദിവസവും ഒന്ന് എന്നായാൽ എങ്ങനെയാണ്? നിൻെറ പഠിത്തത്തിൻെറ ഗതി എന്താവും?........''

''എനിക്ക് സിനിമ കണ്ടില്ലെങ്കിൽ തലകുത്ത് വരും. തലകുത്ത് വന്നാൽ പഠിത്തവും നടക്കില്ല. പിന്നീട് തോററാലോ, തുടങ്ങുകയായി-നോക്ക്' ആ കിട്ടിയെ എന്ന്. എന്നിട്ട് ആ കിട്ടിയുടെ പേർ എൻെറ ചെവിയിൽ 'കിട്കിട്' എന്നു തള്ളിക്കയററുകയായി. അവനെ കണ്ടാലേ എൻെറ ശരീരം എരിയും........അതു പോകട്ടെ. എനിക്കു വേണ്ട, പണം. എന്നാൽ നമ്മുടെ വീട്ടിലെ പണം എന്തിന് അവർക്കു കൊടുക്കണം? ഇത് എനിക്ക് അറിയണോ, വേണ്ടയോ?........ഞാൻ ഒരു കൊച്ചുകുഞ്ഞാണോ?........ഞാൻ ഈ വീട്ടിൽ പിറന്ന മകനാണോ, അല്ലയോ?........ഇങ്ങനെയൊക്കെ ആണെങ്കിൽ, അച്യുതന് ഞാൻ കത്തെഴുതി എല്ലാം അറിവുകൊടുക്കും, കേട്ടോ!''

''അച്യുതൻ നിന്നെപ്പോലെ വിവരമില്ലാത്തവനല്ല? ........അതെന്തും ആകട്ടെ. ആദ്യം ഞാൻ ഒന്ന് വെററില ചവയ്ക്കട്ടെ.'' വേണുബായി, സംസാരം തിരിച്ചുവിടാനായി, പറഞ്ഞു.

''എങ്ങനെ വെററിലപ്പാക്കു തിന്നും? ചെപ്പു ഞാൻ ഒളിച്ചുവച്ചിരിക്കുകയാണ്. ചോദിച്ചാൽ എടുത്തുതരാം, ഞാൻ.''

മകൻെറ ഈ 'വികൃതി'കളെല്ലാം കണ്ട് വേണുബായിക്ക് സഹതാപം തോന്നി. വെററിലപ്പാക്ക് വേണമെങ്കിൽ അവർ ഉപേക്ഷിക്കുമായിരുന്നു. എന്നാൽ മകൻെറ ലീലകൾ, സംസാരം, ആവേശത്തിൻെറ വെളിപാട് ഇതെല്ലാം അവരുടെ ഉള്ളിൽ അനുകമ്പയാണ് ഉളവാക്കിയത്. ഒരു നിമിഷം ആലോചിച്ചാൽ, താൻ അറിയുന്ന സംഗതികളിൽ ഒളിച്ചുവയ്ക്കേണ്ടതായി യാതൊന്നും ഉണ്ടായിട്ടില്ല. കുറഞ്ഞപക്ഷം ആ രഹസ്യം അറിഞ്ഞാൽ വസന്തന് ഗംഗവ്വയോട് ബഹുമാനം തോന്നിയാൽ ആയല്ലോ എന്നു കരുതി അവർ വായ തുറന്നു:

''വസന്ത, നിനക്കു ബുദ്ധിവന്നു. നിൻെറ വെററിലപ്പാക്കു് എനിക്കു വേണ്ട. എന്നാൽ നിൻെറ പണത്തിൻെറ ഗർവ്വം പോകട്ടെ എന്ന ഉദ്ദേശത്തോടെ ആ സംഗതി ഞാൻ പറയുകയാണു്; കേരംക്കു്. ആരുടെ മുമ്പിലും പറയേണ്ട എന്നു് ഗംഗവ്വ പറഞ്ഞിട്ടുള്ളതാണു്. എന്നാൽ നീ വേറെ അല്ല, ഞാനും വേറെ അല്ല. കഴിഞ്ഞിട്ടു് കൊല്ലം പത്തായി. അതുകൊണ്ടു് പറഞ്ഞാലും വിരോധമില്ല. പ്രത്യേകിച്ചു് പണത്തെപ്പററി അത്ര വിശ്വാസം വേണ്ടപ്പ. ഇന്നു് ഉണ്ടു്, നാളെ ഇല്ല. അത്രതന്നെ. നീ മനുഷ്യരെ കാണു്........''

''എന്തു നടന്നു—അതാദ്യം പറയൂ!'' വസന്തരായ അടക്കംവിട്ടു ചോദിച്ചു.

''ഗംഗവ്വ വലിയ ഒരു കുടുംബത്തിൻെറ ആയിരുന്നു. അവരുടെ ഭർത്താവു് മുത്തുവ്യാപാരം നടത്തി. ശർക്കരവ്യപാരം നടത്തി. ഒന്നോ രണ്ടോ, എന്തോ, ചില വിഷമതകളിൽ പെട്ടുപോയി. എല്ലാം പോയി, ലേലത്തിലോ മറേറാ. ഇരുന്നതു് ഇരുന്നേടത്തുതന്നെവെച്ചു പോയി. ഉള്ളതു് ഉള്ളേടത്തുവെച്ചുതന്നെ പോയി. എന്നാലോ ഗംഗവ്വയ്ക്കു് നല്ല സാമർത്ഥ്യം ഉണ്ടായിരുന്നു. കച്ചവടത്തിനുവേണ്ടി വയലും പറമ്പും എല്ലാം വിററുപോയിരുന്നു. ജപ്തിക്കു് ആമ്യൻ വന്നുനിന്നു, വീട്ടുവാതില്ക്കൽ. ഭർത്താവു് അന്തംവിട്ടു് കുത്തിയിരുന്നുപോയി. എന്നാൽ ഗംഗവ്വ വീട്ടിനുള്ളിൽ ഉണ്ടായിരുന്ന അല്ലറചില്ലറ സ്വർണ്ണപ്പണ്ടങ്ങരം വാരിയെടുത്തു്, കിട്ടിയുടെ കൈയിൽ കൊടുത്തു്, പിൻവാതിലിലൂടെ പുറത്തേയ്ക്കു് അയച്ചു്, കുപ്പയിൽ ഇടുവിച്ചു. അവനു് അന്നു് എട്ടൊമ്പതു വയസ്സു കാണും. അവൻ എങ്ങനെ അതു് എടുത്തുകൊണ്ടുപോയോ, എല്ലാവരുടേയും കണ്ണു വെട്ടിച്ചു് അതു് എങ്ങനെ രക്ഷിയ്ക്കാൻ കഴിഞ്ഞോ, ഒന്നും അറിയാൻമേല. എന്തായാലും അന്നു് അത്രമാത്രം ശേഷിച്ചു. പിന്നീടു് എല്ലാം പോയി; ഭർത്താവു് മരിച്ചതിനുശേഷം അതു പുറത്തെടുത്തു് രാസ്സുരാവു് 'ഇദ്ദേഹ'ത്തിൻെറ അടുത്തുവന്നു്, അതു വില്പിച്ചു് കിട്ടിയ ഏഴെട്ടു നൂറുരൂപ 'ഇദ്ദേഹ'ത്തിൻെറ കൈയിൽ കൊടുത്തു. പലിശ കൂടിക്കൂടി ഇപ്പോരം അതു് ഏതാണ്ടു് ആയിരം രൂപ കാണും. വേണ്ടപ്പോരം വന്നു് വാങ്ങിക്കൊണ്ടുപോകും. നമ്മളൊന്നും കൊടുക്കുന്നില്ലപ്പ. നമ്മരം കൊടുക്കുന്നതു് ഒന്നുരണ്ടു നല്ലവാക്കുമാത്രം. നമ്മരം ചെയ്തു കൊടുത്ത ഉപകാരം എത്രമാത്രം ഓർമ്മവെച്ചുകൊണ്ടിരിക്കുന്നു; ആ ഒരു ഗുണം നീ നോക്കപ്പ!''

''പിന്നെ, കിട്ട്യ മാസംതോറും രൂപ കൊണ്ടുവന്നു കൊടുക്കുന്നതോ?''

''അതോ? പറയാം. കഴിഞ്ഞ തവണ കാശിക്കു പോന്നില്ലേ, ഗംഗവ്വ—ഞങ്ങളൊന്നിച്ചു്? ഞങ്ങളാണു് ചെലവുചെയ്തതു് എന്നായി പേരു്. അങ്ങനെ കിട്ടിയെ ധരിപ്പിച്ചു. എന്നിട്ടു് ഇപ്പോരം മാസംതോറും അവനെക്കൊണ്ടു് കൊടുപ്പിക്കുകയാണു്. അവനും കുറച്ചു മിച്ചപ്പണം ആവൂല്ലോ എന്നാണു് ഗംഗവ്വയുടെ ഉപായം. ഇങ്ങനെ പാവങ്ങരം ചെയ്യുന്നു. നിനക്കു് വയറുനിറച്ചു് ഉണ്ണാനുണ്ടെന്നു കരുതി നീ വായിട്ടു് അടിയ്ക്കരുതു്........''

അവസാനമായി പറഞ്ഞതു് വസന്തൻെറ മർമ്മത്തിനേററു. തൻെറ മുറി യിൽനിന്നു് വെററിലപ്പാക്കിൻെറ ചെപ്പു് കൊണ്ടുവന്നു് അമ്മയുടെ മുമ്പിൽ വെച്ചു.

''വേണ്ട. പൊയ്ക്കോ. നീതന്നെ തിന്നോ, നിൻെറ വെററില'' എന്നു് അവർ പറഞ്ഞു.

അമ്മ കുടിപ്പിച്ച പാൽ വിഷമാക്കി മാററാൻ വസന്തനു് രണ്ടു ദിവസം വേണ്ടിവന്നു.

* * *

അന്നു രാത്രിതന്നെ, വേണുബായി, മകൻെറ സംസാരവും അതിനു നല്കിയ മറുപടിയും തൻെറ 'യജമാന'നെ പറഞ്ഞുകേൾപ്പിച്ചു. അതു കേട്ട ഉടൻ ദേസായി മകൻെറ ഭാവിയെപ്പററി വിഷാദിച്ചു. ആ പയ്യൻ ഇങ്ങനെതന്നെ വളർന്നു്, ഇനി എവിടെ ചെന്നെത്തുമോ?........മൂത്ത മകൻ അച്യുതനെപ്പററി അദ്ദേഹ ത്തിനു് ചിന്തയില്ല. അയാളെപ്പററി അദ്ദേഹത്തിനു സന്തോഷമാണു്, വളരെ. എന്നാൽ വസന്തരായ കെട്ടവനാവുക മാത്രമല്ല, ഏററവും ഇളയ മകനായ പുരുഷോ ത്തമനെക്കൂടി വളഞ്ഞവഴിക്കു നയിക്കുമോ എന്നാണു് അദ്ദേഹത്തിനു് ആശങ്ക.

അങ്ങനെ നോക്കിയാൽ ദേസായിയും തൻെറ ചെറുപ്പകാലത്തു് അച്ഛനുമായി വേണ്ടത്ര പോരാടിയിട്ടുണ്ടു്. എന്നാൽ വസന്തൻെറ 'അല്പത്വം' ഉണ്ടായിരു ന്നില്ല, അദ്ദേഹത്തിനു്. അച്ഛനുമായി അദ്ദേഹം വഴക്കിട്ടിരുന്നതു് സിനിമയ്ക്കുള്ള മൂന്നണയ്ക്കു വേണ്ടിയല്ല, സമ്പത്തു നിലനിറുത്താൻവേണ്ടി ആയിരുന്നു. എത്ര വലിയ പണക്കാരായാലും മക്കൾ ചെറുപ്പകാലത്തു് പണത്തിനു സൂക്ഷ്മതയുള്ള വരായിരിക്കും. എന്നാൽ പ്രായമായതിനുശേഷം തങ്ങളുടെ മക്കളിൽ ഉണ്ടാവുന്ന പണത്തിൻെറ ആശ കണ്ടു്, അവർക്കു് വിഷമം തോന്നുന്നു. അതു് പണത്തോടു് ഒട്ടിപ്പിടിച്ച ഒരു അഭിശാപമത്രേ.

ദേസായി ഈ സന്ദർഭത്തെ മറെറാരു രീതിയിൽ പ്രയോജനപ്പെടുത്താൻ നിശ്ചയിച്ചു. വളരെ ദിവസമായി ഗംഗവ്വയുടെ നകം തൻെറ ചുമലിൽനിന്നു് ഇറക്കണമെന്നു് ആശിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു് ഇതു് ഒരു ഒഴികഴി വായി കിട്ടിയപോലെ തോന്നി. പിറേറന്നുതന്നെ ഗംഗവ്വയെ അദ്ദേഹം ആള യച്ചു വരുത്തി. ഉണ്ടായതെല്ലാം അവരെ കേൾപ്പിച്ചു:

''ഗംഗവ്വേ, നിങ്ങൾ പണമിട്ടതിനു് ഒരു കടലാസ്സുമില്ല, രേഖയുമില്ല. എനിക്കും പ്രായം ആയിക്കൊണ്ടാണു വരുന്നതു്. നമ്മുടെ കാരണവന്മാരുടെ നേരും നെറിയും നമ്മുടെ കാലത്തു് ഇല്ല. നമ്മുടെകാലത്തുള്ളതു് നമ്മുടെ മക്ക ളുടെ കാലത്തു് ഉണ്ടാവില്ല. അങ്ങനെയാണു് ലോക നിയമം. നിങ്ങളുടെ മകൻ ഇപ്പോൾ വേണ്ടതുപോലെ ജോലിചെയ്യുന്നു. നാളെ എൻെറ പക്കലും സമ്പത്തു്

നിലനില്ക്കും എന്ന വിശ്വാസവും എനിക്കില്ല. എൻെറ മക്കാംക്കും പ്രായമായി.......ആ വിഷയം കളയൂ....ചുരുക്കത്തിൽ, പണം ശാശ്വതമല്ല. പെട്ടെന്നു് നിങ്ങളുടെ കടത്തിൽ വീണു് എനിക്കു ചാവാൻ വയ്യ. കൈയ്യോടെ നിങ്ങളുടേതു് നിങ്ങാംക്കു വിട്ടുതന്നാൽ എൻെറ ഹൃദയത്തിലുള്ള ഭാരം ഇറങ്ങും.''—എന്നു ദേസായി നീണ്ട പ്രസംഗം ചെയ്തു്, അവസാനം കണക്കു പറഞ്ഞു കോംപ്പിച്ചു.

എന്നാൽ ഗംഗവ്വയുടെ മുമ്പിൽ അദ്ദേഹത്തിൻെറ ആട്ടം ഉണ്ടോ നടക്കാൻ പോകുന്നു! അവരുടെ കരച്ചിലും പിഴിച്ചിലും ദേസായിയുടെ ഖണ്ഡിതമായ പ്രസ്താവന 'തുണ്ഡഖണ്ഡ'മാക്കിക്കളഞ്ഞു! അവസാനം ദേസായി കേണു പറഞ്ഞു, കുറഞ്ഞപക്ഷം ആ പണത്തിനെപ്പററി കിട്ടിയോടു് ഗംഗവ്വ പറയണമെന്നു്. അവർ എന്നിട്ടും പിൻവാങ്ങിയില്ല:

''ഒന്നാമതു് അവൻ ചെലവു് വളരെ ചെയ്യാൻ തുടങ്ങിയിരിക്കുന്നു. ഒരു താങ്ങില്ലെന്നു കണ്ടു് അവൻ രണ്ടു കാശു് മിച്ചംവെയ്ക്കട്ടെ—അതാണു് എൻെറ ഒരു മോഹം. ഈ ഒരായിരം രൂപ പുറത്തെടുത്താൽ എന്തുചെയ്യും?........ചുരുങ്ങിയതു് മുഷ്ടിചുരുട്ടിയപോലെ ഇരിക്കട്ടെ. അവൻെറ അടുത്തുവരെ ഈ സംഗതി പോകരുതു്'''—എന്നിങ്ങനെ ഗംഗവ്വ ദേസായിയെ ഉത്തരംമുട്ടിയവനാക്കി.

അവസാനം വീട്ടിലേക്കു തിരിക്കുമ്പോാം, ''ആരു ചോദിച്ചാലും പറയണം, എൻെറ കൈയിൽ ആരും പണം തന്നിട്ടില്ല എന്നു്. പിന്നീടു് വരുന്നതെല്ലാം ഞാൻ നോക്കിക്കൊള്ളാം'' എന്നു് ദേസായിയെ ധരിപ്പിച്ചിട്ടാണു് ഗംഗവ്വ പോയതു്.

ദേസായി നെടുതായി നിശ്വസിച്ചു് ആ ചുമടു് വീണ്ടും ഏന്തി.

* * *

വസന്തരായ പിന്നീടു് ഒന്നുരണ്ടു ദിവസങ്ങാംക്കുള്ളിൽത്തന്നെ തഹസീൽദാരാപ്പീസിലുള്ള കാൻറീനിൽ ചായ, ബോണ്ട പരിപാടി അവസാനിപ്പിച്ചു്, കിട്ടി ആപ്പീസിനുള്ളിൽ നിന്നു് പുറത്തു വരുന്നതും പ്രതീക്ഷിച്ചു്, ജനാലയിലൂടെ ഉററുനോക്കിക്കൊണ്ടു് ഇരുന്നു. തഹസീൽദാർ വെളിയിൽ പോയശേഷം കിട്ടിയും മററു നാലു് ഗൃഹസ്ഥന്മാരും തോളിൽ കോട്ടും തൂക്കിയിട്ടുകൊണ്ടു് കാൻറീനിൻെറ അടുത്തേയ്ക്കു് ചിരിച്ചു് ഒച്ചയിട്ടുകൊണ്ടു് വന്നു. കിട്ടിയും എല്ലാവരോടൊപ്പം ചായയും പലഹാരവും കഴിച്ചു. പിന്നിൽ ഒരു മൂലയിൽ എല്ലാം ശ്രദ്ധിച്ചുകൊണ്ടു് ഇരുന്നിരുന്ന വസന്തരായ കിട്ടിയുടെ ദൃഷ്ടിയിൽ പെട്ടില്ല. ലഘുഭക്ഷണം കഴിഞ്ഞു് കിട്ടി ഒററയ്ക്കു് വീട്ടിലേയ്ക്കു തിരിച്ചു ഉടനെ വസന്തൻ വിലങ്ങനെ വന്നു് അയാളുടെ മുമ്പിൽ നിന്നു.

''എന്താ ഏമാന്നേ! പഴയ പരിചയം ഇപ്പോാം എങ്ങനെ ഉണ്ടായി?''

വസന്തനും കിട്ടിയും കഴിഞ്ഞ ഒരുമാസമായി പരസ്പരം കണ്ടിട്ടില്ല; മാത്രമല്ല, അയാളുടെ മുള്ളുവാക്കുകളുടെ അനുഭവം കിട്ടിക്ക് ഉണ്ടുതാനും. കിട്ടി അയാളോട് എപ്പോഴും സ്നേഹഭാവത്തിലേ സംസാരിക്കാറുള്ളു.

''നിങ്ങൾ ബഹദൂർ ദേസായി. പാവങ്ങളോടുള്ള പരിചയം മറന്നുപോകും. ........ഞങ്ങൾ പാവങ്ങൾ!''

''ഏയ് നുണയ, നുണയ! ആ ചായപ്പീടികയിൽ വെച്ച് നേരെ പിന്നിൽ ഇരുന്നിരുന്ന എന്നോട് നിനക്ക് സംസാരിക്കാനായില്ല. പിന്നോക്കം നോക്കിയാൽ സംസാരിക്കേണ്ടിവരുമല്ലോ എന്നു വിചാരിച്ച് നീ നേരെ മുന്നോട്ടു നോക്കിത്തന്നെ കുത്തിയിരുന്നു....ആകട്ടെ, ഏമാനൻ ആയല്ലോ. ആപ്പീസിൽവെച്ച് എന്തിന് ഇവൻെറ ഉച്ചിരോമം പിടിക്കണമെന്നു കരുതി ഞാൻ മിണ്ടാതെ ഇരുന്നു ........അല്ല കിട്ട്യാ, ഈ ഏമാനത്തം എല്ലാം വിട്ടുകള.......നീ ചായ കുടിക്കില്ല, നീ പലഹാരം തിന്നില്ല, സിനിമ കാണില്ല, ഭൃഗുമുനിയെപ്പോലെയാണ്— ഇങ്ങനെ എൻെറ അച്ഛൻ നിന്നെപ്പററി വർണ്ണിച്ചുകൊണ്ടേയിരിക്കും. എന്നിട്ട് കള്ളപ്പൂച്ചയെപ്പോലെ എല്ലാം ചെയ്യുകയാണ്, അല്ലേ?''

''ഏയ് വസന്ത, നിന്നെപ്പോലെ വീട്ടിൽ കുത്തിയിരുന്ന് സമ്പാദിച്ചുവെച്ചതു് തിന്നുകൊണ്ടു് ഇരുന്നാൽ ഇതൊന്നും വേണ്ട, വേണോ? വയററുപിഴപ്പ് ഉദ്യോഗം മനുഷ്യനെ പഴമാക്കിക്കളയും. ഇല്ലാത്തവർക്കും പലതരം വഴക്കമുണ്ടാകാം.''

''നിനക്ക് എന്തു പിണഞ്ഞോ....കള്ളപ്പൂച്ചയെപ്പോലെ പണം സമ്പാദിക്കുകയാണ്....നിൻെറ അമ്മ ഇത്ര ഒരു പൊതി കെട്ടിവച്ചിട്ടുണ്ട്. നീ ജോലി ചെയ്തു് നാളെ ഏമാനൻ ആകാൻപോകയാണ്. നർഗുന്ദ് കലാപകാലത്തെ* ഈ കോട്ട് കള! സുജാവുദൗളയുടെ ഈ മീശയും കള! ഏമാനൻ ആയിട്ടും തനി 'നാട്ടുകല' പോയിട്ടില്ല. നോക്ക്!''

''അതു് എവിടെ പോകും; അതു കാരണവന്മാർ തന്ന സമ്പത്തല്ലേ....'' അപമാനത്തിലും അഭിമാനം കാണിക്കാൻ അയാൾ ശ്രമിച്ചു.

''ഏയ്, നീ ഇങ്ങനെ പോകേണ്ട. നിൻെറ അച്ഛൻ ചെറിയ ആഴത്തിൽ മുങ്ങുന്നവനായിരുന്നല്ലോ! എനിക്ക് എല്ലാം മനസ്സിലായി. നിൻെറ ഒരു പോരു്, നിൻെറ അച്ഛൻ മുത്തു വിററിരുന്നവൻ, നീ അച്ഛൻെറ തലയിൽ താഴികക്കുടം വെച്ചിരിക്കുന്നു! എട്ടാമത്തെ വയസ്സിൽ സ്വർണ്ണം കട്ടവനല്ലേ, നീ....?''

---

* നർഗുന്ദ് ഉത്തര കർണ്ണാടകത്തിലെ പണ്ടത്തെ ഒരു ചെറു നാട്ടുരാജ്യം (ഇന്നൊരു താലൂക്ക്). കിത്തൂർ റാണിയോടൊപ്പം ബ്രിട്ടീഷുകാർക്കെതിരായി ആ രാജ്യത്തിലെ രാജാവ് പോരാടുകയുണ്ടായി.

''ഏയ്! എന്താണ്, എന്താണ് ഈ പറയുന്നതു്?''

പറയേണ്ടതെല്ലാം, അങ്ങനെ, പറയപ്പെട്ടു.

*   *   *

വസന്തനിൽനിന്നു് അകന്നശേഷം കിട്ടിക്കു് ആശയുണ്ടായി, ഉടനെ വീട്ടിൽ ചെന്നു് അമ്മയോടു് എല്ലാം ചോദിക്കണമെന്നു്. എന്നാൽ വീട്ടിനടുത്തു വന്നതും അയാൾ തൻെറ നിശ്ചയം മാററിയതും ഒരുമിച്ചു കഴിഞ്ഞു. കഴിഞ്ഞ തവണ തൻെറ 'തുരുപ്പു്' ഒളിപ്പിച്ചു് അമ്മയെ പററിച്ചതുപോലെ ഇത്തവണയും ചെയ്യണമെന്നു വിചാരിച്ചു് അതിനെപ്പററി 'കമാ'ന്നു ശബ്ദിച്ചില്ല. എന്നാൽ അന്നത്തെ അനുഭവം കിട്ടിയുടെ മെയ്യിൽ ഒരു രസായനമായി, മാസങ്ങളോളം പററിനിന്നു് പല ചെറിയ മാററങ്ങളും വരുത്തി. എന്തായാലും പിന്നിൽ ഒരാശ്രയമുണ്ടെന്ന ധൈര്യം അയാളുടെ പിരി മുറുകിയ ഞരമ്പുകളെ തെല്ലു് അയച്ചു. തഹസീൽദാരുടെ ഉപദേശം അനുസരിച്ചു് അയാൾ നിയമപുസ്തകങ്ങൾ വളരെ പണിപ്പെട്ടു് തിരിച്ചു മറിച്ചു നോക്കി. എന്നാൽ ആദ്യം അത്യാതുരത നിമിത്തം മനസ്സിലാവാൻ കഴിയാതിരുന്ന അനേകം സംഗതികൾ ഇപ്പോൾ ഒന്നുകൂടി ശ്രമിച്ചതിൻെറ ഫലമായി മനസ്സിലാവാൻ തുടങ്ങി. അതോടെ അയാളുടെ നടപ്പിൽ അല്പം ഗാംഭീര്യം വന്നു. രഹസ്യനിധിയുടെ പിൻബലമുണ്ടു് എന്ന ധൈര്യത്തിൽ അയാൾ ആപ്പീസിൽ ആത്മവിശ്വാസത്തോടെ ജോലി ചെയ്യാൻ തുടങ്ങി. ഏവരേയും സന്തോഷിപ്പിക്കണമെന്ന വിചാരം കുറഞ്ഞുവന്നു്, ആത്മപ്രതിഷ്ഠ പുറമേയുള്ളവർക്കും അറിയുംമട്ടിൽ ഉളവായി. എന്തും അറിഞ്ഞേതീരൂ എന്ന ചാപല്യം കുറഞ്ഞുവന്നതു നിമിത്തം മനസ്സിലുള്ള സംഭ്രമം മാറി, സൂക്ഷ്മസംഗതികളെപ്പററി ശ്രദ്ധ അധികരിച്ചു. പണസ്സഞ്ചിയുടെ നൂലിഴകൾ കൂടുതൽ അയഞ്ഞുവന്നു. അയാൾ അല്പം തടിച്ചു. കണ്ണുകളിൽ രജോഗുണത്തിൻേറതായ ചുവപ്പു കയറി. ജോലിക്കു് യാന്ത്രികമായ ഒരു ലാഘവതം കൈവന്നു.

## 10. വീടു മുറിഞ്ഞ ജീവിതം

ബിന്ദഗോൾ രാഘപ്പ എന്തു കാരണത്താലോ ''മായാവി രാഘോബ' എന്നൊരു ഉപനാമവും സമ്പാദിച്ചിരുന്നു. അതിനെപ്പററി അയാൾക്കു് ഒരു അഭിമാനവും ഉണ്ടായിരുന്നു. അയാളുടെ 'കീർത്തി' ബഹുമുഖമായിരുന്നു. എട്ടുപത്തു വയസ്സുള്ളപ്പോൾത്തന്നെ, രാഘപ്പ 'സത്യാഗ്രഹമന്ത്രം' പഠിച്ചു—ഗാന്ധിജി വെറും പയ്യനായിരുന്ന കാലത്തു്. നാലു കൂട്ടുകാരോടൊപ്പം ഒരു ബേക്കറിയുടെ മുമ്പിൽ ചെന്നുനിന്നു് 'ബ്രഡ്ഡു് വേണം' എന്നു് ഒരുമണിക്കൂർ നേരം 'സമൂഹഗാനം' പാടി. ആ ബേക്കറിക്കാരൻ അവരുടെ ബഹളം ഭയന്നു് ഒരു

ബ്രഡ്ഡ് കൊടുത്തു് ഇനിമേൽ വരരുതെന്നു സലാംപറഞ്ഞു് അപേക്ഷിച്ചു. പന്ത്ര ണ്ടാം വയസ്സിൽ അയാറം അച്ഛൻെറ കീശയിൽനിന്നു് ഒരു അഞ്ചുരൂപാനോട്ടു് 'ഇസ്സി'യെടുത്തു് ജീവിതത്തിലെ ഒരു പ്രധാന ഘട്ടം താണ്ടി. നാല്പതു വയ സ്സായപ്പോഴേയ്ക്കും ഹോളിയാഘോഷങ്ങളിലെ പ്രവർത്തനങ്ങറംവഴി അയാളുടെ 'ബൃഹദാകാരം' തെളിഞ്ഞുകഴിഞ്ഞു. കളിയിലെ ബാററുകാരൻ റിട്ടയർ ആവും പോലെ കഴിഞ്ഞ പത്തുപതിനഞ്ചു കൊല്ലങ്ങറംക്കുള്ളിൽ, 'ഗർദ്ദഭാരോഹണം' കഴിയുംവരെയുള്ള ദീക്ഷ മററുള്ളവർക്കു് വിട്ടുകൊടുത്തു, അയാറം. എന്നാലും പിന്നീടു് നാലു കൊല്ലത്തോളം, ചെറുപ്പക്കാർ തങ്ങളുടെ പരിപാടികറംക്കു വേണ്ട ഉപദേശങ്ങറം അയാളോടു് ചോദിച്ചറിഞ്ഞിരുന്നു.

പ്രകൃതിയുടെ കേവലപുത്രനായ രാഘപ്പയ്ക്കു് ഒന്നിൻേറയും കുറവു് ഉണ്ടായി രുന്നില്ല. ബിന്ദഗോളിൽ കഴിഞ്ഞുകൂടിയ എട്ടുകൊല്ലം അയാറം നാട്ടിലെ ഒരു 'നായക'നെപ്പോലെ വിലസി. കൃഷിക്കാർ അയാളെ ഭയന്നു് 'മിച്ചഹര'ത്തിൽ ഒരു കുറവും ആവശ്യപ്പെടാറില്ല. എങ്ങാനും ആവശ്യപ്പെട്ടാലോ, അയാറം അവ രുടെ ഇടയ്ക്കു് കുടുംബകലഹം ഇളക്കിവിടുമെന്ന 'ഖ്യാതി' നേടിയെടുത്തിരുന്നു. കുറെ ദിവസം കൃഷിപ്പണി ചെയ്തതിനുശേഷം, നാട്ടിലെ വലിയ വലിയ കൃഷി ക്കാർ കണ്ടാൽ നാണിച്ചുപോകത്തക്കവിധമുള്ള കാളകളെ പോററി നടന്നു. അതിൽ നിന്നു് അങ്ങനെയിങ്ങനെ സമ്പാദ്യമുണ്ടാക്കി, സൗഖ്യത്തോടെ കഴിഞ്ഞു. പിന്നീടു് കോഴിവളർത്തലും ചെയ്തുനോക്കി. കടം ചോദിച്ചാൽ ഇല്ലെന്നു് അയാ ളോടു പറയുവാൻ നാട്ടിൽ ആർക്കും ധൈര്യം ഉണ്ടായിരുന്നില്ല. എവിടെയെ ങ്കിലും വയ്ക്കോൽ തുറു കത്തിയാൽ അതിനെ സംബന്ധിച്ച വിവരം അര മണി ക്കൂർമുമ്പേ അയാറം അറിഞ്ഞിരിക്കും. ഇല്ലാത്ത ന്യായമെല്ലാം പറഞ്ഞു പിടി പ്പിച്ചു്, ആളുകളെ കോർട്ടിൽ കയററി, അവർക്കുവേണ്ടി ഒരിക്കൽ പുറത്തു പോയാൽ അഞ്ചാറു രൂപ നേടാതെ വീട്ടിലേയ്ക്കു് തിരിക്കാറില്ല. എന്നാൽ നാ ട്ടിലെ എല്ലാ ഗുലുമാലുകളിലും അയാറം ഒരു സാക്ഷിയായിരിക്കുമെങ്കിലും തീരെ നിസ്സംഗൻ എന്ന ഒരു മട്ടും.

ഇപ്പോറം അയാറം ധാർവാറിലേയ്ക്കു വന്നതിനുശേഷം ബിന്ദഗോറം സമാധാ നത്തോടെ ഉറങ്ങാൻ തുടങ്ങി. ധാർവാറിൽ അയാറം പുതിയ ഒരു ജോലി പിടി ച്ചെടുത്തു—വലിയവരുടെ സേവ! അയാറം കുതിരയെ വളർത്തിയാൽ ഒന്നാംതരം കുതിര, കൃഷിപ്പണി ചെയ്താൽ ഒന്നാംതരം കൃഷിപ്പണി, കാലിയെ പോററി യാൽ പ്രദർശനത്തിനു് നിറുത്താവുന്ന കാലികറം. അങ്ങനെ എല്ലാററിലും യശ സ്വിയായ അയാറം ആ പുതിയ ജോലിയിലും ഒരു കൊല്ലത്തിനുള്ളിൽ മുന്നേറുക തന്നെ ചെയ്തു. വലിയവരുടെ സേവയ്ക്കും ശിപാർശയ്ക്കും അയാറം ഒരു 'മൂലാധാരം' എന്ന നിലയായിത്തുടങ്ങി.

അയാളും മഹബൂബാജാനും തമ്മിൽ ബന്ധമുണ്ടായിട്ടു് പന്ത്രണ്ടു പതി നാലു കൊല്ലങ്ങളായി, അന്നേയ്ക്കു്. ആദ്യത്തെ പരിചയം വേഗത്തിൽ പരസ്പര പ്രേമമായി. ആദ്യത്തെ മൂന്നുനാലു കൊല്ലങ്ങളിൽ ആ 'ഏർപ്പാടു്' ഗോപ്യമായി

നടന്നു. എന്നാൽ അതു് അവസാനം പൊട്ടിത്തെറിക്കുകതന്നെ ചെയ്തു. ബിന്ദ ഗോളിൽ ഒരിക്കൽ വീട്ടിലെ കുറച്ചു് സ്വർണ്ണം കാണാതായി. 'ഓ! കളവു പോയി' എന്നു പറഞ്ഞു് അയാരം ഒരു പരിശോധന ആരംഭിച്ചു. നാട്ടിലെല്ലാം ബഹളമായി. അപ്പോരം അതേ തെരുവിലെ പടുകിഴവൻ ലിംഗയ്യ, അയാളുടെ മക്കരം തടുത്തിട്ടും കൂട്ടാക്കാതെ, ചമ്പക്കയുടെ അടുത്തു ചെന്നു പറഞ്ഞു: 'മകളേ, നിൻെറ സുഖത്തിനുവേണ്ടി ഞാൻ ഒരു സംഗതി പറയുവാൻപോകയാണു്. ഗൗഡർ കോർട്ടു്—കച്ചേരി എന്നെല്ലാം പറഞ്ഞു് ഹുബ്ബള്ളി (ഹുബ്ലി)യ്ക്കു് പോയി വരുന്നു. എന്നാൽ അവിടെ ദുർമ്മാർഗ്ഗത്തിൽ വീണിരിക്കുന്നു. ഇവിടുത്തെ സ്വർണ്ണപ്പണ്ടം എങ്ങും പോയിട്ടില്ല. എടുത്തതും ഞാൻതന്നെ. പരിശോധന നടത്തുന്നതും ഞാൻതന്നെ. നീ ഉഷാറായി ജീവിക്കണം, കേട്ടോ.''

പിന്നീടു മൂന്നു കൊല്ലം ചമ്പക്ക സുഖമായി ജീവിച്ചില്ല. ഒതുക്കാൻ ആവാത്ത കുടുംബകലഹം വരുത്തിവെച്ചു. ഒരിക്കൽ കുട്ടികളേയും കൂട്ടി അനു ജൻെറ വീട്ടിൽ മൂന്നുനാലു മാസം കഴിഞ്ഞുകൂടി തിരിച്ചുവന്നു. അനുജൻ അവക്കു് ബുദ്ധി പറഞ്ഞുകൊടുത്താണു് തിരിച്ചയച്ചതു്. എന്നാൽ രാഘപ്പയ്ക്കു് ബുദ്ധി പറഞ്ഞുകൊടുക്കത്തക്ക ധൈര്യം ബിന്ദഗോളിൽ ആർക്കും ഉണ്ടായിരുന്നില്ല. ഒരു തവണ പൊന്നെല്ലാം ഒരു ട്രങ്കുപെട്ടിയിൽ ഇട്ടു പൂട്ടി, താൻ ശവമായി വീണാലും താക്കോൽ കൊടുക്കില്ലെന്നു് പ്രതിജ്ഞ ചെയ്തു്. ചമ്പക്ക പൂജാമുറിയിൽ ചെന്നു് ട്രങ്കുപെട്ടിയും അരികെ വെച്ചു് കുത്തിയിരുന്നു. എന്നാൽ ഭർത്താവു് വന്നു്, കമാന്നു ശബ്ദിക്കാതെ അവരുടെ കരണത്തിട്ടു് ഒന്നു കൊടുത്തപ്പോരം അവരുടെ പ്രതിജ്ഞയെല്ലാം വെള്ളമായി. അവർ അയാളുടെ കാൽക്കൽ വീണു. ഉപവ സിച്ചു. വാത്സല്യമുള്ള മകളെ അയാളുടെ കാൽക്കൽ ഇരുത്തി. എല്ലാററിനും അയാരംക്കു് ഒരേഒരു മറുപടി: ''ഞാൻ സമ്പാദിക്കുന്നു. ഞാൻ ചെലവു ചെയ്യുന്നു. നിനക്കു് ഉണ്ണാനും ഉടുക്കാനും കുറവുവരുന്ന അന്നു് ഈ രാഘപ്പ ഈ ബിന്ദഗോ ളിലെ ചന്തയിൽ കാതും മൂക്കും ചെത്തി നിൽക്കും. ആണുങ്ങളുടെ സംഗതികളിൽ നിനക്കു് എന്തു കാര്യം?''........ഇതുവരെ ആ വാക്കു് അയാരം പാലിച്ചുകൊണ്ടു തന്നെവന്നു. തെണ്ടിയായി നടന്നിട്ടും പാഴായിപ്പോവുക ഉണ്ടായില്ല. 'എവി ടെയെങ്കിലും നടന്നാൽ നാലു രൂപ തൻെറ കീശയിൽ' എന്നു് അയാരം പറയാറു ള്ളതു് നേരായിരുന്നു. ചമ്പക്കയുടെ ഊണിനു് ഒരു ഊനവും വരുത്തിവെച്ചില്ല. ഉടുപ്പു് കീറിയതാവാൻ ഇട വരുത്തിവെച്ചില്ല. ഒരിക്കൽ പണം ഇല്ലാതായാൽ, ശീട്ടുകളിച്ചിട്ടായാലും, കോർട്ടു്—കച്ചേരികളിൽ മാധ്യസ്ഥംപിടിച്ചായാലും, പററിച്ചായാലും, പണവുംകൊണ്ടു് വരും, വീട്ടിലേയ്ക്കു്!

ഇത്രയൊക്കെ ആയിട്ടും ചമ്പക്ക തൻെറ കെട്ടിയവനെപ്പോലെയുള്ള ഒരു കെട്ടിയവൻ ലോകത്തിൽ ഇല്ലെന്നു് ഉറപ്പിച്ചു് മൗനം പൂണ്ടു. നാലാളുടെ മുമ്പിൽ തൻെറ കെട്ടിയവനെ താൻ ആക്ഷേപിച്ചതു് സ്വന്തം മര്യാദയ്ക്കു് ഊനം തട്ടിച്ചു എന്നു തോന്നി അവർ ഒരിക്കൽ വീട്ടിൽ കയറിയിട്ടു്, പിന്നീടു് ഒരു കൊല്ലത്തേയ്ക്കു് പുറത്തിറങ്ങിയില്ല.

ഒന്നുരണ്ടു കൊല്ലത്തിനുള്ളിൽ ചമ്പക്കയുടെ അനുജനു് ഹുബ്ബള്ളി (ഹുബ്ലി)യിലേയ്ക്കു മാററമായി. അക്കാലത്തു് അവർക്കു് ഒരു മോഹം തോന്നി, തന്റെ കെട്ടിയവനെ തോല്പിച്ചു് വിജയം നേടിയ ആ രംഭയെ തന്റെ കണ്ണാലെ ഒരു തവണയെങ്കിലും കാണണമെന്നു്. ഒരിക്കൽ ഹുബ്ബള്ളിയിൽ വന്നു്, തന്റെ അനുജന്റെ വീട്ടിൽ തങ്ങി, മഹബൂബജാനിന്റെ വിവരങ്ങൾ അന്വേഷിച്ചു. എന്നിട്ടു് ഒരുദിവസം തന്റെ മകളേയും കൂട്ടി മഹബൂബജാനിന്റെ വീട്ടിൽ എത്തി. മകളെ അവളുടെ കാൽക്കൽ ഇരുത്തി, ചേലത്തുമ്പുകൊണ്ടു് കണ്ണീർ ഒപ്പി തന്റെ സങ്കടമെല്ലാം പറഞ്ഞു തിരിച്ചുപോന്നു.

രാഘപ്പയ്ക്കു് ഭാര്യയും മക്കളും ഉണ്ടെന്നു് മഹബൂബജാനു് അറിവേ ഇല്ലായിരുന്നു. അപ്രകാരം അവളുടെ കരൾ അലിയിച്ചു. പിന്നത്തെ ആഴ്ചയിൽ രാഘപ്പ വന്നപ്പോൾ, ''നിങ്ങൾ നിങ്ങളുടെ വീട്ടിലേയ്ക്കു പോകൂ!'' എന്നു പറഞ്ഞും മടക്കി അയച്ചു. അതിനുശേഷം ഒരു കൊല്ലത്തോളം അയാൾ മഹബൂബജാനെ കണ്ടതേയില്ല.

എന്നാൽ ചമ്പക്കയ്ക്കു് പുതിയതരം ആശങ്കകൾ ഉണ്ടായിത്തുടങ്ങി. അയാൾ വല്ല 'കൂപ്പ'യിലും അരിച്ചുനടന്നു് ആരോഗ്യം പാഴാക്കിയാലോ എന്നായി പേടി. അവസാനം ഒരു ദിവസം അവർ സ്വയം മഹബൂബജാനിന്റെ വീട്ടിൽ ചെന്നു് രാഘപ്പയെ പോററാനുള്ള ചുമതല അവളെ ഏല്പിച്ചു. അന്നു മുതൽ മഹബൂബജാൻ 'അക്ക'യുടെ വീട്ടിലെ ഒരു ഗൃഹലക്ഷ്മിയായി. ഒരിക്കൽ യുഗാദിക്കും (കൊല്ലപ്പിറപ്പിനു്), മറെറാരിക്കൽ ദീപാവലിക്കും മഹബൂബജാനെ ചമ്പക്ക ബിന്ദഗോളിലുള്ള തന്റെ വീട്ടിലേയ്ക്കു് ക്ഷണിച്ചുവരുത്തി സമ്മാനത്തുണി കൊടുത്തു മാനിച്ചു. അവളാകട്ടെ, എപ്പോഴെങ്കിലും പേരയ്ക്ക, മാമ്പഴം മുതലായതു് കാലഭേദമനുസരിച്ചു് ചമ്പക്കയ്ക്കും അയച്ചുകൊടുത്തു. ആ ആചാരം പിന്നീടും നടന്നുവന്നു. അങ്ങനെ രാഘപ്പയുടെ ജീവിതം പുഷ്ടിപ്പെടാൻ തുടങ്ങി. അക്കാലത്തു് ചമ്പക്കയ്ക്കു് മറെറാരു കുഞ്ഞുകൂടി ജനിച്ചു. ആ പ്രസവത്തോടെ ഉണ്ടായ അസുഖമാണു്, രക്തക്ഷയം, ഹൃദ്രോഗം എന്നിവയായി പരിണമിച്ചു് കൊല്ലംതോറും മൂന്നുനാലു് മാസക്കാലത്തോളം അവരെ കിടപ്പിലാക്കാൻ നിർബ്ബന്ധിതയാക്കിയതു്. ഇനിയും മറെറാരു പ്രസവത്തിനു് ഇടവരുത്തരുതെന്നു് ഡോക്ടർമാർ ഉപദേശിച്ചു. അന്നുമുതൽ രാഘപ്പ തന്റെ പ്രേമത്തിലെ ഒരു ഇനം, ഡോക്ടർമാരുടെ ഉപദേശപ്രകാരം അവളിൽനിന്നു് തിരിച്ചെടുത്തു. ആദ്യമായി സുഖക്കേടു പിടിപെട്ടു് ആസ്പത്രിയിൽ കിടന്ന കാലത്തു് ഒന്നും രണ്ടും തവണ വന്നു് ചമ്പക്കയെ കണ്ടിട്ടുപോയിരുന്നു, മഹബൂബജാൻ. കുട്ടികളുടെ പഠിപ്പു്, ഭാര്യയുടെ സുഖക്കേടു് എന്നീ കാരണങ്ങളാൽ രാഘപ്പ ധാർവാറിലേയ്ക്കു താമസം മാററിയതു മുതൽ മഹബൂബജാനിന്റെ പോക്കുവരവു് അധികമായി. അങ്ങനെ അവൾ വീട്ടിലെ ഒരു അംഗമായി. കുട്ടികൾക്കും അവളോടു് സ്നേഹമായി. അതുകാരണം ഇടയ്ക്കൊക്കെ അവൾ പേഡ, പഴങ്ങൾ, കളിക്കോപ്പുകൾ എന്നിവ അവർക്കു് കൊണ്ടുവന്നു കൊടുത്തിരുന്നു.

അന്നേയ്ക്കു രത്നയ്ക്കു വയസ്സ് പതിനഞ്ച്, ശാന്തയ്ക്കു പന്ത്രണ്ടും. ധാർവാറിൽ അവർ താമസിച്ചിരുന്ന തെരുവിലെ ജനങ്ങൾക്ക് ആ പെൺകുട്ടികൾ വളരെ പ്രിയപ്പെട്ടവരായി, അവരുടെ അഴകും പെരുമാററവും നിമിത്തം. രത്നയ്ക്കു കല്യാണപ്രായമായല്ലോ എന്നായി ചമ്പയ്ക്കു ചിന്ത. അതു ക്രമേണ ഏറിയും വന്നു. ഗംഗവ്വയുടേയും കിട്ടിയുടേയും അസ്തിത്വത്തെപ്പററി ആദ്യംമുതല്ക്കേ അറിവുണ്ടായിരുന്നിട്ടും അവർ അതിനെ സംബന്ധിച്ച് സംസാരിക്കാറേ ഇല്ലായിരുന്നു. എന്നാൽ ഒരിയ്ക്കൽ രാഘപ്പ, ഒരു സാധാരണമട്ടിൽ, കിട്ടിക്കു പ്രായമായതിനെപ്പററിയും തഹസീൽദാർ ആപ്പീസിൽ ഉദ്യോഗമുണ്ടെന്നതിനെപ്പററിയും ഭാര്യയോട്ട് പറയുകയുണ്ടായി. കിട്ടിക്കു തൻെറ മകളെ കൊടുക്കണമെന്ന ശാഠ്യമൊന്നും അയാൾക്ക് ഉണ്ടായിരുന്നില്ല. എന്നാൽ കിട്ടിക്ക് മകളെ കൊടുത്തു് ആദ്യത്തെ ബന്ധം വളർത്തിയെടുക്കണമെന്ന് ചമ്പക്കയ്ക്ക് അതിയായ ആശയുണ്ടായിരുന്നു. കിട്ടിയുടെ അച്ഛൻ സ്വാമിരായ എത്ര കഷ്ടപ്പെട്ടു, തൻെറ കല്യാണത്തിനുവേണ്ടി—ഈ ഉപകാരം അവർക്ക് ഒരിയ്ക്കലും മറക്കാനാവാത്ത ഒന്നായിരുന്നു. അതു് തൻെറ മകളെ കിട്ടിക്കു കൊടുത്തു തീർക്കണമെന്നായിരുന്നു, അവരുടെ കരളിനുള്ളിലെ മോഹം. അങ്ങനെയാണ് രാഘപ്പ കിട്ടിയുടെ വീട്ട് അന്വേഷിച്ചുപിടിച്ചു പോയി ഗംഗവ്വയോടു കല്യാണക്കാര്യം പ്രസ്താവിച്ചതു്. എന്നാലോ ഗംഗവ്വയുടെ തിരസ്കാരം അയാൾക്ക് ചതുരംഗക്കളിക്കുള്ള ഒരു വെല്ലുവിളിയായി തോന്നി. ''നിൻെറ മുമ്പിൽവെച്ച് നിൻെറ മകനെ എൻെറ കീശയിൽ ഒതുക്കും, ഞാൻ'' എന്ന് ഉള്ളാലേ ആണയിട്ട് അയാൾ അതിനെ സംബന്ധിച്ച പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി. പുറമേ മറെറാരു സംഗതികൂടി അയാളെ സംബന്ധിച്ച് ഉണ്ടായിരുന്നു. തൻെറ വിവാഹത്തെപ്പററി ദുഃഖിയ്ക്കേണ്ട യാതൊന്നും അയാൾക്ക് ഉണ്ടായിരുന്നില്ല. എന്നാൽ അന്ന് സ്വാമിരായൻെറ ഭീഷണിയ്ക്കു അടിപ്പെട്ട് താൻ തോററുപോയല്ലോ എന്നൊരു ദ്വേഷം അയാളുടെ ഉപബോധമനസ്സിൽ ഇനിയും തിളച്ചുപൊങ്ങിക്കൊണ്ടിരുന്നു. തൻെറ മകളെ കിട്ടിക്കുതന്നെ കൊടുക്കാൻ കഴിയുന്നതു് ഒരുതരത്തിൽ അതിനു പകരംവീട്ടിയപോലെ ആവില്ലേ?

ഭാഗ്യംകൊണ്ട് രത്ന നല്ല അഴകുള്ളവൾ. അതുതന്നെ തൻെറ പാതിപ്പണി തീർക്കുമെന്ന് അയാൾക്ക് നല്ല ധൈര്യമുണ്ടായിരുന്നു. അതുകൊണ്ട് അയാൾ ആ വഴിക്കുള്ള തൻെറ ചിന്ത മുന്നോട്ടു കൊണ്ടുപോയിത്തുടങ്ങി. ഒരു കല്യാണം നടത്തണമെങ്കിൽ സാധാരണമട്ടിൽ രണ്ടുമൂവായിരത്തിൻെറ കിഴി വേണം, കൈവശം.

ധാർവാറിൽ രാഘപ്പയുടെ 'ഉദ്യോഗം' വലിയവരുടെ സേവ ആയിരുന്നതു നിമിത്തം, കല്യാണത്തിനു വരുന്നവരും വലിയവരായിരിക്കും. കല്യാണവും വൻതോതിൽത്തന്നെ നടത്തണം. നിത്യച്ചെലവിനുവേണ്ടി വരുന്ന പണത്തിന് ഒരിക്കലും മുട്ടുവന്നിട്ടില്ല, അയാൾക്ക്. എന്നാൽ ഒററയടിക്ക് ഒരു 'കിഴി' വേണമെങ്കിൽ നിലം വിൽക്കാതെ ഗത്യന്തരം ഉണ്ടായിരുന്നില്ല.

രാഘപ്പയുടെ ചിന്ത ആ വഴിക്കു പോയപ്പോഠം ചമ്പകക്കുട്ട് സ്ത്രീസഹജമായ മറെറാരു ചിന്തയാണ് ഉണ്ടായതു്....മഹബൂബ്ബാജാൻ തൻെറ അനുജത്തിയല്ലേ, ഗൃഹലക്ഷ്മിയല്ലേ........എല്ലാം നേരുതന്നെ....വീട്ടിലെ വകയിൽ നിന്നു് ആറെ ണ്ണായിരത്തോളം അവഠംക്കു് കിട്ടിയിട്ടുണ്ടു്.....രത്ന അവളുടേയും മകളല്ലേ, ഒരു കണക്കിൽ? മകളുടെ കല്യാണത്തിനു് അവളും ചെയ്യേണ്ടതല്ലേ, ഒന്നുരണ്ടായിര ത്തിൻെറ ചെലവു്?........ ഈ വിചാരത്താൽ പ്രേരിതയായി അവർ ഒരിക്കൽ ഈ സംഗതി മഹബൂബ്ബാജാനോട്ട് മധുരമായി സൂചിപ്പിച്ചു സംസാരിച്ചു.

മഹബൂബ്ബാജാനോടു സംസാരിച്ച സംഗതി ഒരിക്കൽ അവർ ഭർത്താവിനോടു പറഞ്ഞു. അതു കേട്ടു് അയാഠം കലികയറി അലറി: ''ഇനി ഒരിക്കൽ ഈ സംഗതി എൻെറ മുമ്പിൽ എടുത്തിടരുതു്....നിലം വിററു് ഞാൻ കല്യാണം നടത്തും.'' പിന്നീട്ട് എന്തെങ്കിലും സംസാരിക്കാനുള്ള ധൈര്യം അവർക്കു് അന്നേരം ഉണ്ടായിരുന്നില്ല. എന്നാൽ അയാഠം സംസാരിച്ചതു് പ്രയോജനപ്പെ ടുത്തി, മറെറാരിക്കൽ, അവർ മഹബൂബ്ബാജാനോട്ട് സംസാരിച്ചു: ''നോക്കു്, നിൻെറ യജമാനൻ രത്നയുടെ കല്യാണത്തിനുവേണ്ടി ഒരു നിലം വിൽക്കാൻ പോകയാണത്രേ!''

ബുദ്ധിമതിയായ മഹബൂബ്ബാജാനു് ആ സംസാരത്തിൻെറ സാരം മനസ്സി ലാവാതെയിരുന്നില്ല. എന്നാൽ ആ സന്ദർഭത്തിൽ അവഠം മൗനംപൂണ്ടു് ഇരു ന്നതേ ഉള്ളു. ഒന്നാമതായി കല്യാണം എന്നു നടക്കാൻപോകുന്നോ, എന്തോ? രണ്ടാമതായി അവഠം തൻെറ ചേട്ടൻെറ മകനു് ഒരു പലചരക്കു കട ശരിപ്പെടുത്തി ക്കൊടുത്തിരുന്നു. അതിലേക്കു് തൻെറ കൈയിലുള്ളതെല്ലാം തല്ലിപ്പെറുക്കി ഇറക്കിക്കഴിഞ്ഞിരുന്നു.

## 11. ദേസായിയുടെ ഉൽക്കണ്ഠ

ദേസായി ചിന്താക്രാന്തനായി ലക്ഷ്മി ഹൈസ്കൂളിലേയ്ക്കു ചെന്നു. അദ്ദേഹം സ്കൂളിൻെറ ഗെയിററിൽനിന്നു ഹെഡ്മാസ്റ്ററുടെ മുറിയിലേയ്ക്കു നീങ്ങിക്കൊണ്ടി രിക്കെ ഇരമ്പിക്കൊണ്ടിരുന്ന എല്ലാ ക്ലാസ്സുകളും പെട്ടെന്നു് നിശ്ശബ്ദങ്ങളായി, കുതൂഹലത്തോടെ അദ്ദേഹത്തിൻെറനേരെ നോക്കുവാൻ തുടങ്ങി. ഒരു ക്ലാസ്സിലെ ലോകപരിചയം ഇല്ലാത്ത ഒരു അദ്ധ്യാപകൻ കുട്ടികളെ ഉറക്കെ ശാസിച്ചു: ''ഡോൺട് ലുക്ക് ഹിയർ ആൻഡു് ദേർ; ബി അറൻറീവ്!'' ദേസായിയുടെ ചിന്ത കുറെക്കൂടി ഏറി. ''എന്തുമാകട്ടെ—കളവു്, അടിപിടി, കൊല ഇതെല്ലാം കഴിച്ചുകൂട്ടാം. അതൊന്നുമാത്രം വയ്യ, എൻെറ ഈശ്വര!'' അങ്ങനെ വേദനയോടെ ഈശ്വരനാമം ഉച്ചരിച്ചുകൊണ്ടു് ഹെഡ്മാസ്റ്ററുടെ മുറിയിൽ പ്രവേശിച്ചു, അദ്ദേ ഹം. ഹെഡ്മാസ്റ്റർ എന്നുമെന്നപോലെ ഗംഭീരസ്വരത്തിൽ, പുഞ്ചിരി തൂകി ക്കൊണ്ടു് അദ്ദേഹത്തെ സ്വാഗതംചെയ്തു: ''വരൂ'' എന്നുമാത്രം പറഞ്ഞു് കസേ രയുടെ നേരെ വിരൽ ചൂണ്ടി.

അതു് 'അതുതന്നെ' ആയി........വസന്തരായനെപ്പററി എന്നും കുഴപ്പങ്ങളേ ഉണ്ടായിട്ടുള്ളു—ക്ലാസ്സിൽ ബഹളംകൂട്ടുക, അദ്ധ്യാപകരോടു് തർക്കുത്തരം പറയുക, തോന്നുമ്പോരം ക്ലാസ്സിലേയ്ക്കു വരിക—ഇത്തരം പരാതികരം ഒന്നാംക്ലാസ്സു മുതല്ക്കേ അയാളെപ്പററി ഉള്ളവയാണു്. എന്നാൽ ദേസായി സ്കൂളിൻെറ ശിലാസ്ഥാപനം തൊട്ടേ ഒരു 'ഡോണർ' (സംഭാവന നല്കിയവൻ) ആയിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിനു് മാനേജിംഗ് കമ്മിററിയുടെ തെരഞ്ഞെടുപ്പിനു് ഒരു വോട്ടു് ഉണ്ടായിരുന്നു. അതിനെ വിചാരിച്ചു് അദ്ധ്യാപകർ വസന്തനെപ്പററിയുള്ള പരാതികരം മറന്നുപോവുകയാണു് പതിവു്. മെട്രിക്ക് പരീക്ഷയിൽ ആദ്യത്തെ തവണ തലകുത്തി വീണശേഷം, അച്ഛനില്ലെങ്കിൽ വേണ്ട, താൻ ഏതായാലും സ്കൂളിലെ ഒരു 'ആജീവനാംഗം' ആണെന്ന മട്ടിൽ പെരുമാറാൻ തുടങ്ങി, അയാരം. തൻെറ ക്ലാസ്സിലെ പെൺകുട്ടികരം സ്കൂളിൽനിന്നു് വീട്ടിലേയ്ക്കു പോകുമ്പോരം നാലഞ്ചു് ഊളന്മാരായ കൂട്ടുകാരോടൊപ്പം അവരെ കളിയാക്കി പിന്തുടർന്നുകൊണ്ടു്, ഓരോരുത്തരെയായി അവരവരുടെ വീടു കാട്ടിക്കൊടുത്തശേഷം, അയാരം മുൻ പരിപാടിയിലേയ്ക്കു നീങ്ങുന്നു. അയാളുടെ ആ വഴക്കത്തെപ്പററി ഹെഡ്മാസ്റ്റർമുതൽ, ശിപായിവരെ എല്ലാവർക്കും അറിയാമായിരുന്നു. എന്നാൽ ആ വഴക്കത്തിലുമധികം മുന്നോട്ടു് വസന്തരായ പോവാറില്ല. വിദ്യാർത്ഥിനികളും അയാളുടെ ആ പരിപാടി വഴക്കമായതുകൊണ്ടു് അത്ര ഗൗരവം കൊടുക്കാതെയുമായി. എന്നാൽ അടുത്തകൊല്ലം മെട്രിക്ക് താണ്ടിക്കടക്കാനുള്ള മൂന്നാമത്തെ പ്രയത്നമായിരുന്നു. ഇന്ദുമതീസ്വയംവരത്തിനു് വന്ന രാജാക്കന്മാരെപ്പോലും നാണിപ്പിയ്ക്കുത്തക്കവിധം ക്ലാസ്സിലും പുറത്തും പെൺകുട്ടികളുടെ കവിളത്തു് ഉന്നംവെച്ചു് അടയ്ക്കു എററി താൻ ഒരു സവ്യസാചിയെന്ന മട്ടിൽ നെഗളിക്കാൻ തുടങ്ങി. ചെമ്പകപ്പൂവിൻെറ ഇതളിന്മേൽ തൻെറ പേരോ, പെൺകുട്ടികളുടെ പേരോ, 'ഐ ലവ് യൂ' എന്നിങ്ങനെ ചുവന്ന മഷിയിൽ എഴുതി ദിവസവും വെവ്വേറെ പെൺകുട്ടികളുടെ തലയ്ക്കെറിഞ്ഞു തൻെറ 'നിഷ്പക്ഷതാസിദ്ധാന്ത'ത്തെപ്പററി എല്ലാവരേയും അയാരം മനസ്സിലാക്കിക്കൊടുത്തു. ക്ലാസ്സിലെ ഒരു ഫാഷൻകാരിയെന്നു പേർകേട്ട, നീളൻമുടിയുള്ള, ആണിൻെറ മട്ടുള്ള ഒരു പെൺകുട്ടിയെപ്പററി അയാരംക്കു് എള്ളോളം ബഹുമാനം ഉണ്ടായിരുന്നില്ല. തലയിൽ ഉപ്പിട്ടാൽ മുടികൊഴിഞ്ഞുപോകുമെന്ന തത്വം ഏതോ ഒരു 'മഹാത്മാവു്' അയാളെ ധരിപ്പിച്ചു. അതിൻെറ ശാസ്ത്രീയ പരീക്ഷണം നടത്തിനോക്കാനായി സ്കൂളിലെ മതിലിൽ കയറിനിന്നു് ആ പെൺകുട്ടിയുടെ തലയിലേയ്ക്കു് അര സേർ ഉപ്പു് ചൊരിഞ്ഞു. ആ 'ലീലാവിലാസ'ത്തിൻെറ പേരിൽ ഹെഡ്മാസ്റ്റർ അയാളെ വിളിച്ചുവരുത്തി ദേഷ്യപ്പെട്ടു. എന്നാൽ ഹെഡ്മാസ്റ്ററേയും കളിപ്പിച്ചു പഴമാക്കിത്തീർക്കാനുള്ള വിദ്യയും അയാരംക്കു് കരതലാമലകംപോലെ ആയിരുന്നു. അദ്ദേഹത്തിൻെറ എല്ലാ ചീത്തയും കേട്ടു്, തനി ഉരംനാടൻെറ മട്ടിൽ നടിച്ചുകൊണ്ടു്, 'സർ, ഒരുതവണ തെററുപററിപ്പോയി. അങ്ങയുടെ മകനെന്നു് കരുതു' എന്നു് അപേക്ഷിച്ചു കൈക്കൂപ്പും, അയാരം. അങ്ങനെയുള്ള ഒരുത്തനെ എങ്ങനെ ശിക്ഷിക്കണമെന്നതു് ഹെഡ്മാസ്റ്റർക്കു് ഒരു പ്രശ്നമായിത്തീർന്നിരുന്നു. സ്കൂളിലെ വിദ്യാർത്ഥികളുടെ

ഇടയ്ക്കുമാത്രം വസന്തരായന്റെ കഥകൾ പുരാണപുണ്യകഥകൾപോലെ പ്രചരിച്ച്, അയാളുടെ കീർത്തിയെ ദിനംതോറും ഉയർത്തിക്കൊണ്ടുവന്നു. അയാൾ ഒററ വിദ്യാർത്ഥിയേയും കെട്ടത്തുന്നവനായിരുന്നില്ല. ആരുടെ മനസ്സിനേയും നോവിയ്ക്കുന്നവനും ആയിരുന്നില്ല—ഈ ഖ്യാതിയും ഉണ്ടായിരുന്നു, അയാൾക്ക്.

എന്നാൽ ആ കൊല്ലത്തെ രണ്ടാം ടേമിൽ പുണെ (പൂന)യിൽ നിന്നു് മാററമായി വന്ന ഒരു സബ്ബ് ജഡ്ജിന്റെ മകൾ സ്കൂളിൽ ചേർന്നു. അതുവരെ സ്ത്രീവർഗ്ഗത്തെ സമഭാവനയോടെ നോക്കിയിരുന്ന, യോഗീശ്വരനായ ശ്രീകൃഷ്ണനെപ്പോലെ പെരുമാറിയിരുന്ന, വസന്തരായ ഒററയടിക്ക് യോഗഭ്രഷ്ടനായി ഒരു പക്ഷപാതി ആയിത്തീർന്നു. 'ഏക ദൃഷ്ടിർവ്വിശിഷ്യതേ!' ആ പൂച്ചക്കണ്ണുള്ള പെൺകുട്ടിയെ അയാൾ തന്റെ പോത്തിൻകണ്ണുകൊണ്ടു് നോക്കാൻ തുടങ്ങി. അതുവരെ പെൺകുട്ടികളെ കളിയാക്കി സംസാരിക്കുകമാത്രം ചെയ്തിരുന്നവൻ ഉച്ചയ്ക്കും സന്ധ്യയ്ക്കും തന്റെ സ്നേഹിതനായ അബ്ദുൾ അസീസിന്റെ മുറിയിൽ ചെന്നു് അയാളുടെ മുമ്പിൽ തന്റെ ഹൃദയമിടിപ്പുകൾ എണ്ണാൻ തുടങ്ങി. അയാളെക്കൊണ്ടു് ഗസലുകൾ * ചൊല്ലിപ്പിച്ച് 'ഹായ്! ഹായ്!' എന്നു്മുഴക്കി ദീർഘശ്വാസം വിടാൻ തുടങ്ങി. അവസാനം അയാളുടെ സഹായത്തോടെ താഴെ കാണുന്ന ഒരു പ്രേമലേഖനം വസന്തരായ എഴുതി, അവളുടെ 'കാംപസ്' പെട്ടിയിൽ വെച്ചു.

## Welfare

My dearest Laila (Miss Khot)

All we!l. I love you hart and sole. You also please love to me. If you go to seeneema, box seat. I stand in Motor stand 3 O'clock-seeneema being three and half matnee. You do not come, my life Barabad, Nothing more to wright at present. More in persont. More in person. All well.

Your dearest Majnu
Vasantarao Gopal Gouda Desai
(Bahaddur)

Post : Dharwar
At : Dharwar.
District : Dharwar.

ലൈല ആ കത്തു് തന്റെ അമ്മയ്ക്കു് കൊടുത്തു്; അമ്മ തന്റെ പതിക്ക്; പതി ഒരു പരിചയക്കത്തോടൊപ്പം ഹെഡ്മാസ്റ്റർക്കും. അങ്ങനെ വസന്തരായന്റെ പ്രേമലേഖനം മൂന്നു ദിവസങ്ങളിലായി യാത്രചെയ്തു.

---

* ഗസൽ: ഉർദു—പാർസിയിലെ കാമോദ്ദീപകമായ, മുക്തകരൂപത്തിലുള്ള കവിത.

ഹെഡ്മാസ്റ്ററുടെ മുമ്പിൽ ഒരു ദുർഘട സന്ദർഭം വന്നുചേർന്നു. ആ പെൺകുട്ടിയുടെ അച്ഛനായ സബ്ബ്ജഡ്ജിന്റെ കത്ത് അദ്ദേഹത്തിന്റെ നിയമ പരിചയത്തിനു് അനുഗുണമായി ചെറുതായിരുന്നെങ്കിലും നല്ല എരിവുള്ളതായി രുന്നു.

Dear Mr. Headmaster,

I have enclosed herewith a letter found in my daughter's compass box. I should like to know what action you propose to take against the miscreant. Please acknowledge per bearer the receipt of the two letter. yours etc ............ ....

കത്തുംകൊണ്ടുവന്ന ശിപ്പായി കത്തു കിട്ടിയതിന്റെ രസീതും മേടിച്ചേ പോകയുണ്ടായുള്ളു.

ഒരുകണക്കിനു് ഹെഡ്മാസ്റ്റർക്കു് സന്തോഷം തോന്നി. ഇത്തവണ എല്ലാം രേഖയായി കിട്ടി. ആ രണ്ടു കത്തുകളും ദേസായിയുടെ മുമ്പിൽ വച്ചുകൊടുത്തു്, എന്തു വേണമെന്നു് അദ്ദേഹത്തോടുതന്നെ ചോദിച്ചു്, അദ്ദേഹത്തെ ഉടക്കിപ്പിടി ക്കണമെന്നു് അങ്ങോർ നിശ്ചയിച്ചു.

കത്തുകൾ വായിച്ച ദേസായിയുടെ മുഖം വിയർത്തു. അതിന്റെ സാരം മനസ്സിലാക്കാൻ ആവാതെ ഹെഡ്മാസ്റ്ററും വിയർത്തു. തെല്ലുനേരം മൗനം നിറഞ്ഞുനിന്നു. ക്ലാസ്സുകളിൽ നിന്നു് വിദ്യാർത്ഥികൾ മൂത്രമൊഴിക്കാനെന്നു് മാസ്റ്റർമാരോടു് ഒഴികഴിവു് പറഞ്ഞു് പുറത്തുവന്നു് ഹെഡ്മാസ്റ്ററുടെ മുറിയി ലേക്കു് എത്തിനോക്കാൻ തുടങ്ങി....അഞ്ചു നിമിഷങ്ങൾക്കുള്ളിൽ ദേസായി ഒരു തീർപ്പിൽ എത്തിച്ചേർന്നു:

''മാസ്റ്റർ, ഞാൻ ഒരു ഡോണർ എന്ന സംഗതി തൽക്കാലം മറന്നുകള ഞ്ഞേയ്ക്കു. എന്നാൽ പയ്യന്റെ തന്ത എന്ന നിലയ്ക്കു് എനിക്കു് ഒരു അപേ ക്ഷയുണ്ടു്. അതു് അങ്ങേയ്ക്കു ശരിയല്ലെന്നു തോന്നിയാൽ ഒരു കലവറയുമില്ലാ തെ പറഞ്ഞേയ്ക്കു, ആവില്ലേ എന്നു്. ഒരു വിഷമവും തോന്നണ്ട!....'' എന്നു ദേസായി പറഞ്ഞു.

മാസ്റ്റർക്കുള്ള ചിന്ത ദേസായി എന്തു സൂചിപ്പിക്കുന്നോ ആവോ എന്നതി നെപ്പററി ആയിരുന്നു. അല്പം അമ്പരപ്പോടെ അദ്ദേഹം ചോദിച്ചു: ''എന്താണു് വിഷയം?''

''എന്റെ മകന്റെ പേര് നീക്കംചെയ്യാൻ ഞാൻ ഹർജി തരാം. അവന്റെ പേര് നീക്കംചെയ്യൂ. അവൻ സ്കൂളിന്റെ വളപ്പിനകത്തു് കാൽ കുത്തിപ്പോകരു തെന്നു് ഞാൻ അവനു് താക്കീതു കൊടുത്തുകൊള്ളാം. ഇത്രയുമായിട്ടും അവൻ വരികയാണെങ്കിൽ, രണ്ടാമതൊന്നു് ആലോചിക്കാതെ ശിപ്പായിയെ വിളിച്ചു് പുറത്താക്കിക്കൊള്ളു. ഒരുത്തൻ കാരണം സ്കൂൾ ഒട്ടാകെ നശിച്ചുപോകരുതു്.

സ്കൂളും ഒരുകണക്കിനു് എൻെറ മകൻതന്നെയാണു്.... ''ദേസായി തെല്ല നന വാർന്ന കൺപീലികളെ മേൽമുണ്ടുകൊണ്ടു് ഒരുതവണ തിടുക്കപ്പെട്ടു് ഒപ്പി വീണ്ടും തുടർന്നു: ''എൻെറ അപേക്ഷ ഇത്രമാത്രം. എക്സ്പെൽ ചെയ്തു എന്ന നോട്ടീസ് ഒട്ടിക്കാതിരിയ്ക്കു... റിക്കാർഡിൽ എക്സ്പെൽഡ് എന്ന വാക്കു വേണ്ട. വേണമെങ്കിൽ ആ ജഡ്ജിനെ അറിയിച്ചേയ്ക്കു, എക്സ്പെൽ ചെയ്തു എന്നു്. അങ്ങേയ്ക്കു് ആവശ്യമാണെങ്കിൽ ഞാൻ ഒരു മാപ്പും എഴുതിത്തരാം. എന്നാൽ സ്കൂളിലെ റിക്കാർഡുകളിൽ മാത്രം ആ വാക്കു വേണ്ട. ഇതാണു് എൻെറ ഒററ അപേക്ഷ. അതു് അങ്ങേയ്ക്കു ശരിയെന്നു തോന്നുന്നുവെങ്കിൽ ചെയ്യൂ?....''ഇത്രയും പറഞ്ഞു് ദേസായി മൌനംപൂണ്ടു.

''പ്രോഗ്രസ്സ് റിപ്പോർട്ടു് അയച്ചില്ല!'',''ഫീസ് അധികം വസൂലാക്കുവാൻ തുടങ്ങിയല്ലോ!'',''ഗെയിംഫീസു് വസൂലാക്കുന്നുണ്ടെങ്കിലും കളിസ്സാമാനങ്ങൾ കൊടുക്കുന്നില്ല''—എന്നിങ്ങനെയുള്ള പരാതികൾ മാത്രം രക്ഷാകർത്താക്കന്മാരിൽ നിന്നു് കാലത്തു മുതൽ കേട്ടു് ബുദ്ധി സ്തംഭിച്ച പാവം ഹെഡ്മാസ്റ്റർക്കു ദേസായി യുടെ വാക്കുകൾ തൻെറ ചെവിയിൽ അമൃതു് തളിച്ചപോലെ തോന്നി. കൃതജ്ഞ തയാൽ അദ്ദേഹത്തിൻെറ മുഖം ആവുന്നത്ര വികസിച്ചു. ദേസായിയിൽനിന്നു് അത്രയെല്ലാം മാസ്റ്റർ പ്രതീക്ഷിച്ചതല്ല. ദേസായി എല്ലാ കോണുകളിൽനിന്നും സൂചനവഴി ന്യായമായതു് ശരിപ്പെടുത്തി. ജഡ്ജിയോടു് സ്വല്പം നുണ പറയേ ണ്ടിവന്നു. വാക്യരചനയുടെ ശൈലിയാലും അദ്ദേഹം തൻെറ വ്യക്തിത്വം നിലനിറുത്തി. അതുമൂലം സത്യാവസ്ഥ സൂചിപ്പിക്കപ്പെടാനും കഴിഞ്ഞു. അതി ലും വെച്ചു് സ്കൂളിലെ റിക്കാർഡുകളെ സംബന്ധിച്ച ദേസായിയുടെ ഗൌരവ ബോധം കണ്ടു് മാസ്റ്ററുടെ വേദന തിന്ന ഹൃദയം സന്തോഷിച്ചു.

ഹെഡ്മാസ്റ്റർ വസന്തരായനെ വിളിപ്പിച്ചു. അയാൾ അന്നു ക്ലാസ്സിലേ വന്നിരുന്നില്ല........

*   *   *

അന്നു് 'സർവ്വാലങ്കാരവിഭൂഷിത'നായി വസന്തരായ ഉച്ചമുതൽ അബ്ദുൾ അസീസിൻെറ വീട്ടിൽ കഴിച്ചുകൂട്ടി. ഹോട്ടലിൽ ഇരുന്നു് അയാളുമായി വേണ്ടത്ര 'ചർച്ച' നടത്തി. രണ്ടു മണിക്കു് മോട്ടോർസ്റ്റാൻഡിൻെറ അടുത്തുപോ യി നിന്നു. രണ്ടുമണിക്കൂർ കാത്തുനിന്നിട്ടും ആരും വന്നില്ല. മോട്ടാർ സ്റ്റാൻ ഡിലും സിനിമാതിയേററിലും പത്തു തവണവീതം ചുററിക്കറങ്ങി. അവസാനം തൻെറ പ്രേയസിയുടെ അടുത്തു് എത്താൻ കഴിയുകയില്ലെന്നു് അയാൾക്കു തീർച്ചയായി. സ്കൂൾ വിടുന്നതിനുള്ളിൽ അവളെ ഒരുതവണ കണ്ടു് തെരുവിൽ ഉടനീളം നിലവിളിച്ചുകൊണ്ടു് ജീവിതമവസാനിപ്പിക്കണമെന്നു് അയാളുടെ ഹൃദയം മന്ത്രിച്ചു. വഴിയുടെ ദൂരം കരുതിയപ്പോൾ സ്കൂൾ വിടുന്നതിനുള്ളിൽ അവിടെ തനിക്കു് എത്താൻകഴിയുമോ ഇല്ലയോ എന്നു് അയാൾക്കു് സംശയ മായി. ഉടൻതന്നെ ഒരു ടോംഗ വിളിച്ചു. 'ഘിൻ' 'ഘിൻ' എന്നു ശബ്ദമുണ്ടാ ക്കിക്കൊണ്ടു് ടോംഗ വേഗത്തോടെ സ്കൂളിൻെറ വളപ്പിൽ പ്രവേശിച്ചു. 'ഇതു് എവിടെയുള്ള കുതിര!' എന്നു് സ്കൂൾ ഒന്നാകെ അങ്ങോട്ടു നോക്കിപ്പോയി! വല്ല

ഇൻസ്പെക്ടരുമായിരിക്കണമല്ലോ എന്നു ശങ്കിച്ച് ഹെഡ്മാസ്റ്റർ മുറിവിട്ടു പുറത്തേയ്ക്കു വന്നു. അദ്ദേഹത്തിൻെറ പിന്നാലെ രണ്ടു ശിപ്പായികളും ഓടിയെത്തി. 'ഇൻസ്പെക്ടർ' എന്നു കിടിലംകൊണ്ടു്, വളപ്പിലെ മരങ്ങളിന്മേൽ ഉണ്ടായിരുന്ന പക്ഷികരംപോലും സ്തംഭിച്ചുപോയി!

കിടിലംകൊണ്ട ആ നിമിഷത്തിൽ വസന്തരായ ടോംഗ വിട്ട് ഒരു വിനോദത്തോടെ ഇറങ്ങി, ധോത്തി ശരിപ്പെടുത്തിക്കൊണ്ടു്. 'താംബൂലസേവന'ത്താൽ അയാളുടെ വായ ചുവന്നിരുന്നു. വുള്ളൻ കോട്ടിൽനിന്നു് പുറപ്പെടുന്ന 'ഘുമ്ഘുമ്' വിലാസം തോട്ടത്തിലെ പൂക്കളുടെ സുഗന്ധത്തെ ഇല്ലാതാക്കിക്കളഞ്ഞു! കോട്ടിന്മേൽ വാട്ടമേൽക്കാത്ത ഒരു റോസാപ്പൂവ് അലങ്കരിച്ചിരുന്നു. കീശയിൽനിന്നു് പലനിറമുള്ള കൈലേസുകരം തൂങ്ങിക്കിടന്നിരുന്നു. കാലിൽ ഇട്ടിരുന്ന പോളിഷു ചെയ്ത സ്ലിപ്പറുകരം മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. കഴുത്തിൽ കാക്കിനിറമുള്ള സ്കോർഫ് ചുററിക്കിടന്നിരുന്നു. നെററിക്കുനേരെ മുടി വകഞ്ഞിട്ടിരുന്നു. അബ്ദുരം അസീസ് അയാളെ മജ്നവാക്കാൻവേണ്ടി ''സുറുമ' കണ്ണിൽ എഴുതിച്ചിരുന്നു. അതു് അയാളെ നാടകങ്ങളിലെ പാതി ഭീമനും, പാതി പെററുകിടക്കുന്നവളും ആക്കിവിട്ടിരുന്നു.

കാലിൽ ചെരുപ്പുപോലും ഇടാതെ ഓടിവന്ന ഹെഡ്മാസ്റ്ററുടെ മുമ്പിലുണ്ടു് നില്ക്കുന്നു, കുതിരയേയും പായിച്ചുവന്ന വസന്തൻ. അദ്ദേഹം കൂപ്പാൻ ഉയർത്തിയ കൈകരം ആ നെററി തുടയ്ക്കാൻ എന്നാക്കി കീഴെയിട്ടു. എന്തു സംസാരിക്കണമെന്നു തോന്നാതെ അദ്ദേഹം അരനിമിഷം അങ്ങുമിങ്ങും നോക്കി നിന്നുപോയി. ക്ലാസ്സിനകത്തുള്ള കുട്ടികരം പരസ്പരം നോക്കി ചിരി അമർത്തി. എന്നാൽ അഞ്ചാം ക്ലാസ്സിലെ 'അൺട്രെയിൻഡ്'' ആയ ഒരു അദ്ധ്യാപകൻ ചിരി അമർത്താൻ ആവാതെ 'ഗിക്ക്'' എന്നു് ഒച്ചയുണ്ടാക്കിയതു നിമിത്തം ആ ക്ലാസ്സൊന്നാകെ 'ഹു' എന്നു് ആർത്തുചിരിച്ചു. ആ ചിരി അടുത്തുള്ള ക്ലാസ്സുകളിലേയ്ക്കു പരന്നു്, നാലഞ്ചു ക്ലാസ്സുകരം ഒരുമിച്ച് ഉച്ചത്തിൽ ചിരിച്ചു. ആ കൂട്ടച്ചിരിയുടെ ഇടയ്ക്കു് ഹെഡ്മാസ്റ്റർ തൻെറ മനസ്സിനെ നിയന്ത്രിച്ചു കർത്തവ്യപാലനത്തിനു തയ്യാറായി.

''എന്താടോ?'' എന്നു് അദ്ദേഹം വസന്തനോടു് ഗംഭീരസ്വരത്തിൽ ചോദിച്ചു.

''ഒന്നുമില്ല, സർ. വീട്ടിൽ ശ്രാദ്ധമുണ്ടായിരുന്നു. അതുകൊണ്ടു് വരാൻ താമസിച്ചുപോയി.''

ആ 'ശ്രാദ്ധം' ഉടൻതന്നെ കഴിക്കണമെന്നു് ഉറച്ച് ഹെഡ്മാസ്റ്റർ അയാളെ തൻെറ മുറിയിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. പ്രണയത്തിൻെറ ആ 'വാറോല' അയാളുടെ നേരെ നീട്ടിക്കൊണ്ടു്, ''ഇതു് നീതന്നെ എഴുതിയതാണോ''? എന്നു ചോദിച്ചു.

തൻെറ രക്തംകൊണ്ടു് എഴുതപ്പെട്ടതാണെങ്കിലും ആ കത്തു് ഹെഡ്മാസ്റ്ററുടെ കൈയിൽ ഇരുന്നു് ഒരു വൈരിയുടെ മട്ടിൽ തൻെറനേരെ നോക്കുകയാണെ

ന്നു് അയാറംക്ക തോന്നി. സ്വന്തം കൈയ്യക്ഷരം, സ്വന്തം ഒപ്പ്, തെററിധാരണ ഉണ്ടാകരുതെന്നു കരുതി പേരിനോടൊപ്പം ചേർത്ത 'ബഃഹദൂർ എന്ന വാക്കു്— ഇതെല്ലാം അയാളുടെ കൈകറം വരിഞ്ഞുകെട്ടിക്കളഞ്ഞു. ഒന്നും പറയാൻ മനസ്സു വന്നില്ല. കൃത്രിമമായ ഒരു ആവേശം ഉണ്ടാക്കി അയാറം നിയമമുറസ്സു പോകാൻ തന്നെ നിശ്ചയിച്ചു.

''അതേ, ഞാൻതന്നെയാണു് എഴുതിയതു്. എന്നാൽ അതു വായിക്കാൻ അങ്ങേയ്ക്കു് എന്താണു് അധികാരം?

ഹെഡ്മാസ്റ്റർ ജഡ്ജിൻെറ കത്തു നീട്ടി, അയാളുടെ മൂക്കിനുനേരെ. അതോടൊപ്പം ''നീ നാളെമുതൽ സ്കൂളിലേയ്ക്കു വരരുതു്!'' എന്നു് ഗർജ്ജിക്കുകയും ചെയ്തു.

അദ്ദേഹത്തിൻെറ ആവേശം കണ്ടു് വസന്തൻ സാമോപായമാർഗ്ഗങ്ങറം തേടിത്തുടങ്ങി.

''സാാർ, സ്വന്തം മകനാണെന്നു കരുതിക്കോളൂ, എന്നെ. ഈ ഒരു തവണ ഇതു് ഉള്ളിലൊതുക്കിവെയ്ക്കൂ, സാാർ! തെററായി. ക്ഷമിക്കണം........''

മാസ്റ്റർക്കു് വസന്തൻെറ ആ 'കാര്യപരിപാടി' പുതിയതല്ല.

''അതെന്തുമാകട്ടെ, നാളെമുതൽ നീ സ്കൂളിൽ വരരുതു്. വന്നാൽ........'' എന്നു പറഞ്ഞു് ഉമിനീർ ഇറക്കി. വസന്തനു് ഈ സംസാരം പുതിയതായിരുന്നു.

''വന്നാൽ........എന്തുചെയ്യും?''
''അതു ബാളപ്പയോടു് ചോദിക്കു്........''

ബാളപ്പ മണി അടിക്കുന്ന 'ഉഗ്രൻ' ശിപ്പായി ആയിരുന്നു. വസന്തനു് 'ബ്രഹ്മാണ്ഡ രോഷം' വന്നു; അപമാനവും തോന്നി. അല്പം നെഗളിച്ചും അല്പം വ്യസനിച്ചുംകൊണ്ടു്, ''ഹും! ബാളപ്പ എന്തുചെയ്യും?!........എൻെറ അച്ഛൻ ശരിപ്പെടുത്തിക്കൊടുത്തതാ അവൻെറ ജോലി........വരട്ടെ അവൻ എൻെറ കൈ പിടിക്കാൻ! ഞാൻ അപ്പോറം കണ്ടോളാം........'' എന്നു് അലമുറയിട്ടു് പ്രധാന വിഷയത്തിലേയ്ക്കു വന്നു: ''എനിക്കു സ്കൂളിൽ വരരുതേ?........എന്തുകൊണ്ടു്?........ഞാൻ മണ്ണല്ല കൊടുക്കുന്നതു്, ഫീസാണു്, റൊക്കം ഫീസു്''

''നിൻെറ ഫീസും വേണ്ട, നീയും വേണ്ട!''

''എന്തുകൊണ്ടു്? വേണമെന്നു പറയുമ്പോറം വരാനും വേണ്ടെന്നു പറയുമ്പോറം പോകാനും തൻെറ തന്തയുടെ സ്കൂളല്ല, ഇതു്!........ഹും!........ഹും!''— ഇത്രയും പറഞ്ഞു് അയാറം വിതുമ്പിത്തുടങ്ങി. ശിപ്പായിമാർ ഓടിവന്നു് അയാളെ കയറിപ്പിടിച്ചതും അയാറം നിലത്തു ചടഞ്ഞിരുന്നതും ഒന്നിച്ചുകഴിഞ്ഞു.

ഹെഡ്മാസ്റ്റർ അയാളുടെ അച്ഛൻ എഴുതിക്കൊടുത്ത ഹർജി വായിച്ചു കേൾപ്പിച്ചപ്പോൾ അയാൾക്കു നിലം ഇടിഞ്ഞു താഴ്ന്നുപോകുംപോലെ തോന്നി. അവസാനം ഹെഡ്മാസ്റ്റർ അയാളോടു് പറഞ്ഞു, ദേസായി സ്വയം ബാളപ്പസ്സു് വാങ് മൂലമായി കല്പന കൊടുത്തിട്ടുണ്ടു്, അവനെ പിടിച്ചു പുറത്താക്കാൻ എന്നു്. ഹെഡ്മാസ്ററക്കു് ആപത്തു നന്നായി അറിയാം........താൻ ഇരുട്ടത്തു പോകും സമയം കോപം കയറിയ വസന്തൻ എന്തെങ്കിലും ചെയ്താലോ? .... .... എല്ലാം പറഞ്ഞതിനുശേഷം അദ്ദേഹം ''ഇനി നിനക്കു പോകാം'' എന്നു പറഞ്ഞു.

വസന്തൻ പന്തു പൊങ്ങുംപോലെ എഴുന്നേററു് പുറത്തേയ്ക്കു വന്നു. കൂലി കൊടുക്കാതിരുന്നതു നിമിത്തം ടോംഗ ഇനിയും പുറത്തു കാത്തു നിന്നിരുന്നു. കുറച്ചു് ഒച്ചയിട്ടു്, വിരലുകളുടെ ഞെട്ടയൊടിച്ചുകൊണ്ടു്, ''ഏതു തന്തയുടെ വരുതിയിലാ?'' എന്ന ഭാവത്തോടെ വീണ്ടും ടോംഗയുടെ അടുത്തേയ്ക്കു വന്നു. ''തെളിക്കെടോ, ടോംഗ! ആരു വരും ഈ ശ്മശാനത്തിലേയ്ക്കു്!'' എന്നു പറഞ്ഞു് നിലത്തു കാർക്കിച്ചു് ഒരു തുപ്പു കൊടുത്തു.

## 12 വസന്തരായൻെറ ലങ്കാദഹനം

സ്കൂളിൽനിന്നു് പുറത്തുവന്ന വസന്തരായൻ അബ്ദുൾ അസീസിൻെറ മുറിയിലേയ്ക്കു ചെന്നു. അയാൾക്കു്, തൻെറ 'കലാശിൽപം' ബഹുമതി നേടാൻ കഴിയാഞ്ഞതിൽ അത്യന്തം വ്യസനം തോന്നി. ആ പ്രേമഭംഗത്തിൽ നിന്നു് യഥാർത്ഥമായ ദുഃഖം ഉണ്ടായതു് അയാൾക്കു് ആയിരുന്നു. ലൈലാ—മജ്നുവിൻെറ കഥയിൽ വളർന്ന അയാൾക്കു് ഉൽക്കണ്ഠയായി—വസന്തൻ എങ്ങുപോയി പാഴാകുമോ, എങ്ങുപോയി ഹൃദയം തകർക്കുമോ, ഉന്മാദം കൊള്ളുമോ എന്നൊക്കെ. അതുകൊണ്ടു് അയാൾ വസന്തനെ സമാധാനിപ്പിക്കാൻ തുടങ്ങി. എന്നാൽ വസന്തൻ പ്രേമക്കാര്യം മറന്നേപോയിരുന്നു. അതിനുപകരം, തനിക്കു നേരിട്ട അപമാനത്തെപ്പററി ഓർമ്മിച്ചുകൊണ്ടിരുന്നതു നിമിത്തം, സ്കൂൾ ചുടണോ, ഹെഡ്മാസ്റ്ററെ ഇരുട്ടത്തു് കാണണോ എന്നിങ്ങനെയുള്ള സുധീര ചിന്തകളാണു് അയാളുടെ തലയ്ക്കകത്തു് നിറഞ്ഞുവന്നതു്. അബ്ദുൾ അസീസിൻെറ 'ഗസലു'കളുടെ പ്രഭാവത്താൽ അയാളുടെ 'ആൺവിശപ്പു്' ആറിപ്പോയിരുന്നതു നിമിത്തം, ഇരുട്ടായശേഷം അയാൾ വീട്ടിലേയ്ക്കു പുറപ്പെട്ടു—'ഏകാകി വിക്രമം കുര്യാത്' എന്ന തത്വമനുസരിച്ചു. വീടിൻെറ അടുത്തു വന്ന ഉടൻ 'അങ്ങോട്ടു് എന്തിനു് പോകണം?' എന്ന ഒരു ചിന്ത അയാൾക്കു് ഉണ്ടായി, അയാൾ തിരിച്ചുപോന്നു. അങ്ങനെ ആടിക്കൊണ്ടിരിക്കുന്ന മനസ്സുമായി അയാൾ മൂന്നു തവണ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അപ്പോഴേയ്ക്കും മണി പത്തടിച്ചു. അവസാനത്തെ തവണ വീട്ടിനടുത്തു് എത്തിയപ്പോൾ വീട്ടുവളപ്പിൻെറ വേലിയുടെ അപ്പുറത്തു നിന്നു് അയാൾക്കു് ഒരു സംഭാഷണം കേൾക്കായി:

''ഏയ്, ആ ഭാവിക്കുട്ടിയുടെ വീട്ടിൽ ശീട്ടുകളിച്ചു് ഇരിക്കുന്നുണ്ടോ എന്നു നോക്കി വാ!'' എന്നു ദേസായി പറയുന്നു.

''ഗൗഡരേ, അവിടെ ഇല്ല.''

''ആ മുസ്ലീം പയ്യന്റെ മുറിയിൽ നോക്കിയോ?''

''ഇപ്പോഠം പോയിവന്നേയുള്ളു.''

''അങ്ങനെയെങ്കിൽ ഇനി ഒരു മണിക്കൂർകൂടി ഇവിടെ കാത്തിരിക്കു. അവൻ വന്ന ഉടൻ എന്നെ എഴുന്നേല്പിക്കു. എവിടെ പോകാനാണ്?........'' പിന്നീട് എല്ലാം നിശ്ശബ്ദം.

ആ സംഭാഷണം കേട്ടപ്പോഠം അവിടെനിന്ന് ഓടിപ്പോകണമെന്ന് വസന്തന് ആഗ്രഹമുണ്ടായി. പക്ഷേ അയാളുടെ കാൽ നോവാൻ തുടങ്ങിയിരുന്നു. അസീസിന്റെ മുറിയിലേയ്ക്ക് അധികം ദൂരമുണ്ട്. മററാരുടെയെങ്കിലും വീട്ടിൽ പോയാൽ ഇല്ലാത്ത 'ചികിത്സ' ആരംഭിക്കും. പുരോഹിതൻ ബാളംഭട്ടന്റെ വീട്ടിൽ ചെന്ന് 'എനിക്ക് ഊണ് വിളമ്പ്' എന്നു പറയാം. പക്ഷെ അവിടെ കിടന്നുറങ്ങുക അസാദ്ധ്യമാണ്, മുട്ടകടിയേററു്. അയാഠം ഒരു ഉപായം മാത്രമേ കണ്ടുള്ളു; പിൻഭാഗത്തുകൂടെ മുററത്തു കയറി എന്തെങ്കിലും ചെയ്തു് ഒച്ചയനക്കമില്ലാതെ മച്ചിലുള്ള തന്റെ മുറിയിൽ കയറിപ്പററുക.

പിൻഭാഗത്തു് എങ്ങും ഇരുട്ട്. അയാഠം വേലി ചാടിക്കടന്നു. മുള്ളുകൊണ്ടില്ല. അതുകൊണ്ട് അയാഠംക്കു സന്തോഷം തോന്നി. വീട്ടിന്റെ തൊട്ടടുത്തു് എത്തി. ഇരുട്ടിൽ വീട് ഒരു വെളുത്ത ഭൂതംപോലെ നിന്നിരുന്നു. അയാഠം തൊപ്പി തലയിൽനിന്നെടുത്തു് മടക്കി കോട്ടിന്റെ കീശയിൽ തിരുകി. കോട്ട് ഊരി അരയിൽ കെട്ടി. സ്ലിപ്പറുകഠം കാലിൽനിന്നെടുത്തു് കാനയിൽ വെച്ചു. ധോത്തിയുടെ തുമ്പ് മേലോട്ട് കുത്തി, കാൽ വെച്ചു്, ജനൽക്കമ്പികളിൻമേൽ കൈകൊടുത്തു്, മേലോട്ട്കുതിച്ചു്, ജനലിന്റെ കമാനം കയറിപ്പിടിച്ചു. അവിടുന്ന് കുതിച്ചു്, പുറത്തേയ്ക്ക് ഉന്തിനിന്നിരുന്ന ഒരു ചെറിയ കല്ലിന്മേൽ മുട്ടുകുത്തി നിലയായി. പിന്നീട് മെല്ലെ കമാനത്തിലേയ്ക്ക് കയറാൻ ശ്രമിച്ചു. പററിയില്ല. മുട്ടുകഠം നോവാൻ തുടങ്ങി. ചുമരിന്മേൽ കൈപ്പത്തി പരത്തിവെച്ചു് മെല്ലെ മേലോട്ട് നിരക്കി നിരക്കി, അവസാനം, ആ ചെറുകല്ലിന്മേൽ നിവർന്നുനിന്നു. അവിടെ അങ്ങനെ നിന്നുകൊണ്ട് തപ്പിനോക്കിയപ്പോഠം തന്റെ മുറിയുടെ ജനലിന്റെ കീഴ്പ്പടിക്കല്ലു് കൈയ്യു കിട്ടി. ജനൽക്കമ്പി പിടിക്കാൻ കഴിഞ്ഞാൽ താൻ ഒററ കുതിക്ക് തന്റെ മുറിയിൽ. മച്ചിലെ വരാന്തയിലൂടെ കയറുവാൻ നോക്കുകയാണെങ്കിൽ വരാന്തയഴികഠം ഒരു ഇഞ്ചു് അകലത്തും. അങ്ങനെ എത്രനേരമാണ് തൂങ്ങിക്കിടക്കുക!........

ഇത്തരം ഒരു നൈരാശ്യബോധം വസന്തന് ജീവിതത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ഇതുവരെ ആയാസം അനുഭവപ്പെടാത്ത അയാളുടെ ശരീരത്തിന് തളച്ച് തോന്നിത്തുടങ്ങി. ശരീരം മുഴുവൻ വിയർത്തൊലിക്കാൻ തുടങ്ങി. കണങ്കാലിന്റെ എല്ലിനുള്ളിൽ ഇരുമ്പാണി തറച്ചു കയററുംപോലെ തോന്നി. ഉള്ളം

കാൽപോലും വിയർത്തുതുടങ്ങി. കുറെ നേരംകൂടി നൈരാശ്യബോധത്തിനു് അടിപ്പെട്ടു നിന്നാൽ, ഗൗള ിയെപ്പോലെ, അയാാം നിലത്തു വീഴുമെന്നതു് നിശ്ചയം. പക്ഷേ മനസ്സാന്നിദ്ധ്യം വിട്ടുകളഞ്ഞില്ല. കാൽ താഴേയ്ക്കു് നീട്ടി ആട്ടിനോക്കി. താഴെ ജനൽക്കമ്പികാം കിട്ടിയില്ല. ഇനി താഴോട്ടു് ചാടുക മാത്രമേ മാർഗ്ഗമുള്ളു. നിലത്തേയ്ക്കു് എത്ര അകലമുണ്ടെന്നും ആ ഇരുട്ടിൽ കാണാൻ മേലായിരുന്നു. ഏതായാലും എങ്ങനെ, എവിടെ വീണാലും പൂച്ചയെപ്പോലെ വീഴണം എന്നു് അയാാം നിശ്ചയിച്ചു് പിന്നോക്കം ഒരു ചാട്ടംചാടി. അങ്ങനെ അര നിമിഷംനേരം വായുവിലൂടെ സ്വച്ഛന്ദം സഞ്ചരിച്ചു് താഴെ നിലത്തു് 'ഉസ്സ്'' എന്നൊരു ഇരുത്തവും! തലചുററിയപോലെ. ഇരുന്നേടത്തുതന്നെ തലയും താങ്ങി കുത്തിയിരുന്നു്, അയാാം തെല്ലുനേരം വിശ്രമിച്ചു. ഈ ലോകമേ ശൂന്യ മെന്നു് അയാാംക്കു തോന്നി.

അപ്പോഴേയ്ക്കും വളപ്പിൻെറ മൂലയിൽ 'സർ സർ' ശബ്ദം കോംക്കായി.... തൊഴുത്തു്....അതു് അയാളെ വിളിക്കുമ്പോലെ....അങ്ങോട്ടു നിരങ്ങി നിരങ്ങി ചെന്നു. വയ്ക്കോൽ ഒരു വിരിപ്പാക്കി, അതിനു തൻെറ ശരീരം സമർപ്പിച്ചു. അങ്ങനെ ഉറങ്ങി—ഉപാവുകയും ചെയ്തു!....

രാത്രി പന്ത്രണ്ടു മണി ആയിട്ടും മകനെ കാണാനില്ല. സിനിമയ്ക്കു പോയാ ലും പന്ത്രണ്ടിനുള്ളിൽ വരേണ്ടതായിരുന്നു. അതുവരെ മിണ്ടാതെ ഇരുന്നെങ്കിലും വേണുബായി ദുഃഖിച്ചു ദുഃഖിച്ചു കരയാൻ തുടങ്ങി. ഭക്ഷണം കഴിച്ചില്ല. ദേ സായി രണ്ടുമണിവരെ തെരുവുതോറും തേടിയലഞ്ഞു നടന്നു. അവസാനം റെ യിൽവേസ്റ്റേഷനിലേക്കു പോയി. താൻ വെയിററിംഗ് റൂമിൽ ഇരുന്നു് റെയി ലിൻെറ ഒരു വശത്തേയ്ക്കു ഭരമനേയും മറെറാരു വശത്തേയ്ക്കു ചല്ലറേയും ഓടിച്ചു. അവർ റാന്തലുമേന്തി ഒരു മൈൽ അകലംവരെ നോക്കിവന്നു. ദേസായി നെടു വീർപ്പിട്ടുകൊണ്ടു് വീട്ടിലേയ്ക്കു തിരിച്ചുപോന്നു. വേണുബായി തൻെറ ഏററവും ഇളയ മകനെ നെഞ്ചോടു് ചേർത്തുപിടിച്ചു്, ഉൽക്കണ്ഠപൂണ്ടു് ഒരിടത്തു കിടന്നു. എന്തെങ്കിലും ചെറിയ ഒച്ചകേട്ടാൽ പിടഞ്ഞെഴുന്നേററു് നോക്കി, വീണ്ടും കിട പ്പിലായി, കരച്ചിലായി. ദേസായി അവരെ അങ്ങനെയിങ്ങനെ സമാധാനി പ്പിച്ചുകൊണ്ടിരുന്നു. അപ്പോഴേയ്ക്കും കോഴി കൂവുന്നതു കോംക്കായി. വീട്ടിൽ എല്ലാവരും വെട്ടം വീഴുമ്പോാം ഒന്നു മയങ്ങിപ്പോയി.

ഏഴുമണിക്കു് ചാണകം വാരാൻ തൊഴുത്തിലേയ്ക്കു ചെന്ന ഭരമ. ദ്രോണാവ താരംപോലെ വയ്ക്കോലിൽ കിടന്നുറങ്ങുന്ന വസന്തനെ കണ്ടു. ഉടൻതന്നെ പോയി, അന്നേരം മാത്രം ഒന്നു മയങ്ങിയ ദേസായിയെ വിളിച്ചെഴുന്നേല്പിച്ചു. വേണുബായി ഓടിക്കൊണ്ടുവന്നു് മകനെ ആവുന്നേടത്തോളം നോക്കിനിന്നു. ദേസായി വന്ന ഉടൻ മറെറാന്നും സംസാരിക്കാതെ അയാളെ എഴുന്നേല്പിക്കാൻ ഭരമനോടു പറഞ്ഞു. എന്നാൽ വേണുബായി സ്വയം അടുത്തുചെന്നു് അയാളുടെ തല തൻെറ തുടയിന്മേൽ എടുത്തുവച്ചു് അയാളെ ഉണർത്തി. അയാാം കണ്ണു തിരുമ്മി നാലുപാടും നോക്കി. കന്നുകാലികാം, പുല്ലു്, വയ്ക്കോൽ ചാണകം

ഇതെല്ലാം കണ്ടപ്പോഠം അയാഠംക്കു് തലേ ദിവസത്തെ ഓർമ്മയുണ്ടായി. അമ്മ അയാളെ കെട്ടിപ്പിടിച്ച് 'വസന്ത' 'വസന്ത' എന്നു വിളിച്ചുകൊണ്ടു്, താലോലിച്ചു. ഒരു കോപ്പ പാൽ അവിടെ ഇരുന്നുകൊണ്ടുതന്നെ വളരെ ആവേശത്തോടെ അയാളെ കുടിപ്പിച്ചു. ദേസായി ഒന്നും ശബ്ദിക്കാതെ, എല്ലാം നോക്കി. മകൻ അങ്ങനെ കിടന്നുറങ്ങിയതു് അദ്ദേഹത്തിൻെറ ബുദ്ധിയെ സ്പർശിച്ചു. എന്നാൽ എന്തുകൊണ്ടോ അദ്ദേഹം അതു് മുഖത്തു് പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെട്ടില്ല.

വേണക്ക വസന്തനെ, ശരീരത്തിലെല്ലാം എണ്ണപുരട്ടി. തിരുമ്മി, നീരാഞ്ജനം ഉഴിഞ്ഞു് നെററിമേൽ കുങ്കമപ്പൊട്ടു് തൊടുവിച്ചു. പലഹാരം തിന്നാൻ പിടിച്ചിരുത്തി. വിശന്നു് കങ്കാളമായ വസന്തൻ എല്ലാം ഒററയടിക്കു് അകത്താക്കി. വളരെ സുഖമായിട്ടു് അവസാനം അമ്മ അയാളോടു് കേണു മൊഴിഞ്ഞു: ''വസന്താ, എന്നെ കൈവിടണ്ടപ്പ. നോക്കു്, നിന്നെക്കുറിച്ചുള്ള വിചാരം കൊണ്ടു് എനിക്കു് ഇന്നലെ സ്വല്പംപോലും ഉറങ്ങാൻ കഴിഞ്ഞില്ല. രാവു മുഴുവൻ അങ്ങനെ എഴുന്നേററു കുത്തിയിരുന്നു. അദ്ദേഹം രാവുമുഴുവൻ നിന്നെ തിരക്കി എങ്ങനെ അലഞ്ഞു നടന്നുവെന്നോ! എത്ര കഷ്ടപ്പെട്ടുവെന്നോ! ആ ഭരമനോടു ചോദിച്ചുനോക്കു് അപ്പ, പോ. അദ്ദേഹത്തിനോടു് ഒരുതവണ പറഞ്ഞിട്ടുവാ, എനിക്കു തെററുപററിപ്പോയി എന്നു് അദ്ദേഹത്തിൻെറ മനസ്സിനു് വല്ലാത്ത ഭാരം കുറഞ്ഞപോലെയും ആവും!....

എന്നാൽ വയറു നിറഞ്ഞതു നിമിത്തം വസന്തൻ അച്ഛനോടു് മാപ്പു പറയാൻ തയ്യാറായില്ല. അതിനുംപുറമെ, അച്ഛനാണു് തന്നെ സ്കൂളിൽനിന്നു പുറത്താക്കിയതു്, ശിപ്പായിമാരെക്കൊണ്ടു് പുറത്താക്കാൻ മാസ്റ്ററോടു പറഞ്ഞതു് എന്നെല്ലാം ഓർത്തപ്പോഠം അമ്മ പറഞ്ഞതിനോടു് അയാഠം ഒത്തുവന്നില്ല.

x x x x

വിചിത്ര പരാക്രമങ്ങഠം കാട്ടി വസന്തൻ ചെയ്ത തെററുകളെല്ലാം എല്ലാവരും മറന്നുപോയി. അയാഠംക്കു വീണ്ടും വീട്ടിൽ സ്ഥാനം ലഭിച്ചു. എന്നാൽ ധാർവാർ അയാഠംക്കു് അസഹ്യമായി തോന്നിത്തുടങ്ങി. അയാളെ സ്കൂളിൽനിന്നു് പുറത്താക്കിയ വാർത്ത തെരുവിലെല്ലാം പരന്നതു നിമിത്തം പകലെല്ലാം പുറത്തു നടക്കാൻ അയാഠംക്കു് വിഷമമായി. എങ്ങും ശത്രുക്കളേ ഉള്ളു എന്നു് തോന്നിത്തുടങ്ങി, അയാഠംക്കു്. വഴിയിൽവച്ചു് തൻെറ മുഖത്തു് നോക്കുന്നവരെല്ലാം അയാഠംക്കു ശത്രുക്കഠം. അവരോടുള്ള ദേഷ്യം മിസ്ഘോത്തിനോടു വീട്ടാൻ അയാഠം നിശ്ചയിച്ചു. ഒരു രാത്രി ഉച്ചയുണ്ടാക്കാതെ വീടുവിട്ടു് പുറത്തുവന്നു്, ഒരു പെട്ടി ചോക്കുമായി എല്ലായിടത്തും ചുററിക്കറങ്ങി, എല്ലാ പൊതുസ്ഥലങ്ങളിലും തൻെറ പ്രേയസിയുടെ പേരും, മററു് അശ്ലീല സംഗതികളുംകൂടെ എഴുതി തിരിച്ചുപോന്നു.

ഇതിനെപ്പററി വീണ്ടും പരാതി വന്നു, ദേസായിയുടെ അടുത്തു് താൻ അല്ല ചെയ്തതെന്നും വീട്ടിൽനിന്നു പുറത്തുപോയിട്ടേ ഇല്ല എന്നും അയാഠം ആണയിട്ടു

പറഞ്ഞു് ഒഴിഞ്ഞു. എന്തു ചെയ്യണം, ഇനിയെന്നു് ദേസായിക്കു് ഒരു പിടിയും കിട്ടിയില്ല. അവസാനം വേണക്കയുടെ അപേക്ഷ ഗൗനിക്കാതെ, അയാളെ ദേസായി തൻെറ ഒരു ദേശവഴിയിലേയ്ക്കു് പറഞ്ഞയച്ചു. അയാൾക്കും വേണ്ടിയിരുന്നതു്, ധാർവാർ വിടുകയാണു്. അച്ഛൻെറയും ധാർവാർകാരുടേയും ദൃഷ്ടിയിൽനിന്നു് രക്ഷപ്പെട്ട അയാൾ സുഖമായി നാട്ടിൻപുറത്തു് എത്തിച്ചേർന്നു.

## 13. ജോർജ്ജ് വാഷിംഗ്ടൺ കംബാരഗണവി

ആപ്പീസിൽ കിട്ടിയ്ക്കു് മാറിയ മനോവൃത്തിക്കനുസരിച്ചു്, ഒരു പുതിയ സ്നേഹിതനെ കിട്ടി—ജോർജ്ജ് വാഷിംഗ്ടൻ കംബാരഗണവി.

നീണ്ട പേരു നിമിത്തം, ജോർജിയെ, എത്രയോ നാളെയ്ക്കു് ഒരു ലീലാപുരുഷനെപ്പോലെ കരുതി, കിട്ടി അയാളിൽനിന്നു് അകന്നുനിന്നു. ജോർജി ആരോടും പ്രത്യേകിച്ചു് കൂടിച്ചേരാറില്ല. താനായി, തൻെറ ജോലിയായി, അത്രമാത്രം. ആരോടെങ്കിലും എന്തെങ്കിലും സംസാരിച്ചാൽത്തന്നെ, കേവലം ആപ്പീസുകാര്യമായിരിക്കും. കിട്ടിക്കു് അയാൾ ഒരു പേർ മാത്രം. എന്നാൽ കിട്ടിയുടെ മനോവൃത്തിതന്നെ ഇപ്പോൾ മാറിക്കഴിഞ്ഞിരുന്നു. തഹസീൽദാരുടെ ഉപദേശപ്രകാരം അയാൾ നിയമങ്ങളും കേസുകളും വീട്ടിൽവെച്ചു പഠിക്കാൻ തുടങ്ങിയിരുന്നു. ജോലി, തൻെറ കൈപ്പിടിയിൽ അങ്ങനെ ഒതുങ്ങി വന്നതോടെ അയാൾക്കു് പഴയ സ്നേഹിതന്മാരെ വേണ്ട എന്ന നിലയായി. അവരുടെ അടുത്തുപോയി അല്ലറചില്ലറ സംഗതികൾ സംസാരിക്കുന്നതു് തൻെറ അന്തസ്സിനു് ചേരാത്തതായി അയാൾക്കു തോന്നിത്തുടങ്ങി. അവരാകട്ടെ, അയാൾ സ്വയം വന്നു് തങ്ങളോടു് ചോദിക്കട്ടെ എന്നു കരുതുകയും ചെയ്തുവന്നു. അതിനുംപുറമെ, ഇയ്യിടെയായി അയാൾ തനിക്കു് അറിയാത്ത സംഗതികൾ തഹസീൽദാരോടു് നേരെ ചെന്നു ചോദിക്കാൻ തുടങ്ങിയതു നിമിത്തം, അവർ പണ്ടത്തെപ്പോലെ അയാളോടു് വായ തുറന്നു് സംസാരിക്കാറുമില്ല, ശങ്കമൂലം. ഒരിക്കൽ തഹസീൽദാർ അയാളെപ്പററി 'ഗുഡ് വർക്കർ' എന്നു് അഭിപ്രായപ്പെട്ടതു് ആപ്പീസിൽ പ്രചരിച്ചു്, അയാളുടെ നേരെ അസൂയയും ഉണ്ടായിത്തുടങ്ങി. എന്തെങ്കിലും കാര്യത്തിനു് തങ്ങളുടെ അടുത്തു വരുന്ന കിട്ടിയെ മുള്ളവാക്കു പറയാതെ അവർ വിടാറുമില്ല. അതെല്ലാം കാരണം അയാൾക്കു് ഒരു ബേജാർ. ഒരിക്കൽ എന്തോ കാര്യത്തിനു് അയാൾക്കു് ജോർജിയോടു് സംസാരിക്കേണ്ടി വന്നു. അയാൾ ആ സംഭാഷണം തുടർന്നുകൊണ്ടുപോയി ജോർജിയെ തൻെറ സ്നേഹവലയത്തിൽ സ്വീകരിച്ചു. ജോർജിയാകട്ടെ, തന്നോടു് സ്നേഹംകൂടുന്നവരെ എപ്പോഴും സ്വാഗതംചെയ്തുവന്നു. എന്നാൽ താനായിട്ടു കയറിച്ചെന്നു് ആരോടും പരിചയം നേടാൻ തുനിയാറുമില്ല. ആരെങ്കിലും തൻെറ സീമയ്ക്കകത്തു വന്നാൽ, തൻെറ മനസ്സിനിഷ്ടപ്പെട്ടാൽ അവരെ അയാൾ കൂട്ടുപിടിക്കുകയും ചെയ്തിരുന്നു. കുറച്ചുനാൾകൊണ്ടു് അവർതമ്മിലുള്ള സ്നേഹം ഗാഢമായി.

ജോർജിയുടെ ജീവിതം ഉറക്കത്തിൻെറ ഒരു ഏറുപമ്പരംപോലെയായിരുന്നു. മൂകമായിരുന്നു, അയാളുടെ ജീവവായു. ഒന്നും ശബ്ദിക്കാതെതന്നെ അയാൾ

ആപ്പീസിൽ തൻേറതായ ഒരു അന്തസ്സ് പാലിച്ചുകൊണ്ടുവന്നു. അയാളുടെ പേരിനെപ്പററി, അയാളുടെ മൗനത്തെപ്പററി, മററുള്ളവർ കളിയാക്കി ചിരിക്കും. എന്നാൽ കിട്ടിയെപ്പോലെ അയാൾക്ക നേരിട്ടുള്ള ചീത്ത കേൾക്കേണ്ട സന്ദർഭം ഇതുവരെ ഉണ്ടായിട്ടില്ല. അയാൾ എപ്പോഴും നിയമങ്ങളെല്ലാം പഠിക്കുന്നോ എന്നു് ആർക്കും അറിയാൻമേലായിരുന്നു. കുഴപ്പങ്ങളും കുറവുകളും തെററുകളും ഊതിപ്പറപ്പിച്ചു് അയാൾ തൻെറ ജോലി ചെയ്യുന്നല്ലോ എന്നു് ആരും ഓർമ്മിക്കാറേ ഇല്ല. ആരും അയാളെ ഒരു 'ഗുഡ്' വർക്കർ' എന്നു വിളിച്ചില്ല. അയാളുടെ ജോലിയെപ്പററി ആരും പുകഴ്ത്തിയതുമില്ല. മററുള്ളവരെപ്പോലെ കഷ്ടപ്പെട്ടു് മുന്നോട്ടു കയറേണ്ട സന്ദർഭവും അയാൾക്കു് ഉണ്ടായിട്ടില്ല. താൻ നന്നായി ജോലിചെയ്യുന്നുവെന്ന ബോധം അയാൾക്കും ഉണ്ടായിരുന്നില്ല. എല്ലാവരും ജോലി ചെയ്യുന്നു, താനും ചെയ്യുന്നു എന്നുമാത്രമായിരുന്നു, ആപ്പീസുജോലിയെപ്പററി അയാളുടെ ബോധം.

കിട്ടി ആദ്യം ജോർജിയോടു് അടുത്തതോ, തനിക്കു മററു സുഹൃത്തുക്കൾ കൈവിട്ടുപോയതുകാരണമായിരുന്നു. ഇടറി വീണാലും പഞ്ഞിക്കെട്ടിന്മേൽ എന്നപോലെ അയാൾ ഉടൻതന്നെ ജോർജിയുടെ നടത്ത മനസ്സിരുത്തി നോക്കി. കിട്ടിയെ സ്നേഹിച്ചതു് കിട്ടിക്കു വേണ്ടിയാണു്. ഈ ഒരു ഗുണവിശേഷമാണു് ആദ്യം ജോർജിയിൽ അയാൾ കണ്ടതു്. ജോർജി ആരേയും മുഖവിലയ്ക്കേ സ്വീകരിച്ചിരുന്നുള്ളു. അയാൾ കിട്ടിയുടെ വേഷഭൂഷകളെപ്പററിയോ, സംസാരരീതിയെപ്പററിയോ ഒന്നുംതന്നെ സംസാരിച്ചില്ല. മററുള്ളവരാകട്ടെ, കിട്ടിയുടെ ഉടുപ്പിനെപ്പററി, ഒന്നല്ലെങ്കിൽ ഒന്നു്, സംസാരിച്ചിരുന്നു. ജോർജിക്കു് അതൊന്നും കണ്ണിൽപ്പെട്ടിരുന്നില്ലയോ എന്തോ; അയാൾ കിട്ടിയെ തൻെറ സ്നേഹമാർഗ്ഗത്തിലേയ്ക്കു വന്ന അതേ മട്ടിൽ സ്വീകരിക്കുകയാണു് ഉണ്ടായതു്.

ജോലി ചെയ്യുന്നതിൽ വെടിപ്പു്, റൊമൻറിക്കായ ഒരു ബേജാറു്, അതു കളയുവാൻ ആഴ്ചയിൽ രണ്ടു തവണ സിനിമയ്ക്കു പോക്കു്—ഇത്രമാത്രമേ കിട്ടിക്കു ജോർജിയുടെ വ്യക്തിത്വത്തിൻെറ സാരമായി തോന്നിയിരുന്നുള്ളു. തന്നെപ്പററി ഒന്നും വിചാരിക്കാതിരുന്നതുകൊണ്ടു് അയാൾക്കു് ഇല്ലാത്ത വിനയവും ഉണ്ടായിരുന്നില്ല. താനറിയാതെ തന്നെ അയാൾക്കു്, ജോർജി, ഒരു ആദർശപുരുഷനായിത്തീർന്നു. താൻ പണിപ്പെട്ടു് വിജയം നേടിയതും ജോർജിക്കു താനേ വിജയം ഉണ്ടായതും തമ്മിൽ താരതമ്യപ്പെടുത്തിനോക്കും, കിട്ടി. അതെന്തുകൊണ്ടു് എന്ന വിചാരം അയാൾക്കു മേൽക്കുമേൽ ഉണ്ടാവാറുണ്ടു്. എന്നാലും തഹസീൽദാർ തന്നെപ്പററി ഒരു 'ഗുഡ്'വർക്കർ' എന്നു പറഞ്ഞു; ജോർജിയെപ്പററി പറഞ്ഞില്ലല്ലോ. അതുകൊണ്ടു് തൻെറ ജോലി അയാളുടേതിനെക്കാൾ നല്ലതാണു് എന്ന ഒരു വിചാരം അയാളുടെ മനസ്സിൽ അള്ളിപ്പിടിച്ചിരുന്നു. പക്ഷെ അതു പുറത്തുകാട്ടാൻ അയാൾക്കു മനസ്സുവന്നില്ല.

ജോർജി കിട്ടിയുടെ ജീവിതത്തിലേയ്ക്കു സിനിമ കൊണ്ടുവന്നു. സിനിമയില്ലാതെ ജീവിതംതന്നെ ശുഷ്കമായി തോന്നി, അയാൾക്കു്. രണ്ടുമൂന്നു ദിവ

സം കൂട്ടമ്പോൾ സിനിമ കാണണമെന്ന നിലയാണ്. രണ്ടുമൂന്നു കൊല്ലം മുമ്പു വരെ 'എൻടർടെയിൻമെൻറു ടേബിൾ' അയാളുടെ കീഴിലായിരുന്നു. അതു തൻെറ കൈവിട്ടു മററാരുത്തൻെറ കൈയിലേയ്ക്കു പോയി. എന്നാലും ജോർജി ക്കു സിനിമാക്കാരുടെ മേൽ ഉള്ള സ്വാധീനം കുറഞ്ഞില്ല. എത്രപേരെ അയാൾ കൂട്ടിക്കൊണ്ടുപോയാലും സിനിമ ഓശാരം.

കിട്ടി അയാളോടൊപ്പമാണ് ആദ്യമായി ഒരു സിനിമയ്ക്കു പോയതു്. പുറ പ്പെടുന്ന സമയം മനസ്സു വിലക്കി. പക്ഷെ ഒന്നാമതായി ജോർജിയുടെ ആഗ്രഹം; പിന്നെ ഓശാരം. അതുകൊണ്ടു് താൻ പണം പാഴാക്കുന്നില്ലല്ലോ എന്നൊരു മനഃസമാധാനവും. സിനിമ അയാൾക്കു് ഒരു പുതിയ അനുഭവമായിരുന്നു. കുട്ടിക്കാലത്തു് ഒരു 'മൂകചിത്രം' കണ്ടു് ബേജാറായ ഒരു അനുഭവം മാത്രമേ അ യാൾക്കു് ഉണ്ടായിരുന്നുള്ളു. അന്നുവരെ അപരിചിതമായ ഒരുതരം രസാനുഭവം, തിയേററിനുള്ളിലെ ഇരുട്ടു്, ബഹളം, ഉഷ്ണം ഇതെല്ലാം അയാൾക്കു് ആദ്യത്തെ അനുഭവമായിരുന്നു. പാർശ്വസംഗീതം അതതു രസങ്ങളെ അയാളുടെ മനസ്സിൽ ഉളവാക്കി. ഒരു ശോകഗാനം ഉയർന്നാൽ അയാളുടെ മനസ്സിനു് ദുഃഖം തോന്നുകയായി. ഭാഷ ഹിന്ദുസ്ഥാനി ആയതുകൊണ്ടു് അയാൾക്കു് ഒന്നും മനസ്സിലായില്ല. അറിവുള്ള ജോർജി ഇടയ്ക്കിടയ്ക്കു ''ഇതു നില്ലമോറി'', ''അതു് ഹ്ദസനബാനു്'' എന്നു നല്ല ഉദ്ദേശ്യത്തോടെ പറഞ്ഞിരുന്നതു് അയാൾക്കു് തൻെറ ഏകതാനമായ രസാനുഭൂതിക്കു് വിഘ്നം ആകുമ്പോലെ തോന്നി....എന്തു കാരണത്താലോ ഒരു തെമ്മാടിക്കൂട്ടം ഒരു യുവതിയെ ഉപദ്രവിക്കുന്നു. അതിൻെറ തലവൻ അവളുടെ മുടി പിടിച്ചു വലിക്കുന്നു. അവൻെറ കൂട്ടുകാർ അവളുടെ മുഖ ത്തിനു നേരെ പന്തം ചൂണ്ടി അവളെ ഭീഷണിപ്പെടുത്തുന്നു....എന്തു്, എന്തിനു്, ആരു് ഇതൊന്നും കിട്ടിക്കു അർത്ഥമായില്ല. എന്നാൽ ആ യുവതിയുടെ കാതര ഭാവം അയാളുടെ മനസ്സിലും ഹൃദയത്തിലും കരളിലും തട്ടി, സഹതാപം ഉളവാ ക്കി. അധികനേരം നോക്കിയിരിക്കാൻ ആവാതെ, അയാൾ മുഖം കുനിച്ചു; വീണ്ടും ഒന്നുകൂടി നോക്കാനുള്ള ആഗ്രഹത്തോടെ മുഖം ഉയർത്തി. ആ തിളച്ചു പൊന്തുന്ന 'ശോകരസായന'ത്തിൽ ജോർജി ഒന്നുരണ്ടു തവണ 'ബോറിങ്ങ്, ബോറിങ്ങ്'' എന്നു പറഞ്ഞതു് കിട്ടിക്കു രസഭംഗം ഉളവാക്കി.

ഇടവേളയ്ക്കു് ഇരുവരും പുറത്തുവന്നു. എന്നാൽ ജോർജി വീണ്ടും അകത്തേയ്ക്കു പോകാൻ ഇഷ്ടപ്പെട്ടില്ല. 'ബാഡ് പികു്ചർ' എന്നു് അയാൾ അഭിപ്രായ പ്പെട്ടു. കിട്ടിയ്ക്കു സങ്കടമായി; ചിത്രം മുഴുവൻ കാണുവാൻ അയാൾക്കു് ആശയുണ്ടാ യിരുന്നു—എന്നാൽ താൻ വന്നതു് ജോർജിയോടു് ഒപ്പവും. അതുകൊണ്ടു് മററാരു പോംവഴിയുമില്ലാതെ, അയാൾക്കു് ജോർജിയോടു് ഒപ്പം വീട്ടിലേയ്ക്കു പോകേണ്ടിവന്നു, തനിക്കും ഇഷ്ടമല്ലെന്നു പറഞ്ഞുകൊണ്ടു്.

അത്തരം സന്ദർഭങ്ങൾ പിന്നീടു് പലപ്പോഴും ഉണ്ടാകാറുണ്ടു്. ജോർജി ബേജാറായിക്കഴിഞ്ഞാൽ പകുതിക്കുവെച്ചു് എഴുന്നേററു പോകും. കിട്ടി ബേജാറാ യാലും കുത്തിയിരിക്കും, പിന്നീടുള്ളതു് നന്നായാലോ എന്ന ആശ നിമിത്തം.

എന്നാൽ അവസാനംവരെ എത്തിയാലും ചിത്രം നന്നാവാത്തതുകൊണ്ട് ബേജാറായി അയാൾ രാത്രി പത്തുമണിക്ക് വീട്ടിലെത്തും. അമ്മയുടെ ചീത്ത കേൾക്കും. അമ്മയോട് ഒന്നു രണ്ടു തർക്കുത്തരം പറയും. എന്നിട്ടു ഊറ കയറി കിടന്നുറങ്ങും. അങ്ങനെ പലതവണ സംഭവിച്ചിട്ടുണ്ട്. കുറച്ചുനാൾ പോകവേ കിട്ടിക്ക് നല്ലതും ചീത്തയുമായ ചിത്രങ്ങളെ താരതമ്യപ്പെടുത്താനുള്ള അറിവ് ഉണ്ടായിത്തുടങ്ങി. എന്നാലും പകുതിക്കുവെച്ച് എഴുന്നേററു പോരാനുള്ള ഇച്ഛ പൂരിപ്പിക്കാൻ അയാൾ എന്നും അശക്തനായിരുന്നു. അമ്മ രാത്രി ഒററയ്ക്കു തന്നെയും കാത്തു കുത്തിയിരിക്കുമെന്ന വിചാരത്താൽ ഇനി താൻ സിനിമയ്ക്കില്ല എന്ന് എത്രയോതവണ അയാൾ എടുത്ത തീർപ്പ് സഫലീകൃതമാവാതെ പോയിരിക്കുന്നു. ചിലപ്പോൾ സിനിമയ്ക്കു വിളിക്കുമ്പോൾ ജോർജിയോട് അയാൾക്കു ദേഷ്യം തോന്നിയിട്ടുണ്ട്. എന്നാൽ അടുത്ത ക്ഷണം അയാൾക്കു തന്നോടുതന്നെയാണ് ദേഷ്യം തോന്നുക.

അത്തരം സന്ദർഭങ്ങളിലൂടെയാണ് കിട്ടിക്ക് താനും ജോർജിയും തമ്മിലുള്ള അന്തരം സ്പഷ്ടമായി വന്നത്. ജോർജി ഒരുതരം അനാസക്തനായിരുന്നു. തനിക്ക് ഇഷ്ടമല്ലെന്നു തോന്നുന്നതിൽ നിന്ന് അയാൾ ഉടൻ മനസ്സ് പിന്തിരിപ്പിക്കും. അതു നിമിത്തം അയാൾക്ക് ചിന്തിതനാവേണ്ട സന്ദർഭങ്ങളും കുറവായിരുന്നു. 'ആത്മനസ്തു കാമായ സർവ്വംപ്രിയം ഭവതി' എന്നതിൻെറ ജ്ഞാനം അയാളുടെ രക്തത്തിലേ ഉണ്ടായിരുന്നു. അത്തരം ഇളക്കം തട്ടാത്ത ബുദ്ധിപ്രാഭവത്തിൻെറ പരിണാമമായി, വ്യക്തിത്വത്തിൻെറ അടിത്തറയിൽ നിന്നേ വികസിച്ചുവന്ന ഒരു നൈസർഗ്ഗിക നീതിബോധം ജോർജിയുടെ ഒരു സവിശേഷതയായിരുന്നു. കാലസമ്പ്രദായമനുസരിച്ച് അയാൾ ആപ്പീസ്സുജോലിക്ക് ആളുകളിൽനിന്ന് കാശുവാങ്ങിയിരുന്നു; അതോടൊപ്പം, തന്നെക്കൊണ്ട് ആവാത്ത കാര്യം ആളുകളോട് സ്പഷ്ടമായി പറയുവാനും അയാൾക്കു മടിയുണ്ടായിരുന്നില്ല. ''അതാണ് പ്രൊസീജർ. ഞാനെന്തു ചെയ്യാനാണ്?'' എന്ന് ആരോടും അയാൾ മുഖത്തു നോക്കി പറയും. ഒരിക്കൽ അങ്ങനെ പറഞ്ഞിട്ടും ഒരാൾ ടേബിളിന്മേൽ അഞ്ചുരൂപയുടെ ഒരു നോട്ട് ഇട്ട് ഓടിപ്പോയപ്പോൾ, ജോർജി ശിപ്പായിമാരെ അയാളുടെ പിന്നാലെ വിട്ട് ആ അഞ്ചുരൂപാനോട്ട് അയാൾക്ക് എത്തിച്ചുകൊടുത്തു. ആരിൽനിന്ന്, എന്തിന് കാശുകിട്ടി എന്ന പൂർണ്ണമായ അറിവില്ലാതെ ഒരൊററ ചില്ലിയും അയാളുടെ കീശയിലേയ്ക്കു ചെന്നു കയറാറില്ല. അയാൾക്കു പണത്തെപ്പററി അങ്ങനെ ഒരു ചിന്തയേ ഉണ്ടായിരുന്നില്ല. അയാളുടെ മൂത്ത സഹോദരി അവിവാഹിതയായ അദ്ധ്യാപികയായിരുന്നു. അയാളും പണിയെടുത്തു സമ്പാദിക്കുന്നു. അടുത്ത കൊല്ലം അനുജനൊരുത്തൻ മെടിക്ക് പാസ്സായി എന്തെങ്കിലും ജോലിയിൽ പ്രവേശിക്കും. അപ്പന് പള്ളിയിൽ ആയിരുന്നു, ജോലി. അമ്മ ജീവിച്ചിരിപ്പില്ല. എല്ലാവരും ചുമതലയുള്ളവർ.

എന്നാൽ ആ നിസ്പൃഹഭാവം കിട്ടിയുടെ അയവുള്ള പണസ്സഞ്ചിക്കു ചേരില്ല. എത്ര കാശുവന്നാലും മതിയാവില്ല. ആരാണ് കാശു കൊടുത്തത് എന്ന

പോലും അയാൾ പലപ്പോഴും മറന്നുപോകാറുണ്ട്. ചിലപ്പോൾ ഇരുപക്ഷത്തു നിന്നും കാശുകിട്ടിയാലും മറെറാന്നും ചിന്തിക്കാതെ അയാൾ കീശയിലേക്കു താഴ്ത്തും. മററുള്ളവരും അങ്ങനെയാണ് ചെയ്യുന്നതെന്ന് അയാൾ മനസ്സിനെ സമാധാനിപ്പിക്കും. എന്നാലും ജോർജിയെപ്പററി വിചാരിക്കുമ്പോൾ അയാളുടെ മനസ്സിനു് ഇടയിളക്കം ഉണ്ടാകും. മൊത്തത്തിൽ അയാൾ'ഹൃദസേൻ സ്നേഹ' ത്തിനു പാത്രമായിരുന്നു. അവൻ, 'കൃഷ്ണാജി ഏമാനെ ഞാനാണ് ശരിപ്പെടുത്തി യെടുത്തതു്'' എന്ന് എല്ലാവരുടെ മുമ്പിലും അഭിമാനംകൊള്ളാറുണ്ട്.

കാശു നേടാനുള്ള സമ്പ്രദായങ്ങൾ പലതത്രേ. ഒരുത്തൻ തൻെറ അധികാരം പ്രയോഗിച്ചു കാശു നേടി, അതൊരു നിത്യകർമ്മമെന്ന രീതിയിൽ കീശയി ലേയ്ക്കു് ഇടുന്നു. മറെറാരുത്തൻ ആശപ്പെട്ടു് കിട്ടുന്നതുമാത്രം വാങ്ങി, സന്തോഷ ത്തോടെ കഴിയുന്നു. ഇനി ഒരുത്തൻ പണം വാങ്ങുന്നതു് താൻ വലിയ ഒരു ഉപ കാരം പണം കൊടുക്കുന്നവനോട്ടു് കാട്ടുമ്പോലെയത്രേ. വേറെ ഒരുവൻ, പണം കൊടുത്തവൻെറമേൽ തൻെറ ഒരു കടപ്പാടു് ഉണ്ടാക്കുമ്പോലെ. ഇനി ഒരുത്തൻ പണം വാങ്ങി, പണം കൊടുത്തവനിൽ തൻെറനേരെ ഒരു കൃതജ്ഞതാഭാവം ഉളവാക്കി വിടും. മറെറാരുത്തൻ പണം കൊടുത്തവനോടു് സ്വയംകൃതജ്ഞ നാകും. ദാനം കൊടുക്കുന്നവൻെറ കൈ എപ്പോഴും മേലെ ആയിരിക്കും എന്ന സാമാന്യതത്വം രണ്ടാമത്തവനു് ചേരുന്നു. എന്നാൽ മൂക്കപ്പൊടി എടുക്കുമ്പോലെ ദാനം നേടിയാലും കൊടുക്കുന്നവൻെറ കൈതന്നെ എപ്പോഴും മേലെ. കിട്ടി ആർക്കെങ്കിലും നല്ലകാര്യം ചെയ്തുകൊടുത്താൽ അതു് ആരും സ്വന്തം പണത്തി ൻെറ വില എന്നതിൽ കവിഞ്ഞു് ഒരു ഉപകാരമായി കണക്കാക്കിയിരുന്നില്ല. എന്നാൽ ഏതോ ഒരുകാലത്തു് ജോർജി ഒരു ജോലി ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ, അത്രയ്ക്കുന്തിനു്, പലപ്പോഴും സാധ്യമല്ലെന്നു പറഞ്ഞിട്ടുപോലും, ബന്ധപ്പെട്ട ആളുകൾ ജോർജിയെ അവസാനംവരെ ആദരിച്ചിരുന്നു.

'അതെന്തുകൊണ്ടു് ഇങ്ങനെ?'—ഈ ഒരു ചോദ്യം പലപ്പോഴും കിട്ടിയുടെ ഉള്ളിൽ ഉയരാറുണ്ട്.

* * *

റവന്യൂ എന്ന സർക്കാർ ഡിപ്പാർട്ടുമെൻറു് വെറും ഒരു ഡിപ്പാർട്ടുമെൻറ് അല്ല; ഒരു സമുദായമത്രേ. ആരു് ഏതു 'ടേബി'ളിൽ ഇരുന്നാലും ഇന്നല്ലെങ്കിൽ നാളെ മറെറാരു 'ടേബി'ളിലേക്കു് വരികതന്നെ ചെയ്യും. അതുകൊണ്ടു് എല്ലാ വരേയും തുല്യമായി സന്തുഷ്ടരാക്കി ഇരുത്തേണ്ടതു് സിനിമാ തിയേററർപോ ലെയുള്ള വലിയ സ്ഥാപനങ്ങൾക്കു് ഒരു ആവശ്യകതയത്രേ. ആ മര്യാദയ്ക്കു് തങ്ങളെല്ലാവരും അവകാശികളാണെന്നു് അറിയുന്നവരാണ് ഡിപ്പാർട്ടുമെൻറി ലുള്ള എല്ലാ ജോലിക്കാരും. എന്നാൽ അഹങ്കാരത്തിൽ ഏററക്കുറച്ചിൽ ഉണ്ടാ വുന്നതു് സ്വാഭാവികമത്രേ. ഒരു ഞായറാഴ്ച്ച കിട്ടി വല്ലാത്ത ബേജാറു കാരണം സിനിമയ്ക്കു പോയി. എന്തുകൊണ്ടോ പണം കീശയിൽ ഇട്ടിരുന്നു. എന്നാൽ

അഞ്ചുനിമിഷം ടിക്കററ് ആപ്പീസിൻെറ മുമ്പിൽ നിന്നപ്പോഴേയ്ക്കും, കാത്തുനിൽക്കാനുള്ള മടികൊണ്ടോ, പണം ചെലവാക്കാനുള്ള സങ്കടംകൊണ്ടോ, എന്തോ, അയാഠം അവിടെനിന്നു പോന്നു് ബോക്സിൻെറ വാതിൽക്കൽ ചെന്നു നിന്നു. ജോർജിക്കു് അനേകം തവണ സല്യൂട്ട് അടിച്ചിട്ടുള്ള ഗേററ്കീപ്പർ, തന്നെ സല്യൂട്ട് ചെയ്തില്ലെങ്കിൽ പോകട്ടെ, അകത്തേയ്ക്കു വിടാതിരിക്കില്ല എന്നായിരുന്നു, കിട്ടിയുടെ ധൈര്യം. ടിക്കററ് വാങ്ങിയവരെല്ലാം യഥാക്രമം അകത്തു പ്രവേശിച്ചശേഷം അയാളും ഉള്ളിലേക്കു കുതിച്ചു. എന്നാലോ ഗേററ്കീപ്പർ അയാളെ തടഞ്ഞുകൊണ്ടു്, 'ടിക്കററു്?' എന്നു് ഉച്ചത്തിൽ ചോദിച്ചു. കിട്ടി തെല്ലു് അമ്പരന്നുപോയി. ജോർജിയുടെ പേർ പറയുന്നതു് ഉചിതമല്ലെന്നു് അയാഠംക്കു തോന്നി. കീശ തപ്പുമ്പോലെ നടിച്ചുകൊണ്ടു് 'ഓ! എങ്ങോ താഴെ വീണിരിക്കും' എന്നു പിറുപിറുത്തു് പിന്തിരിഞ്ഞു, അയാഠം. ഗേററ്കീപ്പറുടെ 'ഹുങ്ങ്' എന്ന ഹുങ്കാരം അയാളുടെ ഹൃദയം തുളച്ചു് മറുപുറം താണ്ടി. ഇനിമേൽ ആ തിയേറററിൻെറ അടുത്തുപോലും പോവില്ലെന്നു് അയാഠം നിശ്ചയിച്ചു. എന്നാൽ പിറേറന്നു തന്നെ ജോർജി വിളിച്ചപ്പോഠം പോകണമെന്നും തോന്നി, അയാഠംക്കു്, അന്നും അതേ ഗേററ്കീപ്പർ, അയാഠം എന്തു ചെയ്യുമെന്നു നോക്കണമെന്ന തൻെറ ആഗ്രഹത്തെ, കിട്ടി ചുവന്ന കടലാസ്സുകൊണ്ടു് മൂടിപ്പൊതപ്പിച്ചു കിടത്തി. എന്നാൽ ഗേററ്കീപ്പർ അയാളുടെ അസ്തിത്വത്തെപ്പററിത്തന്നെ ഗൗനിക്കുകയുണ്ടായില്ല. അതു് കടുത്ത ഒരു നൈരാശ്യം തന്നെ!

ചായ, പലഹാരം എന്നീ സംഗതികളിൽ ജോർജിക്കു നിയമിതമായ ശീലമൊന്നും ഉണ്ടായിരുന്നില്ല. ദിവസവും വൈകുന്നേരം നാലുമണിക്കു ചായ കുടിച്ചാൽ ആയി, അല്ലെങ്കിൽ ഇല്ല. വല്ലപ്പോഴും വേണമെന്നു തോന്നിയാൽ ഉച്ചയ്ക്കു രണ്ടുമണിക്കു സ്വല്പം പലഹാരം തിന്നാൽ ആയി, അല്ലെങ്കിൽ ഇല്ല. ആപ്പീസിൽ വരുന്നവരോടു ചേർന്നു് അയാഠം ഒരിക്കലും പോകാറില്ല, ഹോട്ടലിൽ. മറെറല്ലാവരും അതു് 'ഏ ഗുഡ് പ്രിൻസിപ്പിഠം' എന്നു പറയാറുണ്ടു്. എന്നാൽ ജോർജിയെ സംബന്ധിച്ചിടത്തോളം അതു് ഒരു തത്വമായിരുന്നില്ല. കൈയിൽ അകപ്പെടുന്ന ഏവരോടും ചേർന്നു പോകുന്നതു് അയാഠംക്കു് ഇഷ്ടമായിരുന്നില്ല.

പരസ്പരം സ്നേഹിതരായ ആദ്യകാലങ്ങളിൽ, ഒരിക്കൽ, കിട്ടി ജോർജിയെ തന്നോടൊപ്പം ചായ കുടിക്കാൻ നിർബ്ബന്ധിച്ചു. താൻ അരമണിക്കൂർമുമ്പു് ചായ കുടിച്ചതുകൊണ്ടു് വരുന്നില്ല എന്നായി ജോർജി. തൻെറ ഒപ്പം വെറുതെ വന്നാൽമതി എന്നു പറഞ്ഞു് കിട്ടി. അയാളെ കാൻറീനിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. 'വേണ്ട, വേണ്ട' എന്നു് അയാഠം എത്ര പറഞ്ഞിട്ടും കിട്ടി രണ്ടുകപ്പു് സ്പെഷ്യൽ ചായ പറഞ്ഞു. മാണി ചായ കൊണ്ടുവന്നു വെച്ചാൽ ജോർജി കുടിക്കും എന്നായിരുന്നു, അയാളുടെ വിശ്വാസം. ചായ വന്നു. എന്നാൽ അയാഠം കുടിച്ചില്ല. സ്പെഷ്യൽ ചായ ആയതുകൊണ്ടു് തിരിച്ചയയ്ക്കാൻ കിട്ടിക്കു മനസ്സു വന്നില്ല. എന്നാൽ രണ്ടാമത്തെ കപ്പും കുടിക്കാതെ വെറുതേ പണം കൊടുക്കാനും മനസ്സുവന്നില്ല. അവസാനം കിട്ടി രണ്ടു കപ്പും സ്വയം കുടിച്ചു. പലപ്പോഴും

ജോർജിയുടെ ശാഠ്യം കിട്ടിയെ ദേഷ്യപ്പെടുത്തിയിട്ടുണ്ട്........എന്നാൽ താനും ശാഠ്യക്കാരനായതുകൊണ്ടല്ലേ റവന്യൂവിൽ ഇപ്പോഠം മുമ്പോട്ടുവന്നതു്!........

നാവിൻെറ കൊതി മൂത്തു് വീട്ടിലെ ഭക്ഷണം കിട്ടിക്കു് ഇറങ്ങാതായി.... ദിവസവും ആപ്പീസിൽ എത്തിയാൽ ഉടൻ നാലഞ്ചു തവണ ചായയും പലഹാരവും ആയി കഴിയും. ഓരോ തവണയും അയാഠം പലഹാരത്തിനോടു് തികച്ചും നീതി പുലർത്താറുണ്ടു്. ജോർജി സ്വന്തം 'പ്രിൻസിപ്പിഠം' തന്നോടു പറയണം, അതിനു തക്കതായ മറുപടി നൽകണം എന്നൊക്കെ ആയിരുന്നു, കിട്ടിയുടെ ആഗ്രഹം. എന്നാൽ അതൊന്നും ജോർജിയുടെ കണ്ണിൽ പെടാഞ്ഞിട്ടോ, സ്വയം പറയട്ടെ എന്നു വിചാരിച്ചിട്ടോ, അവരവരുടെ സിദ്ധാന്തം അവരവർക്കു് എന്നു വിചാരിച്ചിട്ടോ, എന്തോ, ജോർജി ഒരിക്കലും അതിനെപ്പററി സംസാരിച്ചതേയില്ല. അവസാനം നിയന്ത്രിക്കാനാവാതെ കിട്ടി സ്വയം കയറി ചോദിക്കവേ, ജോർജി മറുപടി പറഞ്ഞു: ''ഡൈജസ്റ്റീവ് സിസ്റ്റം കെട്ടു പോകും''

അതിനു കിട്ടി, അസമാധാനപരമായ ഒരു സമാധാനം തന്നോടുതന്നെ പറഞ്ഞു:—'വീട്ടിൽനിന്നു് ഇറച്ചിയടിച്ചിട്ടാണു് വരവു്. പിന്നെ ഇവിടത്തെ ചക്കിയും (മുറുക്കു്) ചീവുഡയും രുചിക്കുമോ?'

ഞായറാഴ്ച എന്നാൽ കിട്ടിക്കു 'പ്രാണസങ്കട ദിനം' ആണു്. അന്നു് ആപ്പീസിലെ ക്യാൻറീൻ ബന്ദു്; കൈവരവും ബന്ദു്; ഓശാരത്തിലുള്ള 'ക്ഷണ' വും ബന്ദു്. അങ്ങനെ ഒരു ഞായറാഴ്ച തൻെറ വീട്ടിനടുത്തുള്ള ഒരു ഹോട്ടലിലേയ്ക്കു് അയാഠം കയറി. അന്നു ചായ മാത്രം. മാണി ചായ കൊണ്ടുവന്നു കൊടുത്തപ്പോഠം, ''ഒരു ചുരുഠം ചക്കിയും തരൂ, ചായയ്ക്കൊപ്പം'' എന്നായി കിട്ടി. ഏമാനൻ ആയാൽ മാണിയ്ക്കു് എന്താണു്?.... ''ഒരു പ്ലേററു് ചക്കി തരട്ടേ?'' എന്നു ഗൗരവത്തോടെ ചോദിച്ചു, മാണി. ''അല്ല, ഒരു ചുരുഠം ചക്കിയും തരാൻ പറഞ്ഞതാണു്, ചായയ്ക്കൊപ്പം!'' എന്നു കേണു, കിട്ടി. മാണി നേരെ മുതലാളിയുടെ ടേബിളിൻെറ അടുത്തു ചെന്നു് ഉറക്കെ, ?'ആ ഏമാന്നു് ചായയ്ക്കൊപ്പം ഒരു ചുരുഠം ചക്കിയും വേണമത്രേ!'' എന്നു് കർത്തവ്യനിഷ്ഠനെപ്പോലെ പറഞ്ഞു. അവിടെ കൂടിയിരുന്നവരെല്ലാം കിട്ടിയുടെ നേരെ നോക്കി. മുതലാളി പുഞ്ചിരി തൂകിക്കൊണ്ടു് ''കൊടുക്കൂ'' എന്നു് അനുവദിച്ചു. ഒരു ചുരുഠം ചക്കി വന്നു....പക്ഷേ വായ്ക്കു് അതു് കയ്ക്കുന്നപോലെ!

സുഖം വേണ്ടവർ നാണം വിടണം എന്ന തത്വം പ്രത്യക്ഷമായി പ്രയോഗത്തിൽ കൊണ്ടുവരുന്നതു്, കാണുമ്പോലെ അത്ര എളുപ്പമല്ല!

XX XX XX

ജോർജിക്കു് കൂട്ടുകാരേ കുറവു്. അതിലുംവെച്ചു് കിട്ടിയിൽ അയാഠംക്കു പ്രിയം വളരെ. പരസ്പരം സ്നേഹം വളരവേ ജോർജിക്കു് ഉൽക്കടമായ ഒരു ആശ ഉളവായി, തൻെറ പ്രേയസിയെ കിട്ടിക്കു കാട്ടിക്കൊടുക്കണമെന്നു്....തൻെറ

കല്യാണക്കാര്യം അറിവായ ഉടൻ കിട്ടിയോട്ട് പറഞ്ഞില്ലെങ്കിലും ആ ആശ ആദ്യമേ അയാൾക്കുണ്ടായിരുന്നു. എന്നാൽ പരസ്പരസ്നേഹം വളരുംതോറും ആ ആശ ഉൽക്കടമായിക്കൊണ്ടുവന്നു.

ജോർജിക്കു തന്റെ ജീവിതത്തിലെ വലിയ നേട്ടമായിരുന്നു, തന്റെ പ്രേയസി. സാറാ, പാതിരിയുടെ മകളാണ്. അവിടെയുള്ള പ്രൊട്ടസ്റ്റന്റ് കുടുംബങ്ങളിൽ ഉള്ളവരിൽവെച്ചു സുന്ദരി. അതിനുംപുറമേ, ആറാം ഫോറത്തിൽ പഠിക്കുന്നവൾ. അടുത്ത കൊല്ലം മെട്രിക്ക് പാസ്സായി ജോലിക്കു യോഗ്യ ആകുന്നവൾ. അതുകൊണ്ട് അവൾക്ക് ഇരട്ടി പ്രാധാന്യം. അവൾക്കുവേണ്ടി അനേകം വരന്മാർ അവളുടെ അപ്പന്റെ അടുത്ത് അപേക്ഷകൾ സമർപ്പിച്ചു. അവരിൽ, മംഗലാപുരത്തുള്ള, യുവാവായ ഒരു പാതിരിയും ഉണ്ടായിരുന്നു. എന്നാൽ അതേ ഇടവകയിൽ വളർന്നവനായതുകൊണ്ട് ജോർജിനെപ്പററി സാറായുടെ അപ്പനു് ആദ്യം മുതലേ പരിചയമുണ്ടായിരുന്നു. ഒരുദിവസം അദ്ദേഹം ജോർജിയെ ക്ഷണിച്ചു വരുത്തി വിവാഹസമ്മതം ചോദിച്ചു. കിനാവിലും മനസ്സിലും മാത്രം ഉണ്ടായിരുന്ന ആ അലഭ്യലാഭത്തിൽ ജോർജിയുടെ കുടുംബമൊന്നാകെ സന്തോഷിച്ചു. മംഗലാപുരത്തെ പാതിരിയെ തിരസ്കരിച്ച്, പാതിരി സ്വയം മുന്നോട്ടുവന്ന്, തന്റെ മകളെ കൊടുക്കാൻ തീർച്ചപ്പെടുത്തിയതു് ആ കുടുംബത്തിനു് ആഹ്ലാദകരമായ ഒരു സംഗതിയല്ലാതെ മററെന്തു് ആവാൻ?

സാറാമ്മയും ആ കല്യാണത്തിനു് സസന്തോഷം സമ്മതം മൂളി. അതോടൊപ്പം അയാൾക്ക്, പല ദരിദ്രകുടുംബങ്ങൾക്കും കഴിയാതിരുന്ന, ഒന്നര കൊല്ലത്തെ 'കൊർട്ട്ഷിപ്പ്' വേറെയും. അയാൾക്ക് അവളുടെ സൗന്ദര്യത്തെപ്പററി നല്ല മതിപ്പുണ്ടായിരുന്നു. അയാൾക്ക് സ്നേഹിതന്മാരേ കുറവ്. തന്റെ ആത്മസ്നേഹിതനായതുമുതൽ ആ സംഗതി കിട്ടിയോട്ട് പറയാനുള്ള ആഗ്രഹം അയാളിൽ ഏറിവന്നു. അവസാനം ഒരുദിവസം സ്വയം നിയന്ത്രിക്കാനാവാതെ, അടുത്ത കൊല്ലം തന്റെ കല്യാണമാണെന്നും പാതിരിയുടെ മകളെ പരിചയപ്പെടുത്തിത്തരാമെന്നും പറഞ്ഞു്, ''അവൾ ഒരു വലിയ ബ്യൂട്ടി'' എന്നു് അയാൾ നെടുവീർപ്പിടുകയും ചെയ്തു. ''ഒരുതവണ പാതിരിയുടെ വീട്ടിൽ പോകാം, നമുക്ക്. ഞാൻ ഇൻട്രഡ്യൂസ് ചെയ്തുതരാം'' എന്നു് ക്ഷണിക്കുകയും ചെയ്തു. ആ ബ്യൂട്ടിയെ ഒന്നു കാണണമെന്നു് കിട്ടിക്ക് ആഗ്രഹമുണ്ടായെങ്കിലും തനിക്ക് അപരിചിതനായ പാതിരിയുടെ വീട്ടിൽ പോകാൻ സങ്കോചവും ഉണ്ടായി. മററു പല വിഷയങ്ങളിലും 'ശുദ്ധാശുദ്ധം' വിട്ടുകളഞ്ഞെങ്കിലും ഒരു ക്രിസ്ത്യന്റെ കുടുംബത്തിലേയ്ക്കു പോയി ഭക്ഷണം കഴിക്കുന്നതിൽ അയാൾക്ക് ഇനിയും പരിഭ്രമം ഉണ്ടായിരുന്നു. ജോർജിയുടെ വീട്ടിൽ പോയപ്പോഴും ചായ മാത്രമേ കുടിക്കുകയുണ്ടായുള്ളു. അതുകൊണ്ട് ആ ക്ഷണം എന്തെങ്കിലും ഒഴികഴിവു പറഞ്ഞു് അയാൾ ഒന്നുരണ്ടു തവണ തള്ളി. അന്നേരം ജോർജി മററൊരു ഉപായം കണ്ടുപിടിച്ചു.

ഒരുദിവസം ഇരുവരും സിനിമയ്ക്കു പോയി. അവിടെ സാറാമ്മ ഇരുവരേയും പ്രതീക്ഷിച്ച് സ്ത്രീകളുടെ ബഞ്ചിന്മേൽ ഇരിക്കുന്നുണ്ടായിരുന്നു. അവരെ കണ്ടു

ഉടൻ അവരം എഴുന്നേററ് അടുത്തേയ്ക്കു ചെന്നു. ''വളരെനേരം വെയിററു ചെയ്തോ?'' എന്നു് ജോർജി അവളോടു് ചോദിച്ചു. അവരം ഇല്ലെന്നു പറഞ്ഞു. അതിനുശേഷം ജോർജി, അവരംക്കു് കിട്ടിയെ പരിചയപ്പെടുത്തിക്കൊടുത്തു: ''ഇദ്ദേഹം കൃഷ്ണാജി കുലകർണ്ണി. എൻെറ കോളിംഗ്. ഇവരം സാറാ ഡിസൌസ. എൻെറ ബിട്രോത്ഡ്.'' കിട്ടിക്കു നാണംമൂലം, ഭൂമി അയാളുടെ പ്രാണനെ ഉള്ളിലേയ്ക്കു വലിച്ചെടുക്കുമ്പോലെ തോന്നിപ്പോയി. മൂന്നുപേരും ചായക്കടയിൽ പോയി ബിസ്ക്കററും ചായയും കഴിച്ചു. തൻെറ സ്നേഹിതനെപ്പററി ജോർജി സാറായോടു് അന്നേരം മാത്രം പറഞ്ഞു. സാറായുടെ അടുത്തു ചെല്ലുമ്പോരം എന്തു പറയണമെന്നു് തോന്നാതിരുന്നതു നിമിത്തമാണു് ഈ ഉപായം കണ്ടുപിടിച്ചതു്. സാറായുടെ ശ്രദ്ധയെല്ലാം ജോർജിയുടെ, ആ നാണംകുണുങ്ങിയായ സ്നേഹിതനിൽ ആയിരുന്നു. ജോർജി സാറായെപ്പററിയും കിട്ടിയോടു് വായ തുറന്നു സംസാരിച്ചു—അവളുടെ അപ്പനെപ്പററി, പഠിപ്പിലുള്ള ബുദ്ധിസാമർത്ഥ്യത്തെപ്പററി, ഗൃഹഭരണത്തെപ്പററി, തുന്നൽപ്പണിയിലുള്ള താല്പര്യത്തെപ്പററി അങ്ങനെ അവളെ സംബന്ധിച്ച എല്ലാററിനേയുംപററി സുദീർഘമായി സംസാരിച്ചു. അവളുടെ വിരലിന്മേൽ ഇട്ടിരുന്ന, താൻ കൊടുത്ത 'ബിട്രോതൽ റിംഗ്' കിട്ടിക്കു കാട്ടിക്കൊടുത്തു; അതിൻെറ കല്ലു് താൻ അന്വേഷിച്ചുപിടിച്ചതിനെപ്പററി, ഡിസൈൻ താൻതന്നെ ഉണ്ടാക്കിയതിനെപ്പററി, അതു് പണിയിച്ച സ്ഥലത്തെപ്പററി, അങ്ങിനെ ആ മോതിരത്തെ സംബന്ധിച്ച എല്ലാം വിസ്തരിച്ചു വർണ്ണിച്ചു. ഇടയ്ക്കിടയ്ക്കു് സാറാ മൂകയായി ബിസ്ക്കററുകരം കിട്ടിയുടെ അടുത്തേയ്ക്കു് നീക്കിവെച്ചുകൊണ്ടിരുന്നു. അവരം പ്രദർശിപ്പിച്ച മര്യാദയ്ക്കു താനും മര്യാദ കാട്ടണമെന്ന വിചാരത്തോടെ കിട്ടി ബിസ്ക്കററുകരം സ്വീകരിച്ചുകൊണ്ടിരുന്നു.

ജോർജി പറഞ്ഞപോലെ സാറാ അത്ര 'ബ്യൂട്ടി'യായി കിട്ടിക്കു തോന്നിയില്ല. എന്നാൽ ആരോഗ്യവും ഉന്മേഷവും കാരണം അവരം കാന്തിമയിയായി കാണപ്പെട്ടു് ഒരുതരം ആകർഷകത്വം ജനിപ്പിച്ചിരുന്നു. പൊക്കം ഉണ്ടായിരുന്നെങ്കിലും മുഖത്തുനിന്നു് കൗമാരത്തിൻെറ കല ഇനിയും പോയിരുന്നില്ല. മഞ്ഞനിറമുള്ള ഒരു ഫ്രോക്കു് ആണു് ധരിച്ചിരുന്നതു്. തലയിൽ ചുവന്ന ഒരു റിബ്ബൺ കെട്ടിയിരുന്നു. തലമുടിയിൽ എട്ടുപത്തു് ഇടത്തു് പിൻ കുത്തിയിരുന്നു. ചോദിച്ചതിനു മാത്രം മറുപടി പറഞ്ഞുകൊണ്ടു്, ജോർജി പറഞ്ഞ മറെറല്ലാററിനും ഒരു പുഞ്ചിരി പൊഴിച്ചു് സമ്മതം നൽകിക്കൊണ്ടു്, അവരം കുത്തിയിരുന്നു.

സിനിമയ്ക്കു പോകാൻ സാറാ തയ്യാറായില്ല. അവളുടെ അപ്പനു് ഏതോ ഇടവക പരിശോധനയ്ക്കായി രാത്രിവണ്ടിക്കു് പോകേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു് രാത്രിയിലെ ഭക്ഷണം കാലേ തയ്യാറാക്കേണ്ടതുണ്ടായിരുന്നു, അവരംക്കു്. ഗൃഹനാഥ അവരംതന്നെ ആയിരുന്നു. പാതിരിയുടെ ഭാര്യ മരിച്ചിട്ടു് ആറു വർഷമായി. കല്യാണം കഴിഞ്ഞാൽ ജോർജി പാതിരിയുടെ വീട്ടിൽത്തന്നെ ആയിരിക്കും താമസിക്കുക.

സാറായെ അങ്ങനെതന്നെ തിരിച്ചയയ്ക്കാൻ മനസ്സു വരാഞ്ഞതു നിമിത്തം ജോർജി 'ഷോപ്പിങ്ങിനു്' എന്നു പറഞ്ഞു് മാർക്കററിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. കിട്ടിക്കു് ഒരു ധർമ്മസങ്കടമായി. അന്നേരം അവരെ വിട്ടുപോരുന്നതു് തെററു്; അവരൊന്നിച്ചു് വഴിയിൽ നടക്കുന്നതിനു് നാണവും. അങ്ങനെ അയാാം അവരിൽനിന്നു് ഒരു വാര അകലത്തിൽ വഴിനടന്നുകൊണ്ടിരുന്നു. ജോർജിക്കും സാറാമ്മയ്ക്കും പരസ്പരം എന്തു സംസാരിക്കണമെന്നു് തിരിഞ്ഞില്ല. കിട്ടിയെ സംഭാഷണത്തിൽ ഉൾപ്പെടുത്താൻ അസാദ്ധ്യവും ആയിരുന്നു. അങ്ങനെ വഴിനീളെ ഒരു മൂകാഭിനയം നടക്കുമ്പോലെ കാണപ്പെട്ടു.

കടകളിൽ കയറി, സാറാമ്മയ്ക്കു് റിബ്ബൺ, കർചീഫു്, ലേസു്, ചീപ്പു് മുതലായ അല്ലറചില്ലറ സാമാനങ്ങൾ വാങ്ങി. അതെല്ലാം കട്ടിക്കടലാസ്സുകൊണ്ടുള്ള ഒരു പെട്ടിയിൽ വെച്ചു് റിബ്ബൺകൊണ്ടു് കെട്ടി. ജോർജി അതെടുത്തു് അവളുടെ വീടുവരെ എത്തിക്കാൻ പുറപ്പെട്ടു. ഇനിയും ആ 'ഘോഷയാത്ര'യുടെ പിന്നാലെ പോകുന്നതു് ചിതമല്ലെന്നു കണ്ടു്, കിട്ടി പച്ചക്കറി വാങ്ങാനെന്നു് ഒഴികഴിവു പറഞ്ഞു് കാലൂരി................

എന്നാൽ, അന്നു രാത്രി പാതി ഉറക്കത്തിലും പാതി ഉണർവിലും അയാളുടെ കൺമുന്നിൽ പല ചിത്രങ്ങളും വന്നുപോയിക്കൊണ്ടിരുന്നു—രത്നയൊന്നിച്ചു് ദിക്കായ ദിക്കെല്ലാം കറങ്ങി നടന്നതായിട്ടു്, സിനിമയ്ക്കു പോയതായിട്ടു്, അവളുടെ തലയിൽ പൂ ചൂടിയതായിട്ടു്, കടയിൽ കയറി വളകൾ വാങ്ങി കൊടുത്തതായിട്ടു്, അങ്ങനെ എന്തെല്ലാമോ. ആ സാറായെ 'ബ്യൂട്ടി'യെന്നു പറഞ്ഞ ആ കുരങ്ങൻ ജോർജി, തൻെറ രത്നയെ കണ്ടിരുന്നുവെങ്കിൽ എന്തു പറയുമായിരുന്നോ, എന്ന അവിവേകം നിറഞ്ഞ ചിന്തയും കിട്ടിയെ ചുററിവരികയുണ്ടായി. ഉറക്കം വന്നപ്പോഴേയ്ക്കും മണി പന്ത്രണ്ടടിച്ചു.

ജോർജി, 'ബ്യൂട്ടി' എന്നു പറഞ്ഞതിൻെറ അർത്ഥം മനസ്സിലാക്കാനുള്ള കഴിവു് കിട്ടിക്കു് ഉണ്ടാകണമെങ്കിൽ ഇനിയും എത്രയോ ദിവസങ്ങൾ കഴിയണം.

## 14 കിട്ടിയുടെ പ്രണയം

രാഘപ്പയുടെ വീടു് കിട്ടിയുടെ ആപ്പീസിൻെറ അൽപം സമീപത്തായിരുന്നു. എപ്പോൾ വേണമെങ്കിലും വന്നു് ചായയും പലഹാരവും കഴിക്കുന്നതിനു് ഒരു സ്ഥിരം ക്ഷണം രാഘപ്പ കിട്ടിക്കു് കൊടുത്തുവെച്ചിരുന്നു. എങ്കിലും അന്നുവരെ ആ ക്ഷണം സഫലമാവുകയുണ്ടായില്ല. എന്നാൽ ഒരു ദീപാലിക്കു്, നരകചതുർദ്ദശിയുടെ അന്നു് വളരെ താല്പര്യപൂർവ്വം കിട്ടിയെ ക്ഷണിച്ചു. കിട്ടിയെക്കൂടാതെ മററൊരു ആണിനെയും ക്ഷണിച്ചിരുന്നില്ല. എന്നാൽ അക്കംപക്കത്തിലുള്ള പതിനാലു പതിനഞ്ചു വയസ്സുള്ള കന്യകമാരുടെ ഒരു സംഘം 'രത്ന

യുടെ പുരുഷനെ' ഒരുനോക്കു കാണാൻ വന്നെത്തിയിരുന്നു. ആ 'സ്ത്രീരാജ്യ' ത്തിൽ കിട്ടിക്കു സുഖമയമായ പല അനുഭവങ്ങളും ഉണ്ടായി. നല്ല മെയ്ക്കെട്ടും പൊക്കവും ഉള്ള ഒരു കേമിയുടെ കൈയിലകപ്പെട്ടു് കിട്ടിക്കു് വളരെ ഉപദ്രവം സഹിക്കേണ്ടിവന്നു. അയാൾ പുറത്തളത്തിൽ ഇരിക്കുന്നേരം ആ 'പെൺപട' കൂട്ടമായി വന്നു് അയാളെ കൺചിമ്മി, കൺചിമ്മി സാകൂതം നോക്കിക്കൊണ്ടു്, പരസ്പരം നുള്ളി ഒരുതരം സൂചന നൽകിക്കൊണ്ടിരുന്നു. എന്നാൽ കേമി യായ ഗോദാവരി കുറെക്കൂടി മുന്നോട്ടുപോയി. അവൾ തൻെറ കൈയൂക്കു് പ്രയോ ഗിച്ചു്, രത്നയെ കൈപിടിച്ചു വലിച്ചു്, 'പെൺപട'യെ തള്ളി വകഞ്ഞു്, പുറത്തളത്തിൻെറ ഉമ്മറപ്പടിമേൽ കൂച്ചിപ്പിടിച്ചു നിറുത്തി, കളിയാക്കി ക്കൊണ്ടു് മൊഴിഞ്ഞു: ''ഇവൾ നിങ്ങളെ കണ്ടതേയില്ല എന്നുവെച്ചാലോ. കോ പിക്കരുതു്. ഇതാ ഞാൻ പിടിച്ചുകൊണ്ടുവന്നിരിക്കുന്നു!'' കളിയും ചിരിയും കൊണ്ടു് രത്നയുടെ ചെന്നിത്തടം തുടുത്തു. കണ്ണുകൾ തിളങ്ങി. കണ്ണീർക്കണം കൺപീലികളിൽ തൂങ്ങിനിന്നു. അവൾ ഒററ തവണ മാത്രം കിട്ടിയുടെ നേരെ ഭ്രമത്തോടെ നോക്കി. എന്നിട്ടു് 'വിടു്' 'വിടു്' എന്നു പറഞ്ഞു് ഒരുതരത്തിൽ കുതറി ഓടി. പതിനാറു വയസ്സു് കഴിഞ്ഞെങ്കിലും കേമിയായ ഗോദാവരിയുടെ കല്യാണം ഇനിയും കഴിഞ്ഞിരുന്നില്ല. എന്നാലും അതിനെപ്പററി അവൾക്കു് ഒരു ചിന്തയും ഉണ്ടായിരുന്നില്ല. കുട്ടിത്തം ഇനിയും പോയിരുന്നില്ല. മററുള്ളവരുടെ കല്യാണം മുതലായ സംഗതികളിൽ 'കുരങ്ങുകളി' കളിക്കുന്നതിൽ അവൾ മിടുക്കി ആയിരുന്നു.

എട്ടരമണി അയിട്ടും കിട്ടിക്കു് ഉഴിഞ്ഞിടൽ കഴിഞ്ഞിരുന്നില്ല. രാഘപ്പ എത്തിയ ഉടൻ ഉഴിഞ്ഞിടലിൻെറ ചടങ്ങു് ആരംഭിച്ചു. ''നിൻെറ കൈകൊണ്ടു തന്നെ ആകട്ടെ, ഇവിടെ വാ!'' എന്നു പറഞ്ഞു് ഗോദാവരി, നാണിച്ചു് അക ത്തേയ്ക്കു് ഓടിപ്പോയ രത്നയെ പിടികൂടി.

വരില്ല എന്നായി രത്ന. ഗോദാവരി അവളെ നുള്ളി. അമ്മയും മകളുടെ പക്ഷം പിടിച്ചില്ല. ''ഉം പോ. കൂട്ടുകാരികൾ വിളിക്കുന്നു. ഓ, ഒരു ഇള്ള കുട്ടി'' എന്നു് അമ്മ അവളെ ദേഷ്യപ്പെട്ടു. അങ്ങനെ പോംവഴി കാണാതെ രത്ന ഉഴിഞ്ഞിടാനുള്ള തട്ടും കൈയിലേന്തി വന്നു. ഗോദാവരിയും നിന്നു, ഒപ്പം. 'ഉഴിഞ്ഞിടൽപാട്ടു്' ആരു പാടണമെന്ന പ്രശ്നം വന്നു. അന്നേരം ഗോദാവരി കൂട്ടുകാരികളോടു് ആജ്ഞാപിച്ചു: ''നിങ്ങളാരും പാടണ്ട. രത്ന പാടട്ടെ!'' എങ്ങും മൗനം. അതിൻെറ അർത്ഥം താൻതന്നെ പാടണം എന്നാണു്. അതു് രത്ന മനസ്സിലാക്കി. അതുകൊണ്ടു് അവൾക്കു് പാടുകതന്നെ വേണം. അവൾക്കു് മഹബൂബക്ക ഒരു പാട്ടു് പഠിപ്പിച്ചുകൊടുത്തിരുന്നു: കൃഷ്ണാ ന ബേഗനേ ബാരൊ, മൊഗവനേ തോരൊ!'': അവൾ ആ പാട്ടുതന്നെ പാടി. മഹബൂബാജാൻെറ ശിക്ഷ ണപദ്ധതിമൂലമോ റിക്കാർഡു കേട്ടു് പരിചയിച്ചതുമൂലമോ എന്തോ 'കൃഷ്ണ'എന്ന പദം പൂർണ്ണമായി പല്ലവിയിൽ മാത്രമേ അവൾ പാടിയപ്പോൾ കേട്ടിരുന്നുള്ളു— മററിടങ്ങളിലെല്ലാം 'ണ' മാത്രവും. പല്ലവി വരുമ്പോഴേയ്ക്കും, ആ പാട്ടു് തനിക്കു

വേണ്ടിത്തന്നെയുണ്ടാക്കിയതാണോ എന്ന വിചാരത്താൽ കിട്ടി തല കീഴോട്ട് ആക്കി ഇരുന്നു. മററുള്ളവരെല്ലാം അതിൻെറ സാരം മനസ്സിലാക്കി പൊട്ടിച്ചിരിച്ചു. കുറച്ചുനേരം അവരം തികച്ചും തന്മയീഭാവത്തോടെ പാടിക്കൊണ്ടിരുന്നു. എന്നാൽ രണ്ടാമത്തെ പദത്തിൻെറ വരികരം വീണ്ടും പാടാൻ ആരംഭിച്ചപ്പോരം മാത്രമാണ് പെട്ടെന്ന് അവരംക്ക് ചുററുപാട് ഓർമ്മവന്നതു്. അന്നേരം അവരംക്ക് ഒരു പരിഭ്രമമായി, നാണമായി. അവളുടെ മുഖം തുടുത്തു. ഒരു ഞെട്ടലോടെ പാട്ട് തുടർന്നു, അവരം. എന്നാൽ ആ തവണ പല്ലവി ശരിക്കും പാടാതെ, 'കൃശ്'' 'ഖോക്ക്'' എന്നാക്കി, പുഞ്ചിരിച്ചുകൊണ്ട് കഴുത്തു തിരിച്ചു. പെണ്ണുങ്ങളെല്ലാം കുണുങ്ങിക്കുണുങ്ങി ചിരിച്ചു തകർത്തു.

അന്നേരം കിട്ടി നാണംപൂണ്ട് അവരിൽനിന്നു കണ്ണുവെട്ടിക്കാൻ വേണ്ടി, പുറത്തളത്തിലെ മറെറാരു വശത്തുള്ള മുറിയുടെ നേരെ നോക്കാൻ തുടങ്ങി. അവിടെ ആ മങ്ങലിൽ, സന്തോഷാശ്രു പൊഴിച്ചുകൊണ്ട് അയാളെത്തന്നെ ഉററു നോക്കിക്കൊണ്ടിരുന്ന ഒരു സ്ത്രീ അയാളുടെ കണ്ണിൽ പെട്ടു...........ചമ്പക്ക!

പലഹാരത്തിനു് ഇരുന്നപ്പോരം ഗോദാവരി എരിവുള്ള കർച്ചിക്കായ് മററു കർച്ചിക്കായ്കളോടൊപ്പം ചേർത്തു കിട്ടിക്ക് കൊടുത്തു. (കർച്ചിക്കായ് ഒരു മധുരപലഹാരമത്രേ. അയാളെ കളിയാക്കാൻവേണ്ടി എരിവുചേർത്തും ഒരെണ്ണം ഉണ്ടാക്കിയതാണ്) തമാശ് രംഗങ്ങരംക്കു കാരണം ഉണ്ടാക്കുന്നതിൽ 'പിശുക്കു' കാട്ടാത്ത കിട്ടി അന്നേരം മറെറാരു തമാശ് രംഗവും ഉണ്ടാക്കിവിട്ടു........അയ്യോ, താനെന്തിന് ഈ പെൺകുട്ടികളുടെ നടുക്ക് പെട്ടുപോയി എന്നായി അയാരംക്ക്!

പലഹാരത്തിനുശേഷം, ''നീ ഇവിടെത്തന്നെ ഭക്ഷണംകഴിച്ചു പോയാൽമതി, ഞാൻ ഇതാ വന്നു!'' എന്ന് രാഘപ്പ കിട്ടിയോട് പറഞ്ഞു്, ഒരു ബീഡയും ചവച്ച്, എങ്ങോ പുറത്തേയ്ക്ക് ഇറങ്ങിപ്പോയി. ആ നിറപ്പകിട്ടിൽ കൈ—മെയ് മറന്നിരുന്ന കിട്ടിക്ക് ''വേണ്ട'' എന്നു പറയാൻ ആയില്ല. അങ്ങനെ അയാരം ഒന്നും മിണ്ടാതെ ഇരുന്നുപോയി. അതിനുപുറമെ, രത്നയെ കാണാമല്ലോ എന്ന കൊതിയും അയാരംക്ക് ഉണ്ടായിരുന്നു. രത്ന, നാണംപൂണ്ട് വീണ്ടും വന്ന് രണ്ടു ബീഡകരം വെച്ചിട്ടു പോയി. കിട്ടി അതിൽ വലുതു് എടുത്തു................ അതിലും ചേർത്തിരിക്കുന്നല്ലോ എരിവ്........പെൺകൂട്ടം അവസാനമായി ഉള്ളു തുറന്നു ചിരിച്ച് അവരവരുടെ വീടുകളിലേക്ക് പോയി. ബഹളംകൊണ്ടു നിറഞ്ഞ പുറത്തളം ശൂന്യമായി. രാഘപ്പയേയും കാത്തു്, ഒററയാനായി, അയാരംക്ക് ഇനിയും കുത്തിയിരിക്കണം, ജമക്കാളത്തിന്മേൽ.

പുറത്തളത്തിൽ ഒരു വർത്തമാനപ്പത്രംപോലും ഉണ്ടായിരുന്നില്ല. അരമണിക്കൂർ നേരം ഒററയാനായി ഇരിക്കവേ, കിട്ടിയുടെ ആശ പാതി പോയി........ കരം സംസാരിക്കാൻ തുടങ്ങി. പാതി മറന്നുപോയിരുന്ന 'ദീപാളി ദീപാരാധന'യുടെ ഓർമ്മ വന്നുതുടങ്ങി........വീട്........അമ്മ........

അന്നു് ഗംഗവ്വ വെളുപ്പിനു് അഞ്ചുമണിക്കു് കിട്ടിയെ വിളിച്ചു് ഉണർത്തി. പതിനഞ്ചു കൊല്ലമായി സൂക്ഷിച്ചുവച്ചിരുന്ന അത്തർകുപ്പിയിൽനിന്നു് രണ്ടു തുള്ളി അന്നു് എണ്ണക്കിണ്ണത്തിൽ കൂട്ടിച്ചേർത്തു. ഈ ദീപാളിക്കെങ്കിലും വീട്ടിൽത്തന്നെ കിട്ടിക്കു് ദീപം ഉഴിയണമെന്നു് അവർക്കു് ഒരു ആശ. സ്വാമിരായ മരിച്ച കൊല്ലം ദീപാവലിക്കു്, വീട്ടിൽ ദുഃഖാചരണം മൂലം, ഉഴിഞ്ഞതു് ദേസായിയുടെ വീട്ടിൽ ആയിരുന്നു. പിന്നീടു് ആ സമ്പ്രദായം തുടർന്നുവന്നു, വളരെ കൊല്ലങ്ങളായിട്ടു്. ഇത്തവണയും ദേസായിയുടെ ക്ഷണം സ്വീകരിക്കുകതന്നെ വേണം. ഉദ്യോഗം കിട്ടിയപ്പോൾ നെഗളിക്കാൻ തുടങ്ങി എന്നു് തെററിദ്ധരിപ്പിക്കാതിരിക്കാൻ, ദീപം ഉഴിയുന്നതിനു്, പതിവുപോലെ അവിടെ പോവുകതന്നെവേണം. എന്നാൽ അതിനുമുമ്പായി വീട്ടിൽത്തന്നെ രഹസ്യമായി നടത്തണമെന്നു് അവർക്കു് ഒരു അഭിലാഷം. അതിലേക്കായി തൊട്ടു അയൽപക്കത്തുള്ള കാശിതായിയേയും അവരുടെ ആറുവയസ്സുള്ള മകളേയും ഭർത്താവിനേയും അഞ്ചുമണിക്കുതന്നെ പലഹാരത്തിനു് വിളിച്ചു. അവർ വന്നു് പാട്ടു പാടി, എണ്ണയും കുങ്കുമവും തൊട്ടു് ദീപം ഉഴിഞ്ഞു. ഗംഗവ്വ കിട്ടിയെക്കൊണ്ടു് ദരിദ്രയായ കാശിതായിക്കു് ദീപാരാധനത്തട്ടിൽ ഒരു രൂപ ഇട്ടുവിച്ചു കൊടുപ്പിച്ചു. പതിനഞ്ചുകൊല്ലങ്ങൾക്കുശേഷം, സ്വന്തം വീട്ടിൽ വെച്ചുള്ള ആദ്യത്തെ ദീപം ഉഴിയലായിരുന്നു അതു്. ഗംഗവ്വയുടെ നയനങ്ങളിൽനിന്നു് ധാരധാരയായി നീരൊഴുകി. അതു കണ്ടു് എല്ലാവരുടെയും കരൾ അലിഞ്ഞുപോയി. പലഹാര സമയത്തു് കാശിതായി അവരെ വളരെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. എന്നാലും അടക്കാനാവാതെ ഗംഗവ്വ, അടുക്കളച്ചുവരിൽ ചാരിനിന്നു് 'ഹാ' എന്നു കരയാൻ തുടങ്ങി. അവരോടൊപ്പം വേദന അനുഭവിച്ച ഒരു ജീവിയായ കാശിതായിയും ചേലത്തുമ്പുകൊണ്ടു് മുഖം മറച്ചു് കരയാൻ തുടങ്ങി. കാശിതായിയുടെ അരക്കിറുക്കനായ കെട്ടിയവൻ പറഞ്ഞുകൊണ്ടിരുന്നു: ''കരയാതിരിക്കിൻ! കരയാതിരിക്കിൻ!'' അയാളുടെ ആ വിഫലധ്വനി മാത്രമേ കേട്ടിരുന്നുള്ളു, അതിനിടയ്ക്കു്. കിട്ടിയുടെയും മനസ്സു് അലിഞ്ഞു. ദുഃഖം സഹിക്കാനാവാതെ അയാൾ ഗംഭീരമായ മൗനം ദീക്ഷിച്ചു.

അതിനുശേഷം ദേസായിയുടെ വീട്ടിലെ മാമൂൽ അനുസരിച്ചുള്ള ദീപാരാധന........

പാതി മറന്നുപോയ ആ സംഭവം രാഘപ്പയുടെ വീട്ടിലെ ബഹളത്തിനിടയിൽ മുഴുവനും മറന്നുപോയിരുന്നു, കിട്ടി. എന്നാൽ അന്നേരം പുറത്തളത്തിൽ അരമണിക്കൂർ നേരം ഒററയ്ക്കു് ഇരിക്കവേ, അന്നു കാലത്തു നടന്ന സംഭവചിത്രം കിട്ടിയുടെ കൺമുന്നിൽ കറങ്ങാൻ തുടങ്ങി. അയാൾക്കു് ഉള്ളുകൊള്ളെ സ്വസ്ഥതയില്ലാതായി........സ്വന്തം വീട്ടിലും ദീപാളിയുണ്ടു്. അമ്മ കാത്തുകാത്തു് ഇരിക്കുന്നുണ്ടാകും. എന്തെല്ലാം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കി കാത്തിരിക്കുന്നുണ്ടാവുമോ ആവോ!........കിട്ടിക്കു മനോവ്യഥ അടക്കാൻ ആവാതായി. അകത്തു പോയി, ''വീട്ടിൽ പോകയാണു്, ഭക്ഷണത്തിനു്'' എന്നു് ചമ്പക്കയോടു പറയാൻ അയാൾ തീർച്ചപ്പെടുത്തി. പരുങ്ങിപ്പരുങ്ങി അകത്തുപോയി, അയാൾ— ചമ്പക്ക കിടക്കുന്ന മുറിയിലേയ്ക്കു്........

മുറിയിൽ ചമ്പക്ക ഉണ്ടായിരുന്നില്ല. രത്ന ഒററയ്ക്ക് ഒരു വലിയ കണ്ണാടി ചുമരിന്മേൽ ചാരിവെച്ച്, തലമുടി ഒരിക്കൽ ഇടത്തോട്ടു ചാച്ച്, പിന്നെ വലത്തോട്ടു ചാച്ച്, പിന്നെ നേരെ, കെട്ടിനോക്കി, തൻെറ ബഹുവിധ സൗന്ദര്യത്തിൽ ആണ്ടുമുങ്ങി, തന്നിൽത്തന്നെ ആഹ്ലാദം പൂണ്ട്, ഒരു ബ്രഹ്മാവിനെപ്പോലെ, സൃഷ്ടിപരീക്ഷണം നടത്തിക്കൊണ്ടിരുന്നു. അവളുടെ സമൃദ്ധമായ, അല്പം ചെമ്പിച്ച മുടി, വർഷകാലത്തെ വെള്ളച്ചാട്ടംപോലെ, ബഹുവിധമായിരുന്നുവെങ്കിലും യൗവ്വനത്തിൻെറ തെളിവ് പ്രത്യക്ഷമായി നൽകിയിരുന്നു. കണ്ണാടിയിലേയ്ക്കു നോക്കുന്ന, അവരം ഒരുതവണ പുഞ്ചിരി തൂകി, ഒരു തവണ കൺവെട്ടിച്ചു........

ആ സൗന്ദര്യസേവ നോക്കിനിൽക്കാനാവാതെ, കിട്ടി ഒന്നു ചുമച്ചുപോയി. രത്ന തിരിഞ്ഞുനോക്കി, പരിഭ്രമിച്ചു, മുടികെട്ടി, എഴുന്നേററ് ഒരു വശത്തേയ്ക്ക് നീങ്ങി. അയാരം സങ്കോചപ്പെട്ടുകൊണ്ട്, ''ഭക്ഷണത്തിനു ഞാൻ വീട്ടിലേയ്ക്കു പോകയാണ്,'' എന്നു പറഞ്ഞു.

എത്ര നാണംകുണുങ്ങി ആയാലും ഭക്ഷണകാര്യത്തിൽ മറുപടി പറയാത്ത ഏതു് പെണ്ണു് ഉണ്ടാകും?

''ഭക്ഷണം കഴിച്ചിട്ടു് പോയാൽമതി''

''ഒരുതരം അധികാരത്തോടെ പറയുന്നല്ലോ!'' എന്നു് കിട്ടി മുള്ളുവാക്കോതി. എന്നാൽ അതിൻെറ മുന, പതിനഞ്ചു വയസ്സു മാത്രമുള്ള നിഷ്ക്കളങ്കയായ ആ പെൺകുട്ടിക്കു കാണാൻ കഴിഞ്ഞില്ല.

''എൻെറ വീട്ടിൽ ഭക്ഷണത്തിനു ക്ഷണിക്കാൻ എനിക്കു് അധികാരമില്ലേ?''

എന്നാൽ താൻ പറഞ്ഞതിൻെറ സൂചന പരിപൂർണ്ണമായും അവളെ മനസ്സിലാക്കാതിരിക്കാൻ കിട്ടിക്കു മനസ്സു വന്നില്ല.

''നിന്നെ എനിക്കു കെട്ടിച്ചുതരാൻ പോകയാണെന്നല്ലേ പറയുന്നതു്; അതു് അറിയാമോ?

''അതെല്ലാം അച്ഛനു മാത്രമേ അറിയാവൂ!'' എന്നു് അവരം നീരസത്തോടെ മൊഴിഞ്ഞു.

''ഇങ്ങനെ എരിവുള്ള ബീഡി തന്നാൽ എങ്ങനെ നിന്നെ കെട്ടും?''

''ഞാനല്ല, ഗോദാവരിയാണു് അതു ചെയ്തതു്. എനിക്കൊന്നും അറിയാൻ മേല!''

''ആരായാലെന്താ? എൻെറ വായ ആണു് എരിഞ്ഞതു്!'' എന്നു പറഞ്ഞു് കിട്ടി അവളുടെ തുടുത്ത ചുണ്ടുകളിലേയ്ക്കു് ഒരു നോട്ടമെറിഞ്ഞു.

''എന്നാലും........ഭക്ഷണം കഴിച്ചിട്ടു പോകുന്നു്........കരി കടുമ്പു ഉണ്ടാക്കിയിട്ടുണ്ടു്''.

''അതു ശരി. നിൻെറ അച്ഛൻ നിന്നെ കല്യാണംകഴിച്ചുതരാമെന്നു പറയുന്നു. നീ വയ്യെന്നു പറഞ്ഞാലോ?'' എന്നായി കിട്ടി.

ആ പറഞ്ഞതിൻെറ സൂചന പിടുത്തംകിട്ടി, രത്നമ്മയ്ക്ക്. തെല്ല് ആലോചിച്ചിട്ട് അവരം മറുപടി പറഞ്ഞു:

''ഞാൻ പറയുന്നതു് എന്തുമായിക്കോട്ടെ. നിങ്ങളുടെ അമ്മ എന്തു പറയുന്നു എന്നു് ചോദിച്ചറിയൂ. അതാണു് പ്രധാനം, നിങ്ങരംക്കു്.''

അമ്മയെപ്പററിയുള്ള സംസാരമേ ഉണ്ടാവില്ലെന്നു് വിചാരിച്ചിരുന്ന കിട്ടിയുടെ മുഖമാകെ കരിവാളിച്ചു. തൻെറ സരസമായ സംസാരം വിരസമാക്കി, വെറും 'ഗദ്യ'ത്തിലേയ്ക്കു് ഇറക്കിക്കൊണ്ടുവന്ന ആ കാവ്യദേവതയുടെ നിലപാട് അയാരംക്കു് പിടുത്തംകിട്ടിയില്ല.

ഭാഗ്യംകൊണ്ടു് അപ്പോഴേയ്ക്കും ചമ്പക്ക കിതച്ചുകിതച്ചു് അവിടേയ്ക്കു വന്നതു നിമിത്തം അവരുടെ സംഭാഷണം അവസാനിച്ചു. കിട്ടി ചമ്പക്കയോട്, ''ഇന്നു വിശേഷദിവസമല്ലേ, വീട്ടിലേയ്ക്കു പോകട്ടെ ഭക്ഷണത്തിനു്!'' എന്നു പറഞ്ഞു. അതിനു് ചമ്പക്ക, ''എന്താ, ഇതു വീടല്ലേ?'' എന്നു ചോദിച്ചു.

''ഹി! ഹി !....അതല്ല....അമ്മ നോക്കിക്കൊണ്ടു് ഇരിക്കുന്നുണ്ടാവും.......
ഇനി ഒരിക്കൽ വരാം........''

''അങ്ങനെയല്ല. വെയ്പ്പെല്ലാം കഴിഞ്ഞു. അദ്ദേഹം ഇപ്പോരം വരും. വന്നാൽ ഉടൻ ഭക്ഷണത്തിനു് ഇരിക്കാം!'' എന്നു ചമ്പക്ക.

അപ്പോഴേയ്ക്കും രാഘപ്പ എത്തിക്കഴിഞ്ഞു. ചമ്പക്ക അയാളെ കിട്ടി പറഞ്ഞതു് അറിയിച്ചു. അതുകൊണ്ടു് അയാരം അങ്ങനെ സംഭവിക്കാൻ ഇട കൊടുത്തില്ല.

''ഛേ! ഛേ! എടോ കിട്ടണ്ണ, ഞങ്ങരം വേറെയല്ല, നിൻെറ അമ്മ വേറെയല്ല. രണ്ടു വീടും നിൻെറതന്നെ, അല്ലേ. അപശകുനം ആവരുതു്. ഭക്ഷണം കഴിക്കുകതന്നെ വേണം. ഇത്രയും ദിവസം ചായയ്ക്കു വരാൻ പറഞ്ഞിട്ടും വന്നില്ല.....ഇനി ഒരിക്കൽ വരുമെന്നു് എന്താണു് വിശ്വാസം?........എടീ, നമുക്കു് ഭക്ഷണത്തിനു് ഇരിക്കാം''.

മറെറാരു പോംവഴി കാണാതെ കിട്ടി ഭക്ഷണത്തിനു് ഇരുന്നു. ഭക്ഷണത്തിനിടയ്ക്കു് രാഘപ്പ പല തമാശകളും പറഞ്ഞു. കിട്ടിക്കു് അതിലൊന്നും അത്ര രസം തോന്നിയില്ല. ഭക്ഷണം കഴിഞ്ഞശേഷം വളരെ ബദ്ധപ്പാടോടെ അയാരം വീട്ടിലേയ്ക്കു നടന്നു.

കിട്ടി വീടുവിട്ടു് അകന്ന ഉടൻ രാഘപ്പ ഭാര്യയുടെ നേരെ നോക്കി, പുഞ്ചിരി പൊഴിച്ചുകൊണ്ടു് നിന്നു. അതു കണ്ടു് മുഖത്തു് യാതൊരു ഭാവഭേദവും കാട്ടാതെ മിണ്ടാതിരുന്നു ചമ്പക്ക.

XX XX XX

കിട്ടി വീട്ടിൽ എത്തിയപ്പോഠ മണി ഒന്നു് അടിച്ചു. ഗംഗവ്വ കഢുബു ഉണ്ടാക്കി കാത്തു കാത്തു്, ഇടയ്ക്കിടയ്ക്കു് വീടിൻെറ മുമ്പിലുള്ള തറവരെ പോയി നോക്കിനോക്കി, കങ്കാളമായി കത്തിയിരുന്നു. കിട്ടി ബദ്ധപ്പെട്ടു് വന്നുകയറിയ ഉടൻ, ''എത്ര നേരായി, കിട്ടണ്ണ? വെച്ചതെല്ലാം ആറി തണുത്തു പോയല്ലോ''. എന്നു ഗംഗവ്വ പരാതി പറഞ്ഞു.

''വേണ്ട. എൻെറ ഭക്ഷണം കഴിഞ്ഞു. ഒരു കൂട്ടുകാരൻ വിട്ടതേയില്ല. നിർബ്ബന്ധിച്ച് ഭക്ഷണം കഴിപ്പിച്ചേ വിട്ടുള്ളു....അമ്മ ഇരുന്നോളൂ, ഭക്ഷണ ത്തിനു്!'' എന്നു് അയാഠ പറഞ്ഞു. അതുകേട്ടു് ഗംഗവ്വ വളരെ സങ്കടപ്പെട്ടു് പറഞ്ഞു:

''അയ്യോ, ഇത്രയെല്ലാം ഉണ്ടാക്കി, കിട്ടണ്ണ ഇപ്പോ വരും, ഇപ്പോ വരും എന്നു പറഞ്ഞു് നോക്കിയിരിക്കുകയായിരുന്നല്ലോ, ഞാൻ....എന്നിട്ടു് ഭക്ഷണം കഴിച്ചു വന്നല്ലോ നീ!........ആരാണു് വീട്ടിലേയ്ക്കു ക്ഷണിച്ച ആ മനുഷ്യൻ?.... നമ്മുടെ വീട്ടിലും വിശേഷദിവസമാണെന്നു് അയാഠക്കു് അറിയരുതോ?.... നല്ലവനാണോ ആ കൂട്ടുകാരൻ?....(പെട്ടെന്നു് എന്തോ ഒരാലോചന വന്നപോലെ) ........കിട്ടണ്ണ, നേരു പറ, നീ എവിടെ പോയിരുന്നു....രാഘുൻെറ വീട്ടിലേ യ്ക്കല്ലേ?''

അമ്മയുടെനേരെ അതുവരെ ഉണ്ടായിരുന്ന അയാളുടെ സഹതാപം അതോടെ കുറഞ്ഞുപോയി. അയാഠ, ''അതെ!'' എന്നു് ഉറപ്പിച്ചുതന്നെ പറഞ്ഞു.

''ആകട്ടെ, വരുന്നതു വരട്ടെ....പെണ്ണിൻെറ ജന്മംതന്നെ അങ്ങനെയാണു് ഈശ്വരൻ ഉണ്ടാക്കിവിട്ടിരിക്കുന്നതു്!....ഞാൻ അനുഭവിച്ചോളാം?'' എന്നു പറഞ്ഞു് അവർ അടുക്കളയിലേയ്ക്കു പോയി. പിന്നീടൊന്നും പറയാതെ അവർ തനിക്കു വിളമ്പി. തീവ്രമായ സന്താപംമൂലം തലചുററുംപോലെ തോന്നി, അവർക്കു്. രണ്ടു പിടി വാരി തിന്നപ്പോഴേയ്ക്കും നാലു ലോട്ട വെള്ളം കുടിക്കേണ്ടി വന്നു. വീണ്ടും രണ്ടുപിടി വാരി തിന്നു. ഉടൻതന്നെ എഴുന്നേററു് കുളിമുറി യിൽ പോയി തിന്നതെല്ലാം ഛർദ്ദിച്ചു. വായ്ക്കു് വല്ലാത്ത കയ്പുതോന്നി, അവർക്കു്.

അമ്മയുടെ സംസാരരീതി, തന്നെ അസ്വസ്ഥനാക്കിയെങ്കിലും അമ്മ ഭക്ഷ ണത്തിൻെറ പാതിക്കുവെച്ചു് എഴുന്നേററപ്പോഠ കിട്ടിക്കു് സഹതാപം തോന്നി. ഉറച്ച മൗനത്തോടെ ഇരുന്നിരുന്ന അയാഠ എഴുന്നേററു് ഉള്ളിലേയ്ക്കു വന്നു് പറഞ്ഞു: ''അമ്മ ഒരിക്കൽക്കൂടി ഭക്ഷണത്തിനു് ഇരിക്കൂ. ഇന്നലെ രാത്രിയും ഒന്നും കഴി ച്ചിട്ടുണ്ടാവില്ലല്ലോ.''

കിട്ടിയുടെ വായിൽനിന്നു് അങ്ങനെ ഒരു വാക്കു വീഴുന്നതു് കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു് അതു് ആദ്യമായിരുന്നു. അതുകേട്ടു് അവരുടെ കരഠ അലിഞ്ഞു.

''അപ്പ, അതെങ്ങിനെയാണ്? എനിക്ക ദിവസത്തിൽ ഒരിക്കലെല്ലേ ഭക്ഷണം കഴിക്കാൻ പാടുള്ളു. എന്നെപ്പോലുള്ളവരുടെ ജന്മംതന്നെ അങ്ങനെയല്ലേ? വിശപ്പ തോന്നിയാൽ ഒരുപിടി അവിൽ തിന്നാം, രാത്രി''........ എന്നു പറഞ്ഞ്,പലകമേൽ കിടന്നിരുന്ന അവർ, അടുക്കളപ്പാത്രങ്ങൾ കഴുകാൻ എഴുന്നേററു.

ചാരത്തിൻെറ ചൂടിൻപുറത്ത് കാത്തുകൊണ്ടിരുന്ന, കഡുബു നിറഞ്ഞ പിച്ചളപ്പാത്രം കൺചിമ്മി കൺചിമ്മി സാകൂതം നോക്കിക്കൊണ്ടിരുന്നു.

## 15 ദേസായിയുടെ സന്ധിസംസാരം

ഗംഗവ്വ ഇത്തവണ വലിയ ഒരു ഭാരമാണ് ദേസായിയുടെമേൽ കയററിവെച്ചതു്. എല്ലാ വർത്തമാനവും ആദ്യന്തം പറഞ്ഞു കേൾപ്പിച്ച........വിശേഷ ദിവസം ഭക്ഷണം കഴിക്കാൻ മനഃപൂർവ്വം വിടാതെ രാഘു, തന്നെ ശബ്ദമില്ലാത്ത അടി അടിച്ചു. അങ്ങനെ ഉണ്ടായതു് നന്നായി. ശരിയായ സമയത്ത് ഒരു മുൻസൂചന കിട്ടിയപോലെ ആയല്ലോ. സംഗതി കൈവിട്ടു പോകുന്നതിനുള്ളിൽ കിട്ടിക്ക മററൊരിടത്തുനിന്ന് കന്യകയെ കണ്ടുപിടിച്ചാൽ എന്താണ്? ....അങ്ങനെ പലതും........

''നാലു ദിവസം ജോലിചെയ്ത് ജീവിതം സ്ഥിരമാകട്ടെ, എന്നിട്ട് കല്യാണം നടത്തണം എന്നൊക്കെയായിരുന്നു, എൻെറ ആലോചന. എന്നാൽ, ഗോപണ്ണ, ലക്ഷണം നോക്കിയാൽ, രാഘുവിൻെറ സൂത്രം നീണ്ടുപോകുന്നതുപോലെ കാണുന്നു. കളിച്ച് കളിച്ച് എന്തുചെയ്യാനും മടിയില്ലാത്തവനാണ്. ഞാൻ കണ്ടിട്ടുള്ളതല്ലേ. മരുന്നും മന്ത്രവുമെങ്കിൽ അതു്.എനിക്ക് പരിഭ്രമം തോന്നിത്തുടങ്ങിയിരിക്കുന്നു. കിട്ടി എന്ന്ച്ചാൽ എൻെറ മകൻ എന്നാണ് കരുതിയിരുന്നതു്....പോകട്ടെ. വിട്ടുകളയൂ. എന്തു ചെയ്തിട്ടായാലും ഒരു കന്യകയെ നോക്കപ്പ, അവനു്.... എന്തായാലും ഒരു തവണ നോക്കിവെച്ചാൽ, പിന്നെ ഒത്തുവന്നാൽ കല്യാണം നടത്തി വിടാമല്ലോ........'' എന്നു ഗംഗവ്വ പറഞ്ഞു.

കിട്ടിക്കവേണ്ടി പല കന്യകകളെപ്പററിയുമുള്ള വിവരം ദേസായിയുടെ അടുത്തുവന്നിരുന്നു. എന്നാൽ ഗംഗവ്വ സ്വയം ആ വിഷയം എടുത്തിടാതിരുന്നതു നിമിത്തം അദ്ദേഹം അതിനെപ്പററി ഒന്നും മിണ്ടിയില്ല, അന്നുവരെ. ആ കന്യകമാരെല്ലാവരിലുംവെച്ച്, അദ്ദേഹത്തിൻെറ പാവപ്പെട്ട ഒരു സ്നേഹിതനായ ദംഢരശീനപ്പയുടെ പതിനഞ്ചു വയസ്സുള്ള മകൾ അദ്ദേഹത്തിൻെറ മനസ്സിനു പിടിച്ചിരുന്നു. തെല്ലു കറുപ്പാണു നിറമെങ്കിലും അവളുടെ കണ്ണും മൂക്കും ആരോഗ്യവും നന്നായിരുന്നു. വീട്ടുജോലിയിൽ കൈ എത്തുന്നവളുമായിരുന്നു. ഗംഗവ്വയുടെ സൗഖ്യത്തിനു് പററുന്നവൾ. അതുകൊണ്ടു് ആ കുട്ടിയെ കണ്ട ഉടൻതന്നെ, കിട്ടിയുമായി ആ ബന്ധം ഉറപ്പിക്കാൻ മുൻകൈ എടുക്കണമെന്ന് കരുതിയിരുന്ന

താണ്, അദ്ദേഹം. അതോടൊപ്പം, തൻെറ ഒരു പഴയ സ്നേഹിതന് ഒരു ഉപകാരം ചെയ്യുകൊടുത്താൽ ആയല്ലോ എന്ന വിചാരവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇപ്പോൾ ഗംഗവ്വ സ്വയം ആ വിഷയം എടുത്തിട്ടതുകൊണ്ട്, പതിവുപോലെ മിണ്ടാതിരിക്കാതെ, അദ്ദേഹം ശീനപ്പയുടെ മകളെപ്പററി എല്ലാം പറഞ്ഞു കേൾപ്പിച്ചു. അതുകേട്ട് ഗംഗവ്വയുടെ വായിൽ നീർ ഊറി വന്നു. ദുംദ്ദര ശീനപ്പ മഹാ സാത്വികനായ ഒരു ബ്രാഹ്മണൻ ആയിരുന്നു. ദരിദ്രനെങ്കിലും ഒരു മോശക്കാരനായിരുന്നില്ല. നാലാൾ അറിയുന്നവൻ. വീട്ടിൽ അഗ്നിഹോത്രം. സ്വയം വേദാന്തി. ഗംഗവ്വയ്ക്ക് എല്ലാം കേട്ട് അതീസന്തോഷമായി. ദേസായിയുടെ കൈയിൽ ഉണ്ടായിരുന്ന ജാതകം പരിശോധിച്ചുനോക്കിയപ്പോൾ നല്ല പൊരുത്തവും.

കന്യകയെ കാട്ടാൻ സകുടുംബം വരണമെന്ന്, ഗംഗവ്വ അവിടെത്തന്നെ നിന്ന്, ശീനപ്പയ്ക്ക് ദേസായിയെക്കൊണ്ട് ഒരു കാർഡിൽ എഴുതിച്ചു........

ഞായറാഴ്ച കാലത്തു മുതൽ ഗംഗവ്വ തൻെറ വീടിനും ദേസായിയുടെ വീടിനും ഇടയ്ക്ക് പലതവണ നടന്നു. അതിൻെറ രഹസ്യം, ഒന്നും അറിയാതിരുന്ന കിട്ടിയ്ക്കു മനസ്സിലായില്ല. എന്നാൽ പത്തുമണിക്ക് ദേസായിയുടെ വീട്ടിൽ നിന്ന് കിട്ടിക്ക് ക്ഷണം വന്നു. ദേസായിയുടെ വീട്ടിൽനിന്നു വിളിപ്പിച്ചാൽ ചാടി പുറപ്പെടാറുള്ള അമ്മ, അന്ന് ഒന്നും അറിയാത്തവളെപ്പോലെ, അടുക്കളയിൽ ഇരുന്ന് ബദ്ധപ്പാട് കാട്ടുകയായിരുന്നു. കിട്ടിക്ക് കുറച്ചുദിവസമായി ദേസായിയുടെ വീട്ടിലേയ്ക്കുള്ള വഴി മറന്നതുപോലെ ആയിരുന്നു. അദ്ദേഹം വിളിക്കാതെ ഇയ്യിടെയായി അവിടെ പോകാറേ ഇല്ല എന്ന ഒരു മട്ട്. ദീപാളിയുടെ അന്ന് ദീപാരാധനയ്ക്കു പോകുന്നതു് ഒരു വഴക്കംമാത്രം. അന്നേരം ദേസായിയാകട്ടെ അയാളോട് വിശേഷിച്ച് ഒന്നും സംസാരിക്കാറുമില്ല. അതിനുംപുറമേ അടുത്തകാലത്തായി ആരോടും ഒന്നും അധികം മിണ്ടാറുമില്ല, വസന്തരായനെപ്പററി എന്തെങ്കിലും എടുത്തിട്ടാലോ എന്ന പേടിയാൽ. അന്നേരം ദേസായി എന്തിനുവേണ്ടി വിളിച്ചിരിക്കും എന്ന ചിന്തയോടെ, അയാൾ ചെരുപ്പ് ഇട്ട് വെറും തലയോടെ പുറപ്പെട്ടു. അതു കണ്ട് ഗംഗവ്വ അടുക്കളയിൽനിന്ന് ഓടിവന്ന് ചോദിച്ചു: ''ഇതെന്താ കിട്ടി, തലയിൽ ഒരു തൊപ്പി ഇട്ടു പോകരുതോ, ദേസായിയെ കാണാൻ?.''

ശീനപ്പയുടെ വ്രതാനുഷ്ഠാനങ്ങൾ കഴിയാതിരുന്നതു നിമിത്തം, പുറത്തളത്തിൽ ദേസായി ഒററയ്ക്കിരുന്നു. കിട്ടിയെ അദ്ദേഹം മര്യാദമുറയ്ക്കു സ്വാഗതം ചെയ്തു. ആദ്യം അതുമിതും പറഞ്ഞു് അവസാനം കാര്യത്തിലേയ്ക്കു കടന്നു:

''ദുംദ്ദര ശീനപ്പ എന്ന്ച്ചാൽ എൻെറ ഒരു പഴയ സുഹൃത്തു്. നിന്നെ തൻെറ മകളെ കാട്ടിത്തരണമെന്നു കരുതി വന്നിരിക്കയാണ്. നല്ല കുടുംബം. കുട്ടിയും നല്ലവൾ. അവളെ നിനക്ക് കാട്ടിത്തരണമെന്ന് എൻേറയും ഒരാശ, വളരെനാളായിട്ട്........'' എന്നു ദേസായി പറഞ്ഞു.

എന്നാൽ കിട്ടി ഇടയ്ക്കുകയറി പറഞ്ഞു: ''കല്യാണത്തെപ്പററി ഇനിയും ഞാൻ ആലോചിച്ചിട്ടേ ഇല്ല.''

''നീ ആലോചിച്ചിട്ടുണ്ടാവില്ല. അങ്ങനെ ആലോചിക്കാനും വയ്യ. അതു മൂത്തവരുടെ കാര്യം. കുട്ടിയെ നോക്കി പാസ്സ് കൊടുക്കേണ്ട ജോലിയേ നിന ക്കുള്ളു.''

''എന്നാൽ, ഗോപണ്ണ, ജോലി സ്ഥിരപ്പെട്ടതിനു ശേഷമല്ലാതെ കല്യാണം കഴിക്കരുതെന്നാണ് എൻെറ വിചാരം.''

''അതെ, അതു ശരിയാണ്. കല്യാണമെന്നു പറയുമ്പോഠം എല്ലാം ആലോ ചിക്കേണ്ടതാണ്. എന്നാൽ കന്യകയെ, നോക്കിവെയ്ക്കുന്നതിൽ എന്താണ് ഒരു വിരോധം?........ജോലി സ്ഥിരം ആവുകതന്നെ ചെയ്യും, കുറച്ചു ദിവസങ്ങഠംക്ക ള്ളിൽ........'' എന്നു പറഞ്ഞു സമാധാനിപ്പിച്ചു, ദേസായി.

''സംഗതി എന്തോ ചെയ്തുവെച്ചപോലെ തോന്നുന്നല്ലോ, എല്ലാം നോക്കി യാൽ!''

ആ മട്ടിൽ, കിട്ടി ദേസായിയോട് സംസാരിക്കുന്നതു് അതു് ആദ്യത്തെ തവണയായിരുന്നു. കിട്ടിയുടെ മനസ്സിലെ കുട്ടിയുള്ള അടുക്കുകളെപ്പററി ദേസാ യിക്കു് അതുവരെ പരിചയമുണ്ടായിരുന്നില്ല. അദ്ദേഹം തെല്ലു പരുഷമായി പറഞ്ഞു:

''നിനക്കു മനസ്സില്ലെങ്കിൽ നോക്കണ്ട. ഏതോ ഒരു ബ്രാഹ്മണൻ വണ്ടിച്ചെ ലവ് ചെയ്തു വന്നിരിക്കുന്നു. കന്യകയെ നോക്കുന്ന ചടങ്ങു കഴിഞ്ഞാൽ ഒരു ജോലി തീർന്നല്ലോ എന്നാണ്. പിന്നീടുള്ളതു് നിൻെറ മനസ്സറിഞ്ഞിട്ടു്''....

ദേസായിയുടെ കോപത്തിനു മുമ്പിൽ വായ കൂടുതലായി തുറക്കാൻ കിട്ടിക്കു ധൈര്യം ഉണ്ടായില്ല. അയാഠം പറഞ്ഞു: ''അങ്ങു പറഞ്ഞാൽ കാണാം, വേണ മെങ്കിൽ!''

തൽക്കാലം സംഗതി നടക്കട്ടെ എന്ന വിചാരത്തോടെ ദേസായി ഒരു ആശ്വാ സത്തിൻേറതായ നെടുവീർപ്പിട്ടു.

അപ്പോഴേയ്ക്കു ശീനപ്പ പുറത്തളത്തിൽ എത്തി, ഭസ്മം നെററിയിൽ പൂശി, വെറും മെച്ചായിട്ടു്. ചുവരിൻെറ അടുത്തേയ്ക്കു നീങ്ങി, ജമക്കാളം വിരിക്കാത്ത ഇടം നോക്കി, ചുവരും ചാരി ഇരുപ്പുറപ്പിച്ചു, കാലിൻെറ മുൻഭാഗം ഊന്നിക്കൊണ്ടു്, രണ്ടു വെററില, അടയ്ക്കു, പുകയില ഡപ്പി ഇതെല്ലാം അദ്ദേഹത്തിൻെറ അരുകി ലേയ്ക്കു ദേസായി നീക്കിവെച്ചു. വിരലിന്മേൽ തേവാര മോതിരം, നെററിയിൽ മുപ്പുരയിലുള്ള ഭസ്മക്കുറി, കഴുത്തിൽ രുദ്രാക്ഷമാല, നല്ലവണ്ണം കറുത്ത ഉറച്ച മെയ്യ്. ഇതെല്ലാം കണ്ടു് വേണ്ടത്ര ആദരം തോന്നിയെങ്കിലും അങ്ങനെയുള്ള ഒരു ത്തനെ അമ്മായിയപ്പൻ ആക്കുന്ന കാര്യത്തിൽ കിട്ടി പല കുററങ്ങളും കുറവുകളും കണ്ടു........ഈ ത്രിപുണ്ഡ്രകധാരിക്കു തഹസീൽദാരെ പരിചയമുണ്ടാവാൻ വഴി

യില്ല. കൂടിവന്നാൽ, വീട്ടിലെ ഈശ്വരവിഗ്രഹങ്ങളെ മാത്രം പരിചയമുണ്ടാകാം. മുട്ടോളം 'തററുടുത്തു്' നടക്കുന്ന ഈ കരിമാടന്റെ ഒപ്പം എങ്ങനെ തെരുവുകളിലൂടെ നടക്കും. തന്ത ഇങ്ങനെയെങ്കിൽ മോള് എങ്ങനെയിരിക്കും........ഈ മനുഷ്യൻ എങ്ങു്! ആറടി നീളമുള്ള മാഞ്ചസ്റ്റർ മല്ലു് ഉടുത്ത, വെളുത്ത രാഘപ്പ എങ്ങു്!........

ദേസായി ചുരുക്കം വാക്കുകളിൽ പരിചയപ്പെടുത്തി. അങ്ങുമിങ്ങും തൊടാതെ മധുരവാക്കുകൾ പറയുന്നതിൽ ശീനപ്പയ്ക്കു താല്പര്യമില്ലായിരുന്നു. അദ്ദേഹം നേരെ വിഷയത്തിലേയ്ക്കു കടന്നു:

''അമ്പതാംകൂ് ഒററയ്ക്കു ഭക്ഷണം ഉണ്ടാക്കണമെന്നു പറഞ്ഞാൽ അവൾ ഒററയ്ക്കു വെച്ചു വിളമ്പും. ഈ ഒരു സംഗതി ഞാൻ വളരെ അഭിമാനത്തോടെ പറയും. ഇനിയുള്ളതെല്ലാം നിങ്ങളുടെയെല്ലാം ഇഷ്ടം''........ഇത്രയും പറഞ്ഞു് രണ്ടാമതൊരു വാക്കു് ഉച്ചരിക്കാതെ, അവിടത്തന്നെ ഇരുന്നുകൊണ്ടു്, ''കൃഷ്ണേ, ഇങ്ങു വാ?'' എന്നു കൈകൊട്ടി വിളിച്ചു.

തന്റെ അമ്മയേയും സഹോദരങ്ങളേയും മുന്നിൽ നടത്തി, കൃഷ്ണാ വന്നു. ശീനപ്പയ്ക്കു മററൊരു സംഗതിയിലും തികഞ്ഞ അഭിമാനം ഉണ്ടായിരുന്നു:

''നോക്കൂ, എന്റെ എല്ലാവരും കറുത്തവരാണു്. അതിനനുസരിച്ചു് ഞാൻ എല്ലാവർക്കും പേരിട്ടു. ഇവൾ കൃഷ്ണാ. ഇവളേക്കാൾ ഇളയവൻ കാളിംഗൻ. അവനേക്കാളും ഇളയവൾ ശ്യാമള. അവളേക്കാളും ഇളയതു് ഒരു കുഞ്ഞാണു്. അവൻ ഘനശ്യാം. എല്ലാവരേക്കാളും സ്വല്പം വെളുപ്പു് കൃഷ്ണയ്ക്കാണു്.''

പറഞ്ഞ ക്രമമനുസരിച്ചുതന്നെ, ശീനപ്പയുടെ മക്കൾ ഓരോരുത്തരായി വന്നു്, ജമക്കാളത്തിന്മേൽ കുത്തിയിരുന്നു. പേർ കേട്ട ഉടൻ അച്ഛന്റെ അടുത്തേയ്ക്കു പോകാൻ ഘനശ്യാം അമ്മയുടെ ഒക്കത്തിരുന്നുകൊണ്ടു്, കൈ രണ്ടും നീട്ടി. അച്ഛൻ 'അശുദ്ധ'മാകുമെന്ന പേടികൊണ്ടു് ശ്യാമള അവനെ തന്റെ അടുത്തേയ്ക്കു വിളിച്ചു. പെണ്ണുങ്ങളുടെ ഒരു സംഘം വാതിൽമറവിൽ നിന്നു് അകത്തേയ്ക്കു നോക്കിക്കൊണ്ടു് നിലയുറപ്പിച്ചു; അതിൽ പ്രധാനി വേണുബായിയും.

കൃഷ്ണകുമാരി ഇരുന്നിരുന്നതു്, ചുവരുംചാരി, തല കീഴോട്ടാക്കി, കാലിന്റെ മുൻഭാഗവും ഊന്നിക്കൊണ്ടാണു്.

വേണുബായി നിന്നിടത്തു നിന്നുകൊണ്ടുതന്നെ മൊഴിഞ്ഞു: ''നോക്കപ്പേ, നീയും കൃഷ്ണ, അവളും കൃഷ്ണ. ഞങ്ങൾക്കെല്ലാവർക്കും ഈ പൊരുത്തം ഇഷ്ടപ്പെട്ടു. നിന്റെ അമ്മയും കാലത്തുതന്നെ വന്നു് കണ്ടു വളരെ സന്തോഷിച്ചു.''

കിട്ടി മറുപടിയായി ഒന്നും മിണ്ടിയില്ല.

എങ്ങും മൗനം പരന്നു. ദേസായി സ്വയം ഒന്നു രണ്ടു ചോദ്യങ്ങൾ അവളോടു് ചോദിച്ചു്, ആ 'ചടങ്ങു' നടത്തിയെന്നു വരുത്തി........നിന്റെ പേരെന്താണു്,

ഏതു ക്ലാസ്സുവരെ പഠിച്ചു, പാടാൻ അറിയാമോ എന്നീ സാമാന്യ ചോദ്യങ്ങളും.... ''യാതര വടപിടി, ഒം ദിന ഹോഗതിദി ലടപിടി'' എന്നൊരു 'വേദാന്ത' ഗാനം കർക്കശമെങ്കിലും സ്വരബദ്ധമായ ധ്വനിയിൽ അവരും പാടി........ ദേസായി അവളുടെ മേൽ അധികം 'ചികിത്സ' നടത്താതെ അവളെ അകത്തേയ്ക്കു പറഞ്ഞയച്ചു. കാര്യമെല്ലാം ഭംഗിയായി നടന്നുവെന്നു് എല്ലാവരും സങ്കല്പിച്ചു. ശീനപ്പ, കിട്ടിയെ ഉദ്ദേശിച്ച്, ദേസായിയോടായി പറഞ്ഞു: ''എൻെറ കഴിവനുസരിച്ച്, മര്യാദ കാട്ടണമല്ലോ. ഒരായിരം രൂപ ഞാൻ വരദക്ഷിണയായി തരാം........''

''എല്ലാം ശരി. എന്നാൽ എനിക്കിപ്പോൾ കല്യാണംകഴിക്കാനുള്ള ആലോചനയേ ഇല്ല!'' എന്നു കിട്ടി മുറുമുറുത്തതു് ദേസായിക്കു മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളു. ആ ചുററുപാടിൽ സംസാരം നീട്ടിക്കൊണ്ടുപോകുന്നതു ശരിയല്ലെന്നു ദേസായിക്കു തോന്നി. വാതിൽമറവിൽ നിന്നിരുന്ന ഗംഗവ്വയ്ക്കു് അദ്ദേഹം ആംഗ്യം കാട്ടി. അവർ കൊണ്ടുവന്നു വച്ച പലഹാരത്തോടെ അന്നത്തെ പരിപാടി അവസാനിച്ചു. അതിനുശേഷം കിട്ടിക്കു വീട്ടിൽ പോകാനുള്ള അനുമതി കിട്ടി.

കിട്ടി തെരുതെരെ വന്നു്, വീടു തുറന്നു് അകത്തു കയറി, തൻെറ കസേരമേൽ ഇരുന്നു. ഇതെല്ലാം തൻെറ അമ്മയും ദേസായിയും ചേർന്നു് ഉണ്ടാക്കിയ ഒരു ഗൂഢാലോചനയാണു് എന്നു് അയാൾക്കു തോന്നി. അമ്മ ഒരു വങ്കത്തിയാണെന്നതു് നേരു്. പക്ഷെ ദേസായി ഒരു അറിവുള്ളവനല്ലേ?....എന്നോ ഒരിക്കൽ ഉപകാരം ചെയ്തുവെന്നുവെച്ച് ഈ കല്യാണക്കാര്യവും ചുമ്മാതങ്ങു് സമ്മതിക്കണമെന്നുണ്ടോ?........ഉടൻതന്നെ ഒരു കത്തെഴുതി, കാശിതായിയുടെ മകളെ വിളിച്ചു കൊടുത്തയച്ച്, ദേസായിയുടെ കൈയിൽ മാത്രമേ കൊടുക്കാവൂ എന്നും പറഞ്ഞു.

''മാ. രാ.രാ. ഗോപണ്ണ അവർകൾക്കു് കൃഷ്ണാജി വളരെ താഴ്മയോടെ എഴുതുന്നതാവിതു്. എൻെറ കല്യാണം നടത്തിത്തരണമെന്ന അങ്ങയുടെ സദുദ്ദേശ്യത്തിനു ഞാൻ അത്യന്തം കൃതജ്ഞതയുള്ളവനാകുന്നു. എന്നാൽ അതിനെ സംബന്ധിച്ച അങ്ങയുടെ പരിശ്രമം പാഴായിപ്പോകരുതല്ലോ. എന്നു വിചാരിച്ച്, സങ്കോചത്തോടെ, ഈ കത്തെഴുതുന്നു. അതു സംബന്ധിച്ച അങ്ങയുടെ എല്ലാ പ്രവർത്തനങ്ങളും തൽക്കാലത്തേയ്ക്കു് നിറുത്തിവയ്ക്കണം. കല്യാണം കഴിക്കണമെന്ന ആഗ്രഹം എനിക്കു് ഉണ്ടായ ഉടൻ ഞാൻ അങ്ങയെ അറിയിക്കുന്നതാണു്. ഇതു് എൻെറ സവിനയമായ അപേക്ഷയാണു്.

എന്നു് അങ്ങയുടെ വിനീത ബാലകൻ
—കൃഷ്ണാജി.

കുറിപ്പ്: ഈ വിഷയത്തെ സംബന്ധിച്ച് ഇനിയൊരിക്കൽ നേരിട്ടു കണ്ടു സംസാരിച്ചോളാം—കൃഷ്ണാജി.

കത്തിൻെറ എരിവു കുറയ്ക്കാൻവേണ്ടിയാണ് ആ കുറിപ്പ് എഴുതിയതു് എന്നു തോന്നും. കാരണം, ദേസായിയെ സത്യമായും നേരിട്ടു കാണണമെന്ന ഉദ്ദേശ്യം കിട്ടിയുടെ മനസ്സിൽ ഉണ്ടായിരുന്നതേയില്ല.

കത്തു വായിച്ചിട്ടു്, ദേസായിക്കു കിട്ടി തന്നോടു് അപമര്യാദ കാട്ടിയതായി തോന്നി. അതു് ആരേയും കാണിക്കാതെ തൻെറ പെട്ടിയിൽ അദ്ദേഹം ഭദ്രമായി വെച്ചു്, ഒന്നും സംഭവിക്കാത്തവനെപ്പോലെ ഇരുന്നു. ശീനപ്പയെ ഒന്നു രണ്ടു ദിവസം കൂടി വീട്ടിൽ പാർപ്പിച്ചു് അദ്ദേഹത്തെക്കൊണ്ടു് ഗൃഹശാന്തി നടത്തിച്ചു........നാട്ടിലേയ്ക്കു പുറപ്പെട്ട സമയം തെല്ലു് സന്ദേഹത്തോടെ, ശീനപ്പ കല്യാണക്കാര്യം എടുത്തിട്ടപ്പോൾ ദേസായി പറഞ്ഞു: ''എന്തുമാകട്ടെ, എൻെറ വീട്ടിൽ വരാൻ ഒരു കാരണമായല്ലോ, ഇതു്. ഒരു ദിവസം വെറുതെ വരുന്നു് പറഞ്ഞാൽ വരുമായിരുന്നോ, വ്രതാനുഷ്ഠാനങ്ങൾ വിട്ടിട്ടു്........? ഇത്രയും ഉപചാരവാക്കു് പറഞ്ഞു് ശീനപ്പയെ അയച്ചു. ഗംഗവ്വയോടും അധികമൊന്നും സംസാരിക്കുകയുണ്ടായില്ല.

ഗംഗവ്വ ഒന്നുരണ്ടു ദിവസം കിട്ടിയെ വീട്ടിൽ ശല്യപ്പെടുത്തി. ഇങ്ങനെ നാലഞ്ചു കൊല്ലം പോയാൽ പ്രായമായി ആരും പെണ്ണിനെ തരില്ലെന്നു ഭയപ്പെടുത്തി. അവരുടെ സംസാരത്തിൽനിന്നും രക്ഷപ്പെടാനായി അയാൾ രാത്രി നേരം വൈകി, വീട്ടിൽ എത്താൻ തുടങ്ങി. എന്തു പറഞ്ഞാലും അയാൾക്കു് ഒരേഒരു മറുപടിയേ ഉണ്ടായിരുന്നുള്ളു: ''ഇപ്പോൾ കല്യാണം കഴിക്കാൻ എനിക്കു് ആലോചനയില്ല. ജോലി സ്ഥിരമാകട്ടെ. അപ്പോൾ നോക്കാം.''

## 16. വീണ്ടും ദേസായിയുടെ സന്ധിസംസാരം

കിട്ടിക്കു് വലിയ തൊന്തരവു് അനുഭവപ്പെട്ടു. പണ്ടൊരിക്കൽ അമ്മയുടെ മുമ്പിൽ കല്യാണക്കാര്യം എടുത്തിട്ട രാഘപ്പ പിന്നീടു് അതിനെപ്പററി സംസാരിച്ചതേയില്ല. എന്നാലും അപ്രത്യക്ഷമായ വലകൾ അങ്ങനെ കിട്ടിയെ ചുററി വരിഞ്ഞുകൊണ്ടിരുന്നു. കിട്ടി രാഘപ്പയുടെ തെരുവിലൂടെ പോയാൽ പക്കത്തിലുള്ള പെണ്ണുങ്ങൾ ചൂണ്ടിക്കാട്ടി പറയും: ''അതാ രത്നയുടെ വരൻ!'' ദീപാവലിയുടെ അന്നു് അത്രയ്ക്കെല്ലാം തമാശുണ്ടായിട്ടും രാഘപ്പ സ്വയം കല്യാണത്തെപ്പററി 'കമാന്നു' ശബ്ദിച്ചില്ല, പിന്നീടു്. ദിവസങ്ങളോ അങ്ങനെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. തഹസീൽദാരുമായുള്ള അടുത്ത പരിചയം, ജില്ലാ തലവനോടുള്ള ശിപാർശ, ജഹാശീർദാരുടെ വീട്ടിൽ നടന്ന ദത്തെടുക്കൽ, ഇമ്മാതിരി കാര്യങ്ങളെപ്പററി മത്രം രാഘപ്പ വീമ്പിളക്കുക എന്നല്ലാതെ രത്നയെപ്പററി ഒററ വാക്കു് മിണ്ടാറേ ഇല്ല. രത്നയാണെങ്കിലോ, ആ ദീപാവലി സംഭവത്തിനു ശേഷം, താൻ കുട്ടിത്തം താണ്ടിയെന്ന സ്വബുദ്ധിയാലോ അമ്മയുടെ നിർദ്ദേശത്താലോ എന്തോ, കിട്ടിയുടെ മുമ്പിൽ നിന്നു് സംസാരിച്ചിരുന്നുമില്ല. അങ്ങനെ പ്രണയസ്മരണയിൽ അകപ്പെട്ടു് കിട്ടി കങ്കാളംപോലെ ആയി. രത്നയുടെ അഴകു്

ദിവസേന ഏറിവന്നു. ഇന്നത്തെ രത്ന നാളെ മററൊരുത്തി ആയിത്തീർന്നിരിക്കും—വെറും ആടയാഭരണങ്ങൾ കൊണ്ടല്ല, ശരീരംകൊണ്ട്. അന്ന് കിട്ടിയൊന്നിച്ച് സംസാരിച്ചപ്പോൾ ഉണ്ടായിരുന്ന ധൈര്യം ഇന്ന് അയാളെ കാണുമ്പോഴേയ്ക്കും നാണത്തിൻെറ മറയ്ക്കുള്ളിൽ പോയി ഒളിച്ചിരുന്നു........എന്നാലും ചില ചില്ലറ മാററങ്ങൾ അവളിൽ ഉണ്ടായതു് അയാൾക്കു കാണായി. അവളുടെ ചുണ്ടുകൾ പാൽ നിറം കൈവെടിഞ്ഞു് ഒരു പഴത്തിൻെറ നിറമേന്തി തനതായ ഒരു രേഖ കാണിയ്ക്കാൻ തുടങ്ങിയിരുന്നു. മഷിയെഴുതാതെതന്നെ കണ്ണുകൾക്ക് ഒരു പുതിയ അഴക് അണഞ്ഞിരുന്നു. ചെന്നികളും കഴുത്തും വാട്ടംവിട്ട് ആനക്കൊമ്പുപോലെ തെളിമപൂണ്ടു. കൺമുമ്പിൽനിന്നു് അവൾ മാറിയാലും കിട്ടിയുടെ മനസ്സിൽ അധികം സ്പഷ്ടമായി കാണപ്പെടാൻ തുടങ്ങി.

കിട്ടിയുടെ 'കുരങ്ങുമനസ്സ്' മാർഗ്ഗങ്ങൾ ആരായാൻ തുടങ്ങിയിട്ടു വളരെ നാളായി. എന്നാൽ അയാൾക്ക് എന്തെങ്കിലും പ്രവർത്തിക്കാനുള്ള ധൈര്യം മതിയായില്ല. അടുത്തു് ദേസായിയുടെ വീട്ടിൽവെച്ചു നടന്ന കന്യാദർശനം ഇപ്പോൾ ഒരു കാരണം കിട്ടിയപോലെ ആയി. അങ്ങനെ ഒരിക്കൽ വഴിയിൽവെച്ചു കണ്ടപ്പോൾ കിട്ടി രാഘപ്പയോട്ട് പറഞ്ഞു:

''ദേസായി വന്നു് പെണ്ണു കെട്ടിക്കോ എന്നു മുറുകെ പിടിക്കാൻ തുടങ്ങിയിരിക്കുന്നു.''

''ഏതു ദേസായി?'' രാഘപ്പ മുഖ്യമായ പ്രശ്നത്തെ മാററിവെച്ച്, ചോദിച്ചു.

''ഞങ്ങളുടെ വീടിന്നടുത്തുള്ള ബഹാദൂർ ദേസായി. കുമ്മായം തേച്ച വീട്ടുകാരു്!''

''അങ്ങനെയാണോ?''

പിന്നീട്ട് മൗനം.

''കല്യാണം കഴിക്കാൻ തൽക്കാലം എനിക്ക് ആലോചനയില്ലെന്നു് ഞാൻ അറിയിച്ചു.''

''എങ്കിൽ എന്നു നടത്തണമെന്നാണു് വിചാരം?''

''അതല്ല, ഞാൻ ചുമ്മാ അങ്ങനെ അദ്ദേഹത്തെ അറിയിച്ചുവെന്നുമാത്രം.'' എന്നു പറഞ്ഞു് കിട്ടി തൻെറ നാണം മാററിവച്ചു.

''എങ്കിൽ,........ഞാൻ........'' രാഘപ്പ പിന്നീട്ട് എന്തു പറയണമെന്നു കരുതിയോ, ആവോ. എന്നാൽ നിയന്ത്രണം വിട്ടുപോയ കിട്ടിക്ക്, ആ അർദ്ധോക്തി, മുന്നോട്ടുള്ള സംസാരത്തിനു് അവസരം നൽകി.

''അല്ലല്ല, രാഘപ്പ അമ്മാമൻ പരിഭ്രമിക്കേണ്ടതില്ല. വീണ്ടും ചോദിച്ചിരുന്നെങ്കിൽ അമ്മാമൻെറ മകളെ അല്ലാതെ ആരേയും കല്യാണംകഴിക്കില്ല എന്നു പറയുവാൻ കരുതിയിരുന്നതാണു്. വലിയവരല്ലേ എന്നു വിചാരിച്ച് ഞാൻ മിണ്ടാതിരുന്നു; അത്രമാത്രം.''

ഇതിനുവേണ്ടിയാണ് രാഘപ്പ ഇത്ര നാരം കാത്തിരുന്നതു്. അവസാനം അയാളുടെ കൂമ്പിയിരുന്ന സൂത്രം വിടരുകതന്നെ ചെയ്തു. അയാളുടെ മുഖത്തു് വിജയത്തിൻേറതായ 'മിന്നൽചിരി' പരന്നു.

''പറഞ്ഞതു നേരാണോ?'' എന്നായി രാഘപ്പ

''എന്താ, അമ്മാമനു് വല്ല സംശയവുമുണ്ടോ?''

''അതല്ല, ഈ സംഗതിയിൽ ഗംഗക്കൻേറ വിചാരമെന്താണെന്നു്....?''

''അതിനെപ്പററിയും ഞാൻ ആലോചിച്ചുവെച്ചിട്ടുണ്ടു്. അമ്മ, ദേസായി പറയുന്നതിനെ മറികടക്കില്ല. പ്രധാന ജോലി ദേസായിയെ സമ്മതിപ്പിക്കുക എന്നതാണു്. അദ്ദേഹം സമ്മതിച്ചാൽ അമ്മയും സമ്മതിച്ചപോലെതന്നെ.''

രാഘപ്പ കുറെനേരം ഗംഭീരമായി ചിന്തിച്ചു. അതിനുശേഷം ആ ദേസായിയുടെ നില, സ്വഭാവം, സ്നേഹിതന്മാർ മുതലായവയെപ്പററി ആദ്യന്തം ചോദിച്ചറിഞ്ഞു. എന്നിട്ടു് മുന്നോട്ടുള്ള കാര്യങ്ങരംക്കു തയ്യാറെടുത്തു.

XX XX XX

രാഘപ്പയുടെ അങ്ങോട്ടുള്ള പ്രശ്നങ്ങരം കുഴപ്പമുള്ളവയായിരുന്നു. ദേസായിയെ നേരിട്ടു പരിചയമില്ല. ഏതെങ്കിലും പരിചിതനെ വിളിച്ചുകൊണ്ടുപോകണം. ഒററയ്ക്കു പോകുന്നതിൽ, ആദ്യമേതന്നെ ഗംഗവ്വ വല്ലതും തന്നെപ്പററി പറഞ്ഞിരിക്കാമെന്ന സകാരണമായ സംശയവും ഉണ്ടു്. ഇനി ആരെയെങ്കിലും കൂട്ടിക്കൊണ്ടുപോയാൽ ഗംഗവ്വയുടെ മുന്നിൽവച്ചുണ്ടായ ഭൂതകാല പാരായണം നിമിത്തം തൻേറ മര്യാദ പൊയ്പോകാനും ഇടയുണ്ടു്. അങ്ങനെ ഏണും കോണും നോക്കി ചിന്തിച്ചു് അവസാനം ഒററയ്ക്കുതന്നെ പോവാൻ തീർച്ചപ്പെടുത്തി. കിട്ടിക്കു് ആപ്പീസുള്ള ഒരു ദിവസം നോക്കി, ഒരു ഉച്ചയ്ക്കു് മൂന്നു മണിക്കു് ദേസായിയുടെ വീട്ടുവാതില്ക്കൽ മുട്ടി, രാഘപ്പ.

ദേസായി ഉച്ചയുറക്കം കഴിഞ്ഞു് മുഖം കഴുകി വർത്തമാനപ്പത്രം രണ്ടാംവട്ടം വായിക്കാൻ ആരംഭിക്കുകയായിരുന്നു. ഉടൻ എഴുന്നേററു് പുറത്തു ചെന്നു. ആ അപരിചിതനെ കണ്ടു്, ''വരൂ, എന്തുവേണം?'' എന്നു ചോദിച്ചു.

മറെറാന്നും മിണ്ടാതെ രാഘപ്പ ദേസായിയെ സാഷ്ടാംഗം പ്രണമിച്ചു. അതെല്ലാം നാടകമെന്നു് അറിയാമെങ്കിലും ആളുകരം തൻേറ കാൽക്കൽ വീഴുന്ന അനുഭവം ദേസായിക്കു വേണ്ടിടത്തോളം ഉണ്ടു്. നാട്ടിൻപുറത്തുള്ള കൃഷിക്കാരുടെ കാര്യം പോകട്ടെ—ഒരു മാസ്റ്ററെ ജോലിയിൽനിന്നു പിരിച്ചയയ്ക്കുമ്പോരം, അയാളുടെ വക. പിന്നെ, ജോലി, സഹായം, കടം മുതലായവയ്ക്കുവേണ്ടി വരുന്നവരുടെ വക. അങ്ങനെ പലരുടേയും സാഷ്ടാംഗപ്രണാമങ്ങരം അദ്ദേഹത്തിനു ലഭിക്കാറുണ്ടു്........ഉടൻതന്നെ അദ്ദേഹം കുനിഞ്ഞു്. രാഘപ്പയെ പിടിച്ചെഴുന്നേല്പിച്ചു്, ''ഛേ! ഇങ്ങനെ ആരും ആരുടെ കാൽക്കലും വീഴരുതു്!'' എന്നു

പറഞ്ഞുകൊണ്ടു് തൻെറ മുറിയിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. അയാറം വിതുമ്പുന്നതായി നടിച്ചു.

''രായരേ, എൻെറ സങ്കടത്തിൽനിന്നുള്ള മോചനം അങ്ങയെപ്പോലെ ഉള്ള വരെക്കൊണ്ടേ കഴിയൂ. അതിനു് അങ്ങയുടെ ആശ്രയത്തിനു വന്നിരിക്കുകയാ ണു്, ഞാൻ........'' എന്നു പറഞ്ഞു് ആരംഭിച്ചു:

''എൻെറ പേർ ബിന്ദഗോറം രാഘപ്പ. അങ്ങയുടെ വീടിനു അടുത്തു താമ സിക്കുന്ന ഗംഗക്ക എൻെറ സ്വന്തം സഹോദരിയാണു്. (ദേസായിയുടെ മുഖം ചുളിഞ്ഞതു ശ്രദ്ധിക്കാതെ രാഘപ്പ തുടർന്നു.) ഞാനും അവരും തമ്മിലുള്ള അടു പ്പം മുറിഞ്ഞിട്ടു് ഇന്നേയ്ക്കു പത്തുകൊല്ലമായി. എന്നാൽ ദൈവത്തിൻെറ കളി നോക്കു. ഇന്നു് എനിക്കു് എൻെറ അക്കൻേറയും അങ്ങയെപ്പോലെ ഉള്ളവരുടേയും കാൽ പിടിക്കേണ്ടിവന്നിരിക്കുന്നു. ബിന്ദഗോളിൽ കഴിഞ്ഞ കാലത്തോളം എൻെറ സ്വപ്നത്തിലും മനസ്സിലും ഉണ്ടായിരുന്നില്ല, ഇങ്ങനെ ഒരു അവസരം ഉണ്ടാകുമെന്നു്. അവിടം വിട്ടു് ഇങ്ങോട്ടു പോന്നു, എൻെറ പെൺമക്കറം എന്താ യാലും രണ്ടുനാലു് അക്ഷരം പഠിക്കട്ടെ എന്നു കരുതിയിട്ടു്........എന്നാൽ അതു തന്നെ എൻെറ കഴുത്തിനു് ഒരു കുരുക്കാവണമെന്നുണ്ടോ?........എന്നു ചോദിച്ചു നെടുവീർപ്പിട്ടു,

ദേസായിക്കു് ആ പുതിയ പ്രകരണത്തിൻെറ നേരിയ അർത്ഥം ഉടൻതന്നെ തെളിഞ്ഞു. ലോക നടപ്പനുസരിച്ചു് അതിനു നാടകം വേണ്ടിയിരുന്നില്ല. എ ന്നാലും അന്തിമമായ പരിണാമത്തെ ചിന്തിച്ചു്, കഴിയുന്നേടത്തോളം വികാര ങ്ങറം അടക്കി, എല്ലാം ചോദിച്ചറിയണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതി നുവേണ്ടി ആ നാടകം സഹിച്ചു.

''ഇപ്പോറം എന്തു സംഭവിച്ചു?''

''ഈ ദിക്കിലേയ്ക്കു വന്ന ഉടൻ നമ്മുടെ കിട്ടണ്ണനെ യാദൃച്ഛികമായി കണ്ടു മുട്ടി. രക്തബന്ധം എത്രയായാലും നിൽക്കും, നോക്കു. ഗംഗക്കനെപ്പോലെ യുള്ള ഒരു പെണ്ണു് തൻെറ ഗർവ്വം വിടില്ല. മകനോടായാലും തൻെറ കടപ്പാടു തീർക്കണമെന്നു കരുതി ഞാൻ കിട്ടണ്ണനെ നാലഞ്ചു തവണ വീട്ടിലേയ്ക്കു വിളി ച്ചുകൊണ്ടുപോയി, ചായയ്ക്കു്, പലഹാരത്തിനു് അങ്ങനെ. ഗംഗക്ക അറിഞ്ഞാൽ കലിതുള്ളും എന്നു് അറിഞ്ഞിട്ടും ഞാൻ വിളിച്ചുകൊണ്ടുപോയി. ആൺമക്ക ളില്ലാത്ത ഒരു പതിതനാണു്, ഞാൻ. അതുകൊണ്ടു് കിട്ടണ്ണനെ കാണുമ്പോറം എൻെറ ഉള്ളിൽ എന്തോ ഒരുതരം വികാരം....എന്നാൽ ഒന്നു ചെയ്യാൻ പോയിട്ടു് മറെറാന്നായി....എന്താന്നു ചോദിച്ചാൽ എന്തു പറയാനാണു്?....ഗംഗക്ക എന്താ യാലും സമ്മതിക്കില്ല....എന്നാൽ അങ്ങയെപ്പോലെയുള്ള വലിയവർ വിചാരി ച്ചാൽ നടന്നതു് നേരെയാക്കാം എന്നു കരുതാം.....എന്താണു് സംഭവിച്ചതു് എന്നു വെച്ചാൽ, കിട്ടണ്ണ എൻെറ മൂത്തമകളെ കെട്ടണമെന്നും പറഞ്ഞു് എൻെറ പിന്നാലെ

കൂടിയിരിക്കുകയാണ്....രത്നയെ അവന്ന് കൊടുക്കണമെന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നില്ല എന്നല്ല; ഉണ്ടായിരുന്നു. എന്നാൽ കിട്ടണ്ണ ഇത്ര മുന്നോട്ട പോയി, ഇങ്ങനെ നിർബ്ബന്ധം പിടിക്കുമെന്ന് എൻെറ മനസ്സിൽ ഉണ്ടായിരുന്നില്ല. അതായി കിട്ടണ്ണൻെറ കഥ....ഇനി രത്നയുടെ കഥയോ....ആ വാർത്ത പുറത്തായി, തെരുവു മുഴുവൻ പരന്നു, കൂട്ടുകാർ അവളോട്, ''ഇയാറം നിൻെറ പുരുഷൻ'' എന്ന് പറഞ്ഞു കളിയാക്കി കളിയാക്കി, അവളുടെ തലയ്ക്കകത്ത് ആ ഒരു വിചാരം നിറച്ചുവിട്ടു!........''

''സത്യം പറഞ്ഞാൽ, ആ കല്യാണത്തിന്ന് എല്ലാവരും സന്തോഷത്തോടെ ഇനി സമ്മതിക്കുകയാണ് വേണ്ടതു്. രായരേ, രക്തത്തിൻെറ കടപ്പാടാണ് അതു്....എന്നാൽ ഗംഗക്കന്ന് എന്നെ കണ്ടാൽ എന്തോ ഒരു ശങ്ക........എന്തിന്ന്, എന്തു്, ഇതൊന്നും എനിക്ക് അറിയാൻമേല....നമ്മുടെ ഗംഗക്ക അങ്ങനെ ഒരു ദുഷ്ടജീവിയല്ല, രായരേ!....അവർ എത്ര ഉദാരമനസ്ക്കയാണ് എന്ന് ഞാൻ കണ്ടിട്ടില്ലേ?....എൻെറ കല്യാണത്തിന്ന ഭക്ഷണം വിളമ്പിക്കൊടുത്തു്, എല്ലാം ചെയ്യിച്ച്, ബ്രാഹ്മണർക്കെല്ലാം ദക്ഷിണ കൊടുപ്പിച്ചതിനുശേഷം താനും ഈ രണ്ടു രൂപ ദക്ഷിണ കൊടുത്തു, തൻെറ കൈകൊണ്ട് !....എന്നാൽ ഭാഗ്യം കെട്ടുപോയി........അവരുടേയും കെട്ടുപോയി, എൻെറയും കെട്ടുപോയി........ ഭാഗ്യക്കേടു വന്നതിനുശേഷം അവർക്ക് അടുത്തുള്ളവരുടെനേരെയെല്ലാം വിചിത്രമായ ഒരു ശങ്ക........ഞാൻ നശിച്ചതു് ഇവർ മൂലമാണ് എന്ന്....ഛേ! ഛേ! അതു് അവരുടെ കുററമാണെന്ന് ഞാൻ പറയില്ല........എത്ര കൊമ്പൻമീശയുള്ള ആണുങ്ങളാണ് പണം പാഴായതോടെ കുറുക്കന്മാരാവുന്നതു്!........അങ്ങനെ അസഹായയായ ഒരു പെണ്ണാണ്, അവർ....ആറുമാസംകൊണ്ടു പോയി! സമ്പത്തെല്ലാം. കെട്ടിയവനും പോയി....ഒന്നും അവരുടെ കുററമല്ല....അവരെ സമാധാനിപ്പിക്കാൻ അങ്ങയെപ്പോലെ ആരെങ്കിലും വലിയവർ അടുത്തുണ്ടായിരുന്നെങ്കിൽ ഞങ്ങളെപ്പോലെയുള്ള ബന്ധുക്കറം പുറത്താവുകയുംചെയ്യില്ലായിരുന്നു, അവർക്ക്....പോട്ടെ. ഭാഗ്യംകെട്ടതിന്ന് എന്തു് ഉപായം ചെയ്യാനാണ്?

''ഇനി എൻെറ കഷ്ടത നോക്കൂ. ഒരിടത്തു് കിട്ടി വന്നു് എന്നെ അലട്ടുന്നു, അതിനിടയ്ക്കു് അങ്ങു് മററൊരു കന്യകയെ കാണിച്ചുകൊടുത്തു എന്നും പറയുന്നു. ...അല്ല, അങ്ങയെപ്പോലെയുള്ള വലിയവരാണ് അവൻെറ നന്മയ്ക്കു വേണ്ടി എല്ലാം ചെയ്യുന്നതു്. അതുകൊണ്ടാണ് സ്വന്തം അക്കൻെറ അടുത്തു് പോകാതെ നേരെ അങ്ങയുടെ അടുത്തേയ്ക്കു വന്നതു്........ഇനി ആ പ്രാന്തിപ്പെണ്ണു് രത്നയുണ്ടല്ലോ........തൽക്കാലം നേരെ നിന്നുവെന്ന് വെച്ചോളൂ....എന്നാൽ ഇക്കാലത്തെ പെൺകുട്ടികളുണ്ടല്ലോ....നാടകം, സിനിമ എല്ലാം കണ്ടു കണ്ട് ഒരുമാതിരി കൂട്ടർ ആയിരിക്കയാണ്....നാളെ ഗംഗക്കൻെറ ശാഠ്യംമൂലമോ മററെന്തു മൂലമോ ഇവൻ അവളെ കെട്ടിയില്ല എങ്കിൽ അവറം കൂട്ടുകാരികളുടെ നടുക്ക് ഇരിക്കുക എങ്ങനെയാണ്?....നാലാളെ മുഖം കാട്ടുക എങ്ങനെയാണ്?....അതിനുംപുറമെ പെൺബുദ്ധി, ചെറിയ കുട്ടി, ചാഞ്ചാടുന്ന സ്വഭാവം....ബഹുകഠിനം, രായരേ!

....ഒരു വികടമായ സന്ദർഭം വന്നുപെട്ടിരിക്കുന്നു. ഇനി ദൈവംതന്നെവേണം, കാക്കാൻ!........

''രായരേ, ഈ പറഞ്ഞതൊന്നും അത്ര മഹത്വമുള്ളതല്ല. ഇതൊക്കെ ഞാൻ ശരിപ്പെടുത്തിക്കോളാം. പ്രധാന ജോലി എന്തെന്നുവച്ചാൽ....അങ്ങ് എന്റെ മകളെ കാണണം. അങ്ങ് കിട്ടിയുടെ ചുമതല എടുത്തിരിക്കുന്നു. അതുകൊണ്ട് ആദ്യം അങ്ങയെ ഞാൻ പെണ്ണിനെ കാട്ടാം. എങ്ങനെവേണമെങ്കിലും പരീക്ഷിച്ചുനോക്കിക്കോളൂ. അങ്ങയുടെ മനസ്സിനു പിടിച്ചാൽ ഈ ബന്ധത്തിന് 'ഹ്ം' എന്നു പറയരുതോ?....പിന്നെ മറ്റൊന്ന്....ഈ രക്തബന്ധമെന്നുള്ളത് ഉണ്ടല്ലോ, വലിയതാണ്.... ഗംഗക്ക എത്രവേണമെങ്കിലും എന്റെമേൽ തീ ഇട്ടോട്ടെ. എന്നാൽ കിട്ടിയെ കാണുന്നതോടെ എന്റെ കരൾ, എന്തോ അലിയാൻ തുടങ്ങും, കേട്ടോ....ഞങ്ങളുടെ രത്ത എന്നുവെച്ചാൽ തനി രത്നം ഇരിക്കും പോലെ ആണ്....ഞാൻ പുകഴ്ത്തി പറയുകയല്ല........''

അപ്പോഴേയ്ക്കും രാഘപ്പയുടെ ദൃഷ്ടി, വാതിലിന്റെ മറവിൽ നിന്നുകൊണ്ട് എല്ലാ സംസാരവും കേട്ടുകൊണ്ടിരുന്ന വേണുബായിയിൽ പതിഞ്ഞു. പെട്ടെന്ന് സംസാരം നിറുത്തി, ഒരു തവണകൂടി അങ്ങോട്ടു നോക്കി, രാഘപ്പ പാതി അങ്ങും പാതി ഇങ്ങും എന്ന മട്ടിൽ സംസാരം തുടർന്നു. ആ വിട്ടുവായന്റെ സംസാരം ദിക്ഭ്രമം പിടിപെട്ടവനെപ്പോലെ തന്റെ ഭർത്താവ് കേട്ടുകൊണ്ടിരിക്കുന്നത് അവർക്ക് സഹിച്ചില്ല. അവർ ഇടയ്ക്കു കയറി പറഞ്ഞു:

ഞങ്ങൾക്കെന്തിരിക്കുന്നു. വിട്ടുകളഞ്ഞേയ്ക്കൂ. കിട്ടി ആരെ കെട്ടിയാലും ഞങ്ങൾക്കെന്താണ്?....എന്നാൽ ഗംഗവ്വ വളരെ കഷ്ടപ്പെട്ട ഒരു ജീവിയാണ്.... മകനെന്നു പറഞ്ഞാൽ കഴിഞ്ഞു, വീണ്ട ചാവും. അവരനുഭവിച്ച വിഷമതകൾ ഞങ്ങൾ കണ്ണുകൊണ്ട് കണ്ടവരാണ്....എത്രയോ സാഹസപ്പെട്ടാണ് അവർ മകനെ ഒരു വഴിക്കു കൊണ്ടുവന്നത്!....അവർക്ക് ഒരു സുഖം ഉണ്ടാവണമെന്നേ ഞങ്ങൾക്കു നിർബ്ബന്ധമുള്ളു.''

അവർ പറഞ്ഞതിന്റെ പ്രധാന സംഗതി ദേസായിയുടെ മനസ്സിൽ പതിഞ്ഞു. എന്നാൽ കഴിവതും ആ കാര്യത്തിൽ തലയിടരുതെന്ന ഉദ്ദേശ്യമുള്ള ദേസായിക്ക് 'നിർബ്ബന്ധം' എന്ന വാക്കു ശരിയായി തോന്നിയില്ല.

''ഞങ്ങൾക്ക് യാതൊരു നിർബ്ബന്ധവും ഇല്ല, മത്സരവും ഇല്ല....അങ്ങനെ ചോദിച്ചാൽ ഗംഗവ്വയും ഞങ്ങൾക്ക് ആരും അല്ല, കൃഷ്ണയും ആരും അല്ല....ഈ സംഗതിയിൽ മുൻകൈ എടുക്കാൻ ഞങ്ങൾക്കു സാധ്യമല്ല. നിങ്ങൾതന്നെ ഗംഗവ്വയെ കണ്ട് സമ്മതിപ്പിക്കൂ. ഇനി വേണമെങ്കിൽ കല്യാണത്തിന് വന്ന് നാലു തരി അക്ഷതം ഇട്ടു പോന്നോളാം!'' എന്നു പറഞ്ഞു, ദേസായി.

''രായരേ, ആ പയ്യനു് സത്യമായും നന്മ ചെയ്ത ആൾ അങ്ങുതന്നെയാണ്.... അങ്ങുണ്ടായിരുന്നില്ലെങ്കിൽ ആ പാവം ഗംഗവ്വയെക്കൊണ്ട് എന്തു സാധിക്കുമായിരുന്നു....!''

ഇടയ്ക്കുവെച്ച് ദേസായി എഴുന്നേററു പുറത്തു പോയെങ്കിലും രാഘപ്പ വേണു ബായിയോട്ട് തൻെറ സംസാരം തുടർന്നു:

''നിങ്ങഠം എല്ലാവരും ആ പയ്യനുവേണ്ടി എന്തെല്ലാം വിഷമിച്ചു എന്നതു് അവൻ സ്വയം പറഞ്ഞതാണ്. മററുള്ളവർ പറയുന്നതെന്തിനു്? ലോകർ മുഴുവൻ പറയുന്നുണ്ടല്ലോ.... ആ പയ്യൻ നിങ്ങളെല്ലാവരേയുമാണ് അവലംബിച്ചുകൊണ്ടിരിക്കുന്നതു്.''

ദേസായി നിയന്ത്രിക്കാനാവാതെ എഴുന്നേററു് പെട്ടി തുറന്നു് കിട്ടി അയച്ചു കൊടുത്ത കത്തു് പുറത്തെടുത്തു്, സംസാരം തീർന്ന ഉടൻ രാഘപ്പയുടെ മൂക്കിനു നേരെ കാട്ടി.

കത്തു കണ്ടു്, രാഘപ്പ ആദ്യം ഒന്നു പകച്ചു. എന്നാലും അതിലെ 'കുറിപ്പ്'' വായിച്ചതോടെ ഒരു നൂലിഴ കിട്ടി....''അതാ, അതാ.... കിട്ടണ്ണ പറയാൻ വിചാരിച്ചതായിരുന്നു....എന്നോടു പറഞ്ഞു—ദേസായി എനിയ്ക്കു വേണ്ടി വളരെ കഷ്ടപ്പെടാൻ തുടങ്ങിയിരിക്കയാണ്, എൻെറ മനസ്സ് ഇങ്ങോട്ടു വലിക്കുകയാണ്, നേരെ പറയാമെന്നുവെച്ചാൽ ധൈര്യവുമില്ല—എന്നെല്ലാം....എങ്കിലും ഒരു തവണ ധൈര്യംപിടിച്ചു് അദ്ദേഹത്തിൻെറ കൈകൊണ്ടു് ആശീർവാദം വാങ്ങണമെന്നും പറഞ്ഞു....അങ്ങ് എന്നു പറഞ്ഞാൽ അത്ര ആദരവു്, അത്ര പേടി ആണ്, അവനു്....''

കുഞ്ഞുങ്ങളെ സമാധാനിപ്പിക്കുംപോലെ ഉള്ള ആ മട്ട് തനിക്കു മനസ്സിലാകാതെയിരുന്നില്ല എങ്കിലും ദേസായി, അതിൻെറ പരിണാമത്തെ ഗൗനിച്ചു്, തൻെറ ദേഷ്യം വിഴുങ്ങി. എന്നിട്ടു്,

''ഈ കത്തിൻെറ അർത്ഥം എന്തുമാകട്ടെ....ഗംഗവ്വയ്ക്കു് സുഖമുണ്ടാവണമെന്നു് എല്ലാവർക്കും ഉള്ളതുപോലെ ഞങ്ങഠംക്കുമുണ്ടു്. അത്രതന്നെ....'' എന്നു പറഞ്ഞു.

''എന്തുകൊണ്ടു് ഉണ്ടാവില്ല, രായരേ!....അങ്ങയുടെ മുമ്പിൽവെച്ചു ഞാൻ നുണ പറയുകയില്ല....ഗംഗക്കനെ ഞാൻ എങ്ങനെ പോററുമെന്നു് കണ്ടോളൂ. അക്കൻ എനിക്കു ചെയ്ത ഉപകാരം വീട്ടണമെന്നു് എനിക്കു് എന്നും ആശയുണ്ടു്.... പക്ഷെ, എന്തുചെയ്യാം. ഉപായമൊന്നും കാണാതെ കഴിയുകയല്ലേ, ഞാൻ?.... എന്നാലും ഒരു സംഗതി ഞാൻ ചൊവ്വെ പറഞ്ഞേയ്ക്കാം....എനിക്കുള്ളതു് രണ്ടു പെൺമക്കളാണ്. മൂത്തവളെ കിട്ടണ്ണയ്ക്കു കൊടുത്തു് പുറത്തുള്ള ഗംഗക്കനെ ഉള്ളിലാക്കണം. ഇതു് എൻെറ ആദ്യത്തെ ലക്ഷ്യം. രണ്ടാമത്തെവഠംക്കു പ്രായമാവാൻ ഇനിയും വേണം, അഞ്ചാറു കൊല്ലം. രണ്ടോ നാലോ ആയിരം ചെലവഴിച്ചു് അവളെ നല്ല കഴിവുള്ള ഒരു കുടുംബത്തിലേയ്ക്കു കെട്ടിച്ചു കൊടുക്കണം. ഇതു രണ്ടാമത്തെ ലക്ഷ്യം....ഇനി മൂന്നാമത്തേതു്....കിട്ടണ്ണയെ ദത്തെടുക്കണം.... ഇതു് ഉള്ളിൽ ഉള്ളതു മാത്രമാണ്....ഗംഗക്കനു് ഒററ മകനേ ഉള്ളൂ എന്നതു ശരി

യാണ്. എന്നാലും 'ദ്വാമുഷ്യായണ ദത്ത്'* നടത്താൻ ആവും. ഇങ്ങനെയുള്ള എത്രയോ ദത്ത് ഞാൻതന്നെ നടത്തിക്കൊടുത്തിരിക്കുന്നു....എൻെറ സ്വന്തം രക്തമല്ലേ. എനിക്കു എങ്ങനെ വഞ്ചിക്കാൻ കഴിയും....എനിക്കു കൊല്ലത്തിൽ ഒരായിരം രൂപ ആദായമുണ്ട്. ഈ രണ്ടു കല്യാണങ്ങൾക്കുമായി കുറച്ചു നിലവും കണ്ടവും വില്ക്കേണ്ടിവരുമെന്നു വച്ചോളൂ. എന്നാലും ഏഴ്, എട്ട് നൂറോളം ആദായം കിട്ടത്തക്കതു് പിന്നേയും ബാക്കി ഉണ്ടാവും....അതു് ഈ കിട്ടണ്ണയുടെ കൈവശം ആക്കിക്കൊടുത്തു് ഹരി ഹരി എന്നു ജപിച്ചുകൊണ്ട്, കിട്ടണ്ണയുടെ മക്കളെ കളിപ്പിച്ച് അങ്ങനെ കാലം കഴിക്കണം, എന്നിട്ടു കണ്ണടയ്ക്കണം—ഇതാണ് എൻെറയും ഭാര്യയുടേയും മോഹം....നല്ല ശേഷിയുള്ള ഒരു പയ്യൻ. കുടുംബത്തിനു പററിയവൻ....ചത്താൽ എൻെറ പിണ്ഡം വെയ്ക്കാൻ ഒരാളായല്ലോ എന്ന് ഇപ്പോൾ ഒരു ആശ ഉണ്ടായിട്ടുണ്ട്....എൻെറ ഉള്ളിലുള്ള ഈ സംഗതി അങ്ങയുടെ മുമ്പിൽ മാത്രം ഇതാ തുറന്നുവയ്ക്കുകയാണ്....നോക്കൂ. ഇതാ വെട്ടുകത്തി, ഇതാ മത്തങ്ങ, രണ്ടും ഉണ്ട് മുമ്പിൽ എന്തു വേണമെങ്കിലും അങ്ങയ്ക്കു ചെയ്യാം....'' എന്നു പറഞ്ഞു നിറുത്തി. ഒരു നിഷ്പക്ഷമായമൗനം പരന്നതു കണ്ട് അവസാനത്തേതായ തടസ്സവും വഴിയിൽനിന്നു നീക്കിയിടാൻ തയ്യാറായി, രാഘപ്പ.

''ഇനിയും അങ്ങ്, ഈ സംഗതി നിങ്ങളുടെ അക്കനോടു പറയൂ എന്നു പറഞ്ഞ് ഈ ഭാരം എൻെറമേൽ ഇട്ടാൽ എനിക്കൊന്നേ പറയാനുള്ളൂ....അങ്ങനെ പറയുന്നതിനു പകരം, രാഘപ്പ നീ നല്ല ഒരുത്തനല്ല, നിൻെറ മകളെ എനിക്ക് ഇഷ്ടമല്ല, നീ പിണ്ഡം വെയ്ക്കാൻ ആരുമില്ലാത്ത ഒരു നായ എന്നു പറഞ്ഞ് എന്നെ പിടിച്ചു പുറത്തേയ്ക്കു തള്ളൂ....അതും എനിക്കു സന്തോഷംതന്നെ....അക്കനെ സമ്മതിപ്പിക്കുക എന്നതു് അങ്ങയെപ്പോലുള്ള വലിയവരുടെ ജോലിയാണ്.... കൂടപ്പിറപ്പുകൾ തമ്മിൽ കലഹമുണ്ടാകുന്നില്ലേ, എങ്ങും?....അതെല്ലാം അങ്ങയെപ്പോലെ ഉള്ള വലിയവർ ഇടപെട്ടു തീർത്തിട്ടുമില്ലേ?....എത്രയോ ആളുകൾക്ക് ഉപകാരം ചെയ്തു! എന്നെ ഒററ....അതു എൻെറ ഭാഗ്യദോഷം എന്നല്ലാതെ എന്തു പറയാൻ?....''

രാഘപ്പയുടെ വാദത്തിൽ കുടുങ്ങി ദേസായി തെല്ലു പിടഞ്ഞു; തൻെറ ഒരു സത്യപരീക്ഷയ്ക്കു സമയംവന്നപോലെ. ദുംദുര ശീനപ്പയുടെ മകളായിരുന്നെങ്കിൽ സംഗതി വേറെ. ഇതിപ്പോൾ ഒരു പക്ഷം പിടിച്ചു തീർപ്പു കൊടുക്കേണ്ടിയിരിക്കുന്നു. പക്ഷെ ദൃഷ്ടി മാത്രം കിട്ടിയുടെ നന്മയ്ക്കു നേരെ ആയിരിക്കുകയും വേണം. കിട്ടി സ്വയം വങ്കത്തം കാട്ടിയാലും, തനിക്കു വിവേകം കളഞ്ഞു കുളിക്കാൻ മേല....ഈ അഷ്ടാവധാനപ്രക്രിയ തന്നെക്കൊണ്ടു കഴിയുമോ?.... ആളുകൾ വന്ന് എന്തിനാണ് തൻെറ മുമ്പിൽ കരഞ്ഞു പിഴിയുന്നതു്....താങ്ങാനാവാത്ത കഷ്ടപ്പാടുകൾ തനിക്കുതന്നെ വേണ്ടുവോളം ഉള്ളപ്പോൾ?....ഇങ്ങനെ

---

* ഏക പുരുഷസന്തതിയുള്ള കുടുംബത്തിൽനിന്നു ദത്തെടുക്കപ്പെടുമ്പോൾ ഈ സമ്പ്രദായം സ്വീകരിക്കുന്നു.

യെല്ലാം ഉള്ളുകളെല്ലാം മുറുമുറുത്തുകൊണ്ട്, അദ്ദേഹം അവസാനത്തേതായ ഉപായത്തിനു തയ്യാറായി. ഗംഗവ്വയെ വിളിച്ചുകൊണ്ടുവരാൻ ഭരമനെ പറഞ്ഞയച്ചു....

## 17. ഗംഗവ്വ··· രാഘപ്പ

ഭരമനിൽനിന്നു് അറിഞ്ഞിടത്തോളം വർത്തമാനത്തിൽനിന്നുതന്നെ, രാഘപ്പ എത്തിയിട്ടുണ്ടെന്നു് ഊഹിച്ച് ഗംഗവ്വ തെരുതെരെ നേരെ ചെന്നു് ദേസായിയുടെ മുറിക്കു പുറത്തു് കുത്തിയിരുന്നു. വേണക്ക അവരോട് ''അകത്തേയ്ക്കു വരൂ, ഗംഗവ്വേ!'' എന്നു പറഞ്ഞു. എന്നാൽ ''ഛരീ!'' എന്നു പറഞ്ഞു് അവർ അവിടെത്തന്നെ ഇരുന്നു. രാഘപ്പ മുഖം മുന്നോട്ടു നീട്ടി പറഞ്ഞു: ''ഗംഗക്കാ, അകത്തേയ്ക്കു വരരുതോ, എന്തിനാ അങ്ങനെ പുറത്തിരിക്കുന്നതു്, പരിചയമില്ലാത്തവരെപ്പോലെ!''

''ഇവിടെത്തന്നെ ആയിക്കോട്ടെ. ഇരിയ്ക്കേണ്ട ഇടത്തു് ഇരിക്കുന്നതാണു് എല്ലാവർക്കും ഭംഗി'' എന്നായി ഗംഗവ്വ.

രാഘപ്പയുടെ 'ചതുര'മായ വാക്കുകൾ ഗംഗവ്വയുടെ ദീർഘദൃഷ്ടിക്കു മുമ്പിൽ ചതഞ്ഞുപോവും. 'വിശ്വവിജയി' ആയ രാഘപ്പയ്ക്കു് അക്കനെ, എന്തോ, അല്പം പേടിയായിരുന്നു. കുന്നിൻെറ അടിവാരത്തിൽ നിന്നു് നേരെ പൊരുതുന്ന പടയാളിയേക്കാൾ കുന്നിൻെറ മറവിൽ നിൽക്കുന്ന പടയാളിക്കു ബലം കൂടുതലാണു് എന്നപോലെ, ചുവരിൻെറ മറവിൽ ഇരിക്കുന്ന ഗംഗവ്വയുടെ വാക്കുകൾ കൂടുതൽ പ്രഹരമേല്പിക്കുന്നവയായി തോന്നി. ദേസായി പറഞ്ഞിട്ടും കൂട്ടാക്കാതെ ഗംഗവ്വ പുറത്തുതന്നെ കുത്തിയിരുന്നു. മുമ്പിൽ വന്നിരിക്കാൻ തീരെ തയാറായില്ല. അവർക്കു് മററൊരു പരിഭ്രമവും ഉണ്ടായിരുന്നു. മുമ്പിൽ ചെന്നു് ഇരുന്നാൽ........ഏതായാലും കൂടപ്പിറപ്പല്ലേ........അയാളുടെ മുഖത്തു നോക്കുമ്പോൾ തൻെറ ഹൃദയം അലിഞ്ഞുപോയാലോ........അയാളുടെ നിറപ്പകിട്ടുള്ള സംസാരത്തിൻെറ വലയിൽ വീഴരുതെന്നു് ഉറപ്പിച്ചിട്ടല്ലേ താൻ വന്നിരിക്കുന്നതു്........ അതുകൊണ്ടു് ചുവരിൻെറ മറവിൽ ഇരിക്കുന്നതാണു് നല്ലതെന്നു് അവർക്കു തോന്നി.

ദേസായി ഔപചാരികമായി പ്രസ്താവിച്ചു: ''ഗംഗവ്വേ, എനിക്കു് അനുജനെപ്പററി യാതൊന്നും അറിയാൻമേല. എന്നാൽ ഈ ഒരു മണിക്കൂറിനിടയ്ക്കു് അതുമിതും പറഞ്ഞു ഞങ്ങൾ കുടുംബത്തെപ്പററിയും സംസാരിച്ചു. രാഘപ്പയുടെ അഭിപ്രായം മകളെ കൃഷ്ണാജിക്കു കൊടുക്കണമെന്നാണു്. ശീനപ്പയുടെ മകളെ കണ്ടു എന്നു പറഞ്ഞതു കേട്ടു് എൻെറ അടുത്തു വന്നിരിക്കയാണു്. ഗംഗവ്വയുടെ അഭിപ്രായം അറിയാതെ എനിക്കു് ഒന്നും പറയാൻ ആവില്ല എന്നു് അറിയിക്കുകയും ചെയ്തു.

രാഘപ്പ ഇടയിൽ ചാടി ചോദിച്ചു: ''ഛരി! ഛരി! ഗംഗക്കൻെറ ആശീവ്വാദ മില്ലാതെ എങ്ങനെ?''

''എന്തിനാ എൻെറ ആശീർവ്വാദം? നിൻെറ കൈയുണ്ടല്ലോ അവൻെറ തലയിൽ ആശീർവ്വദിക്കാൻ!'' എന്നു ഗംഗവ്വ തീക്ഷ്ണമായി പറഞ്ഞു.

''ഗംഗവ്വേ, അതൊക്കെ ഇരിക്കട്ടെ. ഏതായാലും നിങ്ങൾ കൂടപ്പിറപ്പുകൾ. ഇന്നു് കലഹിച്ചാലും നാളെ ഒന്നായി എൻെറ നേർക്കു് വന്നേയ്ക്കാം........ഇപ്പോൾ നിങ്ങൾ രണ്ടുപേരും അവരവരുടെ മനസ്താപങ്ങൾ വിട്ടുകളയിൻ....പ്രധാനമായ സംഗതി സംസാരിക്കാം....ആ പെൺകുട്ടിയെ ഗംഗവ്വ കാണുന്നോ ഇല്ലയോ?'' എന്നായി ദേസായി.

''ചുമ്മാ വേണ്ടാത്ത പടങ്ങെല്ലാം എന്തിനു്, ഗോപണ്ണ? എനിക്കു് ആ പെണ്ണിനേയും കാണാൻ കഴിയില്ല, അവളുടെ തന്തയേയും കാണാൻ കഴിയില്ല, അവളുടെ തള്ളയേയും കാണാൻ കഴിയില്ല. കണ്ടുകണ്ടു മതിയായി. ഇനി എന്നാണു് കണ്ണടയുക എന്നായിരിക്കുന്നു, എനിക്കു്!''

ദേസായി മുഖം കീഴോട്ടാക്കി.

ഇനി തൻെറ അവസരമായി എന്നു കരുതി രാഘപ്പ മേൽമുണ്ടു് ശരിപ്പെടുത്തി, തുടങ്ങി:

''ഗംഗക്ക, കഴിഞ്ഞതു കഴിഞ്ഞു. പഴയതെല്ലാം മറന്നു്, തൻെറ അനുജനെന്നു വിചാരിച്ചു് എൻെറ നേരെ നോക്കരുതോ, ഇനിയെങ്കിലും! എത്ര നാളാണു് ഈ കലഹം! യാതൊരു കാരണവുമില്ലാതെ എന്തിനാണു് ഇത്ര ദേഷ്യം! .......കല്ലുകൊണ്ടുള്ള മനസ്സാണെങ്കിലും ഒരിക്കൽ അലിയും, നോക്കു്!''

''ശരിയാണു്, രാഘു. നോക്കു്, എൻെറ മനസ്സു് കല്ലുകൊണ്ടുള്ളതാണു്. നിൻെറ സമ്പത്തു കണ്ടാൽ, നിൻെറ വൈഭവം കണ്ടാൽ, നിൻെറ വെപ്പാട്ടിയെ കണ്ടാൽ....എൻെറ മനസ്സു് അലിയുകയേ ഇല്ല....അതെല്ലാം പോകട്ടെ. ഇത്ര ദിവസം കഷ്ടപ്പെട്ടു് കിട്ടിയെ ഞാൻ ഇത്രത്തോളമാക്കി........ഒററയ്ക്കു്!........ മുമ്പില്ല, പിമ്പില്ല....ഒരാളുടെ കാല്ക്കൽ വീണു. മററൊരാളുടെ 'കൂലിപ്പണി' ചെയ്തു. ഇനിയൊരുത്തൻെറ മുമ്പിൽ താണു കേണു....എന്തെല്ലാം ചെയ്തു....ഇന്നുവരെ നിനക്കു് എൻെറ ഓർമ്മ വന്നോ? അക്കൻെറ വീട്ടിൽ തിന്നാൻ വല്ലതുമുണ്ടോന്നു് വല്ലപ്പോഴും നീ ചോദിച്ചോ? നീ അനുജനെപ്പോലെ പെരുമാറിയോ? ഒററ ദിവസമെങ്കിലും?....അവനു് ഉദ്യോഗമായപ്പോൾ മാത്രമാണോ ഞാൻ ഉണ്ടെന്നു് അറിഞ്ഞതു്?....അന്നു് നിൻെറ മനസ്സു് അലിഞ്ഞോ?....''

''ഗംഗക്ക, ഒരു നായാട്ടുനായയെപ്പോലെ നിന്നു് അക്കൻ എന്നെ വീട്ടിനടുത്തുപോലും വരാൻ സമ്മതിച്ചോ?........മകൻെറ എച്ചിലില നോക്കാൻപോലും സമ്മതിച്ചോ?....എന്നെ ഒരു അയിത്തക്കാരൻെറ അത്ര ദൂരത്തു നിറുത്തി....''

''ഇല്ലപ്പ, നീ എന്തിനാ അയിത്തക്കാരൻ ആവുന്നതു്....ഞങ്ങളല്ലേ അയിത്തക്കാർ....ഞങ്ങൾ പണം കളഞ്ഞുകുളിച്ചു. പണം ഉള്ള കാലത്തോളം എല്ലാവരും വേണ്ടപ്പെട്ടവർ. പണം പോയാൽ എല്ലാവരും ചിന്നിച്ചിതറിപ്പോകും. അതു ലോക നടപ്പാണു്....''

''ഗംഗക്ക, ഞാൻ ഒരുത്തൻെറ പണം തട്ടിയെടുത്തപോലെ പറയുന്നല്ലോ. ആദ്യം നിങ്ങൾക്കു് ഒരു വിശ്വാസം വേണം. പോട്ടെ. എൻെറ വിശ്വാസം പറഞ്ഞു....''

ആ പറഞ്ഞതു് ഗംഗവ്വയെ എരിപൊരികൊള്ളിച്ചു. കൂർത്ത കൊമ്പു കൊണ്ടു് കുത്തിയപോലെ ആ വാക്കുകൾ അവരെ ദേഷ്യപ്പെടുത്തി. പെട്ടെന്നു് വാതിൽക്കൽ വന്നു് കുത്തിയിരുന്നു് ചീറി:

ഒരുത്തൻെറ പണം; ഹ്ഹം!........എവിടെ ഉണ്ടായിരുന്നു നിനക്കു പണം? ....എനിക്കു് ഒന്നും അറിയാൻമേലാ എന്നാണോ?....നിൻെറ എല്ലാ നിലവും ഒററിക്കു പോയതല്ലേ? ഞങ്ങൾ മുടിഞ്ഞതിനുശേഷം നിൻെറ നിലം നിൻെറ കൈവശം വന്നുചേർന്നു....ആ നെഗളിപ്പെല്ലാം വിട്ടുകള!....''

''ഗംഗക്ക, എന്തിനാ ഇങ്ങനെയൊക്കെ പറയുന്നതു്? നിങ്ങളുടെ പണം ഞാനെങ്ങാനും കട്ടെടുത്തോ, തട്ടിയെടുത്തോ....ഓരോ കാലം വരുന്നു.........അക്കൻെറ നഷ്ടത്തിൽ എനിക്കു് ഒട്ടും വ്യസനമുണ്ടായില്ല എന്നാണോ?''

''ഞങ്ങളെ മുടിച്ചതു് നീതന്നെ. അദ്ദേഹത്തോടു് ജാമ്യം നിൽക്കാൻ പറഞ്ഞവൻ നീയാണു്. ആ ശപ്പൻ വെങ്കിയേയും നാടുവിട്ടു് ഓടിച്ചു. അവൻെറ എളിയിൽ ഉള്ളതും വിഴുങ്ങി. അത്രയ്ക്കായപ്പോഴേയ്ക്കും അക്കൻെറ കഴുത്തിൽ കുരുക്കു വീണ എന്നു വല്ലതും അറിഞ്ഞോ? ഞങ്ങളുടെ വീട്ടിൽ ഒരു തരി പൊന്നു് ബാക്കിയില്ലാതാക്കിയതും നീതന്നെ....അവസാനം എൻെറ കെട്ടിയവനേയും അകററിവിട്ടു....അയ്യയ്യോ! ലോകത്തു് ബന്ധുക്കൾ ഉണ്ടപ്പ!....എന്നാൽ നിന്നെപ്പോലെയുള്ള ഒരു ബന്ധുവിനെ പകൽപോലും ദിവട്ടി കാട്ടിയാൽ തിരിഞ്ഞു പിടിക്കാൻ സാദ്ധ്യമല്ല........

''നിറുത്തു, ഗംഗക്ക! പിന്നീടു് ഞാനും അക്കനും പരസ്പരം കാണാനേ ഒത്തില്ല. ഒരു സംഗതി പറയണമെന്നു് വിചാരിക്കാൻ തുടങ്ങിയിട്ടു് വളരെ ദിവസമായി. ഇവിടെ ദേസായിയും ഉണ്ടല്ലോ, സാക്ഷിയായിട്ടു്. അക്കൻ പറയുന്ന ഓരോന്നിനും എൻെറ പക്കൽ മറുപടി തയ്യാറുണ്ടു്. ഒരു തവണ രണ്ടു പേരുടെ മനസ്സും പുറത്തുവരട്ടെ. മനസ്സിനുള്ളിൽ വെച്ചുകൊണ്ടു് ഇരിക്കണ്ട, അഴുക്കെല്ലാം........ഒരേ ചോദ്യം, ഗംഗക്ക. വെങ്കാട്ടിക്കു ജാമ്യം നിൽക്കാൻ കഴിയില്ലെന്നു ഞാൻ പറഞ്ഞോ?....ഞാൻ പിന്മാറി, സ്വാമിരായനെ മുന്നോട്ടു തള്ളി നിറുത്തിയോ?....പിന്നീടു് നടന്നതെല്ലാം ഈശ്വരൻെറ കൈകൊണ്ടു്. അതു

വിട്ട്. എൻെറ തെററാണോ, അതു്? എൻെറ തലയിൽ ഇട്ടോളൂ....ജാമ്യം നിൽക്കാൻ ഞാൻ മുന്നോട്ടു വന്നതാണു്. നിലം ജാമ്യത്തിനു വെയ്ക്കാൻ പററില്ല എന്നു വക്കീൽ പറഞ്ഞപ്പോൾ, സ്വാമിരായ ഒരു ബഹദൂരിനെപ്പോലെ, ''താൻ എന്തിനാ വിഷമിക്കുന്നേ? ഞാൻ നിന്നോളാം'' എന്നു് ഏറെറടുത്തു. ഓർമ്മയുണ്ടോ വല്ലതും? കുടുംബത്തിൻെറ അഭിമാനത്തിനുവേണ്ടി, ആ പിരാന്തനു ജാമ്യം നിന്നു ആ പുണ്യാത്മാവു്! അദ്ദേഹത്തിൻെറ പേർ തണുത്ത ഹൃദയത്തോടെ വേണം ഓർമ്മിക്കാൻ....അദ്ദേഹം ഇന്നു ജീവനോടെ ഇരുന്നെങ്കിൽ എന്നോടു് ഒരിക്കലും ദേഷ്യമുണ്ടാവില്ല, അക്കനെത്ര ഈറയുണ്ടായാലും....അതെല്ലാം പോകട്ടെ. ഇനി അതെല്ലാം പറഞ്ഞിട്ടു് എന്തു പ്രയോജനം!....തൻെറ ലീലകൾ എൻെറ കൈകൊണ്ടു് ആടിച്ച ആ ഈശ്വരനെ ഞാൻ ദിവസവും പത്തുതവണ ശപിക്കാറുണ്ടു്, കേട്ടോ........''

''അയ്യയ്യോ! ഈ പെണ്ണിൻെറ വാക്കു് വിട്ടുകള....ഇങ്ങനെ നിറം കയററിയ വാക്കു പറഞ്ഞു് എത്ര ആളുകളെ വിഴുങ്ങി വെള്ളം കുടിച്ചിരിക്കുന്നു, നീ!........ നാടു മുഴുവൻ പറയുന്നതു് ഞാനെന്തിനു് പറയണം?....നീ പറയുന്നതെല്ലാം കേട്ടു് ഞാൻ വിഡ്ഢിയാവില്ല....അതെല്ലാം വിട്ടുകള!....''

''നില്ലു്, ഗംഗക്ക! ഞാൻ പറഞ്ഞു് അവസാനിപ്പിക്കട്ടെ....ഇന്നുതന്നെ എല്ലാം തീരട്ടെ....എനിക്കു പറയാനുള്ളതെല്ലാം നിങ്ങളുടെ ചെവിക്കുള്ളിൽ എത്തിച്ചേയ്ക്കാം. അതിനുശേഷം വേണമെന്നു തോന്നിയാൽ എന്നെഅനുജനെന്നു വിളിച്ചോളൂ. അല്ലെങ്കിൽ വേണ്ട....നിങ്ങളെ മുടിക്കാൻ വേണ്ടി ഞാൻ വെങ്കാട്ടിയെ ഓടിച്ചു എന്നു് നിങ്ങൾക്കു് ഒരു ഭ്രമം ഉണ്ടു്....അവനെ ഓടിച്ചിട്ടു് എന്തു ഭാഗ്യം നേടാനായിരുന്നു?....ഞാൻ പറഞ്ഞിട്ടു വേണോ അവനു് ഓടിപ്പോവാൻ? ....അവനോ അരപ്പിരാന്തൻ!....ആർ ചെയ്തുവച്ച പാപമോ എന്തോ? ഞാൻ തലയിലേററി....അന്നു രാത്രി അവൻ എൻെറ വീട്ടിൽ ഉറങ്ങി എന്നതു നേരാണു്. അതിനു് അവനെ ഇരുപത്തിനാലു മണിക്കൂറും ഞാൻ നോക്കിക്കൊണ്ടു് ഇരിക്കണമെന്നുണ്ടോ? അവൻെറ കൈ തൂണിൽ കെട്ടിയിടണമെന്നുണ്ടോ?....രാത്രി പത്തു മണിയായി. എന്തോ വാരി തിന്നു. ഇത്രടം പോയിവരാമെന്നു പറഞ്ഞു പോയവൻ....ഒററ പോക്കു്....പിന്നീടു് എന്തു സംഭവിച്ചു എന്നു വല്ലതും അറിയാമോ? ....അവനെ തിരഞ്ഞുപിടിക്കാൻ വേണ്ടി സ്വാമിരായ നൂറു രൂപയും തന്നു് എന്നെ പുണെ (പൂന)യ്ക്കു് ഓടിച്ചു...ഞാനാണു് വെങ്കിയേ ഓടിച്ചതു് എന്നു് നിങ്ങളുടെ കെട്ടിയവനു് ശങ്കയേ ഉണ്ടായില്ല എന്നല്ലേ അതിൻെറ സാരം? നിങ്ങളുടെ തലയ്ക്കുള്ളിൽ മാത്രം ആ ഭ്രമം എങ്ങനെ വന്നോ ആവോ, എനിക്കു മനസ്സിലാവുന്നില്ല....സാമിരായ നമ്മൾ ഇരുവരുടേയും അനുജൻെറ മാനം കാത്തു. അങ്ങനെ ചോദിച്ചാൽ, ഗംഗക്ക, വെങ്കാട്ടി എൻെറയും അനുജനാണു്, നിങ്ങളുടേയും അനുജനാണു്. അതുകൊണ്ടു് സ്വാമിരായ ജാമ്യം നിന്നതു് നിങ്ങളുടെ അനുജനുവേണ്ടിയുംകൂടിയാണു് എന്നു ഞാൻ പറയും, കേട്ടോ....സ്വാമിരായ എൻെറ ശത്രുവാണോ?....എൻെറ കൺമുന്നിൽവെച്ചാണു് ജാമ്യപത്രത്തിൽ ഒപ്പി

ട്ടതു്. വെങ്കിയെ ഓടിച്ചാൽ അദ്ദേഹത്തിനു കുഴപ്പത്തിൽ വീഴേണ്ടിവരുമെന്നു് എനിക്കു് അറിയാൻമേലായിരുന്നോ?....അദ്ദേഹത്തിനു് തൊന്തരവു് നേരിട്ടാൽ എൻെറ അക്കനാണു് തൊന്തരവു് എന്നു് എനിക്കു് അറിയാൻമേലേ?....''

ഈ സംഗതികളൊന്നും ഗംഗവ്വയ്ക്കു സ്പഷ്ടമായി അറിയാൻമേലായിരുന്നു. അവരുടെ ജീവിതസ്മരണകളിലെ ആ ഭാഗങ്ങൾ വളരെ കുഴപ്പംപിടിച്ചവ ആയിരുന്നു. ഓടിപ്പോയതിനു ശേഷം വെങ്കാട്ടിയെ തിരഞ്ഞുപിടിക്കാൻ ആളുകൾ എങ്ങെല്ലാമോ അലഞ്ഞുതിരിഞ്ഞു തിരിച്ചുവന്നു. ഒരു മാസമായിട്ടും അവനെ കിട്ടാഞ്ഞപ്പോൾ ജനങ്ങൾ രാഘപ്പയെ ശങ്കിക്കാൻ തുടങ്ങി. രാഘപ്പയുടെ രഹസ്യജീവിതത്തെപ്പററി വീട്ടിനുപുറത്തു് പലരും പലതും പറഞ്ഞിരുന്നുവെങ്കിലും വീട്ടിനകത്തു് യോജിപ്പു് ഉണ്ടായിരുന്നതുകൊണ്ടു് അതിൻെറ അലയൊലി ആദ്യം കേട്ടില്ല. എന്നാൽ വീടെല്ലാം അടിച്ചു തുടച്ചതിനുശേഷം, ദ്വേഷത്തിൻെറയും ശങ്കയുടെയും ചുററുപാടിൽ, പുറത്തു് ജനങ്ങൾ പരത്തിയിരുന്ന അപവാദങ്ങൾ ഗംഗവ്വയുടെ ചെവിയിലും എത്തിച്ചേർന്നു. പല വർത്തമാനങ്ങളിൽ, വെങ്കാട്ടിയെ ഓടിച്ചതു് രാഘപ്പയാണു് എന്നതു വലിയ ഒരളവിൽ അവരുടെ മനസ്സിനെ അള്ളിപ്പിടിച്ചു. അതു് യാതൊരു അടിസ്ഥാനകാരണവും ഇല്ലാതെ അവർ വിശ്വസിക്കുകയും ചെയ്തു. ആറേഴുമാസം കഴിഞ്ഞു് കെട്ടിയവനും മരിച്ചു. അന്നു നേരിട്ട വേദന ആ വിശ്വാസത്തെ പൂർണ്ണമാക്കുകയും ചെയ്തു. ഒരു അവസരത്തിൽ അവർ രാഘപ്പയേയും അയാളുടെ മക്കളേയും 'നീർ വീഴ്ത്തി' ഉപേക്ഷിക്കുകയും ചെയ്തു.

ഇന്നു് ആ സംഭവങ്ങളെപ്പററി സ്പഷ്ടമായി അറിഞ്ഞു് അവർക്കു മറുപടി പറയാൻ വയ്യാത്ത നിലയായി. കാരണത്തിൻെറ കാതൽ കുറയവേ, ദ്വേഷം ദുഃഖമായി പരിണമിച്ചു. അവരെക്കൊണ്ടു് കൂടുതൽ തർക്കിക്കാൻ വയ്യാത്ത മട്ടായി. അതിലുംവെച്ചു് ആ പഴയ സംഭവങ്ങൾ തൻെറ കണ്ണിനു മുമ്പിൽ വന്നുനിന്നപോലെ കണ്ണീരൊഴുക്കി അവർ ഇത്രമാത്രം പറഞ്ഞു:

''അവസാനം അദ്ദേഹത്തിനു് തൊന്തരവു് വന്നല്ലോ. അനുജൻെറ മാനം കരുതി; എന്നെ എന്തുകൊണ്ടു് വിചാരിച്ചില്ല, അതോർത്തു കരയുകയാണു്, ഞാൻ.''

എന്നാൽ രാഘപ്പ അത്രകൊണ്ടു് വിട്ടില്ല. ഇനി ഒരു സംഗതികൂടി അയാൾക്കു പറയേണ്ടതുണ്ടായിരുന്നു—വളരെ ദിവസങ്ങളായി പറയണമെന്നു് കരുതിയിരുന്നതു്....

''ഗംഗക്ക പറഞ്ഞതെല്ലാം കേട്ടു് എനിക്കു ദ്വേഷ്യം വരുന്നില്ല. എന്താന്നുവെച്ചാൽ അതെല്ലാം ഞാനാണു് പറയേണ്ടതു്. ഇപ്പോൾ സംസാരിച്ചാൽ ഉണ്ടാകുന്ന ഫലം അത്രയ്ക്കേ ഉള്ളൂ എന്നു ഞാൻ കരുതുന്നു. ഏതായാലും സന്ദർഭം വന്നതുമൂലം പറഞ്ഞുകളയാം. സ്വാമിരായ പൊയ്പ്പോയതിൻെറ വ്യസനം എല്ലാ

വരേക്കാളും അക്കനെതന്നെ. അതു നേരു്. എന്നാൽ എന്നെ സംബന്ധിച്ചുള്ള തും പറയാം, കേട്ടോളു. നിങ്ങരം വെറും ഒരു പെണ്ണു്. വെങ്കാട്ടിയുടെ സത്യ ത്തിലുള്ള ചുമതല എൻേറതു്. അവൻ ഓടിപ്പോയതു് എൻെറ വീട്ടിൽനിന്നു്. അവൻ ഓടിപ്പോയതുമൂലം അക്കൻെറ വീടു് തുലഞ്ഞും പോയി. എന്നാൽ ഒന്ന ല്ലെങ്കിൽ മറെറാരു രീതിയിൽ അക്കനോടുള്ള കടപ്പാടു് തീർക്കണമെന്ന അഭി ലാഷം എനിക്കുണ്ടായിരുന്നു. അതിനിടയ്ക്കു് സ്വാമിരായൻെറ തല പടക്കെന്നു് വീണു....അപ്പോരം എനിക്കു് എന്തു തോന്നി എന്നു കരുതണ്ട, വേണോ?....അദ്ദേ ഹത്തെ കൊന്നവൻ ഞാനാണു് എന്നു പറഞ്ഞു് കരഞ്ഞു് തെരുവുതോറും ഓടി അലഞ്ഞു്, എൻെറ പ്രാണൻ എടുത്തു് അദ്ദേഹത്തിനു് കൊടുക്കു എന്നു് ഈശ്വര നോടു് കേണു നടന്നു. ഇതു് അക്കനു് അറിയാമായിരുന്നെങ്കിൽ....പോകട്ടെ. അല്ലെങ്കിലും നിങ്ങരംക്കു് എങ്ങനെ മനസ്സിലാകാനാണു്? അടക്കാനാവാത്ത വ്യസനം അക്കനുണ്ടായിരുന്നു, അതുകൊണ്ടു്. ഒന്നും അക്കൻെറ കുററമല്ല....അതു കൊണ്ടു് ദേസായി, എനിക്കിത്രമാത്രമെ പറയാനുള്ളു....എല്ലാം കണ്ടവർ ജീവി ച്ചിരിപ്പുണ്ടു്....കുറഞ്ഞപക്ഷം, നമ്മെ സൃഷ്ടിച്ച ഈശ്വരനുണ്ടല്ലോ കാണാൻ. അതുമതി....''

തൻെറ വാക്കുകളുടെ പ്രവാഹത്തിൽ രാഘപ്പ ഒടുക്കമായപ്പോഴേയ്ക്കും ഒച്ച പൊന്തിച്ചു. മാത്രമല്ല ആ ഒച്ച സ്വയം കേരംക്കുകയും ചെയ്തു. യഥാർത്ഥമായ വ്യസനം വന്നതുകൊണ്ടു് ആ വാക്കുകരം ആരുടേയും ഹൃദയത്തെ സ്പർശിക്കുന്നവ യായിരുന്നു. അയാളും ഒന്നു് ഇളകിപ്പോയി. പുറത്തു്, ആ സംഭാഷണത്തി ലൊന്നും ശ്രദ്ധിക്കാതെ കണ്ണുമിടറി കരഞ്ഞുകൊണ്ടിരുന്ന ഗംഗവ്വയുടെ ഒച്ച, രാഘപ്പ പറഞ്ഞു് അവസാനിപ്പിച്ചതോടെ, എല്ലാവർക്കും കേരംക്കായി. ദേസാ യി പെട്ടെന്നു് പുറത്തേയ്ക്കു വന്നു. രാഘപ്പയും നനവാർന്ന കൺപീലികരം തുട ച്ചുകൊണ്ടു് പുറത്തുവന്നു. ദേസായി പുറത്തുവന്ന ഉടൻ ഗംഗവ്വ കരച്ചിൽ അട ക്കാനുള്ള പ്രയത്നം ഉപേക്ഷിച്ചു. ചേലത്തുമ്പു് തലയിലൂടെ താടിവരെ വലിച്ചു് ഇട്ടു്, ഒതുക്കം വിട്ടു് ഉറക്കെ കരയാൻ തുടങ്ങി. ആ ശോകരംഗം കണ്ടു് രാഘ പ്പയ്ക്കും സഹതാപം തോന്നി. അയാളുടെ കണ്ണുകളിലും തെളിഞ്ഞ നീർ ഊറി വന്നു. അയാളുടെ പുരുഷസ്വഭാവവും പൊയ്പോയപോലെ. ഒന്നു രണ്ടു തവണ അയാരം വിതുമ്പുകയും ചെയ്തു. അങ്ങനെ യഥാർത്ഥമായ കരച്ചിലിൽ രണ്ടു നിമിഷം താണ്ടിപ്പോയി. അപ്പോഴേയ്ക്കും രാഘപ്പയുടെ പ്രായോഗിക ബുദ്ധി പെട്ടെന്നു് ഉണർന്നു. ''എന്തൊരു സന്ദർഭം!'' എന്ന ചിന്ത വന്നതോ ടെ, രാഘപ്പ വീണ്ടും തൻെറ നാടകം ആരംഭിക്കാൻ തയ്യാറെടുത്തു. പെ ട്ടെന്നു് നിലത്തു് ഒററ ഇരുത്തം ഇരുന്നു. തൻെറ മേൽമുണ്ടു് വിരിച്ചു; എന്നിട്ടു്, ''എൻെറ കുററം എന്തുമായിക്കോട്ടെ. അതു പിറപ്പിൻെറ അവകാശം....കഴിഞ്ഞ തെല്ലാം മറക്കു. അനുജാ എന്നു് ഒരു തവണയെങ്കിലും വിളിക്കു,'' എന്നു പറ ഞ്ഞു് ഒരു കിടപ്പും കിടന്നു.

ഭൂതകാലത്തിൽ നിമഗ്നയായ ഗംഗയ്ക്കു കരച്ചിലിന്നിടയ്ക്കു് അനുജൻെറ നേരെ തെല്ലു് അലിവുതോന്നി. എന്നാൽ രാഘപ്പയുടെ ആ പുതു നടപടി കണ്ടപ്പോരം

അവർ ഭൂതകാലത്തിൽനിന്നു് വർത്തമാനകാലത്തിലേയ്ക്കു വന്നു. അനുജന്റെ അത്തരം നാടകലീലകൾ കണ്ടു് അവർക്കു് എത്രയോ പരിചയമുണ്ടു്. അതു കൊണ്ടു് തന്റെ വിവേകശക്തി ഒററയടിക്കു തകരുന്നതുകണ്ടു് ആ വികാരദണ്ഡി നെത്തന്നെ അവർ തകർത്തുകളഞ്ഞു. അര നിമിഷംകൊണ്ടു് ശോകം, ഗദ്ഗദം, കമ്പനം എല്ലാം തടഞ്ഞു നിറുത്തി, അവർ പെട്ടെന്നു് എഴുന്നേററു്, മററൊന്നും പിന്നെ മിണ്ടാതെ, തെരുതെരെ വീട്ടിലേയ്ക്കു നടന്നു.

ദേസായിവഴിക്കു മുഖ്യവിഷയത്തെപ്പററി ഇനി ഒരിക്കൽ സംസാരിക്കാ മെന്ന ഉറപ്പോടെ രാഘപ്പയും അവിടെനിന്നു് തടിതപ്പി. അന്നു് ദേസായി യുടെ സാന്നിദ്ധ്യം നിമിത്തം അയാൾക്കു പകുതി വിജയം സിദ്ധിച്ചു. തനിക്കു വാക്ക്ചാതുര്യമുണ്ടെങ്കിലും ദേസായിയുടെ അദ്ധ്യക്ഷതയില്ലാതെ തനിക്കു വിജ യം സാദ്ധ്യമല്ല എന്നതു് അയാൾ മനസ്സിലാക്കി. മുമ്പൊരിക്കൽ ഒററയ്ക്കുപോയി കരഞ്ഞായി തിരിച്ചുപോന്നതല്ലേ?

XX XX XX

അന്നു നടന്നതെല്ലാം ഗംഗവ്വ കിട്ടിയോടു പറയുകയുണ്ടായില്ല. എന്നാലും കിട്ടി എല്ലാം അറിഞ്ഞു. രാഘപ്പ ടോംഗ പിടിച്ചു കിട്ടിയുടെ ആപ്പീസിലേയ്ക്കു പോയി. ആപ്പീസ്സു വിട്ടുവരുന്ന അയാളെ പകുതി വഴിയ്ക്കുവെച്ചു കണ്ടു്, എല്ലാ പ്രധാന സംഗതികളും അറിയിച്ചു. അതിനുംപുറമെ, ദേസായി ആകട്ടെ, ഗംഗ ക്കനാകട്ടെ, ചോദിച്ചാൽ ''രാഘപ്പയുടെ മകളല്ലെങ്കിൽ എനിക്കു കല്യാണമേ വേണ്ട'' എന്നു തീർത്തു പറയണമെന്നു് ഉപദേശിക്കുകയും ചെയ്തു. കിട്ടി അങ്ങനെ പറഞ്ഞില്ലെങ്കിൽ രാഘപ്പയുടെ വാക്കിനു് ബലം കുറയും, ആ കല്യാണം നടക്കാനും സാധ്യമല്ല.

പിറേറന്നു് അതിരാവിലെ തന്നെ വീണ്ടും ക്ഷണം വന്നു, ഗംഗവ്വയ്ക്കു്. ദേസായി തലേന്നു് ഉണ്ടായ വികാരപൂർണ്ണമായ അന്തരീക്ഷം ഇല്ലാതാക്കി, തനിക്കു പറയേണ്ടതു് എല്ലാം തീരെ 'ഗദ്യ'ത്തിൽ പറഞ്ഞു.

''ഗംഗവ്വേ, ഈ സംഗതിയിൽ എന്നെപ്പോലെ ഉള്ളവരെ നിങ്ങൾ വലിച്ചി ഴയ്ക്കരുതു്. എന്നാൽ ഇത്രയെല്ലാം എന്റെ മുമ്പിൽവെച്ചു നടന്നു എന്നതുകൊണ്ടു് ഒരു സംഗതി നിങ്ങളോടു പറയുകയാണു്. ശരി എന്നു തോന്നിയാൽ നോക്കു. നിങ്ങളും നിങ്ങളുടെ അനുജനും എന്തിനു കലഹിക്കുന്നു, എത്ര കലഹിക്കുന്നു, എങ്ങനെ കലഹിക്കുന്നു—ഇതൊന്നിനെപ്പററിയും എനിക്കു ബന്ധമില്ല. കിട്ടിക്കു നന്മ എങ്ങനെ ഉണ്ടാകും, അതുവഴി നിങ്ങൾക്കു എങ്ങനെ സൗഖ്യമുണ്ടാകും— ഇത്രയും നോക്കേണ്ട ജോലിയേ എന്നെപ്പോലെയുള്ള മദ്ധ്യസ്ഥനു് ഉള്ളു. നി ങ്ങൾക്കു വേണ്ട എന്നാണെങ്കിൽ വിട്ടേയ്ക്കു. എനിക്കു തീരെ ദുഃഖം ഇല്ല....രാഘ പ്പയ്ക്കു് ആൺകുട്ടി ഇല്ലത്രെ. നേരാണോ?....''

ഗംഗവ്വ കഴുത്തു കുനിക്കുന്നതു കണ്ടു് ദേസായി തുടർന്നു:

''അങ്ങനെയെങ്കിൽ കിട്ടിയെ ദത്തെടുക്കാം, മകളെ കൊടുത്തു്, രാഘപ്പയ്ക്കു്.... ദ്വാമുഷ്യായണ ദത്തു് എടുക്കാൻ സാധ്യതയുണ്ടു്....കൊല്ലത്തിൽ സാധാരണയായി എഴുന്നൂറു രൂപ ആദായമുണ്ടാകുന്ന ഭൂമിയുണ്ടെന്നു് പറയുന്നു. അതു പരിശോധന നടത്തി നോക്കാം, ഞാൻ. ഇതു പിന്നീട്ടുള്ള കാര്യമാണു് എന്നു വെച്ചോളൂ....

''ഇനി രണ്ടാമത്തെ സംഗതി. എന്നെ സംബന്ധിച്ചിടത്തോളം രാഘപ്പ എങ്ങനെയുള്ളവൻ എന്നതു പ്രധാനമല്ല. അയാളുടെ മകരം എങ്ങനെ, അതാണു് പ്രശ്നം. അതിനെപ്പററി പിന്നീടു് പരീക്ഷിക്കാം. മററൊരു സംഗതി. ആൺ മക്കരം വലുതായാൽ, അവർക്കുവേണ്ടി, നാം എന്നതു് ഇക്കാലത്തു് മറക്കണം, ഗംഗവ്വേ! ഇക്കാലത്തു് മക്കളുടെ കാര്യത്തിൽ നമുക്കു് സ്വാതന്ത്ര്യമില്ല. നോക്കൂ. കൃഷ്ണ ആ കുട്ടിയെ മാത്രമെ കെട്ടുകയുള്ളൂ എന്നു ശാഠ്യംപിടിക്കുകയല്ലേ? നിങ്ങളുടെ മുമ്പിൽ എന്തെങ്കിലും പറഞ്ഞോ?''

''ഛീ! ഛീ! അതെല്ലാം രാഘപ്പന്റെ ബഡായി ആകും.''

''അതെന്തുമാകട്ടെ. ഞാൻ കിട്ടിയെ നേരിൽ വിളിച്ചു് സത്യാവസ്ഥ അറിഞ്ഞോളാം. എന്നാൽ എനിക്കു് അതു അസാധ്യമെന്നു തോന്നുന്നില്ല''—എന്നു പറഞ്ഞു് അദ്ദേഹം കിട്ടി എഴുതിയ കത്തു് കണ്ണടക്കൂടിൽനിന്നു് എടുത്തു വായിച്ചു കേരംപ്പിച്ചു. ഗംഗവ്വ അന്ധാരന്നു് തരിച്ചു് ഇരുന്നുപോയി. ആ കത്തെഴുതിയതിനു് മകനോടു ക്ഷമിക്കണമെന്നു പറയാൻ നാവിൻതുമ്പത്തുവരെ വന്നു. എന്നാലും പറയുവാൻ മനസ്സു വന്നില്ല.

''എന്തുമാകട്ടെ. രാഘപ്പ പറഞ്ഞതു് സത്യമാണെങ്കിൽ ഈ സംഗതിയിൽ എനിക്കു വലിയ സ്വാതന്ത്ര്യം ഉണ്ടാവില്ല. കന്യക സാധാരണമട്ടിനു് നന്നായിരിക്കുക, വീട്ടുജോലി നോക്കുക, വീട്ടുകാര്യം ശ്രദ്ധിക്കുക—ഇങ്ങനെയാണെങ്കിൽ വലിയ തകരാർ ഉണ്ടാക്കാതെ 'ഉം' എന്നു് പറയുന്നതായിരിക്കും നിങ്ങരംക്കു നല്ലതെന്നു് എനിക്കു തോന്നുന്നു. അല്ലെങ്കിൽ നാളെ, കൃഷ്ണ എന്റെ വാക്കും വേണ്ട നിങ്ങളുടെ വാക്കും വേണ്ട എന്നു പറഞ്ഞു് തന്റെ മനസ്സിനു തോന്നിയപോലെ ചെയ്യുകയാണു് എന്നു പറഞ്ഞാൽ ഗംഗവ്വയ്ക്കു വിഷമമാവില്ലേ? എണ്ണ പുരട്ടി തിരുമ്മി തൊട്ടിലിൽ കിടത്തി ഉറക്കാറുള്ള കുഞ്ഞല്ല കൃഷ്ണ, ഇന്നു്. ഇതു് നിങ്ങളുടെ മനസ്സിൽ ഇരിക്കട്ടെ. എന്തായാലും ഞാൻ പുറത്തുള്ളവനാണു്. കഷ്ടപ്പെടുന്നവരം നിങ്ങളാണു്. അതുകൊണ്ടു് പൂർണ്ണമായും ആലോചിക്കൂ....

''ഇനി മററു ലൌകിക കാര്യങ്ങരം....വരദക്ഷിണ കൊടുക്കുന്നില്ല. ദത്തു് എടുക്കാൻ പോകയാണത്രേ!''

''ഗോപണ്ണ, പറഞ്ഞതു ശരിയെന്നു് എനിക്കും തോന്നുന്നുണ്ടു്. പക്ഷെ.... ഈ രാഘപ്പനെക്കുറിച്ചു് എനിക്കു ധൈര്യംപോര, കേട്ടോ.''

''എന്തിനെപ്പററിയാണു് ധൈര്യമില്ലായ്മ, അതു പറയൂ. അതിനു ഞാൻ എന്തെങ്കിലും ഉപായം കണ്ടുപിടിക്കാം. പ്രധാന സംഗതി മററൊന്നാണു്— ഞാൻ പറഞ്ഞതുപോലെ ചെയ്യാൻ ഗംഗവ്വയ്ക്കു സമ്മതമാണോ അല്ലയോ?

''ദത്തു് എടുക്കുന്നു എന്നു് ഇന്നു പറഞ്ഞല്ലോ. നാളെ വേറെ ആരെയെങ്കിലും എടുത്താലോ? അയാൾക്കു വല്ല നിയമവും ഉണ്ടോ? തനി ചതിയനാണു്.... എന്നിട്ടു് എന്നെ ഇട്ടു വിഷാദിപ്പിക്കും.''

''അങ്ങനെ ചെയ്യുമോ? ചെയ്യുന്നതു് ഒന്നു കാണാമല്ലോ. കല്യാണം നിശ്ചയിക്കുന്ന സമയത്തു് ദത്താത്രേയക്ഷേത്രത്തിൽവെച്ചു് നാലാളുകളുടെ മുമ്പിൽ അയാളെക്കൊണ്ടു് ശപഥം ചെയ്യിക്കും, ഞാൻ. എന്നിട്ടും തെററിച്ചാൽ, എൻെറ നാട്ടിൽ ലമാണികളുണ്ടു് * തൂണിന്മേൽ കെട്ടിയിട്ടു് അവരെക്കൊണ്ടു വാരക്കോൽ കൊടുത്തു് തല്ലിക്കും....ഞാൻ ആരെന്നു് അന്നേരം അയാൾക്കു മനസ്സിലാകും....'' ദേസായി ആവേശത്തോടെ പറഞ്ഞു.

മുന്നോട്ടു് എന്തു പറയണമെന്നു് ഗംഗവ്വയ്ക്കു് പിടുത്തം കിട്ടിയില്ല. ഇപ്പോൾ തന്നെ അവർ ആവുന്നിടത്തോളം പിൻവാങ്ങിക്കഴിഞ്ഞു. കുറച്ചുനേരം മിണ്ടാതെ ഇരുന്നു്, സങ്കോചപ്പെട്ടു് ഒരിക്കൽക്കൂടി അവർ തളർന്ന മട്ടിൽ പറഞ്ഞു:

''ഗോപണ്ണ, പറയുന്നതെല്ലാം ശരി. ഇങ്ങനെയെല്ലാം ചെയ്തു് അവസാനം അയാൾ കിട്ടിയെ എന്തു ചെയ്തു വിടുമോ എന്നാണെൻെറ ഭയം. അങ്ങനെ വിടാൻ സാധ്യവുമല്ല.''

''ഇങ്ങോട്ടു നോക്കൂ, ഗംഗവ്വ! നിങ്ങളുടെ മകൻ അത്ര പയ്യനല്ല. ഈ കല്യാണം നടന്നാലും ശരി, ഇല്ലെങ്കിലും ശരി, രാഘപ്പ പറയുംപോലെ കിട്ടി നൃത്തം വെച്ചാൽ എനിക്കോ നിങ്ങൾക്കോ തടുക്കാൻ സാധ്യമാണോ?....നിങ്ങൾ സ്വല്പം ചിന്തിച്ചുനോക്കൂ. കിട്ടിക്കു കല്യാണം കഴിക്കാൻ വെപ്രാളമാണു് എന്നു് എനിക്കു തോന്നുന്നു. ഇപ്പോൾ അയാളെക്കൊണ്ടു് ഒരു കരാർ ചെയ്യിക്കാം. കല്യാണം കഴിഞ്ഞശേഷം, അല്ലെങ്കിൽ ദത്തു് എടുത്തതിനുശേഷം കിട്ടി രാഘപ്പയുടെ വീട്ടിൽ പോയി താമസിക്കരുതു്. തൻെറ സ്വന്തം വീട്ടിൽ തൻെറ അമ്മയോടും ഭാര്യയോടുംകൂടി കഴിയണം. അങ്ങനെ ഒരു പ്രമാണം ശരിപ്പെടുത്താം. കിട്ടി ചുണയുള്ള കുട്ടിയാണു്. സ്വന്തം കാലിന്മേൽ നില്ക്കും. നിങ്ങൾ കല്യാണത്തിനു് സമ്മതിച്ചു എന്ന സന്തോഷവും ഉണ്ടാകും. നമ്മുടെ അന്തസ്സും നിലനില്ക്കും. പ്രമാണം തെററിയാൽ അവരവരുടെ പാപം അവരവർക്കുതന്നെ. നമ്മുടെ കൈയിലുള്ളതു് നാം സരളമാക്കിയാൽ മതി... ''

അവസാനമായി ദേസായിയുടെ സന്ധിസംസാരം വിജയിച്ചു. ഗംഗവ്വ തൻെറ മാതൃഗൃഹത്തിലെ ആസ്തിയും നിലവും വീടും കണ്ടിട്ടു് അനേകം കൊല്ലങ്ങളായി. താൻ ജനിച്ച സ്ഥലം, കുട്ടിക്കാലത്തു് കളിച്ചോടി നടന്ന മണ്ണു്, വയലുകൾ—ഇവയെപ്പററി വിചാരിച്ചു് അവരുടെ മനസ്സു് തുളുമ്പി. മനസ്സിനു് ഒരുതരം പ്രസന്നതയും വന്നു. താൻ കെട്ടിപ്പടുത്ത ആശങ്കകളുടെ വേരുകൾ താനേ ഇളകുംപോലെ തോന്നി, അവർക്കു്.

* ലമാണികൾ—ഒരു പോക്കിരി ജാതി

അത്രമാത്രംകൊണ്ടു് ദേസായിക്കു സമാധാനം ആയില്ല. ഗംഗവ്വയുടെ വൈകാരിക പ്രശ്നത്തിനും അദ്ദേഹം ഒരു മറുപടി കണ്ടെത്തി.

''ഇനി മറെറാന്നു്. ഇത്ര കാലമായുള്ള വൈരം എങ്ങനെ വിടും എന്നാണോ ഗംഗവ്വ ചിന്തിക്കുന്നതു്. അതു വിടണമെന്ന നിയമമൊന്നും ഇല്ല. മരുമകാം വന്നതിനുശേഷം മരുമകളെ വാത്സല്യത്തോടെ നോക്കണം. അതു മാത്രമേ നിയമമുള്ളു. അതു ഗംഗവ്വയുടെ കർത്തവ്യമല്ലേ? അവളുടെ അച്ഛൻെറ നേരെയുള്ള ദ്വേഷ്യം അവളോടു എടുക്കുന്നതു് നന്നല്ല. അങ്ങനെ ചെയ്താൽ അതിനു് എൻെറ വോട്ടു കിട്ടില്ല. ഈ ഒരു കരാർ ഞാൻ നിങ്ങളെക്കൊണ്ടും ചെയ്യിക്കുന്നു. എന്നാൽ നിങ്ങാം രാഘപ്പയോടു് യോജിച്ചു പോകണമെന്ന ഒരു കരാറും ഞാൻ ചെയ്യിക്കില്ല. നിങ്ങാം അയാളുടെ മുഖം കാണണ്ട. വീട്ടിൽ കാൽ കുത്തണ്ട. അയാളെ നിങ്ങളുടെ വീട്ടിലേയ്ക്കു വിളിക്കണ്ട. ഇതെല്ലാം ആദ്യമേ സ്പഷ്ടമാക്കാം. എന്നാൽ അതാതു കാലങ്ങളിൽ മകനെയും മരുമകളെയും രാഘപ്പയുടെ വീട്ടിലേയ്ക്കു് അയച്ചാൽ മതി. നിങ്ങളുടെ കൃത്യം അതുകൊണ്ടു തീരും.....''

ഇത്രയും പറഞ്ഞതിൽനിന്നു് ഗംഗവ്വയ്ക്കു് ഒന്നും തിരിച്ചു പറയാൻ ഇല്ലാതായി. ഇത്രയും സമഗ്രമായ 'സമസ്യാപൂരണ'ത്തിനു ശേഷം മറെറന്തുണ്ടു്, പറയാൻ?

വീട്ടിൽ എത്തിയശേഷം ഗംഗവ്വ കിട്ടിയോടു കളിയായി ചോദിച്ചു:

''രത്നയെ അല്ലാതെ മററാരേയും കല്യാണംകഴിക്കില്ല എന്നു് പറഞ്ഞുവോ രാഘപ്പൻെറ മുമ്പിൽ?''

''ഉവ്വ്! '' എന്നു് കിട്ടി ഉറപ്പിച്ചു മറുപടി പറഞ്ഞു.

ദേസായിയുടെ ദയമൂലം താൻ എത്ര വലിയ കുഴിയിൽ നിന്നു് രക്ഷപ്പെട്ടു എന്ന ആശ്വാസം ഗംഗവ്വയ്ക്കു് ഉണ്ടായി. അവർ അന്നു് ദേവരുടെ മുമ്പിൽ ഒരു നെയ്‌വിളക്കുകൂടി കത്തിച്ചുവെച്ചു. ''ഗോപണ്ണ നാലുദിവസംകൂടി അധികം വാഴട്ടെ'' എന്നു് അവർ ദേവരോടു പ്രാർത്ഥിക്കുകയും ചെയ്തു.

## 18 എല്ലാ പക്ഷിക്കാരുടേയും ഒരുക്കം

കല്യാണത്തിനുവേണ്ട സാമാനങ്ങളുടെ പട്ടിക ഉണ്ടാക്കാനുള്ള ദിവസം അടുത്തു വന്നുതുടങ്ങി. ഗംഗവ്വയാകട്ടെ ആ സന്ദർഭം തൻെറമേൽ താനേ വന്നു വീണപോലെയും എന്നാൽ അതിൻെറ ചുമതല തൻെറ മേൽ ഇല്ലെന്നപോലെയും പെരുമാറി. കന്യകയെ കാണാൻ അവർ സമ്മതിച്ചില്ല. കാണേണ്ടവൻ കണ്ടു, തനിക്കെന്തു് ഇനി എന്നു് പറഞ്ഞു് ഒഴിഞ്ഞു. കിട്ടിയോടു് കല്യാണക്കാര്യം സംസാരിച്ചതേയില്ല. എന്നാൽ ദേസായിയോടു് അവർ തൻെറ നയം

വ്യക്തമാക്കി. ഇരുഭാഗത്തെയും കല്യാണച്ചെലവ് രാഘപ്പ ഏൽക്കണം, ദത്തിനെ സംബന്ധിച്ച് നാലു് ഉത്തമഗൃഹസ്ഥരുടെ മുമ്പിൽ വെച്ച് രാഘപ്പ പ്രതിജ്ഞ ചെയ്യണം. യാതൊരു കാരണവശാലും അമ്മാമൻെറ വീട്ടിൽ താമസിക്കില്ലെന്നും സ്വതന്ത്രമായി വീട്ടിൽ കഴിഞ്ഞുകൂടുമെന്നും കിട്ടിയെക്കൊണ്ടു് സമ്മതിപ്പിക്കണം, രാഘപ്പ വരദക്ഷിണയായി ഒരായിരം രൂപ രൊക്കമായി തരണം ഇവയായിരുന്നു, ഗംഗവ്വയുടെ നിബന്ധനകൾ.

കിട്ടിക്കാകട്ടെ ഈ കല്യണം ഇത്ര എളുപ്പത്തിൽ കൈവരുമെന്നു് മനസ്സിലും സ്വപ്നത്തിലും തോന്നിയിരുന്നില്ല. ആദ്യം അയാളുടെ ആത്മഗതം മററൊരു മട്ടിൽ ആയിരുന്നു....താൻ ലോകസമ്പ്രദായം അറിയാതെ, മനുഷ്യനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള സുഖങ്ങൾ അനുഭവിക്കാതെ, തൻെറ സ്വന്തമായ വ്യക്തിത്വം മനസ്സിലാക്കാതെ അമ്മയുടെ നിഴലിന്നടിയിൽ വളർന്നുവന്നു. ആരു കണ്ടാലും ''നീ നല്ലവൻ, ബുദ്ധിയുള്ളവൻ'' എന്നു പറയുന്നതിനു പകരം, ''നിൻെറ അമ്മ വളരെ കഷ്ടപ്പെട്ടു് നിന്നെ വളർത്തിയെടുത്തു'' എന്നു പറഞ്ഞു പറഞ്ഞു് അമ്മയുടെ ഉപകാരഭാരം തൻെറ തലയിൽ ഏററിവെച്ച് തൻെറ വളർച്ച മുരടിപ്പിച്ചു. അതു കാരണം, താൻ സിംഹത്തെപ്പോലെ ഇരുന്നെങ്കിലും ആടിനെപ്പോലെ വളർന്നു. (ആപ്പീസിലെ ഹുസേനിയോടു് ചോദിച്ചാൽ അറിയാം, താൻ സിംഹമാണോ അല്ലയോ എന്നു്!) അമ്മയുടെ ഉപകാരം വലിയതുതന്നെ. നേരു്. അതിനു് ആ തലച്ചുമടു് അവസാനംവരെ താൻ ഏററി നടക്കണമോ? ...... ഏതമ്മയാണു് തൻെറ മകനെ പോററാതിരിക്കുക? .......അത്രയും സ്നേഹമുള്ള അമ്മ അവസാനം തൻെറ ആശയ്ക്കു തടസ്സമുണ്ടാക്കുന്നതു് എന്തിനു്? ആകട്ടെ, അത്രക്കു് സ്നേഹമുണ്ടായിരുന്നെങ്കിൽ, ദേസായിയുടെ അടുത്തു് വെച്ചിരിക്കുന്ന ആയിരം രൂപയിൽ നിന്നു് ഒരു നൂറു രൂപ തൻെറ ഉടുപ്പുനടപ്പുകൾക്കു് എന്തുകൊണ്ടു് ചെലവാക്കിയില്ല? അങ്ങനെ ചെയ്തിരുന്നെങ്കിൽ തൻെറ സ്കൂൾജീവിത കാലത്തു് രണ്ടു് ഷർട്ടു്, രണ്ടു് അരപ്പാൻറ് എന്ന മട്ടു് തെററിപ്പോകുമായിരുന്നല്ലോ .... താൻ ജോലിക്കാരനായിട്ടുപോലും തനിക്കു് ധോത്തിയില്ലെന്നതു് നോക്കി അത്ര സ്നേഹമുള്ള അമ്മ എങ്ങനെ മിണ്ടാതിരുന്നു?...... ആ ആയിരത്തിൽനിന്നു് ഒരു അഞ്ചു രൂപാ ചെലവു ചെയ്തിരുന്നെങ്കിൽ ഒരു ജോടി ധോത്തി കിട്ടുമായിരുന്നല്ലോ!....... ഒരു തരത്തിൽ എൻെറ ജീവിതം പാഴാക്കുകയല്ലേ ചെയ്തതു്?....... ഏതോ ജോലി കിട്ടി, ഇപ്പോഴല്ലേ താൻ ഒരു മനുഷ്യനെപ്പോലെ ആയതു്? താൻ കാൽ നീട്ടി നീട്ടി നടന്നു് രണ്ടു കാശു് ഉണ്ടാക്കുന്നുവെന്ന വിചാരമേ ഇല്ലാതെ, തന്നെ ഒരു കൈപ്പാവയെപ്പോലെ എല്ലാവർക്കും കാട്ടിക്കൊടുത്തു് അമ്മ തൻേറതായ അഭിമാനത്തെ മാത്രമല്ലേ പ്രദർശിപ്പിക്കുന്നുള്ളു! ... .. ഇത്തരം ആത്മഗതമാണു് ആദ്യം അയാളുടെ ചെവിക്കുള്ളിൽ നിറഞ്ഞു മുഴങ്ങിയിരുന്നതു്..... ''അമ്മേ, അമ്മയുടെ ഉപകാരം വലിയതു തന്നെ. എന്നാൽ എനിക്കുമില്ലേ, ഒരു വ്യക്തിത്വം? എൻെറ ആശകൾക്കു്, അഭിലാഷങ്ങൾക്കു് ഒരു വിലയും ഉണ്ടാകരുതെന്നുണ്ടോ?...... ഞാൻ ഇന്നു് അമ്മയുടെ കൈക്കുഞ്ഞല്ല ..... അമ്മയ്ക്കു് എൻെറ നേരെ സത്യമായും സ്നേഹമുണ്ടായിരുന്നെങ്കിൽ ഇങ്ങനെ തടസ്സമുണ്ടാക്കുമോ?

സ്വന്തം ദ്വേഷം നിലനിറുത്താൻ ഉള്ളത്ര ശ്രദ്ധ എന്നെ സംബന്ധിച്ച് ഇല്ല, അമ്മയ്ക്ക്... ഞാൻ നിന്നെ വലിയവനാക്കി എന്നു പെരുമ്പറയടിച്ച ഘോഷം ഉണ്ടാക്കുകയാണ് അമ്മയ്ക്കു വേണ്ടതു്... ... ഇത്തരം 'വ്യാകരണശുദ്ധ'മായ, താണ തരം നാടകങ്ങളിലെ വാചകങ്ങളുടെയും പദസമൂഹങ്ങളുടെയും ഡ്രസ്സ് റിഹേഴ്സൽ കിട്ടിയുടെ മനസ്സിൽ നടന്നുകൊണ്ടിരുന്നതാണ്. എന്നാലോ അതൊന്നും പ്രയോഗിക്കേണ്ട സന്ദർഭമേ അയാൾക്ക് ലഭിച്ചില്ല. വളരെ എളുപ്പത്തിൽ കല്യാണം നടത്താൻ കഴിയുമെന്ന് അറിഞ്ഞശേഷം അത്തരം ആത്മഗതം ഉണ്ടായ ഇടത്തുവെച്ചുതന്നെ മാഞ്ഞുപോയി. അത്ര എളുപ്പത്തിൽ തന്റെ എല്ലാം കാര്യവും ആയതു കണ്ട് അയാൾക്ക് ആനന്ദവും ആശ്ചര്യവും മാത്രമല്ല, അമ്മാമന്റെ കാര്യശേഷിയെപ്പററി അഭിമാനവും തോന്നി; അമ്മ ഒരു ദേവതപോലെയും തോന്നി. എന്നാൽ അമ്മ ഒരിക്കലും കിട്ടിയുടെ കൃതജ്ഞത പ്രതീക്ഷിച്ചതേയില്ല. ഒന്നും മിണ്ടാതെ, വരുന്നതെല്ലാം താൻ സഹിക്കുമെന്ന വിചാരത്തോടെ കഠോരമായ മൗനം ദീക്ഷിച്ച് അവർ വീട്ടുജോലികളിൽ മുഴുകി കഴിഞ്ഞുകൂടി.

എല്ലാംകൊണ്ടും കിട്ടിക്ക് ഒരുതരം പുതിയ 'ഹൃദയരോഗം' പിടിപെട്ടു.... അല്ല, തന്റെ കല്യാണമാവുകയോ! വീട്ടിൽ ഒരു ഗൃഹിണി വരുകയാണോ.... അത്തരം ഒരു നാരീമണിയെ വീട്ടിലേയ്ക്കു കൊണ്ടുവരുന്നതു് വലിയ ഒരു കാര്യമല്ലേ?....അവൾ തന്റെ പഞ്ഞം കണ്ട് കളിയാക്കിയാലോ! ഭർത്താവ് ഉദ്യോഗസ്ഥനാണെന്നു പുറത്തുള്ളവരോടൊക്കെ ഗർവ്വത്തോടെ പറഞ്ഞുവന്നിട്ട് അവൾ വീട്ടിലെ ഉടഞ്ഞ പാത്രങ്ങളെല്ലാം കണ്ട് ബേജാറായാലോ!...... അവളുടെ ഉടുപ്പുകൾ എത്ര വിലപിടിച്ചതായിരിക്കും! ......അമ്മയുടെ മനസ്സ് സ്വാധീനിക്കണമെന്ന് അവൾക്ക് ആദ്യമേ സൂചന നൽകുന്നതു് നന്ന്. അവൾ അത്ര അഹങ്കാരിയല്ല. രണ്ടു ദിവസംകൊണ്ട് അമ്മയുടെ മനസ്സ് സ്വാധീനിച്ച് എടുത്തുകൊള്ളും. ദത്തെടുക്കുന്നതിലുള്ള ആഗ്രഹം നിമിത്തം കല്യാണത്തിനു സമ്മതം നൽകിയ അമ്മ അവളുടെ രൂപം കണ്ട് എത്ര തൃപ്തിപ്പെടുമോ ആവോ?....ഇന്ന് അമ്മ നാലാളുടെ മുമ്പിൽ, തന്നെ വിളിച്ചുവരുത്തി, ഇവൻ എന്റെ മകൻ എന്നു പറയുമ്പോലെ, നാളെ മരുമകളെപ്പററിയും പറയുമോ, ആവോ?........

ചിലപ്പോൾ തന്റെ അത്യാസക്തിതന്നെ, ഭയാനകമായ ആകാരം പൂണ്ട് കിട്ടിയെ പേടിപ്പിച്ചിരുന്നു....അല്ല, ഇത്ര ശാഠ്യംപിടിച്ച രത്നയെ കല്യാണം കഴിക്കാൻ താൻ മോഹിച്ചതു ശരിയായോ?....ഇന്ന് ശാഠ്യംപിടിച്ച നേടിയതു് നാളെ വ്യാജമായാൽ നാണക്കേടാവില്ലേ?....താൻ ഊഹിച്ചപോലെ രത്ന അത്ര സുന്ദരിയാണോ?........ഒരു തവണകൂടി വിവേചനബുദ്ധിയോടെ നോക്കിക്കണ്ടതിനുശേഷം ശാഠ്യംപിടിക്കുന്നതല്ലേ നന്നായിരുന്നതു്....അവളെ സത്യമായും ഒരുതവണ കണ്ടതു് നരകചതുർദശിയുടെ അന്നുമാത്രം. പിന്നീടു കണ്ടതു് അവൾ മറവിലേയ്ക്കു നീങ്ങി പോകുമ്പോൾ മാത്രവും... അയ്യോ. ഇത്രയും കമ്പിട്ടു നേടിയതു് നാളെ എന്തായിത്തീരുമോ?....വരുന്നതു വരട്ടെ!

''മൃഷ്ടാന്നം ഇതരേ ജനാഃ ''—കല്യാണം കഴിക്കുന്നവനേ അതിൻെറ വിഷമത അറിയാവൂ!

ദത്തിനെപ്പററി വിചാരിച്ചു് കിട്ടി വളരെ സന്തുഷ്ടനായി. ആ വിചാരം അമ്മാമനു് ഉണ്ടായിരുന്നെങ്കിൽ അതു് ഇത്ര ദിവസം തൻെറ ശ്രദ്ധയിൽ എന്തുകൊണ്ടു് പെട്ടില്ല, ആവോ? ഇതുവരെ അമ്മാമനും അമ്മായിയും ഒരു മകനെപ്പോലെയാണു് തന്നെ കരുതിവന്നതു് എന്ന ചിന്തയാൽ അയാറംക്ക രോമാഞ്ചമുണ്ടായി. നരകചതുർദശിയുടെ അന്നു് ഭക്ഷണം അവിടെത്തന്നെ വേണമെന്ന അമ്മായിയുടെ നിർബ്ബന്ധം, ഇതു് നിൻെറ വീടല്ലേ എന്ന അമ്മാമൻെറ ചോദ്യം, തൻെറ തൊട്ടടുത്തുവന്നു് നെയ്യിണ്ണത്തിൽ നെയ്യു് നിറച്ചു് ഒഴിക്കാനുള്ള അമ്മായിയുടെ താല്പര്യം—ഇതിലെല്ലാം ഒരു പുതിയ അർത്ഥം നിറഞ്ഞു തെളിഞ്ഞുവന്നു അയാറംക്കു്.

കിട്ടിയുടെ മുമ്പിൽ ഇപ്പോറം പ്രധാനപ്പെട്ട രണ്ടു കാര്യങ്ങറം ഉണ്ടായിരുന്നു: ഒന്നാമതായി, കല്യാണച്ചെലവു്, മററൊന്നു്, രത്നയെ ഉപദേശിക്കൽ.

ഇരു ഭാഗത്തെ ചെലവും ഗംഗവ്വ അമ്മാമൻെറ തലയിൽ ഏററിവെയ്ക്കുന്നതു് അല്പം അനുചിതമായി തോന്നിയെങ്കിലും, സ്വന്തം കാശു ചെലവാക്കാതെ ഹോട്ടലിൽ പലഹാരം തട്ടിവിടുന്ന ശീലം 'രാഗമേള'ത്തോടെ ദേഹമാകെ വ്യാപിച്ചിരുന്ന കിട്ടിക്കു് അതു മൊത്തത്തിൽ ഹിതകരമായിത്തന്നെ തോന്നി. അതിനുംപുറമേ സ്വന്തം മകനെപ്പോലെ, തന്നെ രാഘപ്പ കരുതുന്നതുകൊണ്ടു് ആ ചെലവു് സന്തോഷത്തോടെ ചെയ്യുമെന്ന വിശ്വാസവും അയാറംക്കുണ്ടായിരുന്നു. എന്നാലും തൻെറ വകയായി കല്യാണച്ചെലവിനു് നാലഞ്ചു നൂറുരൂപ തൻെറ പക്കൽ ഉണ്ടായിരിക്കേണ്ടേ?....ഉടുപ്പു്, സ്വർണ്ണം, പെൺവീട്ടുകാർക്കു വേണ്ട ചേലകറം, കൂട്ടുകാർക്കു് പലഹാരം, ശിപ്പായിമാർക്കു കൈനേട്ടം, അതു ഒന്നും രണ്ടും ആണോ ശിപ്പായിമാർ?....വരദക്ഷിണ കല്യാണദിവസമേ കിട്ടൂ. അന്നുവരെ വേണ്ട ചെലവു് എങ്ങനെ?....അമ്മയാകട്ടെ മൗനവ്രതം ആചരിച്ചു കത്തിയിരിക്കുന്നു! സത്യം പറഞ്ഞാൽ അമ്മ ഇനിയെങ്കിലും ദേഷ്യം മറന്നു്, സ്വയം മുൻകൈ എടുത്തു് ഈ പ്രശ്നങ്ങളെ സംബന്ധിച്ച ഉപദേശം തരേണ്ടതായിരുന്നു....ആപ്പീസിലേയ്ക്കു്, ഖാക്കികൊണ്ടുള്ള അരക്കാലുറ ധരിപ്പിച്ചു് അയച്ച അമ്മ ഇപ്പോഴേയ്ക്കു മാറിയിരിക്കുമോ?....ശരിയാണു്. ഈ കല്യാണക്കാര്യത്തിൽ തനിക്കു് അപമാനം ഉണ്ടായാലും, അമ്മ കൂസില്ല....താൻതന്നെ മുൻകൈയെടുത്തു് ഈ കല്യാണം ഭംഗിയായി നടത്തിയേതീരൂ. അമ്മ കല്യാണത്തിനു് സമ്മതം തന്നല്ലോ എന്നു കരുതി താൻ ഒന്നുംമിണ്ടാതിരിക്കയാണു്. പരാവലംബിയായി, മുൻവിചാരമില്ലാതെ, വിവാഹമണ്ഡപത്തിൽവെച്ചു് തനിക്കു് അപമാനിതനാവാൻ വയ്യ! താൻ വഞ്ചിതനാവാൻ വയ്യ! താൻ അറിവുള്ളവനാണെന്നു് അമ്മയെ അറിയിച്ചുകൊടുക്കണം....

''അമ്മേ, കല്യാണച്ചെലവിനെപ്പററി വല്ലതും ആലോചിച്ചോ?''

''നിൻെറ അമ്മാമൻ എന്തുകൊണ്ടു് ചെലവുചെയ്യില്ല? പെണ്ണിനെ കൊടുക്കുന്നവനല്ലേ?'' എന്നു വാദിച്ചു, ഗംഗവ്വ.

''അതു നേരു്. അദ്ദേഹം എത്ര ചെലവാക്കും? ആൺവീട്ടുകാരുടെ വകയായി ഒരു പ്രസ്താവമേ ചെയ്യിട്ടുള്ളു. ചായ, പലഹാരം അതിനുള്ള ചെലവേ നോക്കൂ .. തുണി വാങ്ങൽ, സ്വർണ്ണം, അതു്, ഇതു്—മുതലായതിനെപ്പററി എന്താണു് വിചാരം?''

''അതിനെപ്പററിയുള്ള വിചാരം വേണ്ടതു് കല്യാണം നടത്തിക്കുന്നവനാണു്.''

''ഹും! അങ്ങനെയാണോ. എന്നാൽ, അങ്ങനെയും ചില ചെലവുണ്ടു്, അതു് നോക്കാൻ ആവില്ലെന്നു സ്പഷ്ടമായി അറിയിക്കൂ. ഞങ്ങരം ചെയ്യേണ്ടതു് ഞങ്ങരം ചെയ്തോളാം എന്നു്.''

''അതു് നമ്മളെന്തിനാ അറിയിക്കുന്നതു്?....കണ്ണുകൊണ്ടു് കാണാൻവയ്യേ, നിനക്കു്. നമുക്കു് എവിടുന്നു് കൊടുക്കാനാണു്....പണം കായ്ക്കുന്നില്ലേ, എടുത്തു കൊണ്ടു വാ.''

സ്വല്പനേരം മൗനം. അവസാനം ഉമിനീരിറക്കി കിട്ടി ധൈര്യം നേടി.

''പിന്നെ ദേസായിയുടെ അടുത്തു് ആയിരം രൂപ ഇട്ടിട്ടുള്ളതോ!''

''എവിടെയാണോ ആയിരം രൂപ?....നിനക്കു് ഭ്രാന്തു പിടിച്ചോ? എവിടുന്നു വരാനാണു് ആയിരം രൂപ?....ആയിരം രൂപ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയുള്ള ചേല ഉടുത്തു നടക്കണോ, ഞാൻ?....നീ വലിയ ബുദ്ധിയുള്ളവനായി....'' എന്നു പറഞ്ഞു് ഗംഗവ്വ ചുവപ്പൻ ചേലയിന്മേൽ അങ്ങിങ്ങായി ഉള്ള ഏച്ചുതുന്നലുകരം കാട്ടിക്കൊടുത്തു.

അന്നു കിട്ടി പോയ ഉടൻ ഗംഗവ്വ ദേസായിയുടെ അടുത്തുപോയി, കിട്ടി ചോദിച്ച ചോദ്യവും അതിനു താൻ നൽകിയ മറുപടിയും പറഞ്ഞു. ''ഇവിടെ വന്നു് അവൻ ചോദിച്ചാൽ—നിൻെറ അമ്മ എൻെറ അടുത്തു് പണം ഇട്ടിട്ടില്ല എന്നു വെട്ടിത്തെളിച്ചു പറയൂ'', എന്നു പറഞ്ഞു് അദ്ദേഹത്തെക്കൊണ്ടു് പ്രതിജ്ഞ ചെയ്യിപ്പിച്ചു തിരിച്ചുപോന്നു.

കിട്ടി തൻെറ ഭാവി ഭാര്യയെ ഒററയ്ക്കു കാണണമെന്ന ആശയോടെ, ഒന്നുരണ്ടു് തവണ അമ്മാമൻെറ വീട്ടിൽ പോയി. ചെന്ന ഉടൻ ചായയും പലഹാരവും കിട്ടിയെങ്കിലും രത്നയെ ഒററയ്ക്കു കിട്ടിയില്ല. അല്പം മാത്രമേ കണ്ടുള്ളു. അവരം താറുതററു് ചേല ഉടുക്കാൻ തുടങ്ങിയിരുന്നു. ഒരിക്കൽ മഹബൂബജാൻ അവളെ 'ഗന്ധവ്വ ഉടുപ്പു്' ഉടുക്കാൻ പഠിപ്പിച്ചിരുന്നു. എന്നാൽ അനുഭവക്കുറവു നിമിത്തം അങ്ങനെ ഉടുക്കാൻ അവരംക്കു കഴിഞ്ഞിരുന്നില്ല. ചേല വാരിവലിച്ചു് ഉടുക്കുന്നതു കാണുമ്പോരം ഞൊണ്ടലുണ്ടോ അവരംക്കു് എന്നു് അയാരംക്കു ശങ്കയായി.

അയാളുടെ ഹൃദയം തുടിച്ചു. എന്നാൽ സംഗതി അറിഞ്ഞശേഷം ആ വികാരം വേഗം ഇല്ലാതായി. അവരംക്കു് കോങ്കണ്ണു് ഉണ്ടോ എന്നു് ഒരിക്കൽ സംശയ മാവും. സംസാരിക്കുമ്പോരം വിക്കലുണ്ടോ എന്നൊരു തോന്നൽ, മററൊരിക്കൽ. അവളുടെ സൗന്ദര്യത്തെപ്പററിയും അയാരംക്കു് സന്ദേഹം തോന്നി, ഇടയ്ക്കു്. കല്യാണത്തെപ്പററി അറിവായതു നിമിത്തമോ എന്തോ, ഇപ്പോഴിപ്പോരം രത്ന കൈയും മെയ്യും മുററി ഒരു ഗൗരിയെപ്പോലെ കാണപ്പെട്ടുതുടങ്ങിയിരുന്നു. എന്നാൽ അയാരംക്കു് പിന്നെയും സംശയമായിരുന്നു. ദേഹത്തിൻെറ നിറം യഥാർത്ഥത്തിൽ ഉള്ളതുതന്നെയോ, അതോ പൂശിപ്പിടിപ്പിച്ചതോ?....അതിലുംവെച്ചു് മഹബൂബാജാനിൻെറ പരിശീലനത്തിൻെറ പരിണാമം അവളിൽ ഉണ്ടായിട്ടുണ്ടെങ്കിലോ....അങ്ങനെ താൻതന്നെ ഉണ്ടാക്കിയ സംശയങ്ങരം നിമിത്തം ബേജാറായി, ''വരുന്നതു വരട്ടെ!'' എന്നു സ്വയം പറഞ്ഞു് അയാരം ബുദ്ധിസ്ഥിരത വരുത്തി.

അവസാനം ഒരു തവണ അവളെ കാണാനുള്ള യോഗമുണ്ടായി. കിട്ടി അങ്ങനെ ചുററിക്കറങ്ങുന്നതിൻെറ പൊരുരം മനസ്സിലാക്കി, രസികനായ രാഘപ്പ. എന്നിട്ടു് പത്നിക്കു് രഹസ്യമായി സൂചന നല്കി. ഇമ്മാതിരി സംഗതികളിൽ ചമ്പക്കന്നു് വലിയ പരിഭ്രമമാണു്. അവസാനം ഒരു തവണ കിട്ടിയെ ദൂരത്തുനിന്നുതന്നെ കണ്ട ഉടൻ അവർ രത്നയെ വിളിച്ചു പറഞ്ഞു: ''നോക്കു, നിൻെറ ആരംക്കു് നിന്നോടു് എന്തോ പറയാൻ ഉണ്ടെന്നു തോന്നുന്നു. ഞാൻ പിൻഭാഗത്തു് ഇരിക്കുന്നുണ്ടാവും, ഭയപ്പെടേണ്ട. അധികം സംസാരിക്കുകയും വേണ്ട. ശ്രദ്ധിക്കണം!'' പിന്നീടു് ചെവിയിൽ പറയേണ്ടതെല്ലാം പറഞ്ഞു് പിൻവശത്തേയ്ക്കു പോയി. രത്ന ഒരു വർത്തമാനപ്പത്രവും എടുത്തു്, പുറത്തളത്തിൻെറ ഒരു ഭാഗത്തുള്ള മുറിയിൽ ചെന്നു കുത്തിയിരുന്നു.

ഒററയ്ക്കു വർത്തമാനപ്പത്രത്തിൽ മുഴുകിയിരിക്കുന്ന രത്നയെ കണ്ട ഉടൻ, കിട്ടി ആശയോടും ധൈര്യത്തോടും കൂടി ചെന്നു്, സരസമായ യാതൊരു വർത്തമാനവും ഓർമ്മവരാതെ, ''അച്ഛനില്ലേ?'' എന്നു ചോദിച്ചു.

ആദ്യമായാണു് കാണുന്നതു് എന്ന മട്ടിൽ പിടഞ്ഞെഴുന്നേററു്, അവരം ''ഇല്ല'' എന്നു മാത്രം മൊഴിഞ്ഞു.

''അമ്മ എവിടെയാണു്?''

''പിൻഭാഗത്തു് കറിവേപ്പില ഊരുകയാണു്''

ഏകാന്തത നിമിത്തം ഇരുവരും തെല്ലു പരിഭ്രമിച്ചു. തെല്ലുനേരത്തേയ്ക്കു മൗനം വ്യാപിച്ചു.

''എൻെറ അമ്മയെ കണ്ടിട്ടുണ്ടോ?''

''ഇല്ല.''

''നിൻെറ അച്ഛനും അമ്മയും എന്തെങ്കിലും വിചാരിച്ചോട്ടെ. എൻെറ അമ്മയെപ്പോലെ ഉദാരമതിയായ സ്ത്രീ ലോകത്തിൽ വേറെ ഇല്ല.''

''അവരവരുടെ അച്ഛനമ്മമാർ എല്ലാവർക്കും അങ്ങനെതന്നെ.''

''അല്ലല്ല. എൻെറ അമ്മ എന്നുവെച്ചാൽ ദേവിയെപ്പോലെ. ഈ കല്യാണം സമ്മതിച്ചതു് എത്ര വലിയ മനസ്സ് ഉള്ളതുകൊണ്ടാണെന്നോ, നിനക്കു് അറിയുമോ ആവോ?''

''ഇല്ല.''

''നീ വീട്ടിലേയ്ക്കു നാളെ വന്നാൽ അമ്മയെ സന്തോഷിപ്പിച്ച് ഇരുത്തണം. നീ അമ്മയെ ശുശ്രൂഷിച്ചാൽ എനിക്കും സന്തോഷമാകും.''

''അപ്പോൾ നിങ്ങളുടെ ശുശ്രൂഷ ആർ ചെയ്യണം.''

എന്നേയും വേണം. അവരേയും വേണം. എന്നാൽ അവരുടേതു പ്രധാനം. അവരെ ശുശ്രൂഷിച്ചാൽ എനിക്കും സൗഖ്യം ഉണ്ടാകും.''

''ഞാൻ കഴിവുള്ളിടത്തോളം ചെയ്യും''

''നീ ചെയ്യും. എന്നാലും എൻെറ ഒരു മനസ്സമാധാനത്തിനുവേണ്ടി പറയുകയാണു്.''

അവരോടും ഇത്ര പറഞ്ഞേയ്ക്കു്; മരുമകളെ വെറുതെ ശല്യപ്പെടുത്തി കരയിപ്പിക്കരുതെന്നു്.''

കിട്ടിക്കു ബുദ്ധി മങ്ങിയപോലെ ആയി. തെല്ലു ബേജാറോടെ, ഒച്ച ഉയർത്തി അയാൾ ചോദിച്ചു:

''ഹും! അവരെ ശുശ്രൂഷിക്കും ഞാൻ എന്നു വൃത്തിയായി പറഞ്ഞാൽ നിൻെറ കെട്ടു് അഴിഞ്ഞുപേകുമോ?''

''ഉം. ഞാൻ ശുശ്രൂഷിക്കും.'' ഇത്രയും പറഞ്ഞതോടെ രത്ന വിതുമ്പി. കണ്ണിൽ നീർ നിറഞ്ഞു കവിളിലൂടെ ഒഴുകി. ചേലത്തുമ്പുകൊണ്ടു് കവിൾ ഒപ്പാൻ തുടങ്ങി, അവൾ.

''അല്ല, നിൻെറ മനസ്സു നോവിക്കാനല്ല ഇതു പറഞ്ഞതു്. നിൻെറ നന്മയ്ക്കു്....''

''പിന്നെ എന്തിനാ?....അവരെ ശുശ്രൂഷിക്കരുതെന്നു പറഞ്ഞു് അമ്മയും അച്ഛനും എന്നെ അയയ്ക്കില്ല, കേട്ടോ?'' എന്നു പറഞ്ഞു് വീണ്ടും വിതുമ്പി.

കിട്ടിക്കു മനസ്സമാധാനമായി. രത്ന ശുശ്രൂഷയ്ക്കു് ഒരുക്കമാണു്. എന്നാൽ വങ്കനായ താൻ ചോദ്യം ചോദിച്ചു, ശങ്കിച്ചു, അവളുടെ കളങ്കമററ മനസ്സിനെ അപമാനിച്ചു, എന്നു വിചാരിച്ചു കിട്ടിക്കു മനഃശല്യം ഉണ്ടായി. എന്നാലും ആനന്ദാവേഗത്തിൽ അവളുടെ കണ്ണീർ ഒപ്പാൻ അയാൾ കൈ നീട്ടി....''

അമ്മ ചെവിയിൽ ഓതിയ സൂചന അനുസരിച്ചുള്ള സമയം ആയി എന്നു് രത്നയ്ക്കു തോന്നി. അവൾ ഉടൻ പിൻതിരിഞ്ഞു് അകത്തേയ്ക്കു പോയി. അവ

ളുടെ ചുടുകണ്ണീർ കിട്ടിയുടെ കൈയിന്മേൽ പററിപ്പിടിച്ചിരുന്നു. അതു ചുണ്ടിനോടു ചേർത്തു.

കിട്ടി മുന്നോട്ടുള്ള ഒരുക്കങ്ങൾ തുടങ്ങി. അമ്മയ്ക്കു് എത്ര ഉത്സാഹമില്ലെങ്കിലും തൻെറ കല്യാണാഘോഷത്തിനു യാതൊരു കുറവും കുറവും ഉണ്ടാകരുതെന്ന നിർബന്ധം കിട്ടിയുടെ ഉള്ളിൽ മുളച്ചുപൊന്തി. ഒരു മാസം മുമ്പു് ഒരു കമ്മിഷൻ ഏജൻറായ ശെട്ടറുമായി (ചെട്ടി) പരിചയപ്പെടുകയുണ്ടായി. അയാളുടെ ഒരു ജോലിയ്ക്കു് ഇരുപതു രൂപ കിട്ടിയുടെ കൈവശം വന്നുചേരുകയുണ്ടായി. കിട്ടി നേരെ അയാളുടെ കടയിലേയ്ക്കു ചെന്നു. അയാൾ കിട്ടിയെ ആദരവോടെ സ്വാഗതം ചെയ്തു. പാതി ദേഹം വ്യാപാരത്തിലേയ്ക്കും പാതി ദേഹം തലയിണയിന്മേലേയ്ക്കും ആയി അയാൾ ഇരുന്നിരുന്നു. വെറും യാന്ത്രികമായ ഉപചാരം! കിട്ടി ഉടൻതന്നെ, ഒരായിരം രൂപ കടം ചോദിച്ചു—ആയിരം ചോദിച്ചാൽ നാലഞ്ചു നൂറെങ്കിലും കിട്ടുമെന്ന അനുമാനം വെച്ചു. ശെട്ടറോ മറിച്ചു് അയാളുടെ മേലേയ്ക്കു വീഴുകയാണുണ്ടായതു്.

''എന്തു പറയട്ടെ, എമാന്നേ. ശർക്കരയുടെ ട്രാൻസ്പോർട്ടിനു് ഏമാൻ തന്നെയല്ലേ ലൈസൻസ് തരുവിച്ചതു്. ഉള്ള കാശെല്ലാം ശർക്കരയിൽ ഇട്ടില്ലേ. ഇനി ഒരു മാസവുംകൂടി കാക്കു. എന്തു ചെയ്തെങ്കിലും, ഇരുനൂറെങ്കിലും തരാം'' എന്നു തൻെറ വ്യാപാരബുദ്ധി ശെട്ടർ കാട്ടി.

കിട്ടിയ്ക്കു് അതു അപമാനമായി തോന്നി. എന്നാൽ ശെട്ടർ മററു തരത്തിലുള്ള ആചാരോപചാരങ്ങൾക്കൊന്നും കുറവു വരുത്തിയില്ല. ബ്രെഡ്ഡു്, വെണ്ണ, ചായ എല്ലാം 'ലേസാ'യിൽ തന്നെ നടന്നു. വീണ്ടും വിഷയത്തിലേയ്ക്കു തിരിച്ചുവന്നു്, ''എന്നേയും കല്യാണത്തിനു ക്ഷണിയ്ക്കില്ലേ, ഏമാന്നേ?'' എന്നു് ശെട്ടർ തമാശയായി ചോദിച്ചു.

''നിങ്ങളില്ലാതെ എൻെറ കല്യാണം എങ്ങനെ നടക്കും?'' എന്നു കിട്ടിയും തമാശയായി മറുചോദ്യം ചോദിച്ചു.

''എന്തായാലും വിളിച്ചാൽ, അവിടംവരെ വന്നു് സമ്മാനം തന്നിട്ടു പോരും. ഇല്ലെങ്കിൽ ആപ്പീസ്സിൽ എങ്ങനെയായാലും കാണുമല്ലോ. അതുവരെയ്ക്കും കാത്തിരിക്കും'' എന്നു പറഞ്ഞു് ശെട്ടർ ചിരിച്ചു. അടി മർമ്മത്തിൽ ത്തന്നെ കൊണ്ടു.

ഇനിയും ഒന്നു രണ്ടു് ഇടങ്ങൾ ഉണ്ടു്. അവരും ശെട്ടറെപ്പോലെ സംസാരിച്ചാലോ എന്ന ഭയം നിമിത്തം അവരുടെ അടുത്തേയ്ക്കു പോകുന്നതു കിട്ടി നീക്കിവെച്ചു. എന്നാൽ കാശിനെപ്പററിയുള്ള ചിന്ത മനസ്സിനു ഭാരമായിത്തുടങ്ങി. താൻതന്നെ ഉണ്ടാക്കിയ ചിന്തയാൽ ബേജാറായി, ഒരു ദിവസം, അയാൾ ദേസായിയുടെ അടുത്തേയ്ക്കു ചെന്നു. അദ്ദേഹത്തിൻെറ മുമ്പിൽ അയാൾ തൻെറ സമസ്യ വെച്ചു.

''അതെ, കാശിൻെറ ഏർപ്പാട്ട് ചേയ്തോ എന്ന ചോദിക്കുന്നതിന്ന് നിന്നെ ഞാൻ വിളിപ്പിക്കാൻ ഭാവിക്കുകയായിരുന്നു. എന്നാൽ പട്ടിക ഉണ്ടാക്കുന്ന പ്രവൃത്തി ആദ്യം ആവട്ടെ എന്നു വിചാരിച്ചു മിണ്ടാതിരുന്നതാണ്.'' എന്നു പറഞ്ഞു ദേസായി. ഇനിയും താൻ പ്രധാന സംഗതി പറയാതെ ഗത്യന്തരമില്ലെന്നു കണ്ടു് കിട്ടി സംഗതി എടുത്തിട്ടു.

''ഗോപണ്ണ, അമ്മയ്ക്കു് ഇതുവരെയുണ്ടായിരുന്ന ദ്വേഷബുദ്ധി ഇനിയെങ്കിലും ഉപേക്ഷിയ്ക്കരുതോ?....കല്യാണച്ചെലവിനെപ്പററി എന്തു്, എത്ര എന്നൊന്നും ചോദിയ്ക്കരുതോ?

''അവർ ചോദിച്ചില്ലെങ്കിൽ നിനക്കു ചോദിക്കരുതോ? അമ്മയോടു ചോദിയ്ക്കാൻ നിനക്കെന്താ നാണമുണ്ടോ?''

''ഞാൻ ചോദിച്ചു. എന്നാൽ എൻെറ കൈയിൽ ഒററച്ചില്ലി ഇല്ലെന്നാണു പറയുന്നതു്. ഈ സന്ദർഭത്തിൽ അങ്ങനെ പറയുന്നതുകൊണ്ടു് എനിയ്ക്കു് എന്തോ ഒരു സംശയം ഉണ്ടാകുന്നു. എൻെറ അച്ഛൻെറ കാലത്തു് വളരെ സമ്പത്തുണ്ടായിരുന്നുവെന്നു് എല്ലാവരും പറയുന്നു....അതു് എല്ലാംതന്നെ പോയോ?... തീരെ ബാക്കി ഉണ്ടായിരുന്നില്ലെന്നോ?....കുറഞ്ഞതു് ഒരായിരം രൂപയെങ്കിലും....''

ദേസായി തൻെറ മുഖഭാവം തീരെ മാററാതെ, ''നിൻെറ അമ്മയോടു് ചോദിയ്ക്കു. ഉണ്ടെങ്കിൽ തരും. ഇനി നിനക്കു വേണമെന്നുണ്ടെങ്കിൽ ഇരുനൂറോ, മുന്നൂറോ രൂപ ഞാൻ തരാം. വരദക്ഷിണ കിട്ടിയശേഷം മടക്കിത്തന്നാൽ മതി'' എന്നു പറഞ്ഞു.

''അങ്ങയെപ്പോലുള്ള വലിയവർ സഹായത്തിന്നു് ഉണ്ടല്ലോ എന്നൊരു ധൈര്യമുണ്ടു് എനിക്കു്. എന്നാൽ ഞങ്ങളുടെ വീട്ടിൽ നടക്കുന്ന കല്യാണം ഞങ്ങളുടേയും ആണല്ലോ. അതിന്നു് വീട്ടിൽനിന്നു് ചെലവു ചെയ്യരുതു് എന്നു് അമ്മ പറയുമ്പോൾ എനിക്കു വ്യസനം. ഒരു കണക്കിനു നോക്കിയാൽ അമ്മയ്ക്കു് അധികം ഉത്സാഹം ഉണ്ടായിരിക്കണം....എന്നാൽ അമ്മ പറയുന്നതോ തൻെറ കൈയിൽ ഒററ കാശും ഇല്ലെന്നാണു്....എത്രയോ ഉണ്ടായിരുന്നു! എന്നിട്ടു് ഒരായിരമെങ്കിലും ബാക്കിയില്ലെങ്കിൽ എൻെറ ഭാഗ്യക്കേടു്!''

''എത്ര ബാക്കിയുണ്ടെന്നു് ചോദിയ്ക്കരുതോ, നിൻെറ അമ്മയോടു്? ചോദിയ്ക്കാനെന്താ നാണമുണ്ടോ? നീ ഏമാനായെങ്കിൽ, അതു് ആ ആപ്പീസിൽ അല്ലേ?'' എന്നു ചോദിച്ചു ദേസായി, തെല്ലു ക്രുദ്ധനായിട്ടു്.

കിട്ടിയുടെ നാവിൻതുമ്പത്തുവരെ വന്നു, ''എൻെറ അമ്മ നിങ്ങളുടെ അടുത്തു് പണം ഇട്ടിട്ടില്ലേ?'' എന്ന ചോദ്യം. എന്നാൽ ചോദിയ്ക്കാൻ ധൈര്യം വന്നില്ല. ഇതിന്നുംപുറമേ, ദേസായി കാരണമാണു് ഈ കല്യാണം ശരിപ്പെട്ടതു് എന്നതുകൊണ്ടു് അങ്ങനെ വെട്ടിത്തുറന്നു് സംസാരിക്കുന്നതും ശരിയല്ല.

കിട്ടി പുറപ്പെടാൻ സമയത്ത് ദേസായി തലയിണമേലേയ്ക്കു ചാരി ഇരുന്നിട്ട്, ''അങ്ങനെ ചോദിച്ചാൽ, ഞങ്ങൾ പറയും—നീ കന്യകയേ കണ്ടു, ഇന്നു നീ തന്നെ ചെലവും ചെയ്തോ എന്ന്. എന്നാൽ നമ്മുടെ പയ്യൻ എന്ന ഒര ഭിമാനം ഇനിയും പോയിട്ടില്ല. പോവുകയില്ല....നീ ശരിക്കു നടന്നാൽ....'' എന്ന് അവസാനത്തെ വാക്കും പറഞ്ഞുവെച്ചു.

ദേസായിയുടെ ഉള്ളിൽ ഇത്ര ക്രൂരതയുണ്ടെന്ന് കിട്ടി കരുതിയിരുന്നില്ല. കാശിൻെറ കാര്യം വരുമ്പോൾ ലോകമെല്ലാം ഒന്നുപോലെ എന്നു വിചാരിച്ചു 'കലിതുള്ളി'യവനെപ്പോലെ പുറത്തേയ്ക്കു പോന്നു. അബ്ബ! എൻെറ വീട്ടിലെ പണം എനിയ്ക്കു ചോദിയ്ക്കാൻ ഇത്ര പരാധീനമോ?'' എന്നു സ്വയം ചോദിച്ചു, ക്രുദ്ധനായിട്ട്.

XX XX XX

കല്യാണച്ചെലവിൻെറ പട്ടിക ഉണ്ടാക്കുന്ന സമയം കന്യകയെ കാണുക എന്ന ചടങ്ങും ദേസായിയുടെ വീട്ടിൽ വെച്ചുതന്നെ നടന്നു. തെരുവിലുള്ള നാലു് ഉത്തമ ഗൃഹസ്ഥരും വന്നു. താൻ കന്യകയെ കാണില്ല എന്നു സത്യം ചെയ്തു ഗംഗപ്പ പുറത്ത് ഇരുന്നതേയുള്ളു. എന്നാൽ രത്ന മുമ്പിൽ വന്ന്, നമസ്കരിച്ചപ്പോൾ ഒളികണ്ണിട്ട് ഒററ തവണ മാത്രം നോക്കി. സത്യം പിഴച്ചില്ല എന്ന മട്ടിൽ മുഖം തിരിച്ചുകളഞ്ഞു. എന്നാൽ ആ ഒററ നോട്ടത്താൽ, ഗൗരിയെപ്പോലിരുന്ന രത്നയുടെ കാന്തിയുടെ മങ്ങിയ ചിത്രം ഗംഗപ്പയുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നു. അത്രയ്ക്കു സമാധാനമായി. കാണാൻ മാത്രം അഴകുണ്ട്, നല്ലവളായി കാണപ്പെടുന്നു....എന്തായാലെന്ത്....

ദേസായി പറഞ്ഞ എല്ലാ കരാറുകളും രാഘപ്പ പുഞ്ചിരി തൂകിക്കൊണ്ട് സമ്മതിച്ചു. ദേസായി ദത്തിൻെറ കാര്യം എടുത്തിട്ട ഉടനെ, രാഘപ്പ തൻെറ പരദേവതയായ ശ്രീ വെങ്കടേശനെ പിടിച്ചു ആണയിട്ടു ശപഥം ചെയ്തു. ദത്തെടുത്തശേഷവും താൻ അമ്മയോടൊപ്പംതന്നെ കുടുംബമായി താമസിക്കുമെന്നു് കിട്ടിയെകൊണ്ടും പറയിച്ചു. തൻെറ കുടുംബത്തിലെ രഹസ്യം തെരുവിലുള്ളവരുടെ മുമ്പിൽവെച്ചു പരസ്യമായി ചർച്ചചെയ്തതിലും, പരോക്ഷമായി തന്നെപ്പററി അവിശ്വാസം സൂചിപ്പിച്ചതിലും കിട്ടിക്കു് അപമാനബോധം ഉണ്ടായി. എന്നാൽ അതത്ര കാര്യമാക്കേണ്ടതായിരുന്നില്ല. തൽക്കാലം സംഗതിയെല്ലാം നടന്നല്ലോ എന്ന് അയാൾ സന്തോഷിച്ചു.

നാൾ നീങ്ങുന്തോറും പണത്തിൻെറ ചിന്ത ഏറിവന്നുതുടങ്ങി. ചഞ്ചല മനസ്സോടും അസ്ഥിരപ്രകൃതിയോടും കൂടിയ, ബാലഭാവം താണ്ടിയിട്ടില്ലാത്ത ആശയുള്ള ഈ ഏമാന്നു് അത്ര വലിയ 'കെട്ടു' കൊടുക്കുന്നതിനു് 'പാർട്ടി'കൾക്കു് സന്ദേഹം. അതു നിമിത്തം എന്തെങ്കിലും ഒഴികഴിവു പറയും, അവർ. അതിനും പുറമെ, ബ്രെഡും വെണ്ണയും കൊണ്ടോ കൃഷ്ണപ്പൻെറ ദോശകൊണ്ടോ മനസ്താപം

കളയാമെന്നു് ഒരു ശ്രുതി കിട്ടിയെപ്പററി അവരുടെ ഇടയിൽ പരന്നിരുന്നു. അതു് അനുഭവസിദ്ധമായ സംഗതിയും! അങ്ങനെ കിട്ടിക്കു് ഒരു പൈപോലും കിട്ടിയില്ല.

കല്യാണത്തിനു രണ്ടാഴ്ച ഉള്ളപ്പോൾ ഒരു നാൾ കിട്ടി, ടേബിൾമേൽ കൈമുട്ടുകൾ ഊന്നി, ഉള്ളംകൈയിൽ തലയുടെ ഭാരം താങ്ങി, കുനിഞ്ഞിരിക്കുകയായിരുന്നു. ജോർജി അയാളെ എഴുന്നേല്പിച്ചു് ചായ കുടിക്കാൻ പുറത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. എന്നും ഉച്ചയ്ക്കു് നാലര മണിക്കുള്ളിൽ ചായ കുടിക്കാത്ത ജോർജി അന്നേരം എന്തുകൊണ്ടു് ചായ കുടിക്കാൻ വിളിച്ചു എന്നു് കിട്ടിക്കു് ആശ്ചര്യമായി. കാൻറിനിലേയ്ക്കുള്ള വഴിക്കുവെച്ചു് ജോർജി കിട്ടിയുടെ കഴുത്തിൽ കൈയിട്ടു്, ''ഷോർട്ട് ഓഫ് ക്യാഷ്?'' എന്നു ചോദിച്ചു.

കിട്ടിയുടെ കണ്ണുകളിൽ നീർ ഉറയാതായിട്ടു് വളരെ നാളുകൾ ആയിരുന്നു. അയാൾ ദേഷ്യപ്പെട്ടിരുന്നു. എന്നാൽ മൂന്നു വർഷങ്ങൾക്കിടയ്ക്കു് അയാളുടെ കണ്ണുകളിൽ നീർ ഊറിയിട്ടേ ഇല്ല. കരയാനും ദൈവകൃപ വേണം എന്നു് ഏതോ ഒരു ആംഗലകവി പറഞ്ഞിട്ടില്ലേ?

അന്നുതന്നെ ജോർജി കിട്ടിയെ ഒരിടത്തേയ്ക്കു വിളിച്ചുകൊണ്ടുപോയി, അഞ്ഞൂറു രൂപ കടം രൊക്കമായി കൊടുപ്പിച്ചു.

## 19. മംഗളവാദ്യങ്ങളുടെ ഇടയ്ക്കു് ഒരു അപസ്വരം

കല്യാണവീട്ടിൽ മഹബൂബാജാനു് വലിയ തൊന്തരവു് ഉണ്ടായി. അവരെ മര്യാദയോടെ നോക്കുന്ന ഒരാൾ 'ഏമാനൻ' മാത്രം. വലിയ നീളമുള്ള മഞ്ഞച്ചേല ഉടുത്തതു കാരണം തൊങ്ങി തൊങ്ങി നടക്കുന്ന ചമ്പകമാത്രം വന്നു് വല്ലപ്പോഴും അവരോടു സംസാരിച്ചിരുന്നു. എന്നാൽ കല്യാണശ്രമം തൻെറ ദുർബ്ബലമായ കൈകൾക്കു താങ്ങാൻ ആവാതിരുന്നതു നിമിത്തം ചമ്പക ഇടയ്ക്കിടയ്ക്കു ദേഷ്യപ്പെട്ടിരുന്നു. മററുള്ളവരോടാണു് അവർ ദേഷ്യപ്പെട്ടിരുന്നതെങ്കിലും അതിലൊരംശം തനിക്കും ബാധകമാണു് എന്നു് മഹബൂബാജാൻ ഭാവിച്ചിരുന്നു; കല്യാണവീട്ടിൽ താൻ കാരണം അന്യർക്കും സുഖമുണ്ടാവില്ല, അന്യരെക്കൊണ്ടു് തനിക്കും സുഖമുണ്ടാവില്ല എന്നു് ആദ്യമേ ഊഹിച്ചുവെച്ചിരുന്ന മഹബൂബാജാൻ തൻെറ 'ഏമാന്നോടു' പറഞ്ഞിരുന്നതാണു്, താൻ കല്യാണത്തിൻെറ അന്നു് അക്ഷതാർപ്പണ സമയത്തു മാത്രം വന്നുപൊയ്ക്കൊള്ളാമെന്നു്. എന്നാൽ രാഘപ്പയുണ്ടോ അതെല്ലാം കേൾക്കുന്നു? നിർബ്ബന്ധിച്ചും ദേഷ്യപ്പെട്ടും തട്ടിക്കയറിയും അവരെക്കൊണ്ടു് സമ്മതിപ്പിച്ചു, നാലു ദിവസം മുമ്പെങ്കിലും ധാർവാറിൽ വരാമെന്നു്. എന്നാൽ അവരുടെ ഊഹം അതിർകവിഞ്ഞു്, മനഃശല്യം ഉണ്ടാകുന്നതുവരെ എത്തിത്തുടങ്ങി. 'ശുദ്ധാശുദ്ധ'ത്തിൻെറ വ്യത്യാസം പ്രതിദിനം അവർ അനുഭവിച്ചു—താൻ ഭക്ഷിച്ച ഇല സ്വയം പുറത്തുകൊണ്ടുപോയി കളയേണ്ടിവരിക, ഭക്ഷിച്ച ഇടത്തു് സ്വയം ചാണകം മെഴുകേണ്ടിവരിക, എന്തിനും

വളരെനേരം മററു സ്ത്രീകളെ കാത്തു നിൽക്കേണ്ടിവരിക. ഇതെല്ലാം അവരെ വല്ലാതെ ബേജാറാക്കി. 'ശുദ്ധാശുദ്ധം' നോക്കുന്ന സ്ത്രീകരം അവരെ വളരെ അസഹ്യതയോടെയാണ് വീക്ഷിച്ചിരുന്നത്. കല്യാണത്തിനു വന്ന തെറിച്ച ചെറുപ്പക്കാർ മഹബൂബാജാനിൻെറ കൈയിൽ നിന്ന് വെററിലപാക്ക് ചോദിച്ച്, 'ഏമാ'ൻെറ പേർ പറഞ്ഞു കളിയാക്കിയിരുന്നു. ദിവസത്തിൽ ഒരു ഇരുപതു തവണയെങ്കിലും ചായ കുടിക്കുന്ന ശീലമുണ്ടായിരുന്നു, മഹബൂബാജാന്. എന്നാൽ ആ 'ഘോഷ'ത്തിനിടയ്ക്ക് രണ്ടു മൂന്നു തവണയെങ്കിലും ചായ കിട്ടുക വിഷമമായിരുന്നു. 'ഏമാൻ വന്നപ്പോരം ഒരിക്കൽ കിട്ടി. സ്വയം മുന്നോട്ടു വന്ന് ആവശ്യപ്പെടുക ഒരുതരം ബേജാറും. അങ്ങനെ ചായയുടെ ശീലം പുകയിലയിന്മേൽ ചാരി നീറുത്തേണ്ടിവന്നു. പിന്നെ പ്രത്യേകിച്ച് ഒരു ജോലിയും ഉണ്ടായിരുന്നില്ല, കാലത്തു മുതൽ വൈകുന്നേരം വരെ.

മഹബൂബാജാൻ മുഖാന്തിരം വേണ്ടിയിരുന്ന കല്യാണശ്രമം ഒററ ദിവസം കൊണ്ട് തീർന്നു....വിവാഹമണ്ഡപം തയ്യാറാക്കൽ ആയിരുന്നു, ആ ശ്രമം. സ്വയം നേരിട്ടു നിന്നു മണ്ഡപം അലങ്കരിപ്പിച്ചു. ആറേഴകൊല്ലം മുമ്പ് അവർ പങ്കെടുത്തിരുന്ന ശ്രീ ശേഷായി നാടകക്കമ്പനി അക്കാലത്തു് ധാർവാറിലാണ് ക്യാമ്പു ചെയ്തിരുന്നതു്. അതു് അറിഞ്ഞ ഉടൻ, മഹബൂബാജാൻ ഒരു ടോംഗ പിടിച്ച് കമ്പനിയിലെ പരമേശ്വരഭട്ടിനെ കണ്ടു്, അപേക്ഷിച്ച്, കമ്പനിയിലെ അഴകുള്ള ചുരുരം തിരശ്ശീല സമ്പാദിച്ച്, കല്യാണമണ്ഡപത്തിലേയ്ക്കുള്ള വാതില്ക്കൽ തൂക്കി ഇടുവിച്ചു, ഒരു നാടകമഞ്ചംപോലെ തോന്നത്തക്കവണ്ണം. വർണ്ണക്കടലാസ്സുകൊണ്ടുള്ള തോരണം തൂക്കിച്ചു. കമ്പനിയിലെ ആർട്ടിസ്റ്റായ ചെന്നറെഡ്ഡിയെ വരുത്തി, സൽക്കരിച്ച്, നിറപ്പകിട്ടുള്ള തുണിമേൽ വെള്ളം— സ്വാഗതം എന്നു ഭംഗിയുള്ള അക്ഷരങ്ങളിൽ അയാളെക്കൊണ്ടു് എഴുതിച്ച്, മണ്ഡപത്തേക്കാളും പൊങ്ങിനിന്ന തൂണുകളിന്മേൽ കെട്ടിയിടുവിച്ചു. മഹബൂബാജാൻ നേരിട്ടു നിന്നു മണ്ഡപത്തിൽ അവിടവിടെ കടലാസ്സു പൂങ്കുലകരം, റോസാപ്പൂക്കരം, തോരണങ്ങരം എന്നിവകൊണ്ടു് മണ്ഡപത്തിൻെറ മിഴിവു് വർദ്ധിപ്പിച്ചു. വളരെക്കാലം നാടകക്കമ്പനിയിൽ ഉണ്ടായിരുന്നതുകൊണ്ടു്, അലങ്കാരത്തെപ്പററി അവർക്കു നല്ല പിടിയുണ്ടായിരുന്നു. അങ്ങനെ കല്യാണമണ്ഡപത്തെ ഒരു നാടകമഞ്ചംപോലെ ആക്കി. അവരുടെ ആ കലാരസികത്വമുള്ള ഉത്സാഹത്തിനു 'ഏമാൻ' തടസ്സം നിന്നതുമില്ല. കല്യാണത്തിൻെറ തലേന്ന്, വഴിയേ പോകുന്നവർകൂടി അകത്തുവന്ന് കല്യാണമണ്ഡപം നോക്കി നോക്കി, പോയിരുന്നു. എല്ലാവരും മണ്ഡപത്തിൻെറ അലങ്കാരത്തിൽ മഹബൂബാജാനെ പുകഴ്ത്തി. കല്യാണക്കാർ അധികമായപ്പോരം അടുക്കളപ്പണി ഏറിവന്നു; 'ശുദ്ധാശുദ്ധ'വും. അതു മഹബൂബാജാനെ തൊന്തരപ്പെടുത്താനും തുടങ്ങി. എല്ലാവരും മണ്ഡപത്തെ മറന്നു; മഹബൂബാജാനിൻെറ പ്രാധാന്യത്തേയും.

മഹബൂബാജാനിൻെറ മറെറാരു പ്രധാന ജോലി വധുവിനെ അലങ്കരിക്കൽ ആയിരുന്നു. നാടകീയശൈലിയിൽ ഓരോ തവണ ഓരോ രീതിയിൽ സാരി

ഉടുപ്പിച്ചു നോക്കുക, മുടി കെട്ടിച്ചു നോക്കുക, കുങ്കുമപ്പൊട്ട് ഇടുവിച്ചു നോക്കുക— ഇതിലെല്ലാം തന്റെ മുഴുവൻ കലാഭിരുചിയും അവർ പ്രദർശിപ്പിച്ചു. ഇതു് മുററത്തു കൂടിയിരുന്ന 'ശുദ്ധാശുദ്ധ'ക്കാരായ കിഴവികൾക്കു് ശരിയായി തോന്നി യില്ല. എന്നാൽ രത്നമ്മാകട്ടെ മഹബൂബു് അക്കയില്ലാതെ നടക്കുകയും ഇല്ലാ യിരുന്നു. ആർ എത്ര ശകാരിച്ചിട്ടും അവൾ മഹബൂബാ അക്കയുടെ അടുത്തുപോ യി കസവുസാരി ശരിപ്പെടുത്തിവന്നിരുന്നു. അതു നിമിത്തം പുറത്തളത്തിന്റെ ഇടതുഭാഗത്തുള്ള മുറിവിട്ടു് പോകാതിരിക്കുന്നതിനു് രത്നമ്മ കടുത്ത കല്പന നൽക പ്പെട്ടു. അവൾ വരുമ്പോൾ മഹബൂബാജാനു് തോന്നും, താനും കല്യാണത്തിനു വേണ്ടി എന്തെങ്കിലും പണിയെടുക്കുന്നുണ്ടല്ലോ എന്നു്. അവൾ പോയ ഉടൻ അവർക്കു തോന്നും, സർവ്വം ശൂന്യമെന്നു്. വെററിലപാക്കു തിന്നുന്നതുകൂടി ഒളിച്ചുവേണം എന്ന നിലയായി അവർക്കു്. അവർ വെള്ളി ഡപ്പി തുറന്നു് ചുണ്ണാമ്പും പുകയിലയും എടുക്കുന്നതോ വെററിലയുടെ നാരു കീറിക്കളയുന്നതോ നോക്കാനായിട്ടു് പത്തിരുപതു് കുട്ടികൾ അവരുടെ ചുററും കൂടും. കുട്ടികളെ അവരുടെ അമ്മമാർ വല്ലാത്ത അസഹ്യതയോടെ മഹബൂബാജാനിന്റെ അടുത്തു നിന്നു് ഓടിക്കും. 'ശുദ്ധാശുദ്ധം'കൊണ്ടുള്ള മറെറാരു വലിയ തൊന്തരവു് ഉറ ങ്ങാനുള്ള സ്ഥലത്തെ സംബന്ധിച്ചുള്ളതത്രെ. ആദ്യത്തെ ദിവസംതന്നെ എല്ലാ വരും അവരവരുടെ സ്ഥലംപിടിച്ചു കിടപ്പായി. താൻ ഉറങ്ങേണ്ട സ്ഥലത്തെ പ്പററി ആരോടെങ്കിലും ചോദിക്കാൻ മഹബൂബാജാനു നാണംതോന്നി. അവ സാനം പിൻഭാഗത്തുള്ള പുറത്തളത്തിന്റെ ഒരു മൂല അടിച്ചുവാരി, തന്റെ വിരിപ്പു വിരിച്ചു് പച്ചക്കടലാസ്സു പുതച്ചു് ഉറങ്ങി. വെളുപ്പിനു് ആ കടലാസ്സുകണ്ടു് തിരിച്ചറിഞ്ഞു്, രാഘപ്പ ദേഷ്യപ്പെട്ടു ഭാര്യയുടെ നേരെ തട്ടിക്കയറി. ഒരു നിലയ്ക്കു പിൻഭാഗത്തുള്ള പുറത്തളം സൗകര്യപ്രദമായിരുന്നു. എന്നാൽ രാഘ പ്പയുടെ കടുത്ത കല്പന കാരണം, പിന്നീടു് മഹബൂബാജാനു് എല്ലാ സ്ത്രീകളും ഉറങ്ങുന്ന സ്ഥലത്തുതന്നെ ഉറങ്ങേണ്ടിവന്നു. അതിന്റെ ഫലമായി, അവക്കു് മററു സ്ത്രീകളുടെ കുത്തുവാക്കും അനാദരവും സഹിക്കേണ്ടിവന്നു.

എന്നാൽ മറെറാരു പ്രധാന കാര്യത്തിനുവേണ്ടി മഹബൂബാജാൻ എല്ലാം സഹിക്കാൻ തയ്യാറായിരുന്നു. കല്യാണം കഴിഞ്ഞു് 'സഹശയനച്ചടങ്ങും' രാഘ പ്പയുടെ വീട്ടിൽത്തന്നെ വേണമെന്നും തീർച്ചപ്പെടുത്തി. കിട്ടിയുടെ വാടകവീടു് ചെറുതായിരുന്നതുകൊണ്ടു്, ദേസായി തന്റെ വീട്ടിൽ ശരിപ്പെടുത്താമെന്നു് ഏററിരുന്നു. എന്നാൽ രാഘപ്പയുടെ രസികത്വത്തിന്റെ കുതിച്ചുപൊങ്ങലിനു മുമ്പിൽ എല്ലാപേർക്കും തലകുനിക്കേണ്ടിവന്നു. അങ്ങനെയാണു് ആ ചടങ്ങു് രാഘപ്പയുടെ വീട്ടിൽത്തന്നെ നടത്തണമെന്നു് തീർച്ചയായതു്. അന്നു മഞ്ചം അലങ്കരിക്കുന്നതു് താൻതന്നെ വേണമെന്നു് മഹബൂബാജാനു് ഒരു ആഗ്രഹം. ആ ദിവസത്തിനുവേണ്ടി അവരുടെ മനസ്സു് പിടച്ചുകൊണ്ടിരുന്നു. ആ ചടങ്ങിനുള്ള മുറിയിൽ കത്തിക്കാൻവേണ്ടി അവർ വീട്ടിൽത്തന്നെ സ്വയം ചന്ദനത്തിരി ഉണ്ടാക്കി, ചെറിയ ഒരു ട്രങ്കിൽ ഭംഗിയായി വെച്ചുകൊണ്ടു വന്നിരുന്നു. അതിനു വേണ്ടിയാണു് അവർ എല്ലാ ശല്യങ്ങളേയും സഹിച്ചു മിണ്ടാതിരുന്നതു്.

കല്യാണദിവസം. അക്ഷതാർപ്പണത്തിന്ന ഇനിയും ഒരു മണിക്കൂർ ഉണ്ടാ യിരുന്നു. രത്നയുടെ മുടിയിൽ പതിനൊന്നു തരത്തിലുള്ള പൂക്കളെക്കൊണ്ടു് പിന്നിയ അർദ്ധചന്ദ്രാകാരത്തിലുള്ള മാല ധരിപ്പിച്ച്, മററുള്ള അലങ്കാരങ്ങരം അണിയിച്ച്, എല്ലാ ഭാഗത്തുനിന്നും വീണ്ടും വീണ്ടും നോക്കി, പിന്നീടുള്ള ചട ങ്ങുകരംക്കായി അവളെ പറഞ്ഞയച്ച്, മഹബൂബാജാൻ തൻെറ വെള്ളി ഡപ്പി തുറക്കാൻ തുടങ്ങി. മററുള്ള തിരക്കിലേയ്ക്കു് അവരുടെ ശ്രദ്ധ പോയിരുന്നില്ല. എന്തെന്നാൽ പുറത്തു് വാദ്യക്കാർ തോടിരാഗം ആലാപിക്കാൻ തുടങ്ങിയിരുന്നു. ധാർവാറിലുള്ള ഒന്നാംകിട വാദ്യക്കാരെത്തന്നെ രാഘപ്പ വരുത്തിയിരുന്നു. രാഗാ ലാപനം ആകർഷകമായ മട്ടിൽ ആരംഭിച്ചു. മഹബൂബാജാൻ തലയിളക്കാതെ, ചുവരിൻെറ അടുത്തു നിന്നു് കൺകോണുകൊണ്ടു നോക്കി, വെററിലമേൽ ചുണ്ണാമ്പു തേച്ചുകൊണ്ടു്, വാദ്യം കേട്ടുകൊണ്ടിരുന്നു. ചില സ്വരങ്ങളുടെ മുദ്ദല മായ ആലാപനം ചുഴിച്ചുഴിയായി ഒഴുകുന്ന നദിപോലെ ഒഴുകാൻ തുടങ്ങി.... അയ്യോ! ഇതെന്തു് അപസ്വരം!....മഹബൂബാജാൻ ആശ്ചര്യാവേഗത്തിൽ അടയ്ക്കു യില്ലാതെതന്നെ വെററില വായിൽ കുത്തിത്തിരുകി....അപസ്വരമോ?....മണ്ഡ പത്തിനടുത്തു് ബഹളം കേരംക്കായി. ആരോ പോയി, ദേഷ്യപ്പെട്ടു് വാദ്യക്കാ രോടു നിറുത്താൻ പറഞ്ഞു. വാദ്യം നിന്നപ്പോരം ബഹളം സ്പഷ്ടമായി കേട്ടു തുടങ്ങി....

മഹബൂബാജാൻ അലസമായി ഡപ്പി ട്രങ്കിൽ ഇട്ടു പൂട്ടി താക്കോൽ മേലുടു പ്പിനകത്തു് തിരുകിവച്ചു. പുകയില ഇല്ലാതെ അങ്ങനെതന്നെ എഴുന്നേററു. ട്രങ്കിൻെറ പുറത്തു് കൈമുട്ടു് ഊന്നി എഴുന്നേററു്, സാരി തലയിലൂടെ പകുതി വലിച്ചു കീഴോട്ടാക്കി, ''അയ്യോ'' എന്നു പറഞ്ഞു മെല്ലെ മെല്ലെ നീങ്ങി പുറ ത്തേയ്ക്കു വന്നു.

ആളുകളെല്ലാം കൂട്ടമായി, മണ്ഡപത്തിൻെറ ഒരു വശത്തു നിന്നിരുന്നു. എല്ലാ വരും എഴുന്നേററു നിന്നതു കാരണം മഹബൂബാജാനു് ഒന്നും കാണാൻ കഴിഞ്ഞില്ല. തൻെറ അടുത്തു നിന്നിരുന്ന ഒരു സ്ത്രീയോടു് എന്തു്?'' എന്നു ചോദിച്ചപ്പോരം, മററൊരു സ്ത്രീ ''ശ്!'' എന്നു പറഞ്ഞു. ആർക്കും ഒന്നും മനസ്സിലായില്ല. അതി നിടയ്ക്കു്, തിരക്കു വകഞ്ഞു് വഴിയുണ്ടാക്കി പുറത്തുവന്നു് ആളിപ്പിടിച്ച മുഖ ത്തോടെ, വിധവയായ ഒരുത്തി, മണ്ഡപത്തിൻെറ വാതിൽക്കലേയ്ക്കു പോവാൻ തുടങ്ങി. അവരെ മഹബൂബാജാൻ തിരിച്ചറിഞ്ഞു. തലേന്നു ആരോ അവരെ 'ഗംഗക്ക' എന്നു വിളിക്കുന്നതു കേട്ടു. അവർതന്നെ കല്യാണച്ചെറുക്കൻെറ തള്ള യെന്നും ചമ്പക്കൻെറ പേരിൽ 'നീർവീഴ്ത്തിയ' പുണ്യാത്മാവെന്നും മഹബൂ ബാജാൻ ഊഹിച്ചിരുന്നു. അവരുടെ പിന്നാലെതന്നെ 'ഏമാന'നും ഉണ്ടു്, ആരംക്കൂട്ടത്തെ ഇരുകൈകൊണ്ടും തള്ളി മാററി ഓടിവന്നു്, തടുത്തുകൊണ്ടു് നിലത്തു് മേൽമുണ്ടു് വിരിക്കുന്നു. കല്യാണച്ചെറുക്കനും ഓടിവന്നു്, ''അമ്മേ, പോകരുതു്!'' എന്നു കേഴാൻ തുടങ്ങി. മഹബൂബാജാനു് അങ്ങനെ സംഭവിച്ച തിൻെറ അർത്ഥമേ മനസ്സിലായില്ല. പിന്നിൽ നിന്നു്, കസവിൻെറ ഉറുമാൽ

ധരിച്ച ഒരു വ്യക്തി അവിടെത്തന്നെ വന്നു നിന്നു. ഗംഗവ്വ ആ വ്യക്തിയുടെ നേരെ തിരിഞ്ഞുനിന്നു്, കൈകാട്ടിക്കൊണ്ടു് എന്തെല്ലാമോ ഉച്ചത്തിൽ സംസാരിക്കാൻ തുടങ്ങി. എന്നാൽ ആൾത്തിരക്കിൻെറ ബഹളം നിമിത്തം ഗംഗവ്വയുടെ ഒച്ച കേൾക്കാമെന്നല്ലാതെ സംസാരം കേൾക്കാൻ കഴിഞ്ഞിരുന്നില്ല. അല്പം ആക്രോശം, വാഗ്വാദം, ഹാവഭാവങ്ങൾ—ക്രമേണ എല്ലാം ശാന്തമായി. ഗംഗവ്വ വീടിൻെറ പുറംതിണ്ണമേൽ ചെന്നു കുത്തിയിരുന്നു. അവരുടെ ചുററും സ്ത്രീകൾ കുശുകുശുത്തുകൊണ്ടു് നിലയായി. യാതൊന്നും ശ്രദ്ധിക്കാതെ, ഗംഗവ്വ് മൂകയായി കുത്തിയിരുന്നതേയുള്ളു. 'ഏമാനൻ' ആ ഉറുമാൽകാരനെ പുറത്തളത്തിൻെറ ഒരു വശത്തുള്ള മുറിയിലേയ്ക്കു വിളിച്ചുകൊണ്ടുപോയി.

ആ ആൾക്കൂട്ടത്തിനിടയ്ക്കു നിന്നു് ഒററപ്പല്ലനായ ഒരു ഭട്ടർ പുറത്തുവന്നു. മഹബൂബ്‌ജാനു് അദ്ദേഹത്തിൻെറ മുഖം പരിചിതമായിരുന്നു. തലേന്നു് തൻെറ കൈയിൽനിന്നു് പുകയില വാങ്ങി ശൃംഗരിച്ച ആൾതന്നെയായിരുന്നു. അദ്ദേഹത്തെ തടഞ്ഞുനിറുത്തി, ''എന്തുണ്ടായി?'' എന്നു ചോദിച്ചു.

''എന്താകാനാണു്? നിങ്ങളുടെ ഏമാനൻെറ പ്രവൃത്തിയെല്ലാം അത്തരത്തിലുള്ളതാണു്!''

''എന്താണു്? എന്തുണ്ടായി! ഒന്നു പറഞ്ഞിട്ടു പോകുന്നു്. പുകയില തരാം, ഞാൻ.''

''ആയതൊക്കെ അറിയാത്തതാണോ? എല്ലാം കണ്ടിട്ടുള്ളതുതന്നെ. ആയിരം രൂപ വരദക്ഷിണ തരാമെന്നു് എഴുതിക്കൊടുത്തു, നിങ്ങളുടെ ആളു്. അക്ഷതാർപ്പണത്തിനു് ഒരു മണിക്കൂറുള്ള സമയത്തു്, അഞ്ഞൂറു വാങ്ങിക്കോളൂ തൽക്കാലം, ബാക്കി അഞ്ഞൂറു് ഒരു മാസത്തിനുള്ളിൽ തരാം എന്നു പറഞ്ഞു കളിപ്പിക്കാൻ തുടങ്ങി. ഇനി ഒരു മാസം എന്നാൽ റോന്നുതന്നെ. രാകോബ എന്നാൽ തട്ടിപ്പു് എന്നല്ലേ?''

ആ കിഴട്ടു ബ്രാഹ്മണനു് പുകയില കൊടുത്തു്, മഹബൂബ്‌ജാൻ മററു വിവരങ്ങൾ മനസ്സിലാക്കി....കല്യാണത്തിനു് അവിചാരിതമായി ചെലവു് ഏറിയതു നിമിത്തം, വരദക്ഷിണയ്ക്കു മാററിവെച്ചിരുന്ന പണവും 'ഏമാന്നു്' ഉപയോഗിക്കേണ്ടിവന്നു. മറെറാരിടത്തുനിന്നു് വരേണ്ടിയിരുന്ന പണം തക്കസമയത്തു് വന്നുചേർന്നില്ല. ഇനി പെട്ടിയിൽ ശേഷിപ്പുള്ളതു് എഴനൂറോ എണ്ണൂറോ രൂപ മാത്രവും. അതിൽനിന്നു് മററു ചെലവുകൾക്കുള്ളതു് മാററിവെച്ചു് അഞ്ഞൂറു രൂപ തൽക്കാലം സ്വീകരിക്കണമെന്നു് 'ഏമാനൻ' ചെറുക്കൻെറ അമ്മയോടും ദേസായിയോടും അപേക്ഷിച്ചു. 'ദത്തിനെപ്പററി ശപഥം ചെയ്യിച്ചിട്ടുണ്ടല്ലോ, അതു കഴിഞ്ഞാൽ എല്ലാ സ്വത്തും നിങ്ങളുടേതാകുമല്ലോ, പിന്നെ എന്തുകൊണ്ടു് ഒരു മാസം കാത്തിരിക്കാൻമേല'—ഇതായിരുന്നു, 'ഏമാന'ൻെറ വാദം. എന്നാൽ ആദ്യംമുതൽക്കേ ഉള്ള മനസ്താപം കാരണവും, അതിനുംപുറമേ, ഇത്ര ദിവസം മിണ്ടാതിരുന്നു് അക്ഷതാർപ്പണത്തിനു ഒരു മണിക്കൂർമുമ്പുമാത്രം പ്രസ്താവിച്ചതി

ല്ലള്ള സംശയം കാരണവും ഗംഗവ്വ ഇത്തിരിപ്പോലും പിൻവാങ്ങാൻ കൂട്ടാക്കിയില്ല. ഉടൻതന്നെ ആയിരം എണ്ണിഎണ്ണി കൊടുത്താലോ, അക്ഷതാർപ്പണം നടക്കും, അല്ലെങ്കിൽ കല്യാണം മുടങ്ങും എന്നു് അവർ ശാഠ്യംപിടിച്ചു. കിട്ടി എന്തോ പറഞ്ഞു സമാധാനിപ്പിക്കാൻ പോയതോടെ, അവർ ഒന്നുകൂടി ആളിപ്പിടിച്ചു്, ''എന്നെ വിട്ടു് നീ കല്യാണംകഴിച്ചോ!'' എന്നു പറഞ്ഞു് മണ്ഡപം വിട്ടു് ഒററയ്ക്കു പുറത്തേയ്ക്കു പോവാൻ ഉദ്യുക്തയായി. എന്നാൽ ദേസായി, താൻ ഇതിനെപ്പററി സംസാരിച്ചോളാമെന്നു് ഉറപ്പുകൊടുത്തപ്പോഴും പുറത്തുവന്നു് കുത്തിയിരിക്കയാണുണ്ടായതു്. 'ഏമാനൻ' മുറിക്കുള്ളിൽ ദേസായിയെ വിഷമിപ്പിക്കാൻ തുടങ്ങി....എന്തൊരു അവിവേകം!....രാഘോബ തട്ടിപ്പുകാരൻ!....കല്യാണം മുടങ്ങുക!.... എന്തൊരു അപമാനം....'

തൻെറ കൈമുതലെല്ലാം ജ്യേഷ്ഠത്തിയുടെ മകൻെറ പലചരക്കു വ്യാപാരത്തിൽ ഇറക്കിയ മഹബൂബപാജാൻ, വിവാഹസമ്മാനത്തിനു വേണ്ട നൂറു രൂപയും സ്വന്തം ചെലവിനുവേണ്ട ഇരുപത്തഞ്ചു രൂപയും മാത്രമേ കൊണ്ടുവന്നിരുന്നുള്ളു....

XX XX XX

മുറിയിൽ ദേസായിയെ മുമ്പിൽ പിടിച്ചിരുത്തി, രാഘപ്പയും കുത്തിയിരുന്നു.

''രായരേ, ഗംഗക്ക എന്നെ പുറത്താക്കിയോ? കിട്ടണ്ണ എന്നെ പുറത്താക്കുമോ? എൻെറ അക്കനെ വഞ്ചിക്കാൻ എനിക്കു് തീരെ ഉദ്ദേശമില്ല. അങ്ങു തന്നെ കണ്ടില്ലേ, കല്യാണത്തിൻെറ ഏർപ്പാടെല്ലാം? നമ്മുടെ ഒററപ്പല്ലൻ ഹനമന്ത ഭട്ട ഇന്നലെ പറഞ്ഞു, 'രാഘോബ, ഇവിടുത്തെ കല്യാണത്തിൻെറ ചമയം കണ്ടു് ജമഖണ്ഡി മഹാരാജാവിൻെറ ഓർമ്മ വന്നുപോയി' എന്നു്.... ഞാൻ എന്തുചെയ്യാനാണു്? കണക്കു് കൈവിട്ടുപോയി. ഇന്നലെ രാത്രി ടങ്കിനുള്ളിൽ കൈയിട്ടു് എണ്ണിനോക്കി. ബാക്കിയുള്ളതു് എണ്ണൂററിപ്പത്തു രൂപ മാത്രം. അയ്യോ! കളവുപോയോ എന്നു ശങ്കിച്ചു് കണക്കിൻെറ ചീട്ടു് എടുത്തു നോക്കി. കണക്കെല്ലാം കിറുകൃത്യം. ഒററച്ചില്ലി ഏററക്കുറവില്ല. വേണ്ട ചെലവു് അത്രയ്ക്കായി. ഞാനും നാലുപേരെ അറിയും. അതു് നല്ല ഒരു പണിയല്ലെന്നു കരുതി കൈയൊഴിച്ചതാണു്....കൈവിട്ടുപോയി കണക്കു്. ഇന്നലെ രാത്രി അങ്ങയുടെ അടുത്തേയ്ക്കു് ഓടിവരണമെന്നു് കരുതിയതാണു്. എന്നാൽ സമയം പത്തര ആയിപ്പോയിരുന്നു. അങ്ങയുടെ ഉറക്കത്തിനു തടസ്സമുണ്ടാക്കരുതെന്നു വിചാരിച്ചു വന്നില്ല. ഇന്നു കാലത്തു വന്ന ഉടൻ, ഉണ്ടായ വസ്തുസ്ഥിതിയെല്ലാം അങ്ങയുടെ മുമ്പിൽ വെച്ചു. ഞാൻ ഒന്നും മറച്ചുവെച്ചിട്ടില്ല....!''

''നിങ്ങളുടെ എല്ലാം ബറാബർ, രാഘപ്പ! എന്നാൽ രാഘപ്പയും ഗംഗവ്വയും തമ്മിൽ ഇങ്ങനെ മുറുമുറുപ്പു് ഉള്ളതുകൊണ്ടു്, കല്യാണത്തിൻെറ വൈഭവത്തേക്കാും കരാറിനെപ്പററി കൂടുതൽ ശ്രദ്ധിക്കേണ്ടതായിരുന്നു. ഇതിൽ ഞാൻ ഗംഗവ്വയേയും ഒട്ടും കുററപ്പെടുത്തില്ല!''

''രായരേ, തിപ്പണ്ണനെ ഓടിച്ചിട്ടുണ്ട്, ബിന്ദഗോളിലേയ്ക്ക്....ഹനമന്ത ഗൗഡൻെറ അടുത്തേയ്ക്ക്....ജായപ്പ ശെട്ടരുടെ അടുത്തേയ്ക്ക് രാമനേയും പറഞ്ഞു വി ട്ടിട്ടുണ്ട്....ഒമ്പതു മണിക്കുള്ള മുഹൂർത്തം കഴിഞ്ഞാൽ കഴിയട്ടെ. പതിനൊന്നേ കാലിനു് ഇതിലും നല്ല ഒരു മുഹൂർത്തമുണ്ട്. ഈ രണ്ടു മണിക്കൂറിനുള്ളിൽ എൻെറ എല്ലാ കഴിവും ഉപയോഗിച്ച് എല്ലായിടത്തും പണത്തിനുവേണ്ടി പ്രയ ത്നിക്കുന്നുണ്ട്. എന്നാൽ, രായരേ, ഇത്ര ആയിട്ടും എൻെറ കൈയാലേ ആയില്ല എന്നുവെച്ചു, കുറഞ്ഞപക്ഷം പതിനൊന്നേകാലിൻെറ മുഹൂർത്തത്തിനു് തടസ്സം വരുത്തരുതു്....ഈ ഒരു തവണ എന്നെ വിശ്വസിക്കണം. അങ്ങയുടെ കാൽക്കൽ വീണു് അപേക്ഷിക്കയാണു്--ഇനി ഗൃഹപ്രവേശം ഉണ്ട്; സഹശയനത്തിൻെറ ചടങ്ങുണ്ട്....അങ്ങനെ പെണ്ണുവീട്ടുകാരുടെ മൂക്കുകയർ എപ്പോഴും ചെറുക്കൻെറ വീട്ടുകാരുടെ കൈയിലല്ലേ ഇരിക്കുക!....എന്നാൽ ഈ സന്ദർഭത്തിൽ വലിയ വലിയ ആളുകളുടെ മുമ്പിൽ എൻെറ മാനം കാക്കൂ....എങ്ങനെയെങ്കിലും ഈ വിഷമത്തിൽനിന്നു് എന്നെ കരകയററൂ....മംഗളകാര്യത്തിൽ അങ്ങയെപ്പോ ലുള്ള മുതിന്നവരുടെ കാൽക്കൽ വീഴുന്ന എന്നെ രക്ഷിക്കണം........''

എന്നാൽ രാഘപ്പയെപ്പററി അത്രയ്ക്കും അവിശ്വാസമാണു് തോന്നിയതു്, ദേസായിക്കു്. ഇടയ്ക്കു് അദ്ദേഹത്തിൻെറ മനസ്സിൽ വന്നതാണു്, താൻ തരാമെന്നു പറയാൻ. എന്നാലോ ഒരു ശങ്ക, അദ്ദേഹത്തിനു്. അതിനുംപുറമെ, കിട്ടിയെ താൻ കൈനീട്ടി സഹായിക്കുക എന്നതു് ഒരു കാര്യം, രാഘപ്പയ്ക്കു കൊടുക്കുക എന്നതു് മററൊരു കാര്യം. അതിൽ തനിക്കു് ഒരു ഇടപാടും ഇല്ല. മാത്രമല്ല, പണം കൈയിൽ വെച്ചുകൊണ്ടു് രാഘപ്പ നാടകമാടുകയും ആവാം.

രാഘപ്പ പറഞ്ഞതിൻെറ പാതി മാത്രമേ നുണ ഉണ്ടായിരുന്നുള്ളു. അയാളുടെ കൈയിൽ എണ്ണൂററിപ്പത്തു രൂപ മാത്രമേ ബാക്കിയുള്ളു എന്നു പറഞ്ഞതു് നുണ യല്ല. എന്നാൽ കൈവിട്ടു ചെലവുചെയ്യു എന്ന സംഗതി പതിനഞ്ചു ദിവസം മുമ്പേ അയാൾക്കു് അറിയാമായിരുന്നു. മുമ്പൊരിക്കൽ ഹനമന്തഗൗഡയ്ക്കുവേണ്ടി മദ്ധ്യസ്ഥത പറഞ്ഞ വകയിൽ കുറച്ചു പണം കിട്ടാനുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് ഒരു ഉറപ്പും ഉണ്ടായിരുന്നു. പക്ഷേ അതു് തെററിപ്പോകാനും വഴി യുണ്ട് എന്നതും അയാൾക്കു് പിന്നീടു് മനസ്സിലായിക്കൊണ്ടുവന്ന സംഗതിയാ യിരുന്നു. അങ്ങനെ കല്യാണത്തിനു് മൂന്നു നാലു ദിവസം മാത്രം എന്ന നില വന്നു. അന്നേരം രാഘപ്പ മററൊരു സൂത്രം കണ്ടുപിടിച്ചു....ഗംഗവ്വ, ദേസായിയു ടെ അടുത്തു് ഒരായിരം രൂപ ഇട്ടിട്ടുണ്ട്. ദേസായി ആ പണത്തെപ്പററി കിട്ടിക്കു് ഒരു വാസനപോലും നൽകിയില്ല എന്നതും അയാൾ അറിഞ്ഞു, കിട്ടി മുഖാന്തി രം. അതു കേട്ട ഉടനെയാണു് ഈ പുതിയ സൂത്രം അയാളുടെ മനസ്സിൽ തറഞ്ഞതു് ....തക്ക സമയത്തു് പണമില്ലെന്നു പറഞ്ഞു കൈ മലർത്തുക. ഗംഗവ്വയെ അമ്പ രപ്പിച്ച്, സാധിക്കുമെങ്കിൽ അഞ്ഞൂറുകൊണ്ടു കാര്യം അടിച്ചെടുക്കുക....കിട്ടി യോടു് അയാൾക്കു സ്നേഹമുണ്ട്. എന്നാലും ആയിരത്തിനു പററിയ വരനല്ല, കിട്ടി. അതു് എല്ലാവരും സമ്മതിക്കുകയും ചെയ്യും. എന്നിട്ടും ഗംഗവ്വ പണ

ത്തിനുവേണ്ടി നിർബ്ബന്ധം പിടിച്ചാൽ... നാലാളുടെ മുമ്പിൽവെച്ച് തരാമെന്ന് വാക്കു കൊടുത്തിട്ടും സമ്മതിക്കാത്ത ഗംഗവ്വയാണ് മൂശ്ശേട്ട എന്നാക്കിത്തീർത്ത്, അങ്ങനെ നാലാളെക്കൊണ്ടു പറയിപ്പിക്കുകയും ചെയ്യാം....കഴിയുമെങ്കിൽ ദേസായിയെ നടുക്കു നിറുത്തി, അദ്ദേഹത്തിന്റെ കൈയിൽനിന്നുതന്നെ അഞ്ഞൂറു രൂപ കൈവായ്പായി മേടിക്കുകയും ആവാം. എന്നുവെച്ചാൽ, പിന്നീട് ദേസായി കിട്ടിയുടെ ആയിരം രൂപക്കു എതിരു നിന്നാൽ, ഈ അഞ്ഞൂറിന്റെ മുഴുവൻ അദ്ദേഹത്തിന്റെമേൽത്തന്നെ തറപ്പിക്കുകയും ചെയ്യാം.

കല്യാണത്തിന്റെ വൈഭവം കാണുന്നവർക്ക് ഈ ഉൾപ്പോരിന്റെ ശങ്കയേ ഉണ്ടാവില്ല. എന്നാൽ ഒരു കാരണവും കൂടാതെ ഗംഗവ്വക്കു മാത്രം ഒരു ശങ്ക. അവർ കല്യാണത്തിന്റെ തലേന്നുതന്നെ ദേസായിയുടെ വീട്ടിൽ പോയി ആ സംഗതിയെപ്പററി അദ്ദേഹത്തിനോടു പറഞ്ഞിട്ടുള്ളതായിരുന്നു:

''ഗോപണ്ണ, വരദക്ഷിണയുടെ കാര്യത്തിൽ എന്തെങ്കിലും ഏററക്കുറച്ചിൽ ഉണ്ടായെങ്കിൽ ഞാൻ ചുമ്മാ ഇരിക്കില്ല, കേട്ടോ!''

''ഗംഗവ്വേ, കല്യാണത്തിന്റെ ധാടി കണ്ടാൽ, ആയിരത്തിനു വിഷമം ഉണ്ടാവില്ലെന്നു തോന്നുന്നു, അയാൾക്ക്.''

''അവന്റെ ധാടിയൊന്നും എനിക്ക് അറിയാത്തതാണോ, ഗോപണ്ണ?....അവന്റെ പണിയെല്ലാം അങ്ങനെയാണ്. വേണമെങ്കിൽ അവൻ വെപ്പാട്ടിക്കു മാത്രം കൊടുക്കും, പണം. എന്നാൽ എന്നോടു നേരു കാട്ടുമെന്ന് എനിക്കെന്തോ ഉറപ്പില്ല, കേട്ടോ. എന്നെ അപമാനിക്കാൻ, ഒരു കല്ലല്ലെങ്കിൽ മറെറാരു കല്ല് അവൻ എറിയും. ദത്തെടുക്കും എന്ന ആശ വന്നപ്പോൾ ഗംഗക്ക എല്ലാററിനും വഴങ്ങി എന്നല്ലേ അവൻ എങ്ങും വീമ്പിളക്കി നടക്കുന്നത്! അപമാനം സഹിക്കാൻ ഈ ഞാൻ തയ്യാറില്ല. ഞാനുണ്ടല്ലോ, എന്തെങ്കിലും ഏററക്കുറച്ചിൽ വന്നാൽ, 'കിട്ട്യാ, നീ എന്റെ ശരിക്കുള്ള മകനാണെങ്കിൽ മണ്ഡപം വിട്ടു പുറത്തു വാ!' എന്നു പറയുകതന്നെ ചെയ്യും. എന്നിട്ടും അവൻ വന്നില്ലെങ്കിൽ ഞാൻ ഒററക്കു പുറത്ത് ഇറങ്ങി നടക്കും. നടന്നോട്ടെ കല്യാണം, ഞാനില്ലാതെ തന്നെ!''

ഗംഗവ്വയുടെ അനുമാനംപോലെ തന്നെ ഇപ്പോൾ എല്ലാം സംഭവിച്ചിരിക്കുന്നു. അതുകൊണ്ട്, കൈവായ്പയുടെ കാര്യം ദേസായി സ്വയം മുന്നോട്ടു വെയ്ക്കുകയുണ്ടായില്ല. അദ്ദേഹം രാഘപ്പയ്ക്ക് വെട്ടിമുറിച്ച മറുപടി നൽകി:

''രാഘപ്പ, ഈ സംഗതിയിൽ എനിക്കു യാതൊരു ചുമതലയും ഇല്ല.''

രാഘപ്പക്കു തോന്നി, അവസരം കൈവിട്ടുപോകുന്നതായിട്ട്. അതുകൊണ്ട് കൈവായ്പയെപ്പററി സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു: ''രായരേ, അറിവുള്ളവർ ഇങ്ങനെ ചെയ്യരുത്. രണ്ടിടത്തു പണം ഉണ്ട്. അത് കൊണ്ടുവരാൻ ആളേയും ഓടിച്ചിട്ടുണ്ട്. മംഗളകാര്യത്തിന് വിഘ്നം അരുത് എന്നേ എനിക്ക് അപേ

ക്ഷയുള്ള....ഞാൻ അങ്ങയുടെ കൈയിലല്ലേ കുടുങ്ങിയിരിക്കുന്നതു്! അങ്ങയെ വിട്ടാൽ പിന്നെ എനിക്കു് ആരാണു് ഉള്ളതു്....എന്തെങ്കിലും ഒരു ഉപായം കണ്ടു പിടിക്കുന്നു്....''

എന്നാൽ അത്രയും സ്പഷ്ടമായ സൂചന കേട്ടിട്ടു്, ദേസായി കുറെക്കൂടി നിഷ്ഠുരുണനാവുകയാണു് ഉണ്ടായതു്. കേട്ടിട്ടും കേരാക്കാത്തവനെപ്പോലെ നേരെ ഉറച്ചങ്ങനെ ഇരുന്നുകൊടുത്തു. രാഘപ്പ മറെറാരു ഉപായവും തോന്നാതെ, അക്കനെ നിർബന്ധിച്ച പുറത്തളത്തിൽ കൊണ്ടുവന്നു് ഇരുത്തി. പതിനൊന്നേകാലിൻെറ മുഹൂർത്തംവരെ കാത്തിരിക്കാമെന്നു് അവർ സമ്മതിച്ചു.

ക്ഷണിക്കപ്പെട്ടവർ സമയത്തിന്ന വരാൻ തുടങ്ങി. കിട്ടിയാകട്ടെ അമ്മയുടെ ശാഠ്യം നിമിത്തം തനിക്കു് അപമാനം തോന്നി, ദേഷ്യവും ബേജാറും കാരണം, ജോർജിയൊന്നിച്ചു് ഏതോ ചായക്കടയിൽ ചെന്നു് കുത്തിയിരുന്നു. അതിഥികളോടു് ഇരിക്കാൻ പറഞ്ഞു്, രാഘപ്പ ചായ തയ്യാറാക്കാനായി അടുക്കളയിലേയ്ക്കു് ഓടി. അവിടെ കരഞ്ഞുകൊണ്ടു് ഇരുന്നിരുന്ന ചമ്പക്ക അയാളുടെ നേരെ തട്ടിക്കയറി. അവിടെനിന്നു പുറത്തേയ്ക്കു വന്നപ്പോഴേയ്ക്കും അതിഥികളുടെ ഇടയ്ക്കു നടന്ന സംസാരം കേട്ടു് രാഘപ്പ അസ്വസ്ഥനായി. അപ്പോഴേയ്ക്കും ജായപ്പ ശെട്ടരുടെ അടുത്തേയ്ക്കു പറഞ്ഞയച്ച മുടിവെട്ടിയ രാമ സൈക്കിളിന്മേൽ പാഞ്ഞെത്തിയ ഉടൻ എല്ലാവർക്കും കേരാക്കത്തക്കവിധം ഉറക്കെ പറഞ്ഞു:

''ഞാൻ അഞ്ഞൂറു രൂപ തരാൻ പറഞ്ഞു. അപ്പോരം ശെട്ടർ, മിനിയാന്നു് മുന്നൂറിൻെറ കെട്ടു് കൊടുത്തതല്ലേ, ചുടുകാട്ടു് വർത്തമാനം പറയുന്നോ എന്നു് തട്ടിക്കയറി, ഏമാനോടു വരാൻ പറഞ്ഞു.''

രാഘപ്പയ്ക്കു തോന്നി, തൻെറ കളി തൻെറമേൽ തന്നെ തിരിച്ചടിയ്ക്കുംപോലെ. ഹനമന്തഗൗഡയുടെ അടുത്തേയ്ക്കു പറഞ്ഞയച്ച തിപ്പണ്ണ ബസ്സു കിട്ടിയാൽ ഇനി ഒരു മണിക്കൂറിനകത്തു് തിരിച്ചെത്തും. ജായപ്പ ശെട്ടർ തന്നോടു വരാൻപറഞ്ഞതു് ചീത്തപറയാനാണെന്നു തീർച്ച, എന്നു രാഘപ്പയ്ക്കു മനസ്സിലായി. ദേസായിയോ വലയിൽ വീണതുമില്ല, ഈ ഗുല്ലുമാൽ നിറഞ്ഞ ചുററുപാടിൽ നിന്നു് പത്തു നിമിഷമെങ്കിലും തടിതപ്പിയാൽ മറെറാന്നുമില്ലെങ്കിലും ഒരു പുതിയ സൂത്രം തോന്നും എന്നു വിചാരിച്ചു്, രാഘപ്പ, ജായപ്പ ശേട്ടരുടെ അടുത്തേയ്ക്കു തന്നെ പോകാൻ നിശ്ചയിച്ചു്, കോട്ടും ഉറുമാലും ധരിക്കാൻ തുടങ്ങി.

രാഘപ്പ മണ്ഡപത്തിൻെറ പുറംവാതിൽ വിട്ടു് പുറത്തു കടക്കുമ്പോഴേയ്ക്കും ഒരു ടോംഗ തിടുക്കത്തിൽ പാഞ്ഞു വന്നു് വാതില്ക്കൽ നിലയായി. അതിൽ മഹബൂബാജാൻ ഇരുന്നിരുന്നു. തൻെറ ചീർത്ത ദേഹത്തിന്നു് ആവുംവിധം വേഗത്തിൽ ടോംഗയിൽ നിന്നു് താഴോട്ടിറങ്ങി, 'അള്ള' എന്നു പറഞ്ഞുകൊണ്ടു്. അവർ തല ഉയർത്തി നോക്കിയപ്പോഴേയ്ക്കുമുണ്ടു്, രാഘപ്പ മുന്നിൽ നിൽക്കുന്നു. അവർ ഔത്സുക്യത്തോടെ ചോദിച്ചു: ''എങ്ങോട്ടു പോകുന്നു?''

തനിക്കു നേരിട്ട അപമാനത്തെപ്പററി അവരോടു പറയാൻ രാഘപ്പയ്ക്കു് ഇഷ്ടമു ണ്ടായിരുന്നില്ല. അവർ ടോംഗയിൽ നിന്നു് ഇറങ്ങുന്നതു കണ്ടപ്പോൾ അയാൾക്കു മനസ്സമാധാനമായി, തനിക്കു നേരിട്ട കുഴപ്പത്തിൻെറ സമയത്തു് അവർ ഉണ്ടാ യിരുന്നില്ലല്ലോ എന്നു്. ''മഹബൂബാ, നീ എവിടെ പോയിരുന്നു?'' എന്നു് ചോദിച്ചു, അവർ ചോദിച്ച ചോദ്യത്തിൽ നിന്നു് കുതറാൻവേണ്ടി.

''തെല്ലു് അകത്തേയ്ക്കു വന്നിട്ടു പോകിൻ!'' എന്നു പറഞ്ഞു, മഹബൂബാജാൻ. അയാളുടെ മറുപടി കേൾക്കാൻ നില്ക്കാതെതന്നെ, അവർ തെരുതെരെ അകത്തേയ്ക്കു പോയി. ''ജോലിയുണ്ടു് അല്പം, പോയിവരാം'' എന്നു പറയണമെന്നു കരു തിയ രാഘപ്പ, അവർ പെട്ടെന്നു് അകത്തേയ്ക്കു പോയതുനിമിത്തം മററു പോംവ ഴിയില്ലാതെ വീട്ടിനുള്ളിലേക്കുതന്നെ തിരിച്ചുപോയി.

മഹബൂബാജാൻ നേരെ അകത്തു കയറി, തൻെറ മുറിയിൽ ചെന്നു്, തൻെറ ചെറിയ ട്രങ്കു് എടുത്തു് തുറന്നു. അതിലുണ്ടായിരുന്ന പത്തുരൂപയുടെ പത്തു നോട്ടുകളുടെ ഒരു ചുരുൾ പുറത്തേയ്ക്കു് എടുത്തു. എന്നിട്ടു് തൻെറ ബ്ലൌസ്സിൻെറ ഉള്ളിൽനിന്നു് ഒരു കടലാസ്സുപൊതി പുറത്തെടുത്തു് ഓരോന്നായി എണ്ണി നോക്കി, അതോടൊപ്പം ആ പത്തുരൂപയുടെ നോട്ടുകളും ചേർത്തു്, രാഘപ്പയുടെ വരവും കാത്തു് കുത്തിയിരുന്നു. അയാൾ എത്തിയ ഉടൻ, ''അക്കനെ ഒന്നു വിളിക്കിൻ!'' എന്നു പറഞ്ഞു.

രാഘപ്പ, വിസ്മയഭരിതനായി; തന്നെ കാത്തുനിന്നിരുന്ന കുട്ടികളോടു്, ''ഏയ്, അവളെ വിളിക്കു്!'' എന്നു കല്പിച്ചു; എന്നിട്ടു് മഹബൂബാജാനി നോടു് ''നീ എന്തു ചെയ്യുംകൊണ്ടാണു് വന്നിരിക്കുന്നതു്?'' എന്നു് ശങ്കാകുല നായി ചോദിക്കുകയുംചെയ്തു.

മഹബൂബാജാൻ അതിനു മറുപടിയൊന്നും പറഞ്ഞില്ല, ചമ്പക്കനെ പ്രതീ ക്ഷിച്ചു് ഇരുന്നു. മുമ്പു് ഒരുതവണ ചമ്പക്ക സൂചിപ്പിച്ച സംഗതി ഇന്നു് നിറ വേററി താൻ ഋണമുക്തയായിത്തീർന്ന സുദിനം വന്നു എന്നു് മഹബൂബാജാനു് തോന്നി.

ചമ്പക്ക വന്ന ഉടൻ മഹബൂബാജാൻ ആ കടലാസ്സുപൊതി കൈയിൽ ഇട്ടുകൊടുത്തു്, ''അക്ക, കുങ്കുമം തൊടു്!'' എന്നു പറഞ്ഞു. ചമ്പക്ക ആ പൊതി തുറന്നു നോക്കിയതും നിലത്തു് ഒററ ഇരുത്തം ഇരുന്നതും ഒരുമിച്ചു കഴിഞ്ഞു.

ആ പൊതിയിൽ നൂറുരൂപയുടെ നാലും പത്തുരൂപയുടെ പത്തും നോട്ടുകൾ ഉണ്ടായിരുന്നു.

മഹബൂബാജാൻ രാഘപ്പയുടെ നേരെ തിരിഞ്ഞു്, താൻ ഭദ്രമായി വെച്ചി രുന്ന ചന്ദനത്തിരികൾ അയാളുടെ കൈയിൽ കൊടുത്തു. അവരുടെ നയനങ്ങ ളിൽ നീർ തുളുമ്പിനിന്നു.

''മഹബൂബേ, നീ ഇതു് എന്തുചെയ്തു? നേരു പറ!'' എന്നു് രാഘപ്പ ചോദിച്ചു, ഗദ്ഗദത്തോടെ.

''എന്തുചെയ്തു? സമ്മാനം കൊടുത്തു. കൊടുക്കരുതെന്നാണോ പറയുന്നതു്?'' എന്നു് അവർ ചോദിച്ചു, വളരെ സാമർത്ഥ്യത്തോടെ, ഗദ്ഗദത്തോടെ.

ഒമ്പതിനു് ഇനിയും പത്തു നിമിഷം ഉണ്ടായിരുന്നു. വലിയ 'ചികിത്സ'യ്ക്കു രാഘപ്പയ്ക്കു് സമയം ഉണ്ടായിരുന്നില്ല. അയാളുടെ മനസ്സു് മൂകവേദനകൊണ്ടു നിറഞ്ഞു. ആശ തകർന്നിരുന്നുകൊണ്ടിരുന്ന ചമ്പക്ക മാത്രം നന്ദിയുടെ എന്തൊക്കെയോ വാക്കുകൾ പറഞ്ഞു. എന്നാൽ ആ ഗംഭീര സന്ദർഭത്തിൽ വാക്കിനേക്കാൾ കൂടുതൽ മൗനമാണു് പ്രസക്തമാകുമായിരുന്നതു്.

''ഒമ്പതിനു അക്ഷതാർപ്പണം!'' എന്നു് രാഘപ്പ പ്രഖ്യാപിച്ചു. അതു് മണ്ഡപത്തിലെല്ലാം വ്യാപിച്ചു. അയാൾ ദേസായിയുടെ മുമ്പിൽ ഒരായിരം രൂപ എണ്ണിവെച്ചു. ചായക്കടയിൽനിന്നു കിട്ടിയെ വിളിച്ചുവരുത്തി. ചായയ്ക്കു തിളപ്പിച്ച വെള്ളം അടുക്കളയിൽത്തന്നെ കിടന്നു. കലപിലയേയും കവിഞ്ഞു് മന്ത്രോച്ചാരണം കേൾക്കായി. ആളുകൾ ചുററും 'കിർ കിർ'ന്നു് നിറഞ്ഞു. ആ തിരക്കിൽ രാഘപ്പയ്ക്കു ചോദിക്കാൻ തോന്നിയില്ല, മഹബൂബാജാൻ എന്തിനാണു് ചന്ദനത്തിരി കൊടുത്തതെന്നു്.

ആ തിരക്കിൽനിന്നു് കലപിലയെല്ലാം വിട്ടകന്നു് ഒരിടത്തു് ഇരുന്നു, സ്ഥൂലശരീരയായ മഹബൂബാജാൻ. താൻ ഇടുന്ന അക്ഷതം വധൂവരന്മാരുടെ മേൽ ശരിക്കും വീഴണമെന്നു് അവർക്കൊരു ആശ....അങ്ങനെയായാലേ 'മുബാരക്കു്' (ആശീർവ്വാദം) പൂർണ്ണമാകൂ എന്നു് അവർക്കു് ദൃഢമായ ഒരു ധാരണ.... എന്നാൽ ആ തിരക്കിലൂടെ തള്ളിനീങ്ങി പോകുന്നതു് അവരുടെ ദേഹത്തിനു് പററിയതുമല്ല....അതിനുംപുറമെ 'ശുദ്ധാശുദ്ധ'ത്തിൻെറ ശങ്കയും. അവസാനം അവർ തീർച്ചപ്പെടുത്തി, തിരക്കു് തെല്ലു് കുറഞ്ഞതിനുശേഷം അടുത്തു ചെന്നു് അക്ഷതാർപ്പണം നടത്താമെന്നു്. എന്നാൽ മന്ത്രഘോഷം അവസാനിപ്പിച്ചു്, ''സുമുഹൂർത്തേ സാവധാനഃ'' എന്നു് അവസാനമായി ബ്രാഹ്മണൻ പറഞ്ഞ ഉടൻ എല്ലാവരും അക്ഷതം എറിഞ്ഞു. എല്ലാവരും എറിഞ്ഞുകഴിഞ്ഞുവെന്ന ബദ്ധപ്പാടാലോ, മന്ത്രോച്ചാരണം കഴിഞ്ഞ ഉടൻ എറിയണമെന്ന ധാരണയാലോ, വാദ്യഘോഷം പെട്ടെന്നു് ജോറായതു നിമിത്തം ചിന്തയുടെ ഗതിമാററത്താലോ എന്തോ, മഹബൂബാജാനും എല്ലാവരുടേയും ഒപ്പംതന്നെ സർവ്വശക്തിയും ഉപയോഗിച്ചു് അക്ഷതം എറിഞ്ഞു. അതു് മുമ്പിലുള്ള എതോ ഒരു പയ്യൻെറ തലയിലാണു് വീണതു്. ആദ്യമേ ദുഃഖിതയായിരുന്ന മഹബൂബാജാൻ അതുകാരണം കുറെക്കൂടി ദുഃഖിതയായി........

താൻ പോകുംമുമ്പേ 'ഏമാന'നോടു്, ആ ചന്ദനത്തിരി 'സഹശയനച്ചടങ്ങി'നുള്ളതാണു് എന്നു പറഞ്ഞു പോകണമെന്നു് മഹബൂബാജാനു് വളരെ ആശയുണ്ടായിരുന്നു. എന്നാൽ 'ഏമാനൻ' തിരക്കിൻെറ ഒത്ത നടുക്കായിരുന്നു. ടോംഗക്കാരനും കുറെനേരമായി, കാത്തുനിൽക്കാൻ തുടങ്ങി

യിട്ട്. അക്ഷതാർപ്പണം കഴിഞ്ഞ ഉടൻ അവൻ വീണ്ടും വാതിൽക്കൽ അങ്ങിങ്ങ് എത്തി നോക്കി, മഹബൂബജാനെ തിരിഞ്ഞുപിടിക്കാൻ തുടങ്ങി. അവനെ വിളിച്ച് തൻെറ ചെറു ട്രങ്കും വിരിപ്പും കൊടുത്ത് മഹബൂബജാൻ ടോംഗയിൽ പോയതു് ആ തിരക്കിന്നിടയ്ക്ക് ആരും അറിഞ്ഞില്ല.

മഹബൂബജാൻ പോയി അര മണിക്കൂറിനുശേഷം ചമ്പക്ക പലഹാരത്തിനു്, അവരെ വീട്ടിൽ എല്ലായിടത്തും തിരക്കി നടന്നു. ട്രങ്കും വിരിപ്പും കൂടി ഇല്ലെന്നു കണ്ടു്, ഭക്ഷണസമയത്തു് അവർ ഭർത്താവിനെ അറിയിച്ചു.

XX XX XX

അന്നു വൈകുന്നേരം തന്നെ, കല്യാണവാദ്യത്തേക്കാളും കൂടുതൽ ഘോഷം മുഴക്കിക്കൊണ്ടു് ഒരു ബാൻഡുവാദ്യം കല്യാണവീട്ടിൻെറ മുമ്പിലൂടെ കടന്നുപോയി. പുറംതിണ്ണയിൽ ബടായി അടിച്ച് നിന്നിരുന്ന ഒററപ്പല്ലൻ ഹനമന്തഭട്ടൻെറ കൈയിൽ നാടകത്തിൻെറ ഒരു നോട്ടീസ് വന്നുപെട്ടു. അതു വായിച്ച ഉടൻതന്നെ ഹനമന്തഭട്ട തിടുക്കപ്പെട്ട് അകത്തു വന്നു് രാഘപ്പയുടെ കൈയിൽ കൊടുത്തു. ആദ്യം അതു് തെല്ലു പരിഭ്രമത്തോടെ വായിച്ചു, അവസാനമെത്തിയപ്പോഴേയ്ക്കു് അയാറം നെററി തുടച്ചുപോയി........

ശ്രീ കുലദേവതാ പ്രസാദം!

ശ്രീ ശേഷശായി നാടക കമ്പനി, ഹുബ്ബള്ളി. ക്യാമ്പ്: ധാർവാർ.

ഈ കമ്പനിക്കാർ ശ്രീ ഉളവി ബസവേശ്വര ഉത്സവക്കാലത്തു് പ്രതിദിനം താഴെക്കൊടുത്തിരിക്കുന്ന പേററൻെറ് നാടകങ്ങറം കളിക്കുന്നതാകുന്നു.

| | | | |
|---|---|---|---|
| ഇന്നുമുതൽ | മൂന്നു | ദിവസം | വെങ്കടേശ പാരിജാത |
| പിന്നെ | ,, | ,, | ഗുലേബാക്കാവലി |
| ,, | ,, | ,, | രുഗ്മിണീഹരണ |
| ,, | ,, | ,, | ഗാന്ധിത്തൊപ്പി സിംഗിറം ചായ് |
| ,, | ,, | ,, | സംഗ്യാബാള്യാന നാടക |

(പ്രത്യേക അറിയിപ്പു്: 1. ഇതിൽ മാററം ഉണ്ടാവാം. 2. പിന്നീടുള്ള പരിപാടികറം വഴിയേ അറിയിക്കപ്പെടും. 3. വൺസ്മോർ പറഞ്ഞാൽ പാടുന്നതു് പാട്ടുകാരൻെറ ഇഷ്ടം....)

ഉത്സവം പ്രമാണിച്ച് പ്രത്യേക പരിപാടി.

ഹുബ്ബള്ളിയിലെ ഗാനഗന്ധർവ്വി മഹബൂബജാൻ മിറജ്കർ എല്ലാ നാടകങ്ങളിലും മുഖ്യ സ്ത്രീ പാർട്ടു് അഭിനയിക്കുന്നതാകുന്നു. ആറു കൊല്ലത്തിനുശേഷം ധാർവാറിലെ രസിക ജനങ്ങളെ പ്രത്യേകം തൻെറ ഗാനസുധ പാനംചെയ്യിക്കുന്നതാകുന്നു. രസിക ജനങ്ങറം ഈ സുവർണ്ണാവസരം കൈവിട്ടുകളയരുതു്.

സ്ഥലം: ബസപ്പക്ഷേത്രത്തിനു പിന്നിലുള്ള സ്വന്തം കൂടാരത്തിൽ.

ആർ. എസ്. പരമേശ്വര ഭട്ട (ഉടമസ്ഥൻ, ശേഷശായി നാടക കമ്പനി)

രാഘപ്പയുടെ ദേഹമാകെ വിയർത്തു. അയാൾ ഈ പരിണാമത്തെ തീരെ കണക്കാക്കിയിരുന്നില്ല.

മഹബൂബാജാനു പ്രായമായിവരികയായിരുന്നു. ദേഹവും തടിച്ചു. അനേക തവണ ഏങ്ങലും ഉണ്ടായി. അഭിനയത്തിലുള്ള ആയാസം സഹിക്കാനുള്ള ത്രാണി ഉണ്ടായിരുന്നില്ല. എന്നാൽ രാഘപ്പ അവരെ നാടകത്തിൽനിന്നു പിന്തിരിപ്പിച്ചതിനു് അതു മാത്രമല്ല കാരണങ്ങൾ. ആറു കൊല്ലം മുമ്പുവരെ അവർ ഈ നാടകത്തിൽ തന്നെയാണു് പണിയെടുത്തിരുന്നതു്. അക്കാലത്തു് ഹുബ്ബള്ളിയിലെ കന്നുകാലിപ്രദർശനത്തോട്ട് അനുബന്ധിച്ചു നടന്ന പരിപാടിയിൽ പത്തുപതിനൊന്നു ദിവസം വിശ്രമവും നിദ്രയും ഇല്ലാതെ രാത്രിതോറും ആടിപ്പാടി. അങ്ങനെ ഒരു ദിവസം നാടകം തീർന്ന ഉടൻ അവർ ഛർദ്ദിച്ചു തല തിരിഞ്ഞു വീണു. അതു പിന്നീട് ടൈഫോയിഡു് ആയി ഒരു മാസം അവർ കിടപ്പിലുമായി. ഉടമസ്ഥൻ പരമേശ്വര ഭട്ടനു് ഒരു ദുശ്ശീലം ഉണ്ടായിരുന്നു. നല്ലവണ്ണം ഇടപഴകുന്നവൻ. നല്ല നിർബ്ബന്ധക്കാരൻ. നല്ല നടീനടന്മാരെ കൈയിൽ കിട്ടിയാൽ ഊട്ടുന്നതിലെന്നപോലെ കുടിപ്പിക്കുന്നതിലും നിർബന്ധം ഉണ്ടായിരുന്നു. നാടകം തീർന്ന ഉടൻ എല്ലാവരും കൂട്ടമായി ഇരുന്നു് സൊറയിളക്കും. എന്നിട്ട് അവസാനം എല്ലാവരേയും നിർബന്ധിച്ചു കുടിപ്പിക്കുകയും ചെയ്യും. കുടി ശീലിച്ചു തൻെറ അടുക്കൽത്തന്നെ കൂടുമെന്ന വിചാരത്താലോ, കുടിച്ചാൽ എല്ലാവരും നല്ലപോലെ ഉറങ്ങി, പിറേറ ദിവസത്തെ പരിപാടിക്കു് കൂടുതൽ ഉഷാറോടെ വരുമെന്ന വിചാരത്താലോ, എന്തു കാരണത്താലോ, എല്ലാവരേയും കുടിപ്പിക്കുന്നതിൽ അയാൾക്കു് വലിയ നിർബ്ബന്ധമായിരുന്നു. മഹബൂബാജാനും വേണ്ടിയിരുന്നു, അല്പം കുടി. എന്നാൽ നിർബ്ബന്ധിച്ചാൽ അവർ കൂടുതൽ കുടിച്ചു പോയിരുന്നു, അതുതന്നെ പിന്നീട് അവരുടെ അസുഖത്തിനും—ശ്വാസംമുട്ടലിനും ഏങ്ങലിനും—കാരണമായിത്തീർന്നു. അതെല്ലാം ഒന്നു രണ്ടു തവണ കണ്ടു രാഘപ്പ തൻെറ രസികത്തമെല്ലാം മാററിവെച്ചു്, വളരെ താണുകേണു്, അവരെ നാടകത്തിൽനിന്നു പിന്തിരിപ്പിക്കുകയാണുണ്ടായതു്... ഇന്നേയ്ക്കു്, ആറുവർഷമായി, മഹബൂബാജാൻെറ ദേഹം പണ്ടത്തേക്കാളും ചീർത്തു. ആദ്യത്തെപ്പോലെ ആയാസപ്പെടാനും അവർക്കു മേല. ആദ്യത്തേക്കാളും ഏറി, അവർക്കു് ഏങ്ങലിൻെറ ശല്യവും.....അങ്ങനെയിരിക്കേ, തനിക്കു നാലഞ്ചു നൂറുരൂപ തരാനായിട്ടു് തനിക്കു പ്രിയപ്പെട്ട ആ ജീവിക്കു് 'മൃത്യുഗേഹ'ത്തിൽ പ്രവേശിക്കേണ്ടിവന്നുവെന്നോ!

എടുത്തിരുന്ന ജോലി അങ്ങനെതന്നെ ഇട്ടു്, രാഘപ്പ ഉടൻ ഒരു ടോംഗ പിടിച്ചു്, ഗ്രാൻറു ഹോട്ടലിൽ പോയി ഉടമസ്ഥൻ പരമേശ്വര ഭട്ടനെ കണ്ടു. പരമേശ്വര ഭട്ട മുമ്പിൽ മഹബൂബാജാനെ ഇരുത്തി പത്മാവതിയുടെ സംഭാഷണം

പതിഞ്ഞ സ്വരത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അനേകം തവണ കളിച്ച നാടകമാണെങ്കിലും മഹബൂബാജാനു് സംഭാഷണം അങ്ങോട്ടു മിങ്ങോട്ടും മാറിക്കൊണ്ടിരുന്നു, കഴിഞ്ഞ ആറു കൊല്ലമായുള്ള വഴക്കമില്ലായ്മ നിമിത്തം. ഒരേ വാക്കുകൊണ്ടു് ആരംഭിക്കുന്ന സംഭാഷണങ്ങളിൽ—പ്രാസം നിറഞ്ഞ സംഭാഷണങ്ങളിൽ—വരുന്ന സ്വാഭാവികമായ ആവർത്തനത്തിൽ അവർക്കു് തെററു പററിയിരുന്നു. എന്നാൽ 'പ്രോംപ്‌ററി'ൻെറ സഹായത്തോടെ എല്ലാം തീർക്കാവുന്നതേ ഉണ്ടായിരുന്നുള്ളു. സംഭാഷണം ഉരുവിട്ടു് ഉറപ്പിക്കുന്നതിൽ മഹബൂബാജാൻ മോശമല്ലായിരുന്നു. പക്ഷെ അർത്ഥം മനസ്സിലാക്കുന്നതിൽ പിന്നോക്കമായിരുന്നു. അതു് അറിയാമായിരുന്ന പരമേശ്വര ഭട്ട നല്ല ഒരു പരിചയസമ്പന്നനെപ്പോലെ അങ്ങിങ്ങു് സൂചനകൾ നൽകിക്കൊണ്ടു് പതിഞ്ഞ സ്വരത്തിൽ അവരെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. നല്ല പരിചയം നേടിയ ഒരു നടിയെക്കൊണ്ടു് ഉറക്കെ പറയിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. മൂന്നു നാലു മണിക്കൂർ കൊണ്ടു് നല്ല പുരോഗതി ഉണ്ടായി. അവിടെ അങ്ങനെ ഇരിക്കുമ്പോൾത്തന്നെ, ഉലഞ്ഞ സാരിയും ചീകാത്ത മുടിയും വെറും നെററിയും ആയിരുന്നിട്ടും, മഹബൂബാജാനു് രംഗത്തു് നിൽക്കുന്ന പത്മാവതിയുടെ ശ്രീയും മുഖഭാവവും താനേ കൈവന്നിരുന്നു.

രാഘപ്പ നേരെ മുറിയിലേയ്ക്കു തള്ളിക്കയറി. രാഘപ്പ എന്നാൽ പരമേശ്വര ഭട്ടനു് ഒരുതരം ആദരം, പേടി. മഹബൂബാജാനെക്കൊണ്ടു് കടലാസ്സിൽ ഒപ്പിടുവിച്ചിരുന്നുവെങ്കിലും, ''മഹബൂബേ, നടക്കു് വീട്ടിലേയ്ക്കു്'' എന്നു് രാഘപ്പ പറഞ്ഞാൽ കഥ അവിടെവെച്ചുതന്നെ അവസാനിക്കുമായിരുന്നു. ഒരു ലഹരി പിടിച്ചാൽ രാഘപ്പയ്ക്കു് കച്ചേരികളിലും മററും സഹായിക്കാൻ അറിയാം, വേണ്ടിവന്നാൽ അവയ്ക്കു് അടകല്ലുവെയ്ക്കാനും അറിയാം. ഭട്ട ആദരവോടെ അയാളെ ക്ഷണിച്ചു് ഉരുളൻ തലയിണ ഇട്ടുകൊടുക്കാൻ പോയി. എന്നാലോ രാഘപ്പ നിന്നേടത്തുതന്നെ നിന്നുകൊണ്ടു്, ദേഷ്യപ്പെട്ടു് അലറി: ''എടോ ഭട്ട, ഞാൻ തന്നോടു സംസാരിച്ചിരിക്കാൻ വന്നതല്ല. ഇത്തവണ മഹബൂബാജാൻ തൻെറ കൈയിലകപ്പെട്ടു. ആയിക്കോട്ടെ. എന്നാൽ അവളെ ബ്രാണ്ടി കുടിപ്പിക്കാൻ നിർബ്ബന്ധിച്ചാലുണ്ടല്ലോ. തന്നെ രണ്ടു ദിവസത്തിനുള്ളിൽ ഈ സ്ഥലത്തുനിന്നു് ഞാൻ ഓടിക്കും. തൻെറ കൂടാരത്തിനു് തീവെയ്ക്കും. കരുതിയിരുന്നോളൂ!''

കഴിഞ്ഞ തവണ മഹബൂബാജാനു് സുഖക്കേടു വന്നപ്പോൾ രാഘപ്പ സൂത്രം പ്രയോഗിച്ചു് ഭട്ടൻെറ ലൈസൻസ് റദ്ദാക്കിച്ചതാണു്. തൽക്കാലം മഹബൂബാജാനെ പിടിച്ചുകൊണ്ടുപോയി തൻെറ നാടകം നാശമാക്കിയില്ലല്ലോ, എന്നു വിചാരിച്ചുതന്നെ ഭട്ടനു വേണ്ടത്ര സന്തോഷമായി. ഭട്ടനും എഴുന്നേററു നിന്നു്, ''ഛരീ! ഛരീ! രാഘപ്പണ്ണ എന്താണീ പറയുന്നതു്?....എന്താണീ സംഗതി?.... മഹബൂബാജാൻ അങ്ങയുടേതാണു്. അങ്ങയുടെ കല്പനപോലെതന്നെ ആയിക്കോളാം....വേണമെന്നു പറഞ്ഞാലും കൊടുക്കില്ല....ഇനിയും എന്തെങ്കിലും ഉണ്ടെങ്കിൽ ഖണ്ഡിതമായി പറഞ്ഞിട്ടു പൊയ്ക്കൊള്ളൂ!'' എന്നു പറഞ്ഞു.

''ചോദിച്ചാൽ, വേണ്ടത്ര മാത്രം കൊടുക്കു. താൻ മുമ്പിലിരുന്നു് നിർബ്ബന്ധിച്ചു കുടിപ്പിച്ചു എന്നറിഞ്ഞാൽ, തൻെറ ഗതി മററാർക്കും വരരുതു് എന്ന മട്ടിൽ, തന്നെ ആക്കിവിടും. നോക്കിക്കോളൂ!''

മഹബൂബാജാനോടു സംസാരിക്കാനോ, അവരുടെ നേരെ നോക്കാനോ, രാഘപ്പയ്ക്കു കഴിഞ്ഞില്ല. ഉടൻ തന്നെ പിന്തിരിഞ്ഞു് പുറത്തേയ്ക്കു പോന്നു, അയാരം....

XX XX XX

ഉണ്ടായിരുന്ന സമയമത്രയും മഹബൂബാജാൻ, കല്യാണവീട്ടിലെ ഒരു കരടായിരുന്നു; പോയപ്പോഴോ, കല്യാണത്തിൻെറ മുഴവൻ ശ്രീയും പൊയ്പ്പോയി. രസികനായ ഭട്ടനും, തെറിച്ച പയ്യന്മാർക്കും കുസൃതിത്തം കാട്ടാനുള്ള ഇര കൈവിട്ടുപോയപോലെ ആയി. പെണ്ണുങ്ങരംക്കാകട്ടെ, തങ്ങളുടെ ദേഷ്യത്തിനു് സഹായകമായ ഉരു, കൺമുമ്പിൽനിന്നു മറഞ്ഞുപോയപോലെ. 'ശുദ്ധാശുദ്ധ' ക്കാരായ വിധവകരംപോലും, ''പാവം, മണ്ഡപം എത്ര മോടിപിടിപ്പിച്ചു!'' എന്നു പറഞ്ഞുപോയി. കല്യാണപെണ്ണു് ഉടുപ്പു ധരിക്കുമ്പോരം മഹബൂബാജാനെ ഒരു തവണ ഓർമ്മിച്ചുപോയി. പെണ്ണുങ്ങരം മഹബൂബാജാനെ ''നല്ല കഴിവുള്ള വരം'' എന്നു പ്രശംസിക്കുന്നതു കേട്ടു് ചമ്പക്കയ്ക്കു് തെല്ലു് അസൂയയും ദേഷ്യവും തോന്നി—രാഘപ്പയുടെ 'ആദ്യവസാന'ത്തിനു പ്രാധാന്യമില്ലാതായപോലെ. ആരെയോ കുടുക്കാൻ പോയിട്ടു് സംഭവിച്ചതു് ഇങ്ങനെ ആയല്ലോ എന്നു് രാഘപ്പ മുറുമുറുത്തു. മഹബൂബാജാനോടു് സ്നേഹം മാത്രമല്ല, അവരെ സംബന്ധിച്ചു് ഒരു അഭിമാനവും ഉണ്ടായിരുന്നു, അയാരംക്കു്. അവരം ഓടിപ്പോയതു കൊണ്ടു് തൻെറ ജീവിതത്തിലുള്ള കഴിവെല്ലാം ഉടക്കിയപോലെ. രാത്രി നന്നായി ഉറക്കമേ വന്നില്ല. വിവാഹമണ്ഡപത്തിൻെറ ശ്രീതന്നെ തുലഞ്ഞുപോയി.

## 20. കിട്ടിയുടെ ഗൃഹസ്ഥാശ്രമം

മരുമകരം വീട്ടിലേയ്ക്കു വന്നു. കുടിവെച്ചവളായി. ഗംഗവ്വ അവളെ സ്നേഹത്തോടെ സ്വാഗതം ചെയ്തു. തൻെറ ഉത്സാഹക്കുറവു് കഴിവതും പുറത്തു കാട്ടാതെ നോക്കി. ദേസായിയുടെ ഉപദേശമനുസരിച്ചു പെരുമാറാൻ അവർ ശ്രമിച്ചു. മരുമകളുടെ എന്തെങ്കിലും കുററവും കുറവും കണ്ടെത്തിയാൽ ഗംഗവ്വ ആദ്യമായി ഒരു മനഃപരിശോധന നടത്തും, രാഘപ്പയുടെനേരെയുള്ള തൻെറ ദേഷ്യം കാരണം അങ്ങനെ തോന്നുകയാണോ അല്ലയോ എന്നു്. എന്നാൽ ദിവസങ്ങരം കഴിയുന്തോറും പരിതഃസ്ഥിതി മാറിക്കൊണ്ടുവന്നു. ഗംഗവ്വയ്ക്കു ചിന്തകളുംചിന്തനങ്ങളും വിടേണ്ടിവന്നു. ആദ്യം അവർക്കു് നല്ല വേദന ഉണ്ടായി....കിട്ടി മൂന്നു നാലു കൊല്ലമായി അവരെ ശ്രദ്ധിയ്ക്കാറേ ഉണ്ടായിരുന്നില്ല. വീട്ടിൽ വന്നാൽ അധികം സംസാരിച്ചിരുന്നതുമില്ല. എന്നാൽ ഭാര്യ വന്നതോടെ അയാളുടെ സംസാരം

വീട്ടിൽ വീണ്ടും പൊന്തി. അവളുടെ തല നിറയത്തക്കവിധം സംസാരിക്കും. ഗംഗവ്വയെ ശ്രദ്ധിയ്ക്കില്ല. ഇതു് പുതിയ ഒരു അനുഭവമായിരുന്നു, അവർക്കു്. രണ്ടുമാസത്തിനുള്ളിൽത്തന്നെ മരുമകളുടെ പ്രഭാവം വീട്ടിൽ ഏറിവന്നതു കാണായി. അവളുടെ പ്രേരണയാലാണോ വീട്ടിൽ സംസാരം ആരംഭിച്ചതു് എന്നു് അവർക്കു് ഒരു സംശയം. ആ പുതിയ അനുഭവത്തിൽ നിന്നു മനസ്സു പിന്തിരിപ്പിയ്ക്കുക കഠിനമായി തോന്നിത്തുടങ്ങി. എന്തെല്ലാമോ കൈമോശം വന്ന പോലെ, അവർക്കു് ചില ദിവസങ്ങളോളം ജീവിതംതന്നെ ശൂന്യമായി തോന്നി. മനസ്സിൽ ചീത്ത വിചാരങ്ങൾ, അതിലുംവെച്ചു് ഭയാനകമായ ശൂന്യത, ഒററപ്പെടൽ. മരുമകളുമായി സന്ധിചെയ്യാൻ അവർ മറെറാരു ഉപായം കണ്ടു പിടിച്ചു. അഞ്ചെട്ടു ദിവസം അവളെ വിളിച്ചുകൊണ്ടുപോയി, പരിചിതരായവരെ കാട്ടിക്കൊടുത്തുവന്നു. എന്നാൽ ചില ദിവസങ്ങൾക്കുള്ളിൽ ആ സംഗതിയിലും സാമാന്യ ദോഷങ്ങൾ കണ്ടുവന്നു. അവളുടെ അച്ഛനെപ്പററി ആരും ചോദിച്ചില്ലെങ്കിലും, ദുർവ്വിചാരം ചെയ്തു്, രത്ന പരസ്യമായി തൻെറ ബേജാർ കാണിക്കാൻ തുടങ്ങി. ഒന്നു രണ്ടു തവണ, ഉമ്മറപ്പടിപ്പുറത്തു കടന്ന ഉടൻ, അതതു വീട്ടുകാർ ''മരുമകൾ കട്ടിക്കാരത്തി'', എന്നോ ''മരുമകൾ കേമി'' എന്നോ പറഞ്ഞശേഷം, രത്നയ്ക്കു കുറെക്കൂടി ഈററ കയറി. ഇനിയും അല്ലറ ചില്ലറ അനുഭവങ്ങൾ ഗംഗവ്വയുടെ മനസ്സിലെ ശൂന്യത വർദ്ധപ്പിച്ചു. ചെറിയ വീടു്, സൗകര്യക്കുറവു്, ഒരു പുറത്തളം, ഒരു അടുക്കള. ഗംഗവ്വ അടുക്കളയിൽ, ഇരിക്കാൻ ഉപയോഗിക്കുന്ന പലകകൾ കൂട്ടിവെച്ചു്, അതിന്മേൽ വിരിപ്പു് വിരിച്ചു് ഉറങ്ങാൻ തുടങ്ങി. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും കിട്ടി ഉറങ്ങുന്ന മുറിയുടെ അടുത്തു കിടക്കുന്നതു് അസഹ്യമായി തോന്നിത്തുടങ്ങി........

ചില്ലറ വിഷയങ്ങളിൽ മെല്ലെ കലഹങ്ങൾ ഉണ്ടാവാൻ തുടങ്ങി. ഗംഗവ്വയെപ്പററി, തൻെറ അമ്മയുടെ വായിൽനിന്നു കേട്ട അതിശയോക്തി നിറഞ്ഞ വർണ്ണനകൾമൂലം രത്ന എന്തെല്ലാമോ ഭയാനകമായി സങ്കല്പിച്ചുവച്ചിരുന്നു. ഗംഗവ്വയുടെ ഒരു കരാള ചിത്രം അവളുടെ മനസ്സിൽ കുടികൊണ്ടു. അവരെപ്പററി പാതി പേടി, പാതി ഈററയും. വെറും അഞ്ഞൂറു രൂപയ്ക്കുവേണ്ടി കല്യാണച്ചടങ്ങിനു കല്ലിടാൻ നിന്ന ആ കിഴവിയെപ്പററി മറെറന്തു വിചാരമാണു് ഉണ്ടാവുക, ആ ഇളം പെൺകുട്ടിക്കു്? ആദ്യമായി ഗംഗവ്വ അവളുടെ നന്മയ്ക്കു വേണ്ടി കൊടുത്ത ഉപദേശങ്ങൾ, രത്ന ചീത്ത വാക്കുകൾപോലെ കരുതി, ഉള്ളുകളെ ജ്വലിച്ചു. എന്നാൽ എതിർ പറയുക ഉണ്ടായില്ല. എന്തുകൊണ്ടെന്നാൽ, അവളെ ഭർത്തൃഗൃഹത്തിലേയ്ക്കു് അയയ്ക്കുംസമയം കണ്ണീരൊഴുക്കിക്കൊണ്ടു് ചമ്പക്ക ഉപദേശിച്ചു: ''അവരെന്തുതന്നെ ചെയ്തോട്ടെ, തിരിച്ചു് ഒന്നും നീ മിണ്ടരുതു്.'' ആ ഉപദേശം തൻെറ ഉള്ളിലുള്ള സന്താപം നിമിത്തം മറന്നുപോവാൻ രത്നയ്ക്കു് ഒന്നു രണ്ടു മാസം വേണ്ടേ?....ആദ്യമാദ്യം മധുരവാക്കുകൾ പറഞ്ഞു, ഗംഗവ്വ. എന്നാൽ രത്ന അതിൽ സൂക്ഷിച്ചു നോക്കും, എന്തെങ്കിലും മുനവെച്ച അർത്ഥമുണ്ടോ എന്നു്. ഉണ്ടെന്നു് പല തവണ അവൾക്കു തോന്നി, ഉള്ളു കത്തി. എപ്പോഴെങ്കിലും അങ്ങനെ പ്രത്യക്ഷമായ മുന കണ്ടില്ലെങ്കിൽ അവൾ വിചാ

രിക്കും, തനിക്കു തപ്പിയെടുക്കാൻ കഴിയാത്തത്ര ആഴമുള്ള അർത്ഥമാണ് ഉള്ള തെന്ന്. അങ്ങനെ അവളുടെ പേടി ഏറിവന്നു. ഗംഗവ്വയോട് എപ്പോഴെ ങ്കിലും സംസാരിക്കവേ, യാതൊരു തെററും വന്നില്ല തനിക്ക് എന്ന ധ്വനിയി ലാണ് അവരു സംസാരിക്കുക.

''രത്നേ, പുതിയ ചേല ഉടുത്തുംകൊണ്ട് എച്ചിൽപ്പാത്രം തേയ്ക്കരുത്!''

''കീറിയ ചേല ഉടുത്ത് പുറത്ത് ഇരിക്കണോ? ആട്ടെ, നാളെമുതൽക്ക് അങ്ങനെ ആയിക്കോളാം.''

''രത്നേ, ഉപ്പ് ഇവിടെ വെയ്ക്കരുത്.''

''പറയുന്ന സ്ഥലത്ത് വെയ്ക്കാം. നടുക്കലേയ്ക്കു മാററിവെയ്ക്കട്ടെ?''

''രത്നേ, അടുക്കളയിൽ തല ചീകരുത്. ഭക്ഷണത്തിൽ മുടി വീഴും.''

''പുറത്തളത്തിൽ അദ്ദേഹം ഇരിക്കുന്നു. അവിടെച്ചെന്ന് ചീകാൻ പറ ഞ്ഞാൽ ചീകിക്കോളാം.''

ഇമ്മാതിരി സംസാരത്തിലുള്ള കുത്തം സംശയവും മെല്ലെ മെല്ലെ ആരംഭി ച്ച്, അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചു. വന്ന പുതുമ യിൽ ഗംഗവ്വ, തന്നെ 'അമ്മ' എന്നു വിളിക്കണം എന്ന് രത്നയെ ധരിപ്പിച്ചി രുന്നു. എന്നാൽ അവരു ഒരിക്കലെങ്കിലും 'അമ്മ' എന്നാകട്ടെ, 'അമ്മായിഅമ്മ' എന്നാകട്ടെ വിളിക്കുകയുണ്ടായില്ല. വിളിയ്ക്കേണ്ട സന്ദർഭം വരുമ്പോഴെല്ലാം തീരെ അടുത്തുചെന്ന്, ''വെണ്ടയ്ക്ക നുറുക്കേണ്ടതെങ്ങനെയാണ്?'' അല്ലെങ്കിൽ, ''അടുപ്പിൽ തീ പിടിപ്പിക്കട്ടെ!'' എന്നിങ്ങനെയുള്ള ചോദ്യങ്ങരു, ഗംഗവ്വ യുടെ ചെവിയിൽ കയറത്തക്കവണ്ണം ഉറക്കെ ചോദിക്കും.

അങ്ങനെ അടിയൊഴുക്കുള്ള വിഷനദി വിചാരിച്ചിരിക്കാതെ പെട്ടെന്ന് മേലെ ഒഴുകിവന്നു, ആരുടെ തർക്കത്തിനും തടഞ്ഞുനിറുത്താൻ ആവാത്തവിധം.

ഒരു നാരു ഗംഗവ്വ വെറും സ്വാഭാവിക രീതിയിൽ, ''കിട്ടണ്ണ, പിച്ചിങ്ങ വന്നിട്ടുണ്ടത്രേ ചന്തയിലു്! ഒരു ദിവസം പോയി കൊണ്ടുവരരുതോ! ബജ്ജി ഉണ്ടാക്കാം'' എന്നു പറഞ്ഞു.

അതു കേട്ട് ഭാര്യയും ഭർത്താവും പരസ്പരം പെട്ടെന്നു നോക്കി....പിറേറന്നു രാത്രി അതേ സംഗതി രത്ന ഭർത്താവിൻെറ ചെവിയിൽ ഊതി നിറച്ചു....താൻ അച്ഛൻെറ വീട്ടിൽവെച്ചു പിച്ചിങ്ങ ബജ്ജി ഉണ്ടാക്കിയിട്ടുണ്ടെന്നും തങ്ങരുക്കു് ഇവിടെയും അതുണ്ടാക്കണമെന്നും അതു നല്ലതാണെന്നും വിസ്തരിച്ചു, അവരു.

കിട്ടി ഗംഗവ്വ പറഞ്ഞതിന്ന് ഒന്നും മിണ്ടുകപോലും ചെയ്തില്ല.

അടുക്കളയ്ക്കു ജനൽ ഇല്ലാതിരുന്നതുകൊണ്ട്, ഉഷ്ണിച്ചിരുന്നെങ്കിലും, ഗംഗവ്വ പുറത്തള വാതിലിൽനിന്ന് കഴിവതും അകന്നോട്ടെ എന്നു കരുതി അടുപ്പിൻെറ

അടുത്താണു് ഉറങ്ങിയിരുന്നതു്. എന്നാൽ അത്ര ദൂരത്തു നിന്നുപോലും, ''പതുക്കെ പറയൂ. വാതിലിനിൻെറ വിടവിലൂടെ കേൾക്കുന്നുണ്ടാകും'' എന്ന രത്നയുടെ കുശുകുശുക്കൽ ഗംഗവ്വയുടെ ചെവിയിൽ വീഴാറുണ്ടു്.

അന്നു രാത്രി ഗംഗവ്വയ്ക്കു് ഉറക്കംവന്നതേയില്ല....അടുക്കളയിൽ വല്ലാത്ത ഉഷ്ണം എന്നു പറഞ്ഞു്, പിറേറന്നു് തൻെറ വിരിപ്പു ചുരുട്ടിക്കൂട്ടി കാശിതായിയുടെ വീട്ടിൽ ഇട്ടിട്ടു വന്നു. ''അങ്ങനെ രാത്രിക്കു മാത്രം എന്നെ പുറത്താക്കി. ഇനി പകൽ എന്തു ചക്രം തിരിക്കുമെന്നു നോക്കണം'' എന്നു സങ്കടപ്പെട്ടു് അവർ ദേസായി പറഞ്ഞതോർത്തു് ഒന്നും മിണ്ടാതിരുന്നു. ''പല്ലും നിൻെറ, നാവും നിൻെറ'' എന്നു വിചാരിച്ചു തൻെറ ജീവനു താൻതന്നെ ബുദ്ധി പറഞ്ഞുകൊടുക്കണമെന്നു നിശ്ചയിച്ചു.

രത്നയ്ക്കു് അമ്മയുടെ സാത്വിക ഗുണങ്ങളോടൊപ്പം അച്ഛൻെറ ഒന്നു രണ്ടു് വക്രഗുണങ്ങളും ഉണ്ടായിരുന്നു. അവളുടെ ഒട്ടാകെയുള്ള പെരുമാററത്തിൽ അവ പരസ്യമായി കാണപ്പെട്ടിരുന്നില്ല. എന്നാലും ആവശ്യം വന്നാൽ അവൾ ആ രഹസ്യായുധങ്ങൾ പുറത്തെടുക്കുകതന്നെ ചെയ്യും. അന്നു രാത്രി അവൾ പറഞ്ഞതു് ബുദ്ധിപൂർവ്വകമായിത്തന്നെ ആയിരുന്നു. ഭർത്താവിനുപോലും അറിയാൻ കഴിയാത്തവിധം അയാളുടെ മുമ്പിൽവെച്ചുതന്നെ എറിഞ്ഞ കല്ലു് ശരിക്കും അമ്മായിഅമ്മയ്ക്കു ചെന്നു കൊണ്ടതു കണ്ടു്, ''ഔഷധം ഫലിച്ചു'' എന്നു നിനച്ചു് അവൾ സന്തോഷിച്ചു. തൻെറ അമ്മായിഅമ്മയെ നേരിടാനുള്ള ദുർബുദ്ധി തനിക്കും ഈശ്വരൻ നൽകിയിട്ടുണ്ടെന്ന അഭിമാനവും അവൾക്കു് ഉണ്ടായി. ഗംഗവ്വയാകട്ടെ അനേകം വീടുകളിൽ ഉള്ള മരുമകൾമാരെ കണ്ടിട്ടുണ്ടു്. രത്നയിൽ പുതിയതായി ഒന്നും കണ്ടില്ല. എന്നാൽ എല്ലാവരേയും പോലെ ആയല്ലോ ഇവളും എന്ന വ്യസനം മാത്രം അവർക്കുണ്ടായി. അതുകൊണ്ടു് ആ കൊട്ടിൽ മുറുക്കം താൻതന്നെ അനുഭവിക്കാതെ, ജീവനിട്ടു അടിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല....

കാശിതായിയുടെ വീട്ടിൽ ഉറങ്ങാൻ പോയതുമുതൽ പുതിയ വിഷമതകൾ ഉണ്ടായിത്തുടങ്ങി. ഗംഗവ്വയ്ക്കു് കാലത്തു് അഞ്ചുമണിക്കു് എഴുന്നേൽക്കുന്ന പതിവുണ്ടു്. വിളിച്ചു വിളിച്ചു വാതിൽ തുറപ്പിക്കാൻ അരമണിക്കൂർ വേണ്ടി വന്നിരുന്നു. അത്ര നേരത്തെ വിളിച്ചുണർത്തുന്നതിനു് കിട്ടി മുറുമുറുത്തിരുന്നു. താൻ വീടിൻെറ മുമ്പിൽ നിന്നു് വാതിൽക്കൽ മുട്ടുന്നതു്, അതേ സമയത്തു് എഴുന്നേൽക്കുന്ന പക്കത്തുള്ള പെണ്ണുങ്ങൾ കാണുന്നതും ചിരിക്കുന്നതും ചിലപ്പോൾ കളിയാക്കുന്നതും കണ്ടു് ഗംഗവ്വയ്ക്കു സഹികെട്ടുതുടങ്ങി. ''ഗംഗവ്വേ, മരുമകൾ വന്നാൽ എങ്ങനെ എന്നു് നോക്കിൻ!'' എന്നു് ഒന്നും അറിയാത്ത ലക്കുംബായി, സീതാബായി എന്നിവർ പറഞ്ഞാൽപ്പോലും ഗംഗവ്വയ്ക്കു അഭിമാനക്ഷതം തോന്നി. മരുമകൾ സത്യമായും തൻെറ കൈയിലായിരുന്നെങ്കിൽ താനും അവരോടൊപ്പം ചിരിക്കുമായിരുന്നു. എന്നാൽ യഥാർത്ഥ സംഗതി ആരെങ്കിലും അറിഞ്ഞുപോയോ എന്ന സന്ദേഹംമൂലം ഗംഗവ്വയ്ക്കു അസഹ്യത തോന്നി.

അവസാനം ഒരിക്കൽ ഗംഗവ്വ വല്ലാതെ ബേജാറായി കിട്ടിയോട് സംഗതിയെല്ലാം പറഞ്ഞു്, അടുക്കള പുറത്തു നിന്നു പൂട്ടി, താക്കോൽ തന്റെ കൈയിൽ വെച്ച് ഉറങ്ങാൻ പോയിത്തുടങ്ങി. ആ സമ്പ്രദായം കുറെ ദിവസം നടന്നു. എന്നാൽ ഒരു ദിവസം താക്കോൽ എങ്ങോ വീണു കളഞ്ഞുപോയി. ഗംഗവ്വ അതു തിരഞ്ഞു തിരഞ്ഞു കറങ്ങിപ്പോയി. പണിക്കു് അമാന്തം വന്നു. താക്കോൽ കിട്ടിയതേ ഇല്ല. അവസാനം ആ ബലമുള്ള താഴ് തല്ലിപ്പൊളിക്കാൻ നാലു മണിക്കൂർ വേണ്ടിവന്നു. ആദ്യമേതന്നെ മുഖം കരിവാളിച്ച ഗംഗവ്വയെ, കിട്ടി, രത്നയുടെ മുമ്പിൽവെച്ചുതന്നെ ധിക്കാരവാക്കുകൾ പറഞ്ഞു, ഗംഗവ്വയുടെ കവിളിലൂടെ കണ്ണുനീർ ഒഴുകിവരത്തക്കവിധം.

മരുമകളുമായുള്ള മൂകസംഘർഷം തുറന്ന കലഹമായി പരിണമിക്കാൻ തുടങ്ങി. തന്റെ പിടിയിൽ ഒതുങ്ങുന്നെങ്കിൽ രത്നയോട് എതിർവാക്കു പറയും. തന്റെ സീമവിട്ടു പോയാൽ മഴ്മഴാന്നു് കരഞ്ഞുകൊണ്ടു് മൂലയിൽ ചെന്നു കുത്തിയിരിക്കും. അടുത്തകാലത്തായി രത്ന, ഉച്ചയ്ക്കു തന്റെ അച്ഛന്റെ വീട്ടിൽ പോയി, സന്ധ്യയ്ക്കു തിരിച്ചുവരാൻ തുടങ്ങിയിരുന്നു. ഒരിക്കൽ കിട്ടിയോട് അക്കാര്യം പറഞ്ഞുകൊടുക്കണമെന്നു് അവർ ഉറപ്പിച്ചു. എന്നാൽ അന്നു സന്ധ്യയ്ക്കു തന്നെ, ടോംഗ പിടിച്ചു് ഭാര്യയോടൊപ്പം കിട്ടിയുണ്ടു്, വരുന്നു—തികച്ചും ആഹ്ലാദത്തോടെ. അതിന്റെ അർത്ഥം അവൾക്കു് അങ്ങനെ പോകുന്നതിനു അധികാരമുദ്ര ലഭിച്ചിട്ടുണ്ടു് എന്നല്ലേ. അങ്ങനെ ഭർത്താവിന്റെ പിൻബലത്തോടെ രത്ന എല്ലാററിനേയും വെല്ലാൻ തുടങ്ങി. വീട്ടിൽ വല്ല വിശേഷവും ഉണ്ടായാൽ അടുത്തുള്ള പെണ്ണുങ്ങളെ ക്ഷണിക്കാൻ കഴിയുകയില്ലെന്നു പറയുവാൻ തുടങ്ങി. ഒരിക്കൽ കിട്ടി സ്വയം രത്നയെ പറഞ്ഞയച്ചു, ദേസായിവീട്ടിലെ വേണുബായിയെ കുങ്കുമാക്ഷതത്തിനു ക്ഷണിക്കാൻ. അവിടെ ചെന്നപ്പോൾ വേണുബായി ഒന്നും മറച്ചുവെയ്ക്കാതെ തുറന്നടിച്ചു: ''എന്താ പെണ്ണേ, അമ്മായിഅമ്മയുമായി ഉരസൽ തുടങ്ങിയല്ലേ....അതു പററിയതല്ല, കേട്ടോ. അവർ വളരെ കഷ്ടപ്പെട്ടവളാണു്. അവരെ സ്വന്തം അമ്മയെപ്പോലെ പോററണം, കേട്ടോ!'' അതു കേട്ടു് ഉദ്യോഗസ്ഥന്റെ ഭാര്യയായ രത്നയ്ക്കു് അപമര്യാദയായി തോന്നി. അടുത്ത തവണ ഗൗരി പൂജയ്ക്കു് വേണുബായി രത്നയെ വിളിച്ചു. അവൾ പോയില്ല, ഭർത്താവു് നിർബ്ബന്ധിച്ചിട്ടുപോലും. പക്കത്തിലുള്ളവരുമായി അവൾക്കു് ഒരു പേച്ചേ ഇല്ല. കിട്ടി എന്തെങ്കിലും ചോദിച്ചാൽ പറയും: ''ഈ സ്ഥലമേ നന്നല്ല. ഒരു ഉദ്യോഗസ്ഥനായിട്ടു് ഇത്തരം ഒരു സ്ഥലത്തു് കഴിയുന്നതു കണ്ടു് എല്ലാവരും ചിരിക്കുകയാണു്, ശല്യപ്പെടുത്തുകയാണു്. വേറെ നല്ല സ്ഥലത്തു് ഒരു വീടു് എടുക്കുന്നു്!'' അങ്ങനെ തിരിഞ്ഞു മറിഞ്ഞു് അമ്മ നൽകിയ സൂചന അവൾ നീട്ടും.

വാശ്ശവായു് ഏറിവന്നുതുടങ്ങി. ഒരു ദിവസം രത്ന അതിർവിട്ടു കടന്നുപോയി. ''ഭാര്യയും ഭർത്താവും സ്നേഹത്തോടെ ഇരിക്കുന്നതു കണ്ടു് മുതുക്കിക്കു സങ്കടമാണു്!'' എന്നു പറഞ്ഞു് രണ്ടു് ചുണ്ടുവിരലുകളും വളച്ചുപിണച്ചു കാട്ടി. അന്നു രാത്രി ഗംഗവ്വ പലഹാരം തിന്നില്ല. കിട്ടി ഭാര്യയെ തല്ലി. അവൾ

രാത്രി മുഴവനും കരഞ്ഞു. ഭർത്താവു് സമാധാനിപ്പിക്കാൻ ചെന്നപ്പോഠം, അവഠം പറഞ്ഞു—അമ്മായിഅമ്മ തന്നോടു് 'കെട്ടിയവനെ മയക്കുകയാണോ' എന്നു ചോദിച്ചുവെന്നും അതിന്നു താൻ മറുപടി പറഞ്ഞതു സത്യമാണെന്നും. കിട്ടിക്കു് ഇമ്മാതിരി കലഹങ്ങളിൽ തീർപ്പെടുക്കാൻ അസാധ്യമായിവന്നു. ഇരുവരും തീരെ വിരുദ്ധങ്ങളായ സംഗതികഠം സത്യമെന്നായി മുറകെപ്പിടിച്ചു്, തങ്ങളുടെ ശഠതയിൽനിന്നു് ഒററ അടിപോലും പിന്മാറില്ല. ഗംഗവ്വ മകൻെറ മുമ്പിൽ കണ്ഠക്ഷോഭം ചെയ്യും. രത്ന ദേഷ്യം മൂത്തു് ഒന്നും മിണ്ടാതെ ഇരുന്നു്, രണ്ടു വാക്കു പറയും: ''നടന്നതു് ഇങ്ങനെയാണു്. എന്തു ചോദിച്ചാലും പറഞ്ഞാലും എപ്പോഴും ഇതുതന്നെ. ഞാൻ ബിന്ദഗോഠം രാഘപ്പയുടെ മകഠം. ഞാൻ പറയുന്നതു് എങ്ങനെ വിശ്വസിക്കും!'' എന്നിട്ടു് 'വിലാപബല'ത്തിന്മേൽ അവഠം വിജയം നേടുകയും ചെയ്യും. ഒരു തീർപ്പും നല്കാനാവാതെ കിട്ടി ഒരു കുരങ്ങൻെറ മട്ടായിത്തീരുകയും ചെയ്യും. തൻെറ അമ്മ ചെയ്ത ഉപകാരങ്ങളെപ്പററി ഭാര്യയോടു് ഒരു 'രഹസ്യസംഭാഷണം' നടത്തും. അതിന്നു രത്നയുടെ സമാധാനം: ''ആദ്യമേ എൻെറ അച്ഛനിൽനിന്നും അമ്മയിൽനിന്നും തുടങ്ങി ഞാൻവരെ ഉള്ളവരുടെ മേൽ കനൽ ഛർദ്ദിക്കുകയാണു്. നിങ്ങളുടെ അമ്മയുടെ കൈയിൽ കിടന്നു് കഷ്ടപ്പെടാനാണോ എന്നെ കെട്ടിക്കൊണ്ടുവന്നതു്? അമ്മായിഅമ്മ താനേ എങ്ങനെയെങ്കിലും ഇരുന്നോട്ടെ. എന്നാൽ നിങ്ങഠം അത്ര സഹായിച്ചു് എന്നെ കുളം കിണറുകളുടെ ഒരു ഭാഗമായിത്തീരുവാൻ ഇടവരത്തക്കവണ്ണം ചെയ്യുണ്ട!''

എന്നാൽ ഈ 'കോലാഹല കലപില'കഠംക്കിടയ്ക്കു് ഗംഗവ്വ ഒരു കഠോര വ്രതം കൈക്കൊണ്ടു. നിത്യവും അതു് ഓർമ്മിച്ചു ബുദ്ധിക്കു് ഒരു സ്ഥിരത വരുത്തി. ആ വ്രതത്തിൻെറ പ്രശാന്തഭാവത്തിന്നുമുമ്പിൽ ദേഷ്യവും രോഷവും, നുണയും ചതിയും, സഹിക്കലും സങ്കടപ്പെടലും എല്ലാംതന്നെ, കടലിലെ തിരകഠംപോലെ, നിസ്സാരങ്ങളായി തോന്നി, അവർക്കു്. ആ വ്രതം എന്തെന്നുവെച്ചാൽ....എന്തുമാകട്ടെ, കിട്ടിയെ കൈവിടരുതു്....മരുമകഠം എത്ര വക്രബുദ്ധിയെങ്കിലും ആയിക്കോട്ടെ.വീടു വിടത്തക്കവണ്ണം വലവീശിക്കോട്ടെ. തന്നെ കിട്ടി സ്വയം തിരസ്കരിച്ചോട്ടെ പ്രത്യക്ഷമായിട്ടു്....വീടു വിടാൻ ഇട കൊടുക്കരുതു്. വീടു വിട്ടാൽ, കിട്ടിയിൽനിന്നു് അകന്നാൽ, പിന്നെ തൻെറ ശപഥമെങ്ങനെ കാത്തുരക്ഷിക്കും! ഇതുവരെ തൻെറ പുറത്തേററി നടന്ന മകനെ, കരഞ്ഞുന്നുണ്ടെന്നു കരുതി, നടനീരിൽ കൈവിടാമോ?....ഇനിയും ബാക്കിയാണു് രാഘപ്പയുടെ ദത്തു്....രാഘപ്പ ഇപ്പോഠം അടുത്തു നിന്നു തന്നെ തൻെറ ദ്വേഷം സാധിക്കും. അയാളുടെ ആട്ടം നടക്കാൻ വിടരുതു്. എത്ര അപമാനമായാലും, എത്ര കഷ്ടതയുണ്ടായാലും, തന്നിൽനിന്നു മാത്രമേ ദുർബ്ബലനായ മകനു് നന്മ ലഭിക്കൂ....അതുകൊണ്ടു് അവൻെറ സാമീപ്യം വിടാൻമേല....! ഇന്നു താൻ അവനെ കൈവിട്ടാൽ നാളെ രാഘപ്പ അവനെ ഒന്നിച്ചു വിഴുങ്ങും!....

# 21. ദേസായിയുടെ സന്തോഷ–സന്താപങ്ങൾ

ദേസായിയുടെ മൂത്ത മകൻ അച്യുത, ബി. കോം. പഠിക്കാൻ ബോംബെയ്ക്കു പോയിട്ട് രണ്ടുകൊല്ലം കഴിഞ്ഞു. ഏററവും ഇളയ മകൻ ഇനിയും ഒരു പയ്യൻ തന്നെ. ഇംഗ്ലീഷ് സ്കൂളിൽ അഞ്ചാം സ്റ്റാൻഡേർഡിൽ പഠിച്ചിരുന്നു. നല്ല കുശാഗ്രബുദ്ധി. അവനുവേണ്ടി ഇനിയും രണ്ടുകൊല്ലംകൂടി ധാർവാറിൽത്തന്നെ കഴിഞ്ഞുകൂടണമെന്ന് പരിപാടി ഇട്ടിരുന്ന ദേസായിക്ക്, ഗ്രാമത്തിൽനിന്നു കിട്ടിയിരുന്ന വർത്തമാനം അനുസരിച്ച്, തൻെറ പരിപാടി മാററണമെന്ന ആലോചന തുടങ്ങി. ഇളയവനായ പുരുഷോത്തമനെ ബോംബെയിലുള്ള അച്യുതൻെറ അടുത്തേയ്ക്ക് അയച്ചാലോ എന്ന് അദ്ദേഹത്തിന് ഒരാലോചന. അവനെ അങ്ങോട്ട് അയച്ചാൽ തനിക്ക് ദേശവഴിയിലേയ്ക്കു പോവുകയും ചെയ്യാം. അങ്ങനെ ആലോചിച്ച് ആലോചിച്ചുതന്നെ നാളുകൾ പിഴതെടുത്തു് ഗ്രാമത്തിലേയ്ക്കു പോവാൻ ആവുമോ?....അങ്ങനെ കൊയ്ത്തുകാലം വന്നു, പുതിയ പുതിയ വാർത്തകളും ഏന്തിക്കൊണ്ട്....

വസന്തനെപ്പററിയുള്ള വർത്തമാനം, ഒന്നല്ലെങ്കിൽ മറെറാന്ന്, പതിനഞ്ചു ദിവസത്തിലൊരിക്കൽ ദേസായിക്കു കിട്ടുകതന്നെ ചെയ്തിരുന്നു. ശരിക്കും കിട്ടാതിരുന്ന വർത്തമാനങ്ങൾ ഊഹിച്ച് ഉണ്ടാക്കിയിരുന്നു, അദ്ദേഹം. ഗ്രാമത്തിലെ കൃഷിക്കാർ, അച്ഛൻെറ മുമ്പിൽ പറയാൻകൊള്ളാവുന്ന വർത്തമാനങ്ങൾ മാത്രം, അവതന്നെ വളരെ മയപ്പെടുത്തി, പറഞ്ഞു കേൾപ്പിച്ചിരുന്നു. തൻെറ അന്തസ്സിനു ചേരുന്ന വർത്തമാനങ്ങൾക്കു മാത്രം അവസരം നൽകി, കിട്ടിയ വർത്തമാനങ്ങൾ തൻെറ കല്പനാശക്തികൊണ്ട് പൂർണ്ണമാക്കി, അവയ്ക്കു തൻേറതായ അർത്ഥം നൽകിയിരുന്നു, അദ്ദേഹം. തെമ്മാടികളുടെ കൂട്ടുപിടിച്ച്, അയാൾ ശീട്ടുകളിയിൽ സമയം കളയുകയാണെന്ന വാർത്ത കൃഷിക്കാർതന്നെ പറഞ്ഞിരുന്നു. വസന്തരായൻെറ കൂട്ടുകാരുടെ പേർ കേട്ടപ്പോൾ ദേസായി അനുമാനിച്ചെടുത്തിരുന്നു, അയാൾ കുടിയും തുടങ്ങിയിരിക്കുമെന്ന്. ഗ്രാമത്തിൽ എത്തിയ ഉടൻതന്നെ വസന്തൻ, ഗ്രാമത്തിൻെറ സുഖദുഃഖങ്ങളിൽ, ഗ്രാമീണരേക്കാളും കൂടുതൽ ഉത്സാഹം കാട്ടാൻ തുടങ്ങി. സാമാന്യ ഗ്രാമീണന് കാളകളെപ്പററി നല്ല അഭിമാനം ഉണ്ടായിരിക്കും. അതുകണ്ട് വസന്തനും കാളകളോട് പ്രിയം കാട്ടാൻ തുടങ്ങി. പതിനഞ്ചു ദിവസത്തിലൊരിക്കൽ ധാർവാറിലെ ലൈൻബസാറിലെ പേഡകൾ അവയെ തീററും. ആ തീററ കൊടുക്കൽ അയാളുടെ ഒരു പ്രത്യേകതയായിരുന്നു; കല്പനാവൈഭവത്തിൻെറ ഒരുതരം ജ്ഞാനം. അതുപോലെതന്നെ വയലുകളെപ്പററിയും അഭിമാനം തുടങ്ങി. കൊയ്ത്തുകാലം വന്നാൽ രാത്രി വയലിൽ കിടക്കാൻ പോകും. അങ്ങനെ ഒരിക്കൽ, വെളുപ്പാൻ കാലത്ത് നാലു ചോളക്കതിർ മുറിച്ചെടുത്ത, അയൽ വയലിലെ ഒരു പയ്യനെ ചാവടിയിലേയ്ക്കു പിടിച്ചുകൊണ്ടുവന്ന് ചെരുപ്പുകൊണ്ടു തല്ലി. അതു ഗ്രാമം ഒന്നാകെ 'ഹാഹാ'കാരം മുഴക്കി. വസന്തരായൻെറ പരുക്കൻമട്ടിൻെറ പരിണാമമായി, ഗ്രാമത്തിലെ ദ്വേഷകലഹങ്ങൾ പതുക്കെപ്പതുക്കെ കക്ഷിപിടുത്തത്തിൻെറ

ത്രുപമേന്തി. ആ വാർത്തയും ദേസായിക്കു കിട്ടി. അടുത്ത കാലത്തായി അയാളെപ്പററിയുള്ള വാർത്തകളുടെ സത്യാവസ്ഥ അദ്ദേഹത്തെ ഭയപ്പെടുത്താൻ തുടങ്ങി. സത്യാവസ്ഥ ശരിക്കും അറിഞ്ഞാൽ തന്നെക്കൊണ്ടു് സഹിക്കാൻ കഴിയുമോ? ആ ഭയം നിമിത്തം അദ്ദേഹം വസന്തനെ അയാളുടെ പാട്ടിനു വിടാൻ നിശ്ചയിച്ചു. അയാളെ നേർവഴിയിലേയ്ക്കു കൊണ്ടുവരാനോ അയാഠംകാരണമുണ്ടാകുന്ന ദുഷ്പരിണാമങ്ങളെ പരിഹരിക്കാനോ അദ്ദേഹം പോയില്ല. തനിക്കറിയാവുന്ന സത്യാവസ്ഥ വളരെ മയപ്പെടുത്തി, അദ്ദേഹം ഭാര്യയോടു പറഞ്ഞു. താൻ അറിഞ്ഞതിൻെറ നൂറിൽ പത്തു ഭാഗമെങ്കിലും പറഞ്ഞാൽ തൻെറ ഭാര്യയ്ക്കു് സഹിക്കാൻ ആവില്ലെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. 'കക്ഷിയുണ്ടാക്കി' എന്നതു് നാലു കൂട്ടുകാരെ ഉണ്ടാക്കി എന്നോ, 'വയലിൻ കാവലിനു പോയി ഒരുത്തനെ ചെരുപ്പുകൊണ്ടു് അടിച്ചു' എന്നതു് വയലിലേയ്ക്കു ശ്രദ്ധ ചെലുത്താൻ തുടങ്ങി എന്നോ മാററിമറിച്ചു് പറയുകയാണു് ഉണ്ടായതു്. അങ്ങനെയുള്ള മനോഹര സ്വപ്നങ്ങളുമായി വേണ്ടുവോളം, കാലം പോക്കി.

എന്നാൽ അടുത്തകാലത്തു വന്ന വാർത്ത കുറെക്കൂടി കഠിനമായിരുന്നു. വസന്തൻ വീട്ടിലുള്ള ധാന്യച്ചാക്കുകഠം വിററു; അതുമാത്രമല്ല രണ്ടുമൂന്നു പത്തായം ധാന്യം പന്തയംവെച്ചു; അതു് ശകുനികളായ കൂട്ടുകാർ ധാർവാറിൽ എത്തിക്കുമെന്നു് ഭയപ്പെട്ടു് പന്തയം ഏററവർ ധാന്യമെല്ലാം അവരവരുടെ വീട്ടിലേയ്ക്കു കടത്തി—ഇതായിരുന്നു, ഒടുവിൽ കിട്ടിയ വാർത്ത. ഗ്രാമത്തിലെ മര്യാദക്കാരായ കുടുംബക്കാർ, ദേസായിക്കു നഷ്ടം വരരുതെന്ന വിചാരത്താൽ, കുറഞ്ഞ ലാഭം എടുക്കുന്നതു് അയാഠം സമ്മതിച്ചില്ലെന്നും അങ്ങനെയുള്ളവരുടെ നേരെ തട്ടിക്കയറിയെന്നും ഉള്ള മറെറാരു വാർത്തയും വന്നു. അതിനുശേഷം സത്യം ഭയന്നു് അകലുവാൻ ദേസായിക്കു കഴിഞ്ഞതേയില്ല. ഭാര്യയെ ഇതൊന്നുംതന്നെ അറിയിക്കാതെ, ''കൊയ്ത്തു നോക്കി വരാം'' എന്നു പറഞ്ഞു് ഗ്രാമത്തിലേയ്ക്കു പോയി.

പുറമേയുള്ളവർക്കു് പരിതഃസ്ഥിതിയുടെ ഉൽക്കടാവസ്ഥ അറിയുമായിരുന്നില്ല. എന്നാൽ വസന്തനെ അടുത്തു പരിചയമുള്ള ദേസായിക്കു് അതു് അറിയാൻ വിഷമം ഉണ്ടായില്ല. ഗ്രാമത്തിൽ കക്ഷിപിടുത്തം തലപൊക്കി. രാമനഗൗഡ വലിയ ഒരു നിലമുടമയാണു്. അയാളുടെ 'മുൽക്കി' (ഏഴാം ക്ലാസ്സു്) പരീക്ഷ പാസ്സായ വലിയ മകനും മെട്രിക്കു് പാസ്സാകാത്ത വസന്തനും തമ്മിൽ ബദ്ധ വൈരമായിരുന്നു. ഇരുവരും 'നാലു പുസ്തകം' വായിച്ചവർ; ഇരുവരും പണക്കാർ; ഇരുവരും നിലമുടമകഠം. കിടമത്സരത്തിൽനിന്നു് ആരംഭിച്ചതു് വൈരത്തിലെത്തി. ഗൗഡയുടെ മകൻ തെരുവിലുള്ളവരെ കൂട്ടി, ഒരു നാടൻ കളി കളിപ്പിക്കുന്നതിനു് ഒരുക്കം കൂട്ടി. അതറിഞ്ഞ ഉടൻ, തെമ്മാടികളായ സുഹൃത്തുക്കഠം വസന്തനെ പറഞ്ഞിളക്കി, ഗൗഡ കളി നടത്തിയാൽ തങ്ങഠംക്കു് നാടകം കളിക്കണമെന്നു്. എന്നിട്ടു് അടുത്ത ഗ്രാമത്തിൽനിന്നു് ഒരു പാട്ടുകാരനെ വരുത്തി. വീട്ടിൽത്തന്നെ 'മേള'ത്തിനുള്ള ഏർപ്പാടും ചെയ്തു.

ഭാഗവതരായ അപ്പണ്ണഭട്ട 'മേള'ക്കാർക്കെല്ലാം രാത്രി മുഴവൻ നാടകപ്പാട്ട ചൊല്ലി ക്കൊടുത്തു. നിദ്രയില്ലാത്ത രാവുകറം. എന്നാൽ ദ്വേഷത്തിൽനിന്നു ജനിച്ച തെങ്കിലും ആ സുന്ദരശൃംഗാരത്തിൽ ഇടയ്ക്കിടയ്ക്ക് ശങ്ക, തകരാറ് എന്നിവ ഉണ്ടാ യിക്കൊണ്ടിരുന്നു.

ദേസായി ഗ്രാമത്തിലേയ്ക്ക വന്ന ഉടൻ വീട്ടിനുള്ളിലെ ബഹളം അടങ്ങി. അതോടൊപ്പം വസന്തനും അടങ്ങി. വീട്ടിൽത്തന്നെ ഉണ്ടായിരുന്നാലും അയാറം അച്ഛനെ കാണാതെ കഴിച്ചുകൂട്ടും. വീടിൻെറ പിൻഭാഗത്താണ് ദേസായി എങ്കിൽ അയാറം വീടിൻെറ മുൻഭാഗത്തായിരിക്കും. ദേസായി മുൻഭാഗത്തെ ങ്കിൽ അയാറം പിൻഭാഗത്തായിരിക്കും. അങ്ങനെ 'യാ നിശാ സർവ്വഭൂതാനാം' എന്ന മട്ട് ആയി. വസന്തൻെറ കൂട്ടുകാർ പേടിച്ച് വീടുവിട്ടോടി. അതു കൊണ്ട് ദേസായി കരുതി, നാടകത്തിൻെറ കളി അവസാനിച്ചുവെന്ന്. എന്നാൽ രണ്ടു ദിവസങ്ങറംക്കുള്ളിൽത്തന്നെ, തെരുവിലെ ഒരു മൂലയ്ക്കുള്ള 'ഭൂത വീട്' എന്നു പേരായ സ്ഥലത്ത് ആ 'രാത്രിപൂജ' ആരംഭിച്ച് ഒരു ദിവസവും മുടങ്ങാതെ നടക്കുന്നുണ്ടെന്ന് അറിവു കിട്ടി. ദേസായി വസന്തനെ വിളിച്ചു. എന്നാലോ അയാറം അദൃശ്യനായി. വിളിക്കാൻ പറഞ്ഞയച്ച വാലിയക്കാരോട് അയാറം ''വരില്ലെന്ന് പറഞ്ഞൂന്നു പറ. പൊയ്ക്കോ!'' എന്നു ധിക്കാര ത്തോടെ പറഞ്ഞയച്ചു. എന്നാലും വാലിയക്കാർ, ദേസായിയോടുള്ള ഭയം കൊണ്ടോ, സ്വന്തം ബുദ്ധിചാതുര്യംകൊണ്ടോ എന്തോ, തിരിച്ചു വന്ന്, ''ഇപ്പോറം വരുന്നൂന്ന് പറഞ്ഞു പോയി!'' എന്നു ദേസായിയോടു പറഞ്ഞു. ഒരു തവണ ദേസായി വാലിയക്കാരോടു പറയണമെന്നു വിചാരിച്ചു, വസ ന്തനെ ബലാൽക്കാരമായി പിടിച്ചുകൊണ്ടു വരാൻ. പക്ഷെ അയാറം നാളെ 'ബഹാദൂർ ദേസായി'യുടെ മഞ്ചത്തിൽ ഏറാൻപോകുന്നവനാണ് എന്നു വിചാ രിച്ച് അദ്ദേഹം അത്രദൂരം പോയില്ല. പകരം മററൊരു ഉപായം കണ്ടുപിടിച്ചു. വസന്തനുമായുള്ള 'കണ്ണൊളിച്ചു കളി' കൈവിട്ടു. വാലിയക്കാരെ പറഞ്ഞയച്ച് ഭാഗവതരായ അപ്പണ്ണഭട്ടനെ വിളിച്ചുവരുത്തി. അയാളുടെ കൈയിൽ പതി നഞ്ചു രൂപ വെച്ചുകൊടുത്തു്, ഊരുവിട്ട് ഉടൻ പുറത്തുപോകാൻ അയാറംക്ക് 'അടിയന്തിര കല്പന' നൽകി. അപ്പണ്ണഭട്ട ഓടിപ്പോയ വാർത്ത ഊരെല്ലാം പരന്ന്, രാമനഗൗഡയുടെ വീട്ടിലും എത്തി. വസന്തൻ അപമാനിതനായി. അയാറംക്ക വേദന തോന്നി. അയാറം താനേ വന്നു, അച്ഛനെ കാണാൻ. അദ്ദേ ഹം അയാളെ ശകാരിച്ചു; ഇനി ഒരിക്കൽ ചോദിക്കാതെ ധാന്യം വിൽക്കരു തെന്ന് അയാറംക്ക് കല്പന നൽകി. എന്നിട്ട് അപ്പണ്ണഭട്ടനെ തിരിച്ചു വിളി ക്കാൻ അനുവാദവും നൽകി. ധാന്യം വിററ പണത്തിൽ കുറച്ച് അയാളുടെ കൈയിൽ ബാക്കിയുണ്ടായിരുന്നു. അതു് അയാറംക്ക തന്നെ വിട്ടുകൊടുത്തു. കൃഷിക്കാരെ വിളിച്ച് ആജ്ഞാപിച്ചു, വസന്തൻെറ മേൽ ഒരു ദൃഷ്ടി ഉണ്ടായിരി ക്കണമെന്ന്. അവരിൽനിന്നു കിട്ടേണ്ട പണം വസൂലാക്കി. അങ്ങനെ പതി നഞ്ചു ദിവസങ്ങറംക്കുശേഷം തിരിച്ചുപോന്നു, ദേസായി.

ധാർവാറിൽ ദേസായിയേയും കാത്തു് ഒരു കത്തു് കിടന്നിരുന്നു.

ക്ഷേമം ശ്രീ. ബുധനാഴ്ച, തീയതി 12,
ബോംബെ.

തീർത്ഥരൂപന്റെ ചരണാരവിന്ദങ്ങളിൽ ചിരംജീവി അച്യുതന്റെ ശിരഃസാഷ്ടാംഗ നമസ്കാരങ്ങൾ. ഞാൻ ക്ഷേമത്തോടെ ഇരിക്കുന്നു. ഇപ്പോൾ ഞാൻ കോമേഴ്സ് കോളേജു വിട്ടു. വേറെ പഠിപ്പു തുടങ്ങാൻപോകയാണ്. കോളേജു പഠിപ്പിൽ യാതൊരു അർത്ഥവുമില്ലെന്ന് എനിക്കു തോന്നി. അതുകൊണ്ട് വിട്ടു. അത് ആദ്യം അറിയിക്കാഞ്ഞതിനു ക്ഷമിക്കണം. എന്നാൽ വേറെ ജോലി പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. പുതിയതായി ചേർന്നതുകൊണ്ട് പണത്തിന്റെ വിഷമം ഉണ്ട്. അതുകൊണ്ട് ദയവുചെയ്തു താഴെയുള്ള വിലാസത്തിൽ നൂറു രൂപ അയച്ചുതരണം. വൈകിക്കരുത്. ശേഷം ക്ഷേമം. മാതൃശ്രീകൾക്ക് ശിരഃസാഷ്ടാംഗ നമസ്കാരങ്ങൾ. അവരുടേയും ചിരംജീവി അനുജന്റേയും ക്ഷേമവാർത്തകൾ അറിയിക്കണം.

എന്ന്,
—അച്യുതൻ

വിലാസം: എ.ജി.ബി. ദേസായി,
കേർ ഓഫ്: ദേവിദാസ് റ്റ്വവർ മിൽ,
നമ്പർ 10021, ലാൽബാഗ്, ബോംബെ.

ദേസായിക്ക് കത്തിന്റെ അർത്ഥമേ തിരിഞ്ഞില്ല. കോളേജ് വിട്ടത് എന്തിന്?... ആർട്ട്സ് പഠിക്കുന്നതിൽ അർത്ഥമില്ലെന്നു പറഞ്ഞു ശാഠ്യംപിടിച്ച് സ്വയം കോമേഴ്സിനു ചേർന്നവൻ ഇപ്പോൾ കോളേജ് പഠിപ്പിലേ അർത്ഥമില്ലെന്ന് എന്തുകൊണ്ടു പറയുന്നു....പുതിയ ജോലി എന്ത്?....ഈ പുതിയ വിലാസം എവിടത്തെയാണ്? 'മാവുമില്ലിൽ' അവന് എന്തു വേല? വല്ല അവിവേകവും പ്രവർത്തിച്ചിട്ടുണ്ടായിരിക്കും, അല്ലേ?... എന്തുകൊണ്ടെന്നാൽ, ബോംബെയിലെ പലതരം 'വാർത്ത'കളും അടുത്തകാലത്ത് വർത്തമാനപ്പത്രങ്ങളിൽ വരാൻതുടങ്ങിയിരിക്കുന്നു .. എന്തുമാകട്ടെ, സ്വയം പോയി നോക്കിവരണമെന്ന് വിചാരിച്ചു, ദേസായി. പണം കമ്പിമണിയോർഡർ ആയി അയച്ചു. രണ്ടു മൂന്നു ദിവസം കഴിഞ്ഞശേഷം അദ്ദേഹം ബോംബെയ്ക്കു പുറപ്പെട്ടു; ''അച്യുതനെ ഒന്നു കണ്ടിട്ടുവരാ''മെന്നു മാത്രം ഭാര്യയോടു പറഞ്ഞിട്ട്.

ബോറിബന്ദറിൽ ഇറങ്ങിയ ഉടൻ, ലാൽബാഗിനെപ്പററിയുള്ള വിചാരം വിട്ടുകളഞ്ഞ്, ദേസായി ആദ്യം കോമേഴ്സ് കോളേജിലെ ഹോസ്റ്റലിലേയ്ക്കു പോകാനായി ഒരു 'വിക്ടോറിയ' പിടിച്ചു. അവിടെ ചെന്ന് ഹോസ്റ്റൽ സൂപ്രണ്ടിനെ കണ്ടപ്പോൾ അച്യുതന്റെ അവിവേകത്തിന്റെ വാർത്ത ഉടൻ ലഭിച്ചു.

ഉപ്പുസത്യാഗ്രഹം!

അച്യുതൻ രണ്ടു കൂട്ടുകാരോടൊപ്പം കോളേജിൻെറ മുമ്പിൽ ഒരുതവണ പിക്കററിംഗ് നടത്തിയെന്ന സംശയത്തിന്മേൽ കോളേജ് അധികാരികൾ അയാൾക്ക് ഒരു 'വാണിങ്' അയച്ചു. പിറേറന്ന് നാട്ടിൽ പോയിവരാമെന്ന് സൂപ്രണ്ടിനോട് പറഞ്ഞുവത്രേ, അയാൾ. സൂപ്രണ്ടിന് സംശയം തോന്നി, അയാളോടു ചോദ്യങ്ങൾ ചോദിച്ചുവത്രേ. എന്നാൽ അദ്ദേഹത്തിന് ഉപദേശിക്കാനുള്ള അവസരമേ കൊടുക്കാതെ, അയാൾ, ''നാട്ടിലേയ്ക്കു പോകയാണ്, മറെറങ്ങും അല്ല!'' എന്നു പറഞ്ഞ്, ഹോസ്റ്റലിൽനിന്നു പോയി, പരസ്യമായി സത്യാഗ്രഹത്തിൽ ചേർന്നുവത്രേ. അയാളുടെ കൂട്ടുകാർ മൂന്നു ദിവസം ജയിലിൽ കിടന്നു. ക്ഷമാപണം ചോദിച്ചതുകൊണ്ട് അവരെ പുറത്തേയ്ക്കു വിട്ടു. വീണ്ടും കോളേജിൽ അവരെ പ്രവേശിപ്പിക്കുകയും അവർക്ക് ഹോസ്റ്റലിൽ ഇടം നൽകുകയും ചെയ്തു. എന്നാൽ അച്യുതൻ മാത്രം, ക്ഷമാപണം ചോദിക്കാത്തതുകൊണ്ട്, ഒരു മാസത്തെ ജയിൽവാസം അനുഭവിച്ചു! ജയിലിൽനിന്നു വിട്ടുവന്നശേഷം വീണ്ടും കോളേജിലേയ്ക്കു വന്നുവത്രേ. എന്നാൽ ഗവൺമെൻറ് ആദ്യമേ കോളേജുകാർക്ക് റിപ്പോർട്ട് അയച്ചതുകൊണ്ട് അയാളെ കോളേജിൽ വീണ്ടും ചേർത്തില്ല. ഹോസ്റ്റലിൽനിന്ന് എല്ലാം കെട്ടുകെട്ടി, അയാൾ എങ്ങോ പോയി, പതിനഞ്ചു ദിവസം മുമ്പ്........

ദേസായി അച്യുതൻെറ കൂട്ടുകാരെ വിളിപ്പിച്ച് അവരിൽനിന്ന് വിവരങ്ങൾ എല്ലാം അറിഞ്ഞു....അതേ കഥ....ജയിലിൽ വെച്ചു തങ്ങൾ എത്ര പറഞ്ഞിട്ടും നിർബ്ബന്ധം പിടിച്ച് അവിടെത്തന്നെ ഇരുന്നുവെന്നും, തൽക്കാലം എവിടെ ആണെന്ന് തങ്ങൾക്ക് അറിയില്ലെന്നും അവർ പറഞ്ഞു. അതിനും പുറമേ അച്ഛന് ഒന്നും എഴുതരുതെന്ന് തങ്ങൾക്ക് താക്കീതു നൽകിയിട്ടുണ്ടെന്നും അവരിൽനിന്നും മനസ്സിലാക്കി.

തനിക്ക് എന്തുകൊണ്ട് കത്തെഴുതിയില്ല എന്നു ദേസായി സൂപ്രണ്ടിനോട് വളരെ താഴ്മയോടെ ചോദിച്ചു. ''എഴുതിയപോലെ ഉണ്ടല്ലോ. ഞാൻതന്നെയാണ് ഡ്രാഫ്ടു ചെയ്തത്. പ്രിൻസിപ്പാൾ ഒപ്പിടുകയും ചെയ്തു'', എന്നു പറഞ്ഞ് അദ്ദേഹം തൻെറ 'ഔട്ട്‌വേർഡ് രജിസ്റ്റർ' മറിച്ചു നോക്കാൻ തുടങ്ങി. കണ്ടെത്തി. സർക്കാരിൽനിന്ന് റിപ്പോർട്ടു വന്ന ഉടൻ കത്തെഴുതിയിട്ടുണ്ട്. എന്നാൽ എന്തുകൊണ്ട് ദേസായിക്ക് കിട്ടിയില്ല?....ദേസായി ഔത്സുക്യത്തോടെ രജിസ്റ്ററിൽ കണ്ണോടിച്ചു: തൻെറ പേർ ശരിയായിട്ടുണ്ട്; എന്നാൽ സ്ഥലപ്പേരു് ധാർവാർ എന്നതിനു പകരം ധാവാൽ എന്നായിരിക്കുന്നു. ശരി. എന്നാലും കത്തു് ചുററിക്കറങ്ങി ഇപ്പോഴെയ്യെങ്കിലും 'ചാവു കത്തു് കച്ചേരി' (ഡെഡ് ലററർ ഓഫീസ്)യിൽ ചെന്നുചേരണ്ടേ?....

ആർക്കും ദോഷം വരുത്തണമെന്ന മനസ്ഥിതിയില്ലാത്ത ദേസായി സൂപ്രണ്ടിനോടു ചോദിച്ചു: ''ഇപ്പോൾ ക്ഷമാപണം ചോദിച്ചാൽ കോളേജിൽ ചേർക്കുമോ!'' അദ്ദേഹത്തിനു പെട്ടെന്ന് മറുപടി നൽകാൻ ധൈര്യം വന്നില്ല. സർക്കാർ

റിപ്പോർട്ടാകട്ടെ, നിസ്സന്ദേഹമായും അയാൾക്കെതിരാണ്. സൂപ്രണ്ടിനാകട്ടെ, പ്രിൻസിപ്പാളിനാകട്ടെ അച്യുതനെപ്പററി നല്ല അഭിമാനമുണ്ടായിരുന്നു—നല്ല ഒരു വിദ്യാൎത്ഥിയെന്ന നിലയ്ക്ക്. ''നിലയ്ക്ക്'' എന്നു പറഞ്ഞു്, സൂപ്രണ്ട് പ്രിൻസിപ്പാളുമായി ഫോണിലൂടെ ചർച്ചചെയ്തു വന്നു്, അറിയിച്ചു: ''അവൻെറ ഹാജർ വളരെ പോയിരിക്കും. അതിനുംപുറമേ, ഗവൺമെൻറ് ഇപ്പോഴിപ്പോഴായി വളരെ കർക്കശമായിവരികയാണ്, ക്ഷമാപണം ചോദിച്ചു പുറത്തു വന്ന വിദ്യാൎത്ഥികൾ വീണ്ടും പ്രക്ഷോഭണത്തിൽ ചേൎന്നതു നിമിത്തം. എന്നാൽ അച്യുതനെപ്പററി ഞങ്ങൾക്കെല്ലാവർക്കും നല്ല അഭിപ്രായം ഉള്ളതുകൊണ്ട് അവനു് ഒരു 'സ്പെഷ്യൽ റക്കമെൻഡേഷൻ' കൊടുത്തു് ചേർക്കാൻ കഴിഞ്ഞേയ്ക്കും. എന്നാൽ ഇനിമേൽ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടുകയില്ലെന്നു് എഴുതിക്കൊടുക്കണം.''

അച്യുതൻ കോളേജിൽ എല്ലാവർക്കും പ്രിയപ്പെട്ട ഒരുവനാണെന്നു് അറിഞ്ഞു് ദേസായിക്കു് ആനന്ദവും അഭിമാനവും, ഒപ്പം വിഷാദവും ഉളവായി. ജയിലിൽ പോയ വാർത്ത ഇന്നല്ലെങ്കിൽ നാളെ ധാർവാറിൽ അറിഞ്ഞാൽ എങ്ങനെയാവും എന്ന പരിഭ്രമവും അദ്ദേഹത്തെ വന്നു പൊതിഞ്ഞു. ക്ഷമാപണം ചോദിച്ചില്ല എന്ന സംഗതി ആലോചിച്ചപ്പോൾ, 'അവൻതന്നെ ബഹദൂർ ദേസായി!' എന്ന അഭിമാനം അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പി.... ''ജയിൽവാസം അനുഭവിച്ചു'' എന്ന സംഗതി ആലോചിക്കുമ്പോൾ അപമാനഭീതിയും........

സൂപ്രണ്ട്, അവസാനമായി, ഒരു ഉത്തമ വിദ്യാർത്ഥിയുടെ വിദ്യാജീവിതം ഇങ്ങനെ പാഴായിപ്പോകുന്നതിൽ തനിക്കും പ്രിൻസിപ്പാളിനും ഉള്ള മനോവേദന ഒരിക്കൽക്കൂടി, വ്യക്തമാക്കി, ''ഒരു ക്ഷമാപണക്കത്തു് തന്നേയ്ക്കു്; പിന്നീടുള്ളതു് ഞങ്ങൾ നോക്കിക്കൊള്ളാം'' എന്ന ആശ്വാസം നൽകി ദേസായിയെ പറഞ്ഞയച്ചു.

ദേസായി മറുവാക്കൊന്നും ഓതാതെ ലാൽബാഗിലേയ്ക്കു പുറപ്പെട്ടു. ലാൽബാഗിൽ ടോംഗ വിട്ടു്, ദേവിദാസ് ഫ്ളവർ മിൽ തേടി, അലഞ്ഞു. ഉച്ചനേരം. ഒരു മണി ആയി. ലാൽബാഗിൽ വീടു കണ്ടുപിടിക്കൽ ഒരു നശിച്ച ജോലിയാണ്. അര മൈൽ ദൂരംവരെ മിൽഫാക്ടറികളുടെ ഒരു ചതുരവളപ്പ്. അതിനുശേഷം തിങ്ങിനിൽക്കുന്ന വീടുകളും കുടികളും, സമ്മിശ്രമായിട്ടു്. അവസാനം പോസ്റ്റുമാൻെറ സഹായം നേടി, ദേവിദാസ് ഫ്ളവർ മിൽ കണ്ടുപിടിച്ചു.

അതു് കുടിൽപോലെയുള്ള ഒരു കെട്ടിടമായിരുന്നു. പുറത്തു് മങ്ങിയ മട്ടിൽ ഗുജറാത്തി ലിപികളിൽ 'ദേവിദാസ് ഫ്ളവർ മിൽ' എന്നു് എഴുതിവെച്ചിരുന്നു. തകരംകൊണ്ടുള്ള മേൽപ്പുര. സമീപത്തുതന്നെ പഞ്ഞിക്കച്ചവടം മുതലായതു് നടന്നിരുന്നതുകൊണ്ടു് ആ തകരത്തകിടിന്മേലും ചുമരിന്മേലും തരിതരിയായി പഞ്ഞി അള്ളിപ്പിടിച്ചിരുന്നു. എല്ലാം പഴഞ്ചൻ. എല്ലാം അഴുക്ക

പിടിച്ചതു്. ഉള്ളിൽ, പററുവരവുകാർ ഇല്ലാതിരുന്നതു നിമിത്തം ഈച്ചയാട്ടി ക്കൊണ്ടു്, ഒരു വിചിത്ര മനുഷ്യൻ കുത്തിയിരുന്നിരുന്നു. ത്രികോണാകാരത്തി ലുള്ള മുഴപ്പുള്ള മുൻതല, കൂർപ്പൻ മൂക്കു്, കുന്നിക്കുരുപോലെ ചുവന്ന വലിയ കണ്ണുകൾ, തലമേൽ കുട്ടിയായി എഴുന്നു നിൽക്കുന്ന ഞരമ്പുകൾ—അങ്ങനെ എല്ലാം വിചിത്രമായിരുന്നു. എന്നാൽ അയാളെ കണ്ട ഉടൻ എങ്ങോവെച്ച് കണ്ടിട്ടുള്ളപോലെ ഒരു തോന്നൽ. അയാൾ ഭൈയ്യകളെപ്പോലെ കൈയില്ലാത്ത നീളം കുറഞ്ഞ കുപ്പായം, വീതി കുറഞ്ഞ ധോത്തി എന്നിവ ധരിച്ചിരുന്നു. എന്നാൽ ആ ഉടുപ്പുകളിന്മേൽ പൂഴിയുടെ ഒററ തരിപോലും പററിയിരുന്നില്ല. ബോംബെയിലെ ഇത്ര അഴുക്കുള്ള സ്ഥലത്തു്, ഇങ്ങനെയുള്ള 'മാവുമില്ലി'ൽ, അയാളുടെ വൃത്തിയുള്ള ഉടുപ്പു കണ്ടു് ദേസായിക്കു് ആശ്ചര്യം തോന്നി. അതു് അയാളുടെ വിചിത്ര ഗുണങ്ങളിൽ ഒന്നായിരുന്നു. അതുകൊണ്ടു് അയാൾ പൂർണ്ണമായും ഒരു ഭൈയ്യയെപ്പോലെ കാണപ്പെട്ടിരുന്നില്ല. ദേസായി വന്നതു കണ്ടു് അയാൾക്കും ആശ്ചര്യം ഉണ്ടായപോലെ തോന്നി. ദേസായിയുടെ നേരെ നോക്കിക്കൊണ്ടു്, ''ക്യാ ഹൈ?'' എന്നു് ഒരു പൗരുഷ സ്വരത്തിൽ ചോദിച്ചു.

''ഇധർ കോയി ബഹാദൂർ ദേസായി നാം വാലാ ആദ്മി ഹൈ?'' (ഇവി ടെ ബഹാദൂർ ദേസായി എന്നു പേരുള്ള ഒരാൾ ഉണ്ടോ?)

''ആരാണു് നിങ്ങൾ?........അയാളുടെ കാരണവരാണോ?''........ഒററയ ടിയ്ക്കു് ആ ഭൈയ്യാ എന്നു തോന്നിയ മനുഷ്യൻ തനി കന്നഡത്തിൽ സംസാരിക്കു ന്നതു കേട്ടു് ദേസായി സ്തബ്ധനായിപ്പോയി. അയാൾക്കു് ഒരു വിക്കനെപ്പോലെ കടപടാന്നു് പറയുന്ന ശീലമുണ്ടായിരുന്നു.

''അതെ. ആൾ ഇവിടെ ഉണ്ടോ?''

''ഇതാ ഇപ്പോൾ പോയി....ഇവിടെ ഉണ്ടു്, ഇപ്പോൾ പോയി....ഇതു വരെ ഉണ്ടായിരുന്നു....ഈ പട്ട റിപ്പയർ ചെയ്തു....ചെയ്തു ഉടൻ പോയി''.

''എങ്ങോട്ടു പോയി.''

''വർത്തമാനപ്പത്രത്തിലേക്കു്. ഒമ്പതു മുതൽ പന്ത്രണ്ടരവരെ ഞങ്ങളുടെ അടു ത്തു്. രണ്ടര മുതൽ അഞ്ചര വരെ വർത്തമാനപ്പത്രത്തിൽ....''

''ഏതു വർത്തമാനപ്പത്രത്തിൽ?''

''അതൊന്നും എനിയ്ക്കറിയില്ല.''

ഈ മനുഷ്യനെ ദേഷ്യപ്പെടുത്തുന്നതു് ശരിയല്ലെന്നു കരുതി, ദേസായി അയാളെ സന്തോഷിപ്പിക്കുന്ന മട്ടിൽ ചോദിച്ചു:

''നിങ്ങളുടെ പേർ എന്താണു്? നാടേതാണു്?''

''അതൊന്നും എനിയ്ക്കറിയില്ല!'' ആ മനുഷ്യൻ ഇനിയും ദേഷ്യത്തിൽ ത്തന്നെ എന്നു തോന്നി.

''അയാളെ എപ്പോഴാണു് കാണാൻ കഴിയുക?''

''രാത്രി ഏഴിനു വരുന്നു്, ഏഴിനു്....അല്ലല്ല....ഏഴരയ്ക്കു വരുന്നു്, ഏഴരയ്ക്കു്....അപ്പോഴേയ്ക്കും വരും. എൻെറ വീട്ടിലാണു് ഉറങ്ങുന്നതു്.''

ഹാവൂ! മകനെപ്പററി ഇത്രയെങ്കിലും അറിഞ്ഞല്ലോ. സന്ധ്യയ്ക്കു വരാമെന്നു കരുതി, ദേസായി, ''വരാം'' എന്നു പറഞ്ഞു് അവിടെനിന്നു പുറപ്പെടാൻ തയ്യാറായി. എന്നാൽ ആ മനുഷ്യൻ അത്രകൊണ്ടു വിട്ടില്ല.

''സന്ധ്യയ്ക്കു വരുന്നു്....വന്നു് കണ്ടിട്ടു പോകുന്നു്....പിന്നെ ഉറങ്ങാൻ സ്ഥലം അയാഠം ഒററഒരുത്തനു മാത്രമേ ഉള്ളു....എൻെറ അവിടെ ഇടമില്ല.... ഇല്ല....നിങ്ങഠംക്കു് ഉറങ്ങാനുള്ള ഇടം....നിങ്ങഠംക്കുള്ളതു് നിങ്ങഠം നോക്കിക്കൊള്ളണം....പിന്നെ....''

അയാളുടെ അറുത്തുമുറിച്ച സംസാരം കേട്ടു് ദേസായിയ്ക്കു ചിരിവന്നു. അയാളുടെ കൈയിൽ നിന്നു് ദേസായി ഒരു തരത്തിൽ രക്ഷപ്പെട്ടു. സന്ധ്യയ്ക്കു കാണാൻ കഴിയും. അച്യുതൻ വസന്തനെപ്പോലെ പററിച്ചു ചാടുന്നവനല്ല— അങ്ങനെ അദ്ദേഹത്തിൻെറ പരിഭ്രമം തെല്ലു് ഇല്ലാതായി. ഉൽക്കണ്ഠ നിമിത്തം ഇതുവരെ തോന്നാതിരുന്ന ക്ഷീണവും വിശപ്പും ഒററയടിയ്ക്കു് അദ്ദേഹത്തിനു തോന്നി. ബസ്സിൽനിന്നിറങ്ങി കോട്ടയ്ക്കു പോയി, അവിടെ താൻ താമസിച്ചിരുന്ന ഹോട്ടലിൽ അദ്ദേഹം കുളിയും ഭക്ഷണവും കഴിച്ചു. രണ്ടു മണിക്കൂർ നേരം നല്ലപോലെ ഉറങ്ങി, സന്ധ്യയായപ്പോഴേയ്ക്കു മില്ലിൻെറ മുന്നിൽ എത്തി. അതിൻെറ മുമ്പിലുള്ള അറുവഷളായ ഒരു ഇറാണി ഹോട്ടലിൽ കയറി ചായ വരുത്തി. എന്നാൽ ചായ ഒററ തുള്ളിപോലും കുടിക്കാതെ, വാതിലിനു വെളിയിലേയ്ക്കു നോക്കിക്കൊണ്ടു് കുത്തിയിരുന്നു.

സുമാർ ഏഴരയ്ക്കു് അച്യുതരായ ഖാദി പൈജാമയും ഖാദിത്തൊപ്പിയും ധരിച്ചു്, ചെരുപ്പു് ചീത്തയായതുകൊണ്ടു് കാൽ ഇഴച്ചു് ഇഴച്ചു വെച്ചു്, മില്ലിൽ എത്തിച്ചേർന്നു. ആളെ തിരിച്ചറിഞ്ഞു; അതുപോലെ ഇന്നുള്ള അന്തരവും. ഒരു അച്ഛൻേറതായ അന്തഃകരണ ചക്ഷുസ്സുകൊണ്ടു്, നീണ്ടുകിടക്കുന്ന കുപ്പായത്തിൻെറ ഉള്ളിലുള്ള അയാളുടെ ശോഷിച്ച ശരീരം കാണുവാൻ കഴിഞ്ഞു. കുപ്പായം ധരിച്ചിരുന്നതു നിമിത്തം തെല്ലു് തടിച്ചപോലെ തോന്നിയിരുന്നെങ്കിലും ദേസായിക്കു് ഒററ നോട്ടത്തിൽ സത്യാവസ്ഥ മനസ്സിലായി. അയാളുടെ പിന്നാലെ അദ്ദേഹവും മില്ലിനകത്തേയ്ക്കു ചെന്നു. അന്നേരം ഈ സംഭാഷണം കേഠംക്കായി:

''എന്താ, പട്ട ശരിക്കു പ്രവർത്തിക്കുന്നില്ലേ?''

''നിങ്ങളുടെ അച്ഛൻ വന്നിട്ടുണ്ടു്!''

''ആരു്?''

ദേസായി പിന്നിലൂടെ ചെന്നു് അച്യുതൻെറ ചുമൽ സ്പർശിച്ചു.

ചൗപ്പാട്ടിയിലെ മണൽപ്പുറത്തു് ഇരുന്നു്, അച്ഛനും മകനും വളരെനേരം സംസാരിച്ചു. ക്ഷമാപണം ചോദിക്കാൻ അയാളോടു പറയണമെന്നു്, എത്ര

ശ്രമിച്ചിട്ടും, ദേസായിക്കു കഴിഞ്ഞില്ല. അദ്ദേഹം അയാളിൽ നിന്നു നേരിട്ട് എല്ലാ വിവരവും ആദ്യന്തം മനസ്സിലാക്കി. തൻെറ പരാക്രമമെല്ലാം പറയാൻ അച്യുതനു് നാണം തോന്നി. അച്ഛനാകട്ടെ യാതൊരു ദേഷ്യവും കാട്ടാതെ എല്ലാം കേൾക്കാൻ തയ്യാറായി. ദേശാഭിമാനത്തിൻെറ അന്തരീക്ഷത്തിൽ അച്യുതനു് മററൊന്നും സംസാരിക്കാനേ കഴിഞ്ഞിരുന്നില്ല. അങ്ങനെ നാണിച്ചു നാണിച്ചുതന്നെ അയാൾ എല്ലാം പറഞ്ഞു. ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹത്തെ സംബന്ധിച്ച വാർത്ത, അദ്ദേഹത്തിൻെറ ദാണ്ഡിപ്രസ്ഥാനം, എന്നീ വർത്തമാനങ്ങൾ വർത്തമാനപ്പത്രങ്ങളിൽ വരാൻ തുടങ്ങിയതോടെ, ബോംബെയിലും ബഹുജനപ്രക്ഷോഭം ഉണ്ടായി. അതിൽ വിദ്യാർത്ഥികൾ ഉത്സാഹത്തോടെ പങ്കെടുത്തു. രാഷ്ട്രീയപ്രക്ഷോഭമാകട്ടെ, ധാർമ്മികപ്രവർത്തനങ്ങളാകട്ടെ, എല്ലാററിലും വിദ്യാർത്ഥികൾ മുൻപന്തിയിൽ ഉണ്ടായിരിക്കും. എല്ലാ കോളേജുകളിലും ഉണ്ടായപോലെ കോമേഴ്സ് കോളേജിലും ഒരു ദിവസം ജോറായി പിക്കററിങ് നടന്നു. എന്നാൽ അതിൽ പങ്കെടുത്തവർക്കു് വാണിങ് കൊടുക്കാൻ തുടങ്ങിയതോടെ സംഘടന പൊളിഞ്ഞു. കോമേഴ്സ് കോളേജ് പോലെയുള്ള ചെറിയ കോളേജിൽ പരസ്പരം ഏഷണി പറയലും ധാരാളം. എന്നാലും പ്രക്ഷോഭണം രഹസ്യമായി മുന്നോട്ടു പോയി. കോളേജു പൂട്ടിക്കാനുള്ള വൃഥാശ്രമം ദിവസംതോറും ചെയ്തുകൊണ്ടിരിക്കുക എന്നതു് അച്യുതനു് ബേജാറായിരുന്നു. കോളേജിൽനിന്നു പുറത്തു വന്ന വിദ്യാത്ഥികൾ സിനിമാ തിയേററിലേക്കോ സ്വന്തം വീടുകളിലേക്കോ പോകുന്നതു കണ്ടു് ആ പ്രക്ഷോഭത്തിൻെറ പ്രയോജനമില്ലായ്മ അച്യുതനെ നോവിക്കാൻ തുടങ്ങി. അതു നിമിത്തം അയാൾ പ്രചരണം നടത്തി, വിദ്യാർത്ഥികൾ ഉപ്പുസത്യാഗ്രഹത്തിൽ നേരിട്ടു പങ്കെടുക്കണമെന്നു്. അതു് മററു വിദ്യാർത്ഥികൾ എതിർത്തു. ഗാന്ധിജിതന്നെ വിദ്യാർത്ഥികൾ സത്യാഗ്രഹത്തിൽ പങ്കെടുക്കരുതെന്നു് സൂചിപ്പിച്ചിട്ടുണ്ടെന്നു് അവർ വാദിച്ചു. എന്നാൽ ഗാന്ധിജി പറഞ്ഞതു് പിന്നീടു് തകരാറുണ്ടാക്കുന്ന, കരഞ്ഞുപിഴിയുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണെന്നും, നന്മതിന്മകൾ തിരിച്ചറിയാനുള്ള ബുദ്ധിയോടെ, സത്യാഗ്രഹത്തിൻെറ വില കൊടുക്കാൻ തയ്യാറുള്ളവർ, വിദ്യാർത്ഥികളാണെങ്കിലും, സത്യാഗ്രഹത്തിൽ പങ്കെടുക്കേണ്ടതാണെന്നു് അച്യുതനു തോന്നി. കോമേഴ്സ് കോളേജിൽ നിന്നു് ഒന്നു രണ്ടു പേരെ മാത്രമേ കിട്ടിയുള്ളുവെങ്കിലും മററു കോളേജുകളിൽ നിന്നു് സത്യാഗ്രഹത്തിനു സന്നദ്ധരായ നൂറുകണക്കിനു വിദ്യാർത്ഥികളുടെ ഒരു സംഘം, സമുദ്രതീരത്തിലേക്കു പോകുന്ന വഴിയിലൂടെ, ഘോഷയാത്രയായി പോയി, ഉപ്പെടുത്തു. ജയിലിൽ ക്ഷമാപണം ചോദിച്ചു രക്ഷപ്പെട്ടവർ കുറച്ചുമാത്രം. എന്നാൽ സന്തോഷത്തോടെ ജയിൽവാസം സ്വാഗതംചെയ്തവരുടെ സംഖ്യ ഒട്ടും കുറവല്ല.... അങ്ങനെ ഇനി പഠിക്കാൻ വിഷമമാണു്...

''ഒരു സംഗതി നോക്കു്. ഡിഗ്രി എടുത്തശേഷം ഇഷ്ടംപോലെ രാഷ്ട്രീയപ്രവർത്തനം ചെയ്യാം. ഇപ്പോൾ പഠിപ്പു് ഉപേക്ഷിക്കണമെന്നാണോ നിൻെറ മനസ്സു്?''

''കോളേജുകാർ തിരിച്ചെടുത്താൽ ഈ കോഴ്സ് തീർക്കാം.''

''അവർ തയ്യാറാണു്, വിളിക്കാൻ. കാലത്തു് നിൻെറ സൂപ്രണ്ടിനെ ഞാൻ കണ്ടു വന്നു.''

''പക്ഷെ....''

''അതെ. ക്ഷമാപണം എഴുതിക്കൊടുക്കണം.''

''എന്തിനുവേണ്ടി ക്ഷമാപണം ചോദിക്കണം, അച്ഛാ....?'' മുന്നോട്ടു പറയുവാൻ അച്യുതനു് മടി തോന്നി. കൂട്ടുകാരുടെ മുമ്പിൽ ചൊരിയാറുള്ള ദേശാഭിമാനത്തെ സംബന്ധിച്ച പ്രസംഗധോരണി, അച്ഛൻെറ മുമ്പിൽ തുറന്നുവിടാൻ അയാൾക്കു ധൈര്യം വന്നില്ല. തൻെറ സുശിക്ഷിത പാണ്ഡിത്യം, അച്ഛൻെറ അർദ്ധശിക്ഷിതമായ ബുദ്ധിശക്തിയുടെ, സാത്വികവ്യക്തിത്വത്തിൻെറ, മുമ്പിൽ കുണ്ഠിതമാകുംപോലെ അയാൾക്കു് എപ്പോഴും തോന്നാറുണ്ടു്. ധാർവാറിൽ, വീട്ടിൽ താമസിക്കുന്ന കാലത്തു്, അച്ഛനോടു് സംസാരിക്കുന്നതുതന്നെ വളരെ കുറവായിരുന്നു. എന്തിനും അമ്മയായിരുന്നു, കൂട്ടു്. വളരെനാൾ കഴിഞ്ഞു് കണ്ടുമുട്ടിയതുകൊണ്ടോ, തെല്ലു വളർന്നു്, ജയിൽവാസം മൂലം ഒരു വ്യക്തിത്വം നേടിയതുകൊണ്ടോ, പരദേശം എന്നു വിചാരിച്ചതുകൊണ്ടോ, എന്തോ, ആണു് അയാൾക്കു് ഇത്ര നേരം അച്ഛൻെറ മുമ്പിലിരുന്നു് സംസാരിക്കാൻ കഴിഞ്ഞതു്. എന്നാലോ അയാൾ നിസ്സങ്കോചം അങ്ങനെ വായ തുറന്നു സംസാരിച്ചതും, ദേസായി അയാളുടെ മീശയുടേയും ഗാന്ധിത്തൊപ്പിയുടേയും ഉത്സുകമായ മുഖത്തിൻേറയും നേരെ ''ഇവൻ വലുതായല്ലോ?'' എന്ന വിചാരത്തോടെ നോക്കിയതും ഒരുമിച്ചു കഴിഞ്ഞു. അതിനിടയ്ക്കു് അയാൾ കഴുത്തു കുനിച്ചു. അയാളുടെ ഉള്ളിലുള്ള യാതന നോക്കിയിരിക്കാൻ ആവാതെ ദേസായി പറഞ്ഞു:

''നിനക്കു് മനസ്സു വരുന്നില്ലെങ്കിൽ വേണ്ട, കേട്ടോ!''

തെല്ലു നേരത്തേയ്ക്കു് നിശ്ശബ്ദത വ്യാപിച്ചു.

''ഇനി എന്തു ചെയ്യണമെന്നു നിശ്ചയിച്ചു?''

''ഇപ്പോൾ 'ബോംബെ ഗസററു്' എന്ന പത്രത്തിൽ ജോലി നോക്കുകയാണു്. പുതിയ ഒരു പത്രം. അതിലെ ഒരു സബ് എഡിററെ ജയിലിൽ വച്ചു് പരിചയമായി. അയാളുടെ അടുത്തു് മൂന്നുമണിക്കൂർ ജോലിയെടുക്കും....''

''എന്തു ജോലിയാണു്?''

''സഹപത്രാധിപരുടെ ജോലി. ഇരുപത്തഞ്ചു രൂപ തരും. രണ്ടു മുതൽ അഞ്ചരവരെ ആ ജോലി ചെയ്യും. ആ പത്രത്തിൻെറതന്നെ ഒരു പ്രസ്സുണ്ടു്. അവിടെ മെഷീൻവേല പഠിക്കാനും ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്....''

''പിന്നെ....ആ മില്ലിലോ?''

''ഛരി! അവിടെ ഒരു ജോലിയും ഇല്ല. അയാളെ പരിചയമായി. അയാളുടെ ഒരു മുറിയിലാണ് താമസം. അങ്ങനെ വല്ലപ്പോഴും മില്ലിലെ ജോലിയും ചെയ്തുകൊടുക്കും. ഒരിക്കൽ മെഷീന്റെ ഭ്രാന്തു് പിടിച്ചാൽ....''

''ഇതെല്ലാം പഠിക്കാൻ ഇനി എത്ര ദിവസം വേണ്ടിവരും?''

''അച്ഛന്റെ വിചാരം എന്താണ്?....ഇവിടെ താമസിച്ച് വർത്തമാനപ്പത്രത്തിൽ ജോലിചെയ്തുകൊണ്ടു പോവാൻ കഴിയും. എന്തെന്നാൽ പത്രം നമ്മുടെ സ്വന്തംപോലെയാണ്. പേരിനു മാത്രമാണ് ജോലി....അവിടെ ജോലി ചെയ്യുന്നവരാരും അതു് ഒരു ജോലിയായി കരുതുന്നേയില്ല....''

അച്യുതൻ ഒരു സൂചനമട്ടിൽ സമ്മതിച്ചു. ദേസായിയും ഒരു സൂചനമട്ടിലേ സംസാരിച്ചുള്ളൂ:

''അതു ശരിയാണ്....പക്ഷേ നീ ഇവിടെ കൂടിയാൽ വയൽ, വീട്, കൃഷിപ്പണി ഇതെല്ലാം ആർ നോക്കും?....അതിന്റെ പരിചയവും നിനക്കു വേണ്ടതല്ലേ?''

''എങ്കിൽ ഞാൻ എന്തുചെയ്യണം?....'' അച്യുതൻ തന്റെ മനസ്സിലെ ആഗ്രഹം അച്ഛനെക്കൊണ്ടുതന്നെ പറയിപ്പിക്കണമെന്നു കരുതി മിണ്ടാതിരുന്നു.

ദേസായി തെല്ലുനേരം ആലോചിച്ചിട്ടു പറഞ്ഞു:

''എന്തു വേണമോ അതെല്ലാം നീ ഇവിടെ താമസിച്ചു പഠിച്ചോ. അതിനു ശേഷം ധാർവാറിൽത്തന്നെ ഒരു കന്നഡ വർത്തമാനപ്പത്രം തുടങ്ങാം.''

''ഞാനും അതു് ആലോചിച്ചിട്ടുതന്നെയാണ് പ്രസ്സുവേലയും പഠിക്കാൻ ആരംഭിച്ചിരിക്കുന്നതു്.''

''ഒരു പ്രസ്സിനു് എത്ര പണം വേണ്ടിവരും? വല്ലതും ആലോചിച്ചോ?''

''പുതിയതാണെങ്കിൽ മൂവായിരമോ, മൂവായിരത്തഞ്ഞൂറോ വേണ്ടിവന്നേയ്ക്കും. എന്നാൽ ഞങ്ങളുടെ പ്രസ്സിൽ 'ബുക്കുവർക്കി'നെന്നു പറഞ്ഞു് ഒരു ചെറിയ മെഷീൻ ഇട്ടിട്ടുണ്ടു്. 'ബുക്കുവർക്കു'കൊണ്ടു് യാതൊരു ലാഭവുമില്ല എന്നാണ് ഞങ്ങളുടെ പത്രാധിപർ പറയുന്നതു്. അതു് വിറ്റേയ്ക്കും....ഞാൻ ഫോർമാനോടു ചോദിച്ചു...അതിനു് ആയിരത്തഞ്ഞൂറു് ആയി എന്നാണു പറഞ്ഞതു്....''

''അതു് ഉപയോഗിക്കാൻകൊള്ളരുതാത്തതോ മറ്റോ ആണോ?''

''അങ്ങനെയുള്ളതല്ല, പഴയതാണെങ്കിലും നല്ലവണ്ണം വർക്കുചെയ്യും!''

ദേസായി ഉടൻതന്നെ തീർപ്പു് എടുത്തു.

''എങ്കിൽ ഇങ്ങനെ ചെയ്യു്. ഒന്നോ രണ്ടോ കൊല്ലം നീ നിന്റെ പണി പഠിക്കൂ. ഇനിയും നീ ഒരു പയ്യനാണ്. സ്വതന്ത്രമായി വർത്തമാനപ്പത്രം തുട-

ങ്ങുന്ന ജോലി ഇന്നു് നിന്നെക്കൊണ്ടാവില്ല. അതു് നല്ലതുമല്ല. ഒരാളുടെ കൈക്കീഴിൽ ജോലിചെയ്തു് നിൻെറ കൈകൾക്കു് മൂപ്പു വന്നതിനുശേഷം തുടങ്ങിയാൽ മാത്രമേ നിൻെറ പത്രത്തിനു് ഒരു വിലയുണ്ടാകൂ. നാടൻ സൊറകൾ അടിച്ചിറക്കുന്ന ഒന്നായിരിക്കരുതു് നിൻെറ പത്രം. നിൻെറ അഭിപ്രായങ്ങൾക്കു് ഒരു മതിപ്പു് ഉണ്ടാവണം, ആളുകളുടെ ഇടയിൽ. നീ ഇങ്ങനെ ഇവിടെ ജോലി ചെയ്തു കൊണ്ടു പോയാൽ, നിയമവും റൂളും സംബന്ധിച്ച അറിവു്, ഭാഷയുടെ ഒതുക്കം, മുൻപും പിൻപും ഉള്ള വിചാരം, ഇതെല്ലാം താനേ കൈപ്പിടിയിൽ വരും ....അതിനു് നിൻെറ പഠിത്തവും തീർന്നെങ്കിൽ നന്നായിരുന്നു എന്നൊരു തോന്നൽ....ഇനി ഇതെല്ലാം പരിശീലിച്ചു് സ്വന്തമായി നടത്താൻ പററുമെന്ന വിശ്വാസം വന്നാൽ ധാർവാറിലേയ്ക്കു് വാ. പ്രസ്സിനെ സംബന്ധിച്ചു് നമുക്കെന്തെങ്കിലും ചെയ്യാം. അങ്ങനെ ഒരുവശത്തു് പ്രസ്സു് നടത്തിക്കോ. മറുവശത്തു് കോളേജിൽ ചേർന്നു് ഒരു ഡിഗ്രിയും എടുത്തോ. അതിനുശേഷം വേണമെങ്കിൽ പത്രവും നടത്താം.''

അച്യുതനു് വളരെ സന്തോഷമായി. എന്നാൽ അത്ര നാൾ കാത്തിരിക്കുന്നതു് അയാളെക്കൊണ്ടു് സഹിക്കാനാവില്ല.

''എന്നാൽ ഇവിടെത്തന്നെ അടുത്ത കൊല്ലംമുതൽ ആർട്ട്സിനു് പണം അടയ്ക്കണോ?''

''നിനക്കു് രണ്ടു മൂന്നു ജോലി ഒന്നിച്ചു ചെയ്യാൻ ആകുമോ?....പത്രം, പ്രസ്സു്, പഠിത്തം....''

''ചെയ്യാൻ ആകും!''

''ഇവിടത്തെ കാലാവസ്ഥ ചീത്തയാണു്. അധികം ആയാസപ്പെടരുതു്!''

''ഇല്ല. പ്രസ്സിലെ ജോലി ഇനി അഞ്ചാറു മാസങ്ങൾക്കുള്ളിൽ പഠിച്ചു തീർത്തോളാം. അടുത്ത ജൂൺ മുതൽ കോളേജും പത്രവും മാത്രം!''

''നിൻെറ ശരീരത്തിനു പററുമെങ്കിൽ രണ്ടും ചെയ്യു്!'' എന്നു് സങ്കടപ്പെട്ടു് പറഞ്ഞു ദേസായി. ''നിൻെറ അമ്മ നിന്നെ വിചാരിച്ചു് വിഷാദിക്കുകയാണു്. നീ ഇവിടെ മാവുമിൽ, പ്രസ്സു് എന്നുംമററും പറഞ്ഞു് ഓടിനടക്കുന്നു....''

ജന്മനാ പണക്കാരനെങ്കിലും ഗാന്ധിജിയുടെ പ്രഭാവത്താൽ ദരിദ്രലക്ഷങ്ങളുടെ സേവകനായ അച്യുതൻെറ ഉള്ളിൽ ചിലപ്പോൾ ഭയാനകമായ ശൂന്യത പരന്നിരുന്നു. ആ പുരുഷശരീരത്തിൽ, ആ വിശാല ഹൃദയത്തിൽ ഏതോ ഒരു മൂലയ്ക്കു് പെണ്ണിൻേറതായ ഒരു മനസ്സു് ചിലപ്പോൾ തുടിക്കവേ, അയാളുടെ ധൈര്യം ചിതറിപ്പോയിരുന്നു. അതു് ഓരോ വിധമായി, ഓരോ സമയത്തു് ഉണ്ടായിക്കൊണ്ടിരുന്നു. താൻ പണക്കാരനായി ജനിച്ചതിൽ അയാൾക്കു് ചിലപ്പോൾ നാണം തോന്നിയിരുന്നു. അച്ഛനമ്മമാർ ചിലപ്പോൾ വിരഹരൂപത്തിൽ, ചിലപ്പോൾ സ്മരണരൂപത്തിൽ തൻെറ

മുന്നിൽ വന്നിരുന്നു. തന്റെ പ്രവർത്തനങ്ങൾ കാരണം താൻ അച്ഛനെ ചതിക്കുകയാണോ എന്ന നൈതികബോധം ചിലപ്പോൾ അയാളുടെ ഉള്ളിൽ സംഘട്ടനം ഉണ്ടാക്കിക്കൊണ്ടിരുന്നു. ബോംബെയിലെ ക്ലിഷ്ടമായ ജീവിതത്തിന്റെ ഇടയ്ക്ക് ഒരു മുറിയിൽ ഒററയ്ക്ക് ഉറങ്ങുക സാദ്ധ്യമല്ല. എന്നാൽ ചിലപ്പോൾ പുതച്ചു കഴിഞ്ഞാൽ, പുതപ്പിനടിയിൽ കിടക്കുമ്പോഴുള്ള ഒററപ്പെടലിന്റെ കടുതയും തീവ്രതയും അറിഞ്ഞവനേ മനസ്സിലാകൂ. ബോംബെ എന്നു പറഞ്ഞാൽ മനുഷ്യരുടെ കാടാണ്. മനുഷ്യരുടെ ഒത്ത നടുക്കുതന്നെ മനുഷ്യനു് താൻ ഒരു ഒററയാണെന്ന തോന്നൽ ഉണ്ടാകും. കഠോരമായ ആ ഏകാകിത്വത്തിന്റെ നിമിഷങ്ങളിൽ ചിലപ്പോൾ 'ബോംബെ പനി' എന്നു പറഞ്ഞുപോയിരുന്നു.

പേടിപ്പെടുത്തുന്ന അത്തരം നിമിഷങ്ങളിൽ, തന്റെ ഹോസ്റ്റൽമുറിയിൽ കിടന്നുകൊണ്ടു്, പുതപ്പ് മുഖത്തേയ്ക്കു വലിച്ചിട്ടു്, അച്യുതൻ ഒച്ചയില്ലാതെ കരയാറുണ്ടായിരുന്നു. ഹോസ്റ്റലിലെ കൂട്ടുകാർ അയാളുടെ പുതപ്പ് വലിച്ചു മാററി കളിയാക്കിയിരുന്നു, ''പണത്തിന്റെ സുഖക്കേട്'' എന്നു പറഞ്ഞു്. അയാൾക്കു് അതു് ശരിയാണെന്നു് ഒരു തോന്നൽ. ''പാവങ്ങൾക്കു് എവിടെ അച്ഛൻ, അമ്മ? അവരവർക്കു് അവരവർ മാത്രം. കഷ്ടപ്പാടേ കഷ്ടപ്പാടു്. അത്തരം കഠോരത തന്നിലും ഉണ്ടായിരിക്കണം.'' എന്ന തത്വജ്ഞാനം സ്വയം പരീക്ഷിച്ചു, ശാരീരികശ്രമത്തിൽ തന്റെ മാനസിക ദൗർബ്ബല്യം മറക്കാൻ യത്നിച്ചിരുന്നു, അയാൾ. അച്ഛനമ്മമാരെ വേർപെട്ടിരിക്കുന്നതിലുള്ള വേദന പൊറുക്കാൻ ശ്രമിച്ചിരുന്നു—സ്വയം വിനോദിച്ചിട്ടു്, അല്ലെങ്കിൽ മററുള്ളവരുടെ വിനോദം സഹിച്ചിട്ടു്. തങ്ങളുടെ അമ്മമാരേയും അനുജത്തിമാരേയും പററി ചിന്തിച്ചു വിഷാദിക്കുന്ന കൂട്ടുകാരെ കളിയാക്കിയിരുന്നു, അയാൾ. എന്നാൽ അവർ അയാളുടെ അച്ഛനമ്മമാരെപ്പററി പറഞ്ഞാൽ സഹിക്കാൻ പററിയിരുന്നില്ല....മനസ്സിലെ വേദന മറക്കാൻവേണ്ടിയാണു് പ്രസ്സ്, മിൽ എന്നിവിടങ്ങളിൽ അലഞ്ഞു നടന്നിരുന്നതു്. അതിലുമധികമായി പ്രസ്സിലെ ഫോർമാൻ, മില്ലിലെ കിറുക്കൻ എന്നിവരോടു് അയാൾക്കു് അത്യന്തം സ്നേഹവും ഉണ്ടായിരുന്നു....

അമ്മയുടെ ഓർമ്മ വീണ്ടും അയാളുടെ കരളിനെ വലയ്ക്കാൻ തുടങ്ങി.

അയാൾ ശൂന്യദൃഷ്ടിയോടെ കടലിലേയ്ക്കു നോക്കുന്നതു് ദേസായി പെട്ടെന്നു് കണ്ടുപിടിച്ചു. അയാളുടെ ആ ദൗബ്ബല്യം അദ്ദേഹത്തിനു് ആദ്യമേ അറിയാമായിരുന്നു. ഒരു നിമിഷം തെററാതെ പോയിരുന്നെങ്കിൽ അയാളുടെ അമ്മയെപ്പററി അങ്ങനെ സംസാരിക്കുമായിരുന്നില്ല, അദ്ദേഹം. ബോംബെയിൽ കോമേഴ്സ് പഠിക്കുവാൻ പോകുന്നുവെന്നു് അയാൾ പറഞ്ഞപ്പോൾ, അദ്ദേഹം സമ്മതിച്ചതു് ഒററയ്ക്കു് താമസിച്ചു ധൈര്യം വരട്ടേ എന്ന ഉദ്ദേശ്യത്താൽ ആയിരുന്നു, ഇപ്പോൾ അയാളുടെ നൊന്ത ഞരമ്പിന്മേൽ ദേസായി വിരൽ അമർത്തിയതു് തെററായിപ്പോയി. അതുകൊണ്ടു് വിഷയം മാററാൻവേണ്ടി, ''ആ മില്ലുകാരൻ കന്നഡം സംസാരിക്കുമോ?'' എന്നു ചോദിച്ചു.

''ഉവ്വ്. ധാർവാർ ഭാഗത്തുള്ളവനാണ്. ഇവിടെ വന്നിട്ട് വളരെ കാലമായി. അര ഭ്രാന്തനെപ്പോലെയാണെങ്കിലും വളരെ നല്ലവനാണ്. ആ മില്ലിൻെറ സേഠിന് അയാളുടെപേരിൽ നല്ല വിശ്വാസമാണ്. അയാളാണ് ഒരു മുറി തന്നതു്, താമസിക്കാൻ....'

''അയാളെ എവിടെവെച്ചാണ് നീ പരിചയപ്പെട്ടതു്?''

''ഒരിക്കൽ വണ്ടിയിൽ വെച്ച് ഒരു കന്നഡ നോവൽ ഞാൻ വായിക്കുകയായിരുന്നു. അതിന്മേൽ എൻെറ പേരിനോടൊപ്പം 'ധാർവാർ' എന്നും ഞാൻ എഴുതിയിരുന്നു. എൻെറ നേരെ മുമ്പിൽ ഇരുന്നിരുന്ന അയാൾ, 'നിങ്ങൾ ധാർവാർകാരനാണോ?' എന്നു ചോദിച്ചു. 'അതേ' എന്നു ഞാൻ പറഞ്ഞു. 'ഞാനും ധാർവാർകാരനാണ്'' എന്നു പറഞ്ഞു", തൻെറ മിൽ കാണാൻ വരുന്നതിന് ക്ഷണിച്ചു. ആ മിൽ അയാളുടെ ജീവൻപോലെയാണ്. പുറത്തേയ്ക്ക് വളരെ അഴുക്കാണ് എന്നു തോന്നും, കണ്ടാൽ. ആഴ്ചയിലൊരിക്കൽ യന്ത്രങ്ങൾക്ക് എണ്ണയിട്ട്, എല്ലാം അഴിച്ചു നോക്കി, വൃത്തിയാക്കി വെയ്ക്കും, അയാൾ. ഏതെങ്കിലും വിശേഷദിവസം വന്നാൽ യന്ത്രങ്ങൾക്ക് 'ഷോഡശോപചാര' പൂജ അയാൾ തന്നെ നടത്തും. സേഠിൻെറ വീട്ടിൽ ശ്രാദ്ധമുണ്ടെങ്കിൽ അയാളെ ഊണിന് ക്ഷണിക്കും.... അങ്ങനെ സുഖമായി കഴിയുന്നു....''

ബുദ്ധിയുള്ളവർക്ക് ദുഃഖം ഉണ്ടാകുന്നു; ഇത്തരക്കാർക്ക് എവിടെ ദുഃഖം? ഇവർ ഈശ്വരന്മാരെപ്പോലെയത്രേ....ഈ ഒരു അംശം അടങ്ങിയിരുന്നു, അയാളുടെ സംഗതിയിൽ.

''ഞാൻ അയാളെ എവിടെയോവെച്ച് കണ്ടിട്ടുണ്ടെന്ന് എനിക്കു തോന്നിയതാണ്, ആദ്യമേതന്നെ....എന്താണ് അയാളുടെ പേർ?''

''ബിന്ദഗോൾ വെങ്കടരായി.''

''ബിന്ദഗോൾ രാഘപ്പയുടെ ആരെങ്കിലും ആയിരിക്കണം.''

''അതൊന്നും എനിക്കു് അറിയാൻമേല....എനിക്കു് ഒരു ചേട്ടൻ ഉണ്ടല്ലോ പിന്നിൽ എന്നൊരു തോന്നൽ....''

ദേസായി വസന്തരായൻെറ ചില കേളികൾ ചുരുക്കത്തിൽ പറഞ്ഞു കേൾപ്പിച്ചു, അച്യുതനെ. ദേസായി താമസിച്ചിരുന്ന ഹോട്ടലിലേയ്ക്ക് അച്ഛനും മകനും വന്നു്, ഭക്ഷണം കഴിച്ച്, രണ്ടു മണിവരെ വീണ്ടും സംസാരിച്ചുകൊണ്ടിരുന്നു. ആരോഗ്യത്തെപ്പററി ശ്രദ്ധിക്കണമെന്ന് അയാളോട്ട് വീണ്ടും വീണ്ടും പറഞ്ഞു, ദേസായി. പിറേറന്ന് അച്ഛനോടൊപ്പം മലബാർ ഹിൽ മുതലായ മനോഹര രംഗങ്ങൾ സന്ദർശിച്ച്, നല്ല ഹോട്ടലുകളിൽ പലഹാരം കഴിച്ച്, സന്ധ്യയ്ക്ക് അച്ഛനിൽനിന്നു വിടവാങ്ങി, അയാൾ. നിറഞ്ഞുവഴിഞ്ഞ രണ്ടു ദിവസങ്ങൾ!

വീണ്ടും ഒററപ്പെടാൻവേണ്ടി!

# ഭാഗം 2

## 22. പുളിയും മധുരവും

വിവാഹം യൗവ്വനത്തിനും വാർദ്ധക്യത്തിനും ഇടയ്ക്കുള്ള ചാഞ്ചിറങ്ങുന്ന ഒരു സേതുവത്രേ. വിവാഹത്തിനുശേഷം മാററം സംഭവിക്കാത്ത വ്യക്തിയെ അപൂർണ്ണനെന്നേ പറയാവൂ. അഞ്ചാറു വർഷങ്ങൾക്കുള്ളിൽ പുതിയ പുതിയ ആശകളും ആകാംക്ഷകളും ആദർശങ്ങളും തലയുയർത്തി, കഴമ്പുള്ള ഭാഗത്തിൻെറ കയ്പ് പതുക്കെ പുളിപ്പും ഇനിപ്പും ഉള്ളതാക്കിത്തീർക്കുന്നു. പഴമാകാനുള്ള കാലം ഇനിയും അകലെത്തന്നെ. പഴക്കാൻ പാകത്തിനു മൂത്തുവരാൻ തുടങ്ങിയെന്നു മാത്രം.

കിട്ടി ചെറിയ പരിധിക്കുള്ളിൽത്തന്നെ നിന്നുകൊണ്ട് അന്തർമുഖനായി ത്തുടങ്ങി. ആ പരിധി കവച്ചു കടക്കാനുള്ള കഴിവ്, അതിൻെറ ഭിത്തികൾക്കു മേലെ എത്തിനോക്കാനുള്ള ആഗ്രഹം, അയാൾക്ക് ഇല്ലായിരുന്നു. എന്നാൽ ആ ചുററുവട്ടത്തിൽത്തന്നെ തൻെറ ഭാവിയെപ്പററി അയാൾ ചിന്തിക്കാൻ തുടങ്ങി. വൈവാഹികജീവിതത്തിൻെറ ആദ്യകാലങ്ങളിൽ, വൈകാരിക പ്രചോദനം പൂർണ്ണമായതിനുശേഷം പ്രണയം മിക്കവാറും ശാരീരിക പ്രചോദനയായി മുന്നോട്ടു നീങ്ങുന്നു. ദമ്പതികൾ വർദ്ധിച്ച ആന്തരിക സ്നേഹത്തിൻെറ സമന്വയം കാണാൻ പ്രയത്നിക്കുന്നു. ആ കാലത്ത് കുട്ടികൾ അവരുടെ സഹായത്തിന് എത്തുന്നു. കുട്ടികൾ ഉണ്ടായില്ലെങ്കിൽ, കുട്ടികളില്ലായ്മയുടെ വേദനയായി മാറി ആ സമന്വയബോധംതന്നെ ദമ്പതികളെ പരസ്പരസഹായാനുഭൂതിയിൽ ലയി പ്പിക്കുന്നു.

കല്യാണം കഴിഞ്ഞു് അഞ്ചു വർഷമായിട്ടും കുട്ടികളുടെ വർത്തമാനമില്ല. ശാരീരികമായ മോഹം കുട്ടികൾക്കുവേണ്ടിയുള്ള മോഹമായി മാറാൻ തുടങ്ങി, ദിവസം ചെല്ലുംതോറും, കിട്ടിയുടെ മുഖത്ത് പാരവശ്യം വ്യാപിച്ചു. ആ മൂക രോദനം രത്നയ്ക്കും ഉണ്ടായിരുന്നു. അവളും പരവശയായി: ''എൻെറ ഒപ്പത്തി ലുള്ളവർ ഈരണ്ടു കുഞ്ഞുങ്ങളെയും വിളിച്ചു നടത്തി ഓടിനടക്കുന്നു. ഗോദാ വരിയുടെ കല്യാണം കഴിഞ്ഞിട്ട് രണ്ടുകൊല്ലമേ ആയുള്ളു; ഒരാണിനെപ്പോലെ നടക്കുന്ന അവൾക്കുമായി, രണ്ടു കുഞ്ഞുങ്ങൾ''! രത്ന അമ്മയുടെ വീട്ടിൽ ചെല്ലുമ്പോഴെല്ലാം ഗോദാവരി തൻെറ വിരൂപികളായ കുഞ്ഞുങ്ങളെയും കൂട്ടി

വന്നുപോകാറുണ്ട്. ആ കുഞ്ഞുങ്ങളെ കാണുമ്പോൾ രത്നമ്മയ്ക്ക് ജുഗുപ്സയും അസൂയയും, ആശയും സ്നേഹവും എല്ലാം ഇടകലർന്ന് ഉണ്ടാകാറുണ്ട്.

കുഞ്ഞുങ്ങൾക്കുവേണ്ടി കിട്ടിയുടെ മനസ്സ് നൊമ്പരംകൊള്ളാറുണ്ട്. 'സകാമകാര്യ സാധകഭക്തി'യിൽ അധികം പൊരുളൊന്നും ഇല്ലെന്നതു് നേര്. എന്നാൽ ഈശ്വരഭക്തിയുടെ പരിണാമമായി അല്പം മാതൃഭക്തിയുടെ മിന്നലാട്ടവും ഉണ്ടായി; അമ്മയുടെ നേരെ വീണ്ടും ആർജ്ജവഭാവം രൂപംകൊണ്ടു. പേരക്കുട്ടികൾക്കുവേണ്ടി അവർക്കുമുണ്ടായിരുന്നു, പാരവശ്യം. അങ്ങനെ കുഞ്ഞുങ്ങളുടെ അഭാവം മൂന്നുപേരിലും ആത്മീയഭാവം ഉളവാക്കിയപോലെ. എന്നാൽ ഇതിനുംപുറമേ ഒരു യാദൃച്ഛികകാരണവും അതിന്റെ ആദ്യബിന്ദുവായി വന്നുചേരുകയുണ്ടായി.

കിട്ടിയുടെ വീട്ടിലുള്ള ദേവന്മാരിൽ അയാളുടെ അച്ഛൻ പൂജിച്ചിരുന്ന, കരിംകറുപ്പായ ഒരു സാളഗ്രാമവും ഉണ്ടായിരുന്നു. അതു് അയാളുടെ അച്ഛന്റെ മരണത്തിനുശേഷം പെട്ടിയിൽ ഇട്ടുവെച്ചു. ദിവസവുമുള്ള പൂജയ്ക്കു് ചില ചെറു ദേവന്മാരെ മാത്രമേ പുറത്തുവെച്ചിരുന്നുള്ളു. ഉപനയനത്തിനുശേഷം ആ ദേവന്മാരെ അയാളാണു് ദിവസേന പൂജിച്ചിരുന്നതു്. ആ ദേവന്മാരുടെ സമ്പൂർണ്ണ പരിവാരം നവരാത്രികാലത്തു് ഒരു തവണ പുറത്തുവന്നു് പരിശുദ്ധരായി പൂജ നേടി വീണ്ടും സ്വസ്ഥാനത്തേയ്ക്കു പോയിരുന്നു. കിട്ടിക്കു സാളഗ്രാമത്തെ കണ്ടാലേ ഒരു ഭയം. അതിന്റെ ഒരു നിറം, ആകൃതി, ചിത്രവിചിത്രമായ വരകൾ! അമ്മ അതിന്റെനേരേ കാട്ടുന്ന സവിശേഷമായ ആദരം! ഇതിന്റെയെല്ലാം ചിത്രം, കുട്ടിക്കാലംമുതൽക്കേ ഉള്ളതു്, അയാളുടെ മനസ്സിൽ നിന്നു് ഇനിയും മാഞ്ഞുപോയിരുന്നില്ല.

ഒരു ദിവസം ആ സാളഗ്രാമം കൈമോശംവന്നു!

അതെങ്ങനെയെന്നാൽ—

കിട്ടി, ബെണ്ണഹള്ളയിലെ പാലത്തിന്മേലൂടെ നടന്നു. ദേവന്മാരുള്ള പെട്ടിയും ഉണ്ടായിരുന്നു, തലയിൽ. റെയിലിലൂടെത്തന്നെയാണു് മുന്നോട്ടു നടന്നിരുന്നതു്. മുന്നോട്ടു പോയി പിന്തിരിഞ്ഞു നോക്കുമ്പോഴുണ്ടു്, മെയിൽ വണ്ടി ഒച്ചയില്ലാതെ, അയാളുടെ മേലേയ്ക്കു വരുന്നു. അയാൾ പാളത്തിന്മേലൂടെ തന്നെ ജോറായിട്ടു് എങ്ങനെയോ ഓടി. എന്നാൽ വണ്ടിയുടെ വേഗത്തിനു മുമ്പിൽ അയാൾ എത്ര ഓടാനാണു്! തലയിൽ ദേവന്മാരുടെ പെട്ടിയും! പാലത്തിന്റെ ഇരുവശത്തുമുള്ള കമ്പിയഴികൾ മുന്നോട്ടു മുന്നോട്ടു നീങ്ങിപ്പോകുമ്പോലെ. അവ പരസ്പരം അടുത്തടുത്തു് വരുമ്പോലെ. ഒരു അരുകിലേയ്ക്കു നീങ്ങിനിൽക്കത്തക്ക ഇടംപോലും ഇല്ലാത്തപോലെ. എത്ര ഓടിയിട്ടും പാലം തീരാത്തപോലെ. അവസാനം ഒരു വശത്തുള്ള അഴിയിന്മേലേയ്ക്കു ചേർന്നു്, കാലിന്റെ തള്ളവിരൽ മാത്രം ഊന്നി പുറംതിരിഞ്ഞു നിന്നു്, ദേവന്മാരുടെ പെട്ടി തലയിൽനിന്നു കൈയിലെടുത്തു് നീട്ടിപ്പിടിച്ചു. അപ്പോഴേയ്ക്കും

തീവണ്ടി 'ധഡ് ധഡ്'' എന്നു് പാഞ്ഞെത്തിക്കഴിഞ്ഞു. അതിൻെറ ശബ്ദം കേട്ടു് അയാാം ഭയന്നു. മനസ്സിനെ ബലപ്പെടുത്തി. അയാളുടെ ശരീരം വിയർത്തു. ''എങ്ങനെ രക്ഷപ്പെടും, ദേവന്മാരേ!'' എന്നു വിചാരിക്കുമ്പോഴേയ്ക്കും ഗാർഡിൻെറ മുറി വന്നു. അതിൽ ഗാർഡിൻെറ ഒപ്പം ജോർജി, ഹെഡ് ക്ലർക്കു് ജോശി, മാമലേദാർ അംഗഡി, ദേസായി—എല്ലാവരും നിന്നിരുന്നു. ജോർജി ഗാർഡിൻെറ കൈ പിടിച്ചു വലിച്ചുകൊണ്ടു്, എന്തോ വേണ്ട, വേണ്ട എന്നു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ ഗാർഡ് കൈ കുതറി വലിച്ചു തൻെറ കൈയിലുണ്ടായിരുന്ന തടിച്ച ചൂരൽവടികൊണ്ടു് കിട്ടിയുടെ പുറത്തു് നല്ല അടി വെച്ചുകൊടുത്തു. പിന്നീടു് തീവണ്ടി മുന്നോട്ടു പാഞ്ഞു. കിട്ടി തെല്ലു് ആശ്വാസം കൊള്ളുമ്പോഴേയ്ക്കു്, ദേവന്മാരുടെ പെട്ടിയുടെ അടപ്പു തുറന്നുപോയി. അകത്തുള്ള ദേവന്മാരെല്ലാം പാളത്തിലേയ്ക്കു വീണു. ഇടയ്ക്കുവെച്ചു പിടിക്കാൻ കുനിഞ്ഞു കൈ നീട്ടി. എന്നാൽ സാളഗ്രാമം ഒന്നുമാത്രമേ അയാളുടെ കൈയിൽ കിട്ടിയുള്ളു.

''മതി. മററൊക്കെ പോകട്ടെ. സാളഗ്രാമം ഒന്നുണ്ടെങ്കിൽ മതി. മററു ദേവന്മാർ പോയ്ക്കോട്ടെ'' എന്നു പറഞ്ഞു്, കിട്ടി സാളഗ്രാമത്തെ മുഷ്ടിക്കുള്ളിൽ മുറുകെ പിടിച്ചു്, കീശയിലേയ്ക്കു ഇടാൻ ഭാവിക്കുമ്പോഴേയ്ക്കും സാളഗ്രാമം കൈയിൽ ഇരുന്നു ശബ്ദിക്കുന്നപോലെ.

''ഏയ്. ജീവനുണ്ടോ ഇതിനു്?'' എന്നു ചോദിച്ചു് അയാാം മുഷ്ടി തുറന്നു നോക്കി.

''എന്നെ എന്തിനാ പിടിച്ചെടുത്തതു്? ഇത്രകാലം എന്നെ പൂജിച്ചോ? എന്നെ വിട്ടുകളഞ്ഞേയ്ക്കു. പാളത്തിലാണെങ്കിൽ ദിവസവും മേലൊക്കെ നീരെങ്കിലും വീഴും!'' എന്നു പറഞ്ഞു് സാളഗ്രാമം കൈയിലിരുന്നു് ചിരിക്കാൻ തുടങ്ങി. അതു കൈയിൽനിന്നു വീണുപോകുമെന്ന ഭയം നിമിത്തം കിട്ടി കുറെക്കൂടി ബലമായി മുഷ്ടി മുറുകെപ്പിടിച്ചു. കിട്ടി ''അരുതു്, അരുതു്!'' എന്നും എത്ര കെഞ്ചിയിട്ടും സാളഗ്രാമം ചിരിച്ചു ചിരിച്ചു് അയാളുടെ മണിബന്ധത്തിലൂടെ വന്നു് പുറത്തേയ്ക്കു് ഒററ കുതി കുതിച്ചു. അന്നേരം അതിൻെറ സജീവമായ ശീതസ്പർശമേററു് കിട്ടി വിറച്ചുപോയി. ശരീരമാകെ വിയർത്തു.... ''ഹ്ഹം. ഉം. ഉം.'' എന്നു പറഞ്ഞുകൊണ്ടു് എഴുന്നേററു കുത്തിയിരുന്നു.

കിട്ടിയുടെ ഞരക്കം കേട്ടു് രത്നയും ഉണർന്നു. അവളും എഴുന്നേററു് ഭർത്താവിൻെറ നേരെ അമ്പരന്നു നോക്കാൻ തുടങ്ങി. ''ഒരു ദുസ്വപ്നം കണ്ടു!'' എന്നു പറഞ്ഞു കിട്ടി, ടോർച്ചു് എടുത്തു് മണി നോക്കി. രാത്രി രണ്ടുമണിയാവുന്നു. സ്വപ്നത്തെപ്പററി ഭാര്യയോടു് വിസ്തരിച്ചു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല എന്നു് അയാാം വിചാരിച്ചു. അതിനുംപുറമേ മനസ്സിൽ പേടിയുടെ നടുക്കം ഇനിയും അങ്ങനെതന്നെ ഉണ്ടായിരുന്നു. അയാാം ഉടൻതന്നെ വാതിൽ തുറന്നു് പോയി അമ്മയെ വിളിച്ചു് എഴുന്നേല്പിച്ചു.

എത്രയോ ദിവസങ്ങളായി കിട്ടി അമ്മയോട്ട് ആത്മാർത്ഥമായി സംസാരിച്ചിട്ട്. ഭാര്യയോടും പരസ്യമായി കൂടുതൽ സംസാരിച്ചിരുന്നില്ല, അമ്മ ദേഷ്യപ്പെടുമെന്നു വിചാരിച്ചിട്ട്. എന്നാൽ അന്നു രാത്രി അമ്മയെ വിളിച്ച് എഴുന്നേല്പിച്ച് തന്റെ സ്വപ്നത്തെപ്പററി വിസ്തരിച്ചതന്നെ പറഞ്ഞു കേൾപ്പിച്ചു. പേടിച്ചരണ്ട രത്നയും അടുക്കളയിൽ ചെന്നു്, ചുമരുംചാരി ഇരുന്നു് എല്ലാം കേട്ടു. ഭയം മൂവരേയും ഒരുമിപ്പിച്ചു.

ഗംഗവ്വയും വളരെനാളുകൾക്കുശേഷം ആദ്യമായി അന്നാണു്, ആത്മാർത്ഥതയോടെ വായ തുറന്നതു്. അവർ മകൻ ഭയന്നതു കണ്ടു് അവനെ ധൈര്യപ്പെടുത്തി.

''കിട്ടണ്ണു, നീ തീരെ പേടിക്കേണ്ട. സാളഗ്രാമം നമ്മുടെ മുഖ്യ ദേവനാണു്. അദ്ദേഹം ഉള്ളിടത്തോളംകാലം അതിനെ നല്ല പ്രിയമായിരുന്നു. നീ കുഞ്ഞായിരുന്നു, അദ്ദേഹം വിട്ടു പോയപ്പോൾ. അതിന്റെ പൂജയ്ക്കു് ഏററക്കുറവു് വരരുതു് എന്നു വിചാരിച്ചു് ഞാൻതന്നെയാണു് അകത്തു് എടുത്തു വെച്ചതു്. ഒററ ദേവനും കോപിക്കില്ല. ഭക്തി ഉണ്ടെങ്കിൽ എല്ലാ ദേവന്മാരും ശാന്തരായിരിക്കും. നീ ഒന്നും പേടിക്കേണ്ട. 'ഇനി നീ വലിയവനായി, എന്നെ ദിവസവും പൂജിക്കൂ!' എന്നു് നമ്മുടെ അപ്പൻ സാളഗ്രാമം താനേ വന്നു് അറിയിച്ചു പോയതാണു്. നിന്റെ കാരണവന്മാരുടെ പുണ്യം എന്നു കരുതിക്കോ! നീ പയ്യൻ. സാളഗ്രാമത്തെ മറന്നു! ഞാൻ എങ്ങനെ മറക്കും, അപ്പു?.... മുമ്പു് നമുക്കു് സമ്പത്തുണ്ടാക്കിയതും സാളഗ്രാമം. ദാരിദ്ര്യത്തിൽ രക്ഷിച്ചതും സാളഗ്രാമം. നീ പൂജയെല്ലാം അവസാനിപ്പിച്ചശേഷം ദിവസവും സാളഗ്രാമത്തിന്റെ പേരിൽ ഒരു നെയ്‌വിളക്കു കത്തിച്ചു വെയ്ക്കാറുണ്ടു്, അപ്പു. സാളഗ്രാമം കോപിച്ചാലും അധികം കോപിക്കില്ല, വിട്ടുകള.''

''ആ നെയ്‌വിളക്കു് സാളഗ്രാമത്തിനു് എന്നു പറഞ്ഞാണോ വെയ്ക്കാറു്?''

''അതെ'' എന്നു് അമ്മ തലയാട്ടി.

പേടിപൂണ്ടു് പകച്ചു രത്ന, അമ്മ പറഞ്ഞതു കേട്ടു്, കുത്തിയിരുന്നു. അവൾക്കു് ദുർമ്മുഖിയായ ആ കിഴവിയുടെ നേരെ ആദരം ഉണ്ടായി. കിട്ടിക്കാകട്ടെ, 'അമ്മ എന്നെ കാത്തു പോററിയവൾ', എന്ന വിചാരവും വന്നു. അമ്മ തങ്ങളുടെ 'കുലധർമ്മകുലാചാര'ങ്ങളുടെ സജീവ ദീപംപോലെ കാണായി. അന്നുതന്നെ സാളഗ്രാമം പുറത്തു വന്നു് പഴയപടി, ചെമ്പുതട്ടിന്മേൽ പ്രതിഷ്ഠനേടി; ഗംഗവ്വയും മാതൃസ്ഥാനത്തു് പ്രതിഷ്ഠനേടി.

ആപ്പീസിലേയ്ക്കു പുറപ്പെടുന്നതിനുമുമ്പേ കിട്ടി എന്നും സാളഗ്രാമത്തെ നമസ്ക്കരിക്കും. ''ഇന്നു് എനിക്കു് ഒരു തെററും വരരുതേ! എന്റെ ബുദ്ധി ശരിക്കു പ്രവർത്തിക്കണേ! എന്റെ ഐശ്വര്യം കുറയരുതേ! കീശയിലേക്കു പണം വന്നു വീഴണമേ!'' എന്നിങ്ങനെ മനസ്സുകൊണ്ടു പ്രാർത്ഥിച്ച്, ഉമ്മറപ്പടിക്കപ്പുറം

കാലെടുത്തു വെയ്ക്കും. ചിലപ്പോഠം സാളഗ്രാമത്തിൻെറ നിർമ്മാല്യമായ തുളസി യില തൻെറ കീശയിൽ ഇടുകയും ചെയ്യും.

XX XX XX

ദേവന്മാരുടെ പംക്തിയിൽ സാളഗ്രാമം. കുടുംബത്തിൻെറ പംക്തിയിൽ അമ്മ. അങ്ങനെ ഇരുവരും വീട്ടിലെ മഹാത്മാക്കളായപോലെ, കിട്ടിക്കു് ആപ്പീസിലെ മഹാത്മാവു് ജോർജി ആയിരുന്നു.

കിട്ടിയുടെ കല്യാണം കഴിഞ്ഞു് മൂന്നു മാസത്തിനുള്ളിൽത്തന്നെ ജോർജിയുടേയും കല്യാണം നടന്നു. അയാഠംക്കു് ഇപ്പോഠം ഒരു മകനും ഉണ്ടായി. ജോർജി ഒരു തൂണുപോലെ ഇളക്കമില്ലാത്തവൻ. അധീരതയുടെയും ചഞ്ചലതയുടേയും കൈയിൽപ്പെട്ടു് കുഴങ്ങുന്ന കിട്ടിയെ അയാഠം തൻെറ ജീവിതസ്ഥൈര്യംമൂലം കളിയാക്കിയിരുന്നു. വീട്ടിൽ സാളഗ്രാമത്തിനു നെയ്‌വിളക്കു വെയ്ക്കാൻ മറക്കാത്ത അമ്മ ഉള്ളതുപോലെ, ആപ്പീസ്സിൽ കിട്ടിക്കു് ജോർജി ഉണ്ടായിരുന്നു—വൈകുന്നേരം രണ്ടു തവണ ചായ കുടിക്കാത്ത, ജോലി ചെയ്യുകൊടുക്കാത്ത, ആശയുടെ മേലുള്ള അധികാരശക്‌തി കളഞ്ഞുകുളിക്കാത്ത, ആർക്കും ബുദ്ധി പറഞ്ഞുകൊടുക്കാൻ പോകാത്ത ജോർജി. അങ്ങനെ ഇരുവരും ഓരോ പംക്‌തി യിൽ, മിഴി ചിമ്മിക്കൊണ്ടുള്ള സൂചനയോടെ വിളിക്കുന്ന, എന്നാൽ അതിർ കവിഞ്ഞുപോവാനാവാത്ത ആദർശശാലികളായിരുന്നു, കിട്ടിക്കു്. നീതിയുടെ ഉത്ഭവസ്ഥാനം എവിടെ എന്ന ചോദ്യത്തിനു് തത്വജ്ഞാനികഠം എന്തെല്ലാമോ ഉത്തരങ്ങഠം നൽകിയിരിക്കാം. നീതി സമുദായത്തിൽ ആവശ്യകത അനുസരിച്ചു് ഉണ്ടായതാണെങ്കിൽ, വെവ്വേറെയുള്ള സമുദായത്തിൽ നീതിയും വെവ്വേറെ ആവാനുള്ള കാരണമില്ല. നീതിയുടെ ഉത്ഭവസ്ഥാനം, 'യദ്യാദരയതി ശ്രേഷ്ഠഃ' എന്നതിലത്രേ. ചിലർ യത്നപൂർവ്വകമായി പാഠങ്ങഠം പഠിക്കാതെതന്നെ നീതിമാന്മാരായിത്തീരുന്നു. അവർ സ്വാഭാവികമായും ജീവിതത്തിൽ വിജയം നേടുന്നു. അവരുടെ ജീവിതസ്ഥൈര്യം കണ്ടു് ചഞ്ചലതയിൽ പെട്ടു കുഴങ്ങുന്ന ദുഃഖിതർ 'സ്ഥൈര്യത്തിലാണു് സുഖം' എന്ന തത്വം കണ്ടെത്തുന്നു. ചിലപ്പോഠം 'വൈകുന്നേരം ഒററ തവണ ചായ കുടിച്ചാൽ സുഖം' എന്ന തത്വവും ഗവേഷണം ചെയ്തു് എടുത്തുവെന്നും വരാം. അങ്ങനെ ആയാൽ അതു് അന്ധനീതി ആയിത്തീരുന്നു, മൂഢസങ്കല്പമായിത്തീരുന്നു. അല്ലെങ്കിൽ, അത്തരം യാതൊരു തത്വവും തിരഞ്ഞുപിടിക്കാൻ യത്നിക്കാതെ, ജോർജിയെപ്പോലെയുള്ള വ്യക്‌തിയെ തങ്ങളുടെ ജീവിതത്തിലെ പരദേവതയായി സ്വീകരിച്ചുവെന്നും വരാം. അത്തരം സന്ദർഭത്തിലാണു് വ്യക്‌തിപൂജ ആരംഭിക്കുന്നതു്. കിട്ടിയെപ്പോലെയുള്ള ലൌകികർ തങ്ങളുടെ ദൗർബ്ബല്യത്തെ നിന്ദിച്ചുകൊണ്ടു്, അത്തരം വ്യക്‌തികളുടെ മനസ്സിൻെറ ഉദാര സ്വഭാവത്തെ പുകഴ്‌ത്തിക്കൊണ്ടു്, എന്നാൽ അസൂയപ്പെട്ടുകൊണ്ടു്, തങ്ങളുടെ ജീവിതത്തെപ്പററി ഒരു തരം അധമബോധത്തിനു് കീഴ്‌പ്പെട്ടുപോകുന്നു. ചിലപ്പോഠം ഭാഗ്യംകൊണ്ടു്

സാളഗ്രാമം സഹായിച്ചാൽ അത്തരക്കാർ വിപരീത രീതിയിൽ ഒരു അളവു വരെ സൈഥര്യം നേടിയെന്നും വരാം.

സ്വയം അറിയാതെതന്നെ ജോർജി, കിട്ടിയെ ആത്മപരീക്ഷണത്തിനു് വിധേയനാക്കാറുണ്ട്. ഒരു ദിവസം വലിയ ഒരു സ്റ്റേററുമെൻറു് തയ്യാറാക്കി വീട്ടിലേയ്ക്കു പോകേണ്ട ഒരു സന്ദർഭം വന്നു, കിട്ടിക്കു്. ആപ്പീസ് തീർന്ന ഉടൻ ജോർജി കിട്ടിയെ കാണാൻ വന്നു. കിട്ടി തമാശമട്ടിൽ പറഞ്ഞു: ''ജോർജി ഇതൊന്നു വായിച്ചുതരുന്നു്, ഞാൻ എഴുതിക്കൊണ്ടു പൊയ്ക്കോളാം. വായിച്ചു തന്നാൽ കൃഷ്ണപ്പൻെറ ഒരു ദോശ!'' ജോർജി പുഞ്ചിരി തൂകിക്കൊണ്ടു് നിന്നേടത്തുതന്നെ നിന്നു് വായിച്ചുകൊടുക്കാൻ തുടങ്ങി. എന്നാൽ സ്റ്റേററുമെൻറു് വളരെ വലിയതായിരുന്നു. ഒന്നര മണിക്കൂർ അവിടെത്തന്നെ കളഞ്ഞു, ജോർജി. ജോലി തീർന്നപ്പോൾ കിട്ടിക്കു് സങ്കടം തോന്നി. ജോർജി വൈകുന്നേരം ഒന്നും തിന്നില്ല. തനിക്കുവേണ്ടി ഒന്നര മണിക്കൂർ നിന്നു വിഷമിച്ചു. താൻ പറഞ്ഞു പോവുകയും ചെയ്തു. ''എന്തുമാകട്ടെ, ഇന്നു് ദോശ തിന്നാൻ നിർബ്ബന്ധിക്കണം'' എന്നു് തീർച്ചപ്പെടുത്തി, ജോർജിയോടൊപ്പം അയാൾ പുറപ്പെട്ടു. മിഷൻ കോമ്പൗണ്ടിലേക്കുള്ള വഴിയിലൂടെ ജോർജി പുറപ്പെട്ടു. കിട്ടി അയാളെ ഹോട്ടലിലേയ്ക്കു കൊണ്ടുപോവാൻ ആഗ്രഹിച്ചു. വരില്ലെന്നായി ജോർജി. കിട്ടിക്കു സന്താപമായി. അതുകണ്ടു് ജോർജി സത്യാവസ്ഥ വ്യക്തമാക്കി. ''സ്റ്റീഫനു് സുഖമില്ല. അവിടെ പോയി കുത്തിയിരുന്നാൽ വീട്ടിൽ എത്താൻ ലേററാകും.''

ലോകം മുഴുവൻ തന്നെ പരിഹസിക്കാൻ ഒരു ഗൂഢാലോചന നടത്തുകയാണെന്നു് കിട്ടിക്കു തോന്നി. സ്റ്റീഫൻ (ജോർജിയുടെ ഒരുവയസ്സുള്ള മകൻ) സുഖമില്ലാതെ കിടക്കുകയാണെന്നു് ജോർജി തന്നോടു പറഞ്ഞില്ല. ഒന്നര മണിക്കൂർ നേരം പുഞ്ചിരിതൂകിക്കൊണ്ടു്, നിന്നേടത്തു തന്നെ നിന്നു്, ജോലി ചെയ്തുകൊടുത്തു. അതിനു് ദോശ തീററാൻ പുറപ്പെട്ടിരിക്കുകയാണു്, താൻ!.... അത്തരം ചിന്തയിൽ കിട്ടി വിഷമിച്ചു.

ഒരിക്കൽ ക്രിസ്മസ്സിനു കിട്ടി ജോർജിയുടെ വീട്ടിൽ പോയിരുന്നു. അവിടെ സാറാമ്മയുടെ കല്പനകൾ അനുസരിച്ചു് ഓടിനടക്കുന്ന ജോർജിയെ കണ്ടു്, ''സതീഭക്ത ശിരോമണി'' എന്നു കിട്ടി സ്വയം പറഞ്ഞുപോയി. വീട്ടിലെ എല്ലാ ഏർപ്പാടും ഭാര്യയുടെ ചൊല്പടിയിലാണു് എന്നൊരു കുററം ജോർജിയിൽ കണ്ടുപിടിച്ചു്... അയാളെ ''ഹെൻ പെക്ക്ഡു്'' (പെൺകോന്തൻ) എന്നു കരുതി ആശ്വാസംകൊണ്ടു. അതിൽ അയാൾക്കു് ഒരു സന്തോഷം തോന്നി. കിട്ടിയുടെ വീട്ടിലെ പരിതഃസ്ഥിതി നേരെമറിച്ചായിരുന്നു. കല്യാണം കഴിഞ്ഞ പുതുമയിൽ ഭാര്യയുടെനേരെ ഉണ്ടായിരുന്ന ആവേശം കുറഞ്ഞുകുറഞ്ഞുവന്നു് രത്ന ഇപ്പോൾ മറേറതൊരു പെണ്ണിനേയുംപോലെ ആയിക്കഴിഞ്ഞിരുന്നു. എന്നാൽ അവൾക്കു് സുഖമില്ലാതായാൽമാത്രം കിട്ടിക്കു് പകലിരവു് ചിന്തയാവും. ആപ്പീസിലെ ജോലികൂടി നന്നായി ചെയ്യാൻ ആവില്ല.

എന്നാൽ സാറാമ്മയുടെ പ്രസവ സമയത്തു് കിട്ടി സൈക്കിളിന്മേൽ ബദ്ധപ്പെട്ടു് സിവിൽ ഹോസ്പ്പിററലിൽ എത്തിയപ്പോഴുണ്ടു്, ജോർജി വെയിററിംഗ്റൂമിൽ ഇരുന്നു് പത്രം വായിക്കുന്നു. തൊട്ടടുത്ത വാർഡിൽ നിന്നു് സാറാമ്മയുടെ ഞരക്കം കോംക്കാമായിരുന്നു. അതു കേട്ടു് കിട്ടി പതറി. എന്നാൽ ജോർജിയോ, സചിത്ര വർത്തമാനപ്പത്രത്തിൽ നിശ്ചിന്തനായി മുഴുകിയിരിക്കുകയായിരുന്നു!

## 23. കിട്ടിയുടെ സഞ്ചാര പരിപാടി

ഇഷ്ടമില്ലെങ്കിലും പാപം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ആ ശക്തി ഏതു് ?

—ഈ ചോദ്യം ത്രേതായുഗം മുതൽക്കേ മനുഷ്യൻ ചോദിക്കാൻ തുടങ്ങിയതാണു്. അതിനുള്ള ഉത്തരം എന്തുമാകട്ടെ. ഉദ്യോഗത്തിനു ശേഷവും സഹതാപാർഹൻ ആയവനെ പുണ്യവാൻ എന്നു വിളിക്കണം. അതിലുംവെച്ചു് ടൂർ കാലത്തു് കാലു തെററാത്ത സർക്കാർ ഉദ്യോഗസ്ഥൻ ധർമ്മപുത്രനായിരിക്കണം; അല്ലെങ്കിൽ 'ശതഭോഷ'നായിരിക്കണം.

ടൂർ കാലത്തെ റവന്യൂ ഡിപ്പാർട്ടുമെൻറുകാർ, യുദ്ധകാലത്തു് പാളയം വിട്ട പട്ടാളക്കാരെപ്പോലയത്രേ. വീടുവിട്ടു് അകലെയുള്ള വാസം, ദിവസേന രുചികരമായ ഭക്ഷണം, ജനങ്ങളുടെമേൽ ഉള്ള അധികാരം, നശിച്ച തമാശകാം, തൻെറ അഹങ്കാരം മേൽക്കുമേൽ പരീക്ഷിച്ചു നോക്കാനുള്ള പ്രവണത—ഇതെല്ലാം ചേരുമ്പോാം 'ഏകൈകമപ്യനർത്ഥായ' എന്നു പറഞ്ഞപോലെയാവും, അധികാരികളുമായി അടുപ്പം വരും. കൈക്കീഴിൽ, കൃഷിക്കാരും ഗൌഡ—കുലകർണ്ണിമാരും ദൂതന്മാരായി പാഞ്ഞുനടക്കും. അത്തരം നിരങ്കുശ ദിവസങ്ങളിൽ വരുന്ന ഗുമസ്ഥന്മാരുടെ ഇടയ്ക്കു് അനുഭവമുള്ള ഒററ വ്യക്തി ഉണ്ടായാൽമതി.

അത്തവണത്തെ ടൂറിൽ ഹെഡ്ഡ് ഗുമസ്ഥൻ ജോഷി രാമരായനൊന്നിച്ചു് കിട്ടിക്കു പോകേണ്ടിവന്നു. ജോഷിയുടെ ടൂർ പേർകേട്ടതായിരുന്നു. അയാളുടെ വീരപരാക്രമങ്ങാം റവന്യൂ ഡിപ്പാർട്ടുമെൻറിലെ പ്രത്യേക റിക്കാർട്ടുകളിൽ സുവർണ്ണ ലിപികളിൽത്തന്നെ രേഖപ്പെടുത്താൻ പററിയവയായിരുന്നു. ഒരിക്കൽ അയാാം, ചോളവയലിൽ വെച്ചു് ഒരു ഗ്രാമീണ സ്ത്രീയോടു് ''നിന്നെ ഞാൻ ശിക്ഷിക്കും'' എന്നു പറഞ്ഞു പേടിപ്പിച്ചുവത്രേ! മറെറാരിക്കൽ തഹസീൽദാരെ ചാവടിയിൽ ഇരുത്തി, അതിൻെറ പിൻവശത്തു് പ്രണയകേളികാം ആടിയത്രേ. അത്തരം കഥകാം അയാളെപ്പററി ധാരാളം ഉണ്ടായിരുന്നു. പലപ്പോഴും രാത്രിയിൽ ശീട്ടുകളിച്ചുകൊണ്ടു് ഇരിക്കുമ്പോാം കൂട്ടുകാർ അയാളുടെ 'കീർത്തി'യെപ്പററി പറഞ്ഞു കളിയാക്കിയിരുന്നു. അതിനു മറുപടിയായി ''നിൻെറ ഒന്നു രണ്ടു കഥകാം ഞാൻ പറയണോ ?'' എന്നോ, ''നിൻെറ കീർ

ത്തി എങ്ങനെ വർണ്ണിക്കാനപ്പാ!'' എന്നോ തർക്കിക്കുകയല്ലാതെ, ''ആ കഥ കഠം എല്ലാം നുണ!'' എന്നു് ഒരിക്കലും അയാഠം പറയാറില്ല. ആദ്യത്തെ തവണ പറഞ്ഞു പറഞ്ഞു് കിട്ടിയും കളിയാക്കാൻപോയി. എന്നാൽ ജോഷി രാമരായനു്, ജൂനിയർമോസ്റ്റായവൻ കളിയാക്കാൻ ശ്രമിക്കുന്നതു് ശരിയായി തോന്നിയില്ല. ഒരു തവണ പെട്ടെന്നു് അയാളുടെ നേരെ തിരിഞ്ഞു് ഇരുന്നു്, ''ഏയ്, കൃഷ്ണാജി, താൻ മനുഷ്യരെ കണ്ടു സങ്കടപ്പെടേണ്ട. തിന്ന അന്നം പചിക്കാൻ ശക്തിയില്ല. തനിക്കും ആവണോ, പറ!'' എന്നു് ജോഷി വെല്ലുവിളിച്ചു. കിട്ടി, ''അതെല്ലാം അങ്ങയ്ക്കു് ഇരുന്നോട്ടെ!'' എന്നു പറഞ്ഞ ഉടനെ ജോഷി രാമരായ, മുൻപും പിൻപും നോക്കാതെ തട്ടിവിട്ടു: ''ഏയ് എനിക്കറിയാം എല്ലാം! താൻ ഒരു ആണല്ല!'' ശീട്ടുകളിക്കാരെല്ലാം 'ഖൊഠം' എന്നു ചിരിച്ചു. അതു കേട്ടിട്ടു്, രാമരായൻെറ ഒരു വായ്ത്താരി ആയിരുന്നു, ആ പ്രയോഗം. കിട്ടിയുടെ മുഖം ഗംഭീരമായി. മറെറാരു ഗൃഹസ്ഥൻ, അയാളുടെ മനസ്സിലുള്ള വിചാരഗതി ഊഹിച്ചെടുത്തപോലെ ആരംഭിച്ചു: ''രാമണ്ണ, എന്തിനാ ഈ ബദ്ധപ്പാടു്! കുട്ടികളുള്ളവർക്കു് എന്തു സുഖം എന്നതു് നിങ്ങഠംക്കു് അറിയാൻമേലെ? നാലു ദിവസം തുള്ളിച്ചാടി നടക്കട്ടെ പയ്യൻ. ഒരിക്കൽ പെറാൻ തുടങ്ങിയാലുണ്ടല്ലോ, നിങ്ങളേയും പിന്നിലേക്കു് തള്ളും.'' മറെറാരു ഗൃഹസ്ഥൻ വേറെ ഒരു വഴിക്കു് തിരിച്ചു: ''ഏയ് കൃഷ്ണാജി നോക്കു്! തൻെറ അമ്മായിഅപ്പനെ കണ്ടു് ലജ്ജിക്കൂ! കിഴവനായി. ഇനിയും പോയിട്ടില്ല, ഉത്സാഹം! അങ്ങനെയുള്ള ഒരുത്തൻെറ മരുമകനായിട്ടു് നീ എന്തു ബിരുദം ആണു് സമ്പാദിച്ചതു്?''

എന്നാൽ ജോഷി രാമരായനു് കിട്ടിയെ വെറുംവാക്കുകൊണ്ടു് പഴപ്പിച്ചെടുക്കാനുള്ള വിചാരം ഉണ്ടായിരുന്നില്ല. അതു് അയാളുടെ ഒരു തന്ത്രമായിരുന്നു. അയാളുടെ വലയിൽ വീണ ഗൃഹസ്ഥന്മാരെല്ലാം ഒരു സമയത്തല്ലെങ്കിൽ മറെറാരു സമയത്തു് അവിവേകം പ്രവർത്തിച്ചു്, അയാഠംക്കു് ഒരു 'കഥയ്ക്കു' വേണ്ടതു് ഉണ്ടാക്കി കൊടുത്തിരുന്നു. അയാളെ വല്ലവരും കളിയാക്കാൻ തുടങ്ങിയാൽ, അവരുടെ 'കഥ'കഠം താനും എടുത്തിടുമെന്നു പറഞ്ഞു് അവരുടെ വായ മൂടിക്കെട്ടിയിരുന്നു. കിട്ടിയുടെ വിഷയത്തിലും രാമരായ തൻെറ ആപ്തമിത്രങ്ങളുടെ മുമ്പിൽ പ്രതിജ്ഞചെയ്തു വന്നിരുന്നു. ''വലിയ മിടുക്കനാകുന്നുണ്ടു്, പയ്യൻ. ഇത്തവണ ഞാൻ അവൻെറ ഉപനയനം കഴിച്ചു വിടും!'' (ഉപനയന സമയത്തു് തല മൊട്ടയടിക്കും.)

ശരിക്കും അതു സംഭവിച്ചു.

ആ ഭയാനകമായ അനുഭവം കിട്ടിയെ അടിവരെ വിറപ്പിച്ചു. അയാഠം അതിനു് എങ്ങനെ വഴങ്ങിപ്പോയോ ആവോ—അയാഠംക്കു മാത്രമേ അറിയാവൂ. ആ അഴുക്കു്, ആ ചെളി കണ്ടിട്ടും എന്തുകൊണ്ടു് സ്വയം പിന്തിരിഞ്ഞില്ല? രാഘപ്പയുടെ മരുമകൻ എന്ന അഭിമാനമോ, ടൂർകാലത്തുള്ള തലതിരിഞ്ഞ മനോവൃത്തിയോ, രാമരായൻെറ ബകിളികയററലോ, ഇതുവരെ ഉണ്ടാവാത്ത അനു

ഭവം നേടാനുള്ള ആശയോ, എന്തോ, ആവോ? ഒന്നും അറിയാൻമേല. താൻ എന്തുചെയ്യു എന്നു് അയാാം വീണ്ടും സ്വയം ചോദിച്ചു....ആ രഹസ്യം....ആ ഭയം....ആ ചെളി....ആ അഴുക്കു്....ആ ജുഗുപ്സ....ഓരോ രംഗവും ഓർമ്മവരുമ്പോാം ദേഹമൊന്നാകെ നടുങ്ങിപ്പോകുന്നു. ഓരോ സംഗതിയും മനസ്സിൻെറ പരപ്പിൽ മൂകമായി അലഞ്ഞുനടന്നു....''കൃഷ്ണാജി, ആദ്യം നീ പോയി വാ. ഞാൻ നിന്നോളാം....'' ഥൂ !ഥൂ ! ആ ഓർമ്മ തുപ്പിക്കളയാൻ ശ്രമിച്ചു, അയാാം. ഓർമ്മ തുപ്പലായി മാറി ദേഹമാകെ പററിപ്പിടിച്ചു. ദേഹത്തിൻെറ എല്ലാ ഭാഗത്തുനിന്നും തുപ്പണമെന്നു് അയാാം ആഗ്രഹിച്ചു, തടുക്കാനാവാത്ത മട്ടിൽ....ഗ്രമസ്ഥന്മാരുടെ ഇടയ്ക്കു്, വാർത്ത പരന്നു. അവരുടെ മുമ്പിൽ ഇരുന്നു് കടലാസ്സുകാം നോക്കുമ്പോാം കിട്ടി 'ഥൂ ' എന്നു് ആക്കിപ്പോവും. ആ ചെളി തന്നെക്കൊണ്ടു തടഞ്ഞുനിറുത്താൻ ആയില്ലെന്നോ? .. ....

കിട്ടിക്കു് 'ഥൂ ഥൂ കൃഷ്ണാജി' എന്ന ഒരു പരിഹാസപ്പേരും രാമരായൻെറ ഗ്രൂപ്പിൽ പരന്നു.

XX XX XX

ക്യാമ്പു് തീരാറായ ദിവസം വന്നു. എല്ലാം ചെയ്തിട്ടും 'ശുദ്ധാശുദ്ധ'ക്കാരായ എല്ലാ ഗ്രമസ്ഥന്മാരും പ്ലാനിട്ടു, നെയ്യിൽ ഉണ്ടാക്കിയ തൈർവട തിന്നു ക്യാമ്പിൻെറ സമാപനം ആഘോഷിക്കണമെന്നു്. ''ഗൗഡരെ, ഇന്നു് നല്ല ഒന്നാംതരം വെണ്ണ വരുത്തേണ്ടതാണു്....ഒരു വീട്ടിൽത്തന്നെ ഉണ്ടാക്കിയതു വേണം, കൊണ്ടുവരാൻ....അങ്ങുന്നും ഇങ്ങുന്നും ദല്ലാളരെപ്പോലെ, കുറച്ചു പശുവിൻവെണ്ണ, കുറച്ചു എരുമവെണ്ണ, കുറച്ചു് ആട്ടിൻവെണ്ണ, കുറച്ചു കഴുതയുടെ വെണ്ണ എല്ലാം കൂട്ടിച്ചേർത്തു കൊണ്ടുവന്നാൽ ഉദ്യോഗസ്ഥന്മാർ എങ്ങനെ തിന്നും? നിങ്ങാം ആലോചിച്ചു ചെയ്യണം!'' എന്നു് രാമരായ ഗൗഡയെ ഭീഷണിപ്പെടുത്തി. ഗൗഡ ആ കല്പനപോലെ തന്നെ തനിക്കു വിശ്വാസപാത്രമായ ഒരു കൃഷീവലൻെറ വീട്ടിൽനിന്നു് വെണ്ണ കൊണ്ടുവന്നു കൊടുത്തു. തവനപ്പൻെറ വെണ്ണ എന്നു പറഞ്ഞാൽ നാട്ടിൽ പ്രസിദ്ധമാണു്. വെണ്ണ ഉരുക്കാൻ വെച്ചു. ഒന്നാംതരം സുഗന്ധം പരക്കാൻ തുടങ്ങി. ''ഏയു് ഇത്ര നല്ല നെയ്യു് ഒററ തവണയും ക്യാമ്പിൽ കണ്ടിട്ടില്ല. പോകുംമുമ്പു് ഈ വെണ്ണ തന്നവനു് ഗൗഡയെക്കൊണ്ടു് രണ്ടുരൂപ സമ്മാനം കൊടുപ്പിക്കണം'' എന്നു രാമരായ വിളംബരം ചെയ്തു. അപ്പോഴേയ്ക്കും ലച്ചപ്പനു് ഒരു ആലോചന വന്നു: ''രാമണ്ണ, ഇത്തരം നെയ്യിൽ ഒന്നുരണ്ടു് അംബാഡി വെററില ഇട്ടാൽ എന്തു രസമായിരിക്കുമെന്നു പറയാൻമേല!'' എന്നു് അയാാം പറഞ്ഞു. അന്വേഷിച്ചിരുന്നുവെങ്കിൽ തലേന്നുതന്നെ അംബാഡി വെററില ശേഖരിക്കുന്ന പണി തീരുമായിരുന്നു. രാമരായ വാലിയക്കാരനെ വെററില കൊണ്ടുവരാൻ ഓടിച്ചു. അയാാം എവിടെയെല്ലാം ഓടിയിട്ടും അംബാഡി വെററില കിട്ടാഞ്ഞതുകൊണ്ടു് കരിം വെററില കൊണ്ടുവന്നു. സ്വല്പം മുമ്പു് അറിഞ്ഞിരുന്നുവെങ്കിൽ വാലിയക്കാരനെ അടുത്തുള്ള

ഗ്രാമങ്ങളിലേക്കെങ്കിലും ഓടിച്ച വെററില വരുത്താമായിരുന്നു. നെയ്യാണെങ്കിലോ 'കറം കറം' എന്നു തിളച്ചുകൊണ്ടിരുന്നു.

''ഉം. ഇടിൻ. കറുത്ത വെററിലതന്നെ ഇടിൻ. സ്വന്തം വീടാണോ ഇഷ്ടം നോക്കാൻ?'' എന്നു രാമരായ ഒച്ചയിട്ടു. അയാളുടെ പാർട്ടിയിലുള്ളവർ ''എനിക്കൊന്നു്,'' ''എനിക്കൊന്നു്'' എന്നു പറഞ്ഞു് ഇരുപതു മുപ്പതു വെററില തിളയ്ക്കുന്ന നെയ്യിൽ ഇട്ടു. നെയ്മണത്തോടൊപ്പം വെററിലമണവും ചാവടിയിൽ പരന്നു നിറഞ്ഞു. അടുപ്പിൽനിന്നു് ചട്ടി താഴേയ്ക്കു് ഇറക്കി വെച്ചു. നെയ്യിൻെറ 'കറം കറം' ശബ്ദം കുറഞ്ഞു. നെയ്യു് ഉറയ്ക്കാൻ തുടങ്ങി.... എന്നാൽ ഇതെന്തു്?....നെയ്യു് പച്ചനിറമാകുന്നല്ലോ!....

''നെയ്യു് എന്താക്കിക്കളഞ്ഞു, ഒരു കെട്ടു് വെററില ഇട്ടു്?'' എന്നു ചോദിച്ചു രാമരായ.

''വല്ല വിഷമോ കിഷമോ വെണ്ണയിൽ ചേർത്തുകൊണ്ടുവന്നില്ലല്ലോ, ആവോ?'' എന്നു് ലച്ചപ്പ ഒച്ചയിട്ടു.

അത്രയും കേട്ടതോടെ രാമരായ ചാടി എഴുന്നേററു് ഉൽഘോഷിച്ചു: ''അവനെ ഇങ്ങു വിളിക്കു!'' വാലിയക്കാരൻ വന്ന ഉടനെ, ''ഈ വെണ്ണ തന്നവനെ കൂട്ടിക്കൊണ്ടുവാ. വരുന്ന വഴിക്കു് നിൻെറ ഗൗഡയേയും കൊണ്ടുവാ. വേഗം പോ!'' എന്നു കോപത്തോടെ കല്പിച്ചു.

ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ആ കൃഷീവലൻ പരിഭ്രമിച്ചു് ഓടിവന്നു. ഗൗഡയാകട്ടെ അവിടെ തന്നെ വന്നു നിന്നു. രാമരായ കേസ്സുവിസ്താരം സ്വയം ഏറെറടുത്തു.

''എടോ, തൻെറ പേരെന്താ?''

''തവനപ്പ.''

''ഈ നാട്ടിലുള്ളവൻതന്നെയാണോ?''

''അതേ, ഏമാന്നേ.''

''ഞങ്ങൾക്കു് ഇന്നു കാലത്തു് വെണ്ണ തന്നവൻ നീതന്നെയാണോ?''

''അതേ, ഏമാന്നേ.''

''ഇത്തവണ നിൻെറ കരം കൂടിയോ?''

ഏമാനൻ തൻെറ വെണ്ണകൊണ്ടു് തൃപ്തിപ്പെട്ടു് കരം കുറയ്ക്കുമെന്നു് സന്തോഷിച്ചു് തവനപ്പ പറഞ്ഞു:

''ഉവ്വ്. ഏമാന്നേ!''

''അപ്പോൾ നീ ഞങ്ങൾക്കു് വിഷം തരണമെന്നു കരുതി, അല്ലേ?''

എന്താ ഏമാന്നേ?'' തവനപ്പ മുൻപും പിൻപും അറിയാതെ പരിഭ്രമം പൂണ്ടു് ചോദിച്ചു. രാമരായ പെട്ടെന്നു് ആളിപ്പിടിച്ചു.

''വിഷോ....നിൻെറ കെട്ടിയവളുടെ....വിഷമെങ്കിൽ നീ ചത്തതുതന്നെ. കേട്ടോ....നോക്കു്, പേപ്പട്ടിയ്ക്കു് ഇട്ടുകൊടുക്കും, നിന്നെ....വിഷം കൊടുത്തു് എല്ലാ ഉദ്യോഗസ്ഥന്മാരേയും കൊല്ലാൻ നോക്കുകയാണോ....നേരു് പറഞ്ഞോ....കരുതിയിരുന്നോ. തെമ്മാടി....നോക്കു്, ആ ചട്ടിയിലേയ്ക്കു്!''

തവനപ്പ അന്തംവിട്ടു് ആ ചട്ടിയിലേയ്ക്കു നോക്കി. നെയ്യിൻെറ തനി പച്ച നിറം കണ്ടു് അമ്പരന്നുപോയി.

''ഏമാന്നേ, എന്തായി എന്നൊന്നും എനിയ്ക്കറിയാൻമേല.''

''നിനക്കു് എങ്ങനെ അറിയാനാണു്?....വായിൽ കൊള്ളുന്നേടത്തോളം വിഴുങ്ങുന്ന മനുഷ്യനല്ലേ, നീ....സർക്കാർ ഉദ്യോഗസ്ഥന്മാർക്കു വിഷം കൊടുക്കുന്നവനാണു്, നീ. സർക്കാർ ഉദ്യോഗസ്ഥൻ നിസ്സാരനെന്നു കരുതിയോ, നീ....ഇങ്ങുവാ....നാലു ദിവസം തുറുങ്കിൽ കിടന്നാൽമതി. കിടന്നിട്ടു വാ....ഏയു് ലക്ഷ്മണറാവു, കംപ്ലേൻറു് ഹാജരാക്കു. അവൻെറ സ്റ്റേററുമെൻറു് എടുക്കു. പോലീസ് പാർട്ടിയും ഉണ്ടു് ഇവിടെത്തന്നെ... നിങ്ങരം ഇതിനു് സാക്ഷിപറയണം, ഗൗഡരേ!''

''എന്തിനാ ഏമാന്നേ, എനിയ്ക്കു തുറുങ്കു്?''

''ഗൗഡരേ, പറഞ്ഞുകൊടുക്കു അവനു്, എന്തുണ്ടായെന്നു്''

ഗൗഡ തവനപ്പനെ എല്ലാം പറഞ്ഞു ധരിപ്പിച്ചു. കരം കൂടിയതിൻെറ ദ്വേഷം വെച്ചു സർക്കാർ ഉദ്യോഗസ്ഥന്മാരെ വിഷംകൊടുത്തു കൊല്ലാൻ ശ്രമിച്ചു എന്നതിനു് അവൻെറ മേൽ ക്രിമിനൽ കുററം ചുമത്തിയിരിക്കുന്നു....തവനപ്പ പരിഭ്രമിച്ചു് രാമരായൻെറ ചരണങ്ങളിൽ വീണു. രാമരായ തൻെറ വിരലുകരം കൊണ്ടു കാണിച്ച സൂചന അനുസരിച്ചു് ഗൗഡ അവനു് ഇരുപത്തഞ്ചു രൂപ പിഴ വിധിച്ചു. തവനപ്പ നെട്ടനേ പാഞ്ഞു്, വീട്ടിൽ എത്തി, പത്തു് അകത്തു നിന്നു്, പത്തു് മറെറാരാളിൽ നിന്നു് അങ്ങനെ പണം ശേഖരിച്ചു്, വേഗം തിരിച്ചുവന്നു്, രാമരായൻെറ മുമ്പിൽ വെച്ചു കൈകൂപ്പി നിന്നു. രാമരായ ഗാംഭീര്യത്തോടെ മൊഴിഞ്ഞു: ''എടോ തവനപ്പ, വെറും പിഴ ഒടുക്കിയതുകൊണ്ടു് ആയില്ല. ഇനിയൊരിയ്ക്കലും ഇങ്ങനെ ചെയ്യില്ലെന്നു് കുലദേവതയെപ്പിടിച്ചു ആണയിടു്!'' തവനപ്പ നെഞ്ചിൽ കൈവെച്ചു് ആണയിട്ടു്, വലിയ ഒരു കുഴിയിൽനിന്നു രക്ഷപ്പെട്ടുവെന്ന ആശ്വാസത്തോടെ അവിടെനിന്നു് പെട്ടെന്നു് തെററി അകന്നു.

ഗൗഡയെ വീട്ടിലേയ്ക്കു പറഞ്ഞയച്ചു്, അതേ ഘൃതത്തിൽ പരിപ്പുവട ഉണ്ടാക്കി. ഉദ്യോഗസ്ഥന്മാരെല്ലാവരും, തവനപ്പയെ ആശീർവദിച്ചുകൊണ്ടു്, നല്ല ഭക്ഷണം കഴിച്ചു. ഇരുപത്തഞ്ചു രൂപ ദക്ഷിണയെന്നു വിചാരിച്ചു് പരസ്പരം പങ്കിട്ടെടുത്തു.

കിട്ടിയുടെ കൈയിൽ മൂന്നു രൂപ വന്നുചേർന്നു. ''എന്തായാലും നാണം കളഞ്ഞു. കിട്ടുന്നതു മെച്ചം!'' എന്നു പറഞ്ഞു്, കിട്ടിയതു് കീശയിലേയ്ക്കു് ഇറക്കി.

XX XX XX

തിരിച്ചെത്തിയശേഷം രാമരായ കിട്ടിയുടെ പുറത്തു് തട്ടിക്കൊണ്ടു് പുകഴ്ത്തി: ''എടോ, താൻ ശരിക്കും ഒരു ആണിൻെറ മോനാണു്. ഞങ്ങളെപ്പോലെ ഉള്ളവർക്കുകൂടി ആദ്യത്തെ ക്യാമ്പിൽ ഇത്ര ആഴമുള്ള നീരിലേയ്ക്കു ഇറങ്ങാൻ ധൈര്യം ഉണ്ടായിട്ടില്ല. നീ റിക്കാർട്ട ബ്രേക്കു് ചെയ്തിരിക്കുന്നു, കേട്ടോ!'' മററുള്ളവരും ഇതേ രീതിയിൽ കിട്ടിയെ പ്രശംസിച്ചു, ''തൻെറ ധൈര്യം ഞങ്ങൾക്കില്ല, കേട്ടോ!'' എന്നു പറഞ്ഞുകൊണ്ടു്. മററുള്ളവർ ചെയ്യുന്നതേ താനും ചെയ്തിരിയ്ക്കുകയുള്ളു എന്നു ഭാവിച്ചു, കിട്ടിയ്ക്കു തോന്നി, താൻ എല്ലാവരേക്കാളും മുമ്പിൽ ആയി എന്നു്.

താനെത്ര കെട്ടവനായാലും ജോർജിയെ ഒഴിച്ചു് ആപ്പീസ്സിലുള്ള മററെല്ലാവരേക്കാളും താൻ നല്ലവനാണെന്ന ഒരു അഹംഭാവം കിട്ടിയ്ക്കു് ഉള്ളിൽ ഉണ്ടായിരുന്നു. തനിക്കു തെററു പററുമ്പോൾ, അതും പറഞ്ഞു് മററുള്ളവർ ശകാരിക്കുമ്പോൾ, ആ അഹംഭാവം അയാളുടെ നൈതിക ധൈര്യത്തെ രക്ഷിച്ചുപോന്നു. എന്നാൽ ഇപ്പോൾ അതുപോലും നുണയാണെന്നു് പ്രമാണ സഹിതം തെളിയപ്പെട്ടിരിക്കുന്നു. താൻ രാമരായനേക്കാളും കീഴെയാണു് നീതിബോധത്തിൽ എന്നു കരുതാൻ അയാളുടെ മനസ്സു് വിസമ്മതിച്ചു. എന്നാൽ ഉണ്ടായ സംഗതി ഇല്ലാത്തതാക്കാൻ സാധിക്കുമോ?....തൻെറ ചുററും ഇരിക്കുന്ന നീതികെട്ടവരുടെ ഉള്ളിൽ, അവർക്കുകൂടി അറിയാൻമേലാത്ത നീതിയുടെ അടിക്കല്ലുണ്ടു്. തനിക്കു് അതുപോലും ഇല്ലെന്നോ?....അയാൾ വീണ്ടും വീണ്ടും സ്വയം ചോദിച്ചു....മറുപടി കിട്ടാഞ്ഞിട്ടെന്നപോലെ....

രത്നയുടെ സാമീപ്യത്തിൽ മനസ്സു പതറിത്തുടങ്ങി. അമ്മയോടു് സംസാരിക്കാനേ നാണം തോന്നിത്തുടങ്ങി. പൂജാസമയത്തു് സാളഗ്രാമത്തിന്മേൽ കൈ മുട്ടുമ്പോൾ അയാൾക്കു ഭീതി തോന്നിത്തുടങ്ങി, സാളഗ്രാമം അശുദ്ധമായിപ്പോയോ എന്നു്....ജീവിതമേ വിരസമായി. നല്ല ഉറക്കം വരാതായി. ഉറക്കത്തിൽ പിച്ചുംപേയും പറയുന്ന സ്വഭാവം ആരംഭിച്ചു. ഒന്നും മിണ്ടാതെ, ശൂന്യമനസ്കനായി ഒരിടത്തു് കുത്തിയിരിക്കണമെന്നു് ചിലപ്പോഴൊക്കെ ഇച്ഛ തോന്നിത്തുടങ്ങി. ആ 'താമസമൗന'ത്തിൽ നിന്നു്, ആരെങ്കിലും മിണ്ടി, എഴുന്നേൽപ്പിക്കാൻ ശ്രമിച്ചാൽ അയാളുടെ രജോഗുണമെല്ലാം കോപമായി മാറിയിരുന്നു....

ആപ്പിസ്സിലെങ്ങും അയാളുടെ കീർത്തി പരക്കാൻ അധികം സമയം വേണ്ടി വന്നില്ല. മററുള്ളവർ രാമരായൻെറ തന്ത്രത്തിനു് ബലിയാടു് ആയാൽ അത്ര വലിയ കൂത്താട്ടം ഉണ്ടാകുമായിരുന്നില്ല. എന്നാൽ കിട്ടിയുടെ നൈതികമായ

രേഹങ്കാരം മൂലമോ, ചെറുപ്രായം മൂലമോ, അയാളുടെ മുഖത്തു് സ്പഷ്ടമായി കാണാമായിരുന്ന പരിതാപം മൂലമോ, എന്തോ അയാളെ സംബന്ധിച്ച് എല്ലാവർക്കും കുതൂഹലമുണ്ടായി.

ആ സംഗതി ജോർജിയുടെ ചെവിയിലും എത്തിയിരിക്കും എന്നായിരുന്നു, കിട്ടിയുടെ ഭയം. തൻെറ അസാന്നിധ്യത്തിൽ അറിവു കിട്ടുന്നതിനേക്കാം സ്വയം പറയുന്നതല്ലേ നല്ലതു് എന്നു് അയാൾക്കു തോന്നി. ലോകത്തിൽ ആരോടെങ്കിലും നേരെ ചെന്നു പറയാനുണ്ടെങ്കിൽ, അതു് ജോർജിയോടു മാത്രമല്ലേ?.... ഒരു ദിവസം ജോർജിയുടെ മുമ്പിൽ എല്ലാം തുറന്നുവെച്ചു, അയാൾ. തൻെറ അപ്പോഴത്തെ മാനസികാവസ്ഥയും, കഴിയുംമട്ടിൽ പറഞ്ഞു. ആപ്പീസ്സു മുഴുവൻ ആ കഥ അറിഞ്ഞിരുന്നുവെങ്കിലും, ജോർജിയോടു് ആരും പറഞ്ഞിരുന്നില്ല. എന്നാൽ കിട്ടിയുടെ നൈതിക സമസ്യക്കു്, മാനസിക വിഷമതയ്ക്കു്, ജോർജിയുടെ കൈവശം ഒരു സമാധാനവും ഉണ്ടായിരുന്നില്ല. ഉപദേശിക്കാനുള്ള സാമർത്ഥ്യം അയാൾക്കില്ലായിരുന്നു. തങ്ങളുടെ നിർമ്മല ജീവിതത്തിൻെറ ചിത്രം കാണുന്നവരുടെ മുമ്പിൽ ഉപദേശം പ്രസംഗിക്കാൻ കഴിയുന്നവനല്ലായിരുന്നു, അയാൾ. കാണുന്നവർ കണ്ടോട്ടെ എന്ന ഒരു മട്ടു്. കിട്ടിയുടെ ആ മാനസിക വിഷമതയുടെ അർത്ഥമേ അയാൾക്കു മനസ്സിലായില്ല. നിങ്ങളുടെ ഹെൽത്തിനെപ്പററി നിങ്ങൾക്കു് ഒരു വിചാരമുണ്ടാവണം!'' എന്നു മാത്രമായിരുന്നു, അയാൾ കിട്ടിക്കു നൽകിയ ഒരു ഉപദേശം!

## 24. ദേസായിയോട് ഏററുമുട്ടൽ

''തൂറുപോലെയുള്ള ഇത്തരം വലിയവരെ ആദ്യം വഴിക്കു കൊണ്ടുവരണം. പണത്തിൻെറ കാര്യത്തിൽ അയച്ചു വിട്ടാൽ പ്രയോജനമില്ല. ഇപ്പോൾ മാനം പോയാൽ നിൻേറതു്; ആ ദേസായിയുടേതു പോകുമോ?''

—രാഘപ്പ, വെററില തിന്നുകൊണ്ടിരുന്നതു് പകുതിവെച്ചു നിറുത്തി, ആവേശത്തോടെ പറഞ്ഞു:

''വീട്ടിലെ പണവും അമുക്കി. വരദക്ഷിണയും അമുക്കി....ഇങ്ങനെ എല്ലാം കൈയടക്കി. നീ കടത്തിൻെറ പലിശ കൊടുക്കണം. മേലെ കടവും തീർത്തു പോകണം. ഇതെന്തു ന്യായം. നീ സംഗതി എടുത്തിടു്. എൻെറ അടുത്തുവരെ വന്നാൽ പിന്നീടു് ചെയ്യേണ്ട ഉപായം ഞാൻ നോക്കിക്കോളാം.''

സംഗതി നടന്നതു് ഇങ്ങനെയാണു്........ഗംഗവ്വ വരദക്ഷിണയായി കിട്ടിയ പണമെല്ലാം പതിവനുസരിച്ചു് തൻെറ ഭണ്ഡാരമായ ദേസായിയുടെ കൈയിൽ കൊടുത്തുവെച്ചു. വരദക്ഷിണയുണ്ടല്ലോ എന്ന ധൈര്യത്തിന്മേലാണു്, കിട്ടി കടംകൊണ്ടതു്. എന്നാൽ കല്യാണം നടന്ന ആഹ്ലാദത്തിൽ, അമ്മയോടു് ഒന്നും സംസാരിക്കാതെ, കിട്ടി ചുമ്മാതിരുന്നു. ഒന്നു നോക്കിയാൽ അതു നന്നായി;

ശമ്പളത്തിൽനിന്നു് അല്പാല്പം ആയി കൊടുത്തുകൊണ്ടിരിക്കണം; ആ പണം ഒരു സമ്പാദ്യമായിട്ടു് ശേഷിക്കും—ഈ ഉത്സാഹത്തിലാണു് കിട്ടി പുതിയ ജീവിതം ആരംഭിച്ചതു്. എന്നാൽ ആദ്യമേ പണം മതിയാവാതിരുന്ന കിട്ടിക്കു്, ഇപ്പോൾ ഭാരം ഇരട്ടിച്ചു. ചില മാസങ്ങളിൽ വളരെ കഷ്ടപ്പെട്ടു് പണം അടച്ചു. അത്രമാത്രം. എന്നാൽ കഷ്ടപ്പെട്ടാലും ജീവിക്കാൻ വിഷമമായി. കൈക്കൂലിപ്പണം ചായക്കടയിലേയ്ക്കു പോകും. അങ്ങനെ ഒന്നുരണ്ടു കൊല്ലം കട ത്തിന്റെ പലിശ കൊടുക്കാൻ വിഷമമായി; മൂന്നു മാസത്തിൽ ഒരിക്കൽ പലിശ അടയ്ക്കാൻ ശ്രമിക്കുമ്പോൾ, വീട്ടിൽ വിഷമം ഉണ്ടാകുന്ന സന്ദർഭങ്ങൾ വന്നുതുടങ്ങി. കല്യാണത്തിന്റെ ഉത്സാഹവും മാഞ്ഞുപോയി. സ്വന്തം മകന്റെ കഷ്ടപ്പാടു കണ്ടെങ്കിലും അമ്മ സ്വയം പണം കൊടുക്കുമെന്നു് അയാൾ വിചാ രിച്ചു. എന്നാൽ അമ്മ ക്രൂരമായ ഒരുതരം മൗനം അവലംബിച്ചു് ഇരുന്നു.

രാഘപ്പയ്ക്കു സംഗതിയെല്ലാം അറിയാമായിരുന്നു. രത്ന അപ്പോഴപ്പോൾ പറ യാറുണ്ടു്. എന്നാൽ സംഗതിയിൽ താൻ സ്വയം മുന്നോട്ടു് പോയി തലയിടുന്നതു് ശരിയല്ലെന്നു് അയാൾക്കു തോന്നി. കിട്ടിയുടെ വായിൽനിന്നു വരട്ടെ എന്നു കരുതി കാത്തിരുന്നു. ദേസായിയുടെ കൃത്രിമമായ 'യോഗ്യത' രാഘപ്പയ്ക്കു് അല്പവും ശരിയായി തോന്നിയിരുന്നില്ല. അദ്ദേഹത്തിന്റെ കോട്ടപോലെ യുള്ള വ്യക്തിത്വം രാഘപ്പയുടെ ചപലതന്ത്രങ്ങളെ കളിയാക്കുന്നതായി തോന്നി. കല്യാണം കഴിഞ്ഞു ഒരു വർഷത്തിനുശേഷം ദേസായി ഗംഗവ്വയുടെ ആഗ്രഹ പ്രകാരം രാഘപ്പയെ വിളിച്ചു് ദത്തിനെപ്പററി ഓർമ്മിപ്പിക്കുകയുണ്ടായി. കല്യാണം കഴിഞ്ഞശേഷം രാഘപ്പയുടെ ആർജ്ജവഭാവം കുറഞ്ഞുവന്നു. രണ്ടാമ ത്തെ മകളുടേയും കല്യാണം കഴിഞ്ഞു് ദത്തു് എന്നാണു് അയാൾ മറുപടി പറ ഞ്ഞതു്. ആദ്യം അതായിരുന്നില്ല കരാർ എന്നായി, ദേസായി. അതാണു് നാട്ടുനടപ്പെന്നു് രാഘപ്പ. അതു ശരിയെന്നു് ദേസായിക്കും തോന്നി. എന്നാൽ ''രണ്ടാമത്തെ മകളുടെ കല്യാണത്തിനു് എത്രവേണമെങ്കിലും ചെലവു ചെയ്യോളൂ. ദത്തു് ഇപ്പോൾത്തന്നെ നടക്കട്ടെ'' എന്നു് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. ''അങ്ങനെയല്ല. കല്യാണം നടക്കട്ടെ. പിന്നീടു എല്ലാം കിട്ടുണ്ണന്റെതന്നെ'' എന്നു രാഘപ്പ പറഞ്ഞു. ദേസായിക്കു മറെറാന്നും പറയാൻ ഇല്ലാത്ത നില വന്നു. ഇനി അഞ്ചാറു കൊല്ലത്തിന്റെ പ്രശ്നമേയുള്ളു. അങ്ങനെ വിചാരിച്ചു ദേസായി ഗംഗവ്വയെ സമാധാനിപ്പിച്ചു.

അങ്ങനെ പൂർണ്ണമായി തോററില്ലെങ്കിലും, അല്പം അഭിമാനഭംഗവും അധികം സന്ദേഹവും ദേസായിക്കു് ഉണ്ടായി. അല്പം വേദനയോടെ രാഘപ്പ യുടെ മുമ്പിൽവെച്ചുതന്നെ ഗംഗവ്വയെ സമാധാനിപ്പിക്കുന്നതിനിടയ്ക്കു പറഞ്ഞു: ''ആകട്ടെ, രണ്ടാമത്തെ കല്യാണത്തിനു എത്രകാലം പിടിക്കും....ഇപ്പോൾത്തന്നെ കരാർ തീർച്ചപ്പെട്ടു എന്നല്ലേ!....ഇനിയും കരാർ ലംഘിച്ചാൽ രാഘപ്പയെ പിടി ച്ചുവെച്ചു ചോദിക്കാം.''

''എടോ ദേസായി, താൻഎന്നെ പിടിച്ചുവെച്ചു ചോദിക്കാൻപോകു ന്നോ?'' എന്നു് മനസ്സിൽ ദ്വേഷ്യം തിങ്ങിയ രാഘപ്പ, ദേസായിയെ കുരു ക്കിൽ പിടിക്കണമെന്നു് തീർച്ചപ്പെടുത്തി, ഒരു സന്ദർഭം കാത്തിരുന്നു.

രാഘപ്പ, തൻെറ മരുമകനെ ചീത്തപറഞ്ഞു് അയയ്ക്കുവാൻ തക്ക സന്ദർഭം ഉണ്ടാകുന്നതിനു് ഇത്ര കൊല്ലം വേണ്ടിവന്നു. അങ്ങനെ അവസാനം ഒരു തവണ കിട്ടണ്ണ ആ സന്ദർഭം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. സ്വയം അമ്മായിഅപ്പനെ ചെന്നുകണ്ടു് തൻെറ കടത്തേയും വരദക്ഷിണയേയും പററി വർണ്ണിച്ചു കേൾപ്പിച്ചു. അമ്മയുടെ ബുദ്ധിശക്തിയെപ്പററി അയാൾക്കു് അഭിമാനം ഉണ്ടു്. തൻെറ നന്മയ്ക്കുവേണ്ടിയാണു് അമ്മ എല്ലാം ചെയ്യുന്നതു്, നേരു്; പക്ഷേ താൻ പലിശ കൊടുത്തുതീർക്കണം. കൊടുത്തില്ലെങ്കിൽ ജോർജിയോടു നെറി കാട്ടാതിരിക്കൽ ആയിരിക്കും; അതിനുംപുറമേ 'ദേസായിക്കു പണം സൂക്ഷിക്കാൻ കൊടുത്തതിനു് യാതൊരു പ്രമാണവുമില്ല, പ്രമാണമുണ്ടെങ്കിൽത്തന്നെ ചതിക്കാൻ നോക്കുന്ന സന്ദർഭങ്ങൾ ഇക്കാലത്തു് ഉണ്ടാവാറുണ്ടു്; അങ്ങനെയുള്ള കേസുകളാണു് ആപ്പീസ്സിൽ താൻ നോക്കുന്നതു്; ദേസായി നല്ലവനാണു്; പക്ഷേ കാലം ചീത്തയാണു്....അങ്ങനെ പലതും കിട്ടി, സ്വയം പിറുപിറുത്തു.

കിട്ടിയെക്കൊണ്ടു് ദേസായിയുടെ മുഖത്തു തുപ്പിക്കണം എന്ന ആശയിൽ രാഘപ്പ എത്രയോമുമ്പു കാത്തിരിക്കാൻ തുടങ്ങിയതാണു്. ദത്തിൻെറ സംഗതി എടുത്തിട്ടു് സ്വന്തം സാമർത്ഥ്യം സ്ഥാപിച്ച ദേസായി, കിട്ടിയുടെ മനസ്സിൽ തന്നെപ്പററി ആശങ്ക ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതു് ഇല്ലാതാക്കി, അയാളെ തൻെറ കീശയിൽ ആക്കണം എന്നതായിരുന്നു, രാഘപ്പയുടെ പ്ലാൻ. സന്ദർഭം കിട്ടിയപ്പോൾ തൻെറ സ്ഥാനം ഭദ്രമാക്കാൻ അയാൾ ശ്രമിക്കുകയും ചെയ്തു.

''കിട്ടണ്ണ, നീയും രത്നയും തമ്മിൽ എനിക്കു് ഒരു വ്യത്യാസവും ഇല്ല. എൻെറ സ്വന്തം മകനെപ്പോലെയാണു് ഞാൻ നിന്നെ കരുതിയിരിക്കുന്നതു്.'' എന്നു പറഞ്ഞു് കിട്ടിയുടെ മുഖം തടവി. ''ആദ്യം ദേസായിയോടു് കൈവായ്പ ചോദിക്കണം. തന്നാൽ ആ പണം നമ്മുടെ കൈയിൽ കിട്ടിയതുപോലെ ആയി!'' എന്നു് ഉപദേശിക്കുകയും, ദേസായിയോടു് ഒരു വാൾപ്പയററു നടത്താൻ അയാളെ പിരിമുറുക്കി അയയ്ക്കുകയും ചെയ്തു. ഇനി, കിട്ടി പോയി ദേസായിയോടു പൊരുതുമ്പോൾ താൻ മദ്ധ്യസ്ഥനായി ചെന്നു് തനിക്കു ദേസായിയെ സംബന്ധിച്ചു് ഒരു തീർപ്പു നൽകാൻ സന്ദർഭം വരട്ടെ എന്നതായിരുന്നു, രാഘപ്പയുടെ ആഗ്രഹം.

കിട്ടി രണ്ടു ദിവസങ്ങൾക്കുള്ളിൽത്തന്നെ, ഉള്ള ധൈര്യമെല്ലാം ഒന്നിച്ചു ചേർത്തു്, ദേസായിയുടെ വീട്ടിലേയ്ക്കു ചെന്നു; ദേസായിയോടു് താൻ സംസാരിക്കാൻപോവുകയാണെന്നു് അയാൾ അമ്മയോടു പറഞ്ഞതുമില്ല.

ദേസായി പഞ്ചാംഗവും നോക്കിക്കൊണ്ടു് കുത്തിയിരിക്കയായിരുന്നു. കിട്ടിയെ ഉന്മേഷമില്ലാത്ത പുഞ്ചിരിയോടെ സ്വാഗതംചെയ്തു. അയാൾ കൃത്രിമമായി ക്ഷേമവർത്തമാനം ചോദിച്ചുവെന്നു് വരുത്തി, വിനയം നടിച്ചുകൊണ്ടു്, തൻെറ കടത്തിൻെറ സംഗതി ദേസായിയുടെ മുമ്പിൽ എടുത്തിട്ടു.

''എത്ര കടം വാങ്ങി?'' ദേസായി ചോദിച്ചു.

''അഞ്ഞൂറു രൂപ.''

''എന്നോടു ചോദിച്ചിരുന്നെങ്കിൽ ഞാൻ തരുമായിരുന്നില്ലേ? അതുപോകട്ടെ. ആ സംഗതി കഴിഞ്ഞിട്ട് ഇപ്പോൾ അഞ്ചാറു കൊല്ലമായി....ഇതുവരെ എത്ര തിരിച്ചു കൊടുത്തു?''

''പണം ചെലവു കഴിഞ്ഞു ബാക്കി വരുന്നില്ല. മുതൽവകയിൽ നാല്പതു രൂപ മാത്രം കൊടുത്തു. ഇപ്പോൾ പലിശ മാത്രമേ കൊടുക്കാൻ ആവുന്നുള്ളൂ.''

''നാണമില്ലേ പറയാൻ?'' എന്നു് ദേസായി ദേഷ്യപ്പെട്ടു.

വരദക്ഷിണയുടെ സംഗതി എങ്ങനെ എടുത്തിടണമെന്നു് കിട്ടിക്കു പിടുത്തം കിട്ടിയല്ല. ദേസായി തുടർന്നു:

''ഒരു നല്ല പയ്യനായി കുടുംബം പുലർത്തട്ടെ, നീ എന്നു വിചാരിച്ചാണു് ഞാൻ ഇടയിൽ വീണു് എന്തെല്ലാമോ ചെയ്തതു്. സ്വന്തം ചുമതല കൈയിൽ ഒതുക്കാൻ നിന്നെക്കൊണ്ടു് ആവില്ലെന്നു തോന്നുന്നു....ഭക്ഷണം കഴിഞ്ഞോ എന്നു് സ്വന്തം അമ്മയോടു് ഒന്നു ചോദിക്കാൻ നിൻെറ വായു് തുറക്കാറില്ല....ഒരു ഉദ്യോഗം നോക്കുന്നു! അഞ്ഞൂറു രൂപ ഉണ്ടാക്കി എറിയാൻ ആവുന്നില്ല....ഞാൻ എന്തു പറയാനാണു്, ഇതിനു്?....''

''വരദക്ഷിണ കിട്ടിയ ഉടൻ കൊടുക്കേണ്ടവർക്കു കൊടുക്കാമെന്നു വിചാരിച്ചു. എന്നാൽ ഇപ്പോൾ വെറും പലിശ കൊടുത്തുകൊണ്ടു വരേണ്ടതായി വന്നിരിക്കുന്നു. ഉദ്യോഗം ഉണ്ടെന്നു കരുതിയാണു്, തന്നവർ മിണ്ടാതെ ഇരിക്കുന്നതു്....ഇല്ല എന്നാണെങ്കിൽ....'' കിട്ടി, ദേഷ്യപ്പെട്ടു് നാണം കളഞ്ഞു് പറഞ്ഞു.

''എന്തിനാണു് ജോലിയെടുക്കുന്നതു്? വിട്ടുകള. നിൻെറ അമ്മ എന്തെങ്കിലുമൊക്കെ ചെയ്തു് നിന്നെയും നിൻെറ കെട്ടിയവളേയും വീട്ടിൽ ഇരുത്തിക്കൊള്ളും....''

കിട്ടി പറഞ്ഞതിൻെറ ഉദ്ദേശ്യം അറിഞ്ഞു്, ദേസായി കുറെക്കൂടി ദേഷ്യപ്പെട്ടു. അദ്ദേഹത്തിൻെറ ദേഷ്യത്തിനുമുമ്പിൽ, കിട്ടി തൻെറ വിവേകം കളഞ്ഞു്, അമ്മായിഅപ്പൻ നൽകിയ ഉപദേശം തെററായ നിമിഷത്തിൽ ഉപയോഗപ്പെടുത്തി.

''അങ്ങു് ഇപ്പോൾ നാന്നൂററിഅറുപതു രൂപ തന്നാൽ കൊടുക്കേണ്ടവർക്കു കൊടുത്തിട്ടുവരാം. എന്നിട്ടു് ശമ്പളത്തിൽനിന്നു് തവണകളായി ഇവിടെ തിരിച്ചു തന്നോളാം. ഇടയ്ക്കു നിന്നവർക്കു് നെറി പോകാതെയും കഴിയും.''

''ഈ വിചാരം ആദ്യം എന്തുകൊണ്ടു് ഉണ്ടായില്ല?''....നീ പറഞ്ഞാൽ അമ്മ കൊടുത്തുതീർക്കില്ലേ?....അതു പോകട്ടെ. ഇപ്പോൾ ഇവിടുന്നു് എടുത്തു് അവിടെ ഇട്ടതുകൊണ്ടു് എന്തു പ്രയോജനം ഉണ്ടാകാനാണു്?....''

''പ്രയോജനമെന്നും ഉണ്ടാവാനില്ല.''

അമ്മായിഅപ്പൻ പറഞ്ഞുകൊടുത്തിരുന്ന ഉപദേശത്തിൻെറ പൊരുാം ദേസായിക്കു മനസ്സിലായോ എന്നു് കിട്ടിക്കു പെട്ടെന്നു് ശങ്കയുണ്ടായി. പണവിഷയമായി താൻ ഈ മരുമകൻെറയും അമ്മായിഅപ്പൻെറയും കൈയിൽ അകപ്പെട്ടു് കുഴങ്ങാൻ ഇടവരരുതെന്നു് ദേസായി എത്രയോമുമ്പു് ഉറപ്പിച്ചുവെച്ചിരുന്നതാണു്. അതുകൊണ്ടു് ഇപ്പോഠം അതിനെപ്പററി തർക്കിക്കേണ്ട ആവശ്യകതയേ ഉണ്ടായിരുന്നില്ല. മററു് ഉപായമില്ലാതെ, കിട്ടി വീണ്ടും വിഷയത്തിലേയ്ക്കു തിരിഞ്ഞു.

''കല്യാണം കഴിച്ച ഞാനാണു് വങ്കൻ. കടം വാങ്ങിയതു് കല്യാണച്ചെലവിനുവേണ്ടിയാണു്. എന്നാൽ എൻെറ വരദക്ഷിണ എൻെറ കൈയിൽ വരരുതു് എന്നു വെച്ചാൽ....''

ഉള്ളുകളെള്ള ദേഷ്യപ്പെട്ടു്, ദേസായി പെട്ടെന്നു് നേരെ നിവർന്നു് ഇരുന്നു. അയാഠം ഒരടികൂടി മുന്നോട്ടുവെയ്ക്കട്ടെ എന്നു വിചാരിച്ചു് കാത്തിരുന്നു.

അവസാനം തെല്ലു് മുൻപും പിൻപും നോക്കി, കിട്ടി മെല്ലെമെല്ലെ, പറഞ്ഞു:

''അമ്മ, എൻെറ വരദക്ഷിണയുടെ പണം, മൂമ്പു് ഒരായിരം രൂപ—ഇത്രയും അങ്ങയുടെ കൈയിൽ തന്നിട്ടുണ്ടു്....എന്നൊരു വർത്തമാനം ഉണ്ടു്....''

''ഓർമ്മയിരിക്കട്ടെ! നീ എന്താണു് വിചാരിച്ചിരിക്കുന്നതു്?''

''അല്ല തിരിച്ചു വേണമെന്നു പറയുകയല്ല, ഇപ്പോഠം....നേരാണോ എന്നറിയാൻ ചോദിച്ചതാണു്....''

''ഇല്ല....തന്നിട്ടില്ല!''—ദേസായി വല്ലാതെ വിയർത്തുപോയി, ഒട്ടും കുനിയാതെ പഞ്ചാംഗം നോക്കിത്തുടങ്ങി.

അദ്ദേഹം ഇനിയും എന്തെങ്കിലും സംസാരിക്കുമെന്നു വിചാരിച്ചു് കിട്ടി പതിനഞ്ചു നിമിഷത്തോളം പ്രതീക്ഷിച്ചു് ഇരുന്നു. എന്നാൽ നേരെ നിവർന്നിരുന്നു് പഞ്ചാംഗം നോക്കിക്കൊണ്ടിരുന്ന അദ്ദേഹം വായ പൊളിച്ചില്ല.

''എന്നാൽ ഞാൻ വരട്ടെ....'' എന്നു കിട്ടി പറഞ്ഞു, ആ കട്ടിയായ മൗനം കൊണ്ടു് ബേജാറായിട്ടു്.

''ഹും!''

കിട്ടി നേരെ നിവർന്നു്, ഒച്ചയുണ്ടാകത്തക്കവിധം അമർത്തിച്ചവിട്ടിക്കൊണ്ടു് വാതിൽക്കലേയ്ക്കു പോയി. ശരീരത്തിലെ കുളിർ ഒരിക്കൽ പോയശേഷം തുറന്നടിച്ചു സംസാരിക്കാതിരുന്നതു് തൻെറ ദൗർബ്ബല്യമായില്ലേ എന്ന പ്രശ്നം അയാളുടെ ചിന്തയിൽ താണ്ഡവനൃത്തം ചെയ്തു. അതുകൊണ്ടു് മററൊന്നും ആലോചിക്കാൻ കഴിവില്ലാതെ വാതിലിനു പുറത്തു വന്നു്, നിന്നേടത്തുതന്നെ നിന്നുകൊണ്ടു് സംസാരിച്ചു. അയാളുടെ ശരീരമാകെ വിറപൂണ്ടു.

''അമ്മയെ പുറംതള്ളില്ലെന്നു് അങ്ങു് എന്നെക്കൊണ്ടു് ആണയിടുവിച്ചു; ദത്തു് എടുത്തോളാമെന്നു് അമ്മായിഅപ്പനെക്കൊണ്ടു് ആണയിടുവിച്ചു; അങ്ങു് എല്ലാവരെക്കൊണ്ടും ഈശ്വരൻ സാക്ഷിയായി ആണയിടുവിച്ചു.... പണം തന്നിട്ടില്ല എന്നു അങ്ങും ആണയിടാൻ തയ്യാറുണ്ടോ?''

''സന്ദർഭം വരുന്നേരം ചെയ്തോളാം!'' എന്നു ദേസായി ഉറപ്പിച്ചുതന്നെ പറഞ്ഞു.

ചിലപ്പോഠം ദൈവത്തെക്കൂടി കോപിപ്പിക്കത്തക്കവണ്ണം ദേസായി കഠോര ഹൃദയനാവാറുണ്ടു്. മറെറാന്നും സംസാരിക്കാതെ, കിട്ടി വാതിൽ കടക്കുമ്പോഴേക്കും, ദേസായി അയാളെ ഉറക്കെ വിളിച്ചു. വിഷാദം നിറഞ്ഞ പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു:

''കൃഷ്ണ, ഒന്നിവിടംവരെ വന്നിട്ടു പോകൂ. വളരെ പഴയ ഒരു വിവരം ഞാൻ നിന്നോടു പറയാം. നിനക്കു് അറിഞ്ഞുവെന്നു വരില്ല. ധാർവാറിൽ ഹൊസയെല്ലപ്പൂരിൽ ഒരു വീടു് ഞങ്ങഠംക്കു് ഉണ്ടായിരുന്നു. ഞാൻ, വേണ്ട വേണ്ട എന്നു പറഞ്ഞിട്ടും അച്ഛൻ അതു വിററു. ഞാൻ ഇന്നുവരെ അച്ഛൻെറ ശ്രാദ്ധം ഊട്ടിയിട്ടില്ല!....ഇതു നീ അറിഞ്ഞിരിക്കണം എന്നു വിചാരിച്ചു ഞാൻ പറഞ്ഞതാണു്....''

കിട്ടിക്കു് ഈ പറഞ്ഞതിൻെറ അർത്ഥം മനസ്സിലാവാൻ ഒരു നിമിഷം വേണ്ടിവന്നു. പുറത്തേയ്ക്കു് ഇറങ്ങാൻ തുടങ്ങുമ്പോഠം മറെറാരു അമ്പുകൂടി തൊടുത്തുവിട്ടു:

''ഈ വിവരം നിൻെറ അമ്മായിഅപ്പനോടും പറഞ്ഞേയ്ക്കൂ.... അറിഞ്ഞിരുന്നോട്ടെ!....''

ദേസായിയുടെ സംസാരം അറിഞ്ഞശേഷം രാഘപ്പ, ''ഇന്നുമുതൽ ഞാനും ദേസായിയും തമ്മിലുള്ള ഏററുമുട്ടൽ ആരംഭിച്ചുകഴിഞ്ഞു.'' എന്നു പറഞ്ഞു. കിട്ടിക്കു് തമ്മിൽത്തല്ലു് എന്നു വെച്ചാൽ പേടിയാണു്. എന്നാൽ രാഘപ്പ, ''നീ മിണ്ടാതിരുന്നോ. എന്നെക്കൊണ്ടു് ആവുന്നതെല്ലാം ഞാൻ ചെയ്യുന്നുണ്ടു്. രാഘപ്പയെ ഈററ പിടിപ്പിക്കുന്നവർക്കു് വാഴാൻ കഴിയില്ല—ഈ ഖ്യാതി എനിക്കുണ്ടു്. ദേസായിയും അതു് അറിഞ്ഞിരുന്നോട്ടെ!'' എന്നു പറഞ്ഞു മീശ പിരിച്ചു.

## 25. രാഘപ്പയുടെ രണ്ടു മുഖങ്ങൾ

ഈ നാലഞ്ചു കൊല്ലങ്ങഠംക്കുള്ളിൽ രാഘപ്പയ്ക്കു വേണ്ടത്ര മാററം വന്നുപോയി. അതിനു പ്രധാന കാരണം മഹബൂബജാനിൻെറ മരണമാണെന്നു പറയണം. അവരുടെ മരണശേഷം രാഘപ്പയ്ക്കു ജീവിതത്തിലുള്ള സൗഭാഗ്യം

തന്നെ പോയ മട്ടായി. അയാൾ പരിശ്രമിക്കുകയുണ്ടായി, ദേസായിയെ കുരുക്കിൽ ഇടാൻ. എന്നാൽ അതിന് അദ്ദേഹത്തെ കിട്ടിയില്ല. അയാൾക്ക്. തനിക്കു പ്രിയമുള്ളവളായ മഹബൂബ്ജാൻ ജീവിതം കൈവെടിഞ്ഞുകളഞ്ഞു.

അവരുടെ മരണം ഒരു കഥയത്രേ. ഒരു മാസം നാടകക്കമ്പനിയിൽ ഇടവിടാതെയുള്ള ആയാസം സഹിക്കാനുള്ള ത്രാണി അവർക്കില്ലെന്ന് സ്പഷ്ടമായിരുന്നു. രാഘപ്പയ്ക്കു നൽകിയ വാക്ക് അനുസരിച്ച് പരമേശ്വരഭട്ട സ്വയം മുൻകൈയെടുത്ത് അവരെ കുടിക്കാൻ നിർബ്ബന്ധിക്കുകയുണ്ടായില്ല. നേര്. എന്നാൽ തൻെറ ശീലം തടഞ്ഞുനിറുത്തുവാൻ ആവാതെ അവർ സ്വയം ആവശ്യപ്പെട്ടുതുടങ്ങി. ദിവസേനയുള്ള അവരുടെ ഉറക്കത്തിൻെറ ക്രമം തെററാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. പഴയതുപോലെ ഹൃദയശൂല ആരംഭിച്ചു. രക്തസമ്മർദ്ദത്തിൻെറ ഒരു നിഴലാട്ടം കാണായി. നാടകക്കമ്പനിയുടെ നാശം അതോടെ തുടങ്ങിയോ, എന്തോ. ഇത്തവണ ഭട്ടന് വേണ്ടത്ര ലാഭം കിട്ടിയില്ല. ധാർവാർ ടൗൺ എന്നു പറഞ്ഞാൽ 'ചതിമണല'ത്രെ. താഴില്ലെന്നുകരുതി കാലു കുത്തിയാൽ താണതുതന്നെ. പരമേശ്വരഭട്ടൻെറ വിമ്മിട്ടം കാണാൻ കഴിയാനാവാതെ മഹബൂബ്ജാൻ, ഒരു ഡോസ് ചായ കുടിച്ച്, എത്ര വിഷമിച്ചിട്ടാണെങ്കിലും ജോലിക്കു ഹാജരായിരുന്നു. ആദ്യത്തേപ്പോലെ രണ്ട് ആവർത്തനം അടിച്ചുവിടാൻ ഇപ്പോൾ അവർക്ക് സാധിച്ചിരുന്നില്ല. അങ്ങനെ ഒരു മാസം ആ ദൈന്യതയിൽ നിന്നു രക്ഷപ്പെട്ടു കടന്നു.

ഉടൻ രക്തസമ്മർദത്തിന് അവർ അടിപ്പെട്ടു. എഴുന്നേററു നിന്നാ ഉടൻ തല ചുററാൻ തുടങ്ങും. ഭക്ഷണം ദേഹത്തിനു ഏശാതായിവന്നു. രാഘപ്പ അവരെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി. അവിടെ രണ്ടു മാസം താമസിച്ചു, അല്പം സുഖപ്പെട്ടപ്പോൾ വീട്ടിലേക്കു തിരിച്ചുപോന്നു. പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും ആരംഭിച്ചു. ഇത്തവണ ആശുപത്രിയ്ക്കു പോവാൻ അവർ തയ്യാറായില്ല. ''അള്ളയുടെ ഇഷ്ടപ്പടി ആകട്ടെ!'' എന്നു കേണ്, ഈശ്വരധ്യാനത്തിൽ കാലം പോക്കി. ചിലപ്പോൾ ഈശ്വരനെ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ കണ്ണുകളിൽനിന്നു നീർ ധാരയായി ഒഴുകിയിരുന്നു. രാഘപ്പ സജീവമായിത്തന്നെ ശുശ്രൂഷിച്ചു. അവർ തനിക്കുവേണ്ടിയാണ് ഇത്ര കഷ്ടപ്പെടേണ്ടിവന്നതു് എന്ന് ഓർത്തു് അവരെ ജീവിപ്പിക്കാൻ നൂറുകണക്കിനു പ്രയത്നം ചെയ്തു. ദിവസേന രണ്ടുതവണ ഹുബ്ബള്ളിക്കു വന്ന് അവരുടെ മുൻപിൽത്തന്നെ കുത്തിയിരുന്ന്, മരുന്ന്, പഴങ്ങൾ, പാൽ എന്നിവ കഴിക്കാൻ കൊടുത്തിരുന്നു.

പത്തുപന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ രോഗം എന്നത്തേക്കാളും വർദ്ധിച്ചു. കഫപിത്തജ്വരം തുടങ്ങി. അങ്ങനെ രോഗം അധികമായപ്പോൾ രാഘപ്പ ഒരു മാസം ഹുബ്ബള്ളിയിൽത്തന്നെ താമസിച്ചു. അരുകിൽത്തന്നെ നിന്നു ശുശ്രൂഷിച്ചു. അയാൾ തൻെറ മനസ്സൈഥര്യമെല്ലാം ചെലുത്തി മരണത്തോടു മല്ലിട്ടു. അയാളുടെ മനസ്സൈഥര്യത്തിനു മുമ്പിൽ മരണം ഭയപ്പെട്ടോ എന്തോ. പതിനഞ്ചു നാൾ

മൃത്യുമുഖത്തിൽ കഴിഞ്ഞുകൂടിയ മഹബൂബബാജാൻ ഒരു ദിവസം വെളുപ്പിനു്, നാലുമണിക്കു്, ജോറായി വിയർത്തു്, പനിയിൽനിന്നു രക്ഷപ്പെട്ടു.

എന്നാൽ മരണം ഉപേക്ഷിച്ചുപോയ സമയം, തൻെറ മുദ്ര പതിച്ചിട്ടാണു് പോയതു്. മഹബൂബബാജാൻ തീരെ വിരൂപിയായി. പ്രായമായെങ്കിലും പഴത്തിൻെറ അഴകും ശാന്തഭാവവും നിറഞ്ഞിരുന്ന, അവരുടെ മുഖത്തു് അവിട വിടെ കറുത്ത കുഴികഠം വീണു. ഒരു മിഴി മേലോട്ടു പോയി. പുരികം ചെമ്പിച്ചു; രോമങ്ങഠം കൊഴിഞ്ഞുപോയ അടയാളങ്ങളും കാണായി. ചുണ്ടുകഠം അവിടവിടെ വിണ്ടുപോലെ ആയി.

അവരുടെ സ്വഭാവത്തിനു് വലിയ മാററം വന്നില്ല. മററുള്ളവരോടു് അവർ ദേഷ്യത്തോടെ പെരുമാറിയിരുന്നിരിക്കാം. എന്നാൽ 'ഏമാ'ന്നോടു മാത്രം എന്നത്തേയുംപോലെ പെരുമാറി. മനുഷ്യൻെറ ക്ഷമയ്ക്കുമുണ്ടല്ലോ, ഒരു അതിരു്! ഇത്രനാഠം ശുശ്രൂഷിച്ച രാഘപ്പയ്ക്കു് അല്പാല്പം ദേഷ്യം ഉണ്ടാവാൻ തുടങ്ങി. അയാളിൽ കാണപ്പെടാൻ തുടങ്ങിയ മാററം കണ്ടു് മഹബൂബബാജാൻ ഭയപ്പെട്ടു. അവർ നിലവിളിച്ചുകൊണ്ടു് രാഘപ്പയുടെ കാൽക്കൽ വീണു് യാചിച്ചു: ''ഇത്ര ദിവസം കഷ്ടപ്പെട്ടു് എന്നെ എന്തിനു് ജീവിപ്പിച്ചു?....ഇനിയൊരിക്കൽ സുഖക്കേടു വന്നാൽ എന്നെ ജീവിപ്പിക്കാൻപോകരുതു്. ഞാൻ ചുമ്മാതങ്ങു് കണ്ണുകഠം ചിമ്മിക്കൊള്ളാം. ഇങ്ങനെ ജീവിക്കാൻമേല....''

രാഘപ്പയ്ക്കു് വല്ലാത്ത വ്യസനം തോന്നി. എന്നാൽ ഒരു കാര്യം മനസ്സിൽ തീർച്ചപ്പെട്ടു, ഇനി ജീവിച്ചാലും അവർക്കു് സുഖം ഉണ്ടാവില്ലെന്നു്.

പിന്നീടു് ഇരുപതു ദിവസങ്ങഠംക്കുള്ളിൽ അവസാനഘട്ടം വന്നുചേരുക തന്നെ ചെയ്തു. അപ്പോഴും രാഘപ്പ ഒരു യന്ത്രംപോലെ ചിരിച്ചു. എന്നാൽ സഹനശക്തിക്കും ഒരു അതിരുണ്ടല്ലോ. രണ്ടാമത്തെ ദിവസംതന്നെ മഹബൂബബാജാനിൻെറ സാന്നിദ്ധ്യംപോലും വ്യസനകരമായി തോന്നി. മനസ്സിനു് ഒരു വിശ്രമം നൽകാൻവേണ്ടി, മറെറാരു പാട്ടുകാരിയുടെ വീട്ടിൽ ചെന്നു് പാട്ടു കേഠംക്കാൻ അയാഠം കാത്തിയിരുന്നു. അവിടെ എത്തി ഒരു മണിക്കൂറിനുള്ളിൽത്തന്നെ, 'ഏമാ'നെ ഓർത്തോർത്തു് മഹബൂബബാജാൻ കണ്ണടച്ചു.

പിറേറന്നു് ആ വാർത്ത കേട്ടപ്പോഠം രാഘപ്പയ്ക്കു് തൻെറ ജീവൻ കട്ടപിടിച്ചപോലെ തോന്നി. മരണസമയത്തു് തന്നെപ്പററി അവർ ഓർത്തുവത്രേ. ഇത്ര നാഠം അവിടെ കഴിച്ചിട്ടും ആ ഒരു ദിവസം താൻ ഇല്ലാതെപോയല്ലോ എന്ന പശ്ചാത്താപത്താൽ താൻ ഒരു ശവമായപോലെ അയാഠംക്കു തോന്നി. പിന്നീടു് പതിനഞ്ചു ദിവസത്തോളം രാഘപ്പ ആമാശയരോഗം ബാധിച്ചു് രോഗശയ്യയിൽ കിടന്നു. രോഗം മാറി എഴുന്നേററുവെങ്കിലും ആദ്യത്തെ രാഘപ്പ അല്ലാതായി ക്കഴിഞ്ഞിരുന്നു. വലിയ മനോദൌർബല്യം അയാഠംക്കു തോന്നിത്തുടങ്ങി.

മഹബൂബബാജാൻ മരിച്ചുപോയതു നിമിത്തം, തങ്ങളുടെ വീട്ടിൽനിന്നു് അവരുടെ വീട്ടിലേക്കു പൊയ്പോയ സമ്പത്തു തിരിച്ചുകിട്ടുമെന്നു് ആശിച്ച

കൊണ്ടിരുന്ന ചമ്പക്കയുടെ ആശ വിഫലമായി. എല്ലാ സമ്പത്തും മഹബൂബാജാൻ തൻെറ സഹോദരിയുടെ മകൻെറ കച്ചവടത്തിൽ ഇറക്കിയിരുന്നു. അതിനെപ്പററി ഒന്നുംതന്നെ ചെയ്യാൻ രാഘപ്പ തയ്യാറായില്ല. രണ്ടാം തവണ സുഖക്കേടു വന്നപ്പോഠം അവർ തൻെറ കഴുത്തിൽ കിടന്നിരുന്ന ചന്ദ്രഹാരം ഊരി, ''ഇതു് ശാന്തയുടെ കല്യാണസമ്മാന''മെന്നു പറഞ്ഞു് ചമ്പക്കൻെറ കൈയിൽ എത്തിക്കുകയുണ്ടായി. അത്രമാത്രമാണു് വീട്ടിലേക്കു വന്നുചേർന്നതു്.

ദിവസംചെല്ലുന്തോറും രാഘപ്പയ്ക്കു ആദ്യമുണ്ടായിരുന്ന തടിമിടുക്കു കുറഞ്ഞു വന്നു. ആദ്യത്തെ ഉത്സാഹവും ത്രാണിയും ചാപല്യവും കുറയാതെ ഇരുന്നില്ല. ആ കാലത്തു തൻെറ ദൈത്യശക്തിയും ബുദ്ധിബലവുംകൊണ്ടു് അയാഠം ചെയ്തിരുന്ന സൂത്രപ്പണികഠംപോലും ജനങ്ങഠംക്കു് ഒരു ലീലാപുരുഷൻെറ പ്രവൃത്തികളായി തോന്നിയിരുന്നു. അക്കാലത്തു്, രാവണനെപ്പോലെ, തൻെറ സാമർത്ഥ്യംകൊണ്ടു്, ഭൂമിയെപ്പോലും ചവുട്ടി താഴ്ത്തിയിരുന്ന ആ മനുഷ്യൻ വെറും 'അധമ'നെപ്പോലെ കാണപ്പെട്ടു. തൻെറ അലൌകികമായ വ്യക്തിത്വംപോലും പോയി. അയാഠം ഒരു നിസ്തേജനായിത്തീർന്നു. ഇതിനെപ്പററി അയാഠംക്കും സ്വയം അറിയാമായിരുന്നു. വല്ലപ്പോഴും വഴിയിലൂടെ നടക്കുന്ന സമയം, പഴയ പരാക്രമങ്ങഠം ഓർമ്മയിൽ വന്നാൽ, ''അയ്യോ, മുമ്പു് ഇങ്ങനെ സംഭവിച്ചിട്ടില്ലല്ലോ, ഒരിക്കലും!'' എന്നു വിഷാദിക്കും. ആദ്യകാലത്തു് താൻ ചെയ്ത ഒന്നിനെപ്പററിയും പശ്ചാത്തപിക്കാതിരുന്ന ആ മനുഷ്യൻ ഇന്നു് എന്തെങ്കിലും സഹതാപത്തിനടിപ്പെടും. മരണത്തിൻെറ പ്രഭാവം അങ്ങനെയുള്ളതത്രേ. സഹതാപമേ അറിയാത്ത ഉരുക്കു ഹൃദയത്തെ മരണം ഒരു തവണ ദുഃഖിക്കാൻ പഠിപ്പിച്ചാൽ, പിന്നെ എന്തെന്തിനെപ്പററിയാണു ദുഃഖിക്കുക എന്നു ഒരു നിയമവും ഇല്ല. രാഘപ്പ അടുത്തകാലത്തായി ചിന്താമൂകനായി ഇരിക്കുക പതിവായി. സാങ്കല്പികമായ ഒരുതരം വ്യഥയ്ക്കു അടിപ്പെടാൻ തുടങ്ങി. തൻെറ ബുദ്ധിശക്തി എല്ലാവശത്തുനിന്നും ഫലിക്കുന്നില്ലല്ലോ എന്നതായിരുന്നു, അയാളുടെ ആദ്യത്തെ സങ്കടം; തൻെറ ജീവിതത്തെ സംബന്ധിച്ച സംഗതികളിൽ തൻെറ ബുദ്ധിശക്തി അസമർത്ഥമായിത്തീർന്നല്ലോ എന്നതു് രണ്ടാമത്തെ സങ്കടം; തൻെറ ബുദ്ധിശക്തിതന്നെ കളഞ്ഞുപോയല്ലോ, എന്നതു മൂന്നാമത്തെ സങ്കടം.

അങ്ങനെ, ഇന്നു് അവശേഷിച്ചിട്ടുള്ളതു് പണ്ടത്തെ രാഘപ്പയുടെ ഒരു നിഴൽ മാത്രം. പണ്ടത്തെ പ്രചണ്ഡനായ രാഘോബ, കടന്നുകളഞ്ഞ മഹബൂബാജാനോടൊന്നിച്ചുതന്നെ മറഞ്ഞുപോയി.

''ഈ ദേസായി അല്പം മുമ്പു് എൻെറ കൈയിൽ അകപ്പെടേണ്ടതായിരുന്നു. ഇപ്പോഠം എൻെറ ശരീരത്തിൽ പ്രാണനേ ഇല്ലാതായി. അന്നു് അകപ്പെട്ടിരുന്നുവെങ്കിൽ പതിനഞ്ചു ദിവസത്തിനുള്ളിൽ ഏഴു പുഴയിലെ നീരു കുടിപ്പിച്ചുവിട്ടിരുന്നേനെ....'' എന്നു് ഭാര്യയുടെ മുമ്പിൽവെച്ചു അയാഠം വീമ്പടിക്കും. ദേസായിയും ഗംഗവ്വയും രാഘപ്പയുടെ വീട്ടിൽ കടുഹാസ്യത്തിനു വിഷയമാ

കാറുണ്ട്. മരുമകൻെറ അമ്മ എന്ന സ്ഥാനത്തു വന്നിട്ടും ഒരിക്കലെങ്കിലും തൻെറ വീട്ടിൽ കാൽ കുത്തിയിട്ടില്ലാത്ത ഗംഗവ്വ, അവരെ താത്വികമായി പിന്നിൽ നിന്നു ബന്ധിച്ചുവെച്ചിരിക്കുന്ന ദേസായി, ഇവർ ഇരുവരും തൻെറ കുടുംബത്തിൻെറ വൈരികറം തന്നെ. അതിനുംപുറമെ, കിട്ടിയുടെ കടം, അവശത, ദേസായിയുടെ കൈയിൽ കൊടുത്തുവെച്ചിരിക്കുന്ന പണം—ഇതിനെപ്പററിയെല്ലാം പരസ്യമായി ചർച്ചചെയ്യാൻ അവസരം കിട്ടിയതു നിമിത്തം ആ കട്ട ഹാസ്യം അധികമാവുകയും ചെയ്തു.

എന്നാൽ ത്രാണി എത്ര കുറഞ്ഞിട്ടും 'ഒളിച്ചോടിയവ'ൻെറ പ്രവർത്തനങ്ങറം നിൽക്കുകയുണ്ടായില്ല. ദേസായിയുടെ ചില വയലുകളിൽ വലിയ തോതിൽത്തന്നെ കളവുകറം നടന്നു.

ദേസായിയുടെ ദേശവഴിയിൽ നിന്നു ധാർവാറിലേക്കു വരുന്ന ഗ്രാമീണരുമായി രാഘപ്പ കൂട്ടുകെട്ടുണ്ടാക്കി. അയാളുടെ ഉദ്ദേശ്യങ്ങറം മേലിൽ എന്തായിരുന്നാലും, ഉടൻ മററൊരു ഉപായം തോന്നി.

ദേസായിയുടെ മകൻ വസന്തൻ ഇനിയും കളവായി ധാന്യങ്ങറം വിൽക്കുന്ന സ്വഭാവം ഉപേക്ഷിച്ചിരുന്നില്ല. അയാറം പണ്ട് നാടകമാടാൻ ശ്രമിച്ചുവെന്നും, അതിനായി ധാന്യം സൂക്ഷിക്കുന്ന സ്ഥലം പണയംവെച്ചുവെന്നും, അതു കേട്ട് ദേസായി ദേശവഴിയിലേക്കു ഓടിവന്നുവെന്നും, രാഘപ്പയുടെ ഒരു പ്രിയശിഷ്യൻ പറഞ്ഞുകൊടുത്തു. ദേസായി വന്നുപോയതിനുശേഷം വസന്തരായൻ പരസ്യമായി ധാന്യം വിററിരുന്നില്ല. തൻെറ സ്ഥിരം പററുകാർക്ക് സന്ധ്യമയങ്ങിയതിനുശേഷം ഒന്നൊന്നര ചാക്ക് വിൽക്കുകയാണ് പതിവ്. രാഘപ്പയുടെ സമർത്ഥ ശിഷ്യൻ ബസ്സവണ്ണി നാലാംതരംവരെ പഠിച്ചവനായിരുന്നു. അത്യുത്സാഹി. അല്ലറചില്ലറ ജോലികളിൽ അയാറംക്ക് നല്ല ഉത്സാഹമായിരുന്നു. അയാറംവഴിയായി രാഘപ്പ വസന്തരായനു് ഒരു സന്ദേശം എത്തിച്ചുകൊടുത്തു; ''ധാർവാറിൽ നിങ്ങളുടെ ജാതിയിൽത്തന്നെ പെട്ട ഒരാറം വലിയ തോതിൽ വ്യാപാരം നടത്താൻ തയ്യാറുണ്ട്'' എന്ന്.

സമർത്ഥനായ ബസവണ്ണി എല്ലാ സംഗതിയും ഉപ്പും മുളകും ചേർത്തു പറഞ്ഞു്, വസന്തരായനു് ആശ കാട്ടി. അയാറം മദ്ധ്യവർത്തി. ധാന്യം കിട്ടിയ ഉടൻ പണം കൊടുക്കുന്നവൻ. തൻെറ കാളവണ്ടിയിൽ ഒററ രാത്രികൊണ്ട് ധാന്യം ധാർവാറിലേയ്ക്കു കൊണ്ടുവരും. ആരുടെ മുമ്പിലും ചുണ്ട് അനക്കുന്നവനല്ല....ആ പദ്ധതി ഒററ മാസംകൊണ്ട് ഫലപ്രദമായിത്തീർന്നു. രാഘപ്പയ്ക്കു പതിനഞ്ചു ചാക്ക് ധാന്യം കിട്ടി. ധാന്യം ധാർവാറിൽ എത്തിക്കാനുള്ള ചെലവ്, ബസവണ്ണിയുടെ കമ്മീഷൻ, മററു മേൽചെലവ്—ഇവയെല്ലാം തീർത്തതിനുശേഷം രാഘപ്പയുടെ കീശയിൽ ഇരുപതു് ഇരുപത്തിരണ്ടു രൂപ വന്നുവീണിരുന്നു.

എന്നാൽ രാഘപ്പയ്ക്കു് അത്തരം അല്ലറചില്ലറ വകകറം സന്തോഷം നൽകിയിരുന്നില്ല. ''ഛീ! ഇരുപതു രൂപ!....നാണക്കേട്!....മഹബൂബജാൻ

ജീവിച്ചിരിപ്പുണ്ടെങ്കിൽ ഇതു് ഞാൻ ചിതറി എറിഞ്ഞിരുന്നേനെ!'' എന്നു് അയാരം മനസ്സിൽ കരുതും. അതിലും എളുപ്പമായ ഉപായങ്ങരം ആരായാൻ തുടങ്ങി, അയാരം. ''ദേസായി കൈയിൽ അകപ്പെടണമെങ്കിൽ അയാളുടെ മകനെ പാട്ടിലാക്കണം. ചെറുവിരൽ പിടിച്ചാൽ ദേഹമാകെ വരും''—എന്നു് ചിലപ്പോരം ചിന്തിയ്ക്കും. അതിനായി വസന്തനുമായി പരിചയം സമ്പാദിയ്ക്കണം. നാടകക്കമ്പനിയെന്നു പറഞ്ഞാൽ വസന്തനു് എത്രത്തോളം ഉണ്ടായിരുന്നിരിക്കും, ആവേശം? താനതിൽ വേണ്ടിടത്തോളം വിദഗ്ധനാണു്. നാടകത്തെപ്പററി വസന്തനിൽ ആവേശം നിറച്ചു് ഒരു ദിവസം തൻെറ അടുത്തേയ്ക്കു കൂട്ടിക്കൊണ്ടുവരാൻ ബസവണ്ണിയെ ചട്ടംകെട്ടി. അയാരം വരുന്ന ദിവസം കാത്തു് രാഘപ്പ ഇരുന്നു.

XX XX XX

ഇതു് രാഘപ്പയുടെ ഒരു മുഖം.

ഇനി മററൊരു മുഖം; കിട്ടിയുടെ നേരെ നോക്കുന്നതു്.

കിട്ടിയെ ദത്തെടുക്കുന്ന സംഗതിയിൽ രാഘപ്പയുടെ മനസ്സു് മാറിത്തുടങ്ങി. അതിനെ സംബന്ധിച്ചു് അയാരം ഒരിക്കലും ആത്മാർത്ഥമായി ചിന്തിച്ചിട്ടേ ഇല്ലായിരുന്നു. കല്യാണത്തിൻെറ ആലോചന നടക്കുന്ന സമയം അങ്ങനെ ഒരാശ കാട്ടി ഗംഗവ്വയുടെ തല കുനിപ്പിക്കാം എന്നു കരുതിയാണു് ആ ഉപായം തേടിപ്പിടിച്ചതു്. എന്നാൽ ആ വിചാരം ഗംഗവ്വയുടെ ശാഠ്യംകാരണം നീണ്ടുപോയി. അക്കാലത്തു് രാഘപ്പ ബുദ്ധികൊണ്ടു് യുവാവായിരുന്നു. ദത്തെടുക്കുക എന്ന പദ്ധതിതന്നെ അയാരംക്കു ഹാസ്യാസ്പദമായി തോന്നിയിരുന്നു. സന്ദർഭത്തിൻെറ നിർബ്ബന്ധംമൂലമോ എന്തോ, ''ആകട്ടെ, ദത്തെങ്കിൽ ദത്തു്!'' എന്നു തൻെറ മനസ്സിനെ അയാരം സ്വയം സമാധാനിപ്പിക്കുകയാണു് ചെയ്തതു്. എല്ലാവരുടെയും മുമ്പിൽവെച്ചു് ശപഥവും ചെയ്തു. അതിനുംപുറമേ ചമ്പക്ക കിട്ടിയെ വളരെ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. ഈ എല്ലാ സംഗതികളുംകൊണ്ടായിരുന്നു, രാഘപ്പ കല്യാണത്തിനു ചില ദിവസങ്ങരംക്കുമുമ്പു് ദത്തിൻെറ കാര്യത്തിൽ തലകുനിച്ചതു്.

കല്യാണം കഴിഞ്ഞു. അതിനുശേഷം ദത്തിൻെറ ആവശ്യകതയും, ചില ദിവസങ്ങരം കഴിഞ്ഞപ്പോരം മററു് ആലോചനകളും തിരിഞ്ഞുവന്നു. കല്യാണം കഴിഞ്ഞാൽ ഗംഗവ്വയുടെ ദേഷ്യം പൊയ്പോകും എന്നു കണക്കാക്കിയ രാഘപ്പയുടെ പ്രതീക്ഷകരം അയഥാർത്ഥങ്ങളായി. ഗംഗവ്വ ഒററ തവണപോലും അയാളുടെ വീട്ടിൽ പോയില്ല. അയാളെ തൻെറ വീട്ടിലേയ്ക്കു് വിളിച്ചില്ല. രത്നയ്ക്കും അമ്മായിവീട്ടിൽ സൌഖ്യവും അത്രതന്നെ. തന്നോടുള്ള ദേഷ്യം രത്നയുടെ നേരെ ഗംഗവ്വ പോക്കുകയാണു് എന്നു് ഒരു വിചാരം രാഘപ്പയിൽ ഉറച്ചു. അങ്ങനെ അവർ ഒരു ഭീഷണിക്കു ആസ്പദമായ വസ്തുവായിത്തീർന്നു. കിട്ടിയും കഴിഞ്ഞ നാലഞ്ചു വർഷങ്ങരംക്കുള്ളിൽ രാഘപ്പയുടെ അവകാശിയാകാനുള്ള

ലക്ഷണങ്ങളും കാണിച്ചില്ല, രാഘപ്പയുടെ പട്ടത്തിൻെറ വെറും വാലോ മറേറാ ആയി. എന്നാൽ കഴിവില്ലാത്ത. 'പട്ട'ത്തിൻെറ വാല്യകളെപ്പററി 'ഒളിച്ചോടി രാഘപ്പ'യ്ക്കു ബഹുമാനമില്ല. ''ഞാൻ അങ്ങനെ ആയിരുന്നെങ്കിൽ'', ''എൻെറ അമ്മ'' എന്നെല്ലാം പറഞ്ഞു് സാഷ്ടാംഗം നമസ്കരിച്ചു്, ''വീടുവിട്ടു് പുറത്തിറക്കും'' എന്നു ഭാര്യയുടെ മുമ്പിൽ ആക്രോശിക്കുന്നവൻ.

ഈ ചുററുപാടിൽ ദേസായി വിളിപ്പിച്ചു ദത്തിൻെറ സംഗതി തന്നോടു സംസാരിക്കാൻ തുടങ്ങിയ ഉടൻ രാഘപ്പയുടെ ക്രോധം ബ്രഹ്മാണ്ഡത്തേയും കടന്നു പോയി. തൻെറ മനസ്സിലുള്ള ദേഷ്യം രാഘപ്പ ദേസായിയെ അറിയിച്ചു: ''ദേസായി അവർകളെ, കല്യാണം കഴിഞ്ഞു് ഒന്നര കൊല്ലമായി. ഒററ ദിവസംപോലും ഗംഗവ്വ എൻെറ വീട്ടിലേയ്ക്കു വന്നില്ല—വിശേഷദിവസങ്ങൾക്കെങ്കിലും. ഇങ്ങനെ ദേഷ്യം പിടിച്ചു് ഇരുന്നാലോ? എനിക്കും ഒരു വിശ്വാസം ഉണ്ടാവണോ, വേണ്ടയോ?'' അതിനു മറുപടിയായി ദേസായി പറഞ്ഞു: ''നിങ്ങളെല്ലാം ആദ്യം സമ്മതിച്ചു. കല്യാണത്തിൻെറ സമയത്തു് നിങ്ങൾ തന്നെ മുന്നോട്ടുവന്നു്, ഇവിടെവെച്ചു ഞങ്ങളുടെ മനസ്താപവും തീരണമെന്നു് നാലാളുടെ മുമ്പിൽ പറയുകയുണ്ടായില്ല. നിങ്ങൾ വായ തുറന്നില്ല.''

അങ്ങനെ തോൽവി പററിയ രാഘപ്പയ്ക്കു് ഇരട്ടി ദേഷ്യം വന്നു. കിട്ടിയെ ദത്തെടുക്കുന്നതിൽ ഇനിയും പല തകരാറുകളുണ്ടു്. രണ്ടാമത്തെ മരുമകൻ ആയിട്ടു് കിട്ടിയെക്കാളും മിടുക്കനായ ഒരുത്തനെ കിട്ടിയാലോ....? കിട്ടിയെ ദത്തെടുത്തതിനുശേഷം ഗംഗവ്വ മകനെ കൈവശപ്പെടുത്തി, തന്നെ ഉപദ്രവിച്ചാലോ?....ഈ രണ്ടാമത്തെ ചിന്ത രാഘപ്പയ്ക്കു ഭയങ്കരമായി തോന്നി. ആരേയും പേടിക്കാത്ത അയാൾക്കു് അക്കനെ ആദ്യംമുതൽക്കേ അൽപം പേടിയായിരുന്നു. ഇപ്പോൾ അതു് അയാളുടെ മനോദൌർബല്യം കാരണം തികച്ചും പ്രകടമായി പേടിപ്പെട്ടുതുടങ്ങി. ''ആ ഗംഗിയുടെ കൈയിൽ ഞാൻ അകപ്പെട്ടാൽ എന്നെ നുള്ളി നറുക്കും!'' എന്നു് അയാൾ കേണുകൊണ്ടിരുന്നു. ഗംഗവ്വയെപ്പററി അയാൾക്കു് 'വിരോധഭക്തി' ഉണ്ടാവാൻ തുടങ്ങി. തൻെറ അക്കൻമാത്രമായിരുന്നു, കഴിഞ്ഞ മൂന്നുകൊല്ലക്കാലം അയാളുടെ മുഖ്യമായ ചിന്താവിഷയം. അവരെപ്പററി മറെറാരു 'ഗായത്രി' അയാളുടെ ചെവിയിൽ പലപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. ''ഗംഗേ, ഇനിയും നിൻെറ ദേഷ്യം തീർന്നില്ല. നിന്നെ വേണ്ട സ്ഥാനത്തു് ഇരുത്തി, നിന്നെ ഒരു പിശാചാക്കി മാററിയശേഷം മാത്രം ഞാൻ കൈയ്യൂരും.''

ഈ ദത്തിനു് എന്തെങ്കിലും ഒരു തടസ്സം ഉണ്ടാക്കിവെച്ചാൽ, ഗംഗവ്വയേയും ദേസായിയേയും ദേഷ്യപ്പെടുത്തി, ഒരുതരം സുഖം ലഭിക്കും. എന്നാൽ നാലാളുടെ മുമ്പിൽവെച്ചു് ആണയിട്ടതല്ലേ? തൽക്കാലം രണ്ടുമൂന്നു കൊല്ലം തള്ളിനീക്കുക തന്നെ ചെയ്യു, ശാന്തയുടെ കല്യാണംവരെ. അയാൾ സ്വയം ഉപദേശം നൽകി, മനസ്സിനു്. ''എടോ രാഘപ്പ, നീ ഇങ്ങനെ ഉപായംമാത്രം ആലോചിച്ചുകൊണ്ടിരിക്കുന്നതു് വിട്ടുകള. നീ യഥാർത്ഥ രാഘപ്പ ആണെങ്കിൽ ദത്തിൻെറ കഥ ഇനിയൊരിക്കലും തലപൊക്കാത്തവിധം നുള്ളിക്കളയ്യ!''

ദത്തിനെ സംബന്ധിച്ച് രാഘപ്പ ഒരു രാവണനെപ്പോലെ ചിന്തിക്കാൻ തുടങ്ങി. ഇനി തനിക്കു് ഒരു ആൺകുഞ്ഞു് ഉണ്ടായാലോ....?

ശാന്ത ജനിച്ചതിനുശേഷം ഡാക്ടറുടെ ഉപദേശപ്രകാരം രാഘപ്പയ്ക്ക് ഭാര്യയുമായുള്ള ബന്ധം അററുപോയി. ഇനിയൊരു പ്രസവമുണ്ടായാൽ ഭാര്യയുടെ ജീവിതത്തിൻെറ പ്രശ്നം ഉണ്ടാകുമെന്നു് ഡാക്ടർ അറുത്തുമുറിച്ചു പറഞ്ഞിരുന്നു. അയാഠംക്കു് ഇപ്പോഠം അമ്പതു വയസ്സായി. ഭാര്യയ്ക്കു് നാൽപതിൻെറ അടുത്തും. തനിക്കുള്ള ജീവിതകാലം വളരെ കുറവു്. ശാന്തയുടെ കല്യാണം നീട്ടിക്കൊണ്ടു പോകുന്നതിൽ അർത്ഥമില്ല. പ്രായം കൂടിയാൽ അവഠംക്കു് കല്യാണമേ ഉണ്ടാവില്ല എന്നാവും ..

എന്തോ ആകട്ടെ, അവസാനം, സഹതാപത്തിനു അടിപ്പെട്ടു്, പല്ലു ഞെരിച്ചു്, രാഘപ്പ നിശ്ചയിച്ചു: ''ഭാര്യയുടെ ജീവൻ....? സാരമില്ല .. ഒരു ആൺകുഞ്ഞിനെ തന്നശേഷം അവഠം തൻെറ ടിക്കററു് എടുത്തോട്ടെ....!

ഡാക്ടർക്കു് എന്തു് അറിയാം? ഒന്നു പത്താക്കി പറയും.

XX XX XX

ഭർത്താവു് ഒന്നും പറഞ്ഞില്ലെങ്കിലും ചമ്പക്കനു് എല്ലാം ഒരു പുസ്തകം നിവർത്തി വായിക്കുംപോലെ സ്പഷ്ടമായി കാണപ്പെട്ടു. ഭർത്താവിൻെറ മനസ്സിലെ ഓരോ അടുക്കിനെപ്പററിയും അറിവില്ലായിരുന്നുവെങ്കിൽ അവർ ഇത്ര ദിവസം ജീവിക്കുമായിരുന്നില്ല.... അവസാനത്തെ സ്വാർത്ഥത്യാഗത്തിനു വേണ്ടി അവർ മറെറാന്നും ഉരിയാടാതെ തയ്യാറായി....രത്നയെപ്പററി തെല്ലു സഹതാപം തോന്നി....എന്നാൽ പതിയേ ദൈവം. അയാളുടെ സ്നേഹവും ദേഷ്യവും സന്തോഷവും എല്ലാം തൻേറതുമാണു്. താൻ തയ്യാറാവുകതന്നെവേണം.

## 26. അച്യുതൻെറ മറുപടി

കുറച്ചു ദിവസങ്ങഠംക്കുള്ളിൽത്തന്നെ, പതിനഞ്ചു ചാക്കു ധാന്യം ധാർവാറിൽ കൊണ്ടുവന്നു വിററ സംഗതി ദേസായിയുടെ ചെവിയിൽ എത്തി. വിളകളവുപോവുന്നതിനെപ്പററിയുള്ള സന്താപം ആദ്യമായി മനസ്സിൽ ഉളവായി. അതിൽ രാഘപ്പയുടെ കൈ ഉണ്ടാകുമെന്ന സന്ദേഹവും അദ്ദേഹത്തിനു സ്പഷ്ടമായി. തൻെറ കാരണവന്മാർ ജീവിച്ചിരുന്ന കാലത്തു് തൻെറ സർവ്വശക്തിയും പ്രയോഗിച്ചു് രാഷ്ട്രീയ കലാപങ്ങഠം ഉണ്ടാക്കിയ ആളാണു്, ദേസായി. എന്നാൽ കഴിഞ്ഞ ഇരുപതുകൊല്ലമായി, പെൻഷൻ പററിയ ഒരു ശിപായിയെപ്പോലെ അദ്ദേഹം ശാന്തമായ ജീവിതം നയിച്ചുവരികയായിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകഠം നിറയ്ക്കത്തക്ക ഒററ ശത്രുവും അദ്ദേഹത്തിനെതിരെ വരികയുണ്ടായില്ല, കഴിഞ്ഞ ഇരുപതു കൊല്ലത്തിനിടയ്ക്കു്. തനിക്കു തക്ക ഗർവ്വത്തോടെ, ഒരു മത്തഗജത്തെപ്പോലെ, ഇരിക്കുന്ന ദേസായിക്കു് തീരെ അടുത്ത മിത്രങ്ങളും

കുറവായിരുന്നു. കടുത്ത ശത്രുക്കളും ഇല്ലായിരുന്നു. ഇപ്പോൾ മാത്രം സന്തപ്തനായി അദ്ദേഹം, രാഘപ്പയുടെ നിസ്സാരവും അകാരണവുമായ ശല്യത്തെപ്പററി. വളരെ ക്കാലമായി ദ്വേഷ—ദുരഭിമാനങ്ങളുടെ മുമ്പിൽ കുനിയാത്ത അദ്ദേഹം ഇപ്പോൾ, ''ആ രാഘപ്പയുടെ കൈയിലേയ്ക്കു രണ്ടു ചില്ലി പോവാൻ വിട്ടാൽ ഈ ഞാൻ ബഹാദൂർ ദേസായി അല്ല!'' എന്നു ശപഥംചെയ്തു മീശ പിരിച്ചു. രാഘപ്പ പ്രത്യക്ഷ സമരത്തിനു ഇറങ്ങിയതു നിമിത്തം താൻ ചുമ്മാതെ ഇരിക്കുന്നതിൽ അർത്ഥമില്ലെന്നു് അദ്ദേഹം ആലോചിച്ചു. എന്നിട്ടു് ദ്വേഷ്യത്തിൻെറ ആദ്യത്തെ ആവേശത്തിൽത്തന്നെ അച്യുതനു് ഒരു കത്തു് എഴുതി. ആ കത്തിൽ നടന്ന എല്ലാ സംഗതികളും വിവരിച്ച ശേഷം, വെങ്കടരായ രാഘപ്പയുടെ അനുജനാണോ എന്നും മററന്തെങ്കിലും വിവരം അതിനെ സംബന്ധിച്ചു കിട്ടാൻ വഴിയുണ്ടോ എന്നും നോക്കാൻ എഴുതിയിരുന്നു. ആ സംഗതിയിൽ തനിക്കു പ്രത്യേക താല്പര്യം ഉണ്ടെന്നും ഒരു മകൻേറതായ കർത്തവ്യബോധത്തോടെ ആ സംഗതി മനഃപൂർവ്വമായി ശ്രദ്ധിക്കണമെന്നുംകൂടി എഴുതിയിരുന്നു. ഇത്ര മനസ്താപ ത്തോടെ അദ്ദേഹം ഇതിനുമുമ്പു് ഒരിക്കലും അച്യുതനു് എഴുതുകയുണ്ടായിട്ടില്ല....

അച്യുതനു് വിഷമം തോന്നിയിരിക്കണം. എന്തുകൊണ്ടെന്നാൽ അയാളുടെ മറുപടി കിട്ടാൻ നാലഞ്ചു ദിവസം വേണ്ടിവന്നു. മറുകത്തു് വളരെ വിസ്ത രിച്ചായിരുന്നു.

ക്ഷേമം ശ്രീ. ദേവിദാസ് ഫ്ളവർമിൽ
ലാൽബാഗു്.

രാ. രാ. തീർത്ഥതുല്യമായ ചരണാരവിന്ദങ്ങളിൽ അനേകം സാഷ്ടാംഗ നമസ്കാരങ്ങൾ. അങ്ങയുടെ കത്തു കിട്ടി. ഞാൻ ക്ഷേമത്തോടെ കഴിയുന്നു. ഇവിടെ ജോലി നന്നായിട്ടു നടക്കുന്നുണ്ടു്. ഇപ്പോൾ പത്രാധിപരുടെ ചുമതലയുള്ള ജോലിയും എനിക്കു തരാൻ തുടങ്ങിയിട്ടുണ്ടു്. ഒന്നു രണ്ടു തവണ മുഖപ്രസംഗം എഴുതാനുള്ള സന്ദർഭവും വന്നു. എന്നാൽ ഞാൻ എഴുതിയതു് വായിച്ചുനോക്കി വേണ്ടാത്ത ഭാഗം എടുത്തുകളയും. ഇപ്പോൾ നാലഞ്ചു കൊല്ലമായല്ലോ ഞാൻ ജോലി ചെയ്യാൻ തുടങ്ങിയിട്ടു്. അതുകൊണ്ടു് ചെറുപ്പക്കാരിൽ ഞാൻ സീനിയർ ആണു്. പത്രത്തിൻെറ സാമ്പത്തികസ്ഥിതി അല്പം ചിന്താജനകമായതു നിമിത്തം, പകുതിശമ്പളത്തിന്മേൽ കോളേജുവിദ്യാർത്ഥികളെ മാത്രമാണു് ഉപപത്രാധിപന്മാരായി പ്രതിവർഷം നിയമിക്കുന്നതു്. കൊല്ലംതോറും പുതുമുഖങ്ങൾ വരുന്നതുകൊണ്ടു് ഉള്ളവരിൽ ഞാൻ മാത്രമാണു് പഴയ മനുഷ്യൻ. അതുകൊണ്ടു് പത്രാധിപർക്കു് എൻെറമേൽ അല്പം വിശ്വാസവും ഉണ്ടു്. ബി. എ. യ്ക്കുള്ള പഠിത്തവും മുറയ്ക്കു നടക്കുന്നുണ്ടു്. അങ്ങു് ഒട്ടും വിഷാദിക്കേണ്ട. ഫ്ളവർ മില്ലിൽ പോകുന്നതു് ഞാൻ തെല്ലു കുറച്ചു. പ്രസ്സിലും ആഴ്ചയിൽ ഒന്നു രണ്ടു തവണ പോയി യന്ത്രങ്ങളെ സംബന്ധിച്ച സംഗതികൾ അറിഞ്ഞുവരുന്നുണ്ടു്. അവിടേയും ശാരീരികമായി അധികം ആയാസപ്പെടാറില്ല, ഇപ്പോൾ. അങ്ങു്

ഒട്ടും പരിഭ്രമിക്കേണ്ട. മാതൃശ്രീയോടും എല്ലാം പറഞ്ഞു് നിശ്ചിന്തയോടെ ഇരിക്കാൻ ഉപദേശിക്കണം.

ഇനി അങ്ങു് എഴുതിയ സംഗതി. വെങ്കടരായനെ എന്തെങ്കിലും പറഞ്ഞു മനസ്സിലാക്കുക വിഷമമാണു്. ചോദിക്കുന്നതിൽ ഉദ്ദേശ്യമുണ്ടെന്നു കാണുന്നതോടെ, അയാൾ സംശയിച്ചു്, ഒഴികഴിവു എടുത്തിടും. ഇതിനുമുമ്പു് വെങ്കടരായ തൻെറ പക്കലുള്ള ഒരു കടലാസ്സു് എത്രയോ തവണ എന്നെ കാണിക്കുകയുണ്ടായിട്ടുണ്ടു്. അനേകം തവണ അയാൾ കാട്ടിത്തരുന്നതുകൊണ്ടോ, അയാളുടെ പ്രത്യേകമട്ടിലുള്ള പെരുമാററം ശ്രദ്ധിക്കാൻ സന്നദ്ധനാകാതിരുന്നതുകൊണ്ടോ, എന്തോ ആ കടലാസ്സു് ഒരു തവണ വായിച്ചതിനുശേഷം ഞാൻ പിന്നീടു് വായിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ അതു ചോദിച്ചാൽ ഒരുപക്ഷേ സംശയം കാരണം തന്നേയ്ക്കില്ല. അയാളെ ഇഷ്ടപ്പെടുത്തുക എന്നാൽ മതിയും കൊതിയും തീരും. അയാൾക്കു് ഒരു ലഹരി കയറിയാൽ കുണ്ടവരെയെല്ലാം ആ കടലാസ്സു കാട്ടിക്കൊടുക്കും. അല്പം കന്നഡം അറിയുന്നവർ അയാളുടെ നേരെ അനുകമ്പ കാട്ടിയാൽ, അവർക്കു് ആ കടലാസ്സു കാട്ടിക്കൊടുത്തു്, ''എൻെറ ഭാഗം എനിക്കു കിട്ടുമോ?'' എന്നു ചോദിക്കുക അയാളുടെ ഒരു വഴക്കമാണു്. ആ കടലാസ്സു നോക്കിയവരെല്ലാം, ''ദാനപത്രം എഴുതിക്കൊടുത്തിരിക്കുന്നല്ലോ, പിന്നെ എങ്ങനെ കിട്ടാനാണു്?'' എന്നു മറുചോദ്യം ചോദിക്കും. ആ കടലാസ്സു് അയാളിൽനിന്നു് നേടി, ശ്രദ്ധിച്ചു വായിച്ചതിനുശേഷം, എനിക്കും അങ്ങനെതന്നെയാണു് തോന്നിയതു്. ഇവിടെ ഒരു വക്കീൽസുഹൃത്തിനോടു ചോദിച്ചപ്പോൾ അദ്ദേഹവും അതുതന്നെയാണു് പറഞ്ഞതു്. ആ കടലാസ്സു് താഴെ കാണുംവിധം ആണു്.

ശ്രീ.

മ. രാ. രാ. സ്വാമിരാവു് കൃഷ്ണാജി കുലകർണ്ണി, സ്ഥലം ധാർവാർ, എന്നിവർക്കു്. ഞാൻ, വെങ്കടേശ വാമന ബിന്ദഗോൾ, സ്ഥലം ബിന്ദഗോൾ, തൽക്കാലവാസം പുണെ, തൊഴിൽ ആപ്പീസുജോലി, എഴുതിക്കൊടുക്കുന്ന ദാനപത്രം എന്തെന്നാൽ:—ഞാനും എൻെറ ജ്യേഷ്ഠനായ മ. രാ. രാ. രാഘവേന്ദ്ര വാമന ബിന്ദഗോളും കൂട്ടുകുടുംബത്തിൽ പെട്ടവരാകുന്നു. ഞങ്ങളുടെ അച്ഛനു് ഇതര പുരുഷസന്തതി ഇല്ലാത്തതുമൂലം ഞങ്ങളുടെ പിത്രാർജ്ജിതസമ്പത്തിനു് ഞങ്ങൾ രണ്ടുപേരും മാത്രം അവകാശികൾ ആയിട്ടുള്ളതാകുന്നു. എന്നാൽ ഞാൻ പരദേശത്തു് ജോലിക്കാരനായി ഇരിക്കുകമൂലം എൻെറ ജ്യേഷ്ഠനായ സ്ഥലത്തു താമസിക്കുന്ന രാഘവേന്ദ്ര വാമന ബിന്ദഗോൾ ആ കൂട്ടുസ്വത്തു് നോക്കിവരികയും ആകുന്നു. ഞങ്ങൾ ജ്യേഷ്ഠാനുജന്മാർ ഇനിയും ഭാഗംചെയ്യിട്ടില്ല. എന്നാൽ ഇപ്പോൾ എൻെറമേൽ ഒരു ചുമതല വന്നുവീണു. ആ ചുമതല എനിക്കുവേണ്ടി നിങ്ങൾ സ്വന്തം ഇഷ്ടപ്രകാരം ഏറെറടുത്തിരിക്കുന്നതാകുന്നു. ആ ഉപകാരത്തിനു പ്രതിഫലമായി ഞാൻ എൻെറ പേരിലുള്ള എല്ലാ പിത്രാർജ്ജിത സമ്പത്തും സ്വന്തം ഇഷ്ടപ്രകാരം നിങ്ങൾക്കു ദാനമായി ഇതുമൂലം എഴുതിത്തന്നി

ട്ടുള്ളതാകുന്നു. അതു നിങ്ങളും നിങ്ങളുടെ വംശജരും യാതൊരു തകരാറുംകൂടാതെ അനുഭവിക്കാവുന്നതും ആകുന്നു. ഞാൻ അവിവാഹിതനായതുകൊണ്ടു് ഈ സമ്പത്തിന്റെമേൽ എനിക്കു യാതൊരു അവകാശവും ഇല്ലാത്തതും ആകുന്നു. എനിക്കോ എന്റെ ജ്യേഷ്ഠന്റെ വംശജരിൽ ആർക്കെങ്കിലുമോ ഈ സമ്പത്തിന്റെമേൽ യാതൊരു അവകാശവും ഉണ്ടാകത്തക്കതല്ല. എന്റെ ഭാഗത്തിൽ എത്ര സമ്പത്തു് ഉണ്ടാകും എന്നതു് നിങ്ങൾ മൂന്നാളുടെ ഒരു മധ്യസ്ഥതയിൽ തീർച്ചപ്പെടുത്തി, വേണമെന്നു തോന്നുമ്പോൾ സ്ഥലത്തു് കാര്യം നോക്കുന്ന രാഘവേന്ദ്ര വാമന ബിന്ദഗോറ എന്നവരിൽ നിന്നു് എന്റെ പങ്കിലുള്ള സ്വത്തെല്ലാം കൈവശപ്പെടുത്താവുന്നതാണു്. ഈ ദാനപത്രം രാഘവേന്ദ്ര വാമന ബിന്ദഗോറ എന്നവരുടെ സമക്ഷം തയ്യാറാക്കപ്പെട്ടതാകുന്നു. ഇതു് സമ്മതമാണെന്നു് ടിയാൻ ഒപ്പുവെച്ചിട്ടുള്ളതുമാകുന്നു. മേൽപ്രകാരം എഴുതിക്കൊടുത്ത ദാനപത്രം.

വെങ്കടേശ വാമന ബിന്ദഗോറ

ഒപ്പിട്ട തീയതി: 15–5 സ്വാമിരാവു് കൃഷ്ണാജി കുലകർണ്ണി

സാക്ഷി രാഘവേന്ദ്ര വാമന ബിന്ദഗോറ.

ശാന്തപ്പ ശിവപ്പ ശെട്ടർ.

എന്നാൽ രജിസ്റ്റർചെയ്യപ്പെട്ടതായി യാതൊരു വിവരവും കടലാസ്സിൽ കാണുന്നില്ല.

ഈ കടലാസ്സു നോക്കിയവർക്കെല്ലാം ഇതു് അസ്സൽ പ്രതി എന്നാണു് തോന്നുന്നതു്. എന്നാൽ എനിക്കു് ഒരേഒരു സന്ദേഹം മാത്രം വരുന്നു. എഴുതിയിരിക്കുന്നതു് കട്ടിയുള്ള കറുത്ത മഷിയിലാണു്. അതു പഴയതായി. കടലാസ്സു ഒട്ടാകെ നോക്കുന്നവർക്കു് അസ്സലിന്റെ കോപ്പിപോലെ തോന്നുന്നു. എന്നാൽ ഞാൻ ഒപ്പുകളെല്ലാം സൂക്ഷ്മമായി പരിശോധിച്ചുനോക്കി. ഒപ്പിന്റെ കൈപ്പട വേറെവേറെ ആയതുകൊണ്ടു് ഇതു് കോപ്പിയല്ല, അസ്സൽതന്നെ എന്നു എനിക്കു തോന്നുന്നു. മഷി നല്ല കട്ടിയുള്ള കറുപ്പായതുകൊണ്ടു് ഒപ്പുകളെല്ലാം പെട്ടെന്നു് ഒരേ കൈപ്പടപോലെ തോന്നിയാലും സൂക്ഷിച്ചുനോക്കിയാൽ അവ അസ്സൽ ഒപ്പുകൾതന്നെ എന്നു കാണാം.

ഇതു് അസ്സലാണെങ്കിൽ, മറെറാരു സന്ദേഹം. യഥാർത്ഥത്തിൽ ഈ കടലാസ്സു് സ്വാമിരാവു് കൃഷ്ണാജി കുലകർണ്ണിയുടെ കൈവശമല്ലേ ഇരിക്കേണ്ടതു്? വെങ്കടരായന്റെ കൈവശം എന്തുകൊണ്ടു്, എങ്ങനെ, എപ്പോൾ വന്നു? രജിസ്റ്റർ ആക്കപ്പെടാത്ത ഒരു കടലാസ്സു്. അങ്ങനെയെങ്കിൽ, സ്വാമിരാവു് കുലകർണ്ണി തന്നെ അതു് തന്റെ കൈവശം വെയ്ക്കേണ്ടതായിരുന്നില്ലേ?

ഈ ചോദ്യങ്ങളുടെ അർത്ഥം പറഞ്ഞുകൊടുക്കേണ്ടതില്ല, അറിയാവുന്നവർക്കു്. മററു സംഗതികൾ വെങ്കടരായനിൽനിന്നു് അറിയുക വിഷമകരമാണു്.

ഈ കടലാസ്സു വായിക്കുന്ന സമയം ഞാൻ ചില സംഗതികൾ ചോദിച്ചു. ''എന്തു ചുമതല'' എന്നു ചോദിച്ചാൽ അയാൾ ഒന്നുകിൽ തെററിമാറും; അല്ലെങ്കിൽ ദേഷ്യപ്പെടും. കടലാസ്സ് കൂലങ്കഷമായി ഞാൻ വായിച്ചുനോക്കിയതു് അയാൾക്ക സഹിച്ചില്ല. അയാളുടെ പ്രത്യേക തരത്തിലുള്ള സ്വഭാവത്തെപ്പററി അങ്ങു് അഞ്ചുനിമിഷംകൊണ്ടു് അറിഞ്ഞതാണല്ലോ.

എന്നാൽ ഇതിനെപ്പററി കൂടുതൽ വിവരം അറിയാമെങ്കിൽ, അതിനെപ്പററി ഒരു തീരുമാനം എടുക്കണമെന്നു് അങ്ങേയ്ക്കു ആഗ്രഹമുണ്ടെങ്കിൽ, എല്ലാം അറിയിച്ചാൽ ഇവിടെ എൻെറ ചില വക്കീൽസുഹൃത്തുക്കളോടു് ചോദിച്ചു് അഭിപ്രായം അറിയിക്കാം. ഞാനും യഥാശക്തി ആലോചിക്കാം.

മാതൃശ്രീയുടേയും അനുജന്മാരുടേയും ക്ഷേമവാർത്ത അറിയിക്കു. സാഷ്ടാംഗ നമസ്കാരങ്ങൾ.

അങ്ങയുടെ സ്നേഹമുള്ള

—അച്യുതരായ

കത്തു വായിച്ച ഉടൻ ദേസായിയുടെ മനസ്സ് ചാഞ്ചാടാൻ തുടങ്ങി. തനിക്കറിയാവുന്ന വിവരങ്ങൾ ഒത്തുനോക്കിയപ്പോൾ പെട്ടെന്നു് ഒരു വെളിച്ചം കണ്ടെത്തി. പക്ഷെ ഉടൻതന്നെ വീണ്ടും സന്ദേഹത്തിൻെറ ഇരുട്ടു പരന്നു. ഇതുവരെ അർദ്ധമനസ്സോടെ കരയ്ക്കു നിന്നിരുന്ന ദേസായിയെ ആ കത്തു് ഒരു മുതലക്കുപ്പിനു് ക്ഷണിക്കുംപോലെ തോന്നി; അതോടൊപ്പം മകൻെറ ബുദ്ധിശക്തിയെപ്പററിയുള്ള ഉന്മേഷവും. താനും തൻെറ മകനും ചേർന്നു് ഈ കുഴപ്പത്തിൽ കൈയിട്ടു് അതിൻെറ രഹസ്യം പുറത്താക്കുകതന്നെ വേണമെന്ന ആഗ്രഹത്തിനു് ദേസായിയുടെ മനസ്സ് സന്നദ്ധമായി. ആദ്യകാലത്തു് ഉണ്ടായിരുന്ന തടിതപ്പണമെന്ന ആഗ്രഹം കത്തു വായിച്ചതോടെ പരിപൂർണ്ണമായും ഇല്ലാതായി, അതിനു പകരം ദേസായിയുടെ പ്രശാന്തമായ ജീവിതത്തിൽ പ്രചണ്ഡമായ ഒരു കാര്യാസക്തി ഉറഞ്ഞുവന്നു. എന്തുകൊണ്ടെന്നാൽ ഈ പ്രശ്നം, തന്നിൽ വിശ്വാസമർപ്പിച്ച ഒരു വിധവയുടെ യോഗക്ഷേമം മാത്രമല്ല; ഒരു വങ്കൻ പയ്യൻെറ നന്മ മാത്രമല്ല; തൻെറ പിതാവിൻെറ മരണത്തിനുശേഷം തൻെറ കുടുംബ പ്രതാപത്തെ വെല്ലുവിളിക്കാൻ കെൽപുള്ള ഒരു എതിരാളിയെ കണ്ടുമുട്ടാൻ ഇടവന്നിട്ടില്ല. ഇപ്പോൾ കണ്ടുമുട്ടിയിരിക്കുന്നു. നോക്കിക്കൊണ്ടിരിക്കേ ആ എതിരാളി യുദ്ധത്തിനു് ഇറങ്ങിയിരിക്കുന്നു. പൊരുളറിയാതെ താനും തൻെറ ചുമൽ പകുതി ഉയർത്തിക്കഴിഞ്ഞു. ഇനി എന്തിനു മുൻപും പിൻപും നോക്കണം.?

അങ്ങനെ ദേസായി വീണ്ടും ഒരു യുവാവായി!

## 27. വസന്തൻ-രാഘപ്പ-സംവാദം

ബസവണ്ണി, രാഘപ്പയുടെ സൂചനപ്രകാരം വസന്തനോടു പറഞ്ഞു. എന്നിട്ടു് അയാളെ ധാർവാറിൽ വന്നു് രാഘപ്പയെ കാണാൻ പ്രേരിപ്പിച്ചു.

''ഞാൻ പറയട്ടെ. നമ്മുടെ ഗൌഡർക്കു് നാടകമെന്നു വെച്ചാൽ ജീവനാണു്. നല്ല ഉത്സാഹിയുമാണു്, ഗൌഡർ. അതുകൊണ്ടു് നിങ്ങളും അദ്ദേഹവും ചേർന്നാൽ നന്നു്. അദ്ദേഹം രണ്ടു നാടകക്കമ്പനികൾ ഇട്ടവനാണു്. എത്രപേരെ നാടകം പഠിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ഗൌഡരുടെ സഹായമുണ്ടായാൽ മറെറാരു നാടകം അടിച്ചുവിടാം എന്നു അദ്ദേഹം എന്നോടു പറഞ്ഞു. നിങ്ങളെ കണ്ടുവെന്നിരിക്കട്ടെ. അദ്ദേഹം നിങ്ങൾക്കു രാജാപ്പാർട്ടു തരും, നോക്കിക്കോളു. എനിയ്ക്കു നല്ല ഉറപ്പുണ്ടു്, അതിൽ. നിങ്ങളുടെ മുഖം കണ്ടു ഉടൻ അതു എൻെറ ഓർമ്മയിൽ വന്നു. നിങ്ങളെ കണ്ടാലോ രാജാവിനെ കണ്ടു പോലെതന്നെ.'' ഇങ്ങനെ ഒന്നു രണ്ടു തവണ ബസവണ്ണി കിറിവരെ വായ വിടർത്തി പറഞ്ഞതോടെ വസന്തൻ ഒരു ദിവസം, ''നടക്കു ബസവണ്ണി, ഒരു ദിവസം ധാർവാറിലേയ്ക്കു പോയിവരാം. വളരെ ദിവസമായി പട്ടണത്തിൽ ചുററിനടന്നിട്ടു്'' എന്നു് ബസവണ്ണിയോടു പറഞ്ഞു.

അപമാനം ഭയന്നു്, വസന്തൻ ധാർവാർ വിട്ടശേഷം നാട്ടിൻപുറത്തെ രാഷ്ട്രീയ കാര്യങ്ങളിൽ ചേർന്നുവെന്നു മാത്രമല്ല, ധാർവാർതന്നെ പരിപൂർണ്ണമായി മറന്നു് അവിടെത്തന്നെ രമിച്ചുകൂടി. ഗ്രാമത്തിലെ ആകർഷണങ്ങളും കുറവല്ലായിരുന്നു. കന്നുകാലി, വയൽ, വിലാസ ജീവിതം—ഇവയുടെ ആകർഷണം കാരണം, വസന്തനു് ഗ്രാമത്തിൽനിന്നു കാലു പറിച്ചു പോരാൻ കഴിഞ്ഞില്ല. അല്ലറ ചില്ലറ കാര്യങ്ങളിൽ അയാൾക്കു് ആകർഷണവും ഉണ്ടായിരുന്നില്ല. എന്നാൽ നാടകത്തിൽ രാജാവു് ആവുകയാണെങ്കിൽ... അതിലും വലിയ എന്തു ഭാഗ്യം? മുമ്പൊരിക്കൽ നാടകത്തിൽ പൂർണ്ണമായി ആസക്തനായതായിരുന്നു. എന്നാലോ അച്ഛൻ വന്നു് എല്ലാം പാഴാക്കി. ആ അപൂർണ്ണമായ ആശ, ഇപ്പോൾ ഒരാൾ നേരെ കൈനീട്ടവേ, എന്തുകൊണ്ടു് ആ കൈ പിടിച്ചു കയറിക്കൂടാ? അങ്ങനെ ഒരു ദിവസത്തേയ്ക്കു ധാർവാറിൽ പോയിവരാൻ വസന്തൻ തയ്യാറായി. അച്ഛൻ അറിഞ്ഞാലോ എന്ന ഭയത്താൽ, രാത്രിയിൽ ധാർവാറിൽ എത്തുന്ന ബസ്സിൽ ബസവണ്ണിയൊന്നിച്ചു് പുറപ്പെട്ടു. ബസവണ്ണി അയാളെ നേരെ രാഘപ്പയുടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

രാഘപ്പ അയാളെ സ്വാഗതംചെയ്തു, ആദ്യം ചായയും പിന്നീടു് യോജിച്ച ഭക്ഷണവും നൽകി. അണ്ടിപ്പരിപ്പു്, കഴിക്കുമ്പോൾ അതുണ്ടാക്കിയ രീതി വസന്തരായനു് വളരെ ഇഷ്ടപ്പെട്ടു. തൻെറ വീട്ടിലുമുണ്ടു്, സമ്പന്നത; എന്നാൽ അതു് 'ഗോതമ്പുപായസ'ത്തിൻേറതു മാത്രം. വേണുബായിയുടെ പാചകത്തിനു് ഗുണത്തേക്കാൾ പരിമാണമായിരുന്നു, കൂടുതൽ. രാഘപ്പയുടെ വീട്ടിൽനിന്നു കഴിച്ച ഫ്രൂട്ട്സാലാഡു് എന്നു തോന്നിക്കുന്ന, പുതിയതരം 'ശീകരണി' വസന്തൻെറ ദേഹമാകെ ഒരു ഉശിരു നൽകിയപോലെ. രാഘപ്പ ഒരു ഭീമസേനനെപ്പോലെ നിർബ്ബന്ധിച്ചു നിർബ്ബന്ധിച്ചു അയാളെ ഊട്ടിക്കൊണ്ടിരുന്നു; ഒരിയ്ക്കൽ പറഞ്ഞ സംഗതി പിന്നീടു പറഞ്ഞിരുന്നില്ല; അത്ര രസകരമായ സംഭാഷണം ആയിരുന്നു, രാഘപ്പയുടേതു്. വസന്തനു് തൻെറ വീട്ടിൽ ഭക്ഷണത്തിനു് ഇരുന്നാൽ ഇങ്ങനെ ചിരിക്കാനും പറയാനും അനുവാദം ഉണ്ടായിരുന്നില്ല.

ഭക്ഷണം കഴിഞ്ഞശേഷം പുറത്തളത്തിൽ ഇരുന്നു്, സരസമായ കിസ്സകഠം പറഞ്ഞു്, രാത്രി രണ്ടുമണിവരെ രാഘപ്പ വസന്തരായനെ രസിപ്പിച്ചുകൊണ്ടിരുന്നു. താൻ നടത്തിയിരുന്ന നാടകക്കമ്പനികളുടെ വിചിത്രമായ അനുഭവങ്ങഠം വളരെ സരസമായി വർണ്ണിച്ചു കേഠംപ്പിച്ചു. സുപ്രസിദ്ധയായ മഹബൂബപാജാനിൻെറ 'യജമാനൻ' ആണെന്നു് അറിഞ്ഞപ്പോഠം വസന്തനു് രാഘപ്പയോടുള്ള ആദരം ഒന്നുകൂടി വർദ്ധിച്ചു. രംഗത്തുവന്നു് ഒരു സ്വപ്നംപോലെ മാഞ്ഞു മറയുന്ന, നോട്ടീസ്സിൽ വെറും പേരുകളായിമാത്രം തോന്നിയിരുന്ന നടീനടന്മാർ സജീവ വ്യക്തികളായി വസന്തൻെറ കൺമുന്നിൽ നിറഞ്ഞുനിൽക്കാൻ തുടങ്ങി. മഹബൂബപാജാനിൻെറ ഉച്ചാരണം താൻ ശരിപ്പെടുത്തിക്കൊടുത്തിരുന്നുവെന്നു് രാഘപ്പ പറഞ്ഞപ്പോഠം പ്രസിദ്ധ നടന്മാരും ഉച്ചാരണം തെററിയ്ക്കുന്നവരാണെന്നു് വസന്തനു് മനസ്സിലായി. പല ദിക്കുകളിലും കുഴപ്പങ്ങഠം നേരിട്ടതു്, കൂടാരം വീണതു്, തെമ്മാടികളെ പിടിച്ചു പുറത്താക്കിയതു്, നുണ പറഞ്ഞു് ഭീഷണിപ്പെടുത്തി ലൈസൻസു് നേടിയെടുത്തതു്, സ്റ്റേജിൽവച്ചു് പാത്രസ്വഭാവം മറന്നുപോകുന്നതുകൊണ്ടു് കുഴപ്പം നേരിട്ടതു്, തക്ക സമയത്തു് നടന്മാർ, 'ശമ്പളം തന്നില്ലെങ്കിൽ പൌഡർ ഇടുകയില്ല.' എന്നു പറഞ്ഞു കുത്തിയിരിക്കുന്ന സമ്പ്രദായം, പർദ്ദകഠം, സ്റ്റേജ് എന്നിവയുടെ അലങ്കാരം—അങ്ങനെ ഒന്നോ രണ്ടോ സംഗതികളല്ല അയാഠം വസന്തനെ പറഞ്ഞുകേഠംപ്പിച്ചതു്. പണ്ടു് ഏതു സ്ഥിതിയിലും ഒരു സുഖിയനായിരുന്ന രാഘപ്പ ഇന്നു് വേണമെന്നു കരുതിക്കൂട്ടിത്തന്നെ സുഖം നേടാൻ ഇരിക്കുകയായിരുന്നു. തൻെറ മുഴവൻ ജീവിതത്തിലും ഉണ്ടായ അനുഭവങ്ങഠം വസന്തനു് രസകരമായി തോന്നത്തക്കവണ്ണം കഥയുടെ മട്ടിലാണു് രാഘപ്പ പറഞ്ഞതു്. അയാളുടെ ഹാസ്യം നിറഞ്ഞ സംസാരം കേട്ടു് ചിരിച്ചു ചിരിച്ചു് വസന്തനു് വയർ നോവാൻ തുടങ്ങി.

രാഘപ്പയുടെ മധുരമായ പെരുമാററത്തിനെല്ലാം മറെറാരു ആന്തരികമായ പ്രേരണയും കാരണമായിരുന്നു. വസന്തരായൻെറ രൂപം നന്നു്. അയാളെ നേരിട്ടു കണ്ട ഉടൻ കന്യാപിതാവായ രാഘപ്പയ്ക്കു്, 'ഇയാഠംതന്നെ എന്തുകൊണ്ടു് നമ്മുടെ ശാന്തയുടെ വരൻ ആയിക്കൂടാ?' എന്നു് ഒരു ആലോചന പെട്ടെന്നു് ഉണ്ടായി. വസന്തൻ തൻെറ വലയത്തിൽ കൂടുതൽ കൂടുതൽ അകപ്പെട്ടുവരുന്നതോടെ, രാഘപ്പയുടെ നിശ്ചയത്തിനു് ഒരു ഉറപ്പുവന്നു, അയാളെത്തന്നെ വേണം തൻെറ മരുമകൻ ആക്കാനെന്നു്. അങ്ങനെ ദേസായിയുടെ നേരെയുള്ള ദ്വേഷം അവസാനം രാഘപ്പയ്ക്കു ഒരു പണക്കാരൻ മരുമകനെ സമ്പാദിച്ചുകൊടുത്താൽ, തെററു് എന്തുണ്ടു്?........

''വസന്തൻ ഏതോ ഗ്രാമത്തിൽ നാടകം കളിച്ചുകൊണ്ടിരുന്നല്ലോ, ഇല്ലേ? ഗ്രാമത്തിൽ നാടകം കളിക്കുക എന്നുവെച്ചാൽ അതു് മാർവാഡികളുടെ ഉറുമാൽ പോലെയാണു്. അതെങ്ങനെ കെട്ടിയാലും കൊള്ളാം. എല്ലാം ഒന്നുതന്നെ. അവർ വായകൊണ്ടു് രണ്ടുവാക്കു പറയുന്നതിനുള്ളിൽത്തന്നെ സംഗതി നടന്നുകഴിയും. നാടകം എന്നുവെച്ചാൽ പട്ടണത്തിലെ നാടകംതന്നെ നാടകം. ഒരു

കാശിനുപകരം അവിടെ രണ്ടു കാശ്ശ്രു് എറിഞ്ഞാൽ ഉണ്ടല്ലോ നാടകത്തിന്റെ അന്തസ്സു തന്നെ ഒന്നുവേറെയാണു്. മുഖ്യമായതു്, നോക്കു്, പരിചയം നേടിയ നല്ല നടന്മാർ ഉണ്ടാവണമെന്നതാണു്. സ്ത്രീപ്പാർട്ടിനു പെണ്ണുങ്ങൾതന്നെ വേണം. ഈ സംഗതിയിൽ ഞാൻ ഗന്ധർവ്വനേയുംകൂടി താഴ്ത്തിക്കെട്ടി, കോട്ടോ. നല്ല പാട്ടു് അറിയുന്നവർ മൂന്നുനാലുപേർ വേണം. നല്ല പർദ്ദകൾ വേണം. ഇത്രയും സംഗതികൾ വേണം; വസന്തറാവ്വു്! എട്ടു് അണയുടെ ടിക്കററുവെച്ചാലും ജനങ്ങൾ പാഞ്ഞെത്തും. നാടകമെന്നാലോ വർണ്ണപ്പകിട്ടിന്റെ വേലത്തരമല്ലേ. കൊടുന്ന വലിയതായിരിക്കണം. തുമ്പുകൊണ്ടു് വാരിയെടുക്കണം. അതാണു് നാടകം. വെറും പൊരിയും കടലയും തീററി പലകയിന്മേൽ ഇരുത്തിയാൽ പണത്തിനു പണവും പോകും. പേരിനു് പേരും പോകും....''

രാഘപ്പ പറഞ്ഞതിനെല്ലാം വസന്തൻ തലകുലുക്കി. അതോടൊപ്പം, തന്നെ സംബന്ധിച്ചിടത്തോളം അറിവില്ലാത്ത ഒരു സംഗതി അയാൾ എടുത്തിടുകയും ചെയ്തു. ''രാജാപ്പാർട്ടു കെട്ടുന്നവൻ കാണാൻകൊള്ളാവുന്ന മനുഷ്യനാവണ്ടേ?'' എന്നു വസന്തൻ ഒരു സംശയം ചോദിച്ചു.

വസന്തന്റെ മനസ്സിലുള്ള 'പൂതി'യുടെ വാസന പിടിച്ചു് രാഘപ്പ പറഞ്ഞു: ''ഛേ! അങ്ങനെ കാണാൻകൊള്ളാവുന്നവൻ വേണമെന്നില്ല. പൌഡറിട്ടാൽ ഒരു കഴുതയേയും രാജാപ്പാർട്ടുകാരനാക്കാം. എന്നാൽ സ്വല്പം ഗംഭീരമായ ശബ്ദം വേണം. നല്ല പൊക്കം വേണം. സ്വച്ഛമായി സംസാരിക്കാൻ കഴിയണം. മിശ്ര—തിശ്ര— അഭിനയം സാധിക്കണം... ഇതൊന്നും താനേ വരില്ല, വസന്തരായനേ!....ഒരു കല വേണം....കല.. .നല്ല തഴക്കമുള്ളവരുടെ കാൽ പിടിക്കണം പഠിക്കണം. അവരുടെ വാക്കു കേട്ടു നടക്കണം........അതു ഒരു കലയാണു്, കേട്ടോ........തിശ്ര അഭിനയം എന്നു പറഞ്ഞാൽ എന്തു വിഷമം പിടിച്ചതാണെന്നു് അറിയാമോ?....വസന്തനെപ്പോലെ ഉഷാറുള്ള ഒരു പയ്യനു് ചുരുങ്ങിയതു് പതിനഞ്ചു ദിവസം, ദിവസേന ആറുമണിക്കൂർ വീതം, പ്രാക്ടീസ് ചെയ്യേണ്ടിവരും....ചുമ്മാതെയല്ല.... ഇതെല്ലാം കഴിഞ്ഞിട്ടു്, ആൾ കണ്ടാൽ കൊള്ളാവുന്നവനും ആണെങ്കിൽ സ്വർണ്ണത്തിനു് ഒരു പകിട്ടുകൂടി കൊടുത്തപോലെ ആകും. ഇവിടെ വസന്തന്റെ കാര്യംതന്നെ ഉദാഹരണമായി എടുക്കാം....നീ എന്റെ അടുത്തു വന്നു്, 'ഞാൻ സുന്ദരനാണു്, എനിക്കു രാജാപ്പാർട്ടുതരു' എന്നു പറഞ്ഞാൽ ഞാൻ ക്ലീയറായിട്ടു പറയും, സാധ്യമല്ല എന്നു്. എന്നാൽ നിന്റെ ബുദ്ധിശക്തി, പഠിക്കാനുള്ള ഉത്സാഹം ഇതെല്ലാം കണ്ടതിനുശേഷം, ആകട്ടെ, പയ്യൻ കണ്ടാൽകൊള്ളാം, ഇന്നല്ലെങ്കിൽ നാളെ പഠിച്ചോളും എന്നു വിചാരിച്ചു് 'ഉം' എന്നു പറഞ്ഞുപോയേക്കും.''

''ഞാൻ പഠിക്കാൻ തയ്യാറാണു്. എന്നാൽ എനിക്കു കഴിയും എന്നു തോന്നുന്നുണ്ടോ?''

''അങ്ങനെ വരു, ചങ്ങാതി; പഠിക്കാൻ തയ്യാറാകു. നിന്നെപ്പോലെയുള്ളവർ ആരംഭിച്ചാൽ എന്തു വിദ്യയാണു് പഠിക്കാൻ ആവാത്തതു്! ഞാനും നീയും

ചേർന്നു് നല്ല ആർഭാടമുള്ള ഒരു നാടകക്കമ്പനി ആരംഭിക്കുകതന്നെ. നാലു ദിവസം ഇവിടെ വന്നിട്ടു് പൊയ്ക്കോ. അതിൻെറ സുഖം നിനക്കു് സ്വയം അറിയാൻകഴിയും. അഭിനയം എന്നുപറഞ്ഞാൽ ഒരു വിദ്യയാണു്. സാധാരണ അഭിനയത്തിൽനിന്നു മിശ്രത്തിലേക്കു് എങ്ങനെ പോകണം, പൌഡർ പോകാതെ നെററിമേൽ എങ്ങനെ നടുവിരൽ അമർത്തണം, മീശ വീണുപോകാതെ എങ്ങനെ മീശയിന്മേൽ കൈ വെയ്ക്കണം, കണ്ണുകളിൽ നീർ എങ്ങനെ വരുത്തണം, ആളുകളുടെ തലയിൽ കൊള്ളാതെ എങ്ങനെ ഗദ ചുഴററണം —ഇതെല്ലാം ചില്ലറ കാര്യങ്ങളാണെങ്കിലും, ഒന്നിനോടു് ഒന്നു ചേർത്തു് എഴുതിയാൽ പതിനൊന്നു് ആവും....ഇതെല്ലാം ഉണ്ടു്, കേട്ടോളൂ. ഇതെല്ലാററിനും നീ, ബഹാദൂർ ദേസായി, ഉറച്ചു നിന്നാൽ....''

''കമ്പക്കുത്താട്ടക്കാരെപ്പോലെ എന്നോടു തലകുനിക്കാൻ പറഞ്ഞാലും ഞാൻ തയ്യാറാണു്. വിദ്യ ഏതു വീട്ടിലെ ആയാലെന്താ?'' എന്നു മൊഴിഞ്ഞു വസന്തരായ, ശിഷ്യഭാവനയോടെ. എന്നാൽ ഉള്ളുകൊണ്ടു താൻ ഒരു രാജാപ്പാർട്ടായി അഭിനയിക്കുന്ന ചിത്രം മുന്നിൽ കണ്ടു.....

പിറേറന്നു് വെള്ളവീണപ്പോഠം ബസവണ്ണിയോടൊപ്പം വസന്തരായ പുറപ്പെട്ടു. ചായയുടെ സമയത്തു് ശാന്തയുടെ പ്രഥമദർശനവും നടന്നു.

XX XX XX

അന്നുമുതൽ വസന്ത, വളരെ ഗോപ്യമായി, ആഴ്ചയിൽ ഒന്നു രണ്ടു ദിവസം ധാർവാറിലേക്കു വന്നുപോവാൻ തുടങ്ങി. രാഘപ്പ അയാഠംക്കു പലരേയും പരിചയപ്പെടുത്തിക്കൊടുത്തു—മദർ വെംകാസാനി, ഹീറോയിൻ സുന്ദരാസാനി, ഹാസ്യശിഖാമണി തുളജാറാം, വില്ലൻ രാജശേഖരപ്പ, ഹിറോ മധുറാവു് ഡബഗള്ളി, സംഗീതമാർത്താണ്ഡൻ ഗണബുവാ എന്നിവരെയെല്ലാംതന്നെ പരിചയപ്പെടുത്തിക്കൊടുത്തു. ''അടുത്തുകൊല്ലം ദേസായി ഒരു കമ്പനി സ്ഥാപിക്കാൻ പോകയാണു്. നിങ്ങഠം ആരും വരില്ലെന്നു പറയരുതു്''എന്നു് അവരോടു് പറയുകയും ചെയ്തു. സുന്ദരാസാനിയുടെ വീട്ടിൽ ഒരു യോഗം ചേർന്നു. അവഠം കൊടുത്ത വെററിലയ്ക്കു പകരമായി അഞ്ചുരുപയുടെ ഒരു നോട്ടു് അവളുടെ കൈയിൽ കൊടുത്തു. ചവിട്ടുഹാർമോണിസ്റ്റായ ചന്ദ്രയ്യനെ കണ്ടു്, ഏതു കമ്പനിയുടെ ചവിട്ടുഹാർമോണിയമാണു് ഉത്തമം, വില എന്തു്, ഓരോന്നിനും ഉള്ള ഗുണാഗുണങ്ങഠം എന്തെല്ലാം എന്നിവയെപ്പററി ചർച്ചചെയ്തു. ഈ എല്ലാ ഗുപ്തവിദ്യകളിലും, വിലകളുടെ താരതമ്യം മുതൽ ശ്രുതിയിലെ തലനാരിഴയ്ക്കുള്ള കുറവുകഠം വരെ, രാഘപ്പയ്ക്കു വിവരം ഉണ്ടെന്നു കണ്ടശേഷം വസന്തനു് തൻെറ ഗുരുവിൻെറ യോഗ്യതയെപ്പററി ഉറപ്പായി. ബണകാർഫക്കിരപ്പയുടെ വശമുള്ള ഫ്രണ്ടു കർട്ടൻ, റോഡുസീൻ, കാടുസീൻ, ഇത്യാദി എട്ടു പർദ്ദകഠംക്കു് ഒരുമിച്ചു്എന്തു വിലയാകും, നാലാണെങ്കിൽ എന്തുവിലയാകും, ആറാണെങ്കിൽ എത്ര, ഇത്യാദി വിവരങ്ങളെപ്പററി ചർച്ചചെയ്തു. എല്ലാററിനും കണക്കുകൂട്ടിനോക്കി. നടന്മാ

രുടെ ശമ്പളം, ഭക്ഷണച്ചെലവു്, മുതലായ താൽക്കാലികമായ ചെലവു് തള്ളിയാലും കേവലം സ്ഥാവരസാമഗ്രികൾക്കു് രണ്ടായിരത്തോളം വേണ്ടിവരുമെന്ന നില വന്നു. വെറും ടോപ്പുകൾ മാത്രം ഒരു നൂറുരൂപ എളുപ്പത്തിൽ വിഴുങ്ങിക്കളയും എന്നു തോന്നി. ഈ കണക്കു കണ്ടപ്പോൾത്തന്നെ വസന്തനു് കണ്ണു മഞ്ഞളിച്ചപോലെ ആയി. നൂറുരൂപകൊണ്ടു്, ഗ്രാമത്തിലാണെങ്കിൽ, നാടകവും നടത്തി, നാട്ടിലുള്ളവർക്കെല്ലാം നല്ല ഒരു കല്യാണസദ്യയും വേണമെങ്കിൽ നടത്താൻ കഴിയും. ഇതു് വെറും ടോപ്പുകൾതന്നെ....

എന്നാൽ രാഘപ്പ, ''നിങ്ങൾക്കെന്താണു്, ഒരു കുറവു്, ദേസായി അവർകളെ!....നിങ്ങളുടെ അച്ഛൻെറ സ്വത്തു് എനിക്കുണ്ടായിരുന്നുവെങ്കിൽ....ഒററ ഒരു കൊല്ലംകൊണ്ടു് അതിൻെറ ഇരട്ടി ഉണ്ടാക്കി കാണിച്ചുതരുമായിരുന്നു'' വെന്നു് ആശയും ഉത്സാഹവും ജനിപ്പിച്ചു.

വീട്ടിലെ ധാന്യവും ധാന്യം വയ്ക്കുന്ന സ്ഥലവും വിൽക്കാമെന്ന സൂചന കേട്ടിട്ടു് രാഘപ്പയ്ക്കു് അത്ര ഉത്സാഹം കയറിയതായി തോന്നിയില്ല....അതിൽനിന്നു എന്തു കിട്ടാനാണു്?....തൽക്കാലം കുറച്ചു പണം ഉണ്ടാക്കാമെന്നതു നേരു്. എന്നാൽ അത്തരം ചില്ലറ ഉപായങ്ങൾ 'വ്യവസായം' നടത്തുന്നവരുടെ അന്തസ്സിനു പററിയതല്ല....

''അതിൽനിന്നു് വരുന്നതു വരട്ടെ... എന്നാൽ ദേസായി അവർകളെ, എത്ര കാലമാണു് കാരണവന്മാരിൽനിന്നു് ഇതു് ഗോപ്യമായി വെയ്ക്കാൻ കഴിയുക?....നിങ്ങൾക്കു പ്രായമായി....ഒരു കുഞ്ഞല്ല....നിങ്ങൾ എല്ലാം പാഴാക്കികളയാൻ ശ്രമിക്കുകയല്ല.... ഇതും ഒരു ഉദ്യോഗമാണു്. ഇതിൽ നാണിക്കേണ്ട ഒരു കാര്യവും ഇല്ല. ദിവസം ചെല്ലുംതോറും നാണം പോയിവരും!... ചിലർക്കു് പരിഭ്രമം തോന്നും, സാരമില്ല....ചിലർ നമുക്കു് 'പേരുകൾ' ഇടും....ആയിക്കോട്ടെ... എത്ര നല്ലവണ്ണം പരിശുദ്ധമായി ജീവിക്കുന്നോ, എത്ര വിവേകത്തോടെ പെരുമാറുന്നോ, ഈ ഉദ്യോഗത്തിൽ അത്ര പ്രയോജനം കിട്ടും....അന്യരുടെ കൈയിൽ ബുദ്ധി പണയംവെച്ചാൽ, ദുശ്ശീലങ്ങൾക്കു് അടിപ്പെട്ടാൽ, നിങ്ങൾക്കു തൊപ്പി ഇടേണ്ടിവരും.....തെററായ വഴിയിലൂടെ പോകുന്നവൻ വീട്ടിൽ കുത്തിയിരുന്നാലും ടോംഗ ഓടിയ്ക്കും....ദേസായി അവർകളെ, എനിക്കും ഉണ്ടായിരുന്നു, ദുശ്ശീലങ്ങൾ... എന്നാൽ എനിക്കു് എന്തുണ്ടായി? പറയൂ....മനുഷ്യൻ ദുശ്ശീലം പ്രവൃത്തിച്ചാലും, അതിൻെറ പുറത്തു് എണ്ണപോലെ ഇരിക്കണം. ഉള്ളിൽ മുങ്ങിയാൽ സംഗതി പോയി. അത്ര വിവേകം ഉണ്ടായാൽ നിങ്ങൾക്കു് ആരുടെ മുമ്പിലും നാണിക്കേണ്ടതില്ല, പേടിക്കേണ്ടതില്ല, രഹസ്യമായി ഒന്നും വെയ്ക്കേണ്ടതില്ല. നാടകം എന്നാൽ ഒരു 'വ്യവസായം' ആണു്, വിലാസജീവിതമല്ല....''എന്നു രാഘപ്പ വസന്തനിൽ ആത്മവിശ്വാസം ഉണ്ടാക്കി.

ആ അർദ്ധഗംഭീരവും അർദ്ധസാധാരണവും 'ഏകവചന ബഹുവചന' മിശ്രിതവും ആയ ഉപദേശത്തിൻെറ അർത്ഥം മനസ്സിൽ അയവിറക്കിക്കൊണ്ടു്, വസന്തരായ ബസ്സിൽ കയറി.

# 28. ചമ്പക്കയുടെ ചിന്തകൾ

അടുത്ത കാലത്തായി ചമ്പക്ക സുദീർഘമായി വിചാരപ്പെടാൻ തുടങ്ങി. വീടൊന്നാകെ ആദ്യകാലത്തുണ്ടായിരുന്ന ഉത്സാഹം കളഞ്ഞുകുളിച്ചു. അതിൻെറ സൂക്ഷ്മമായ അനുഭവം, രോഗംകാരണം മനസ്സ് നേർത്ത ചമ്പക്കയ്ക്കല്ലാതെ മററാർക്ക് ഉണ്ടാവാൻ കഴിയും? അവർക്ക് ഇപ്പോഠം മുപ്പത്തിയേഴ്—മുപ്പത്തിയെട്ട് വയസ്സായി. കഴിഞ്ഞ ഇരുപതു കൊല്ലങ്ങളായി ഗാർഹസ്ഥ്യം നയിച്ച അവർ പലതും കണ്ടിട്ടുണ്ട്. ഗാർഹസ്ഥ്യത്തിൻെറ സുഖം അനുഭവിച്ചിട്ടുണ്ട്; ദുഃഖവും അനുഭവിച്ചിട്ടുണ്ട്. പക്ഷെ ഇന്നു അനുഭവപ്പെടുന്ന ശൂന്യതാബോധം മറെറാരു തരത്തിൽ പെട്ടതാണ്. ഇത്രയും കാലം ഒരു 'ആത്മസഖി'യെപ്പോലെ ഭർത്താവിനെ തീരെ അടുത്തുനിന്നു് കണ്ടുപോന്നിട്ടുണ്ട്. അയാളുടെ ചിരിക്കുന്ന മുഖം കണ്ടിട്ടുണ്ട്; അയാളുടെ സന്തോഷമുള്ള മുഖത്തിൻെറ പിന്നിലുള്ള ഗുപ്തമായ ചിന്താധാരയും കണ്ടിട്ടുണ്ട്. അങ്ങനെ ഇന്നു് തൻെറ ഭർത്താവിനു് വന്നിട്ടുള്ള മാററങ്ങഠം, മററുള്ളവരുടെ കണ്ണിനു് എങ്ങനെ തോന്നിയാലും, അവരുടെ മുമ്പിൽ അവ കൂടുതൽ പ്രകടമായി കാണപ്പെട്ടിരുന്നു. ഭർത്താവിൻെറ ചിത്തഭിത്തിയിൽ ഉണ്ടായിട്ടുള്ള വിള്ളലുകഠം വളരെ സ്പഷ്ടമായി കണ്ടിരുന്ന അവർ മൂകരോദനത്തിൽ ദീനയായി കാലം പോക്കിവന്നു....അവരുടെ ഭർത്താവു് പരാജിതനാവാൻ തുടങ്ങിയിരിക്കുന്നു....

വാർദ്ധക്യമാണോ കാരണം?....ഭക്ഷണം കുറഞ്ഞു. ഉടുപ്പിന്മേൽ പൊടിയുടെ ഒററ തരിപററിയാൽ ചുരുട്ടിയെറിയാറുള്ള മനുഷ്യൻെറ ഷർട്ടിൻെറ കോളറിന്മേൽ, തള്ളവിരലിൻെറ മങ്ങിയ പാടുകഠം കാണാൻ തുടങ്ങി. ശരീരത്തിനു്, എന്തുകൊണ്ടോ, ആദ്യത്തെപ്പോലെതന്നെ തടിയുണ്ടായിരുന്നു. എന്നാൽ മുഖത്തിൻെറ ആഹ്ലാദഭാവം മാഞ്ഞുപോയിരുന്നു. മുഖത്തെ രേഖകഠം കൈകൊണ്ടു് വരച്ചപോലെ സ്പഷ്ടമായി കാണാൻ തുടങ്ങിയിരുന്നു. പുറമേയുള്ളവർക്ക് യാതൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ മാററങ്ങളെല്ലാം ചമ്പക്കയുടെ കണ്ണുകഠംക്ക് ഒരുതരം ഭീതിയുടെ പൂർവ്വസൂചനകഠം ജനിപ്പിച്ചു. പിറേറദിവസത്തേയ്ക്കു ഭക്ഷണത്തിനു ഒന്നും ഇല്ലെന്നറിഞ്ഞാലും വീടിൻെറ തൂലാംപോലെ കിടന്നുറങ്ങിയിരുന്ന ഭർത്താവു്, അടുത്തകാലത്തായി രാത്രി ഒന്നു രണ്ടു മണി കഴിഞ്ഞിട്ടും ദീർഘശ്വാസം വിട്ടുകൊണ്ടു് മറിഞ്ഞും ചരിഞ്ഞും കിടന്നിരുന്നു, ഉറക്കംവരായ്ക നിമിത്തം.

ഇനി മറെറാന്നു്....ഇതുവരെ ചമ്പക്കയ്ക്കു ഭർത്താവിൻെറ ആലോചനകഠം. അയാളുടെ പെരുമാററരീതിയിൽനിന്നാണു് മനസ്സിലായിരുന്നതു്. എന്തെങ്കിലും ജോലിചെയ്തു തീർന്നാൽ ഭർത്താവിൻെറ മുഖത്തു് പുഞ്ചിരി പരക്കും. അതിൽനിന്നു വേണ്ടിയിരുന്ന അവർക്കു മനസ്സിലാക്കുക, സവാരി എങ്ങോട്ടായിരുന്നുവെന്നു്. അടുത്തകാലത്തായി തന്നോടുതന്നെ സംസാരിക്കാൻ തുടങ്ങിയിരുന്നു. മുണ്ട് മനസ്സിലെ വിചാരങ്ങഠം മുഖത്തു യാതൊരു ഭാവഭേദവും

പ്രദർശിപ്പിച്ചിരുന്നില്ല. എന്നാൽ വായ തുറന്നു് ഒന്നും അടുത്തകാലത്തു് സംസാരിച്ചിരുന്നില്ലെങ്കിലും ചുണ്ടുകൾ പട്പട്ന്നു് പിടഞ്ഞു് എന്തോ പിറു പിറുത്തുകൊണ്ടിരിക്കും. ഒരു തവണ ചായയ്ക്കു് ഇരിക്കുമ്പോൾ സ്പഷ്ടമായി കേൾക്കുകതന്നെ ചെയ്തു: ''ചത്താലും ശരി, ഞാൻ അവൻെറ കൈയിൽ പെടില്ല.''

ശാന്തയും ചമ്പക്കയും അതു കേട്ടു. ഭർത്താവു് എന്താണു് തന്നോടുതന്നെ ഈ സംസാരിക്കുന്നതു് എന്നു് സംശയിച്ച ചമ്പക്ക ചോദിച്ചു: ''എന്തുണ്ടായി?''

''എന്തു്?'' എന്നു് ആശ്ചര്യംപൂണ്ടു് ചോദിച്ചു, രാഘപ്പ.

''എന്തോ പറഞ്ഞല്ലോ, ഇപ്പോൾ.''

''ഞാൻ എന്തു സംസാരിച്ചു?....പിരാന്തു പിടിച്ചോ?''

അച്ഛൻെറ പിരിമുറക്കം കണ്ടു ഭയന്ന ശാന്ത, അലമാരിയിൽ പഞ്ചസാര ടിൻ വെയ്ക്കാൻ പോവുകയായിരുന്നുവെങ്കിലും, നിന്നിടത്തുതന്നെ നിന്നു പോയി.

''ശാന്തേ, നീയും കേട്ടില്ലേ?''—ചമ്പക്ക ചോദിച്ചു.

''ഉവ്വ്. ആരുടെയോ കൈയിൽ പെടില്ല എന്നോമററോ പറഞ്ഞു!''— അവൾ സാക്ഷിമൊഴി നൽകി.

''ഞാൻ ആരോടും ഒന്നും പറഞ്ഞില്ല....വെറുതെ അധികം എന്തെങ്കിലും പറഞ്ഞു് എന്നെ ദേഷ്യപ്പെടുത്തേണ്ട!'' എന്നു രാഘപ്പ ഒച്ചയിട്ടു.''

''എന്താണിതു്?.... ഇപ്പോൾ എന്തു നേരിട്ടു, നിങ്ങൾക്കു്?''

''സൂക്ഷിച്ചിരുന്നോളിൻ. അധികം പറഞ്ഞാലുണ്ടല്ലോ....'' എന്നു പറഞ്ഞു രാഘപ്പ കപ്പിൽ ഉണ്ടായിരുന്ന ചായ കുടിച്ചു്, അവിടെനിന്നു എഴുന്നേററു പോയി.

അന്നു മുതൽ അയാളുടെ സ്വാഗതഭാഷണം കേട്ടാലും കേട്ടില്ലെന്നു ചമ്പക്ക ഭാവിക്കാൻ തുടങ്ങി. അതു് രാഘപ്പയുടെ സ്വാഗതഭാഷണം വർദ്ധിപ്പിക്കാനേ സഹായിച്ചുള്ളു. ഭർത്താവു് വാർദ്ധക്യത്തിലേക്കു നീങ്ങിത്തുടങ്ങി എന്നു മനസ്സിലാക്കി, ചമ്പക്ക പരിഭ്രമിച്ചു. ഒരു ദിവസം ശാന്തയോടു്, ''നിൻെറ കല്യാണംകൂടി കഴിഞ്ഞാൽ, അദ്ദേഹത്തേക്കാൾ മുമ്പേ ഞാൻ കണ്ണടയ്ക്കണം; ഇതാണു് ഞാൻ ദൈവത്തിനോടു് ദിവസവും പ്രാർത്ഥിക്കുന്നതു്, ശാന്തേ! ഇനി അധികദിവസം ഞാൻ ജീവിച്ചിരിക്കില്ല. എനിക്കു ജീവിച്ചിരിക്കാൻ മേല. നിൻെറ പ്രസവത്തോടെ ഞാൻ പോയിരുന്നുവെങ്കിൽ ഇന്നേയ്ക്കു് എൻെറ പതിനഞ്ചു് അവിധവാനവമി ഊട്ടിക്കഴിഞ്ഞിരുന്നേനെ! എന്തുചെയ്യാം?'' എന്നു പറഞ്ഞു് ചമ്പക്ക കണ്ണീരൊഴുക്കി.

അതും ഒരു ചിന്തയായി, ചമ്പക്കയ്ക്കു്!

ഇനി മറെറാന്നു്....ഈ പ്രായത്തിൽ താൻ ഗർഭംധരിച്ചുപോയാലോ?....

ആദ്യമായി, മരണഭയം, പിന്നെ രോഗഭയം, കഷ്ടപ്പാടിൽ ജീവിച്ചവളായ ചമ്പക്ക എന്തും കഷ്ടപ്പാടോടെ സ്വീകരിക്കാൻ സന്നദ്ധയായി........ഡാക്ടർ അത്ര വെട്ടിമുറിച്ചു പറഞ്ഞ സ്ഥിതിക്കു് മരണം നിശ്ചയം. അതു കഴിഞ്ഞിട്ടു് പതിനഞ്ചു വർഷമായി... ഒരുപക്ഷേ ജീവിച്ചുവെന്നും വരാം....എന്നാൽ കുഞ്ഞു് ആൺകുഞ്ഞായിരിക്കുമെന്നു് എന്താണു് ഉറപ്പു്?....ഇനി ആൺകുഞ്ഞിനെ പെററതിനുശേഷം, താൻ ചത്തുപോയാലോ!....വളരെ ആശപ്പെട്ടു് ഉണ്ടായ മകനെ ഒരു പരദേശിയാക്കി വിട്ടു് താൻ ചത്തുപോയാലോ!....ഇത്തരം ചിന്തകൾ, ജീവിതമരണങ്ങളുടെ അതിവാസ്തവ ചിന്തകൾ, അവരുടെ തലയ്ക്കു ഒരു ഭാരമായി തീരും....അവസാനം അവർ ഒരു തീർപ്പിൽ എത്തും, അതിൻെറയെല്ലാം ചുമതല, ഒരു ആൺകുഞ്ഞിനെ മോഹിക്കുന്ന ഭർത്താവിനാണെന്നു്. എന്നിട്ടു് മിണ്ടാതിരിക്കും....എന്നാലും അതേ ചിന്തകൾ അവരുടെ ചിത്തത്തെ മഥിച്ചു താണ്ഡവമാടും, ഇടയ്ക്കിടയ്ക്കു്....

ഇനി മറെറാരു ചിന്ത....ഇതുവരെ കുഞ്ഞുങ്ങൾ ആവാത്ത രത്നയുടെ മനസ്സിനെ വേദനിപ്പിക്കുകയാവില്ലേ, താൻ ഈ വാർദ്ധക്യാവസ്ഥയിൽ ഗർഭിണിയാവുന്നതു്! അതുമാത്രമല്ല, അവളുടെ വായിലെ ഉരുളയ്ക്കു കയ്പുണ്ടാക്കാനല്ലേ, താൻ ഗർഭിണിയാവുന്നതു്!....ഹൌ!....

ഭാരതഭാഗവതാദികളായ പുരാണങ്ങൾ അല്പസ്വല്പം വായിച്ചിട്ടുള്ള ചമ്പക്കയ്ക്കു് മറെറാരു ചിന്തയും ഉണ്ടായി—ഈ ദീർഘസൂത്രങ്ങൾ വഴി തൻെറ ഭർത്താവു് അധോഗതിയിലേയ്ക്കല്ലേ, നീങ്ങുന്നതു് എന്നു്. എന്നാൽ അത്തരം സംഗതികളിൽ വെറും ഒരു പെണ്ണായ താൻ എന്തു ചെയ്യാനാണു്.? മഹബൂബ ജാനുമായി അടുപ്പംവെച്ചതിൻെറ വാർത്ത അറിഞ്ഞ സമയം ഉണ്ടായ ദുഃഖം സഹിക്കാനുള്ള ത്രാണി ചമ്പക്കയ്ക്കു് ഉണ്ടായിരുന്നു. എന്നാൻ ഇപ്പോഴത്തെ നൈതിക പ്രശ്നം ഒന്നു വേറെതന്നെ....എല്ലാററിലും അധികമായി, അഭേദ്യമായ ഒരു കോട്ട പോലെ ഇരുന്ന ഭർത്താവു് തന്നോടു സംസാരിക്കുന്നേ ഇല്ലല്ലോ എന്നു കണ്ടു് അവരുടെ ഹൃദയം മിടിച്ചു മിടിച്ചു ചാവാൻ തുടങ്ങി....ദിവസംതോറുമുള്ള ഒരു ചാവൽ....

വിള്ളലുകൾ വീണ വീടു് കാണുമ്പോൾ ഉണ്ടാകുന്ന അതേ മനോവേദന, ഒരു ഗംഭീര മനുഷ്യൻ പാഴാകുന്നതു കാണുമ്പോൾ ആയിരം മടങ്ങായി വർദ്ധിക്കും. അങ്ങനെയാണു് കാളിദാസൻ അജൻെറ വാർദ്ധക്യത്തെപ്പററി പറയുമ്പോൾ വർണ്ണിച്ചിരിക്കുന്നതു്. ''പ്ലക്ഷപ്രരോഹ ഇവ സൌധതലം ബിഭേദ'' (ആൽമരം അരമനയുടെ ചുമരുകളിൽ വിള്ളലുണ്ടാക്കുംപോലെ ഇന്ദുമതീവിരഹം അജൻെറ ഹൃദയത്തെ പിളർത്തു).

XX XX XX

ഇത്രയുംകൊണ്ടു് ചമ്പക്കയുടെ ചിന്തകഠം തീർന്നില്ല. അതു ശാന്തയെപ്പററിയായിരുന്നു.

ശാന്തയാകട്ടെ, വളർന്നു്, ഒരു റോസാപ്പൂമൊട്ടുപോലെ, തെളിഞ്ഞു മുഴുത്തു്, കാണായിത്തുടങ്ങി. രത്നയേക്കാഠം അരയടി കൂടുതൽ പൊക്കം അവഠംക്കു കണ്ടേക്കും. പതിനഞ്ചു വയസ്സായപ്പോഴേയ്ക്കും അവഠം ഇത്ര സുന്ദരിയാകുമെന്നു് ആരും കരുതിയിരുന്നില്ല. അച്ഛനും അമ്മയും കാഴ്ചയിൽ കൊള്ളാവുന്നവർതന്നെ. എന്നാലും ശാന്തയുടെ വിടർന്ന താരുണ്യവും വെളുപ്പും മുററിയ ശരീരകാന്തി ഒന്നു വേറെതന്നെ ആയിരുന്നു. അവളെ കണ്ടവരെല്ലാം പറയും, ''ഇവളുടെ കൈ പിടിക്കുന്നവൻ ഭാഗ്യശാലി!'' എന്നു്. തൻെറ മകളുടെ അഴകിനെപ്പററി അഭിമാനമുണ്ടായിരുന്നുവെങ്കിലും ചമ്പക്കയ്ക്കു് താത്വികമായി അഴകിനെപ്പററിത്തന്നെ, ഉള്ളുകുളെള്ള ഒരുതരം സംശയം കലർന്ന ഭീതി ആണു് ഉണ്ടായിരുന്നതു്. താൻ സുന്ദരിയായിരുന്നു, അതുനിമിത്തമല്ലേ തനിക്കു് ഇങ്ങനെ കഷ്ടപ്പെടേണ്ടിവന്നതു്! അതുകാരണം, ഒരുതവണപോലും, പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും ശാന്തയോടു് അവളുടെ അഴകിനെപ്പററി പുകഴ്ത്തി സംസാരിച്ചിട്ടേയില്ല........

അഴകുള്ള മകഠം എന്നു ഭയന്നു് അവളെ കണ്ണാടിക്കൂട്ടിൽ ഇട്ടുവെയ്ക്കാൻ ആവുമോ? തൻെറ അഴകിനെപ്പററി അവഠംക്കുള്ള അഹങ്കാരം കുറയ്ക്കാൻ അമ്മ എത്ര യത്നിച്ചിരുന്നുവെങ്കിലും, പരിതസ്ഥിതിയുടെ പരിണാമമായി അതു താനേ അവളിൽ ഉളവായതു് സ്വാഭാവികമാണല്ലോ.

ശാന്ത രത്നയേക്കാഠം 'ഒന്നു രണ്ടു പുസ്തകം' അധികം പഠിച്ചിട്ടുള്ളവഠം ആയിരുന്നു. എന്നാൽ എത്ര പഠിച്ചു എന്നതല്ല, എപ്പോഠം പഠിച്ചു എന്നതാണു് പ്രധാനമായ പ്രശ്നം.

രത്ന സ്കൂളിൽ പഠിച്ച കാലവും ശാന്ത പഠിച്ച കാലവും തമ്മിൽ അജഗജാന്തരം ഉണ്ടായിരുന്നു. അഞ്ചു കൊല്ലമേ അന്തരമുണ്ടായിരുന്നുള്ളുവെങ്കിലും സാമൂഹ്യസ്ഥിതി തീരെ മാറിപ്പോയിരുന്നു. ഉപ്പുസത്യാഗ്രഹകാലത്തു് സ്കൂളുകളിലും കോളേജുകളിലും ഹർത്താൽ ഉണ്ടായ സമയം, തൻെറ സ്കൂളിലെ പ്രവർത്തനങ്ങളിൽ ശാന്ത പങ്കുകൊള്ളുകയുണ്ടായിട്ടുണ്ടു്. ആ സ്കൂളിൽ പന്ത്രണ്ടു വിദ്യാർത്ഥിനികഠം മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽത്തന്നെ ചിലർ പതിനാറു വയസ്സു് താണ്ടിയതു നിമിത്തം, നാണിച്ചു്, ഘോഷയാത്ര മുതലായ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തയ്യാറായില്ല. ഇനി മററു ചിലരാകട്ടെ, പഴയ ചിന്താഗതിയിലുള്ള കുടുംബങ്ങളിലെ ചുററുപാടിൽ വളർന്നവരായതു നിമിത്തം, ഇമ്മാതിരി കാര്യങ്ങളിൽ പങ്കെടുത്താൽ അച്ഛനമ്മമാർ തങ്ങളെ ഇനിമേൽ സ്കൂളിലേയ്ക്കു് അയയ്ക്കുകയില്ലെന്നു ഭയന്നു് പങ്കെടുത്തിരുന്നുമില്ല. എന്നാൽ ശാന്തയ്ക്കാകട്ടെ വീട്ടിൽ സ്വാതന്ത്ര്യമുണ്ടായിരുന്നു. പ്രായവും കുറവു്. പന്ത്രണ്ടു വയസ്സായ കുഞ്ഞു്. അവളും ഉത്തരകന്നഡ ജില്ലയിലെ മറെറാരു പെൺകുട്ടിയും—അങ്ങനെ രണ്ടു പെൺകുട്ടികഠം മാത്രം—ഘോഷയാത്രയിൽ കൊടിയും പിടിച്ചു്, 'ഝംഡാ

ഊംചാ' എന്ന പാട്ടും പാടി ജയഘോഷം മുഴക്കിക്കൊണ്ട് വഴിനീളെ നടന്നിരുന്നു. സഭകളിൽ പ്രസംഗിക്കുന്നവർ, ''നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ട് സ്ത്രീകളും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നതു കാണിൻ!'' എന്ന് ഉൽഘോഷിക്കുന്നതു കേൾക്കുമ്പോൾ അതെല്ലാം തന്നെപ്പററിയുള്ള പ്രശംസയാണെന്നു വിചാരിച്ച്, ശാന്ത സന്തോഷംകൊണ്ടിരുന്നു.

അങ്ങനെ കാലത്തിനനുസരിച്ച്, തൻെറ കുട്ടിക്കാലത്തുതന്നെ, സ്വാതന്ത്ര്യബോധം ഉണ്ടായ ശാന്തയ്ക്ക്, രത്നയെപ്പോലെ, വഴങ്ങി നടക്കുവാൻ കഴിഞ്ഞിരുന്നില്ല. ഒന്നു രണ്ടു കൊല്ലംകൊണ്ട് അവൾ വളരുകയും ചെയ്തു. ഒരു യുവതിയായി കാണപ്പെടാൻ തുടങ്ങി. പാവാടയ്ക്കു പകരം സാരി ഉടുക്കാൻ തുടങ്ങി. സുന്ദരിയായി. അക്കംപക്കത്തിലുള്ള കൂട്ടുകാർ അവളെ പുകഴ്ത്താനും തുടങ്ങി. എന്നാൽ, ഭാഗ്യംകൊണ്ട്, അമ്മ വീട്ടിൽവെച്ച് അതിനെപ്പററിയൊന്നും അത്ര ശ്രദ്ധിക്കാതിരുന്നതു നിമിത്തം, അവൾക്ക് അഹങ്കാരം കയറിയില്ലെന്നു മാത്രം. എന്നാൽ ഒരു സംഗതി അവളുടെ മനസ്സിനെ മാററിമറിക്കുകതന്നെ ചെയ്തു; അവളിൽ ഒരു ആത്മസ്നേഹം ഉണ്ടാക്കിക്കൊടുത്തു; കുട്ടിത്തം വിട്ട് തെല്ല് ഗാംഭീര്യത്തോടെ പെരുമാറാൻ അവളെ പഠിപ്പിച്ചു.

അവളുടെ ക്ലാസ്സിൽ പഠിപ്പിച്ചിരുന്ന, രാഷ്ട്രീയമനോഭാവമുള്ള ഒരു ചെറുപ്പക്കാരനായ അദ്ധ്യാപകൻ, ശാന്തയെ അവളുടെ സൗന്ദര്യം, ദേശാഭിമാനപ്രവർത്തനങ്ങൾ എന്നിവയിൽ ആകൃഷ്ടനായി അവളെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. ഒരു ദിവസം യാതൊന്നും ആലോചിക്കാതെ, ആരേയും നടുക്ക് നിറുത്താതെ, ശാന്തയുടെ പ്രോഗ്രസ്സ് റിപ്പോർട്ടും കൈയിലെടുത്ത് അനാവശ്യമായി രാഘപ്പയുടെ വീട്ടിൽ വന്ന്, അവളുടെ പഠിപ്പിനെ പുകഴ്ത്തി, വിവാഹാഭ്യർത്ഥന നടത്തി.... ''കുറഞ്ഞപക്ഷം ഭാരതാംബയുടെ നന്മയ്ക്കുവേണ്ടിയെങ്കിലും....'' എന്നുപോലും അയാൾ കെഞ്ചി. കണ്ണീർ ഒഴുക്കി. എന്നിട്ടും രാഘപ്പ തിരസ്കരിച്ചു; ''ഹെഡ്മാസ്റ്റർക്ക് ഞാൻ റിപ്പോർട്ടുചെയ്യും!'' എന്നു പേടിപ്പിക്കുകയും ചെയ്തു. അപമാനം ഭയന്ന്, ഉടൻതന്നെ രാജികൊടുത്ത്, മറെറാരിടത്തേയ്ക്കു ആ മാസ്റ്റർ പൊയ്ക്കളഞ്ഞു. ഇതെല്ലാം യാതൊരു മദ്ധ്യസ്ഥനുംകൂടാതെ നടന്നതുകാരണം നാട്ടിൽ വിശേഷിച്ച് ഊഹാപോഹങ്ങൾക്കു ഇടവന്നില്ല. എന്നാൽ തനിക്കുവേണ്ടി ഒരു മാസ്റ്റർ ഉദ്യോഗംപോലും ഉപേക്ഷിച്ചു പോയല്ലോ എന്ന് വല്ലപ്പോഴും ഓർക്കുമ്പോൾ അവൾക്ക് ഒരുതരം അഹങ്കാരം തോന്നാറുണ്ട്. അവൾ രത്നയെപ്പോലെ, അമ്മയുടെ അധികാരത്തിൻകീഴിൽ ഇരുന്നിട്ടില്ല. അമ്മയോട് സഹജമായ സ്നേഹമുണ്ട് എന്നല്ലാതെ അച്ഛനമ്മമാർ എന്നു പറഞ്ഞാൽ അവൾക്ക് എന്തെങ്കിലും ഒരു സവിശേഷഭാവം കുറവായിരുന്നു. അതോടൊപ്പം ചമ്പക്ക വളരെ അശക്തയായതു നിമിത്തം, ശാന്ത വീടു മുഴുവൻ തുള്ളിച്ചാടി നടന്ന്, ചെറിയ മട്ടിൽ, ഒരു 'യജമാനത്തി'യും ആയിക്കഴിഞ്ഞിരുന്നു.

ശാന്തയെ വസന്തന് കൊടുക്കണമെന്ന രാഘപ്പയുടെ ആലോചനയുടെ ഗന്ധം ചമ്പക്കയ്ക്ക് ഒന്നുരണ്ടു ദിവസംകൊണ്ട് അനുഭവപ്പെട്ടു. അതിൽ അവൾ ഉള്ളാ

ലേ സന്തോഷിച്ചു. വസന്തരായ തൻെറ മകളിൽ ആകൃഷ്ടനാവുമെന്നതിനെ പ്പററി അവരംക്ക് യാതൊരു സംശയവും ഇല്ലായിരുന്നു. ശാന്തയുടെ ആകൃതി തന്നെ അത്തരത്തിലുള്ളതാണ്. എന്നാലും വസന്തരായൻെറ പിതാവ് സമ്മതി ക്കുകയുണ്ടാവില്ല. എന്നാൽ അതു തന്നെ സംബന്ധിച്ച ഒരു വിഷയമല്ല. പത്തു നുണ പറഞ്ഞിട്ടാണെങ്കിലും തൻെറ ഭർത്താവ് ആ കാര്യം നിർവഹിക്കാൻ കെ ല്പുള്ള ഒരുത്തനാണ്. ആഹ്ലാദം തോന്നിപ്പിക്കുന്ന മറെറാരു സംഗതികൂടി ഉണ്ടായിരുന്നു. വസന്തൻ ഒരു പണക്കാരനാണ്. അതുകൊണ്ട്, താൻ ഒരു പക്ഷേ ഗർഭിണി ആയില്ലെങ്കിൽ, വസന്തൻ തങ്ങളുടെ ചില്ലറ സമ്പത്തിനു വേണ്ടി, കിട്ടിയെ പിടിച്ച്, രത്നയുടെ ഉരുള ചവർപ്പിക്കാൻ ശ്രമിക്കുകയുണ്ടാ വില്ലല്ലോ....അതേ വിചാരമാണ് അവരെ സമാധാനംകൊള്ളിച്ചിരുന്നതു്....

എന്നാലോ ചമ്പക്കയുടെ കഷ്ടത സഹിച്ച മനസ്സിനു് ഇല്ലാത്ത പല സംശയ ങ്ങളും ഉണ്ടായി. വസന്തൻ ഒരു പണക്കാരൻതന്നെ, നേരു്. എന്നാൽ കിട്ടി വരുമ്പോഴൊന്നും ചമ്പക്കയ്ക്കു പേടി തോന്നിയിരുന്നില്ല. നേരെമറിച്ച്, രാഘ പ്പയുടെ സമ്മതത്തോടെ വസന്തൻ വീട്ടിലേക്കു വരാൻ തുടങ്ങുന്നതിൽ അവർ ക്കു്, എന്തോ, ഒരു അസ്വസ്ഥത. അത്ര വലിയ ഒരു പണക്കാരൻ തങ്ങളുടെ കൈ യിൽ അകപ്പെട്ടുമോ?........അയാളെ തങ്ങരംക്കു് വിശ്വസിക്കാമോ?........

XX XX XX

ചമ്പക്കയുടെ വിവാഹം, 'ധാർവാറിലെ ആദ്യത്തെ പ്രേമവിവാഹം' എന്നു ഒരു തലമുറവരെ സുപ്രസിദ്ധമായിരുന്നു. ആളുകരം ചമ്പക്കയെപ്പററി തികച്ചും തെററായി ധരിച്ചുവെച്ചിരുന്നു. അന്യരുടെ കാര്യങ്ങളിൽ വളരെ നിഷ്ഠുരമായി സംസാരിക്കുക എന്നതു് ആളുകളുടെ സ്വഭാവമത്രേ. ചമ്പക്കയുടെ മര്യാദയോടെ യുള്ള ജീവിതം കണ്ടു് സഹിക്കാതെ ചില ക്ഷുദ്രജീവികരം ''ഏതോ തുലഞ്ഞ വരം !'' എന്നു പുലമ്പാറുണ്ട്. എന്നാൽ ചമ്പക്കയുടെ സുസംസ്കൃതമായ മനസ്സ് എല്ലാററിൽ നിന്നും പാഠം പഠിച്ചു. കേവലം ക്ഷണനേരത്തേക്കുള്ള അശ്രദ്ധ നിമിത്തം തൻെറ കൗമാരം കളഞ്ഞുപോയതു്, അതിൽ നിന്നു് സമുദായമദ്ധ്യ ത്തിൽ കോലാഹലങ്ങരം ഉണ്ടായതു്, അമ്മ കിണററിൽ ചാടാൻ പോയതു്, തന്നെ രാഘപ്പ ആദ്യം നിരാകരിച്ചതു്, സ്വയം സഹതപിച്ചതു്, അമ്മ തളർന്നു് അവസാനം ചത്തുപോയതു്—ഇതെല്ലാം അനുഭവിച്ച അവരുടെ മനസ്സ്, മക്ക ളുടെ തല തിരിഞ്ഞുപോയാലോ എന്നു സ്വാഭാവികമായും ആശങ്കകൊണ്ടിരുന്നു.

## 29. പ്രത്യക്ഷവും പരോക്ഷവുമായ സംഘർഷം

രാഘപ്പയും ദേസായിയും തമ്മിൽ പ്രത്യക്ഷ ദർശനമില്ലാതെ വളരെ ദിവ സങ്ങളായി. എന്നാൽ പരോക്ഷമായിട്ട്, രാഘപ്പയുടെ അസ്തിത്വത്തെപ്പററി മേൽക്കുമേൽ അനുഭവം ഉണ്ടാവാൻ തുടങ്ങി, ദേസായിക്കു്. വസന്തൻ ധാർവാർ വരെ വന്നു് വീട്ടിൽ വരാതെ ഒളിച്ചോടിപ്പോയ വാർത്ത, അയാളെ കണ്ടവർ ആരോടൊക്കെയോ പറഞ്ഞു പറഞ്ഞു് വേണുബായിക്കും കിട്ടി. അവർ അതു് ദേശായിയോടു പറഞ്ഞു. അദ്ദേഹം മറെറാന്നും സംസാരിക്കാതെ ഗൌരവത്തോടെ

ഇരുന്നു. ഒരു കത്തെഴുതി അയാളെ വിളിച്ചുവരുത്തണമെന്ന അവരുടെ അപേക്ഷയും അദ്ദേഹം സമ്മതം മൂളിയില്ല. അതൊന്നും കാണാൻ ആവാതെ, വേണുബായി ഒരിക്കൽ ദേസായിയോട് പറഞ്ഞു:

''ആ രാഘപ്പ എന്തു ദുഷ്ടനാണ്. ഗംഗവ്വ അയാളുടെ നിഴൽപോലും ഏല്ക്കരുതു് എന്നല്ലേ പറഞ്ഞതു്. നിങ്ങളെന്തിനാണ് അയാളോട് വെറുതെ ദേഷ്യം പിടിക്കുന്നതു്?....അവരുടെ വക അവർക്ക് കൊടുത്തുകളഞ്ഞേയ്ക്കരുതോ. എങ്ങോ ഉള്ള ഒരു പയ്യന്റെ ബുദ്ധി കെടുത്തിവിട്ടിരിക്കയാണ്........ആ രണ്ടായിരം രൂപക്കുവേണ്ടിയല്ലേ, ഈ ചെയ്യുന്നതെല്ലാം? .. അവരുടെ വക അവർക്കു കൊടുത്തുകളഞ്ഞേയ്ക്കു....ഒരിക്കലെങ്കിലും നിങ്ങൾക്ക് ചിന്ത ഇല്ലാതിരിക്കട്ടെ!''

''രാഘപ്പ എന്റെ കാൽക്കൽ വീണ് യാചിക്കട്ടെ. ഞാൻ കൊടുക്കാം... ചുടുകാടുവേലത്തരം കാട്ടുന്നോ?...എന്നോട് ഗുസ്തി പിടിക്കാൻ വരികയാണോ?... ഗുസ്തി പിടിച്ചു നോക്കട്ടെ....ഒററക്കൈ നോക്കിയിട്ടേ ഞാൻ വിടൂ .... ആ കിട്ടിയെ പറഞ്ഞു വിട്ടിരിക്കയാണ്. ഹും........ഈ പ്രായത്തിലാണ് എനിക്കു ബുദ്ധി ഉപദേശിച്ചുതരുന്നതു്....ഒരു തവണ വരട്ടെ, നേർക്കുനേരെ.... അവനെ പിടിച്ചു തുണിനോടു കെട്ടിയിടും, ഞാൻ....''

''അല്ല, ആദ്യമേ പറയാറുള്ളതല്ലേ, ഈ ഏടപാട് വേണ്ടെന്നു്? പിന്നെ ഇപ്പോഴെന്താണ് ഇങ്ങനെ ഒരു വാശി, ഒരു മത്സരം!....''

''ആ ദിവസങ്ങൾ പോയി, ഇന്നു്. നമ്മൾ ചുമ്മാതെ ഇരുന്നാലും അവൻ നമ്മളെ ഉപദ്രവിക്കയാണ് എന്നുവന്നാൽ പോരുതന്നെ ആവട്ടെ. നമുക്ക് കാണാമല്ലോ!''

''അവനെ നിങ്ങൾ എന്തെങ്കിലും ചെയ്തോളൂ. എന്നാലും ഒരു കത്തു് എഴുതി വസന്തനെ വിളിച്ചുവരുത്തരുതോ....? പോററുന്നവർക്ക് വിടാൻ കഴിഞ്ഞാലും പെററവർക്ക് വിടാൻ കഴിയുമോ....? അല്ലെങ്കിൽ വേണ്ട. എന്നെയെങ്കിലും പറഞ്ഞയയ്ക്കുന്നു്. നിങ്ങൾ ഇങ്ങനെ അശ്രദ്ധ കാട്ടിയാൽ അവൻ രാഘപ്പയുടെ വലയിൽ വീഴും. പാവം, അവൻ വെറും ഒരു പയ്യൻ!....ഞാൻ രണ്ടു ദിവസത്തേയ്ക്കു പോയിട്ടുവരാം.....''

ദേസായിക്കു നിയന്ത്രിക്കാൻ കഴിഞ്ഞില്ല. താൻ എന്തുകൊണ്ട് മിണ്ടാതിരിക്കുന്നു എന്നതു് ഭാര്യയോടു പറയണമെന്ന് കണക്കാക്കി, രണ്ടുമൂന്നു ദിവസം മുമ്പു വന്ന, വസന്തന്റെ കത്തു് പെട്ടിയിൽനിന്നെടുത്തു്, ''നിന്റെ പയ്യനായ ഒരു മകൻ!....അവൻ അച്ഛന് എങ്ങനെ കത്തെഴുതുന്നു എന്നു കേട്ടോളൂ!'' എന്നു പറഞ്ഞു, വായിച്ചു കേൾപ്പിച്ചു.

ശ്രീ. ഇനാമഗ്രാമം, സണ്ണദവീട്.

ശ്രീ. രാ. രാ. ഗോപാൽറാവു് ദേസായി അവർകൾക്ക് സാഷ്ടാംഗ നമസ്ക്കാരങ്ങൾ! ഈ കത്തു് എഴുതുന്നതിന്റെ കാരണം എന്തെന്നാൽ, ഞാൻ ഇന്നു്

പ്രായപൂർത്തി വന്നിട്ട് രണ്ടു വർഷമായെങ്കിലും, എന്റെ അവകാശം എനിക്കു തരാതെ, അതിന്റെ വകകളെല്ലാം അങ്ങ് അനുഭവിച്ചുകൊണ്ടിരിക്കുന്നതാകുന്നു. അങ്ങേയ്ക്ക് മൂന്നു ആൺമക്കളാണുള്ളത്. അവരിൽവെച്ച് ഞാൻ നടുക്ക് ഉള്ളവനാകുന്നു. എനിക്കു നിയമം അനുസരിച്ചു പിത്രാർജ്ജിതമായ സ്വത്തിൽ എത്ര പങ്ക് കിട്ടണമോ അത് എത്രയും വേഗത്തിൽ വിട്ടുതരേണ്ടതാകുന്നു. ഇത് അങ്ങേയ്ക്കു സമ്മതമാണെങ്കിൽ, നാലു വലിയവരെ വിളിച്ചുകൂട്ടി, സമമായി പങ്കുവെച്ച്, എനിക്കു വരേണ്ട പങ്കിനെ സ്വീകരിക്കാൻ ഞാൻ സന്നദ്ധനാകുന്നു. എന്നാൽ ബാക്കി എന്റെ ജ്യേഷ്ഠനായ അച്യുതറാവുവിനാകട്ടെ എന്റെ പ്രായപൂർത്തിവരാത്ത അനുജനായ പുരുഷോത്തമറാവുവിനാകട്ടെ അവരുടെ പങ്ക് കൊടുത്താലും കൊടുത്തില്ലെങ്കിലും, അതിൽ എനിക്കു യാതൊരു സംബന്ധവും ഇല്ലാത്തതാകുന്നു. അത് നാലാളുകളുടെ മുമ്പിൽ വെച്ച് നിർണ്ണയിക്കേണ്ടതാകുന്നു. എന്നാൽ എന്റെ പങ്ക് എനിക്കു വിട്ടുതരേണ്ടതാകുന്നു. എന്തെങ്കിലും കാരണവശാൽ എന്റെ പങ്ക് തരുന്നതിന്, ഈ കത്ത് കിട്ടിയ തീയതി മുതൽക്ക് മൂന്നു മാസത്തിനുള്ളിൽ, വ്യവസ്ഥ ചെയ്യാത്തപക്ഷം അങ്ങുതന്നെ ഉത്തരവാദിയാകുന്നതാകുന്നു. അങ്ങനെ എന്തെങ്കിലും തടസ്സം ഉണ്ടായാൽ അതിനു ഉചിതമായ ഉൽപന്നം അങ്ങ് എനിക്കു തരേണ്ടിവരുന്നതാകുന്നു. ഇതിന് അങ്ങേയ്ക്ക് സമ്മതമാണെങ്കിൽ ഞാൻ എന്റെ ശുഭകാംക്ഷികളോട് ഒപ്പം അങ്ങയെ കാണുന്നതിനു വരാൻ തയ്യാറാകുന്നു. അങ്ങ് അങ്ങയുടെ അഭിപ്രായം, മുമ്പും പിമ്പും നോക്കാതെ, വേഗംതന്നെ അറിയിക്കണമെന്ന് സവിനയമായ അപേക്ഷ. ശേഷം ക്ഷേമം. ആലോചിച്ചു പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ മറുപടി അയയ്ക്കാൻ അപേക്ഷ. അങ്ങയുടെ ക്ഷേമം എഴുതി അറിയിക്കണം.

എന്ന് അങ്ങയുടെ രണ്ടാമത്തെ ചിരംജീവി

—വസന്തറാവ് (ബി) ദേസായി.

തന്റെ മകന്റെ കത്ത് വായിച്ചുകേട്ട ഉടൻ വേണുബായിക്കു മനം നിറഞ്ഞ അപമാനം തോന്നി. തന്റെ ഭർത്താവിന് ഏതു പ്രകാരത്തിൽ വിഷമം തോന്നിയിട്ടുണ്ടാവില്ല എന്നു വിചാരിച്ച്, അവരുടെ മനസ്സുരുകി, കണ്ണീർ ഒഴുക്കാൻ തുടങ്ങി.

''ഞാൻ പറയേണ്ടതെല്ലാം പറഞ്ഞതാണ്....വസ്യാ, അങ്ങനെയല്ല. നീ ചീത്ത ശീലത്തിൽ ചെന്നു ചാടരുത്....ചീത്ത മനുഷ്യരുടെ കൂട്ടുകൂടരുത്... നിന്റെ അച്ഛനെ ദൈവത്തെപ്പോലെ കരുതിക്കോ....എന്നിട്ട് ഇവിടംവരെ എത്തിയോ?....കല്ലിനു ബുദ്ധി പറഞ്ഞുകൊടുക്കുംപോലെ ആയല്ലോ.... എന്റെ പൂർവ്വജന്മദുഷ്കൃതം ഒരു മകനായി പിറന്നിരിക്കയാണ്.....അങ്ങയുടെ ജീവിതത്തിന് ഒരു സുഖവും തരില്ല...!''

''അവൻ എന്നെ എന്തുചെയ്യും? താൻ ചെയ്തത് താൻതന്നെ അനുഭവിക്കും. ഈ കത്തെഴുതിയതിന് ആരുടെ പ്രേരണയാണ് എന്നത് എനിക്ക് അറിയാ

ന്മേലേ?....ആ ഗുരുവിൻെറ കഴുത്തിനു ഞാൻ കൈവെയ്ക്കും. എന്നാൽ ഈ വസ്യ, കിട്ട്യ എല്ലാവരും വഴിക്കു വരും....''

ദേസായി ഉടൻതന്നെ ഒരു തീർപ്പെടുത്തു് ഈ കത്തെഴുതി:

ക്ഷേമം ശ്രീ. ധാർവാർ

ചിരംജീവി വസന്തരായനു് ആശീർവാദങ്ങരം. നിൻെറ കത്തു് കിട്ടി. ഞങ്ങളെല്ലാവരും ക്ഷേമത്തോടെ കഴിയുന്നു. നീ എൻെറ മകനെന്നതു് ഞാൻ മറന്നിട്ടില്ല. നിൻെറ ശുഭകാംക്ഷിയേയും കൂട്ടിക്കൊണ്ടു വാ.

എന്നു് ആശീർവാദങ്ങരം.

—ഗോപാലറാവു്.

XX XX XX

കത്തു കിട്ടിയ ഉടൻ വസന്തരായനു് പരിഭ്രമമായി. എന്തെന്നാൽ ആ കത്തിൽ പ്രധാന സംഗതിയെപ്പററി ഉല്ലേഖമേ ഇല്ല. അയാറം എഴുതിയ കത്തു് ഭാഗവതപാരായണക്കാരനായ അപ്പണ്ണഭട്ടനെക്കൊണ്ടു് എഴുതിച്ചതാണു്. എന്നാൽ ഇത്രവേഗം അച്ഛനിൽ നിന്നു മറുപടി കിട്ടുമെന്നു് വസന്തരായൻ പ്രതീക്ഷിച്ചിരുന്നില്ല. ഇനി അപ്പണ്ണഭട്ടനെ ആളയച്ചു വരുത്തണം. പിന്നീടു് തൻെറ സ്വന്തം ബുദ്ധി പ്രയോഗിച്ചു ചെയ്യു പ്രവൃത്തിയിൽ രാഘപ്പയുടെ ഉപദേശം തേടണം. അതിനുമുമ്പേ രാഘപ്പയെ കണ്ടു് ആലോചന നടത്തണം. ഇങ്ങനെയെല്ലാം നിശ്ചയിച്ചു്, താൻ എഴുതിയ കത്തിൻെറ നക്കലും അച്ഛൻെറ മറുപടിയും കോട്ടിൻെറ കീശയിൽ ഭദ്രമായി ഇട്ടുകൊണ്ടു്, രാഘപ്പയെ കാണാൻ ധാർവാറിലേയ്ക്കു ചെന്നു.

താൻ പാകിയ വിത്തു് ഇത്ര എളുപ്പത്തിലും പരസ്യമായും കായ്ക്കുമെന്നു് രാഘപ്പ തീരെ പ്രതീക്ഷിച്ചിരുന്നില്ല. ദേസായിയുമായി ഇത്ര പരസ്യമായ ശത്രുത്വം പടുത്തുയർത്തുന്നതിനു് അയാറംക്കു് ആഗ്രഹമുണ്ടായിരുന്നില്ല. 'ഇടംകൈകൊണ്ടു്'' കൊടുത്തു് പകരംവീട്ടലായിരുന്നു, അയാളുടെ ഉപായം. എന്നാൽ യാതൊരു ഭാവഭേദവും പുറത്തു കാട്ടാതെ രണ്ടു കടലാസ്സുകളും വായിച്ചുനോക്കി. അപ്പണ്ണഭട്ട എഴുതിക്കൊടുത്ത കത്തിനെ പ്രശംസിച്ചു. ''മിടുക്കനാണു് ബ്രാഹ്മണൻ. എഴുതാൻ വശമുണ്ടു്,'' എന്നു് അഭിപ്രായപ്പെടുകയും ചെയ്യു. ദേസായിയുടെ കത്തു് കൂലങ്കഷമായി വായിച്ചുനോക്കി. വസന്തരായൻെറ കണ്ണിൽപ്പെടാത്ത ഒരു സൂക്ഷ്മവിവരം രാഘപ്പയുടെ ദൃഷ്ടിയിൽപ്പെട്ടു. വസന്തൻ, ''ഞാൻ എൻെറ ശുഭകാംക്ഷികളോടൊപ്പം നിങ്ങളെ കാണുന്നതിനു്.....'' ഇത്യാദി ബഹുവചനത്തിൽ എഴുതിയതിനു്, ദേസായി തൻെറ മറുപടിയിൽ, ''നിൻെറ ശുഭകാംക്ഷിയേയും കൂട്ടിക്കൊണ്ടു വാ'' എന്നു് ഏകവചനത്തിലാണു് എഴുതിയിരുന്നതു്. അതിൻെറ സൂചന രാഘപ്പ മനസ്സിലാക്കി. താൻ നേരെ എതിർനില്ക്കുന്നതിനു്, രാഘപ്പയ്ക്കു്, എല്ലാ പ്രകാരത്തിലും സമ്മതമായിരുന്നില്ല.

''എന്നാൽ, വസന്തറാവു, തന്റെ അച്ഛന്റെ കത്തിൽ നിന്നു്, തന്റെ അച്ഛനു് അയവു് വന്നു എന്നു് തോന്നുകയില്ല.''

''എന്തുകൊണ്ടു്? വാ എന്നു് എഴുതിയിട്ടില്ലേ.''

''ഇത്ര വേഗം വിളിച്ചു എന്നതുകൊണ്ടുമാത്രം അദ്ദേഹത്തിന്റെ മനസ്സിൽ ആ വിഷയം ഉറപ്പിച്ചപോലെ തോന്നുന്നില്ല. നിന്റെ അച്ഛൻ അങ്ങനെയി ങ്ങനെ കൈ അയച്ചു വിടുന്ന ഒരു മനുഷ്യനല്ല. ഞാൻ കണ്ടിട്ടുണ്ടു്, അദ്ദേ ഹത്തെ.''

''എന്നാൽ വിളിച്ചശേഷം പോയി അഭിപ്രായം അറിയുന്നതിൽ എന്താ ണൊരു തടസ്സം?''

''ഓഹോ! അറിഞ്ഞുകൊണ്ടുവരരുതോ! തീർച്ചയായും പോയിവരൂ.''

''രാഘപ്പയും വരണം കൂടെ.'' രാഘപ്പ തടിതപ്പുമോ എന്നു് വസന്തരായനു് സന്ദേഹം ഉണ്ടാവാൻ തുടങ്ങി.

''അച്ഛനും മകനും തമ്മിൽ സംസാരിക്കുന്നിടത്തു് ഞാൻ വരുന്നതു് പററി യതല്ല.''

അതു കേട്ടു് വസന്തന്റെ മുഖത്തു് നൈരാശ്യം പരക്കുന്നതു കണ്ടു്, രാഘപ്പ സഹായത്തിനു് പാഞ്ഞെത്തി.

''വസന്തറാവു, ഞാൻ നിങ്ങളെ കൈവിട്ടിട്ടില്ല... നിങ്ങൾ അങ്ങനെ വിചാരിക്കരുതു്, കേട്ടോ. എപ്പോഴായാലും ഞാൻ പിന്നിലുണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ, നാടകക്കമ്പനി ആരംഭിക്കണമെന്നു് ഒരിക്കൽ നിശ്ചയിച്ച തിനു് എന്റെ വാക്കുതന്നെ എനിക്കു പ്രമാണം... എന്നാൽ ഇപ്പോൾ ഞാൻ ഒപ്പം വരുന്നതുകൊണ്ടു് നിങ്ങൾക്കു് ഒരു പ്രയോജനവും ഇല്ല. ഞാൻ അവസാ നത്തെ തുണ്ടാണു്. ആദ്യം നിങ്ങൾ നിങ്ങളുടെ അല്ലറചില്ലറ ആയുധങ്ങൾ ഉപ യോഗിച്ചുനോക്കണം. ഈ കത്തു് എഴുതിത്തന്ന ബ്രാഹ്മണനേയും കൂട്ടിക്കൊണ്ടു പോകൂ....അയാളും മിടുക്കനാണെന്നു തോന്നുന്നുണ്ടു്. അച്ഛന്റെ അഭിപ്രായം ചോദിച്ചറിയണം. അദ്ദേഹം ദേഷ്യപ്പെട്ടാൽ നിങ്ങൾ ദേഷ്യപ്പെടരുതു്. അദ്ദേഹം പ്രീണിപ്പിക്കാൻ വന്നാൽ നിങ്ങൾ നല്ല കട്ടിയിൽ ഇരിക്കണം. നിങ്ങളുടെ അച്ഛൻ വെറും നിസ്സാരനല്ല. നിങ്ങൾക്കു ആദ്യം ആശ കാട്ടി, സന്തോഷിപ്പി ക്കും. പിന്നെ പേടിപ്പിക്കും. പററുന്ന ഉപായമെല്ലാം ചെയ്യുന്നവനാണു്. ആ പരീക്ഷയിൽ നിങ്ങൾ ജയിച്ചു, നിങ്ങളുടെ തത്വം മുറുകെപ്പിടിച്ചാൽ, പി ന്നീടു് എന്നെ വിളിച്ചോളൂ. നിങ്ങൾക്കു നഷ്ടം വരാത്തവിധം ഞാൻ എല്ലാം ഭാഗിച്ചിട്ടു് വന്നോളാം. വേണ്ടത്ര വക്കീലന്മാർ വേണമെങ്കിൽ വന്നോട്ടെ. നിങ്ങൾക്കു ചതി ആവാത്തപോലെ ഞാനുണ്ടു്, നോക്കാൻ. പക്ഷേ നിങ്ങൾ ആദ്യം പോയി അറിഞ്ഞുവരൂ, നിങ്ങളുടെ അച്ഛൻ ഏതു വശത്തേയ്ക്കാണു് ഉന്നം

വെച്ചിരിക്കുന്നതെന്നു്.... നിങ്ങാംക്കു് തെല്ലു് ഗന്ധം കിട്ടട്ടെ. പിന്നെ....എന്തു വേണമോ, ചെയ്യാം. എന്തുകൊണ്ടെന്നാൽ കൈ ഇട്ടശേഷം, തകരാറു വരാത്ത വിധം, വേല നടത്തണം, കേട്ടോ....''

രാഘപ്പ പറഞ്ഞതു കേട്ടു് വസന്തന്നു് വേണ്ടത്ര ധൈര്യം ഉണ്ടായില്ല. എങ്കിലും സ്വല്പമട്ടിനു് ഉത്സാഹമുണ്ടായി. രാഘപ്പയുടെ യുക്തിവാദം ശരിയായിട്ടുള്ളതല്ലേ. ഓരോ പ്രവൃത്തിക്കും ഘട്ടങ്ങളുണ്ടു്. അതതു ഘട്ടത്തിനു പററിയ ആളുകളെ ഉപയോഗിക്കണം. എന്നാലും തനിക്കു് ഇല്ലാത്ത ധൈര്യത്തിനു വേണ്ടി ഒരു അനുമാനം എടുത്തിട്ടു:

''അപ്പണ്ണഭട്ട നല്ല ഒരു സമർത്ഥൻ ബ്രാഹ്മണൻ തന്നെ. എന്നാലോ ഒരു പേടിക്കോന്തൻ. പേടിപ്പിച്ചാൽ പേടിച്ചുപോകും. ഇപ്പോ‍ാം വരാൻ സാദ്ധ്യമല്ലെന്നു പറഞ്ഞാലോ....''

''പത്തു രൂപ എറിഞ്ഞുകൊടുക്കുന്നു്. വരാതെയിരിക്കുമോ, ഒരു നാടകക്കാരൻ? പാഞ്ഞുവരുംന്നു്.''

രാഘപ്പ തടി തപ്പുന്നതിനു് അങ്ങനെ പറഞ്ഞതോ, ആത്മാർത്ഥതയോടെ പറഞ്ഞതോ എന്നു് അറിയാൻമേലായിരുന്നു. അവസാനം, അപ്പണ്ണഭട്ട വന്നില്ലെങ്കിൽ രാഘപ്പ വരാമെന്നു് വസന്തൻ വാക്കു നേടി. അതിനുശേഷം അപ്പണ്ണഭട്ടനെ തിരഞ്ഞുപിടിക്കാനായി, ഭക്ഷണത്തിനുപോലും കാത്തുനിൽക്കാതെ, വസന്തരായ ഗ്രാമത്തിലേക്കു തിരിച്ചു.

XX XX XX

അപ്പണ്ണഭട്ട ഒരു വേദാന്തിയാണു്. എന്തു ചെയ്യണമെന്നു് അറിയാത്ത കാലങ്ങളിൽ വേദാന്തം പഠിക്കാൻ യത്നിച്ചു്, ഇപ്പോ‍ാം വഴക്കം നിമിത്തം അതു തന്നെ ഒരു തൊഴിലായി സ്വീകരിച്ചിരിക്കയാണു്; അയാ‍ാം ഒരു കവിയുമത്രേ. ''മമത വിട്ടു മനുജാ'' എന്നു് അയാ‍ാം സരാഗം ഉണ്ടാക്കിയ പദം ഗ്രാമങ്ങളിൽ എത്രയോ പ്രചാരത്തിൽ ഉള്ളവയായിരുന്നു. കീർത്തനം ചൊല്ലുമ്പോ‍ാം ''അഹങ്കാരത്തെ മഹായോഗികാം ത്യജിക്കുംപോലെ, ശ്രീരാമൻ സീതയെ ഉപേക്ഷിച്ചു കളഞ്ഞു'' എന്നു പറഞ്ഞു് അയാ‍ാം പട്ടണങ്ങളിൽപ്പോലും കൈയടി നേടിയിരുന്നു. എന്നാൽ ദേസായിയുടെ മുമ്പിൽ നേരിട്ടു് പോകണമെന്നു് പറഞ്ഞ ഉടനെ അയാളുടെ കൈകാലുകളുടെ സന്ധികാം വിറങ്ങലിച്ചുപോയി. ഈ വേദാന്തിക്കു് 'വലിയ ദേസായി' എന്നു പറഞ്ഞാൽ മഹാദേവന്മാരെക്കാളും പേടിയായിരുന്നു. എന്നാൽ പത്തു രൂപയുടെ ദക്ഷിണയ്ക്കുവേണ്ടി അയാ‍ാം ''സ്വധർമ്മമപി ചാവേക്ഷ്യ ന വികമ്പിതു മർഹസി''എന്ന തത്വമനുസരിച്ചു് ധൈര്യം ഉ‍ാംക്കൊണ്ടു. അതിനുംപുറമെ, നാലുവർഷംമുമ്പു് നാടകം പഠിപ്പിക്കാൻ 'സുണ്ണദ' വീട്ടിലേക്കു് പോയിക്കൊണ്ടിരുന്ന കാലത്തു്, നാടകം പഠിപ്പിച്ചു കൊടുക്കുന്നതിനു് മകനിൽ നിന്നു് പതിനഞ്ചു രൂപ, പഠിപ്പിക്കുന്നതു നിറു

ത്താൻവേണ്ടി അച്ഛനിൽനിന്നു് പതിനഞ്ചു രൂപ, അങ്ങനെ എട്ടു ദിവസം കൊണ്ടു് മുപ്പതു രൂപയും, ഇതുകൂടാതെ അരച്ചാക്കു് ചോളം, യോജിച്ച ഭക്ഷണം നിറച്ച തൈർക്കലം, അങ്ങനെ അനേകം സുഖസൗജന്യങ്ങളുമെല്ലാം കിട്ടിയതോർമ്മിച്ചു് ആ വേദാന്തിക്കു് വീണ്ടും ആശ ഉണ്ടായി. അതുകൊണ്ടു് വസന്തനോടൊപ്പം പോവാൻ സമ്മതിച്ചു.

അങ്ങനെ വസന്തനും അയാളുടെ ശുഭകാംക്ഷിയും ധാർവാറിൽ എത്തി. ഉഡുപ്പി പലഹാരക്കടയിൽ നിന്നു് വേഡ, ഹലുവ, ഉണ്ട മുതലായ 'ശുദ്ധ' മുള്ള പദാർത്ഥങ്ങൾ അകത്തേയ്ക്കു പോയതു നിമിത്തം ഭട്ടന്റെ പേടിക്കു് അല്പം കുറവു വന്നു; വസന്തരായന്റെ മനസ്സു് സന്തോഷിക്കത്തക്കവിധം പ്രവൃത്തി ചെയ്തു കൊടുക്കുന്നതിനു് അന്തരാത്മാവിന്റെ പ്രേരണ അയാൾക്കു് ലഭിച്ചു; രാഘപ്പദർശനംകൂടി കഴിഞ്ഞപ്പോൾ കുറെ ധൈര്യവും ഉണ്ടായി. രാഘപ്പയുടെ വീട്ടിൽ നിന്നു് ദേസായിയുടെ വീട്ടിലേക്കു് ടോംഗ പിടിക്കേണ്ടതായിരുന്നു. എന്നാൽ പകുതി വഴി പോയശേഷം, സ്വയം ഇച്ഛ പ്രകടിപ്പിച്ചു ഭട്ട ഉഡുപ്പിക്കടയിലേക്കു തന്നെ ടോംഗ വരുത്തി, ഗൃഹപ്രവേശത്തിനു പോകുന്ന കല്യാണച്ചെറുക്കനെപ്പോലെ, ഒരു ഗ്ലസ്സു 'മസാലപ്പാൽ' കുടിച്ചു. വസന്തരായൻ അയാളോടൊപ്പം ലമൺ കുടിച്ചു, എന്നിട്ടു് ഭട്ടനെ പ്രോത്സാഹിപ്പിച്ചു: ഭട്ടരെ, വേല നന്നായി ചെയ്യുതരുന്നു്. എന്നാൽ ഞാൻ കുതിരപ്പുറത്തു് ഇരുത്തി സവാരി ചെയ്യിക്കാം'' ....അങ്ങനെ ടോംഗ ദേസായിയുടെ വീട്ടിനു മുമ്പിൽ വന്നു നിന്നു.

വീടിന്റെ വാതിൽ അടച്ചിരുന്നു. പുറത്തു് വേലക്കാരും ഉണ്ടായിരുന്നില്ല. അച്ഛനോടു് എങ്ങനെ സംസാരിക്കണമെന്നു് വസന്തനു് ഒരു പിടിയും കിട്ടിയില്ല. അപ്പോൾ ദേസായിയുടെ ഉറക്കസമയം ആയിരുന്നു. വന്നിരിക്കുന്നതു് ഭാഗം ചോദിക്കാനാണു്, എന്നാലും ഉറക്കം കെടുത്തിവിടുന്നതു വിഷമകരമാണു്. വസന്തൻ പിറുപിറുക്കാൻ തുടങ്ങി. അവസാനം പിൻവാതിലിലൂടെ പോയി അമ്മയെ കാണണമെന്നു് ആശ തോന്നി. അന്നേരം ഭട്ട ശാസിച്ചു: ''രായരെ, നിങ്ങൾ ഇങ്ങനെയൊക്കെ ചെയ്താൽ കാര്യം വഷളാകും, കേട്ടോ. വന്ന കാലിന്മേൽത്തന്നെ നിന്നു് ഒന്നും രണ്ടും പറഞ്ഞാൽത്തന്നെ, രൂപയ്ക്കു രണ്ടണയായി വേല എന്നാണെന്റെ ആശ. നിങ്ങൾ, ഇങ്ങനെ അമ്മയോടു സംസാരിക്കട്ടെ, അക്കനോടു ചോദിക്കട്ടെ, അമ്മൂമ്മയെ സന്തോഷിപ്പിക്കട്ടെ എന്നെല്ലാം പറഞ്ഞു നിന്നാൽ പണി ബാക്കിയാവും, ഞാൻ പറഞ്ഞേക്കാം!'' മറെറാരു ഉപായം തോന്നാതെ, വസന്തൻ മുൻവാതിൽക്കൽ ബലമായി മുട്ടി.

വാതിൽക്കൽ മുട്ടുന്ന ഒച്ചകേട്ടു്, രമ ഓടിവന്നു്, ദേസായിയുടെ ഉറക്കത്തിനു ഭംഗം വരുമെന്നു പറഞ്ഞു. എന്നാൽ അയാൾ വാതിൽ തുറന്ന ഉടൻതന്നെ ദേസായി ഉറക്കം ഉണരുകതന്നെ ചെയ്തു. കണ്ണും തിരുമ്മിക്കൊണ്ടു് അദ്ദേഹം പുറത്തളത്തിലേയ്ക്കു വന്നു. പരിഭ്രമിച്ചു്, നാവു വരിഞ്ഞുകെട്ടിയപോലെ നിന്നിരുന്ന തന്റെ പുത്രനേയും, അയാളുടെ പിന്നിലായി നെററിമേൽ വരച്ച ചന്ദനക്കുറിയിട്ട, വീതി കുറഞ്ഞ ധോത്തിയുടുത്ത, കള്ള വിനയം കാട്ടി ചിരിക്കുന്ന

അപ്പണ്ണഭട്ടരേയും ആണ്‌ അദ്ദേഹം അവിടെ കണ്ടതു്. താൻ അകത്തേയ്ക്കു കടക്കണമോ വേണ്ടയോ എന്നു ശങ്കിച്ച്‌ ഉമ്മറപ്പടിക്കു പുറത്തായി വസന്തരായൻ നിന്നു. എന്നാൽ അവരോട്‌ അകത്തേയ്ക്കു വരാൻ പറയുന്നതിനു പകരം അദ്ദേഹം സ്വയം വാതിൽക്കലേയ്ക്കു വരികയാണുണ്ടായതു്. വസന്തനെ ഒന്നു നോക്കി മുഖം തിരിച്ചു. അപ്പണ്ണഭട്ടരെയെ ഇമ ചിമ്മി ചിമ്മി നോക്കി. അതു ഭട്ടന്‌ സ്വയം പരിചയപ്പെടുത്താനുള്ള അവസരം നൽകി.

''രായരേ, എന്താ എന്നെ അറിയില്ലേ?....ഞാൻ അപ്പണ്ണഭട്ട. ഒരു ഭിക്ഷു ബ്രാഹ്മണൻ. പണ്ട്‌ അങ്ങയുടെ മകൻെറ നാടകക്കമ്പനിയിൽ ഞാൻ സംഭാഷണം പഠിപ്പിക്കാൻ വന്നിരുന്നതല്ലേ, 'സുഖദ' വീട്ടിലേയ്ക്ക്‌? അന്ന്‌ ദാനം നൽകി, എന്നെ മടക്കി അയച്ചില്ലേ?....''

ദേസായി ഒരു നിർവ്വികാരനെപ്പോലെ എല്ലാം കേട്ട്‌ ഭരമൻെറ നേരെ നോക്കിയിട്ട്‌ കല്പിച്ചു: ''ഏയ്‌, അദ്ദേഹത്തിന്‌ ഒരുപിടി ചോളം കൊടുത്ത്‌ പറഞ്ഞയയ്ക്ക്‌.''

അല്ലല്ല, രായരേ, ഞാൻ ഭിക്ഷയ്ക്കു വന്നതല്ല.''

''മനസ്സിലായി. എല്ലാം മനസ്സിലായി....നിങ്ങൾ വസന്തൻെറ ശുഭകാംക്ഷിയാണോ?....എടോ വസന്ത, നീ നിൻെറ യഥാർത്ഥ ശുഭകാംക്ഷിയേയും കൂട്ടിക്കൊണ്ടു വാ....ഈ വൈദികബ്രാഹ്മണനെ വെറുതെ എന്തിനു കൂട്ടിക്കൊണ്ടു വന്നു?''

ദേസായിയുടെ ഓരോ മട്ടും സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന വസന്തന്‌ തൻെറ കൈകാലുകൾ അററുപോയപോലെ തോന്നി. അയാളുടെ വായിൽനിന്ന്‌ ഒററ വാക്ക്‌ പുറത്തു വീണില്ല. എന്നാൽ അപ്പണ്ണഭട്ട, ഘോഷയാത്രയില്ലെങ്കിൽ വേണ്ട, പത്തു രൂപ ദക്ഷിണയെങ്കിലും സമ്പാദിക്കണമെന്നു നിശ്ചയിച്ച്‌, മനസ്സ്‌ ബലപ്പെടുത്തി. ഒരടി മുന്നോട്ടുവെച്ചു.

''രായരേ, അന്ന്‌ അങ്ങയുടെ ചിരംജീവിക്ക്‌, നീ നിൻെറ ഭാഗവുംകൊണ്ടു പൊയ്ക്കോ എന്ന്‌ എഴുതിയിരുന്നല്ലോ....മകൻെറ നേരെ എന്താണിത്ര ക്രോധം? അച്ഛനും മകനും തമ്മിൽ ഭാഗംവെയ്ക്കുന്നതു് ഇതാദ്യമാണോ എന്ന്‌ ഒന്നു രണ്ടു സമാധാന വാക്കു പറയാൻവേണ്ടി ഈ ദരിദ്രബ്രാഹ്മണനേയും കൂട്ടിക്കൊണ്ടുവന്നിരിക്കയാണ്‌. വസന്തരായ....അന്ന്‌ ദാനം തന്നാലും ഇല്ലെങ്കിലും ശരി. അതു മുഖ്യ വിഷയമേ അല്ല. എന്നാൽ ഈ കുടുംബകലഹം ഇവിടംകൊണ്ട്‌ തീരണം. ഇത്രയേ ഉള്ളു ഞങ്ങളെപ്പോലെയുള്ള ആശ്രിതർക്ക്‌....'' അപ്പണ്ണഭട്ടൻെറ നാടകീയമായ ഭാഷണം ഇനിയും മുന്നോട്ടു പോയേനെ. എന്നാൽ ഒന്നും മിണ്ടാതെ എല്ലാം ശ്രദ്ധിച്ചുകൊണ്ട്‌ ചകിതനായി നിന്നിരുന്ന ഭരമൻെറ നേരെ നോക്കി, ദേസായി തട്ടിക്കയറി: ''എടാ, നിനക്ക്‌ ചെവികേൾക്കാൻമേലെ? ആ ബ്രാഹ്മണന്‌ ഒരുപിടി ചോളം കൊടുത്ത്‌ വളപ്പിനു പുറത്താക്ക്‌!''

ഭയന്നു വിറച്ച ഭരമ ചോളം കൊണ്ടുവരാനായി ബദ്ധപ്പെട്ട് അകത്തേയ്ക്കു പാഞ്ഞു. അപ്പോഴേയ്ക്കും വസന്തൻ വാക്ക പുറത്തേയ്ക്കു വന്നു: ''അപ്പണ്ണഭട്ടനെ ഞാനാണ് വിളിച്ചുകൊണ്ടുവന്നത്.''

അപ്പോഴേയ്ക്കും ദേസായി ആക്രോശിച്ചു: ''കൈയിൽ കിട്ടിയവരെ എല്ലാം വിളിച്ചുകൊണ്ടുവരാൻ ഇതു് ഒരു ധർമ്മശാലയാണോ? ആരെയെങ്കിലും വിളിച്ചു കൊണ്ടുവരണമെങ്കിൽ ആ ശുഭകാംക്ഷി രാഘപ്പയെ വിളിച്ചുകൊണ്ടുവാ!''.... ഇത്രയും സംസാരിക്കുമ്പോഴേയ്ക്കുംതന്നെ, ക്രോധംകൊണ്ട് അദ്ദേഹത്തിൻെറ ദേഹമെല്ലാം വിറപൂണ്ടിരുന്നു... ''ഭാഗം വേണോ നിനക്കു്, ഒരു ഭാഗം!....വാങ്ങിക്കോ നിൻെറ ഭാഗം!'' എന്നു പറഞ്ഞതും തൻെറ നേരെ ഒളിഞ്ഞു നോക്കിക്കൊണ്ടിരിക്കുന്ന വസന്തരായൻെറ ചെന്നിക്കു് ആഞ്ഞു് ഒററ അടി കൊടുത്തതും ഒന്നിച്ചു കഴിഞ്ഞു. ആ അടിയേററ വസന്തൻ ഭൂതം ആവേശിച്ചപോലെ സ്തബ്ധനായി, ചെന്നിയും താങ്ങി, നിലത്തു് ഒററ ഇരുപ്പ് ഇരുന്നുപോയി.

ആ രംഗം കണ്ടതോടെ അപ്പണ്ണഭട്ട ഗേററിലേയ്ക്കുള്ള പാതിവഴി കഴിഞ്ഞിരുന്നു. എന്നാൽ ദേസായിയുടെ ചീത്ത കേൾക്കാൻ ഒരിക്കലും ഇടകൊടുക്കാത്ത, അനുസരണാശീലനായ ഭരമ നേരെ അയാളുടെ പിന്നാലെ ഓടിച്ചെന്നു്, അയാളെ പിടിച്ചു നിറുത്തി. അയാളുടെ ധോത്തിയുടെ ഒരു തുമ്പത്തു് ഒരു പിടി ചോളം ഇട്ടു കെട്ടി, ഗേററുവരെ എത്തിച്ചു വിട്ടിട്ടു വന്നു.

ആ ബഹളമെല്ലാം കേട്ട് പുറത്തേയ്ക്കു വന്ന വേണുബായി, കല്പടിയിന്മേൽ കുഞ്ഞിക്കൂടി ഇരുന്നിരുന്ന മകനെ തലോടി എഴുന്നേല്പിക്കാൻ ശ്രമിച്ചു. അവൻ എഴുന്നേററില്ല. ഇടത്തെ ചെന്നി അമർത്തി പൊത്തിപ്പിടിച്ചിരുന്ന അവൻെറ കൈ അവർ ബലമായി പിടിച്ചുകററി. അയാളുടെ ചെന്നിയിന്മേൽ, ദേസായിയുടെ മൂന്നു വിരലുകൾ സ്പഷ്ടമായും ചെറുവിരൽ അസ്പഷ്ടമായും പതിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ നടുവിരലിന്മേൽ കിടന്നിരുന്ന മോതിരത്തിൻെറ പാടു കൂടി തിണർത്തു കാണാമായിരുന്നു. അമ്മയെ കണ്ട ഉടൻ വസന്തൻ ഏങ്ങിയേങ്ങി കരയാൻ തുടങ്ങി. ഭരമൻെറ സഹായത്തോടെ അവർ മകനെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുവന്നു്, തൻെറ മെത്തയിന്മേൽ കിടത്തി, ഭരമൻെറ ഉപദേശമനുസരിച്ച് ചെന്നിയിന്മേൽ നല്ലെണ്ണ പുരട്ടി, തടവി. എന്നിട്ട് ആവി പിടിക്കുന്നതിനു വേണ്ടി, വെള്ളം ചൂടുപിടിപ്പിക്കാൻ തുടങ്ങി. അവർക്കു് ഒന്നുംതന്നെ സംസാരിക്കാനേ ആയില്ല. അവരുടെ കണ്ണുകളിൽനിന്നു് ധാരധാരയായി നീരൊഴുകി.

അവരുടെ ദുഃഖത്തിൻെറ മുഴക്കം എന്നപോലെ, വസന്തൻ ആദ്യം വിതുമ്പി വിതുമ്പിയും പിന്നീട് രാഗലയത്തോടെയും കരച്ചിൽ ആരംഭിച്ചു.

ധിക്കാരിയായ വസന്തൻ അടികൊണ്ടപ്പോൾ എങ്ങനെ മിണ്ടാതെ ഇരുന്നു! പിഴച്ച വഴിയിൽ ചെന്നു ചാടിയ ധിക്കാരി, അതിലുംവെച്ച് പണക്കൊഴുപ്പിൻേറതായ അവിവേകം നിമിത്തം പിഴച്ച വഴിയിൽ ചെന്നു ചാടിയവൻ.

ശാരീരികപീഡനത്തെ എത്രമാത്രം ഭയപ്പെട്ടുന്നു എന്നതു് അനുഭവസമ്പന്നർക്കു് അറിയാത്ത സംഗതിയല്ല.

XX XX XX

അമ്മയുടെ മടിയിൽ തലവച്ചു കിടന്നു്, ഒന്നുരണ്ടു മണിക്കൂർനേരത്തെ ശുശ്രൂഷയ്ക്കുശേഷം വസന്തനു് ആശ്വാസം തോന്നി. പനി പിടിക്കുമോ എന്ന ആശങ്കയും ഇല്ലാതായി. ഇനിയും ചെന്നി നൊന്തിരുന്നു. ചെവി അടഞ്ഞു പോയിരുന്നു. അപ്പോഴേയ്ക്കും അമ്മ മുകളിലുള്ള വസന്തൻെറ മുറി വൃത്തിയാക്കി വന്നു. അമ്മയുടെ ഉപദേശം അനുസരിച്ചു്, വസന്തൻ സ്വന്തം മുറിയിലേയ്ക്കു പോകുന്നതിനുമുമ്പു്, അച്ഛൻെറ മുറിയിൽ ചെന്നു്, കാൽക്കൽ വീണു്, ''എനിക്കു തെററു പററി. ക്ഷമിയ്ക്കണം'' എന്നു് ക്ഷമാപണം ചെയ്തു. ''എനിക്കു നിന്നെ വിശ്വാസമില്ല, തീരെ. തെററു തോന്നിയെങ്കിൽ സ്വന്തം പ്രവൃത്തികൊണ്ടു് കാട്ടിത്താ!'' എന്നു പറഞ്ഞു് അദ്ദേഹം മറെറാന്നും മിണ്ടാതെ ഇരുന്നു.

XX XX XX

ഭാഗത്തെ സംബന്ധിച്ച യാതൊരു ചർച്ചയും പിന്നീടു് ഉണ്ടായതേയില്ല. ഇത്രയെല്ലാം തുള്ളിച്ചാടിയിട്ടും, 'കമാ' എന്നു് ശബ്ദിയ്ക്കാതെ, തന്നെ അച്ഛൻ വീട്ടിൽ സ്വീകരിച്ചല്ലോ എന്നതുതന്നെ വസന്തനു് സന്തോഷമുളവാക്കി. അച്ഛൻ പിന്നീടു് ഒരിക്കലെങ്കിലും രാഘപ്പയുടെ പേർ എടുത്തിടുക ഉണ്ടായില്ല. അങ്ങനെ വീണ്ടും വസന്തനു് സന്തോഷത്തിൻെറ കാലം ആരംഭിച്ചു. സൗഖ്യത്തിനു് വില ഒടുക്കണമെന്ന വിചാരം അയാാം വേഗത്തിൽ മറക്കാൻ തുടങ്ങി. അയാാം ഇനിയും കൗമാരം താണ്ടിയിരുന്നില്ല, ഇരുപത്തഞ്ചു വയസ്സായെങ്കിലും. താൽക്കാലികമായ ശരീരപീഡനത്തിൻെറ പരിണാമമായിട്ടു്, രാഘപ്പയുടെ വീട്ടിൽ കാലെടുത്തുകുത്തുന്നതു് അയാാം വിട്ടുകളഞ്ഞു.

## 30. രാഘപ്പയുടെ വിജയം

ദേസായിയുടെ വീട്ടിൽ നിന്നു് ഒരുപിടി ചോളം നേടി പുറത്തു വന്ന വേദാന്തിയായ അപ്പണ്ണഭട്ട, ''ഹാവൂ, ഈശ്വരകൃപ! എന്നെയെങ്കിലും ജീവനോടെ വിട്ടല്ലോ'' എന്നു മനസ്സിനെ സമാധാനിപ്പിച്ചു. ഇനി എന്തു ചെയ്യണമെന്നു് അയാാംക്കു് ഒരു പിടിയും കിട്ടിയില്ല. വസന്തരായൻെറ ആശ്രയത്തിൽ ധാർവാറിലേക്കു് വന്നതു കാരണം അയാാം ഒററ ചില്ലി കൈയിൽ എടുത്തിരുന്നില്ല. വസന്തരായനാകട്ടെ, തന്നെ നടുനീരിൽ വെച്ചു കൈവിട്ടുകളയുകയും ചെയ്തു. രാഘപ്പയുടെ വീടിൻെറ വിവരവും അയാാംക്കു് ഓർമ്മയില്ല. വീടിൻെറ നേരേ മുമ്പിൽ ഒരു മുരുക്കുണ്ടെന്നുമാത്രം ഓർമ്മയുണ്ടു്. അയാളുടെ കുടുംബപ്പേരുപോലും മറന്നുപോയിരുന്നു. എന്നാൽ ഭാഗ്യംകൊണ്ടു്, ഉച്ചയ്ക്കു് ദേസായിയുടെ വീട്ടിൽ അവരെ കൊണ്ടുവിട്ട ടോംഗ മുമ്പിൽ കാണായി.

ഇതുതന്നെ തൻെറ മോക്ഷസമയം എന്നു് ആഹ്ലാദംപൂണ്ടു്, അപ്പണ്ണഭട്ട, തൻെറ ജീവനേയും കൂസാതെ, ടോംഗയുടെ നേരെ ചെന്നുനിന്നു് ഒച്ചയിട്ടു. ടോംഗ നിന്നു. താൻ പുറപ്പെട്ട വീട്ടിൽ പോവാനുള്ള വഴി ഏതെന്നു് ആ ടോംഗക്കാര നിൽ നിന്നു മനസ്സിലാക്കി, വഴിയായ വഴിയെല്ലാം ചുററിക്കറങ്ങി, അവ സാനം മുരുക്കിൻെറ അടുത്തെത്തി, രാഘപ്പയുടെ വീടു് കണ്ടുപിടിച്ചു. അവിടെ 'രണ്ടു് ഉരുള തിന്നുക' എന്ന ചടങ്ങു് അവസാനിപ്പിച്ചു്, ദേസായിയുടെ വീട്ടിൽ നടന്നതെല്ലാം ആവുംവിധം വിവരിച്ചു. വണ്ടിച്ചെലവു്, ചില്ലറ ച്ചെലവു് എന്നു പറഞ്ഞു് രാഘപ്പയുടെ കൈയിൽ നിന്നു് ആറണ ദാനം വാങ്ങി, ഒരു പിടി ചോളവുമായി, 'ഹര ഹര' എന്നു ജപിച്ചുകൊണ്ടു് അപ്പണ്ണ ഭട്ട നാട്ടിലേയ്ക്കുള്ള ബസ്സു പിടിച്ചു.

വസന്തൻെറ വരവും കാത്തു് രാഘപ്പ പതിനഞ്ചു ദിവസം കാത്തി രുന്നു. എന്നാൽ വസന്തൻെറ ഒരു ചുളിപോലും കാണാനില്ല. ഗ്രാമത്തിൽ നിന്നു് ചന്തയ്ക്കു വരുന്നവരോടു് വസന്തൻ തിരിച്ചെത്തിയോ എന്നു് അന്വേ ഷിച്ചു. അവർ ഇല്ലെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ അയാാം എവിടെ പോയി? ധാർവാറിൽ അച്ഛൻെറ വീട്ടിൽത്തന്നെ ഇരുന്നു് തന്നെ കാണാതെ കഴിച്ചുകൂട്ടുകയാണോ? നാണിച്ചിട്ടോ അച്ഛനെ പേടിച്ചിട്ടോ? നാടകം തുലഞ്ഞു പൊയ്ക്കോട്ടെ. അങ്ങനെ അയാളെ അയച്ചു വിട്ടാൽ, അച്ഛൻെറ മകനായി വാഴും. പിന്നെ തൻെറ മകളെ അയാാംക്കു കൊടുക്കണമെന്ന സ്വപ്നം വെറും സ്വപ്നമായി കലാശിക്കുകയും ചെയ്യും. തെററിത്തിരിഞ്ഞു് വഴിയിൽവെച്ചും അയാളെ കാണാനില്ല. ഹൌ! തന്തയുടെ ഒരു അഹങ്കാരം! ദിവസം ചെല്ലുന്തോറും രാഘപ്പ യുടെ വെപ്രാളവും ഏറിയേറി വന്നു. വസന്തൻ പുറത്തു വന്നില്ലെങ്കിൽ താൻ സ്വയം ദേസായിയുടെ വീടു് ആക്രമിക്കും. എന്തു ചെയ്തിട്ടും അയാളെ ഒരു തവണ കാണുകതന്നെ വേണം. മുന്നോട്ടുള്ള ഉപായം അവിടെവെച്ചുതന്നെ ഉണ്ടാവും. അങ്ങനെ ദേസായിയുടെ വീട്ടിലേക്കു പോവാൻ പല ഒഴികഴിവുകളും തിരഞ്ഞു പിടിക്കുന്നതിനിടയിൽ, ഒരു ഒഴികഴിവു്, മേൽത്തരമായ ഒരു ഒഴികഴിവു് സ്വയം അയാളുടെ അടുത്തേയ്ക്കു നീങ്ങിവന്നു.

ഒരു ദിവസം ചമ്പക്ക ഭക്ഷിച്ചതെല്ലാം ഛർദ്ദിച്ചു.

രാഘപ്പ കുതിച്ചുചാടി: ''എത്ര ദിവസമായി ഛർദ്ദി തുടങ്ങിയിട്ടു്?'' എന്നു് ചോദിച്ചു. ചമ്പക്ക കണ്ണീരൊഴുക്കി, ''മൂന്നു ദിവസമായി'' എന്നു മറു പടി പറഞ്ഞു.

അന്നു് ഉച്ചയ്ക്കുതന്നെ അവരെ ഒരു ടോംഗയിൽ ഇരുത്തി, സിവിൽ ആശു പത്രിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി, ലേഡി ഡോക്ടറെ കാണിച്ചു്, രേഖാമൂല മായി അഭിപ്രായം വാങ്ങി........മൂന്നു മാസം ആയിക്കാണുമത്രേ!

''ഒളിച്ചോടുന്ന രാഘപ്പയ്ക്കു് ജയ്!'' എന്നു രാഘപ്പ ഉൽഘോഷിച്ചു.

ആ വാർത്ത ദേസായിയെ അറിയിക്കാതെ രാഘപ്പയുടെ മനസ്സ് എങ്ങനെ സമാധാനംകൊള്ളും?........അയാരം പിറേറന്നുതന്നെ ദേസായിയുടെ വീട്ട കയറി ആക്രമണം നടത്തി.

രാഘപ്പ എന്തിനു വന്നു എന്നു് ഊഹിക്കാൻ കഴിഞ്ഞില്ല, ദേസായിയ്ക്കു്. എന്നാൽ അയാരം എങ്ങാനും മകൻെറ വിഷയം എടുത്തിട്ടാൽ, ഒരുകൈ കാണിച്ചുകൊടുക്കും എന്നു തീർച്ചപ്പെടുത്തി, അയാളെ തൻെറ മുറിയിലേയ്ക്കു് ആദരവോടെ സ്വാഗതം ചെയ്തു്, തനിയ്ക്കു് ഏററവും പ്രിയപ്പെട്ട മസ്ലിൻ തലയണ ഇട്ടുകൊടുത്തു്, വെററിലപ്പാക്കു് കൊടുത്തു്, ക്ഷേമവാർത്തകരം അന്വേഷിച്ചു. അതിനുശേഷം അയാളുടെ വിശേഷങ്ങരം കേരംക്കാൻ സന്നദ്ധനായി. അയാരം അത്യന്തം നയത്തോടെയും ഭക്തിയോടെയും തലയിണമേലേയ്ക്കു് മുഴവനും ചാരാതെ ഇരുന്നു്, മുഖം ദേസായിയുടെ അടുത്തേയ്ക്കു് തെല്ല നീട്ടി, ചെവിയിൽ പറയുമ്പോലെ സംസാരം തുടങ്ങി:

''രായരേ, അങ്ങയെപ്പോലുള്ളവരുടെ കൃപകൊണ്ടു് എല്ലാം സൗഖ്യമായി നടന്നുപോകുന്നു. എന്നാലും ഭാഗ്യക്കേടു് നോക്കൂ. അങ്ങയുടെ മുമ്പിൽ ഞാൻ ഒരു നുണയൻ ആവാൻപോകുന്ന ഒരു സന്ദർഭം വരുമല്ലോ എന്നോർത്തു് ഇരവുപകൽ എനിക്കു് ഉറക്കംവരുന്നേയില്ല. എന്തുകൊണ്ടെന്നാൽ, നോക്കൂ, മനുഷ്യൻെറ വില അവൻെറ നാക്കിന്മേലാണു്. ഒരിക്കൽ നാവു് ചീത്തയായോ, അതു് നുണയൻ നാവു് ആവും. അതു് സനാതനധർമ്മമാണു്........ എന്നാൽ ഈശ്വരൻ വന്നു്, വാക്കു് നുണയാക്കുകയാണെങ്കിൽ എന്തുചെയ്യും? ....അപ്പോരം വരുന്നു യഥാർത്ഥത്തിലുള്ള ധർമ്മസങ്കടം....അല്ലല്ല, എൻെറ വാക്കു് നുണയാവാതിരിക്കട്ടെ എന്നു കൈകൂപ്പി ഭഗവാനോടു് പ്രാർത്ഥിക്കുകയാണു്.......എന്നാൽ അതിനു തന്നെ ഈശ്വരൻ കച്ചകെട്ടിച്ചാലോ........''

എന്നാൽ തൻെറ സുദീർഘമായ ചർവ്വിതചർവ്വണം കേട്ടിട്ടും, വെറും പുഞ്ചിരി തുകിക്കൊണ്ടു്, ഒന്നും മിണ്ടാതെ ദേസായി ഇരിക്കുന്നതു കണ്ടപ്പോരം രാഘപ്പയ്ക്കു് 'ബ്രഹ്മാണ്ഡകോപം' വന്നു....''അല്ല, ദേസായി വെറുതെ ചിരിക്കുന്നല്ലോ!'' എന്നു ഉള്ളിൽ കരുതി, തൻെറ മുഖവുര അവിടെ നിറുത്തി തുടർന്നു:

''ദേസായി അവർകളെ, ഭഗവാൻെറ ഓരോ ലീലകരം നോക്കുന്നു്. സ്വപ്നത്തിലും സങ്കൽപത്തിലും എണ്ണിയിരുന്നില്ല. കിഴിഞ്ഞുവരുന്ന ഈ പ്രായത്തിൽ, സന്താനപ്രാപ്തിയുടെ യോഗമുണ്ടെന്നു്. ഏതെങ്കിലും മിടുക്കനായ ജ്യോത്സ്യൻ ആണു് പറഞ്ഞിരുന്നതെങ്കിലും ഞാൻ പൊട്ടിച്ചിരിച്ചുപോയേനെ.......എന്നാൽ അതു് യഥാർത്ഥമായി കാണുക എന്നുവെച്ചാലോ?....''

ദേസായിയുടെ ചിരി അണയുന്നതു കണ്ടു്, ''അങ്ങനെ വഴിക്കു വരൂ, ദേസായി'' എന്നു് രാഘപ്പ ഉള്ളുക്കുള്ളെ പറഞ്ഞു. എന്നാലും അദ്ദേഹം ഒന്നും മിണ്ടി

യില്ല. രാഘപ്പ, ''ദാ, ഞാൻ ലേഡീഡോക്ടറെ കാണിച്ചുവന്നു.'' എന്നു പറഞ്ഞുകൊണ്ടു്, ഡോക്ടറുടെ സർട്ടിഫിക്കററ് അദ്ദേഹത്തിൻെറ മുമ്പിലേക്കു് നീട്ടി. അദ്ദേഹമോ, അതു എത്തിനോക്കുകപോലും ചെയ്തില്ല.

''ദേസായി അവർകളേ, അങ്ങു് വിശ്വസിച്ചാലും ഇല്ലെങ്കിലും കൊള്ളാം. ഞാൻ ഈശ്വരനോടു് പ്രാർത്ഥിക്കുന്നതു്, ഭഗവാനേ എനിക്കു മകൻ വേണ്ട എന്നാണു്.....എന്തുകൊണ്ടു് എന്നു ചോദിച്ചാൽ....അല്ല, കിട്ടി എനിക്കു് ഒരു അന്യനാണോ?....ഒരു വശത്തുനിന്നു് അക്കൻെറ മകൻ, മറെറാരു വശത്തു നിന്നു് എൻെറ മരുമകനും!....ആ പയ്യനെ കണ്ട ഉടൻ സ്വന്തം മകനെപ്പോലെ ഏകീഭാവത്തോടെയാണു് നോക്കിക്കൊണ്ടുവരുന്നതു്....എനിക്കുള്ളതു് അവൻ മാത്രം....അതെന്തുമാകട്ടെ....ഒരു ചില്ലി ആയാലും ശരി, ഒരു രാജ്യമായാലും ശരി....ഉള്ളതു് അവനെ ഏൽപ്പിച്ചു് കണ്ണടയ്ക്കണം എന്നു കരുതി നേർവഴിയി ലൂടെ ഞാൻ പോകയാണു്....ആ പരമാത്മാവു് കരുണാനിധിയാണു്. എൻെറ നേർവഴിയിൽ തടകല്ലു് വലിച്ചെറിയാൻ വഴിയില്ല എന്നു് എൻെറ മനസ്സിനു് ഒരു ഉറപ്പുണ്ടു്....എന്നാൽ, രായരെ, ദൈവത്തിൻെറ കളി എങ്ങനെ എന്നു് നമുക്കു് പറയാൻ പററുമോ?....ഞാൻ എന്തിനാണിത്ര വെപ്രാളപ്പെട്ടു് പറയു ന്നതു് എന്നുവെച്ചാൽ .. നാളെ ലോകർ എനിക്കു് 'കള്ളൻ', 'നുണയൻ' എന്നെ ല്ലാം പേരിട്ടാലും, അങ്ങയെപ്പോലെ ഉള്ള യജമാനന്മാർക്കു് സത്യാവസ്ഥ മന സ്സിലായാൽ....അതുതന്നെയാണു് എൻെറ കവചകുണ്ഡലങ്ങൾ!........''

ദേസായി വീണ്ടും പുഞ്ചിരി തൂകിക്കൊണ്ടു്, ആരംഭിച്ചു: ''നിങ്ങൾക്കു് ആൺകുട്ടി ഉണ്ടായാൽ ഞാൻ പേഡ വാങ്ങും കേട്ടോ!....രാഘപ്പ, നിങ്ങൾ ആ ളത്തിൻെറ ചിന്തയേ വിട്ടുകളയൂ. നിങ്ങളുടെ ആസ്തി കിട്ടിക്കു പോകുന്നതാണു് എന്നു് ബ്രഹ്മലിഖിതം ഉണ്ടെങ്കിൽ എത്ര പണിപ്പെട്ടാലും ശരി അതു് അയാൾ ക്കു് പോകാതിരിക്കില്ല....എന്നാൽ അയാൾക്കു് കിട്ടരുതു് എന്നു ദൈവം വി ചാരിച്ചാൽ, എത്ര തലകുത്തിമറിഞ്ഞാലും അയാൾക്കു് കിട്ടുകയുമില്ല. അതു കൊണ്ടു് നിങ്ങളെപ്പോലെ ലൗകികജ്ഞാനമുള്ളവർ ഇത്തരം കാര്യങ്ങളിൽ, 'എനിക്കു മകൻ വേണ്ട, ദത്തെടുത്താൽ മതി' എന്നു് പറയുന്നതു് ദൈവത്തിനു, പ്രീതിയാവില്ല. ലൗകികസമ്പ്രദായമനുസരിച്ചു് നിങ്ങൾ, ''ഭഗവാനെ എനിക്കു് ഒരു മകനെ തന്നു് വംശത്തെ ഉദ്ധരിക്കൂ, എന്നു പ്രാർത്ഥിക്കുന്നതാണു് ഭംഗി. ഈശ്വരൻെറ മനസ്സിൽ എന്തുണ്ടു് എന്നു് ആർക്കറിയാം?''

''എടോ ദേസായി, താൻ എന്തു സമർത്ഥൻ!'' എന്നു് മനസ്സിൽ കരുതി രാഘപ്പ തൻെറ 'വരട്ടു കഥ' തുടർന്നു:

''രായരേ, ആണാകട്ടെ, പെണ്ണാകട്ടെ....അതു് ആരുടെയും കൈയിൽ ഉള്ള തല്ല. അങ്ങു പറയുംപ്രകാരം, ലൗകികസമ്പ്രദായം മാനിച്ചു്, ഞാൻ ആൺ കുട്ടി ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നതു് ശ്രേയസ്കരമാണു്. നേരുതന്നെ.... എന്നാൽ എനിക്കു് അതുകൊണ്ടു് ഒരു സുഖവും തോന്നുന്നില്ല, കേട്ടോ....എൻെറ

കെട്ടിയവരം വളരെ ദുർബ്ബലയാണ്....എന്തു സംഭവിക്കുമോ എന്നാണ് എൻെറ ആശങ്ക....''

''ഒന്നും വരില്ല....ഭീതി കളയൂ....ഭഗവാനെ വിശ്വസിക്കൂ... എല്ലാം ഭംഗിയായി നടക്കും....''

യാതൊരു വികാരഭേദവും കാണിക്കാതെ ദേസായി തൻേറതായ പിടിയിൽ നിന്നു കുതറിമാറില്ലെന്നു് രാഘപ്പക്കു് തോന്നി. ദേസായി ദേഷ്യപ്പെടാത്തതു കണ്ടു് അയാരംക്കു് ദേഷ്യംവന്നു. 'എടോ. എനിക്കു് കെൽപുണ്ടായിരുന്നെങ്കിൽ എന്തെങ്കിലും ഉപായം പ്രയോഗിച്ചു് ഈ ദേസായിയെ ദേഷ്യംപിടിപ്പിച്ചിരുന്നേനെ. ഇന്നു് എൻെറ കൈ തളർന്നുപോയിരിക്കുന്നു!' എന്നു് അയാരം ഉള്ളിൽ വിചാരിച്ചു. ആലോചിച്ചുറയ്ക്കുന്നപോലെ ഒന്നും നടക്കുന്നില്ല. പ്രചോദനമില്ലാതെ കവിത എഴുതാൻ ഇരുന്ന കവിയെപ്പോലെ രാഘപ്പയുടെ ദേഹമെല്ലാം തളർന്നുപോയി. കുറച്ചു ചൂടുവെള്ളം കുടിച്ചു പുറത്തേക്കിറങ്ങണമെന്നു് കരുതുമ്പോഴേയ്ക്കും, രാഘപ്പ ജനലിലൂടെ കണ്ടു—പേരമരത്തിന്മേൽ കയറി പേരയ്ക്കു പറിക്കുന്ന വസന്തനെ.

നാട്ടുനടപ്പനുസരിച്ചു് ദേസായി അയാളെ വിളിച്ചു് തൻെറ പുത്രനെന്നു് പരിചയപ്പെടുത്തിക്കൊടുത്തശേഷം, അയാളോടു് സംസാരിക്കാനുള്ള സന്ദർഭം തനിക്കു കിട്ടുമെന്നു് രാഘപ്പയ്ക്കു് ഉറപ്പില്ലായിരുന്നു. അതിനുംപുറമേ കൗശലക്കാരനായ ദേസായി ആ മധുരവാക്കുകളുടെ മീതെ തണുത്ത വെള്ളം വീഴ്ത്തി തടിതപ്പാനും ഇടയുണ്ടു്. അങ്ങനെ ഓരോന്നു് ആലോചിച്ചു്, മുമ്പും പിമ്പും നോക്കാതെ രാഘപ്പ ഇരുന്നേടത്തുതന്നെ ഇരുന്നുകൊണ്ടു് കൂവിവിളിച്ചു: ''ഹെയ് വസന്തറാവു്! ഹെയ് വസന്തറാവു്!'' അതു കേട്ടു് വസന്തൻ, തന്നെ ആരാണു് വിളിക്കുന്നതെന്നു് തിരിയാതെ വേഗം മരത്തിന്മേൽനിന്നു താഴെ ഇറങ്ങി.

നിങ്ങരംക്കു് നമ്മുടെ വസന്തനെ പരിചയമുണ്ടോ? എങ്ങനെ ഉണ്ടായി? എവിടെവെച്ചു് ഉണ്ടായി?'' എന്നെല്ലാം ദേസായി ചോദിക്കുമെന്നു് പ്രതീക്ഷിച്ചു്, രാഘപ്പയുടെ വായിൽ നീരൂറി. അങ്ങനെ ചോദിച്ചാൽ—വസന്തൻ നാടകത്തിൽ രാജാപ്പാർട്ടു് കിട്ടാൻ മോഹിച്ചതു്, പർദ്ദയേയും ഹാർമ്മോണിയത്തേയുംപററി അന്വേഷിച്ചതു്, സുന്ദ്രാസാനിയുടെ വീട്ടിൽ പോയി പാട്ടു കേട്ടതു്, അങ്ങനെ എല്ലാം പറഞ്ഞു് ദേസായിയുടെ മുഖം കുനിപ്പിക്കണമെന്നായിരുന്നു, അയാളുടെ ആഗ്രഹം. എന്നാലോ അദ്ദേഹം ഒന്നും ചോദിച്ചതേ ഇല്ല. ഒന്നും സംഭവിക്കാത്ത മട്ടിൽ, എല്ലാം അറിഞ്ഞുകഴിഞ്ഞ പഴഞ്ചൻ വർത്തമാനം എന്നു് വിചാരിക്കുംപോലെ, അദ്ദേഹം വെറുതെ കുത്തിയിരുന്നു.

വസന്തരായ മുറിയിലേയ്ക്കു വന്നു. അവിടെ രാഘപ്പയെ കണ്ടു് വിളിച്ച മുഖവുമായി നിന്നുപോയി. എന്നാൽ ആ ചുററുപാടു് അധികം നീണ്ടുപോവാതെ രാഘപ്പതന്നെ മുൻകൈയെടുത്തു: ''എന്താ വസന്തറാവു്, എന്നെ ഓർമ്മയുണ്ടോ,

അതോ മറന്നുപോയോ? ഹുബ്ബള്ളിയിൽ കന്നുകാലിപ്രദർശനത്തിൽ ഞാനല്ലേ ആ കിഴക്കൻ മുരികളെ പ്രദർശിപ്പിച്ചതു്?....അന്നു പറഞ്ഞില്ലേ, ധാർവാറിൽ വരുമ്പോഠം എൻെറ വീട്ടിൽ വരാമെന്നു്?....എന്നിട്ടു് എത്ര ദിവസമായി, ഇന്നേയ്ക്കു്?...ഇവിടെ ലൈൻ ബസാറിലാണു് എൻെറ വീടു്. ഒരു തവണ വന്നിട്ടു പോരരുതോ....വാക്കു മറക്കണ്ട....എന്താ നിൻെറ അച്ഛനെങ്ങാനും വേണ്ടെന്നു പറയുമോ?....ഞാൻ എല്ലാം പറഞ്ഞിട്ടുണ്ടു്, അങ്ങയുടെ മകൻെറ പാദധൂളി ഒരു തവണയെങ്കിലും എൻെറ വീട്ടിൽ പററട്ടെ എന്നു്....നാളെത്തന്നെ വന്നിട്ടു പോരരുതോ?....'' ഇത്രയും പറഞ്ഞു് അയാഠം ദേസായിയുടെ നേരെ നോക്കി പുഞ്ചിരി തൂകി, ''എന്നാൽ ഞാൻ വരട്ടെ!'' എന്നു മൊഴിഞ്ഞു്, എഴുന്നേററു. ദേസായി ഒന്നും മിണ്ടിയില്ല. അയാഠം പോയതിനുശേഷവും വസന്തനോടു് ഒന്നും ചോദിക്കുകയുണ്ടായില്ല.

എന്നാൽ, അകാരണമായ ആവേശത്തോടെ വീട്ടിലേയ്ക്കു നടന്നിരുന്ന രാഘലപ്പയ്ക്കു് ദേഹമാകെ നാണം കയറിയപോലെ തോന്നി, താൻ ഒടുവിൽ പ്രയോഗിച്ച വാചാലതയെപ്പററി ഓർത്തിട്ടു്. ''അല്ല, ചാടിപ്പോകുന്ന രാഘലോബയാണു് ഞാൻ. വെറും നിൽക്കക്കള്ളിക്കുവേണ്ടി നുണ പറയാൻ എന്നാണു് പഠിച്ചതു്? ഇവിടെ നുണ പറയേണ്ട കാര്യം എന്തുണ്ടായി? വീട്ടിലേയ്ക്കു വാ എന്നു് നേരെ പറയാമായിരുന്നില്ലേ? ഇങ്ങനെ വെറും നിസ്സാരങ്ങളായ കെട്ടുകഥകഠം കെട്ടിച്ചമയ്ക്കുന്ന സ്വഭാവം ഇന്നു് എന്തിനു് സ്വീകരിച്ചു?''

തൻെറ കാലം മാറിത്തുടങ്ങി എന്നു് അയാഠക്കു് ഓരോ അടിവെയ്പിലും അനുഭവപ്പെടാൻ തുടങ്ങി. ദേസായിയെപ്പോലെ ഉള്ളവരോടു് പൊരുതുമ്പോഠം പ്രയോഗിക്കേണ്ട നുണകളുടെ വിതാനംതന്നെ ഒന്നു വേറെയത്രേ. അത്തരം ചില്ലറ നുണകഠം പറഞ്ഞതിനു് അയാഠക്കു് തന്നോടുതന്നെ ദേഷ്യം വന്നു. ''അയ്യോ!'' എന്നു തോന്നിപ്പോയി.

## 31 ഔഷധം

പിറേറന്നു് ഉച്ചയ്ക്കു് ഭക്ഷണം കഴിഞ്ഞശേഷം, ഒരു മണിക്കൂർ ഉറങ്ങി എന്നു നടിച്ചു്, വസന്തരായൻ തൻെറ മുറിയിൽവെച്ചു് കഞ്ഞിപിഴിഞ്ഞ ഉടുപ്പു് ധരിച്ചു്, അലംകൃതനായി. എന്നിട്ടു് സുമാർ മൂന്നുമണിക്കു്, പതുങ്ങി പതുങ്ങി നടന്നു് പുറത്തള വാതിൽ ഒച്ചയില്ലാതെ തുറക്കണമെന്ന സൂത്രം ആലോചിക്കുമ്പോഠം, അന്നേരം ഉറങ്ങുകയായിരിക്കുമെന്നു് താൻ കരുതിയിരുന്ന അച്ഛൻ, മുറിയുടെ വാതിൽ തുറന്നു് നേരെ അയാളുടെ അടുത്തേയ്ക്കു ചെന്നു. അച്ഛൻെറ കൈമുറുക്കവും ഭുജബലവും കഴിഞ്ഞ തവണ അറിയാൻ കഴിഞ്ഞതു മുതൽ അയാഠക്കു് അച്ഛനോടു് വലിയ ബഹുമാനം ഉള്ളവായി. അയാഠം 'ഥർഥർ'ന്നു് വിറയ്ക്കാൻ തുടങ്ങി. പോരാത്തതിനു് ദേസായി തീരെ അടുത്തു വന്നുനിന്നു്. ''രാഘലപ്പയുടെ വീട്ടിലേയ്ക്കു പോവുകയാണോ'' എന്നു നേരെ ചോദിക്കുകയും ചെയ്തു.

അയാാം പരിഭ്രമത്തിനിടയ്ക്ക്, 'അതെ' എന്നും 'അല്ല' എന്നും പറഞ്ഞു പോയി. ഒരു നുണ ഉണ്ടാക്കി പറയാൻപോലും അയാളുടെ മനസ്സിനു കെല്പു ണ്ടായില്ല. എന്നാൽ അധികം പരിഭ്രമത്തിന് ഇടംകൊടുക്കാതെതന്നെ ദേ സായി, ''നീയ് പോകുന്നുണ്ടെങ്കിൽ ഈ കത്ത് രാഘപ്പയ്ക്ക് കൊടുക്കു. മററവിടേയ്ക്കെങ്കിലും പോവുകയാണെങ്കിൽ ഭരമൻെറ കൈയിൽ കൊടുത്ത് അയ ച്ചോളാം'' എന്നു പറഞ്ഞു.

സ്വാർത്ഥം മാത്രമല്ല, തൻെറ പൂജ്യപാദരായ പിതാവിൻെറ ഒരു സേവനവും ആകുമല്ലോ എന്ന സന്തോഷം നിമിത്തം അയാാം ഒരു നുണ സഹജമായ രീതി യിൽ പറഞ്ഞു: ''ആ വഴിക്കാണ് പോകുന്നതു്. വരുംവഴിക്കു വേണമെങ്കിൽ കൊടുക്കാം''.

ദേസായി അയാളെ അധികം 'ചികിത്സി'ക്കാതെതന്നെ തൻെറ കൈ യിൽ ഉണ്ടായിരുന്ന മടക്കിയ ഒരു കടലാസ്സ് കൊടുത്തു. അതിൽ കവർപോലും ഉണ്ടായിരുന്നില്ല. അയാാം യാത്രപറയുന്ന സമയം, ''എൻെറ അച്ഛൻ തന്ന താണെന്നു മാത്രം പറഞ്ഞേയ്ക്കു'' എന്നു നിർദ്ദേശിക്കുകയും ചെയ്തു.

വസന്തന് ആ കത്ത്, രാഘപ്പയുടെ വീട്ടിലേയ്ക്ക് നിസ്സങ്കോചം പോകു ന്നതിനുള്ള ഒരു 'ഗവൺമെൻറ് ഓർഡർ' കിട്ടിയപോലെ ആയി. എന്നാൽ ആ കത്തിൽ തന്നെപ്പററി എന്തെങ്കിലുമുണ്ടോ എന്നു ആശങ്കിച്ച്, പകുതിവഴി എത്തിയപ്പോാം, ഒരു മരത്തിൻെറ കടയ്ക്കൽ നിന്നുകൊണ്ട്, അതു് ഓടിച്ചു വായിച്ചു. അതിൽ തൻെറ പേർപോലും ഇല്ലെന്നു കണ്ട് അയാാംക്കു സമാധാന മായി.

അതു് അച്യുതരായ ബോംബെയിൽനിന്നു് അയച്ചുകൊടുത്ത, വെങ്കടരായ ൻെറ ദാനപത്രത്തിൻെറ കോപ്പിയുടെ കോപ്പി ആയിരുന്നു. കാലത്തുതന്നെ അതിൻെറ പകർപ്പുണ്ടാക്കി, വസന്തൻ പോകുന്നതും കാത്ത് ഇരിക്കുകയായി രുന്നു. വസന്തൻെറ കൈയിൽത്തന്നെ കൊടുത്തയയ്ക്കണമെന്നായിരുന്നു, അദ്ദേഹ ത്തിൻെറ ആഗ്രഹം. അയാാം കുളിമുറിയിലേയ്ക്കു മുഖം കഴുകുവാൻ വന്ന ഉടൻ അദ്ദേഹം ഉണർന്നു്, അയാളുടെ പൂച്ചയെപ്പോലെയുള്ള നടത്തത്തിൻെറ ഒച്ച കേട്ട്, വാതില്ക്കലേയ്ക്ക് വന്നതായിരുന്നു.

''ഒരു ഭീഷണിഗുണ്ട് രാഘപ്പയുടെ നേരെ എറിഞ്ഞുനോക്കുകതന്നെ''— ഇതായിരുന്നു, അദ്ദേഹത്തിൻെറ ഉന്നം.

വസന്തരായ ഉത്സുകതയോടെ, നേരെ രാഘപ്പയുടെ വീട്ടിൽ ചെന്നു. രാഘ പ്പയുടെ ചിരിപൊഴിക്കുന്ന മുഖം അയാളെ സ്വാഗതംചെയ്തു. അയാാം വന്ന ഉടൻ ഒന്നാംതരം അണ്ടിപ്പരിപ്പ് ചേർത്ത് ഉപ്പുമാവ് ഉണ്ടാക്കാനുള്ള കല്പന അടു ക്കളയിലേയ്ക്കു പോയി. രാഘപ്പ അയാാംക്കു തലയണ ഇട്ടുകൊടുത്തു, പിടി ച്ചിരുത്തി, നർമ്മരസത്തോടെ സല്ലപിക്കാൻ തുടങ്ങി.

''നോക്കപ്പെ, ഇതിലാണ്" അച്ഛനും മോനും ഒന്ന്" എന്നു പറയുന്നതു്. നിനക്കു് ഭാഗം തരുവിക്കാൻ പോയിട്ടു് ഞാൻ കെട്ടവനായി. നിങ്ങരം ഇരുവരും എന്നും ഒന്നു്. നനഞ്ഞ കൊള്ളിപോലെ എന്നെ പുറംതള്ളുകയും ചെയ്തു....''

പിന്നീടു് അതു്, ഇതു് അങ്ങനെ പലതും സംസാരിച്ചു. വസന്തൻ ഭയപ്പെട്ടിരുന്ന 'കപാലമോക്ഷ'ത്തിൻെറ കഥ വിട്ടു്, രാഘപ്പ മററല്ലാ കിസ്സകളും കാച്ചിവിട്ടു. അവസാനം നാടകത്തിൻെറ കഥയായി. നാടകം കളിച്ചു് ഏതേതു് കമ്പനികരം എത്ര എത്ര പണം സമ്പാദിച്ചു, പിന്നെ എങ്ങനെ മണ്ണു കപ്പി മുതലായ സംഗതികരം സരസമായി വർണ്ണിച്ചശേഷം രാഘപ്പ, ''നിൻെറ കമ്പനി ജനിക്കുംമുമ്പേ മരിച്ചു എന്നു കരുതിക്കോ!'' എന്നു പറഞ്ഞു.

വസന്തൻ മർമ്മത്തിനു് അടിയേററു്, ''രാഘപ്പ, ഇപ്പോരം എന്തും ആയിക്കോട്ടെ. ഇന്നല്ലെങ്കിൽ നാളെ ഞാൻ ഒരു കമ്പനി തുടങ്ങുകതന്നെ ചെയ്യും'' എന്നു പറഞ്ഞു് സ്വയം ആശ്വസിച്ചു.

''ആകട്ടെ, അപ്പ, തുടങ്ങിക്കോ. എന്നാൽ നിൻെറ കമ്പനി ഉണ്ടാകുമ്പോഴേയ്ക്കും എന്നെപ്പോലുള്ള കിഴവന്മാർ കണ്ണടച്ചുകഴിഞ്ഞിരിക്കും... അതെല്ലാം വിട്ടുകള.... അപ്പോഴേക്കും നിനക്കു് ഏതെങ്കിലും ഗുരുവിനെ കിട്ടും....ഇക്കാലത്തു് ഗുരുക്കന്മാർക്കുണ്ടോ ഒരു കുറവു്?''

''നിങ്ങളോടു് ഞാൻ എന്തു പറയാനാണു്, രാഘപ്പ?....എല്ലാ പണിയും തുലച്ചുകളഞ്ഞതു് നിങ്ങളാണു്....അന്നു്, അപ്പണ്ണഭട്ടനു പകരം നിങ്ങരം വന്നിരുന്നുവെങ്കിലോ....''

''വന്നിരുന്നെങ്കിൽ എനിക്കും ഒരുപിടി ചോളം ലാഭമാകുമായിരുന്നു....''

''ഏയ്!എൻെറ അച്ഛനു് നിങ്ങളോടു് ബഹുമാനമാണു്, വളരെ. നിങ്ങരംക്കു് ആ മസ്‌ലിൻ തലയിണ തന്നില്ലേ? അതു് അദ്ദേഹം ആർക്കും കൊടുക്കാറില്ല. തീരെ വലിയവർ അല്ലെങ്കിൽ ആപ്തമിത്രങ്ങരം—ഇവർക്കേ കൊടുക്കാറുള്ളു........''

''നിൻെറ അച്ഛൻ എല്ലാം സമ്മതിച്ചു. നേരു്. എന്നാൽ നിനക്കു് ഭാഗം തരുമെന്നുമാത്രം എനിക്കു തോന്നുന്നില്ല....ഇനി മറെറാന്നുണ്ടു്, വസന്തരായരെ, അതിനും വേണം ഒരുതരം ആർത്തി. ആർത്തിയില്ലെങ്കിൽ ഒരു വേലയും നടക്കില്ല. നീ ഇനിയും വെറും പയ്യൻ. അതിൻെറ ചൂടു് നിനക്കു് ഉള്ളുവരെ എത്തിയിട്ടില്ല. നാളെ കല്യാണവും കഴിച്ചു്, 'ച്യാം', 'ച്യാം' എന്നു രണ്ടു കുഞ്ഞുങ്ങളും ആയശേഷം, എത്ര നാളാണു് തന്തയുടെ മേല്ക്കൂരക്കു കീഴെ കഴിഞ്ഞുകൂടുക എന്നോർക്കുമ്പോരം സങ്കടം തോന്നുകയാണു്. അന്നേരം ഭാഗം ചോദിക്കാൻ അവകാശമുണ്ടു്, സത്യമായിട്ടു്. പക്ഷേ കിട്ടിയാൽ കിട്ടി എന്നു മാത്രം. എന്നാൽ ഒരു കാര്യം, വെറുതെ നാടകക്കമ്പനി തുടങ്ങുന്നു എന്നു് പറഞ്ഞു് പൊള്ളയായ ഉത്സാഹത്തിൽ ചോദിച്ചാൽ വല്ല പണിയും നടക്കുമോ?''

തൻെറ ഉള്ളിൽ ഭാഗത്തെപ്പററി യഥാർത്ഥമായ ദുഃഖം ഉണ്ടായിട്ടുണ്ടോ എന്നു് വസന്തൻ സ്വന്തം മനസ്സിനുള്ളിൽ പരതിനോക്കി. രാഘപ്പ പറഞ്ഞതു് സത്യമാണെന്നു തോന്നി. എന്നാൽ 'കപാലമോഷം,' ഇനിയും മറക്കാതിരുന്നതു നിമിത്തം ആ വിഷയം ഉടൻതന്നെ മുന്നോട്ടു വെയ്ക്കുന്നതു് വസന്തനു് ശരിയായി തോന്നിയില്ല. അതുകൊണ്ടു് വേറെ വിഷയം എടുത്തിട്ടു. അതിനെപ്പററിയും ഇതിനെപ്പററിയും പല കിസ്സകളും പറഞ്ഞു. ഉപ്പുമാവു്, ചായ എല്ലാം കഴിഞ്ഞു് വസന്തൻ പുറപ്പെടാൻ തയ്യാറായി. അന്നേരം അച്ഛൻ കൊടുത്ത കത്തിനെപ്പററി ഓർമ്മ വന്നു. അതു് രാഘപ്പയുടെ കൈയിൽ കൊടുത്തു്, ''എൻെറ അച്ഛൻ തന്നതാണു്'' എന്നു പറഞ്ഞു.

''നിൻെറ അച്ഛൻ എനിക്കു് കത്തു തന്നിരിക്കുന്നോ?....അതെങ്ങനെ പററി? ഇന്നെന്താ ഗുരു—മംഗളയോഗം സംഭവിച്ചോ?'' എന്നു ചോദിച്ചു് ആ കടലാസ് നിവർത്തി നോക്കി, ''എടാ'' എന്നു പറഞ്ഞു്, അതിൽത്തന്നെ മനസ്സൂന്നി, കണ്ണു ചിമ്മി ചിമ്മി വായിച്ചു.

അതാണല്ലേ ദേസായി എൻെറ മുമ്പിൽ കുനിയാത്തതു്?'' എന്നു മനസ്സിൽ കരുതി, വസന്തനു് വിട നൽകി.

XX XX XX

പിന്നീടു് പലതവണ വസന്തരായൻ രാഘപ്പയുടെ വീട്ടിൽ വന്നുപോയിവരികയുണ്ടായി. ചെല്ലുന്ന സമയത്തെല്ലാം അയാൾക്കു് നല്ല ഭക്ഷണം കിട്ടിയിരുന്നു. എന്നാൽ വിചിത്രമായിട്ടു് എന്തോ ഒന്നു അനുഭവപ്പെടാൻ തുടങ്ങി. രാഘപ്പയുടെ സംസാരം സരസമല്ലാതായിത്തുടങ്ങി.

രാഘപ്പ നാടകങ്ങളെപ്പററിയുള്ള സംസാരം എടുത്തിടാറേ ഇല്ല. ഭാഗത്തെപ്പററിത്തന്നെ വസന്തൻ സ്വയം എടുത്തിട്ടാലും രാഘപ്പ തെന്നി മാറും. വസന്തനു് ആശ്ചര്യം തോന്നി, രാഘപ്പ എന്തുകൊണ്ടാണു് ഇങ്ങനെ തടിയൂരുന്നതു് എന്നു്.

തന്നെപ്പററി ഉദാസീനൻ ആയോ?....ഭക്ഷണം കൊടുക്കുന്നതിൽ എന്നത്തേക്കാളും അധികം ശുഷ്കാന്തിയുണ്ടുതാനും. പണ്ടു് ഉത്സാഹമുണ്ടായിരുന്ന വിഷയങ്ങളിൽ മാത്രമാണു് ഒരുതരം ഉദാസീനത. അതെന്തിനു്, സംസാരത്തിൽ നിന്നുതന്നെ കുതറി മാറും. ഒരുപക്ഷേ രാഘപ്പയും, തൻെറ അച്ഛനെ ഭയപ്പെടുന്നുണ്ടാവണമെന്നു് അവസാനം വസന്തരായൻ ഒരു കുയുക്തി കണ്ടുപിടിച്ചു.

അതു നിമിത്തം അച്ഛൻെറ നേരെ വസന്തനു് ബഹുമാനം വർദ്ധിച്ചു. രാഘപ്പയും കൈ വലിച്ചതു നിമിത്തം, വസന്തൻ ഭാഗം മുതലായ 'അശുഭവിഷയ' ങ്ങൾ അമ്മയുടെ മുമ്പിൽപ്പോലും എടുത്തിടാറില്ല. 'ഗ്രാമത്തിലേയ്ക്കു വീണ്ടും

ഞാൻ പോകുകയാണ്' എന്ന ആശപോലും പ്രകടിപ്പിക്കാറില്ല. അച്ഛൻ കൊടുക്കുന്നത്ര പണവും വാങ്ങി സിനിമയ്ക്കു പോവാൻ തുടങ്ങി. ഏററവും താഴത്തെ ക്ലാസ്സിൽ ഇരുന്ന് ഒരു സിനിമയ്ക്കു കൊടുത്ത പണംകൊണ്ട് രണ്ടു സിനിമ കണ്ടു വന്നു. ഗ്രാമത്തിൽ വെച്ച് പുകയില തിന്നുന്ന ശീലം ഉണ്ടായിരുന്നു. അതിനുവേണ്ടി, ചായക്കടയിലെ ചിലവും ചുരുക്കി. വീട്ടിൽവെച്ച്, കൂട്ടുകാരോടൊന്നിച്ച്, രാഘപ്പയുടെ വീട്ടിൽവെച്ച്—അത്രമാത്രമായി ചുരുങ്ങി ചായകുടി. ചായക്കടയിൽ പോകുന്നത് വല്ലപ്പോഴുംമാത്രം.

ദേസായി വേണുബായിയോട് പറഞ്ഞുവെച്ചിരുന്നു: ''മിക്കവാറും ഇനി അവൻ ഭാഗം—ഭീഗം എന്നെല്ലാം പറയുന്നത് ഉപേക്ഷിച്ചേക്കും....ഭാഗം തരുവിക്കു, ഗ്രാമത്തിലേക്കു പോകുകയാണ്—അങ്ങനെ അവൻ എന്തെങ്കിലും പറഞ്ഞാൽ എന്നെ അറിയിക്കണം. ഞാൻ, അവനെ അടിക്കില്ല, പിടിക്കില്ല. വസന്തന് എന്തെങ്കിലും മാററം ഉണ്ടാകുന്നുണ്ടോന്നു നോക്കണം....വസന്തനെ രാഘപ്പയുടെ വീട്ടിൽ പോകാൻ വിടരുത് എന്ന് നീ പറയുന്നതു ശരിയല്ല. അരുത് എന്നു പറഞ്ഞാൽ അവൻ നമ്മെ പററിച്ചു പോവും. പ്രായമായ പയ്യനെ എത്ര സൂക്ഷിക്കാം?....എന്നാൽ അവൻ പോയാലും ഒന്നും ആവാത്ത മട്ടിൽ ഞാൻ ഏർപ്പാട് ചെയ്തുവെച്ചിട്ടുണ്ട്. വസന്തൻെറ വയററുവേദനയ്ക്കു രാഘപ്പയ്ക്ക് അയമോദകക്കഷായം കൊടുത്തിട്ടുണ്ട്. അതിൻെറ പരിണാമം എന്തായി എന്നു നോക്കിയിരിക്കണം. അവനോട് രാഘപ്പയുടെ വീട്ടിൽ പോകരുത് എന്നു പറയണ്ട. എന്നാൽ ആദ്യത്തെ കൃമിശല്യം തുടങ്ങിയാൽ വന്നു പറ.''

പതിനഞ്ചു ദിവസമായിട്ടും വസന്തൻ ഒന്നുംതന്നെ സംസാരിക്കാത്തതു കണ്ട്, ദേസായി അഭിപ്രായപ്പെട്ടു: ''ഔഷധം ഫലിച്ചുവെന്ന് തോന്നുന്നു. എന്നാലും ശ്രദ്ധിക്കണം!''

XX XX XX

ഒരു ഭാഗത്ത് ഔഷധം ഫലിച്ചുവെന്നത് നേരാണ്. പക്ഷേ രോഗം മറെറാരു വശത്ത് പ്രത്യക്ഷപ്പെടാൻ തുടങ്ങി.

രാഘപ്പ വസന്തനിൽ നിന്ന് ചില്ലറ ലാഭം നേടാനുള്ള ആഗ്രഹമേ വിട്ടുകളഞ്ഞിരുന്നു. അങ്ങനെ ലാഭം നേടുക സാധ്യവും ആയിരുന്നില്ല. വസന്തൻ പട്ടണത്തിൽ വാസമുറപ്പിച്ചശേഷം ധാന്യം വിൽക്കാൻ ആരാണുള്ളത്?.... എന്നാൽ അതിനു പകരം വസന്തനെ പൂർണ്ണമായും തൻെറ മടിയിലേക്കു പിടിച്ചു വലിക്കുന്നതിനുള്ള ഉപായം രാഘപ്പ ഉണ്ടാക്കി. ചായ, പലഹാരങ്ങളുടെ ഏർപ്പാട് ഭംഗിയായി ശരിപ്പെടുത്തി. ഒന്നുരണ്ടു തവണ വസന്തനൊന്നിച്ച് സിനിമക്കും പോയിവന്നു. വീട്ടിൽ ചെല്ലുന്ന സമയത്തെല്ലാം വസന്തന് ചായ തയ്യാറാക്കി കൊണ്ടുവന്നു കൊടുക്കേണ്ട ജോലി ശാന്തയുടേതായിരുന്നു.

അങ്ങനെ ഒരു തവണ ചായ കുടിച്ചുകൊണ്ടിരിക്കുമ്പോഴ്, ശാന്തയുടെ ചായ തയ്യാറാക്കുന്ന കൈയിനെ, രാഘപ്പ വസന്തൻെറ നേരെ പുകഴ്ത്തിവിട്ടു.

ഒരു നല്ല സന്ദർഭം നോക്കിപ്പിടിച്ച് രാഘപ്പ തൻെറ പൂത്തിരി കത്തിച്ചു: ''വസന്ത, ശാന്തയ്ക്ക് പ്രായമായി. അവളുടെ കല്യാണക്കാര്യം ആലോചിച്ച് ആലോചിച്ച് എനിക്കു മറെറാന്നും തോന്നാതായി. ഇപ്പോഴ് ഒരു വരനെ കാണിച്ചുകൊടുത്തിട്ടുണ്ട്. വരന് ശാന്തയെ ഇഷ്ടമാവുകയും ചെയ്തു....വരനെ എനിക്കും ഇഷ്ടപ്പെട്ടു. എന്നാൽ തമാശ്ശ് നോക്കു്. നമ്മുടെ ശാന്ത ആ വരനെ വേണ്ടെന്നു പറയാൻ തുടങ്ങിയിരിക്കുന്നു....എന്നാൽ നമ്മുടെ രത്നയുണ്ടല്ലോ, 'കമാ'ന്നു മിണ്ടാതെ തനിക്കു അറിഞ്ഞ വരനെ 'ഹ്ദം!' എന്നു സമ്മതിച്ചു. അമ്മായിഅമ്മയുടെ വീട്ടിൽ എന്തെല്ലാം കഷ്ടപ്പാടുണ്ടാകും എന്ന് ആദ്യമേ ഞാൻ അവളോടു പറഞ്ഞു....നിൻെറ അമ്മായിഅമ്മ കുത്തും, നിന്നെ ഉപദ്രവിക്കും, നിനക്ക് എല്ലാം സഹിക്കേണ്ടിവരും. എന്നാൽ വരൻ നമ്മുടെ മനസ്സിനു ചേന്ന വനാണ്. നിൻെറ അഭിപ്രായം എന്താണ്, എന്ന് രത്നയോട് ചോദിച്ചപ്പോഴ് അവഴ് എന്താണു മറുപടി പറഞ്ഞതു് എന്നറിയാമോ?....എന്നെ കല്യാണം കഴിച്ചു കൊടുക്കുന്നതു് നിങ്ങളാണ്; ഞാൻ അതിനെപ്പററി എന്തിനു ചിന്തിക്കണം എന്ന് അവഴ് സ്പഷ്ടമായി പറഞ്ഞു....അവളും എൻെറ മകഴ്, അവഴ്ക്കും ഇവഴ്ക്കും തമ്മിൽ അങ്ങേയററം അഞ്ചാറു വയസ്സിൻെറ വ്യത്യാസം ഉണ്ടാകും.... എന്നാൽ ശാന്ത ഇക്കാലത്തുള്ളവളാണ്. ദേശാഭിമാനപ്രവർത്തനങ്ങളിൽ തുള്ളിച്ചാടിയവളാണ്....എനിക്കു ഖദർ ധരിക്കുന്ന വരൻ വേണം. എനിക്കു സർക്കാർ ജോലിയിൽ ഉള്ള വരൻ വേണ്ട, ഇങ്ങനെയെല്ലാം അവഴ് ശാഠ്യംപിടിക്കുകയാണ്. ആ വരന് ഒന്നാംതരം സർക്കാർ ജോലിയുണ്ട് എന്നു കണ്ട് ഞാൻ മത്സരിച്ച്, അവനെ പിടിച്ചുകൊണ്ടുവന്നപ്പോഴുണ്ട് അവഴ് ഉറപ്പിച്ചു പറയുന്നു, ഒരു വിധത്തിലും തനിക്ക് ആ വരൻ വേണ്ടെന്ന്....അതു തെറെറന്ന് ഞാൻ പറയുന്നില്ല. എന്നാൽ രത്നയുടെ മട്ട് ഒന്ന്. അതും നല്ലതു്. ശാന്തയുടെ മട്ട് മറെറാന്ന്. അതും നല്ലതു്. കാലഘട്ടത്തിന് അനുസരിച്ച് ഓരോന്നിൻെറ ഭംഗിയും മാറിക്കൊണ്ടിരിക്കും, കേട്ടോ. ഇക്കാലത്തു് ദേശാഭിമാനവും വേണം, മനുഷ്യന്, കേട്ടോ....എന്തു പറയുന്നു, വസന്തരായരേ?''

''വേണം, തീർച്ചയായും വേണം'' എന്നു വസന്തരായൻ പറഞ്ഞു, പിറേറന്നുതന്നെ താൻ ഒരു ഗാന്ധിത്തൊപ്പി വാങ്ങുമെന്ന് ഉള്ളിൽ ഉറപ്പിച്ചു കൊണ്ട്.

''നിങ്ങഴ് നാലു സ്നേഹിതന്മാരെ സമ്പാദിച്ചിട്ടുള്ള ആളാണ്. എപ്പോഴെങ്കിലും കുടുംബപാരമ്പര്യമുള്ള ഒരുത്തനെ നിങ്ങഴ് കണ്ടെത്തിയാൽ....സ്വത്തുണ്ടാവണം. സ്വല്പം ദേശാഭിമാനം പ്രസംഗിക്കാൻ കഴിയണം, കേട്ടോ....അങ്ങനെ ഒരുത്തനെ കണ്ടാൽ അറിയിക്കണം....ഞാനും അങ്ങനെ ഒരുത്തനെ കണ്ടുവെച്ചിട്ടുണ്ട്. നല്ല ഒരു വരൻ. കൃഷിയിൽനിന്നു നല്ല വരവ്, നാലേറു മൂരി പൂട്ടാനുള്ള നിലം. പുറത്തു് ഒരു ഉണ്ടികക്കട, ഇതെല്ലാമുള്ള ഒരു വരൻ ഉണ്ട്....വരദ

ക്ഷിണ അല്പം അധികം തട്ടിയെടുത്തേയ്ക്കും. പക്ഷേ അതിനു ഞാൻ ഭയപ്പെടില്ല. ഇഷ്ടംപോലെ വരദക്ഷിണ ആവശ്യപ്പെടുന്ന ഏതു വരനും വന്നോട്ടെ. നമ്മുടെ ശാന്തയെ കണ്ടശേഷം വരദക്ഷിണയുടെ ശാഠ്യം കുറയുമെന്നു് എനിക്കു നല്ല ഉറപ്പുണ്ടു്. എന്തുമാകട്ടെ, അവളുടെ കല്യാണം ഒന്നു കഴിഞ്ഞുകിട്ടിയാൽ എൻെറ ചിന്ത കുറയും. അതുകൊണ്ടു് നിങ്ങളുടെ അറിവിൽ നല്ല വരൻ ഉണ്ടെങ്കിൽ അറിയിക്കണം. എൻെറ ശിഷ്യൻ എന്നു പറയുന്ന സ്ഥിതിക്കു് ഇത്രയെങ്കിലും ഒരു സേവനം ചെയ്യാൻ ആവില്ലേ? ഈശ്വരൻ നിനക്കു് നന്മ വരുത്തും; വേഗം നിൻെറ കല്യാണവും ആക്കിത്തരും.'' എന്നു പറഞ്ഞു് രാഘപ്പ ഉറക്കെ ചിരിച്ചു.

ഒററ ആഴ്ചകൊണ്ടു് വസന്ത ഗാന്ധിത്തൊപ്പിയും നെഹ്രു ഷർട്ടും ഇട്ടതു കൊണ്ടു് വേണബായിക്കു തോന്നി, വസന്തൻ തൻെറ ജ്യേഷ്ഠനെ അനുകരിക്കാൻ തുടങ്ങിയിരിക്കുകയാണെന്നു്. രാഘപ്പ ഉള്ളുക്കുള്ളെ സന്തോഷിച്ചു. ''എടോ ദേസായി, തനിക്കു എന്നെ കവച്ചു കടക്കാൻ കഴിയുകയില്ല. നിൻെറ തലയിൽ ഞാൻ മണ്ണുവാരിയിടും!'' എന്നു മനസ്സിൽ ഉറപ്പിച്ചു.

## 32 ഗജേന്ദ്രമോക്ഷം

സാളഗ്രാമത്തിൻെറ പൂജകൊണ്ടു് വീട്ടിൽ ഉണ്ടായ സമാധാനം അധികനാൾ നീണ്ടുനിന്നില്ല. വീട്ടിൽ വീണ്ടും തുടങ്ങി കലഹം. എന്നാൽ ഗംഗവ്വ വളരെ ദിവസങ്ങളോളം അതു വേണക്കനോടു് തുറന്നുപറയുക ഉണ്ടായില്ല. ''അവക്കു് ഒന്നും അറിയാത്തതായി ഇല്ല'' എന്നു വിചാരിച്ചു് അവർ എല്ലാം സഹിച്ചു കുത്തിയിരുന്നു. വേണക്കനാകട്ടെ സ്വല്പം ഊഹിച്ചിരുന്നു, ഗംഗവ്വ എത്രത്തോളം സഹിക്കുന്നുണ്ടെന്നു്. എന്നാൽ ദിവസേന ഒരേ പാട്ടു പാടുന്നതും ബേജാറു്, കേൾക്കുന്നതും ബേജാറു്. പണക്കാരാണു്. എവിടെ വെച്ചാണു് വേണക്ക ബേജാറാവുക എന്നതു് പറയാൻ വിഷമം. അതുകൊണ്ടു് ഗംഗവ്വ മിണ്ടാതെ ഇരുന്നു. അതിനുംപുറമെ കല്യാണം നടത്തിച്ചതു് ദേസായി ആയതു നിമിത്തം അധികം പരാതി പറഞ്ഞാൽ അദ്ദേഹത്തെ കുററപ്പെടുത്തുന്നതുപോലെ ആവില്ലേ. ആ അസ്പഷ്ട സൂചനകൊണ്ടു് അദ്ദേഹത്തിൻെറ മനസ്സു് നോവുമല്ലോ എന്നായിരുന്നു, ഗംഗവ്വയുടെ പേടി. വേണക്കയാകട്ടെ, ''എല്ലാവരുടെ വീട്ടിലും മണ്ണുടപ്പാണു്, എന്തിനു് അധികം കുതൂഹലം കാട്ടി വിചാരണ നടത്തണം'' എന്നു കരുതി മിണ്ടാതെ ഇരുന്നു. വല്ലപ്പോഴും ''വീട്ടിൽ എല്ലാം ഭംഗിയായി നടക്കുന്നില്ലേ, ഗംഗവ്വേ?'' എന്നു മാത്രം ചോദിക്കും. ആ ചോദ്യത്തിൻെറ സാരം ആരോഗ്യത്തെ സംബന്ധിച്ചാക്കി മാററി. ഗംഗവ്വ മറുപടി പറയും: ''എല്ലാം ഭംഗിയായി നടക്കുന്നു....ഇന്നേ കിട്ടണ്ണനു് വല്ലാത്ത ചുമ....'' വീട്ടിൽ നടക്കുന്നതെല്ലാം മനുഷ്യരുടെ മുമ്പിൽ പറയുന്നതു് എത്ര നാണക്കേടായിരിക്കുമെന്ന അനുഭവം സ്വയം വേണക്കനുണ്ടു്. ഗംഗവ്വ തൻെറ വീട്ടിൽ ഉള്ള സുഖദുഃഖങ്ങളെപ്പററി പറയുമ്പോൾ, വേണക്കനു് തോന്നും, തൻെറ സ്വന്തം സുഖദുഃഖങ്ങൾ തന്നെയാണു് കൺമുമ്പിൽ കാണുന്നതെന്നു്. ജീവിതംതന്നെ ബേജാറായിത്തുടങ്ങിയിരിക്കുന്നു. ഉപവാസം, വനവാസം, ജയിൽ എന്നെല്ലാം

പറഞ്ഞു ഭ്രാന്തുപിടിച്ചു നടക്കുന്ന ഒരു അച്യുതൻ അവിടെ, ഭാഗം, ശീട്ടുകളി, സിനിമ എന്നു പറഞ്ഞു് ഭ്രാന്തുപിടിച്ചു നടക്കുന്ന ഒരു വസന്തൻ ഇവിടെ.... ആലോചിച്ചുനോക്കിയാൽ വേണക്കുന്നെമുണ്ടു്, പണക്കാരുടേതായ ദുഃഖങ്ങളെല്ലാം... അങ്ങനെ അവർ ഇരുവരും തങ്ങളുടെ ദുഃഖങ്ങൾ അന്യോന്യം അധികം സംസാരിക്കുകയില്ലെന്നു് ഒരുതരം മൂകമായ പരസ്പരധാരണയിൽ എത്തിയതു പോലെ തോന്നി.

എന്നാൽ അടുത്തകാലത്തായി, ഗംഗവ്വയുടെ സഹിഷ്ണുതയുടെ അതിർ കടക്കുന്ന സന്ദർഭങ്ങൾ ഉണ്ടാവാൻ തുടങ്ങി. സാളഗ്രാമത്തിൻെറ കൃപമൂലം നിലനിന്നിരുന്ന കുടുംബ സമാധാനം, കിട്ടി തൻെറ വരദക്ഷിണയുടെ പണം ചോദിക്കാൻ ദേസായിയുടെ അടുത്തു ചെന്നു് അപമാനിതനായശേഷം, തുടരുകയുണ്ടായില്ല. തൻെറ പക്ഷം പിടിച്ചു്, ദേസായി കിട്ടിയോടു് അത്ര നിഷ്ഠൂരമായി പെരുമാറിയതു് വേണക്കനിൽനിന്നു് അറിഞ്ഞു് ഗംഗവ്വയ്ക്കു് വളരെ സന്തോഷം തോന്നി. എന്നാൽ കിട്ടി ദേസായിയുടെനേരെയുള്ള കോപം തൻെറ നേരെ കാട്ടുകയാണെന്നു് അവർ കണക്കാക്കിയില്ല. രാഘപ്പയും കിട്ടിയും കൂടിച്ചേർന്നു് ഗൂഢാലോചന നടത്തി, കരം കൂട്ടി, തനിക്കു നഷ്ടം വരുത്തിയ സംഗതി ദേസായി തൻെറ ഭാര്യയോടുപോലും പറഞ്ഞിരുന്നില്ല. വസന്തൻ രാഘപ്പയ്ക്കു ധാന്യം വിററ സംഗതി തനിക്കു് അറിയാമായിരുന്നിട്ടും വേണക്ക ഗംഗവ്വയോടു പറയുകയുണ്ടായില്ല. ''ഞങ്ങൾ കല്യാണം നടത്തിച്ചു, അതിനു ഞങ്ങൾ അനുഭവിക്കണം'' എന്ന മട്ടായിരുന്നു, ദേസായിക്കും വേണക്കനും. എന്നത്തേയും പോലെ, ഗംഗവ്വ ദേസായിയുടെ വീട്ടിൽ പോയിവരാറുണ്ടു്. 'സാളഗ്രാമപ്രകരണ'ത്തിനു ശേഷം, പത്തിരുപതു ദിവസങ്ങളോളം കിട്ടി അമ്മയുടെ ക്ഷേമം അന്വേഷിക്കുകയുണ്ടായി. അതു നിമിത്തം രത്ന ഉള്ളുകള്ളെ അസ്വസ്ഥയായി, കുശുമ്പു് തോന്നിയിട്ടു്. കുറച്ചു ദിവസങ്ങൾക്കുശേഷം വരദക്ഷിണയുടെ സംഗതിയിൽ കിട്ടിക്കു 'ദീപാരാധന'യും ലഭിച്ചു. ആ ദ്വേഷ്യംകൊണ്ടു് അയാൾ അമ്മയെ അനാദരിക്കാൻ തുടങ്ങി. ഒന്നുരണ്ടു തവണ, വിവേകം നശിച്ച മട്ടിൽ, ആക്രോശിക്കുകപോലും ഉണ്ടായി. രാഘപ്പയുടെ കൈമിടുക്കിൽ താനും സഹായിച്ചു ദേസായിയെ വിഷമിപ്പിക്കാൻ കഴിഞ്ഞു എന്നതിൽ കിട്ടിക്കു് അത്ര സന്തോഷം തോന്നിയിരുന്നില്ല. അതൊരു ലോക നടപ്പു്. അതിനു വഴങ്ങിപ്പോയി, അത്രമാത്രം. എന്നാലും അതു് മനസ്സിനെ കാർന്നു തിന്നിരുന്നു. തൻെറ കടം ഇനിയും തീർന്നിട്ടില്ല. പലിശ ഒടുക്കുന്നതിൽ തെററു വരുത്തിയിട്ടില്ല. ഒരു ദിവസം ഗംഗവ്വ ഭഗവാൻെറ മുമ്പിൽ പുരാണഗ്രന്ഥവും പിടിച്ചു കൊണ്ടു് ഇരിക്കവേ, കിട്ടി തൻെറ ശരീരമാകെ തീ കയറിയതുപോലെ വന്നു് അവരുടെ മുമ്പിൽ ഇരുപതു രൂപയുടെ ചില്ലറ ചൊരിഞ്ഞു മുക്രയിട്ടു: ''അമ്മയ്ക്കു വേണ്ടി ഞാൻ പലിശ ഒടുക്കിവരാൻ പോകയാണു്!''

ഗംഗവ്വ സന്തപ്തയായി, പറഞ്ഞു: നിയ്യു് ഈ പെണ്ണിൻെറ കൈയിൽ വിട്ടുതന്നേയ്ക്കു്, എല്ലാം....ഈ മൂന്നുനാലു കൊല്ലം കൊണ്ടു് പലിശയും കൊടുത്തു്

ഒരു നൂറോ ഇരുനൂറോ റുപ്പ അടയ്ക്കാൻ നിന്നെക്കൊണ്ടു് കഴിഞ്ഞില്ലേ?.... അത്രയും അടച്ചതിനുശേഷം, 'അമ്മേ, ഇത്രയും ഞാൻ ചെയ്തു, ബാക്കിയുള്ളതും എങ്ങിനെയെങ്കിലും അടച്ചുതീർക്കണെ'മെന്നു പറഞ്ഞാൽ ഞാൻ അരുതെന്നു പറയുമായിരുന്നോ?.....കിട്ടുന്ന ശമ്പളം പോരെന്നു പറഞ്ഞു് നീയ്യ് കരയുന്നു. എന്നാൽ ഞാൻ ഇത്രപോലും ഇല്ലാതെ പത്തു കൊല്ലം കുടുംബം പോററി ക്കൊണ്ടുപോയില്ലേ?....ചോദിച്ചുനോക്കു്, നാലുപേരോടു്.....യുദ്ധകാല ത്തു് ചോളം റുപ്പയ്ക്കു് ഒരു സേർ ആയിരുന്നപ്പോഴം, ഞാൻ അരവയർ തിന്നു്, നിന്നെ വയറു നിറച്ചു് തീററിക്കൊണ്ടിരുന്നു. നിൻെറ സ്കൂളം പഠിപ്പിനു് കുറവു് വരുത്തിയില്ല....ഇപ്പോഴം ശമ്പളം കിട്ടിയിട്ടും നിനക്കു മതിയാവു ന്നില്ല, അല്ലേ?......നിൻെറ സമ്പാദ്യംകൊണ്ടു് താങ്ങാനാവാത്ത അത്ര വലിയ ഭാരം നിൻെറമേൽ എന്താണു് ഇപ്പോഴം ഉള്ളതു്?......അവഠം ഒരാ ളുണ്ടു്. അത്രയല്ലേ ഉള്ളവല്ലോ, അല്ലേ?''

ഗംഗവ്വയുടെ ഓരോ വാക്കിനും രണ്ടും മൂന്നും അർത്ഥം കണ്ടുപിടിക്കാൻ പ ഠിച്ച കിട്ടിക്കും രത്നയ്ക്കും അവർ പറഞ്ഞതെല്ലാം ദുഷ്ടു് നിറഞ്ഞതായി തോന്നി. അതിലുംവെച്ചു് അവസാനമായി പറഞ്ഞതു്, മർമ്മത്തിൽ കൊള്ളുകയും ചെയ്തു. അമ്മ അതു പറഞ്ഞതു് തൻെറ മനസ്സു് നോവിക്കാനാണെന്നും, അതിൽ തനിക്കു കുട്ടികഠം ഉണ്ടാകാത്തതിനെപ്പററി ഒരു ദുസ്സൂചനയുണ്ടെന്നും കിട്ടി മന സ്സിലാക്കി. അതുകൊണ്ടു് അമ്മയുടെ മനസ്സും നോവിക്കണമെന്നു് അയാഠം തീർച്ചപ്പെടുത്തി. ''എൻെറ ശമ്പളം എന്തിനു മതിയാകും?.....അതു് നിങ്ങ ളുടെയെല്ലാം വയറു നിറയ്ക്കാനേ മതിയാവൂ....''

''എൻെറ വയറു നിറയ്ക്കുന്ന കാര്യം നീ വിട്ടുകളഞ്ഞേയ്ക്കു. എനിക്കു വേണ്ടേ വേണ്ട, നിൻെറ അന്നം.....നീ ഇന്നു ജോലി വിട്ടു്, നിന്നെയും നിൻെറ കെട്ടിയവളേയും തീററി കാണിച്ചുതരാം. പോരേ?—'' ഗംഗവ്വ ഗർജ്ജിച്ചു.

ഇത്രയും പറയാൻ ഗംഗവ്വയ്ക്കു വളരെ പ്രയാസമുണ്ടായി. ''എൻെറ ഭാഗ്യം എനിക്കു കൊള്ളും. നിൻെറ വീട്ടിൽ ഞാൻ നിൽക്കില്ല, എവിടേയ്ക്കെങ്കിലും പൊയ്ക്കൊള്ളാം'' എന്നു പറയുകതന്നെവേണമെന്നു് ഗംഗവ്വയുടെ മനസ്സിൽ വന്നു. എന്നാൽ വളരെ പ്രയാസപ്പെട്ടു് അവർ അതു് അമർത്തിപ്പിടിച്ചു. എന്തുവന്നാലും വീടു് വിടരുതെന്ന തൻെറ പ്രതിജ്ഞ അവർ ഓർമ്മിച്ചു.

അന്നു് ഗംഗവ്വ ഭക്ഷണം കഴിച്ചില്ല. കിട്ടിയും ദേഷ്യം കയറിയ ബദ്ധ പ്പാടിൽ ആപ്പീസിലേയ്ക്കു് പോയി. സന്ധ്യയാവുന്നതുവരെ ഗംഗവ്വ ഭക്ഷണം കഴിച്ചില്ല. അതുപോലെ രത്നയും ഭക്ഷണം കഴിച്ചില്ല. കിട്ടി സന്ധ്യയ്ക്കു് വീട്ടിൽ വന്നു നോക്കിയപ്പോഠം, അമ്മ തേവരുടെ മുമ്പിൽ കൃഷ്ണാജിനവും വിരിച്ചു് അതിന്മേൽ കിടക്കുന്നതു കണ്ടു. ഭാര്യ പറഞ്ഞു: ''അമ്മ ഭക്ഷിച്ചില്ല. അതുകൊണ്ടു് ഞാനും ഭക്ഷിച്ചില്ല. എനിക്കും ഉപവാസം ഇരിക്കാൻ കഴി യില്ലേ?''

കിട്ടി പരിഭ്രമിച്ച് അമ്മയുടെ അടുത്തു ചെന്നു്, ''അമ്മേ, തെററുപററി എനിക്കു് കാശ്ശു കൈവിട്ടുപോകുമ്പോഠം സങ്കടം തോന്നി. സഹിക്കാൻ കഴി ഞ്ഞില്ല'' എന്നു പറഞ്ഞു വളരെ സമാധാനിപ്പിച്ചതിനുശേഷം, ഗംഗവ്വ എഴു ന്നേററു ഭക്ഷണം കഴിച്ചു.

എന്നാൽ കിട്ടി എല്ലാം മറന്നാലും, രത്ന അമ്മായിഅമ്മ പറഞ്ഞതു് മറ ന്നില്ല. അവഠംക്കു് ഗംഗവ്വയുടെ 'ദിനചര്യ'യിൽ നിന്നു് ഉണ്ടാവാറുള്ള ഭയം മാഞ്ഞുപോയി. ഗംഗവ്വയുടെ നേരെ തിരസ്ക്കാരഭാവവും ഏറിവന്നു. 'എൻെറ ഭർത്താവിനെ പോററിയതിൻെറ പ്രത്യുപകാരം ഞാൻ ഏറെറടുക്ക ണമോ?....ഇത്ര കഷ്ടപ്പെട്ടു വളർത്തിയിട്ടും ആ അമ്മ അദ്ദേഹത്തിൻെറ മാനവും മര്യാദയും പോകുന്ന മട്ടിലല്ലേ പെരുമാറുന്നതു്?....എനിയ്ക്കു് കുഞ്ഞുങ്ങഠം ഉണ്ടാ വാത്തതു് എൻെറ കുററമാണോ?....അതിനു് എന്നെ കുത്തുവാക്കു പറയണമോ?'' ഇങ്ങനെ ആലോചിച്ച് രത്ന അന്നുമുതൽ പുതിയതായി ശക്തി സംഭരിച്ച് അമ്മായിഅമ്മയ്ക്കെതിരെ ഒരു 'വിപ്ലവം' സംഘടിപ്പിച്ചു.

കീശയിലെ പണം വീട്ടിൽവെച്ച് കാണാതാവാൻ തുടങ്ങി. ആരോടു്, എന്തു പറയണം എന്നു് കിട്ടിക്കു് അറിയാൻവയ്യാതായി. തൻെറ അമ്മായി അമ്മ ''മന്ത്രവാദം'' ചെയ്യതുകൊണ്ടാണു് തനിക്കു് കുട്ടികഠം ഉണ്ടാവാത്തതു് എന്നു രത്ന അക്കംപക്കത്തിലുള്ള പെണ്ണുങ്ങളുടെ ഇടയിൽ വളരെ സാമർത്ഥ്യ ത്തോടെ പ്രചരിപ്പിക്കാൻ ശ്രമിച്ചു. അക്കംപക്കത്തിലുള്ള പെണ്ണുങ്ങഠംക്കു് ഈ പുതിയ നാടകം ഒരു തമാശക്കു് വക നൽകി. ഉച്ചയ്ക്കു് രത്നയെ വിളിച്ചുവരുത്തി ഒന്നു രണ്ടു് നല്ലവാക്കു പറഞ്ഞു് സഹതാപം കാട്ടി, അവളെക്കൊണ്ടു് ആ 'കഥ' പറയിപ്പിക്കും. ആ വാർത്ത ഗംഗവ്വക്കും മനസ്സിലായി. ഉടൻതന്നെ കിട്ടിയുടെ അദ്ധ്യക്ഷതയിൽ രത്നയെ മുമ്പിൽ ഇരുത്തി, താൻ എവിടെ ഏതു മന്ത്രവാദിയുടെ അടുത്തു്, എപ്പോഠം, എന്തു മന്ത്രവാദം ചെയ്യിച്ചു എന്നു് തൻെറ മുമ്പിൽ വെച്ചു പറയാൻ ഗംഗവ്വ വെല്ലുവിളിച്ചു. കിട്ടിക്കു് സമാധാനം പറ യാൻ വിഷമമായി. താൻ അങ്ങനെ പറഞ്ഞിട്ടേയില്ലെന്നു് രത്ന ആണയിട്ടു് തെളിയിച്ചു. ഇനി സാക്ഷിയെ വിളിക്കണം. ഗംഗവ്വ കാശിതായിയെ വിളിച്ചുകൊണ്ടുവന്നു. കാശിതായി ആ നാടകമെല്ലാം രസത്തോടെ കണ്ടതിനു ശേഷം, തൻെറ കൈ ഇരുപക്ഷത്തിനും നൽകി. ഒന്നുംതന്നെ സ്വന്തം നി ലക്കു് പറയാതെ,ഈ പുതിയ വാർത്ത മററുള്ളവരെ അറിയിക്കാനുള്ള തിടുക്ക ത്തോടെ അവിടെനിന്നു തെററിനീങ്ങി. ഇതുവരെ രത്ന ഭർത്താവിൻെറ ആജ്ഞ യെങ്കിലും പാലിച്ച്, തൻെറ തെററില്ലെങ്കിലും, ''തെററായിപ്പോയി'' എന്നു പറയാൻ, വിൺവാക്കു് നിറുത്താനെങ്കിലും, സമ്മതിച്ചിരുന്നു. എന്നാൽ ഇപ്പോഠം ''തെററായിപ്പോയി'' എന്നു പറയാൻവയ്യെന്നു് അവഠം സ്പഷ്ടമായി നിരാകരിച്ചു.

ഒരു ദിവസം കാലത്തു് കിട്ടി ഒരുകട്ടി ശർക്കര കൊണ്ടുവന്നു. സന്ധ്യ യായപ്പോഴേക്കും ശർക്കരയുടെ വലിയ ഒരു കഷണം കാണാതായി. വീട്ടി ലുള്ള സാമാനങ്ങഠം അമ്മായിഅമ്മ ആർക്കോ വിൽക്കുകയാണെന്നു് മരുമകളുടെ

വാദം; മരുമകൾ വീട്ടിലെ സാമാനങ്ങൾ സഞ്ചിയിൽ ഇട്ട് അച്ഛൻെറ വീട്ടിലേയ്ക്ക് കൊണ്ടുപോവുകയാണെന്ന് അമ്മായിഅമ്മയുടെ വാദം. അങ്ങനെ അരമണിക്കൂർ നേരം വാക്കുതർക്കം നടന്നശേഷം അമ്മായിഅമ്മ കൂട്ടിൽ മടക്കി വെച്ചിരുന്ന ശുദ്ധമായി ഉപയോഗിക്കാനുള്ള ചേല വീർത്തുകാണുന്നല്ലോ എന്നു രത്ന മെല്ലെ ഭർത്താവിനെ കാട്ടിക്കൊടുത്തു്, സന്ദേഹം വ്യക്തപ്പെടുത്തി. ചേല നിവർത്തി നോക്കിയപ്പോൾ അതിൻെറ കീഴെ, കാണാതായ ആ ശർക്കര ഉണ്ടായിരുന്നു. പിന്നീട് പുതിയ വാദമായി. തൻെറമേൽ അപവാദം ചുമത്താൻവേണ്ടി മരുമകൾ സ്വയം കൊണ്ടുപോയി വെച്ചതാണെന്നായി ഗംഗവ്വ. ''ശുദ്ധമായി ഉപയോഗിക്കാനുള്ള ചേല ഞാൻ എങ്ങനെ തൊടും? വന്ധ്യയെന്നു പേരിട്ട് എന്നെ അശുദ്ധിയുള്ളവൾ ആക്കിവെച്ചിരിക്കുകയല്ലേ?'' എന്ന് ഗംഗവ്വ കൂട്ടിച്ചേർത്തു. നിങ്ങൾക്ക് അത്ര ശുദ്ധിയുണ്ടെങ്കിൽ ഇന്നലെ രാത്രി എന്തിനാണ് റൊട്ടി കട്ടു തിന്നതു്?'' എന്നു രത്ന തൊടുത്തുവിട്ടു.

വാദത്തിനു് അനുകൂലമായി നുണകൾ ജനിക്കാം. എന്നാൽ രത്നയുടെ അവസാനത്തെ വാദം തീരെ അസഹനീയമായിരുന്നു. ഗംഗവ്വ ആ ഭ്രാന്തുപിടിച്ച ആരോപണത്താൽ ബുദ്ധിശൂന്യയെപ്പോലെ ആയി, യാതൊന്നും മറുപടിയായി പറയാതെ ഭക്ഷണം മാററിവച്ച് ഇരുന്നു. കിട്ടി ആദ്യം ഭാര്യയെക്കൊണ്ട്, ''തെററായിപ്പോയി'' എന്നു പറയിക്കാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും അതു പറയാൻ രത്ന വിസമ്മതിച്ചു. ''ഉള്ളതു് സത്യമെങ്കിൽ പിന്നെ ഞാനെന്തിനു് തെററായിപ്പോയി എന്നു പറയണം?'' എന്നു രത്ന എതിർവാദം നടത്തി. ഭാര്യയുടെ ആ എതിർപ്പിനു മുമ്പിൽ തോററ കിട്ടി അവസാനം അമ്മയെ സമാധാനിപ്പിക്കാൻ പുറപ്പെട്ടു. ''ഭക്ഷണം കഴിക്കൂ'' എന്ന് അവർക്കു് നോട്ടീസ് കൊടുത്തു. ഭാര്യയെ ആണെങ്കിൽ പ്രീണിപ്പിക്കാം. ദേഷ്യപ്പെട്ടു ആജ്ഞാപിക്കാം. ഗംഗവ്വ എന്തിനു് സഹിക്കണം?.... ''എന്നെ നിർബന്ധിക്കുവാൻ നീ ആരാണു്?....വളരെ ദിവസമായി, ഞാൻ നിയന്ത്രിക്കാൻ തുടങ്ങിയിട്ട്.... ഇനി ഞാൻ മിണ്ടാതിരിക്കില്ല. ഗോപണ്ണനോട് പറയാൻപോകുകയാണു്, ഇതു്....പറഞ്ഞോളൂ എന്നു്, അല്ലേ'' എന്നു പറഞ്ഞ ഉടൻതന്നെ ഗംഗവ്വ വീട്ടിൽനിന്നുമിറങ്ങി നല്ല വെയിലത്തു് ദേസായിയുടെ വീട്ടിൽ ചെന്നുചേർന്നു.

''ഗോപണ്ണ, ഇന്നു ഞാൻ കിട്ടിയെ കൈവിട്ടാൽ നാളെ രാഘ്യ അവനെ കരടികളിപ്പിക്കും, അതു വിചാരിച്ചാണു് ഞാൻ അവിടെത്തന്നെ കഴിയുന്നതു്, കേട്ടോ. അവൻ കാലുകൊണ്ടു് തൊഴിച്ചാലും വാതിലിൻെറ കട്ടിളയും പിടിച്ചു ഞാൻ അവിടെത്തന്നെ കുത്തിയിരിക്കും....നേരു പറയൂ ഗോപണ്ണ! ഞാൻ എന്തിനാണു് ജീവിക്കുന്നതു്? ഇങ്ങനെ? മകനെ പോററി വളർത്തി, അവൻെറ കല്യാണം നടത്തി, ഇനി പേരക്കുട്ടികളെയും കൂടി കാണാൻ കഴിഞ്ഞാൽ എല്ലാമായി....പക്ഷെ ഈശ്വരനു് ഇനിയും അതു തോന്നിക്കഴിഞ്ഞിട്ടില്ല. പോകട്ടെ, അതു്!.. എന്നാൽ ഇങ്ങനെയെല്ലാം ആകുമെന്നു് കരുതിയിരുന്നില്ല കേട്ടോ.... കഴിഞ്ഞ തവണ കാശിയിലേക്കു കൂട്ടിക്കൊണ്ടുപോയില്ലേ, അതുപോലെ

ഇത്തവണ ബദരീനാഥത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു്. നാരായണൻെറ ദർശനം നേടാമല്ലോ. അവിടെ മലയിൽ നിന്നു് ഗംഗ ഒഴുകുന്നുണ്ടത്രെ. ഏതു ദിക്കിൽ നിന്നിട്ടാണെങ്കിലും ഗംഗയിലേക്കു ചാടി ഈ നരജന്മത്തിൽ നിന്നു കരകയറണം. എനിക്കു് ഈ ജന്മം മതിയായി. സത്യം....'' എന്നി ങ്ങനെ പറഞ്ഞു് ഗംഗവ്വ കരഞ്ഞു.

ഗംഗവ്വയ്ക്കു് ഒരു സംശയം: അടുത്തകാലത്തായി കിട്ടി ദേസായിയെ കൂട്ടാക്കുന്നില്ല. ദേസായി വിളിച്ചാൽ അയാരം വന്നില്ലെങ്കിലോ? അതു് അദ്ദേഹത്തിനു് അപമാനമാകില്ലേ?....അതുകൊണ്ടു് അവർ നടന്നതെല്ലാം പുറത്തേയ്ക്കു് എടുത്തിട്ടു. കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു് തനിക്കുണ്ടായ അനുഭവങ്ങളും എല്ലാററിലും ഒടുവിലായി ഉണ്ടായി സംഭവവും വിസ്തരിച്ചു കേരംപ്പിച്ചതിനു ശേഷം അവർ പറഞ്ഞു: ''ഇത്ര നാളും ഇതെല്ലാം ഞാൻ മറച്ചുവെച്ചിരിക്കുകയായിരുന്നു. ഇന്നെങ്കിലും എല്ലാം നിങ്ങളുടെ മുമ്പിൽ പറഞ്ഞുവെയ്ക്കണമെന്നു തോന്നി. അതുകൊണ്ടു് ഇത്രയും പറഞ്ഞതാണു്. ഇതൊന്നുംതന്നെ മനസ്സിൽ വെച്ചുകൊണ്ടു് ഇരിയ്ക്കേണ്ട, നിങ്ങരം....അവനെ വിട്ടാൽ എൻെറ ഗതി എന്താകും?........ഞാൻ വീട്ടിലേയ്ക്കു തിരിച്ചുപോകയാണു്. എന്നെ ഉപവാസത്തിനു് ഇട്ടോട്ടെ. വനവാസത്തിനു് വിട്ടോട്ടെ. എന്തായാലും ശരി. ഞാൻ വീട്ടിൽത്തന്നെ ഉരുണ്ടുവീണു ചാവും.!''

എന്നാലോ ദേസായി വിട്ടില്ല: ''ഗംഗവ്വേ, പരിഭ്രമിയ്ക്കേണ്ട. ഇന്നു് ഇവിടെത്തന്നെ ഇരുന്നോളൂ. മേക്കഴുകി ഭക്ഷണം കഴിക്കു. നാളെ മകനും മരുമകളും വന്നു്, കാൽക്കൽ വീണു്, വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകത്തക്കവിധം ഞാൻ ഏർപ്പാടു ചെയ്തോളാം. വിഷമിക്കാതിരിക്കു്'' എന്നു പറഞ്ഞു് അദ്ദേഹം അവരെ സമാശ്വസിപ്പിച്ചു.

എന്നാലും ഗംഗവ്വയ്ക്കു സംശയം. ഇന്നു് ഇവിടെ താമസിച്ചാലും നാളെ മകൻ വന്നു കൂട്ടിക്കൊണ്ടു പോകുമെന്നു് എന്താണു് ഉറപ്പു്?...അവൻ വന്നില്ലെങ്കിൽ, താനേ വീട്ടിലേയ്ക്കു പോകുന്നതു് കുറെക്കൂടി മാനക്കേടാവില്ലേ?....വേണ്ട. ഇതാണു് സ്ത്രീജന്മം. ഞാൻ അനുഭവിച്ചോളാം'' എന്നു പറഞ്ഞു് അവർ എഴുന്നേററു.

എന്നിട്ടും വിട്ടില്ല, ദേസായി. വളരെ നിർബ്ബന്ധിച്ചു് അവരെ തൻെറ വീട്ടിൽത്തന്നെ നിറുത്തി. വൈകുന്നേരം വസന്തൻവഴി ഒരു സന്ദേശം രാഘപ്പയ്ക്കു് എത്തിച്ചുകൊടുത്തു: ''ഗംഗവ്വ എൻെറ വീട്ടിലാണു്. നാളെ കാലത്തു് മകനും മരുമകളും വന്നു് അവരെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകണം.''

ദേസായിയുടെ ഉന്നം തികച്ചും ഫലിച്ചു. പിറേറന്നു് മകനും മരുമകളും വന്നു; ഇരുവരും അമ്മയോടു് ക്ഷമായാചനം ചെയ്തു.

ഇതിൻെറ രഹസ്യം ഗംഗവ്വയ്ക്കു മനസ്സിലായില്ല. മരുമകരം തൻെറ കാലിൽ വീഴുന്നതു് ആശ്ചര്യംതന്നെ!

അതിനിടയ്ക്ക് ദേസായി ചിരിച്ചുകൊണ്ട് മൊഴിഞ്ഞു: ''ഇനി കശപിശ വിടണം. ചായ കുടിക്കുന്നോ ഇല്ലയോ?....ഇനി എല്ലാവരും ചിരിക്കണം. എന്തെന്നാൽ ഞാൻ ഒരു സന്തോഷവാർത്ത നിങ്ങളോടു പറയാം.....''

''കൃഷ്ണാ, നിൻെറ അമ്മായിഅപ്പൻ വളരെ നിർബ്ബന്ധിച്ചോ, നീ ഇവിടെ വന്ന് അമ്മയെ കൂട്ടിക്കൊണ്ടുപോവാൻ?'' എന്നു ദേസായി ചിരിച്ചുകൊണ്ട് ചോദിച്ചു.

''കിട്ടി 'ഉവ്വ്', 'ഇല്ല' എന്നു പറവാൻ ആടിക്കൊണ്ടിരിക്കേ, ദേസായി പൊട്ടിച്ചിരിച്ചുകൊണ്ട് തുടർന്നു: ''ഇനിമേൽ നിനക്ക് അമ്മായിഅപ്പനെ സലാംചെയ്യേണ്ട ആവശ്യമില്ല, കേട്ടോ. ഇനിമേൽ നീ യഥാർത്ഥ മരുമകനായി. ഇനി രാഘപ്പയ്ക്ക് ദത്ത് എടുക്കേണ്ട ആലോചനയില്ല. ഇനി എന്തിനാണ് അയാളെ സങ്കോചം?''

ഗംഗവ്വ, രത്ന, എല്ലാവരും ''ഊം'' എന്നു പറഞ്ഞുപോയി. ദേസായി അങ്ങനെ ചിരിച്ചുകൊണ്ടിരുന്നു.

''എന്താ, പരിഹസിക്കുകയാണോ?'' എന്നു ഗംഗവ്വ ചോദിച്ചു.

''ഏയ്. ഞാനെന്തിനാണ് പരിഹസിക്കുന്നത്? പത്തുപതിനഞ്ചു ദിവസം മുമ്പ് രാഘപ്പ സ്വയം ഇവിടെ വന്ന് പറഞ്ഞിട്ടുപോയി.''

''എങ്കിൽ ആരെയാണ് ദത്തെടുക്കുന്നത്?'' എന്ന് ഗംഗവ്വ.

''രാഘപ്പയ്ക്ക് ദത്തുമക്കളുടെമേൽ വിശ്വാസമില്ല.''എന്നു പറഞ്ഞ് അവരെ അല്പം പരിഭ്രമിപ്പിച്ചു, അവസാനം സ്പഷ്ടമാക്കി.

''സ്വന്തം മകൻ ഉണ്ടാവാൻപോവുമ്പോൾ, പിന്നെ എന്തിന് ദത്ത്? ഇതാണ് രാഘപ്പയുടെ ആലോചന''—അതിനിടയ്ക്ക് വേണുബായി, ഉമ്മറപ്പടിക്കു പുറത്തു നിന്നുകൊണ്ടുതന്നെ, 'ഭാഷ്യം' പറഞ്ഞു: ''ചമ്പക്കയ്ക്ക് മൂന്നു കഴിഞ്ഞ് ഇത് നാലാംമാസം ആയത്രേ!''

രത്നയുടെ ആശ്ചര്യത്തിന് സീമയില്ലാതായി.....കഴിഞ്ഞ മൂന്നു മാസമായിട്ട് താൻ ആഴ്ചയിൽ രണ്ടുമൂന്നു തവണയെങ്കിലും അമ്മയുടെ വീട്ടിൽ പോയിവരാറുണ്ട്.....എന്നിട്ടും ആരും ഒന്നും പറഞ്ഞില്ലല്ലോ, തന്നോട്?.... ശാന്തയ്ക്കുപോലും അറിയാമായിരുന്നില്ലേ?......

ശാരീരികദൗർബ്ബല്യം നിമിത്തം, ചമ്പക്ക ഗർഭിണിയായിട്ടും യാതൊരു പരിവർത്തനവും ഉണ്ടായില്ല. ശാന്തയ്ക്ക് അറിയാമായിരുന്നു. എന്നാൽ ചമ്പക്ക ശാന്തയോടു പറഞ്ഞുവെച്ചിരുന്നു, രത്നയോട് അക്കാര്യം പറയരുതെന്ന്. രത്നയുടെ മനസ്സിന് വിഷമം തോന്നിയാലോ എന്ന് അവർ കരുതി. അതുകൊണ്ടാണ് ശാന്ത പറയാതിരുന്നത്.

ദൈവം തങ്ങളെ അങ്ങനെ ചതിക്കുമെന്ന് സങ്കല്പിക്കാൻപോലും സാധ്യമായിരുന്നില്ല. രാഘപ്പയ്ക്ക് ഇനി മകനുണ്ടാകുമെന്ന് സങ്കല്പിക്കുക അസാധ്യം മാത്രമല്ല, ഹാസ്യാസ്പദവും ആയിരുന്നു. പക്ഷെ ഇപ്പോൾ അത് സത്യമായിരിക്കുന്നു. രത്നയുടെ 'രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും' ആയ വില പെട്ടെന്ന് ഇടിഞ്ഞുപോയി. അച്ഛനെ സംബന്ധിച്ച് അവൾക്കും സന്താപം തോന്നി. അവൾ അമ്മയുടെ വേദന പ്രത്യക്ഷമായി കണ്ടവളാണ്. ''ഈശ്വരൻതന്നെ കാക്കട്ടെ!'' എന്ന് അവൾ പ്രാർത്ഥിച്ചു. ''ആ ഗർഭം എനിക്കു തന്നിരുന്നെങ്കിൽ '' അവൾ തെല്ല് അസൂയപ്പെടാതെയും ഇരുന്നില്ല. ആ ഭ്രാന്തുപിടിച്ച അസൂയയിൽ അവൾക്ക് തൻെറനേരെ ദേഷ്യവും തോന്നി.

കിട്ടിക്കു പാതി ചിരി, പാതി അസൂയയും. അയാൾ ദത്തിന് അധികം പ്രാധാന്യം നൽകിയിരുന്നില്ല. അയാൾക്ക് പെണ്ണിലായിരുന്നു, ആസക്തി. അവളുടെ സമ്പത്ത്—അവളുടെ തലയിൽ ചൂടിച്ചിരുന്ന പൂക്കൾ—തല്ക്കാലം വീണുപോയി എന്നേ ഉള്ളു, അയാളെ സംബന്ധിച്ചിടത്തോളം.... രസികത്തം ഉള്ളവനാണ് രാഘപ്പ എന്നു വിചാരിച്ചപ്പോൾ അയാൾക്കു ചിരിയും വന്നു.

ഗംഗവ്വയ്ക്കു തികഞ്ഞ വെപ്രാളം. എന്നാൽ ആ മധുര നിമിഷങ്ങളിൽ വിഷമയ വാക്കുകൾ എങ്ങനെ ഉച്ചരിക്കും?

അങ്ങനെ പുറത്തേയ്ക്ക് ആഹ്ലാദകരമെങ്കിലും ഉള്ളിൽ ചിന്താജനകമായിരുന്നു, സ്ഥിതി. ആ ഹാസ്യമായ വാർത്തയിൽനിന്ന് ഉണ്ടായ സങ്കീർണ്ണഭാവനയിൽ മൂവ്വരും മനസ്സാ ഒന്നായി, ഒരു ചെറു കുടുംബംപോലെ, തങ്ങളുടെ വീട്ടിലെത്തി.

xx xx xx

പിറേറന്ന് രത്ന അമ്മയുടെ വീട്ടിൽ എത്തി.

എന്തു പറഞ്ഞാണ് രത്ന ശണ്ഠകൂടുക?

തന്നോട്ട് ആരും ആ വാർത്ത പറഞ്ഞില്ലല്ലോ എന്നായിരുന്നു, അവളുടെ പ്രധാന സങ്കടം. അത് ഒരു നിസ്സാര കാരണമാവാം. സ്ത്രീകൾ നിസ്സാര സംഗതികളെ പിടിച്ചു ശണ്ഠകൂട്ടുന്നത് അതിൻെറ പിന്നിൽ പരസ്യമായി പറയാൻ വയ്യാത്ത എന്തെങ്കിലും ഉണ്ടായിരിക്കുമെന്നതുകൊണ്ടത്രേ—ഇത് ലോകം മനസ്സിലാക്കിയവർക്ക് അറിയാം.

രത്ന അമർത്തിച്ചവിട്ടി നടന്നുവന്ന്, എല്ലാവരുടെമേലും ഒരാക്രമണം നടത്തി....തന്നോട്ട് സത്യം പറയാമായിരുന്നില്ലേ?....സത്യം പറഞ്ഞാൽ താൻ തട്ടിയെടുത്തുകൊണ്ടു പോകുമോ?.. സ്വന്തം വീട്ടിലെ സംഗതികൾ അന്യരുടെ വായിൽനിന്ന് അറിയണോ?....താൻ, വീട്ടിൽ ഉള്ളവളല്ലേ?....തന്നെ അച്ഛനും

അമ്മയുംകൂടി അകററി നിറുത്തിയിരിക്കുകയാണോ?....സൊല്ല തീരട്ടെ എന്നു കരുതിയാണോ തന്നെ കെട്ടിച്ചുകൊടുത്തതു്?....തൻെറ കൂടപ്പിറപ്പുപോലും അന്യയായോ?....അമ്മായിഅമ്മയുടെ വീട്ടിൽ കിടന്നു വിഷമിക്കുന്നേരം അമ്മയുടെ വീടുണ്ടല്ലോ എന്നൊരു ധൈര്യമുണ്ടായിരുന്നു. ഇപ്പോൾ അതും പോയ മട്ടായോ?....താനും തൻെറ ഭർത്താവും ദരിദ്രരെങ്കിലും അദ്ദേഹം ഒരു ഗവൺമെൻറു് ഉദ്യോഗസ്ഥനല്ലേ? ....തങ്ങൾ അമ്മയുടെ വീട്ടിലെ സമ്പത്തുമാത്രം ആശ്രയിച്ചാണോ കഴിയുന്നതു്?.... ഒരു ആൺകുട്ടി ഉണ്ടായാൽ തനിക്കു് ഒരു അനുജൻ ഉണ്ടായല്ലോ എന്നു കരുതുമായിരുന്നില്ലേ, താൻ?....ആ സന്തോഷത്തിൽ താനും കൊടുക്കില്ലേ എല്ലാവർക്കും പഞ്ചസാര?....അങ്ങനെ ഓരോ ചോദ്യം ചോദിക്കുമ്പോഴും അവളുടെ ഒച്ച ഏറിയേറി വന്നു. അവളുടെ ആവേശം ശാന്തമാക്കാൻ കഴിഞ്ഞില്ല, രാഘപ്പസ്സുപോലും!

ഇത്രയെല്ലാം ബഹളംകൂട്ടി, കരഞ്ഞു്, ചായക്കപ്പു് വലിച്ചെറിഞ്ഞു്, ഇനിമേൽ അമ്മയുടെ വീട്ടിൽ കാലെടുത്തുകുത്തില്ലെന്നു് ശപഥംചെയ്തു്, അച്ഛനു് പെൺകുട്ടിയുണ്ടായാലും ഭർത്താവിനെ ദത്തെടുക്കാൻ സമ്മതിക്കില്ലെന്നും ദത്തെടുത്താൽ, തന്നെ അരിഞ്ഞു തിന്നതായി കരുതുമെന്നും ആണയിട്ടു് രത്ന അവിടെനിന്നു് പുറത്തിറങ്ങി, തെരുതെരെ വീട്ടിൽ എത്തിച്ചേർന്നു.

അന്നുമുതൽ കിട്ടിയുടെ വീട്ടുകലഹം തീർന്നു എന്നർത്ഥമില്ല....എന്നാൽ, അമ്മയുടെ വീടിനെപ്പററി ഉണ്ടായിരുന്ന അഭിമാനം അന്നുമുതൽ ഇല്ലാതായി, രത്നസ്സു്. അതു നിമിത്തം ഭർത്തൃഗൃഹത്തെപ്പററിയുള്ള അഭിമാനം പണ്ടത്തെക്കാളും ഏറിയേറി വന്നു, അവളിൽ. ഭർത്താവല്ലാതെ തനിക്കു് ആരുമില്ല, ഭർത്താവിനെ വിശ്വസിക്കുക എന്നതു വിട്ടു്, അച്ഛനമ്മമാർ തനിക്കു് ആരുമല്ല—എന്നു് അവൾ മനസ്സിൽ ഉറപ്പിച്ചു; തൻെറ തലയിലെഴുത്തിൻെറ ഒരു ഭാഗമായി ഗംഗവ്വയെ കൈക്കൊള്ളുകയും ചെയ്തു.

## 33. അച്യുതൻെറ രണ്ടാമത്തെ കത്തു്

അച്യുതൻെറ രണ്ടാമത്തെ കത്തു വരുന്നതിനു് ഒരു മാസത്തിൻെറ ഇട വേണ്ടിവന്നു. വെങ്കടരായനിൽനിന്നു് അയാളുടെ കഥ മനസ്സിലാക്കുക വളരെ വിഷമമായിരുന്നു; അസാധ്യമായിരുന്നു. എന്നാൽ ഒരുമാസംകൊണ്ടു് അയാൾ അസാധ്യമായതിനെ സാധ്യമാക്കിത്തീർത്തു. ഒരു വങ്കനായി തോന്നിയാലും വെങ്കടരായ വല്ലാത്ത ഒരു ശങ്കാലു ആയിരുന്നു; ഒരു പിടിവാദക്കാരനും. ഒരു പ്രത്യേകതരം കൗശലവും ഉണ്ടായിരുന്നു, അയാൾക്കു്. വല്ലപ്പോഴും അച്യുതൻ ഒരു നീണ്ട ചോദ്യം ചോദിച്ചാൽ അയാൾ മറുപടി പറയും: ''എനിക്കു് എൻെറ ഭാഗം വേണ്ടേവേണ്ട!'' മററു ചിലപ്പോൾ ''എല്ലാം നുണ! എല്ലാം നുണ!'' എന്നു പിറുപിറുത്തു്, കൈ തിരുമ്മിക്കൊണ്ടു് നിൽക്കും. അല്ലെങ്കിൽ, ''എന്താ ദേസായി അവർകളേ, നാട്ടുകാര്യസ്ഥത നോക്കുകയാണോ?'' എന്നു കളിയാക്കും. എന്നാലും അച്യുതൻ അയാളെ വിട്ടില്ല. ''എൻെറ അച്ഛൻ നിങ്ങൾക്കു് ഭാഗം

വാങ്ങിത്തരാൻപോകയാണ്'' എന്ന് അയാളെ പ്രലോഭിപ്പിച്ച്, അവലോസരപ്പെടുത്തി, പലവട്ടമായി അയാളിൽനിന്ന് ഓരോന്നും ചോർത്തിയെടുത്ത്, അച്യുതൻ കുറിപ്പുകൾ എടുത്തുവെച്ചു. ഒരു മാസംകൊണ്ടു കിട്ടിയ എല്ലാ വിവരവും അനുക്രമമായി ചേർത്ത് ദേസായിക്ക് എഴുതി:—

ക്ഷേമം ശ്രീ. ബോംബെ

രാ. രാ. തീർത്ഥരൂപമായ ചരണാരവിന്ദങ്ങളിൽ ചിരംജീവി അച്യുതരായന്റെ ശിരഃസാഷ്ടാംഗ നമസ്ക്കാരങ്ങൾ. അങ്ങയുടെ കത്തു കിട്ടി. അങ്ങയുടെ കത്തിൽനിന്ന്, വെങ്കടരായനെ കള്ളൊപ്പുകേസ്സിൽ പിടിച്ച സംഗതി മനസ്സിലായി. ഞാൻ അതുതന്നെ ഉപയോഗപ്പെടുത്തി, ഒരു തവണ അയാളെ പേടിപ്പിച്ചു: ''നിങ്ങൾ കള്ളൊപ്പിട്ടുവെന്നു പറയുന്നതു നേരാണോ?'' അയാൾ ഒരു നേരുള്ളവനാണ്. അയാൾ ഈശ്വരനേയും അമ്മയേയും ആണയിട്ട്, താൻ അങ്ങിനെ ചെയ്തിട്ടില്ലെന്ന് പറയാൻ തുടങ്ങി....അങ്ങനെ പല പല സന്ദർഭങ്ങളിലായി ലഭിച്ച വിവരമാണ് താഴെ എഴുതുന്നത്. വിവരം അപൂർണ്ണമാണ്. സംഭവിച്ചതു് മിക്കവാറും അങ്ങനെതന്നെ ആയിരിക്കുമെന്നാണ് എന്റെ അനുമാനം. പതിനഞ്ച് ഇരുപതു കൊല്ലങ്ങൾക്കു മുമ്പ് വെങ്കടരായ പൂണെ (പൂന)യിൽ തഖ്ത്മൽ എന്ന ഒരു സേഠിന്റെ കീഴിൽ ജോലി ചെയ്തിരുന്നുവത്രേ. സേഠിന്റെ ജോലിക്കാരിൽ അയാൾ ഒററഒരുത്തൻ മാത്രമേ ദാക്ഷിണാത്യബ്രാഹ്മണൻ ഉണ്ടായിരുന്നുള്ളുവത്രേ. അതുകൊണ്ട് സേഠിന് അയാളെ വലിയ വിശ്വാസമായിരുന്നുവത്രേ. വീടിന്റെ പിൻവശത്ത് ഒരു മുറിയും കൊടുത്തുവത്രേ. ഒരു ഭ്രാന്തന്റെ മട്ട് ഉണ്ടെങ്കിലും വെങ്കടരായ ഒരു നിഷ്ഠുര സത്യസന്ധനാണെന്ന് അങ്ങ് നേരിൽ കണ്ടതാണല്ലോ. സത്യസന്ധനെന്നപോലെ സമർത്ഥനും ആണ്. സേഠിന്റെ വീട്ടിലെ പൂജാദികൾ വെങ്കടരായന്റെ ചുമതലയായിരുന്നു. 'ശ്രാദ്ധപക്ഷ'ങ്ങൾ അയാളാണ് നടത്തിക്കൊടുക്കുക. അയാളുടെ മുഗ്ദ്ധമനോവൃത്തി കണ്ട്, അയാൾ ഒരു ഈശ്വരാവതാരമെന്ന് സേഠാനി കരുതിപ്പോന്നു. അയാൾക്ക് മുന്തിയ ഭക്ഷണങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതു് അവർക്ക് ഒരു ആനന്ദമായിരുന്നുവത്രേ. അങ്ങനെ അയാളിൽ വിശ്വാസം ഏറിയേറിവന്നതോടെ, സേഠ് ബാങ്കിൽ പണമടയ്ക്കുക, ചെക്കു മാററുക മുതലായ ജോലികൾ വെങ്കടരായനെ ഏൽപിക്കാൻ തുടങ്ങി. അങ്ങിനെ മുറി മറാഠിയും വിചിത്ര ഹിന്ദിയും സംസാരിക്കുന്ന, കുന്നിക്കുരുക്കണ്ണനായ ഈ മനുഷ്യൻ ബാങ്കിൽ നല്ല പഴക്കമായിക്കഴിഞ്ഞിരിക്കണം. ബാങ്കിൽ എന്തെങ്കിലും ആവശ്യത്തിനു ചെല്ലുമ്പോൾ അയാളെ ബാങ്കിലെ ഗുമസ്തന്മാർ, ''സേഠാനി ഇന്നു പക്കാവടയോ ഉണ്ടയോ എന്താണ് തിന്നാൻതന്നതു്?'' എന്നു ചോദിച്ചു കളിയാക്കാറുണ്ടത്രേ....ഇതു് വെങ്കടരായ സ്വയം പറഞ്ഞതാണ്.... ''ഞാൻ ഉണ്ട തിന്നാൽ നിങ്ങൾക്കാണോ വയററുവേദന?'' എന്നു് അവരോടു മറുചോദ്യം ചോദിക്കാറുണ്ടത്രേ, അയാൾ.

ഒരു ദിവസം ബാങ്കിൽ ചെക്ക് അടയ്ക്കാൻവേണ്ടി വെങ്കടരായ പോയി, ജനലിന്റെ മുന്നിലുള്ള വരിയിൽ തന്റെ ഊഴവും കാത്തു നിന്നുവത്രേ. അന്നേരം

സേഠിൻെറ മോട്ടോർ ഡ്രൈവർ (അയാളുടെ പേർ താജിമുദ്ദീൻ എന്നാണത്രേ) പെട്ടെന്നു് ബാങ്കിൻെറ മുമ്പിൽ കാർ കൊണ്ടുവന്നു നിറുത്തി, വെങ്കടരായനെ വിളിച്ചു പറഞ്ഞുവത്രേ: ''ഇതു് രണ്ടായിരം രൂപയ്ക്കുള്ള ചെക്കാണു്. കാറിൻെറ പഴയ സാമാനങ്ങൾ മാററി പുതിയതു വാങ്ങാൻ തന്നതാണു്, സേഠ്. ഉടൻ തന്നെ ചെക്കു മാററണം. നിങ്ങളുടെ ഊഴം ആവുമല്ലോ. ഞാൻ നിന്നാൽ എല്ലാററിലും അവസാനം ചെന്നു നിൽക്കേണ്ടിവരും. അതുകൊണ്ടു് ഈ ചെക്കു മാററി പണം എനിക്കു തരൂ.'' വെങ്കടരായ ആ ചെക്കും പിടിച്ചു് വരിയിൽ നിന്നു. അയാളുടെ നേരെ മുമ്പിൽ നിന്നിരുന്ന ആളും ഗൃഹസ്ഥനും തമ്മിൽ കശപിശയായി. കാരണം വെങ്കടരായനു് തൻെറ ഊഴം വന്നുവെങ്കിലും പിന്നേയും കാത്തുനിൽക്കേണ്ടിവന്നുവത്രേ. താജിമുദ്ദീനു് നേരം വൈകിത്തുടങ്ങി. കാരണം, അയാൾക്കു സേഠിനെ കടയിൽനിന്നു് കൊണ്ടുവരേണ്ട നേരം ആയി ക്കഴിഞ്ഞിരുന്നു. അയാൾ വെങ്കടരായനെ വിളിച്ചു രഹസ്യമായി പറഞ്ഞു: ''എനിക്കു നേരമില്ല, കാത്തുനിൽക്കാൻ. സേഠിനെ കൊണ്ടുപോയി വിടണം. അതുകൊണ്ടു് പണവും വാങ്ങി ഇവിടെത്തന്നെ നിൽക്കു. പതിനഞ്ചു നിമിഷം കൊണ്ടു് അദ്ദേഹത്തെ കൊണ്ടുപോയിവിട്ടു തിരിച്ചുവരാം.'' എന്നിട്ടു് അയാൾ പോയത്രേ.

യാതൊരു തകരാറുംകൂടാതെ വെങ്കടരായനു് ചെക്കിൻെറ പണം കിട്ടി. വെങ്കിടരായൻെറ തൊട്ടു മുമ്പിൽ നിന്നിരുന്ന ആളുമായി വഴക്കുപിടിച്ചു് ഈററ കയറിയ ഗൃഹസ്ഥൻ കൂടുതലായി ഒന്നും ശ്രദ്ധിക്കാൻ നിൽക്കാതെ ഈ പരിചിതനായ മനുഷ്യൻെറ ചെക്കു് സ്വാഭാവികരീതിയിൽ സ്വീകരിച്ചിരിക്കണം എന്നു തോന്നുന്നു. മൂന്നു നാലു നിമിഷംകൊണ്ടു് വെങ്കടരായൻെറ കൈയിൽ രണ്ടായിരം രൂപ വന്നുചേർന്നു. അയാൾ കൊണ്ടുവന്നിരുന്ന മറെറാരു ചെക്കു് സേഠിൻെറ കണക്കിൽ വരവു് വെയ്ക്കുകയും ചെയ്തു.

ആ പണവും കൈയിൽ വെച്ചുകൊണ്ടു് വെങ്കടരായ താജിമുദ്ദീനേയും പ്രതീക്ഷിച്ചു് ബാങ്കിൻെറ പുറംതിണ്ണമേൽ കുത്തിയിരുന്നു. ഒരു മണിക്കൂർ കാത്തിരുന്നിട്ടും താജിമുദ്ദീൻെറ ഒരു വിവരവും ഇല്ല. മെല്ലെ അയാൾക്കു പരിഭ്രമവും തോന്നി, തന്നെ വല്ലവരും ആക്രമിച്ചു് പണം തട്ടിപ്പറിച്ചുകൊണ്ടു് ഓടിയാലോ എന്നു്. അതുകൊണ്ടു് താജിമുദ്ദീനെ വീണ്ടും അധികനേരം കാത്തുനിൽക്കാതെ പണവുംകൊണ്ടു് തൻെറ മുറിയിൽ വന്നു് തൻെറ ട്രങ്കുപെട്ടിയിൽ വെച്ചു പൂട്ടി, ആ പെട്ടി ഒന്നു ശ്രദ്ധിക്കണമെന്നു് തൻെറ ജ്യേഷ്ഠൻ രാഘവേന്ദ്രനോടു് പറഞ്ഞു വെയ്ക്കുകയും ചെയ്തുവത്രേ. മറെറങ്ങും ജോലി കിട്ടാത്തതു നിമിത്തം ജോലിയും അന്വേഷിച്ചു് ആ ദിവസങ്ങളിൽ രാഘവേന്ദ്ര അയാളോടൊപ്പം തങ്ങിയിരുന്നുവത്രേ. ആ ട്രങ്കുപെട്ടി വിട്ടു് എങ്ങും പുറത്തു പോകരുതെന്നു് അയാളെ താക്കീതുചെയ്തു്, വെങ്കടരായ മററു ജോലികൾക്കായി പുറത്തു പോയി.

സേഠിൻെറ മകൻ ബാബുഭായി വെങ്കടരായനെ കണ്ട ഉടൻ തൻെറ മുറിയിലേയ്ക്കു വരാൻ നിർബ്ബന്ധിച്ചു. അയാൾ ഒരു പോക്കിരി എന്ന പേരു് പണ്ടേ

സമ്പാദിച്ചവനായിരുന്നു. മുറിയിൽ വെച്ച് വെങ്കടരായനോടു ചോദിച്ചു, താജി മുദ്ദീനെ കണ്ടോ എന്ന്. വെങ്കടരായന് ശങ്ക തോന്നിത്തുടങ്ങി. എന്നാലും ഉവ്വെന്ന് മറുപടി പറഞ്ഞു. ചെക്ക തന്നില്ലേ എന്നായി ബാബുഭായിയുടെ പിന്നത്തെ ചോദ്യം. വെങ്കടരായ അതിനും ഉവ്വെന്നുതന്നെ മറുപടി പറഞ്ഞു. ''ചെക്ക മാറിയ പണം താജിമുദ്ദീന് കൊടുത്തോ?'' എന്നു തുടർന്നുള്ള ചോദ്യത്തിനും വെങ്കടരായ 'ഉവ്വ്'' എന്നുതന്നെ മറുപടി നൽകി. മററു പോംവഴി കാണാതെ അങ്ങനെ ഒരു കള്ളം പറയേണ്ടിവന്നുവത്രേ. കള്ളം പറയേണ്ടിവരിക എന്നു വെച്ചാൽ തേറം കുത്തുംപോലെ തോന്നുമത്രേ, വെങ്കടരായന്. നേരു പറഞ്ഞാൽ ബാബുഭായി വിടില്ല. പണം കൊടുക്കാൻ പറഞ്ഞ് കുപ്പായത്തിന്മേൽ പിടികൂടും. അതുകൊണ്ടാണ് വെങ്കടരായ നുണ പറഞ്ഞത്, താജിമുദ്ദീൻെറ മുമ്പിൽ നേരുകാരൻ ആവാൻവേണ്ടി! ഇത്തരം കൗശലബുദ്ധിയുള്ളവനാണ്, വെങ്കടരായ. തൻെറതായ തത്വദീക്ഷ ഒരിക്കലും ഉപേക്ഷിക്കുന്നവനല്ല .......അങ്ങനെ ബാബുഭായി അയാളെ വിട്ടിട്ട് എങ്ങോ പോയി........

താജിമുദ്ദീൻ അന്നു മുഴുവൻ സേഠിൻെറ വീട്ടിൽ വന്നതേയില്ലത്രേ. സേഠാകട്ടെ വൈകുന്നേരത്തെ വണ്ടിക്ക് ബോംബെയ്ക്ക് പോവുകയും ചെയ്തു. പിറേറന്നു കാലത്ത് വെങ്കടരായ പൂജയ്ക്കായി പൂജാമുറിയിൽ ഇരിക്കവേ, രാഘവേന്ദ്ര വന്ന്, ''താജിമുദ്ദീൻ വന്നിട്ടുണ്ട്, ഇപ്പോൾത്തന്നെ പണം വേണമത്രേ'' എന്നു പറഞ്ഞു. താൻ 'ശുദ്ധ'നായി ഇരിക്കുകകാരണം സ്വയം ട്രങ്കുപെട്ടി തുറക്കാൻ വയ്യാത്തതു നിമിത്തം അയാൾ പൂണൂലിന്മേൽ കെട്ടിയിരുന്ന താക്കോൽ എടുത്ത് രാഘവേന്ദ്രൻെറ കൈയിൽ കൊടുത്തു.

എന്നാൽ രാഘവേന്ദ്രൻെറ കൈയിൽ നിന്ന് പണവും വാങ്ങിക്കൊണ്ടു പോയ താജിമുദ്ദീൻ പിന്നീടു തിരിച്ചുവന്നതേയില്ല.

പിന്നീട് പത്തുപന്ത്രണ്ടു ദിവസങ്ങൾക്കുശേഷം കണക്കിൽ അന്തരം കണ്ടതു നിമിത്തം സേഠ് പോലീസിൽ അറിവുകൊടുത്തോ എന്തോ, സന്ദേഹം ഉണ്ടായിട്ട്.... സംഭവം നടന്ന് പതിനഞ്ചു ദിവസങ്ങൾക്കുശേഷം പോലീസ് വന്ന് വെങ്കടരായനെ ലോക്കപ്പിലാക്കി....... പാപം ചെയ്തവൻ താജിമുദ്ദീനോ മററാരോ ആണ്. പക്ഷെ ചെക്ക മാററി എന്നതിനു വെങ്കടരായ കഷ്ടതയനുഭവിച്ചു.

അപ്പോഴേയ്ക്കും രാഘവേന്ദ്ര തിരിച്ചുപോയത്രേ, എങ്ങും ജോലി ശരിപ്പെടാത്തതു നിമിത്തം. വെങ്കടരായ പരിഭ്രാന്തനായി രാഘവേന്ദ്രന് എഴുതി. അയാൾ ഓടിയെത്തി. തൻെറ അളിയനായ കുലകർണ്ണി സ്വാമിരായനെ ജാമ്യത്തിനു നിറുത്തി വെങ്കടരായനെ ലോക്കപ്പിൽനിന്നു മോചിപ്പിച്ചു.

അവിടെനിന്ന് മൂന്നുപേരും ധാർവാറിലേയ്ക്കു തിരിച്ചുവരവേ, വണ്ടിയിൽവച്ച് സ്വാമിരായ, ''നിൻെറ ഭാരം ഞാൻ ചുമക്കാൻപോകയാണ്. നിൻെറ ഭാഗത്തിലുള്ള ഭൂമി എനിക്ക് എഴുതി താ. നിന്നെ എങ്ങനെയാണ്

വിശ്വസിക്കുക!'' എന്നു് ഒരു പിടുത്തം പിടിച്ചുവത്രേ. സ്വാമിരായൻെറ നിർബ്ബന്ധമനുസരിച്ചു് ധാർവാറിൽ വന്ന ഉടൻ ആ ദാനപത്രം എഴുതിക്കൊടുത്തു. പക്ഷെ എഴുതിക്കൊടുത്തശേഷം വെങ്കടരായനു് മേൽക്കുമേൽ വ്യസനം തോന്നിത്തുടങ്ങി. ദാനപത്രത്തിൻെറ ഒരു പ്രതിയും വെങ്കടരായൻെറ കൈവശം ഉണ്ടായിരുന്നില്ല; രാഘപ്പയുടെയും. എന്നാൽ രാഘപ്പ ഒരു കാര്യം ചെയ്തു. ''നിൻെറ ഭാഗം എന്നാൽ എന്താണു്? നമ്മുടെ കൈവശമുള്ള ഭൂമിയിൽനിന്നു് നല്ല ഭൂമി വേണമെന്നു് സ്വാമിരായ മുറുകെപ്പിടിച്ചാൽ എൻെറ ഗതി പിന്നെ എന്തായിരിക്കും? അതുകൊണ്ടു് എങ്ങനെയെങ്കിലും അതിൻെറ ഒരു പ്രതി സ്വാമിരായനിൽ നിന്നു് സമ്പാദിക്കണം'' എന്നു് വെങ്കടരായനെ രാഘപ്പ നിർബ്ബന്ധിച്ചു. ആദ്യമേ പരിഭ്രാന്തനായിത്തീർന്നിരുന്ന വെങ്കടരായ ഇവർ രണ്ടുപേരുടേയും ഇടയിൽപ്പെട്ടു് ഒന്നുകൂടി വിഷമിച്ചു. ''എനിക്കു് വക്കീലന്മാരോടു് ചോദിക്കണം. അതിൻെറ ഒരു പ്രതി എനിക്കു വേണം,''എന്നു് അയാഠം സ്വാമിരായനോടു് പറഞ്ഞു. അദ്ദേഹം അതിനു് വഴങ്ങാഞ്ഞതിനു് വെങ്കടരായ വഴക്കിട്ടിരിക്കണം. അങ്ങനെ ബേജാറായ സ്വാമിരായ ഒരു തവണ ക്രോധം മൂത്തു്, അകത്തുനിന്നു് ദാനപത്രത്തിൻെറ ഒരു പ്രതി എടുത്തുകൊണ്ടുവന്നു്, ''ഞാൻ നിനക്കു് അയ്യായിരത്തിനാണു് ജാമ്യം നിന്നിരിക്കുന്നതു്. അതിനു വേണ്ടതു് ഞാൻ നിൻെറ അടുത്തുനിന്നു് എഴുതിവാങ്ങിയിട്ടുണ്ടു്. ഇതു് തെററായിപ്പോയി എന്നു നാലാഠം പറയട്ടെ. എന്നാൽ ഞാൻ എൻെറ കാതിൽ കല്ലുതുക്കിയിടാം'' എന്നു് ആക്രോശിച്ചു് പത്രം വെങ്കടരായൻെറ നേരെ വീശിയെറിഞ്ഞുവത്രേ.

വെങ്കടരായ അതുംകൊണ്ടു് രാഘപ്പയുടെ വീട്ടിൽ വന്നു. പിറേറന്നു കാലത്തു് രണ്ടുപേരുംകൂടി പോയി വക്കീലിനെ കണ്ടു് ആ ദാനപത്രത്തെപ്പററി സംസാരിക്കണമെന്നു തീർച്ചപ്പെടുത്തി. അന്നു വെങ്കടരായ അവിടെത്തന്നെ ഭക്ഷണം കഴിച്ചു കിടന്നുറങ്ങി. എന്നാൽ രാത്രി പതിനൊന്നു മണിക്കു് പോലീസുകാർ വന്നു് വാതിൽക്കൽ മുട്ടാൻ തുടങ്ങിയത്രേ,അറസ്ററുചെയ്യണമെന്നുപറഞ്ഞു്. ഇനിയും അവരുടെ കൈയിൽ അകപ്പെടരുതെന്നു നിശ്ചയിച്ചു്, പിൻവാതിലിലൂടെ ഓടി, സ്റ്റേഷനിൽ ചെന്നു വണ്ടി പിടിച്ചു്, ബോംബെയിൽ എത്തിച്ചേർന്നു, വെങ്കടരായ........ഈ ഭാഗം വെങ്കടരായ പറഞ്ഞതനുസരിച്ചു് എഴുതിയതാണു്. എന്നാൽ അതിനെപ്പററി എനിക്കു ചില സന്ദേഹങ്ങളുമുണ്ടു്.

ബോംബെയിൽ വന്നു് നാലഞ്ചു ദിവസത്തിനുശേഷം ഈ മാവുമില്ലിൻെറ ഉടമസ്ഥൻെറ വീട്ടുവേലയ്ക്കായി നിന്നു, വെങ്കടരായ. പിന്നീടു് ഈ മിൽ ആരംഭിച്ചപ്പോഠം മുതൽ, അയാഠം വെങ്കടരായനെ മില്ലിലെ വേലയ്ക്കു നിറുത്തി. അന്നുമുതൽ അയാഠം അങ്ങനെ അജ്ഞാതവാസത്തിൽ കാലംപോക്കിവരികയാണു്. ഈ ദാനപത്രം നോക്കിയവരിൽ ഞാനൊരുത്തൻ മാത്രമേ, ''നിങ്ങളുടെ ഭാഗം നിങ്ങാഠക്കു കിട്ടും'' എന്നു് അഭിപ്രായപ്പെട്ടുള്ളൂ എന്നു് വെങ്കടരായ പറയുകയുണ്ടായി.

സംഭവത്തെ, തൻെറ ദൃഷ്ടിയിലൂടെ നോക്കുംപടി വെങ്കടരായ പറഞ്ഞതനുസരിച്ചു് എഴുതിയതാണു്, ഈ സംഗതികഠം. തൻെറ പകർച്ചസ്വഭാവം

നിമിത്തം, സംഗതികഠം തിരിച്ചുമറിച്ച് അയാഠം കണ്ടിരിക്കുമെന്നതു തീർച്ച. എന്നാൽ ഈ സ്ഥിതി വെച്ചു നോക്കുമ്പോഠംത്തന്നെ ചില സന്ദേഹങ്ങഠം കണ്ണിൽ പെടാവുന്നതാണ്. വെങ്കടരായൻെറ വായിൽനിന്നു് ഈ സംഗതികഠം അങ്ങു കേട്ടാൽ അങ്ങയ്ക്കും ഈ സന്ദേഹങ്ങഠം ഉണ്ടാകും. ഈ കത്തിൽ അവ മുഴുവനും സ്പഷ്ടമാക്കാൻ കഴിഞ്ഞില്ലെങ്കിലും ചിലതു ഞാൻ എഴുതുകയാണ്.

ഒന്നാമത്തെ സംഗതി: വെങ്കടരായ തൻെറ കൈവശമുള്ള കടലാസ്സ് ദാനപത്രത്തിൻെറ പ്രതിയെന്നുതന്നെ വിശ്വസിക്കുന്നു. അതു് ദാനപത്രത്തിൻെറ അസ്സൽ തന്നെ എന്നു് സംശയം വരത്തക്ക ചില കാരണങ്ങഠം ഞാൻ മുൻ കത്തിൽ എഴുതിയിരുന്നതു് ഓർമ്മിക്കുമല്ലോ. രജിസ്റ്റർ ചെയ്യുതിൻെറ മുദ്രയില്ലാത്തതു കാരണവും മഷി പഴകിയതു കാരണവും അതു നക്കൽപോലെ തോന്നുന്നുവെന്നുമാത്രം. ഇതിനെ ബലപ്പെടുത്തുന്ന മറെറാരു സംഗതി എന്തെന്നാൽ സ്വാമിരായ ദേഷ്യപ്പെട്ടു് ഈ കടലാസ്സ് വെങ്കടരായൻെറ നേരെ വീശിയെറിഞ്ഞുവത്രേ. അങ്ങനെയെങ്കിൽ അസ്സൽ പ്രതി കൊടുത്തു എന്ന ഊഹം അയാഠംക്കു് ഉണ്ടാവാൻ വഴിയില്ല. രണ്ടാമത്തെ കോപ്പിയായ അസ്സൽ പ്രതി മാത്രമായിരിക്കും കൊടുത്തിരിക്കുക. രണ്ടുമൂന്നു കോപ്പികഠം തയ്യാറാക്കി ഒരിടത്തു തന്നെ വെച്ചിരുന്നാൽ, കോപാവേശത്തിനിടയ്ക്കു് ഇങ്ങനെ സംഭവിക്കാവുന്നതത്രേ.

രണ്ടാമത്തെ സംഗതി: ജാമ്യം കൊടുത്തതിനുശേഷവും പോലീസ് എന്തിനു വന്നു? സമൻസ് അയച്ചാൽ മാത്രം മതിയല്ലോ. പോലീസ് പിടിക്കാൻ വന്നതു് യഥാർത്ഥമാണോ, അതോ വെങ്കടരായൻെറ ഭീതിയുടെ ഭൂതമോ?

മൂന്നാമത്തെ സംഗതി: വെങ്കടരായ ബോംബെയ്ക്കു് ഓടിപ്പോന്നശേഷം സ്വാമിരായൻെറ നില എന്തായിരുന്നിരിക്കും?........കേവലം അങ്ങനെ ഒരു ഭയം നിമിത്തം അദ്ദേഹം സ്വത്തു് എഴുതിവാങ്ങി എന്നതു് സത്യമാണ്. എന്തെങ്കിലും സംഭവിച്ചാൽ, തൻെറ കൈയിൽനിന്നു പോയ പണത്തിനു പകരം സമ്പത്തുണ്ടല്ലോ എന്ന ഒരു മൂഢ ധൈര്യവും അദ്ദേഹത്തിനു് ആദ്യം ഉണ്ടായിരുന്നിരിക്കണം. എന്നാൽ തിരഞ്ഞുനോക്കിയ സമയത്തു് അസ്സൽ ദാനപത്രംതന്നെ കാണാതായിരിക്കുന്നു എന്നു് അറിഞ്ഞ ഉടൻ, അദ്ദേഹത്തിൻെറ ഹൃദയത്തിനു ആഘാതം ഏററിരിക്കുമോ?........എന്നാൽ അമ്മാതിരി സംഗതികളെപ്പററി വെങ്കടരായനു് യാതൊരു ചിന്തയും ഇല്ല. ഇപ്പോഴേയ്ക്കു് തൻെറ സമ്പത്തെല്ലാം സ്വാമിരായൻെറ കൈവശത്തിലായിട്ടുണ്ടാകുമെന്നും സ്വാമിരായൻ അങ്ങനെ സുഖമായി വാഴുകയാണെന്നുമാണ് ഇന്നും വെങ്കടരായൻെറ വിചാരം. സത്യാവസ്ഥ അറിഞ്ഞാൽ ഒരുപക്ഷെ വളരെ ദുഃഖിച്ച് അയാഠംക്കു ബുദ്ധിഭ്രംശം വരാൻ വഴിയുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തിൽ നമുക്കു് ശ്രദ്ധിക്കേണ്ടതുണ്ടു്.

ഇതെല്ലാററിനുശേഷവും മുഖ്യമായ രഹസ്യം അവശേഷിക്കുന്നതേയുള്ള, ഇനിയും. കള്ളച്ചെക്കിൻെറ മുഖ്യ സംഘാടകൻ ആരാണ്? വെങ്കടരായനെ

കാണാതായശേഷം പോലീസ് പരിശോധന നടത്തിയില്ലേ?....അയാളുടെ അഭാവത്തിൽത്തന്നെ ശിക്ഷ വിധിച്ചോ?... ഇതെല്ലാം പ്രധാനപ്പെട്ട പ്രശ്നങ്ങളത്രേ എന്നാൽ അവയെപ്പററി അന്വേഷണം നടത്തേണ്ടതു് മററൊരു വശത്തുനിന്നാണ്. ഇതിനെപ്പററി അന്വേഷണം നടത്തണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. പഴയ കോർട്ടുവിധികൾ സമ്പാദിക്കുന്നതിനു ഞാൻ പരിശ്രമിക്കുന്നതാണ്. കഴിയുമെങ്കിൽ തഖ്ത്മൽ സേഠിനേയും കാണുന്നതാണ്.

ഈ കഥ പൂർണ്ണമായി അറിയാൻകഴിഞ്ഞാൽ ഞങ്ങളുടെ പത്രത്തിൽ സാങ്കല്പിക നാമങ്ങൾ ഉപയോഗിച്ചു് ഒരു തുടർക്കഥയായി ഇടാൻ ഉദ്ദേശ്യമുണ്ടു്. ചില സംഗതികൾ അറിയിച്ചപ്പോൾ ഞങ്ങളുടെ പത്രാധിപർക്കു് വളരെ സന്തോഷം തോന്നി....ഇന്ത്യയിൽത്തന്നെ നടന്ന ഇത്തരം ഹൃദയഭേദകങ്ങളായ വിഷയങ്ങൾ എഴുതാൻ ആരും ഇല്ലാതായല്ലോ!....വിനോദശകലംപോലും വിദേശത്തുനിന്നു് സ്വീകരിക്കേണ്ടിയിരിക്കുന്നു. കഥകളും അതുപോലെതന്നെ. അവയെല്ലാം വിദേശത്തെ ചുററുപാടിൽ എഴുതപ്പെട്ടവയും!....ഇങ്ങനെ അദ്ദേഹം ആവലാതിപ്പെട്ടു....എന്നിട്ടു് ഇതു് തുടർക്കഥയായി എഴുതാൻ നിർദ്ദേശിക്കുകയും ചെയ്തു....പൂണെ (പൂന) വരെ പോയിവരാൻ പണം അയച്ചുതരാമോ?

എൻെറ പഠിപ്പു ഭംഗിയായി മുന്നോട്ടുപോകുന്നു. ആരോഗ്യം മോശമില്ല. മാതൃശ്രീക്കു നമസ്ക്കാരങ്ങൾ. അനുജന്മാർക്കു് ആശീർവാദങ്ങൾ.

എന്നു്,

—അച്യുതരായൻ

## 34. തീകൊണ്ടുള്ള കളി

മകളേയും മരുമകനേയും പറഞ്ഞയയ്ക്കാനുള്ള സന്ദേശം കിട്ടിയപ്പോൾ, രാഘപ്പു, ''എടോ ദേസായി, നെഗളിച്ചോ! ഞാൻ നിൻെറ കൊണ്ടതെയ്ക്കു പിടിച്ചോളാം. സ്വല്പം കാത്തിരിക്കു!'' എന്നു പുലഭ്യം പറഞ്ഞുകൊണ്ടാണ്, അദ്ദേഹം പറഞ്ഞതുപോലെ ചെയ്തതു്. മരുമകനേയും മകളേയും തൻെറ വീട്ടിലേയ്ക്കു വിളിച്ചുവരുത്തി, ''നിങ്ങൾ എല്ലാവരും ഒന്നായി കഴിയണം. വളരെ കഷ്ടപ്പെട്ടവളാണ് എൻെറ അക്കൻ. അവരെ വേദനിപ്പിക്കരുതു്!'' എന്നെല്ലാം യഥാർത്ഥത്തിൽ വ്യസനിച്ചുകൊണ്ടുതന്നെ ഉപദേശിക്കുകയുണ്ടായി. രത്നയുടെ കല്യാണം കഴിഞ്ഞിട്ടും രാഘപ്പ ഒററ ദിവസമെങ്കിലും ഗംഗവ്വയുടെ വീട്ടിൽ കാലെടുത്തുകുത്തിയിട്ടില്ല. ഗംഗവ്വയും രാഘപ്പയുടെ വീട്ടിൽ കാലെടുത്തുകുത്തിയിട്ടില്ല. ഗംഗവ്വയ്ക്കു രാഘ്യ എന്നു പറഞ്ഞാൽ ലോകത്തിലെ സർവ്വ പാപങ്ങളുടേയും ഒരു മൂർത്തീകരണമായിരുന്നു. അവർക്കു് അത്ര ദ്വേഷമുണ്ടായിരുന്നു, അയാളുടെ നേരെ. രാഘപ്പയ്ക്കു്, ഗംഗവ്വ എന്നു പറഞ്ഞാൽ സ്വന്തം പിടിവാദംകൊണ്ടു് തന്നെ വഴക്കാൻ കഴിയുന്ന, തന്നോടു പൊരുതാൻ കഴിയുന്ന ഒരു ശക്തിസ്വരൂപിണി ആയിരുന്നു. എന്നാലും ചില സമയം ഗംഗവ്വയുടെ കാര്യം വരുമ്പോൾ

അയാളുടെ ഹൃദയത്തിൽ കരുണരസം നിറയാറുണ്ട്. കല്യാണനിശ്ചയത്തിന്റെ കാലത്തു് അയാൾക്കു് കരച്ചിൽ വരികയുണ്ടായി....ഗംഗവ്വ ഭക്ഷണം കഴിക്കാതെ ഇരിക്കുന്നു, അതിലുംവെച്ച് ദേസായിയുടെ വീട്ടിൽ കഴിയുന്നു എന്ന വാർത്ത മകളിൽനിന്നു് അറിഞ്ഞപ്പോൾത്തന്നെ അയാളുടെ ഹൃദയം അലിഞ്ഞു നീരായി. അയാളുടെ ഹൃദയവേദന അറിഞ്ഞപ്പോൾ മരുമകനും മകളും പോകാൻ സമ്മതിച്ചു.

തന്റെ മനസ്സിലുള്ളതുതന്നെയാണ് ദേസായിയും പറഞ്ഞതു് എന്നാക്കിത്തീർത്തു് രാഘപ്പ, മരുമകനേയും മകളേയും പിറേറന്നുതന്നെ പോകാൻ നിർബ്ബന്ധിക്കുകയാണ് ഉണ്ടായതു്. ദുർബ്ബുദ്ധിയുടെ സവിശേഷത എന്തെന്നാൽ സൽബ്ബുദ്ധി ഉപദേശിച്ചതനുസരിച്ച് പ്രവർത്തിക്കണമെങ്കിലും അതു് തന്റേതായ ചില കാരണങ്ങളും കണ്ടുപിടിച്ചതിനുശേഷമേ ചെയ്യൂ.

എന്നാൽ ഇതിന്റെയെല്ലാം പരിണാമം മറെറാരു വിധത്തിൽ ആയിത്തീർന്നു. രാഘപ്പ ഒരിക്കലും കരുതിയിരുന്നില്ല, തന്റെ അശ്രദ്ധകൊണ്ടു പററിയ ഒരു സംഗതി ദുരുപയോഗപ്പെടുത്തി, തന്റേയും തന്റെ മകളുടേയും നടുവിൽ ഒരു ഭേദഭാവം ഉണ്ടാക്കിവിടും ദേസായി എന്നു്. രണ്ടുമൂന്നു ദിവസം കൂടുമ്പോൾ ഒരിക്കൽ പാഞ്ഞുവരാറുള്ളവൾ ആയിരുന്നു, രത്ന. വഴക്കുണ്ടാക്കി അന്നു പോയവൾ പതിനഞ്ചു ദിവസം കഴിഞ്ഞിട്ടും വന്നില്ല. ഒന്നുരണ്ടു തവണ വഴിയിൽവെച്ച് കിട്ടിയെ കാണുകയുണ്ടായി. തന്റെ മകളുടെ കാര്യത്തെപ്പററി അയാളോടു് എന്തു ചോദിക്കാനാണ്? രത്നയെ കാണാഞ്ഞതു നിമിത്തം ഒരു പിടപ്പു തുടങ്ങി. ''എന്തുമാകട്ടെ. ഭർത്തൃഗൃഹത്തിൽ സുഖമായി വാഴട്ടെ!'' എന്നു പറഞ്ഞു് മനസ്സിനെ നിയന്ത്രിച്ചു.......ഇനിയും താൻ രാവണൻ തന്നെയാണ്.......വിനാശകാലം വന്നു. ''ഓരോന്നും നശിപ്പിക്കാൻ തുടങ്ങി, ഞാൻ!'' എന്നു പുലമ്പിക്കൊണ്ടു്, ''ആകട്ടെ, എടോ ദേസായി, തന്നെ ഒരു തവണയെങ്കിലും ഞാൻ കുനിപ്പിച്ചോളാം!'' എന്നു് ഉറപ്പിച്ചു, രാഘപ്പ.

രണ്ടു് ആശകൾ, ഒരു ഭ്രാന്തുപോലെ, അയാളെ പിന്തുടർന്നുകൊണ്ടിരുന്നു, എപ്പോഴും. ഒരു മകൻ ഉണ്ടാവണം. അതിനു് 'സത്യനാരായണപൂജ' നടത്തി. നേർച്ചകൾ നേർന്നു. ബോംബെയിലെ ഒരു സുപ്രസിദ്ധ ജ്യോത്സ്യനു് അഞ്ചുരൂപ മണിയോർഡർ അയച്ച് രണ്ടു ചോദ്യങ്ങൾക്കു മറുപടി വരുത്തി.......മറുപടി മകൻ എന്നു തന്നെ........അഞ്ചു് അണയും അഞ്ചു് അടയ്ക്കയും കൊടുത്താൽ, ദേവിയുടെ പേരിൽ പ്രശ്നം പറയുന്ന ജോഗവ്വയും അതുതന്നെയാണ് പറഞ്ഞതു്........അങ്ങനെ ആ സംഗതിയിൽ രാഘപ്പ സമാധാനത്തോടെ കഴിഞ്ഞുകൂടി........

ഇനി മറെറാരു ആശ.......ശാന്തയെ വസന്തനു് കല്യാണംകഴിച്ചുകൊടുക്കണം. ദേസായിയുടെമേൽ വലുപ്പം സ്ഥാപിക്കാൻ അതേ ഒരു ഉപായമുള്ളു. തന്റെ വീട്ടിലേയ്ക്കു് വന്നുംപോയുംകൊണ്ടിരിക്കാൻ വസന്തനെ കൂടുതൽ കൂടു

തൽ പ്രേരിപ്പിച്ചുകൊണ്ടിരിക്കണം........വരുമ്പോഴൊക്കെ ശാന്തതന്നെ ചായ കൊണ്ടുവന്ന കൊടുത്തു. എന്നാൽ അതിനെപ്പററി വസന്തൻ ഒന്നും മിണ്ടിയില്ല. അയാഠംക്കു് ഒരു സങ്കോചം........മറെറാരു ഉണ്ടികവ്യാപാരിയെ കിട്ടിയാൽ രാഘപ്പ, തന്നെ സ്വീകരിക്കുമോ? വെറും ഖാദിയുടുപ്പിൻെറ ഉപയോഗമെന്താണു്? തനിക്കു ശാന്തയെ തരുവാൻ യഥാർത്ഥത്തിൽ ഉദ്ദേശ്യമുണ്ടെങ്കിൽ രാഘപ്പ എന്തുകൊണ്ടു് സ്വയം സ്പഷ്ടമായി പറയുന്നില്ല?........തൻെറ വീട്ടിലെ ''ഗോതമ്പുപായസ''ത്തിൽ നിന്നു ഭിന്നമായ പുതിയതരം ഭക്ഷണപദാർത്ഥങ്ങഠം കഴിക്കാനും കിസ്സകഠം പറയാനും ശീട്ടുകളിക്കാനും വസന്തൻ രാഘപ്പയുടെ വീട്ടിൽ, മറെറങ്ങും ദൃഷ്ടി പായിക്കാതെ, വന്നുംപോയുംകൊണ്ടിരുന്നു........''

എന്നാലും വസന്തനു് ഒരു സംശയം ഉണ്ടാവാതിരുന്നില്ല... പെണ്ണു്, തന്നിലേയ്ക്കു് ആകൃഷ്ടയായപോലെ....അല്ലെങ്കിൽ, രാഘപ്പ വീട്ടിൽനിന്നു പുറത്തു കടന്ന ഉടൻ, പൂ പറിക്കുകയാണെന്ന വ്യാജേന അവഠം തന്നേയും കാത്തു് എന്തിനു തോട്ടത്തിൽ കാത്തുനില്ക്കണം?........

നാടകബഹളക്കാലത്തു് വസന്തൻ തനിക്കുവേണ്ടി ഒരു കൃത്രിമ മുത്തുമാല ഉണ്ടാക്കിവെച്ചിരുന്നു. അതു് ഇപ്പോഠം പെണ്ണുങ്ങഠംക്കു ധരിക്കാൻ പ്രാകത്തിനു് ആക്കി. എന്നിട്ടു് കീശയിൽ ഇട്ടുകൊണ്ടു് നടക്കുകയായിരുന്നു. ശാന്തയ്ക്കു കൊടുക്കണമെന്നു് ആശിച്ചിട്ടു്, അവസാനം ആ സുസന്ദർഭം ലഭിച്ചു. എന്നാൽ സ്ഥലം അതിനു പററിയതായിരുന്നില്ല. വഴിക്കുവെച്ചാണു് അവളെ കണ്ടുമുട്ടിയതു്. വീട്ടിൽവെച്ചു ശാന്തയെ ഒരിക്കലും ഒററയ്ക്കു കാണാൻ കഴിഞ്ഞിട്ടില്ല. അതിനെപ്പററി ചമ്പക്ക പൂർണ്ണമായും ശ്രദ്ധിച്ചിരുന്നു.

കൂട്ടുകാരിയുടെ വീട്ടിൽനിന്നു മടങ്ങിയിരുന്ന ശാന്ത, വഴിയിൽവെച്ചു് വസന്തൻെറ നേരെ മുന്നിൽ ചെന്നുപെട്ടു. അയാഠം വഴിയിൽവെച്ചു സംസാരിക്കുമെന്നു് അവഠം തൻെറ കിനാവിലും മനസ്സിലും കണ്ടിരുന്നില്ല. എന്നാൽ അയാഠം അവളുടെ മുമ്പിൽ ഒരു തൂണപോലെ നിന്നു്, ''രാഘപ്പ സ്ഥലത്തുണ്ടോ?'' എന്നു ചോദിച്ചു.

''ഉണ്ടല്ലോ?''

''വീട്ടിൽ ഉണ്ടോ?''

''പുറത്തേയ്ക്കു പോയിരിക്കയാണു്.''

''ഇതു നോക്കുന്നോ?'' എന്നു ചോദിച്ചു് വസന്തൻ കീശയിൽ നിന്നു മാല എടുത്തു്, അകലെ നിന്നുകൊണ്ടുതന്നെ, തികച്ചും ആജ്ജവത്തോടെ, അവളുടെ കൈയിലേയ്ക്കു് ഇട്ടുകൊടുത്തു.

വളരെ കൊതിയോടെ അതിന്മേലേയ്ക്കു നോക്കി, അതിൻെറ വലിയ മുത്തുകളിന്മേൽ വളരെ മൃദുവായി അവഠം തൻെറ വിരലുകഠം ഓടിക്കാൻ തുടങ്ങി. അവളുടെ ആ വിരലുകഠം ആ മുത്തുകളെപ്പോലെതന്നെ കാണായി. വളരെ

ഉത്സാഹത്തോടെ വസന്തൻ പറഞ്ഞു: ''അവ നല്ല മുത്തുകളല്ല; കൃത്രിമ മുത്തുകളാണ്!''

''ഇതു് നിങ്ങളുടെ അമ്മയുടേതാണോ?'' എന്നു് അവരം അക്ഷമയോടെ ചോദിച്ചു, എന്താണു് സംസാരിക്കേണ്ടതെന്നു് അറിയാതെ.

''എൻെറതന്നെയാണു്. ഗ്രാമത്തിൽ നാടകം കളിക്കുന്ന കാലത്തു് രാജാപ്പാർട്ടിനുവേണ്ടി ഉണ്ടാക്കിച്ചതാണു്. ഇഷ്ടപ്പെട്ടുവെങ്കിൽ നീ എടുത്തോ!'' എന്നു് അയാരം പറഞ്ഞു.

അവരംക്ക പരിഭ്രമമായി. തെരുവിൽ അങ്ങുമിങ്ങും നോക്കുമ്പോരം അടുത്ത വീട്ടിലെ പെണ്ണുങ്ങരം കാകദൃഷ്ടിയോടെ ആ രംഗം ശ്രദ്ധിക്കുന്നതായി കാണപ്പെട്ടു. അവർ തെല്ലു് അകലെ ആയിരുന്നതു നിമിത്തം ആ സംഭാഷണം കേട്ടിരിക്കാൻ ഇടയില്ല. എന്നാൽ അതെല്ലാംതന്നെ ശരിയായി തോന്നിയില്ല, ശാന്തയ്ക്കു്. പണ്ടു് ഘോഷയാത്രയിൽ പങ്കെടുത്തിരുന്ന കാലത്തു്, ചില പഴയ 'കഴപ്പെണ്ണു'ങ്ങരം, അവളെ ചൂണ്ടി, ''ചമ്പിടെ മോരം! പിന്നല്ലാതെ ആരിങ്ങനെ നടക്കും?'' എന്നു പറയുമ്പോരം തോന്നിയ ഉപമാനം അവരംക്കു് ഇപ്പോരം ഓർമ്മവന്നു. താൻ വേണ്ട, വേണ്ട എന്നു പറഞ്ഞു് ഒഴിഞ്ഞാൽ ഈ പൊണ്ണൻ വഴി വിടാതെ നില്ക്കും, അതു് എടുക്കാൻ നിർബ്ബന്ധിച്ചുകൊണ്ടു്. അതിനുംപുറമെ എത്ര നല്ല മുത്തുകളും!... അതുകൊണ്ടു്, 'കൂട്ടുകാരികളെ കാണിച്ചുകൊടുത്തിട്ടു തരാം'' എന്നു മാത്രം പറഞ്ഞു് അതു കൈയിൽ പിടിച്ചു് ആട്ടിക്കൊണ്ടു് അവരം മുന്നോട്ടു നീങ്ങി.

വസന്തൻ ഉന്മത്തനായി, ധന്യനായി.

XX XX XX

ദിവസം പോകുന്തോറും രാഘവപ്പൂയ്ക്കു് സഹനശക്തി കുറഞ്ഞുവന്നു. ഒരു നാരം അയാരം വസന്തൻെറ മുമ്പിൽ പ്രത്യക്ഷമായിത്തന്നെ സംഗതി മലർത്തിവെച്ചു:

''എടോ വസന്താ, ഞാൻ ശാന്തയെപ്പററി വളരെ ആലോചിച്ചു.... ആ ഉണ്ടികക്കാരൻ ഗോവിന്ദരായൻെറ മകൻ ശാന്തയെ കെട്ടിക്കൊണ്ടുപോയി എന്നു വെയ്ക്കുക. അവരുടെ വീടിൻെറ ഉള്ളു് എങ്ങനെയെന്നു് ആർക്കറിയാം? കണ്ടാൽ പണക്കാർ തന്നെ. എന്നാൽ ഈ ഉണ്ടികക്കാരുടെ കാര്യം പറയാൻമേല. വലിയ കൊതിയന്മാരായിരിക്കും.........വീട്ടിനുള്ളിൽ ഒരു കലഹമല്ലെങ്കിൽ മറെറാരു കലഹം....വിഷം....കുട്ടി....കുടുംബം മുഴുവൻ ശാപം ഏററതായിരിക്കും....സന്തതികരം ഭ്രാന്തരോ മന്തന്മാരോ ആവും....മൊത്തത്തിൽ എനിക്കു ധൈര്യം വരുന്നില്ല. അതുപോകട്ടെ....അതുകൊണ്ടു് ഞാൻ ഒന്നു് ആലോചിച്ചുവെച്ചിട്ടുണ്ടു്''

''എന്താണു്?''

''ഇന്നേയ്ക്കു രണ്ടുകൊല്ലമായി, നാം തമ്മിൽ സ്നേഹമായിട്ട്. നിൻെറ സ്വഭാവം എനിക്കു വളരെ ഇഷ്ടമായി. നിൻെറ അച്ഛൻെറനേരെ എൻെറ ഭക്തി ദിവസംതോറും ഏറിവരാൻ തുടങ്ങിയിരിക്കുന്നു.... നിൻെറ പൊക്കം, നിൻെറ രൂപം, നിൻെറ സ്വഭാവം—ഇവയെല്ലാം നമ്മുടെ ശാന്തയ്ക്കു് പൊരുത്തപ്പെടും. നിനക്കു് നമ്മുടെ ശാന്തയെ തന്നാൽ ഞാൻ ധന്യനാകും. ഞാൻ മാത്രമല്ല, നീയും ധന്യനാവും. നിൻെറ അച്ഛനും ധന്യനാകും. നിൻെറ കുലദൈവവും ധന്യമാകും. ഇതിൽ എനിക്കു യാതൊരു സന്ദേഹവുമില്ല.... രണ്ടു ദിവസമായി, ഈ ആലോചന എനിക്കുണ്ടായിട്ട്....ആലോചിക്കുംതോറും എനിക്കു് ഉറക്കംവരുന്നേയില്ല. സ്വയം നിയന്ത്രിക്കാൻ ആവാത്തതുകൊണ്ടു് നിന്നോടു പറഞ്ഞുപോയതാണ്.''

വസന്തൻ പേർത്തും പേർത്തും സന്തോഷിച്ചു.

''ഞാൻ ഒരിക്കലും അങ്ങു പറയുന്നതു് അതിക്രമിക്കില്ല. എൻെറ അച്ഛനെ സമ്മതിപ്പിക്കു. ഞാൻ നാളെത്തന്നെ ചെയ്യാൻ തയ്യാറാണ്.'' എന്നു് വസന്തൻ പറഞ്ഞു.

രാഘപ്പ ഇതു പ്രതീക്ഷിച്ചതന്നെയാണു് ഇരുന്നതു്. അതിനു് അയാൾക്കു തക്ക മറുപടിയും തയ്യാറുണ്ടായിരുന്നു....ദേസായിക്കു തന്നെപ്പററി നല്ല അഭിപ്രായമില്ല. അദ്ദേഹം താനേ സമ്മതിക്കുക എന്നതു് സാധ്യമേ അല്ല. മാത്രമല്ല, ഒരു തവണ അദ്ദേഹത്തിൻെറ വായിൽനിന്നു്, ''സാധ്യമല്ല'' എന്നു് പുറത്തു വന്നതിനുശേഷം അതു് മാററുന്നതു് കഠിനവുമാണ്. ആദ്യം അച്യുതരായൻെറ കല്യാണമാകട്ടെ, അതിനുശേഷമാവാം വസന്തൻെറ കല്യാണാലോചന എന്ന ഒഴികഴിവു് പിടിച്ചു നിൽക്കുകയും ആവാം....ആ മാർഗ്ഗംതന്നെ രാഘപ്പയ്ക്കു സമ്മതമായിരുന്നില്ല. അയാളുടെ കിനാവുതന്നെ വേറെ ആയിരുന്നു....വസന്തൻ താനേ അച്ഛനോടു കല്യാണക്കാര്യം ചോദിക്കണം. വഴക്കിടണം. വീടുവിട്ടു പുറത്തുപോരണം. എന്നിട്ടു തൻെറ വീട്ടിൽ അയാൾ താമസിക്കണം. തൻെറ മകളെ കെട്ടണം. അച്ഛനെതിരെ കേസ്സുകൊടുത്തു് സ്വന്തം ഭാഗം സമ്പാദിച്ചു് സ്വതന്ത്രനായി അയാൾ നടക്കണം, തൻെറ ഉപദേശവും കേട്ടുകൊണ്ടു്.... ഇതൊക്കെ ആയാൽ മാത്രമേ തൻെറ 'കൈപ്രസാദം' ദേസായിക്കു നൽകിയപോലെ ആവുകയുള്ളൂ.... ഈ പദ്ധതിയനുസരിച്ചു്, രാഘപ്പ തെല്ലു് ആലോചിച്ചു്, പറഞ്ഞു:

''അതായതു് നിൻെറ സമ്മതം ഉണ്ടു്, അല്ലേ? ഉള്ള മനസ്സിനു് ഉറപ്പുണ്ടല്ലോ, ഇല്ലേ? ആദ്യം നിൻെറ മനസ്സു കട്ടിയാകട്ടെ. പിന്നീടു വേണ്ടതു് ഞാൻ പറയാം....''

''അതെ. എൻെറ മനസ്സിനു് ഉറപ്പുണ്ടു്'' എന്നു വസന്തൻ തിടുക്കത്തോടെ പറഞ്ഞു.

''ഇനി മുമ്പോട്ടുള്ള പ്രശ്നം. ഇപ്പോൾ ശാന്തയ്ക്കു് പതിനഞ്ചു കഴിഞ്ഞു് പതിനാറു നടപ്പാണ്. ഇനി മൂന്നു കൊല്ലംകൂടി കഴിയട്ടെ, ഞാൻ കല്യാണം കഴിച്ചോളാം, എന്നെങ്ങാനും പറയുമോ നീ?....ആദ്യമേ പറഞ്ഞേയ്ക്കു്!''

''ഇങ്ങനെ എപ്പോഴെങ്കിലും ഞാൻ പറഞ്ഞോ?''

''നീ പറഞ്ഞില്ലെങ്കിലും നിൻെറ അച്ഛൻ അങ്ങനെ പറഞ്ഞാലോ... അച്ഛനെ സമ്മതിപ്പിക്കാൻ പറഞ്ഞല്ലോ, നീ....ഞാൻ പറഞ്ഞാൽ നിൻെറ അച്ഛൻ സമ്മതിക്കുമെന്നതു നേരുതന്നെ. എന്നാൽ....മൂത്ത മകൻ പഠിക്കുകയാണ്. അയാളുടെ പഠിപ്പു കഴിയട്ടെ, എന്നിട്ട് വസന്തൻെറ കല്യാണം ആലോചിക്കാം എന്നു നിൻെറ അച്ഛൻ പറയും. അങ്ങനെതന്നെ പറയുന്ന ഒരാളുമാണ്, അദ്ദേഹം....അങ്ങനെ പറഞ്ഞാൽ അദ്ദേഹം ഒരു തെററു ചെയ്യുകയുമല്ല. നാട്ടുനടപ്പ് അനുസരിച്ച് എല്ലാം നടക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്, എല്ലാ കാരണവന്മാരും. അദ്ദേഹം അങ്ങനെ പറഞ്ഞാൽ മൂന്നു നാലു കൊല്ലം കാത്തു നിൽക്കാൻ എന്നെക്കൊണ്ട് ആവില്ല. പതിനാറു തികയുന്നതിനുമുമ്പുതന്നെ ശാന്തയുടെ കല്യാണം കഴിക്കണമെന്നാണ് എൻെറ ആഗ്രഹം....''

''അങ്ങനെയാണെങ്കിൽ ഞാൻ എന്തുചെയ്യണം?'' എന്നു വസന്തൻ വിഭ്രാന്തിയോടെ ചോദിച്ചു, പണ്ടത്തെ 'കപാലമോക്ഷം' ഓർമ്മിച്ചപോലെ ചെന്നി തടവിക്കൊണ്ട്.

''എല്ലാം നിൻെറ കൈയിൽ ആണ്. എൻെറ മകളെ കല്യാണം കഴിക്കണം എന്ന് നിൻെറ മനസ്സിൽ സത്യമായും ആഗ്രഹമുണ്ടെങ്കിൽ, നീ അച്ഛനോട് സ്പഷ്ടമായി പറയണം. നിനക്ക് ആവേശമുണ്ടെങ്കിൽ നീ അതു പറയുക തന്നെ ചെയ്യും. ഇതിനെപ്പററി ഞങ്ങളെപ്പോലുള്ളവർക്ക് സംസാരിക്കാൻ സാധ്യമേ അല്ല. എന്തുകൊണ്ടെന്നാൽ, നോക്കു്, എനിക്കും ആയി ഏതാണ്ട് അർദ്ധപുരുഷായുസ്സ്; നാലു മനുഷ്യരുടെ മദ്ധ്യത്തിൽ എന്നേയും ഒരു യജമാനൻ ആയി കരുതുന്നു. അന്യരുടെ വീടുകളിൽ കല്യാണം, ഉപനയനം എന്നും പറഞ്ഞു് ഓടിനടന്നിട്ടുണ്ട്. സ്വന്തം മകളുടെ കല്യാണവും നടത്തിയിട്ടുണ്ട്............ ഞാൻ ഈ സംഗതി പറഞ്ഞാൽ, നിൻെറ അച്ഛൻ ''ജ്യേഷ്ഠനേക്കാളും മുമ്പ് അനുജൻെറ കല്യാണം നടത്താറുണ്ടോ?'' എന്നു ചോദിക്കുമ്പോൾ, നാലാം എൻെറ കഥകഴിക്കില്ലേ, ''കിഴവനായിട്ടും ബുദ്ധിയില്ലല്ലോ'' എന്നു പറഞ്ഞു്?... .... നീ പേടിക്കുന്നതിൽ ഒരർത്ഥവുമില്ല. ഞങ്ങളുടെ ശാന്ത നിനക്ക് അനുരൂപയായ വധുവാണ്; നിൻെറ ഭാഗ്യം നന്നാവുകയാണ് എന്നെല്ലാം മാത്രമേ ഞങ്ങൾ പറയൂ. പിന്നീടുള്ളതെല്ലാം നിൻെറ പിടിമുറുക്കത്തെ അവലംബിച്ചിരിക്കുന്നു....''

വസന്തൻ കൂടുതൽ പരിഭ്രാന്തനായി. വളരെ ആലോചിച്ചതിനു ശേഷം, ''നിങ്ങൾ പറഞ്ഞപോലെ ഞാൻ ചോദിക്കും!'' എന്നു പറഞ്ഞു.

''ഞാൻ പറയുന്നതു് ഒരേഒരു സംഗതി.... നിൻെറ അച്ഛനെ സമ്മതിപ്പിക്കേണ്ട ജോലി നിൻെറയാണ്. അതിൽ ഞങ്ങൾ ആരുംതന്നെ കൈയിടുകയില്ല...ഇതിൽനിന്നു് എല്ലാം മനസ്സിലാക്കിക്കോ........ നീ ഒരു മന്തനുമല്ല, പൊണ്ണനുമല്ല.... നിനക്കു് എല്ലാം മനസ്സിലാകും. നീ ശാന്തയെ കണ്ടിട്ടുണ്ട്. സ്വന്തം അനുഭവംവച്ചു പറയാമല്ലോ. പുരുഷൻെറ സ്വഭാവിയും അയാളുടെ കല്യാണ

ത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്.... കല്യാണവിഷയത്തിൽ ചിലപ്പോഴം കാരണവന്മാർ ചെറുപ്പക്കാരുടെ ബുദ്ധിക്കനുസരിച്ച് പ്രവർത്തിക്കണം....

ഈ സംഗതിയിൽ ധൈര്യം പ്രദർശിപ്പിക്കാൻ വസന്തന് ഒരു ഇടമേ ഉണ്ടായിരുന്നുള്ളു. അമ്മയുടെ മുമ്പിൽ ശാഠ്യംപിടിക്കണം. അങ്ങനെ ഒരു കുരങ്ങൻബുദ്ധിയോടെ വസന്തൻ രാഘപ്പയിൽനിന്നു വിടവാങ്ങി, വീട്ടിലേയ്ക്കു പോയി.

പതിനഞ്ചു ദിവസം വസന്തൻ അടുക്കളയിൽ ഇരുന്നു്, 'കുശുകുശു'ന്നു് പറഞ്ഞിട്ടും അമ്മ ആ കാര്യം ദേസായിയോടു പറയാൻ വിസമ്മതിച്ചു. അവർ ഒരു വലിയ കുടുംബത്തിലെ അംഗമായിരുന്നു. ദേസായി അവരെ കാണാൻവന്ന സമയം മുപ്പത്താറു ഗ്യാസ്ലൈററുകളും കത്തിയേന്തിയ ഇരുപതു് അംഗരക്ഷകരും രണ്ടു് തോക്കുധാരികളും ബാൻഡുവാദ്യങ്ങളും ആഠത്തിരക്കും ഉണ്ടായിരുന്നു.... വരൻ സ്വയം വന്നു് ഇന്ന കന്യകയെ കല്യാണംകഴിക്കാൻ പോകുന്നുവെന്നു പറയുക, അതിലുംവെച്ചു് ആയിരം രൂപകൂടി വരദക്ഷിണ നൽകാൻ കെല്പില്ലാത്ത രാഘപ്പയെപ്പോലെ ഉള്ളവരുമായി വിവാഹബന്ധം സ്ഥാപിക്കുക, അച്യുതൻെറ ഊഴം തെററിക്കുക, ഇതെല്ലാം അവരുടെ ചിന്താഗതിക്കുതന്നെ വിരുദ്ധമായിരുന്നു. 'ഗുജുഗുജു', 'ഗുനുഗുനു' എന്നു കേട്ടുകേട്ടു് ബേജാറായ അവർ, ''അത്ര ധൈര്യമുള്ള നീതന്നെ പോയി പറ... ആ രാഘപ്പയുമായുള്ള ബന്ധം നമുക്കു വേണ്ട!'' എന്നു് ഒരു പിടിത്തം പിടിച്ചു. അമ്മ വർത്തമാനം തുടങ്ങിയശേഷമേ തനിക്കു് അച്ഛനോടു സംസാരിക്കാൻ ആവൂ. താൻ തന്നെ അച്ഛൻെറ നേരെ നിന്നു വർത്തമാനം ആരംഭിക്കാനുള്ള ധൈര്യം തനിക്കു് എന്നേ പൊയ്പോയിരിക്കുന്നു. അങ്ങനെ അയാഠ ധർമ്മസങ്കടത്തിൽ പെട്ടു. ഇവിടെ വീട്ടിൽ സംഗതി മുന്നോട്ടു നീങ്ങുന്നില്ല; അവിടെ രാഘപ്പയുടെനേരെ മുഖം കാണിക്കാനും മേലാതായി....

അങ്ങനെ യാതൊരു നിർണ്ണയവും ചെയ്യാൻകഴിയാതെപോയ വസന്തൻ രാഘപ്പയുടെ വീട്ടിലേയ്ക്കുള്ള പോക്കുതന്നെ നിറുത്തി.

ദേസായിയാകട്ടെ, ഭാര്യയിൽനിന്നു് എല്ലാ സംഗതികളും മനസ്സിലാക്കിവെച്ചിരുന്നു. ഒരിക്കൽ വാലിയക്കാരൻ വഴി, അച്യുതൻെറ രണ്ടാമത്തെ കത്തു് രാഘപ്പയ്ക്കു് കൊടുത്തയച്ചു്, വായിച്ചു് തിരിച്ചയയ്ക്കാൻ പറഞ്ഞേല്പിച്ചു.... ...

XX XX XX

ഒരു ദിവസം അലങ്കൃതയായി കൂട്ടുകാരിയുടെ വീട്ടിലേയ്ക്കു പുറപ്പെട്ട ശാന്തയെ സൂക്ഷിച്ചു നോക്കി, ചമ്പക്ക, ''ശാന്തേ, ഇവിടെ വാ!'' എന്നു പറഞ്ഞു്, ശാന്തയെ പിടിച്ചു മുന്നിൽ ഇരുത്തി, എന്നിട്ടു് ബ്ലൗസിൻെറ വക്കിനോടു ചേർത്തു് അവഠ കഴുത്തിൽ ഇട്ടിരുന്ന ആ കൃത്രിമ മുത്തിൻെറ മാല പുറത്തേയ്ക്കു വലിച്ചെടുത്തു.

''ഇതു നിനക്കു് ആരു തന്നതാണു്?''

''എന്റെ കൂട്ടുകാരി''

''നേരു പറ!''

''അതെ. എന്റെ കൂട്ടുകാരിയുടേതാണ്''

''ഏതാണ് ആ കൂട്ടുകാരി?''

''പത്മ''

''അവൾ എന്തിനാണ് തന്നതു്?''

''അമ്മയ്ക്കെന്താ ഭ്രാന്തുപിടിച്ചോ!........രണ്ടുദിവസം ഇടാൻ തന്നതാണ്.''

''ശാന്തേ, നേരു പറ. നിന്റെ നന്മ വിചാരിച്ചു വിചാരിച്ച്, രാത്രി എന്റെ ഇമ കൂടുന്നില്ല. എന്നോടു നുണ പറഞ്ഞാൽ നിനക്കു് സുഖം വരില്ല, കേട്ടോ!''

''അമ്മേ, ഞാനെന്തിനാ നുണ പറയുന്നതു്?....പത്മയെ വിളിച്ചു ചോദിക്കരുതോ? ഞാൻ കളവുചെയ്യാൻ തുടങ്ങി എന്നു സംശയമുണ്ടോ, അമ്മയ്ക്കു്?''

എന്തു പറയണമെന്നു് ചമ്പകയ്ക്കു് ഒരു പിടുത്തവും കിട്ടിയില്ല. ദേഷ്യപ്പെടാൻകൂടി അവർക്കു ദേഹബലമില്ല. ഭർത്താവിന്റെ അടുത്തുവരെ ഈ പരാതി എത്തിയ്ക്കാം. പക്ഷേ അയാൾ അങ്ങിനെയിങ്ങിനെ സംസാരിച്ചുവെന്നും വരാം. തന്റെ വായ മൂടത്തക്കവിധം അവൾ മറുപടിയും പറഞ്ഞുകഴിഞ്ഞു. പണ്ടത്തെപ്പോലെയെങ്കിലും കെൽപ്പുണ്ടായിരുന്നെങ്കിൽ അവളുടെ ചെന്നിയ്ക്കു് രണ്ടു കൊടുക്കാമായിരുന്നു. പക്ഷെ അതിനുകൂടി തൽക്കാലം തന്റെ ദേഹം ആയാസപ്പെടാൻമേല. തന്റെ അടക്കിയ കോപം പ്രദർശിപ്പിക്കാൻവേണ്ടി ചമ്പക നിരങ്ങി നിരങ്ങി ശാന്തയുടെ അടുത്തേയ്ക്കു വന്നു്, അവളുടെ ചുമലിന്മേൽ രണ്ടു നുള്ളു നുള്ളി.

''അമ്മേ, നിങ്ങൾ രണ്ടുപേർക്കും ക്രമേണ ഭ്രാന്തുപിടിക്കാൻ തുടങ്ങി, കേട്ടോ. അച്ഛൻ ഒററയ്ക്കിരുന്നു് എന്തൊക്കെയോ പിറുപിറുക്കും. അമ്മ കുഞ്ഞുങ്ങളെ നുള്ളുംപോലെ എന്നെ വെറുതെ നുള്ളും........''

''ഇല്ല, മോളെ. എനിക്കു തെററിപ്പോയി. നീ പൊയ്ക്കോ നിന്റെ കൂട്ടുകാരിയുടെ വീട്ടിലേയ്ക്കു്!''

എന്നാലും ചമ്പകയ്ക്കു മനഃസമാധാനം ഉണ്ടായില്ല. ശാന്ത പോയതിനുശേഷം അവർക്കു് ആലോചന വന്നു. കൂട്ടുകാരി കൊടുത്തതാണെങ്കിൽ എന്തിനു ബ്ലൗസുകൊണ്ടു് മറയുന്ന മട്ടിൽ ഇടണം?........ആകട്ടെ. ഏതായാലും ഇനി കുറച്ചുകൂടി ശ്രദ്ധയോടെ ഇരിക്കണം എന്നു് ഉറപ്പിച്ച് അവർ മിണ്ടാതെ ഇരുന്നു.

അവരുടെ ഭാഗ്യംകൊണ്ടു് വസന്തന്റെ പോക്കുവരവും കുറഞ്ഞുവന്നു.

# 35. ഫലശ്രുതി

എട്ടാം മാസത്തിൽത്തന്നെ ചമ്പകയ്ക്കു് പേററുനോവു തുടങ്ങി. വീട്ടിലേയ്ക്കു വന്ന ഡോക്ടർ അവരുടെ ശരീരസ്ഥിതി കണ്ടു്, അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഉപദേശിച്ചു. ആംബുലൻസ് വാൻ വരുത്തി, രാഘപ്പ ഭാര്യയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അമ്മ വീടുവിട്ടു പോകുമ്പോൾ ശാന്തയ്ക്കു് അതിയായ ദുഃഖം തോന്നി. അവൾ കരയുന്നതു കണ്ടു്, തൻെറ പേററുനോവിനിടയ്ക്കും, ''ഞാൻ തിരിച്ചു വരുംവരെ, കൃഷ്ണാതായിയുടെ വീട്ടിൽ താമസിച്ചാൽ മതി,'' എന്നു ചമ്പക മകളെ ഉപദേശിച്ചു. എന്നാൽ അവൾ അതു തീരെ വിസമ്മതിച്ചു. ''എനിക്കു പേടിയാവില്ല. ഞാൻ വീട്ടിൽത്തന്നെ താമസിച്ചോളാം'' എന്നു് അവൾ അമ്മയെ സമാധാനിപ്പിച്ചു. ചമ്പക കഴിഞ്ഞ അഞ്ചാറു കൊല്ലത്തിനിടയ്ക്കു് വീടുവിട്ടു പുറത്തിറങ്ങുന്നതു് അതു് ആദ്യത്തെ തവണയായിരുന്നു.

അയൽപക്കത്തെ പയ്യൻ ഭീമസേനനോടു് ഒന്നിച്ചാണു് രാഘപ്പ ഭാര്യയോടൊപ്പം പോയതു്. നോവെടുത്തു് ചമ്പക കിടന്നു പിടയുന്നതു കണ്ടു് അയാളുടെ ഹൃദയം തകർന്നു. തുളച്ചുകയറുന്ന കരുണരസം രോമംതോറും അലിഞ്ഞുചേർന്നു്, അയാളെ വിറപ്പിച്ചു. ആശുപത്രിയുടെ പുറത്തു്, ശൂന്യമനസ്കനായി, ഈശ്വരനേയും പ്രാർത്ഥിച്ചുകൊണ്ടു് അയാൾ കുത്തിയിരുന്നു.

ചമ്പകയ്ക്കു നോവു് സഹിക്കാൻ ആവാതായി. നോവു സഹിക്കാനുള്ള ദേഹബലം അവർക്കില്ലായിരുന്നു. അനസ്തേസിയ കൊടുക്കണമെന്നു് ഡോക്ടർമാർ പരസ്പരം ചർച്ചചെയ്തു. ദേഹബലം കുറവായതു നിമിത്തം അതു് ദുഷ്പരിണാമം ഉണ്ടാക്കിയാൽ........ ഈ ഭീതി നിമിത്തം ഡോക്ടർമാർ അതു ചെയ്തില്ല. പേററുമുറിയിലെ ഡോക്ടർമാർപോലും പരിഭ്രമിച്ചുപോയി, ചമ്പകയുടെ ചുവന്നുകലങ്ങിയ കണ്ണുകൾ കണ്ടിട്ടു്.

ആ നോവിൽത്തന്നെ ചമ്പക സമാധാനത്തോടെ എഴുന്നേററിരിക്കാൻ ശ്രമിച്ചുതുടങ്ങി.... നഴ്സ് ഓടിവന്നു്, അവരെ പിടിച്ചു കിടത്താൻ നോക്കി. എന്നാൽ ചമ്പക അതു കൂട്ടാക്കാതെ എഴുന്നേററു്, ''അദ്ദേഹം എവിടെ?'' എന്നു ചോദിച്ചു. ''പുറത്തുണ്ടു്. പരഭ്രമിക്കേണ്ട'', എന്നു നഴ്സ് പറഞ്ഞു. ''ഒരു തവണ, ഒരേഒരു തവണ ഞാൻ കാണട്ടെ. അകത്തേയ്ക്കു് ഒന്നു വിളിക്കുന്നു്. ഒരു കാര്യം പറയാനുണ്ടു്'', എന്നു് അവർ കുവിയ മട്ടിൽ പറഞ്ഞുപോയി.

അതു നിയമവിരുദ്ധമായിരുന്നു. എന്നാലും ഡോക്ടർമാരുടെ സമ്മതം വാങ്ങി, നഴ്സ് പുറത്തുവന്നു് ചിന്താക്രാന്തനായി ഇരുന്നിരുന്ന രാഘപ്പയോടു്, ''ആയില്ല'' എന്നു പറഞ്ഞതിനുശേഷം, ''അകത്തു വിളിക്കുന്നുണ്ടു്, രോഗി'' എന്നു് അറിയിച്ചു, അയാളെ. അതു കേട്ടപ്പോൾ രാഘപ്പയ്ക്കു കരച്ചിൽവന്നു. ''അവസാനമായി ഒന്നു കാണാൻവേണ്ടി വിളിക്കുന്നതായിരിക്കുമോ?'' എന്നു പരിഭ്രമംപൂണ്ടു് അയാൾ അകത്തേയ്ക്കു പോയി.

''എന്തുവേണം?........എങ്ങനെയുണ്ട്?'' എന്ന് അയാൾ വിതുമ്പിക്കൊണ്ട് ചോദിച്ചു.

അയാളുടെ ഒച്ചകേട്ട് ചമ്പക്ക ഒരു ക്ഷണനേരം നിശ്ചലയായി. അയാൾ വിതുമ്പുന്നതു് അവരുടെ ശ്രദ്ധയിൽ പെട്ടതേയില്ല. ''നിങ്ങൾ ഇവിടെത്തന്നെ കുത്തിയിരിക്കുകയാണോ?'' എന്നു് യാതൊരു ഞരക്കവും ഇല്ലാത്ത ഒച്ചയിൽ അവർ ചോദിച്ചു.

''അതെ.''

''നിങ്ങളുടെ ബുദ്ധി കെട്ടുപോയോ?.... ശാന്തയെ വീട്ടിൽ ഒററയ്ക്ക് ആക്കിയിട്ടാണോ വന്നിരിക്കുന്നതു്?....ഭീമനെ ഇവിടെ ഇരുത്തിയിട്ട് നിങ്ങൾ വേഗം വീട്ടിലേയ്ക്കു പോകുന്നു്....എനിക്കൊന്നും വരില്ല. നിങ്ങൾക്കു വരണമെന്നു തോന്നിയാൽത്തന്നെ അവളേയും കൂട്ടിക്കൊണ്ടു പോരൂ....ഉം. പോകുന്നു്....നിങ്ങൾ പോയില്ലെങ്കിൽ എൻെറ കാൽ അരിഞ്ഞുകളഞ്ഞപോലെയാകും'' ഇത്രയും ഗൗരവത്തോടെ പറഞ്ഞതും കിടക്കയിൽ കിടന്നതും ഒരുമിച്ചു കഴിഞ്ഞു. വീണ്ടും വേദന വന്നു്, അവർ തുളച്ചുകയറുന്ന മട്ടിൽ ഞരങ്ങാൻ തുടങ്ങി.

രാഘപ്പ മേൽമുണ്ടുകൊണ്ടു് മുഖം മറച്ചു്, ''ഹോ!'' എന്നു് ഒരുതവണ കരഞ്ഞുപോയി. അന്നേരം നഴ്സ് അയാളുടെ കോട്ട് പിടിച്ച് ആംഗ്യംകാട്ടിയതനുസരിച്ച് അയാൾ മനസ്സിനെ നിയന്ത്രിച്ചു് കണ്ണുകൾ ഒപ്പിക്കൊണ്ടു് പുറത്തേയ്ക്കു പോന്നു.

''ഭീമാ, നീ ഇവിടെ ഇരിക്കു്. ഭക്ഷണം കൊടുത്തയയ്ക്കാം. എന്തെങ്കിലും അറിഞ്ഞാൽ ഉടൻതന്നെ സൈക്കിളിൽ വന്നു് വിവരം അറിയിക്കണം. ഒന്നുരണ്ടു മണിക്കൂറിനുള്ളിൽ ഞാൻ തിരിച്ചുവരാം.'' എന്നു ഭീമസേനനോടു പറഞ്ഞിട്ട് രാഘപ്പ വീട്ടിലേക്കു പുറപ്പെട്ടു.

XX XX XX

വീട്ടിൽ ഒററയ്ക്കായ ശാന്ത കുറച്ചുനേരം കരഞ്ഞുകൊണ്ടിരുന്നു. താൻ തനിച്ചാണു് എന്ന ബോധം വന്നപ്പോൾ അവൾക്കു പേടി തുടങ്ങി. എഴുന്നേററു പോയി പുറത്തേയ്ക്കുള്ള വാതിൽ അടിച്ചിട്ടുവന്നു. അന്യൻെറ വീട്ടിൽ ചെന്നു് ഇരിക്കാൻ അവൾക്കു മനസ്സുവന്നില്ല. അയൽപക്കത്തുള്ള എല്ലാവരുടേയും നേരെ അവൾക്ക് ഒരു തിരസ്ക്കാരഭാവം ആയിരുന്നു. അതുകൊണ്ടു് സ്വന്തം വീട്ടിൽ തനിച്ചിരുന്നു് നടുങ്ങിയാലും സാരമില്ല എന്നു് അവൾക്കു തോന്നി. അയൽപക്കത്തുള്ള കൃഷ്ണാതായിയുടെ വീട്ടിൽ, എന്തുവന്നാലും താൻ കാലെടുത്തുകുത്തുകയില്ലെന്നു നിശ്ചയിച്ചു്, ഒരു നോവൽ എടുത്തു വായിക്കാൻ തുടങ്ങി, എല്ലാം മറക്കാൻവേണ്ടി. പക്ഷേ അതു സാധ്യമായില്ല.

കഴിഞ്ഞ തവണ കൃഷ്ണാതായിയുടെ വീട്ടിൽ പോയിട്ട് ശാന്തയ്ക്കു് വളരെ അപമാനം സഹിക്കേണ്ടിവന്നു.

അന്നു് തെരുവിൽ നിന്നുകൊണ്ടു് വസന്തനോടു് അവൾ സംസാരിച്ച വാർത്ത, ഒന്നു രണ്ടു മാസംകൊണ്ടു് ചെവിക്കുചെവിയായി പരന്നു്, അതിന്റെ രൂപംതന്നെ പെരുത്തു. കൂട്ടുകാരികൾ ഒന്നും അറിയാത്ത ഭാവത്തിൽ ആ മുത്തുമാലയെപ്പററി ചോദിച്ചപ്പോൾ, ''എന്റെ പിറന്നാളിനു് അച്ഛൻ സമ്മാനിച്ചതാണു്'' എന്നു് അവൾ ഒരു വികാരഭേദവുംകൂടാതെ പറയുകയാണുണ്ടായതു്. അവളുടെ നേരെ കൂട്ടുകാരികൾക്കു് ഒരു അസൂയ; എന്നാലും അവളുടെ മുമ്പിൽ വെച്ചു പറയുവാൻ അവർക്കു് ഒരു മടിയും. അതുകൊണ്ടു് എന്തെങ്കിലും ഒഴികഴിവുണ്ടാക്കി അന്യരെക്കൊണ്ടു് ആ ചോദ്യം ചോദിപ്പിച്ചു്, അവളെക്കൊണ്ടു് അതേ മറുപടി പറയിച്ചു് സ്വയം സമാധാനപ്പെട്ടിരുന്നു. ആ വലിയ മുത്തുകൾ കണ്ടു് പലർക്കും വയററിൽ ഒരു കൊളുത്തിപ്പിടുത്തം! അങ്ങനെ ആ വാർത്ത കാററു നിറഞ്ഞു വ്യാപിച്ചു. ശാന്ത ഒന്നും മനസ്സിലാക്കാതെ ധൈര്യം പിടിച്ചു് കുത്തിയിരുന്നു.

അവളുടെ ധൈര്യം കണ്ടിട്ടു് ചില കിഴവികൾക്കു് ഒരു സഹിച്ചുകൂടായ്ക. അവളോടു് കൂട്ടുകൂടരുതെന്നു് അവർ തങ്ങളുടെ പെൺകുട്ടികളെ ശാസിച്ചു. ''ചമ്പയുടെ മകളാണു്, അവൾ! മററാരുടേയും അല്ല!'' എന്ന സൂചന പറഞ്ഞുപറഞ്ഞു് മുന്നോട്ടുപോയി.

കൃഷ്ണാതായിയുടെ മകൾ മന്ദാകിനിയെ ശാന്തയ്ക്കു് വളരെ സ്നേഹമായിരുന്നു. അവർ തമ്മിലുള്ള കൂട്ടുകെട്ടു് മുറിച്ചുകളയാൻ കൃഷ്ണാതായി ഒരു നിഷ്ഫല ശ്രമം ചെയ്തുനോക്കുകയുണ്ടായി. എന്നിട്ടു് മറെറാരു പോംവഴി കാണാതെ അവർ വേറെ മാർഗ്ഗം സ്വീകരിക്കുകയാണു് ഉണ്ടായതു്.

ഒരിക്കൽ കൃഷ്ണാതായിയുടെ വീട്ടിൽ 'ഹ്ദവിള്യ * നടന്നു. അവർ ശാന്തയെ ആദ്യമേതന്നെ വിളിച്ചുവരുത്തി ആവുന്നത്ര ജോലി എടുപ്പിച്ചു. ഗൗരിയുടെ മണ്ഡപം അലങ്കരിക്കുവാൻ അവൾ വളരെ പണിപ്പെടുകയുണ്ടായി. പൂജാസമയത്തു് വീടു നിറയെ പെണ്ണുങ്ങൾ വന്നെത്തി. അന്നേരം അവൾ ഉത്സാഹം പൂണ്ടു് ആ മുത്തുമാല കഴുത്തിൽ ധരിച്ചു, എല്ലാവരെയും കാട്ടാൻവേണ്ടി. അതു കണ്ടെത്തിയ കൃഷ്ണാതായി തന്റെ ചുററും ഉള്ള നാലഞ്ചു പെണ്ണുങ്ങളോടു് മിണ്ടാതിരിക്കാൻ ആംഗ്യം കാട്ടി, മണ്ഡപത്തിന്റെ അടുത്തു നിന്നിരുന്ന ശാന്തയെ സമീപിച്ചു് അഭിപ്രായം തട്ടിവിട്ടു: ''വളരെ ഭംഗിയായിട്ടുണ്ടു്, കേട്ടോ. ഗൗരി മണ്ഡപത്തിന്റെ അകത്തോ പുറത്തോ എന്നു് ഇനി ആർക്കും സംശയിക്കേണ്ടതില്ല. നിന്റെ ശരീരത്തിന്റെ നിറത്തിനു തികച്ചും ചേർന്നതാണു്, ഈ മുത്തുകൾ. എന്താ, ശരിയല്ലേ?'' ഉടൻതന്നെ മററു പെണ്ണുങ്ങൾ മറുപടി നൽകി: ''അതേന്നു്! നമ്മുടെ ചമ്പക്കന്റെ പെൺമക്കളുടെ നിറംതന്നെ അങ്ങനെയാണു്.''

---

* ഹ്ദവിള്യ—ഗൗരീപൂജയ്ക്കു സുമംഗലികളെ വിളിച്ചു് പൂവും കുങ്കുമവും നൽകുന്ന ചടങ്ങു്.

ശാന്ത നാണംപൂണ്ടു്, കൃത്രിമ വിനയത്തോടെ മൊഴിഞ്ഞു: ''അതിലെന്തിരിക്കുന്നു. വെറും കൃത്രിമ മുത്തല്ലേ. തനി മുത്തൊന്നും അല്ല.''

''തനി മുത്തു വരും. നോക്കിയിരുന്നോ. വലിയ വലിയ ദേസായിമാരല്ലേ, നിൻെറ വീട്ടിലേയ്ക്കു വരുന്നതു്?'' എന്നു തട്ടിവിട്ടു, കൃഷ്ണാതായി.

പെണ്ണുങ്ങളുടെ ഇടയ്ക്കുനിന്നു് 'ഖിക്' എന്നു് ഒരു ശബ്ദം കേൾക്കായി. ''ഞങ്ങൾ പോയിവരട്ടെ!'' എന്നായി ചിലർ. മാംഗല്യത്തിനു ചേരാത്ത ആ സംസാരം കേട്ടു് ചിലർക്കു് പരിഭ്രമം തോന്നി. ചിലർ തല താഴ്ത്തി നിന്നു.

ശാന്ത അവിടെനിന്നു തെരുതെരെ ഇറങ്ങി നടന്നു്, ഇനിമേൽ അയൽപക്കത്തുള്ളവരുടെ വീട്ടിൽ കാലെടുത്തുകുത്തുകയില്ലെന്നു് ശപഥവും ചെയ്തു. അതിൽപ്പിന്നീടു് തൻെറ വരാനിരിക്കുന്ന അനുജനുവേണ്ടി സ്വെറ്റർ തുന്നിക്കൊണ്ടോ, കാലുറ ഉണ്ടാക്കിക്കൊണ്ടോ, കഥയോ നോവലോ വായിച്ചുകൊണ്ടോ സമയം പോക്കാൻ തുടങ്ങി, അവൾ.

എന്നാൽ ഇതെല്ലാററിനും കാരണക്കാരനായ ആ മനുഷ്യൻ മാത്രം തൻെറ മുഖം കാട്ടാറേയില്ല......ശാന്ത വസന്തനെ ആയിരം പ്രകാരത്തിൽ ഉള്ളുകൊണ്ടു ശപിച്ചു. എവിടെയെങ്കിലും വെച്ചു് ഒരു തവണ കണ്ടാൽ ആ മുത്തുമാല അയാളുടെ മുഖത്തേയ്ക്കു വീശിയെറിയണമെന്നു് ഉറപ്പിച്ചു് അവൾ പതിനഞ്ചു ദിവസം കാത്തു് കുത്തിയിരുന്നു. അതിനുവേണ്ടിത്തന്നെ ഒളിച്ചു ധരിച്ചിരുന്ന ആ മാല, അവൾക്കു് മുള്ളു കൊള്ളുംപോലെ പിടച്ചിൽ ഉണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ ഒരു മാസം കഴിഞ്ഞിട്ടും വസന്തൻ അവളുടെ വീട്ടിലേയ്ക്കു് എത്തിനോക്കുകപോലും ചെയ്തില്ല.

XX XX XX

എന്നാൽ അന്നു വന്നെത്തി അയാൾ, യാദൃച്ഛികമായിട്ടു്.

ശാന്തയെ കാണാതെ വളരെ ദിവസങ്ങൾ ആയതു നിമിത്തം അയാളുടെ മനസ്സു് പല കാല്പനിക ചിത്രങ്ങളും നിറഞ്ഞു് വ്യഗ്രമായിരുന്നു. അച്ഛനെക്കൊണ്ടു് തൻെറ കല്യാണത്തിനു് സമ്മതം മൂളിയ്ക്കാൻ കഴിയാത്ത വസന്തൻ, രാഘപ്പയുടെ വീട്ടിലേയ്ക്കുള്ള വരവുതന്നെ വിട്ടുകളഞ്ഞിരുന്നു. എന്നാൽ ചമ്പക്കയ്ക്കു സുഖമില്ല എന്നു കേട്ടപ്പോൾ അതേ കാരണം പറഞ്ഞു് ഒരുതവണയെങ്കിലും മുഖം കാട്ടി പോകാമെന്നു് ആശിച്ചാണു് അയാൾ വന്നതു്.

വാതിൽ തള്ളിത്തുറന്നു. അകത്തു് ആരെയും കണ്ടില്ല. ചമ്പക്കയുടെ മുറിയിൽ ഉണ്ടാകുമെന്നു് കരുതി, വാതിൽ തുറന്നു നടുമുറിയിലേയ്ക്കു പോയി.

ഒച്ചയുണ്ടാക്കാതെ അകത്തു വന്ന തൻെറ സങ്കല്പമൂർത്തിയെ കണ്ടു് അവൾ ആദ്യം ഒന്നു് അമ്പരന്നുപോയി. ചമ്പക്കയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച

വാത്ത അറിയിച്ചതിനു ശേഷം, അവഠം തൻെറ അതുവരെയുള്ള അനുഭവം ഓർത്തു കരഞ്ഞു. തൻെറ നിശ്ചയമനുസരിച്ച് കഴുത്തിൽ അണിഞ്ഞിരുന്ന മാല ഊരിയെടുത്ത് തിരിച്ചു കൊടുക്കാൻ അയാളുടെ അടുത്തേയ്ക്കു ചെന്നു. അതുമൂലം തനിക്കു നേരിട്ട തൊന്തരവുകഠം ഒന്നുരണ്ടു നറുങ്ങു വാക്കുകളിൽ പറഞ്ഞു.

വസന്തൻ ക്ഷമായാചനം ചെയ്തു അവളുടെ കാലിൽ വീണു. തങ്ങളുടെ കല്യാണം മനസ്സുകൊണ്ട് ആയിക്കഴിഞ്ഞുവെന്നു പറഞ്ഞു കേണു.

ഈശ്വരപൂജയ്ക്കുള്ള പൂവ് നിർമ്മാല്യമായി!

XX XX XX

ആശുപത്രിയിൽനിന്ന് തിരിച്ചുവരുന്ന സമയത്ത്, വീട്ടിന് അര ഫർലോംഗ് അകലെ വെച്ചുതന്നെ രാഘപ്പയുടെ ദൃഷ്ടിയിൽപ്പെട്ടു, വസന്തൻ വ ട്ടിൽനിന്ന് ഇറങ്ങിപ്പോകുന്നത്. അയാളുടെ ഹൃദയം 'ഡബഡബാ'ന്നു പിടഞ്ഞു. തെരുതെരെ നടക്കാൻ തുടങ്ങി, ഉച്ചയ്ക്ക് ഒരുമണി സമയത്ത് പൊരിയുന്ന വെയിൽ!

രാഘപ്പ പാഞ്ഞുവന്ന്, വീട്ടിനുള്ളിലേയ്ക്കു കുതിച്ചുകയറി. കീഴ്‌വഴങ്ങി, പേടിപൂണ്ട്, ശൂന്യദൃഷ്ടിയോടെ ചുമരിന്മേലേയ്ക്ക് ഊന്നി നോക്കിക്കൊണ്ട് നടുത്തളത്തിൽ കുത്തിയിരുന്ന മകളെ കണ്ടതോടെ, ''തേവിടിശ്ശി!'' എന്ന് ആക്രോശിച്ചു. എന്നിട്ട് അവളുടെ കൈ പിടിച്ചുവലിച്ച്, അവളെ നിലത്തേയ്ക്കു തള്ളിയിട്ടു. തൻെറ സങ്കടം ശമിക്കുംവരെ അവളുടെ ചെന്നിയ്ക്കും പുറത്തും മാറി മാറി തല്ലി. തല്ലു് തളർന്നപ്പോഠം, ''തേവിടിശ്ശി! നീ എന്നെ കൊന്നു!'' എന്നു പറഞ്ഞ്, നെററിയിൽ കൈയും കൊടുത്ത്, നടുത്തളത്തിൻെറ ഒരു ചുവരും ചാരി കുത്തിയിരുന്നു.

അതിനിടയ്ക്കു വാതിൽ ശബ്ദിച്ചു.

വന്നവൻ ഭീമസേനൻ. രാഘപ്പയെ കണ്ടതോടെ അവൻ വിതുമ്പി വിതുമ്പി കരഞ്ഞുകൊണ്ട് പറഞ്ഞു: ''അമ്മായി.....ഹ്ം.....വിട്ടുപോയി!''

രണ്ടാമതൊന്ന് ആലോചിക്കാതെ, രാഘപ്പ വീട്ടിൽനിന്നു പുറത്തിറങ്ങി ഒരു ടോംഗ പിടിച്ച്, ആശുപത്രിയിലേയ്ക്കു പാഞ്ഞു.

ഭാര്യ പ്രസവത്തോടെ മരിച്ചുപോയി. നാഡിമിടിപ്പു നിന്നശേഷമാണ് പെററത്.

ജനിച്ചതു് ആൺകുഞ്ഞുതന്നെ....ജീവനില്ലാതെ!

XX XX XX

ഭാര്യയുടെയും മകൻെറയും പ്രേത സംസ്കാരം, രാഘപ്പ തീരെ സന്തപ്തനാവാതെ, മുമ്പിൽ നിന്നു നടത്തിച്ചു. എത്തിക്കൂടിയ ആളുകൾ, ''ഞങ്ങളുണ്ടല്ലോ!'' എന്നുപോലും അയാളോടു പറയുകയുണ്ടായില്ല. കുഞ്ഞിനെ തൻെറ കൈയിൽ ഏന്തി, ആശുപത്രിയിൽനിന്നു് ശ്മശാനംവരെ, ഭാര്യയുടെ പ്രേതത്തോടൊപ്പം സ്വയം പോയി.

വേണ്ട ഏർപ്പാടുകൾ ചെയ്യാൻവേണ്ടി, ദേസായി സ്വയം വന്നിരുന്നു. എന്നാൽ അദ്ദേഹം വരുന്നതിനുമുമ്പുതന്നെ, രാഘപ്പ വിറകിനു് ആളെ അയച്ചു. സംസ്കാരത്തിനു വേണ്ടവരെ വിളിച്ചുവരുത്തി—അങ്ങനെ എല്ലാ ഏർപ്പാടുകളും സ്വയം ചെയ്തു. ദേസായിയ്ക്കു് ഒരു ജോലിയേ ഉണ്ടായിരുന്നുള്ളു—ചമ്പക്കയ്യുച്ചുമൽ കൊടുക്കുക *

ഒന്നും അറിയാഞ്ഞ വസന്തരായനും അന്ത്യദർശനത്തിനായി ആശുപത്രിയിലേയ്ക്കു വന്നു പോയി.

രത്നയും ശാന്തയും വാവിട്ടു കരഞ്ഞു. അവരെ സാന്ത്വനപ്പെടുത്താൻ വന്ന വേണുബായിയും കരഞ്ഞുപോയി. ഗംഗവ്വ, ധൈര്യം സംഭരിച്ചു് രത്നയേയും ശാന്തയേയും തൻെറ മാറോടു ചേർത്തു പിടിച്ചു് ''ഇനിമേൽ ഞാനാണു് നിങ്ങളുടെ അമ്മ എന്നു കരുതിക്കോളിൻ!'' എന്നു പറഞ്ഞു് രണ്ടുപേരേയും സാന്ത്വനപ്പെടുത്തി.

അന്നു് ഗംഗവ്വ ദുഃഖമാചരിക്കുന്ന വീട്ടിൽ താമസിക്കാൻ വന്നു.

വളരെനേരം കുത്തിയിരുന്നു് അനുജനെ സമാധാനിപ്പിച്ചു, അവർ. അതെല്ലാം രാഘപ്പ കേട്ടുകൊണ്ടിരുന്നു. അയാൾക്കു് സാന്ത്വനത്തിൻെറ ആവശ്യമേ ഉണ്ടായിരുന്നില്ല.

## 36. ദേസായിക്കു് ഒരു കത്തു്

കിട്ടി, പിറേറന്നു് രാത്രി പത്തുമണിക്കു് ദുഃഖമാചരിക്കുന്ന വീട്ടിൽ നിന്നു സ്വന്തം വീട്ടിലേക്കു പുറപ്പെട്ടു. തൻെറ മുറിയിൽ വളരെനേരം കുത്തിയിരുന്നു് എന്തെല്ലാമോ എഴുതിക്കൊണ്ടിരുന്ന രാഘപ്പ, അന്നേരം കിട്ടിയെ വിളിച്ചു പറഞ്ഞു: ''ഈ കത്തു് നാളെ കാലത്തു് മറക്കാതെ ദേസായിക്കു് എത്തിച്ചുകൊടുക്കണം. അന്നേരം അദ്ദേഹം ഉറങ്ങുകയായിരിക്കും. എന്നാൽ ഉണർത്തണ്ട. ഏതായാലും നീതന്നെ നാളെ കൊണ്ടുപോയി കൊടുക്കു്.''

കിട്ടിക്കു് വേഗം ഉറക്കം വന്നില്ല. എല്ലാവരും രാഘപ്പയെ ശകാരിച്ചു. കിട്ടിക്കും അയാളുടെനേരെ ബഹുമാനം കുറഞ്ഞു; അതിലുമധികമായി അയാളുടെ

* വേണ്ടപ്പെട്ടവരെല്ലാം ശവമഞ്ചം താങ്ങുക എന്ന ചടങ്ങു്.

നേരെ പേടി തോന്നിത്തുടങ്ങി.... ചെയ്ത തെററിനു് ഉചിതമായ ശിക്ഷ ഈ ജന്മത്തിൽത്തന്നെ ലഭിക്കുമോ?....ആ ചോദ്യം കിട്ടിയെ ശല്യപ്പെടുത്താൻ തുടങ്ങി. ഇതുവരെ സംഭവിച്ചതെല്ലാം സ്വന്തം കൺമുന്നിൽ വെച്ചുതന്നെ. ആയതു നിമിത്തം അയാൾക്കു് എങ്ങനെ പേടി വരാതിരിക്കും?

പിറേറന്നു കാലത്തു് അയാൾ താമസിച്ചാണു് ഉറക്കം ഉണർന്നതു്. ഉടൻ തന്നെ മുഖം കഴുകി, ദേസായിയുടെ വീട്ടിൽ ചെന്നു് കത്തു കൊടുത്തു്, ദുഃഖമാചരിക്കുന്ന വീട്ടിലേക്കു ബദ്ധപ്പെട്ടു നടന്നു.

അയാൾ, പാതിവഴി എത്തിയപ്പോൾ പിന്നിൽനിന്നു് ദേസായിയുടെ ടോംഗ പാഞ്ഞുവന്നു. ദേസായി ടോംഗ നിറുത്തിച്ചു്, ''ഞാനും അങ്ങോട്ടുതന്നെയാണു്. ടോംഗയിൽ കയറിക്കോളൂ'' എന്നു് കിട്ടിയോടു് പറഞ്ഞു. ആശ്ചര്യപ്പെട്ടു് അയാൾ അതിൽ കയറി ഇരുന്നു. ഇരുവരും രാഘപ്പയുടെ വീട്ടിൽ എത്തിയ സമയത്തു് ഏതാണ്ടു് കാലത്തു് ഒമ്പതു മണി കഴിഞ്ഞിരിക്കും. വീട്ടിനു ചുററും ആളുകൾ നിറഞ്ഞിരുന്നു. അകത്തുനിന്നു് പെണ്ണുങ്ങളുടെ ആർത്തരോദനം കേൾക്കാമായിരുന്നു. ഒരു പോലീസുകാരൻ വാതിൽക്കൽ കാവൽ നിന്നിരുന്നു.

XX XX XX

രാത്രി ഒന്നുരണ്ടു തവണ ഞരങ്ങുന്നതിൻെറ ഒച്ച കേട്ടുവത്രേ, രത്ന. തൻെറ അമ്മായിഅമ്മയ്ക്കു് ഉറക്കപ്പിച്ചു പറയുന്ന സ്വഭാവമുണ്ടെന്നു് അവൾക്കു് അറിയാമായിരുന്നു; അതിനുംപുറമെ മൃത്യുവിൻെറ നിഴൽ വീശിയ ഒരു വീടും. ഭയം നിമിത്തം അങ്ങനെതന്നെ കിടന്നു, അവൾ. മററുള്ളവരെല്ലാം തളർന്നു്, യാതൊന്നും അറിയാതെ, കിടന്നു് ഉറങ്ങിയിരുന്നു. പതിവുപോലെ കാലത്തു് ആറുമണിക്കു് എഴുന്നേററ ഗംഗവ്വ അനുജൻെറ മുറിയുടെ വാതിൽ ചേർത്തടച്ചിരിക്കുന്നതു് കാണുകയുണ്ടായി. പക്ഷെ അവർ കൂടുതലൊന്നും അന്വേഷിക്കുകയുണ്ടായില്ല. എന്നാൽ എട്ടുമണിയായിട്ടും രാഘപ്പ എഴുന്നേററു് പുറത്തുവരാഞ്ഞപ്പോൾ ഗംഗവ്വ, രത്നയെ പറഞ്ഞയച്ചു, അയാളെ ഉണർത്താനായി. പക്ഷെ വാതിൽ ഉള്ളിൽനിന്നു് കുററിയിട്ടിരുന്നു. വാതിൽക്കൽ എത്ര മുട്ടിയിട്ടും രാഘപ്പ എഴുന്നേററു് തുറക്കാൻ വന്നില്ല. അവസാനം ഭീമസേനനെ വിളിച്ചുവരുത്തി, പിൻഭാഗത്തുള്ള ജനലിന്മേൽ കയറി, അകത്തേയ്ക്കു് എത്തിനോക്കാൻ പറഞ്ഞു. ചുവന്ന, തടിച്ച കണ്ണാടിച്ചില്ലിലൂടെ അകത്തുള്ളതൊന്നും കാണാൻമേലായിരുന്നു. അന്നേരം രത്ന അവനോടു് ചില്ലു് പൊട്ടിക്കാൻ പറഞ്ഞു. ചില്ലു പൊട്ടിച്ചു് അവൻ അകത്തേയ്ക്കു നോട്ടം പായിച്ചപ്പോൾ, ചീലാന്തിയിന്മേൽ നിന്നു് തൂങ്ങിയാടുന്ന രാഘപ്പയുടെ പ്രേതത്തെ കണ്ടു്, നിന്നേടത്തുതന്നെ നിന്നു ശീൽക്കാരം ചെയ്തു്, മൂർച്ഛിച്ചു നിലത്തേയ്ക്കു വീണു. പെട്ടെന്നു് വാർത്ത പരന്നു്, ജനം തിങ്ങിക്കൂടി. പോലീസ് വന്നു് മഹസ്സർ തയ്യാറാക്കാൻ തുടങ്ങി. പ്രേതത്തിൻെറ കുപ്പായക്കീശയിൽനിന്നു് ഒരു കത്തു കിട്ടി.

''ബന്ധപ്പെട്ട എല്ലാവരേയും, രാഘവേന്ദ്ര വാമന ബിന്ദഗോം എന്ന ഞാൻ അറിയിക്കുന്നതു് എന്തെന്നാൽ–ഭാര്യ മരിച്ച ദുഃഖവും മററു ചിന്തകളും നിമിത്തം നരജന്മം വെറുത്തു്, പാപപുണ്യങ്ങളെപ്പററി ചിന്തിക്കാതെ, സ്വന്തം ഇഷ്ടപ്രകാരം എൻെറ മുറിയുടെ ചീലാന്തിയിന്മേൽ കയറുകെട്ടി കഴുത്തു് കുരുക്കിൽ ഇടാൻപോകയാണു്. ഇതു് എൻെറ ഇഷ്ടപ്രകാരം ചെയ്യുന്നതാണു്. ഇതിൻെറ ഉത്തരവാദിത്വം ആരുടെമേലും ഇല്ലാത്തതാകുന്നു; അങ്ങനെ ചുമത്തുകയും അരുതു്. ആരും ദുഃഖിക്കുകയും അരുതു്. എൻെറ ശവസംസ്കാരത്തിനു വേണ്ടി, നമ്മുടെ തെരുവിൻെറ മൂലയ്ക്കുള്ള വിറകുകടയുടെ ഉടമസ്ഥന്നു് 15 രൂപ കൊടുത്തു; അതിൻെറ രസീതു് ഇതൊന്നിച്ചു് വെച്ചിട്ടുണ്ടു്. കഴിഞ്ഞ കുറെ ദിവസങ്ങളായിട്ടു് എനിക്കു ഭ്രാന്തുപിടിക്കുമെന്ന ഭയം തോന്നിത്തുടങ്ങിയതു നിമിത്തം, മൂന്നുമാസം മുമ്പു് ഞാൻ ഒരു മരണപത്രം തയ്യാറാക്കി വെച്ചിട്ടുണ്ടു്. അതുമാത്രമാണു് യഥാർത്ഥമായ, നിയമപ്രകാരമുള്ള എൻെറ മരണപത്രമെന്നു് ഞാൻ ഇതിനാൽ പ്രതിജ്ഞചെയ്യുന്നു. മരണപത്രം പെട്ടിയിൽ വെച്ചിട്ടുണ്ടു്; പെട്ടിയുടെ താക്കോൽ ഇതൊന്നിച്ചു് അടക്കംചെയ്തിട്ടുമുണ്ടു്. പെട്ടിയിൽ നൂററി എൺപത്തിമൂന്നു രൂപ, എട്ടണ, ആറു പൈ പണമായി വെച്ചിട്ടുണ്ടു്. പെട്ടിയും മരണപത്രവും എൻെറ മരുമകൻ ചിരംജീവി കൃഷ്ണാജി സ്വാമിരായ കുലകർണി തൻെറ ചുമതലയിൽ ഏറെറടുക്കേണ്ടതാകുന്നു. പെട്ടിയിലുള്ള പണംകൊണ്ടു് ഭാര്യയുടെ കർമ്മങ്ങൾ നടത്തേണ്ടതാകുന്നു. എല്ലാ അധികാരാവകാശങ്ങളും കിട്ടിക്കു ചേരുന്നതാകുന്നു. ഇതെല്ലാം എഴുതുന്ന സമയത്തു് ഞാൻ സ്ഥിരബുദ്ധിയുള്ളവനും ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടില്ലാത്തവനും ആകുന്നു.''

കീഴെ രാഘപ്പയുടെ ഒപ്പും തലേദിവസത്തെ തീയതിയും ഉണ്ടായിരുന്നു. അതേ തീയതിയായിരുന്നു, വിറകുകടയിൽ നിന്നു് കിട്ടിയ രസീതിന്മേലും ഉള്ളതു്. വിറകുകടയുടെ ഉടമ മൊഴി കൊടുത്തു: ''നാളെ രണ്ടു വണ്ടി വിറകു വേണമെന്നു പറഞ്ഞു് രാഘപ്പ രൂപ തന്നിട്ടുപോയി. ഒരു കൊല്ലത്തേയ്ക്കു വേണ്ടിയുള്ളതാകുമെന്നു് ഞങ്ങൾ കരുതി. അദ്ദേഹം പറഞ്ഞ ഉടൻ അയയ്ക്കാൻ കാത്തിരിക്കുകയായിരുന്നു, ഞങ്ങൾ.'' രാഘപ്പയുടെ കത്തു കിട്ടിയതു കാരണം പോലീസുകാർ അധികം പരിശോധന നടത്തിയില്ല. വാതിൽ അകത്തുനിന്നു കുററിയിട്ടിരുന്നു, വാതിൽ പൊളിച്ചാണു് അകത്തു കടന്നതു്–ഈ കാരണങ്ങൾ മററു തരം സന്ദേഹങ്ങൾക്കു് ഇട നൽകിയില്ല.

കിട്ടി ദേസായിയുടെ നേരെ സന്ദേഹത്തോടെ നോക്കി. ദേസായി, ''നീ തന്ന കത്തു് നിന്നെ കാണിച്ചതരാം. ആ കത്തിനെപ്പററി ഇവിടെ പ്രസ്താവിക്കേണ്ട. പിന്നീടു് വലിയ വിഷമം നേരിടും'' എന്നു പറഞ്ഞു.

പോലീസുകാർ, 'കാരണം', എന്ന കോളത്തിൽ, ''ഭാര്യ മരിച്ച ദുഃഖവും മററു ചിന്തകളും നിമിത്തം'' എന്നു് എഴുതി, ശവത്തെ അവകാശിയായ കിട്ടിക്കു് ഏല്പിച്ചുകൊടുത്തു. പെണ്ണുങ്ങൾ ആരേയും കാണിച്ചുകൊടുക്കരുതെന്നു് ദേസായി ശവത്തെ കണ്ടിട്ടു് പറഞ്ഞു. കിട്ടിപോലും, ധൈര്യമില്ലായ്മ നിമിത്തം,

ഒററ തവണ നോക്കിയതേയുള്ളു; ആ സുന്ദരമായ മുഖം വഴക്കിടാനെന്നപോലെ പിരിമുറുകിയിരുന്നു; ഒരു കണ്ണ് മറേറ കണ്ണിനേക്കാറം അധികം പുറത്തേയ്ക്ക് തുറിച്ചു നിന്നിരുന്നു.

മറെറാന്നും കൂടുതലായി ആലോചിക്കാതെ ദേസായി, ആരും അടുത്തു വരാതെ നോക്കാൻ വേണ്ടി കിട്ടിയെ കാവൽ നിറുത്തി, മുന്നോട്ടുള്ള പ്രവർത്തനങ്ങറം ആരംഭിച്ചു. ഒരു മണിക്കൂറിനുള്ളിൽ ശവം ശ്മശാനത്തിൽ എത്തിച്ചു.

XX XX XX

പന്ത്രണ്ടാം ദിവസം കഴിഞ്ഞ്, ദേസായി കിട്ടിയെ വീട്ടിലേയ്ക്കു വിളിച്ച്, രാഘപ്പ കൊടുത്ത കത്ത് കാണിച്ചുകൊടുത്തു:

ക്ഷേമം ശ്രീ. ധാർവാർ

രാ. രാ. ബഹദൂർ ദേസായി അവർകറക്ക് രാഘപ്പയുടെ സാഷ്ടാംഗ നമസ്കാരങ്ങറം. ഞാൻ നിങ്ങളുടെ പ്രീതിക്കുവേണ്ടി രണ്ടു സംഗതികറം നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു. തോൽവി എന്നാൽ എനിക്ക് വലിയ പേടിയാണ്. എന്നാൽ ഞാൻ തോററത് നിങ്ങളോടല്ല എന്നുമാത്രം എനിക്ക് നിങ്ങളെ അറിയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങറം മകൻെറ കത്തുകറം എൻെറ അടുത്തേയ്ക്ക് അയച്ച് എന്നെ ഭയപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. ഞാൻ ഭയപ്പെട്ടുപോയി എന്നാണ് നിങ്ങളുടെ വിചാരമെങ്കിൽ അത് ഉപേക്ഷിക്കുന്നതാണ് നല്ലത്. അതു സാദ്ധ്യമല്ല എന്ന് ഇപ്പോറം ഞാൻ തെളിയിച്ചുതരാം. ഞാൻ ഒരു ദുഷ്ടനാണെന്ന് നിങ്ങറക്കു തോന്നിയതിനെപ്പററി എനിക്ക് തീരെ വിഷാദമില്ല. ഞാൻ എൻേറതായ ചിട്ടകളനുസരിച്ച്, ചട്ടങ്ങളനുസരിച്ച് നടക്കുന്നവനാണ്. എന്നാൽ യാതൊരു ഭയബോധവും ഇല്ലാതെ, പാപപുണ്യങ്ങളിൽനിന്ന് ഉയർന്നു നിന്നവനെപ്പോലെ, ഞാൻ എൻെറ എല്ലാ പ്രവൃത്തികളെയും സമദൃഷ്ടിയോടെ പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. ഇന്ന് ആ സമദൃഷ്ടി പൊയ്പോയി എന്നതാണ് എന്നെ അധികമായി വ്യസനിപ്പിച്ചത്. സദ്വിവേകബുദ്ധി എന്നെ ശല്യപ്പെടുത്താൻ തുടങ്ങിയതോടെ എൻെറ അദ്ധജീവിതം അവസാനിച്ചപോലെ ആയി. ഞാൻ പണ്ടത്തെപ്പോലെ തീരെ ഭയമില്ലാത്ത ഒരു കാര്യസാധകൻ മാത്രമായി ഇനിയും തുടർന്നുപോയിരുന്നെങ്കിൽ ഇനി നടക്കാനിരിക്കുന്ന സംഗതികറം ഒന്നുംതന്നെ സംഭവിക്കില്ല എന്നതു് തീർച്ച. എന്നാൽ അന്തരാത്മാവു് എന്നെ ഇങ്ങനെ നൊമ്പരപ്പെടുത്താൻ തുടങ്ങിയ സമയത്ത്, നിങ്ങറം നിങ്ങളുടെ മകൻെറ കത്തുകറം എൻെറ അടുത്തേയ്ക്ക് അയച്ച്, എൻെറ ഭൂതകാലസ്മരണകളെ ഉണർത്തിവിട്ട് എന്നെ കീഴോട്ടു വലിച്ചു. ഞാൻ പണ്ടത്തെ രാഘപ്പ ആയിരുന്നെങ്കിൽ നിങ്ങറം അയച്ചുതന്ന കത്തുകറംകൊണ്ടു് ഭയപ്പെടുമായിരുന്നില്ല. ഇന്നും ഭയപ്പെട്ടിട്ടില്ല. എന്നാൽ ആ കത്തുകളിൽ ഞാൻ എന്നെത്തന്നെ കണ്ടു് ഭയപ്പെട്ടു. അത്രതന്നെ. അല്ലെങ്കിൽ ആ കത്തുകറക്ക് വലിയ വിലയൊന്നും ഇല്ല.

ഉദാഹരണം: നിങ്ങളുടെ മകൻ പൂനയ്ക്കു പോയി, ഒരു പത്തു കൊല്ലം അന്വേഷണം നടത്തിയാലും ശരി, എന്നെ ബാധിക്കുന്ന യാതൊരു വിഷയവും നേടാൻ അയാൾക്കു കഴിയുകയില്ല. അതു് ഞാൻ സ്വയം നിങ്ങൾക്കു് എഴുതി അറിയിക്കുകയാണു്. എന്തുകൊണ്ടെന്നാൽ, അതിൽനിന്നു് നിങ്ങൾക്കു് സത്യം മനസ്സിലാകും; എനിക്കു് നിങ്ങളെ ഭയപ്പെടേണ്ട കാരണമില്ലെന്നു മനസ്സിലാകും; അതിനുംപുറമെ എനിക്കു് ദുർഗ്ഗുണങ്ങളോടൊപ്പംതന്നെ ഒന്നു രണ്ടു് സദ്ഗുണങ്ങൾകൂടി ഉണ്ടെന്നും അറിയാൻ കഴിയും.

ഞങ്ങളുടെ പൈതൃക സ്വത്തായ വയലുകളെല്ലാം ഒററിയിലായിരുന്നു. ഞാൻ സ്വപ്രയത്നംകൊണ്ടു് ധാർവാറിൽ വന്നു് 'നാലു പുസ്തകം' പഠിച്ചു. ഇവിടെ എനിക്കു് ഒരു പണിയും കിട്ടാഞ്ഞതുകൊണ്ടു് പൂനയിലുള്ള എൻെറ അനുജൻ വെങ്കാടിയുടെ അടുത്തേയ്ക്കു പോയതു് നിങ്ങളുടെ മകൻെറ കത്തിൽനിന്നു് നിങ്ങൾക്കു് മനസ്സിലായല്ലോ. അന്നു് എൻെറ കല്യാണം കഴിഞ്ഞു് രണ്ടു മൂന്നു കൊല്ലം കഴിഞ്ഞിരുന്നു. ഒരു സവിശേഷ സന്ദർഭത്തിൽ (അതു് നിങ്ങൾക്കു് അറിവുള്ളതും ആവാം) എനിക്കു് കല്യാണം കഴിക്കേണ്ടിവന്നു, ഒരു ജോലി സമ്പാദിച്ചു് സ്വന്തം കാലിന്മേൽ നിൽക്കാറാവുന്നതിനുമുമ്പുതന്നെ. കല്യാണം കഴിഞ്ഞ അതേ കൊല്ലംതന്നെ രത്ന ജനിച്ചു. സമ്പാദ്യമാണെങ്കിൽ തീരെ കുറവു്. ആ കങ്കാളാവസ്ഥയിൽ ആണു്, ജോലിയും തേടി ഞാൻ പൂനയ്ക്കു് പോയതു്. പൂനയിൽ അങ്ങിങ്ങു് ആപ്പീസുകളിലും ബാങ്കുകളിലും ജോലിക്കുവേണ്ടി അലഞ്ഞു നടക്കുക, പരസ്യങ്ങൾ നോക്കാനായി വർത്തമാനപ്പത്രങ്ങൾ വായിക്കുക—ഈ പ്രവൃത്തിയിൽ തന്നെ ഒരാഴ്ച കഴിഞ്ഞു. ഒരു ജോലി കിട്ടുമെന്ന ആശ നശിച്ചു. പക്ഷെ വെങ്കടരായനെപ്പോലെ ഒരു ശിപ്പായി ആവാൻ എന്നെക്കൊണ്ടു സാദ്ധ്യമായില്ല.

വെങ്കാടി ചെക്കു മാററി കൊണ്ടുവന്നതിൻെറ പിറേറന്നു് വർത്തമാനപ്പത്രങ്ങളിൽ താജിമുദ്ദീൻ ഡ്രൈവറെപ്പററി ഒരു വാർത്ത ഞാൻ വായിച്ചു. അയാൾ ലക്ഷ്മീറോഡിൽ വെച്ചു് തലേ ദിവസം ഒരു കിഴവൻെറ മേൽ കാറു കയററിയെന്നും പോലീസുകാർ അയാളെ അറസ്ററുചെയ്തുവെന്നുമുള്ള വാർത്ത വർത്തമാനപ്പത്രത്തിൻെറ ഒരു കോണിൽ പ്രസിദ്ധീകരിച്ചിരുന്നു. വെങ്കടരായനു് പത്രം വായിക്കുന്ന സ്വഭാവമില്ലായിരുന്നു. ഇനി, അബദ്ധത്തിൽ വായിച്ചു എന്നു തന്നെ കരുതുക. എന്നാലും പത്രത്തിൻെറ ഒരു കോണിൽ അച്ചടിച്ചിരുന്ന ആ വാർത്ത വായിക്കുക അസംഭവ്യമായിരുന്നു. അതുകൊണ്ടു് ഈ കാറപകടത്തിൻെറ വാർത്ത വെങ്കടരായനു് മനസ്സിലാവുക അസാദ്ധ്യമായിരുന്നു. കിട്ടിയ അവസരം ഉപയോഗിക്കുന്നതിനു് തെല്ലു് മനോബലം വേണം. ഞാൻ ആ നല്ല അവസരത്തെ, വയറിനുവേണ്ടി, ഉപയോഗിക്കാൻ നിശ്ചയിച്ചു. ഞാനോ ഒരു കങ്കാളപ്രായനും. വെങ്കാട്ടി പൂജയ്ക്കിരിക്കവേ, താജിമുദ്ദീൻെറ ആൾ വന്നിരിക്കുന്നുവെന്നു പറഞ്ഞു് ഞാൻ പെട്ടിയുടെ താക്കോൽ വാങ്ങി. ആ രണ്ടായിരം രൂപ ഞാനെടുത്തു. നിങ്ങളുടെ ഭാര്യയ്ക്കും മക്കൾക്കും പട്ടിണി കിടക്കാനുള്ള

സന്ദർഭം വരാതിരിക്കട്ടെ. എന്നാൽ അത്തരം അനുഭവമുള്ളവരുടെ പ്രവൃത്തികളെ നിങ്ങൾ അനാദരവോടെ കാണരുതെന്നുമാത്രം.

എന്നാൽ അതു് കള്ളച്ചെക്കായിരുന്നു എന്നു് ഞാൻ കരുതിയിരുന്നില്ല; വെങ്കടരായനും അതു് അറിയാൻമേലായിരുന്നു. ഞാൻ ധാർവാറിലേയ്ക്കു് തിരിച്ചുവന്നു........ഒരാഴ്ചക്കുള്ളിൽ വെങ്കടരായൻെറ കത്തു വന്നു. ആ കത്തിൽ നിന്നു മനസ്സിലായി, അതു് കള്ളച്ചെക്കായിരുന്നുവെന്നും പോലീസുകാർ വെങ്കടരായനെ അറസ്ററുചെയ്തുവെന്നും. പൂനയ്ക്കു പോകുന്ന സമയം, ഇവിടെയുള്ള വക്കീലന്മാരെ കണ്ടു്, വെങ്കാടിയെ ജാമ്യത്തിൽ വിടുവിക്കാൻ വേണ്ട കടലാസ്സുകൾ ഞാൻ ശരിപ്പെടുത്തി. എന്തുകൊണ്ടെന്നാൽ അയാളെ എന്തുവന്നാലും തടവിൽ ആക്കാതെ നോക്കണമെന്നുണ്ടായിരുന്നു. എൻെറ അളിയൻ സ്വാമിരായ ജാമ്യം നിൽക്കാൻ ധൈര്യത്തോടെ മുന്നോട്ടുവന്നു, അപ്പോൾ. ജാമ്യം നിൽക്കാൻ എനിക്കു് കഴിവില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ എൻെറ വയലുകളെല്ലാം ഒററിയിൽ കിടക്കുകയായിരുന്നു; കൈയിലുള്ള രണ്ടായിരം രൂപ ഏതോ പ്രകാരത്തിൽ വന്നതും ആയിരുന്നല്ലോ. അങ്ങനെ സ്വാമിരായനേയും കൂട്ടി, പൂനയ്ക്കു പോയി വെങ്കടരായനെ ജാമ്യത്തിൽ വിടുവിച്ചു. സ്വാമിരായ അയ്യായിരത്തിനാണു് ജാമ്യം നിന്നതു്. അതിനുശേഷം മൂന്നുപേരും കൂടി ധാർവാറിലേയ്ക്കു തിരിച്ചുവന്നു. വെങ്കാടി, സ്വാമിരായൻെറ മേൽനോട്ടത്തിൽ അദ്ദേഹത്തിൻെറതന്നെ വീട്ടിൽ താമസിക്കാനും തുടങ്ങി.

പുറമേയ്ക്കു് സ്വാമിരായ ധൈര്യം കാണിച്ചുവെങ്കിലും വെങ്കാടിയുടെ ഭ്രാന്തൻ മട്ടുകണ്ടു് ഭയന്നിരിക്കണം. എൻെറ അറിവോടുകൂടാതെതന്നെ അദ്ദേഹം വെങ്കാടിയെ, ''നിൻെറ ഭാരം ഞാൻ ചുമക്കുകയാണു്, നിൻെറ ഭാഗത്തിലുള്ള സ്വത്തു് എനിക്കു് എഴുതി താ''എന്നു പറഞ്ഞു് ശല്യപ്പെടുത്തിയിരിക്കുമെന്നു തോന്നുന്നു. എന്നിട്ടു് അവസാനം, ഇപ്പോൾ നിങ്ങളുടെ കൈയിൽ കിട്ടിയിരിക്കുന്ന ദാനപത്രം തയ്യാറാക്കി, സ്വാമിരായ വെങ്കാടിയുടെ ഒപ്പു വാങ്ങാൻ പരിശ്രമിച്ചു. അന്നേരം അയാൾ തടസ്സം പറഞ്ഞു, ''എൻെറ ജ്യേഷ്ഠൻ ഒപ്പിട്ടാൽ ഞാനും ഒപ്പിടാം'' എന്നു്. സ്വാമിരായ എന്നെ വിളിച്ചുവരുത്തി, പറഞ്ഞു: ''നിങ്ങളുടെ സ്വത്തു മോഹിച്ചിട്ടല്ല, അയാളുടെ സ്വഭാവം കാരണമാണു് ഞാൻ ഇതു് ആവശ്യപ്പെടുന്നതു്. അയ്യായിരം എന്നു പറഞ്ഞാൽ ഒരു ചെറിയ തുകയല്ല.'' അതു് എനിക്കും ശരിയാണെന്നു തോന്നി. അതുകൊണ്ടു് ഞാൻ അതിൽ ഒപ്പിട്ടു. ഞാൻ ഒപ്പിട്ടുവെന്നു കണ്ടതിനുശേഷം വെങ്കാടിയും ഒപ്പിട്ടു.

എന്നാൽ വെങ്കാടിയുടെ ചെയ്തികൾ തീർന്നില്ല. അയാൾ ഒരുതരക്കാരനാണു്. വീടു്, വയലുകൾ എന്നിവയെപ്പററി അയാൾക്കു പെട്ടെന്നു് എങ്ങനെ ഒരു മോഹം ഉണ്ടായിയെന്നറിയാൻമേല. ''എന്നെ വഞ്ചിച്ചു! എൻെറ സ്വത്തെല്ലാം പിടിച്ചുപറിച്ചു!'' എന്നു പറഞ്ഞു് നിത്യവും ശല്യപ്പെടുത്താൻ തുടങ്ങി. നിങ്ങളുടെ മകൻ വാദിക്കുമ്പോലെ, ഞാൻ അയാൾക്കു പറഞ്ഞുകൊടുത്തില്ല, സ്വാമിരായനെ നിർബ്ബന്ധിക്കാനായിട്ടു്. എന്നാൽ ഒരു ദിവസം കോപം

മൂത്തു് സ്വാമിരായ ആ ദാനപത്രത്തിൻെറ അസ്സൽതന്നെ, നക്കൽ എന്നു തെററി ദ്ധരിച്ച്, അയാളുടെ മുഖത്തേയ്ക്കു് വീശിയെറിഞ്ഞു. അതുമെടുത്തുകൊണ്ടു് വെങ്കാടി എൻെറ വീട്ടിലേയ്ക്കു വന്നു. അതു് വക്കീലന്മാരെ കാണിച്ചു് തൻെറ സ്വത്തു് തനിക്കു വിട്ടുവിച്ചുതരണമെന്നു പറഞ്ഞു് അയാരം മാറത്തടിക്കാൻ തുടങ്ങി. പിറേറന്നു് വക്കീലിൻെറ അടുത്തു പോകാമെന്നു പറഞ്ഞു് ഞാൻ അയാളെ സമാധാനിപ്പിച്ചു. ആ കടലാസു നോക്കിയപ്പോരം എനിക്കു മനസ്സി ലായി, ദാനപത്രത്തിൻെറ നക്കലല്ല, അസ്സലാണെന്നു്. എന്നാൽ ആശ്ചര്യം മൂലമോ വെങ്കാടിയുടെ അലോസരംമൂലമോ എന്തോ, എൻെറ വായിൽനിന്നു് ഒരു അബദ്ധം പുറത്തേയ്ക്കു വന്നു: ''നീ എന്തിനാണു് പരിഭ്രമിക്കുന്നതു്? ദാന പത്രത്തിൻെറ അസ്സലാണു് നിൻെറ കൈയിൽ ഉള്ളതു്. ഇതു തിരിച്ചുകൊടുത്തി ല്ലെങ്കിൽ നിൻെറ സ്വത്തു് നിൻെറ കൈയിൽത്തന്നെ ഇരിക്കും.'' ആ ഭ്രാന്തൻ സമാധാനപ്പെട്ടു എന്നു കാഴ്ചയിൽ തോന്നി. രാത്രി ഭക്ഷണം കഴിഞ്ഞു. എൻെറ ഭാഗ്യക്കേടു്. ഞാൻ അന്നു് അയാളെ എൻെറ വീട്ടിൽ ഊട്ടി, ഉറക്കി. വാതിൽ അടച്ചു കിടന്നു. രാത്രി ഗ്രാമത്തിലുള്ളവരിൽ ആരോ വന്നു് വാതിൽക്കൽ മുട്ടി. അതു കേട്ട ഉടൻ വെങ്കാടി ഞെട്ടിപ്പിടഞ്ഞു് എഴുന്നേററു്, ''അയ്യോ! പോലീസ് വന്നു! എന്നെ പിടിച്ചുകൊണ്ടുപോവും!'' എന്നു പുലമ്പിക്കൊണ്ടു് വീട്ടിൻെറ പിൻപുറത്തേയ്ക്കു പാഞ്ഞു. അയാരം എങ്ങോട്ടു പോകാനാണു്? എന്നു കരുതി, അയാളെ കൂടുതൽ ശ്രദ്ധിക്കാതെ, വന്നവരെ ഞാൻ സൽക്കരിക്കാൻ തുടങ്ങി. എന്നാൽ അന്നു രാത്രി പോയ വെങ്കാടിയെപ്പററി പിന്നീടു് എന്തെങ്കിലും അറി ഞ്ഞതു് നിങ്ങളുടെ കത്തിൽനിന്നത്രേ.

വെങ്കാടിയുടെ കാര്യത്തിൽ അനുമാനവും യാഥാർത്ഥ്യവും വേറെ വേറെ വിഷയങ്ങളല്ല. ദാനപത്രത്തിൻെറ അസ്സൽ കൈയിൽ കിട്ടിയെന്നു മനസ്സി ലായപ്പോരം ഒളിച്ചോടിയതോ, പോലീസ് വന്നുവെന്നു് സത്യമായും വിശ്വ സിച്ചിട്ടു പോയതോ എന്നു് എനിക്കും അറിയാൻമേല. രണ്ടും സംഭവിക്കാം. അതിൻെറ പരിണാമമോ?........എൻെറ അക്കൻെറ വീടു് ശൂന്യമായി; അവർ വിധവയായി; അതിൻെറ അപവാദം എൻെറ തലയിലുമായി. എൻെറ അക്കൻെറ ഭർത്താവിനെ തുലയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ ഞാൻ സ്വയമേവ അതു ചെയ്തിരുന്നുവെങ്കിൽ എനിക്കു് ദുഃഖം ഉണ്ടാകുമായിരുന്നില്ല. കുഞ്ഞിൻെറ വായിൽ മുലയും തിരുകി ഉറങ്ങിയ അമ്മ എഴുന്നേററു നോക്കുമ്പോരം കുഞ്ഞു് ചത്തുകിടക്കുന്നതായി കണ്ട കഥകരം നിങ്ങരം കേട്ടിട്ടില്ലേ?........അതുതന്നെ യായി എൻെറയും സ്ഥിതി. ഇതെല്ലാം ഞാൻ ദുർബ്ബലനായപ്പോരം എൻെറ കൺമുന്നിൽ കാണാൻ തുടങ്ങി. എൻെറ ആ വാക്കു്, ആ രണ്ടായിരം രൂപ— ഇതു രണ്ടും എൻെറ കർമ്മഫലംപോലെ എന്നെ പിന്തുടരുകയാണു്. പിന്നീടു് സ്വാമിരായൻെറ സ്നേഹവും എനിക്കു നഷ്ടപ്പെട്ടു. ആ സംഭവത്തിനുശേഷം, അദ്ദേഹം ആറുമാസം ജീവിച്ചിരിക്കുകയുണ്ടായി. അദ്ദേഹം ചിന്ത നിമിത്തം ശോഷിച്ചു ശോഷിച്ചു് ഒരു നാരം ചത്തുംപോയി. വീടാകട്ടെ, കഴുകിത്തുടച്ച പോലെ ആയി. ആ രണ്ടായിരം രൂപയുടെ പിൻബലമുണ്ടായിരുന്ന ഞാൻ

എന്തെങ്കിലും ചെയ്യാമെന്നു് ആഗ്രഹിച്ചാൽത്തന്നെ, ഗംഗവ്വ എന്നെ ഒരു നായയെപ്പോലെ അകററുകയല്ലേ ഉണ്ടായതു്. വെങ്കാടി എൻെറ വീട്ടിൽനിന്നാണു് കാണാതായതു്—ഈ ഒററ സംഗതി അവർക്കു് എന്നോടുള്ള ദ്വേഷത്തിനു കാരണമായിത്തീർന്നു.

അക്കൻെറ മുമ്പിൽ മുഖം കാട്ടാൻ കഴിയാതെ, ഞാൻ ഗ്രാമത്തിൽ പോയി താമസിക്കാൻ തുടങ്ങി. വയലുകരം ഒററിയിൽനിന്നു് ഒഴിപ്പിച്ചെടുത്തു് ഞാൻ സ്വയം കൃഷിപ്പണി തുടങ്ങി. വീട്ടിലെ സ്ഥിതിയും നന്നായി. സുസ്ഥിരമായി വാണു്, ജീവിതത്തെ ഒരു പിടിയിൽ കൊണ്ടുവന്നു. ഇനിയൊരിക്കൽ തോൽവി നേരിടാതിരിക്കണമെങ്കിൽ, ഞാൻ സ്വയം മുമ്പോട്ടുവന്നു് പണിയെടുത്തു്, (എന്തു പണിയും ആയിക്കോട്ടെ) അതിൽത്തന്നെ ആസക്തനായി, അതു് നിർദ്ദോഷമായി പൂർണ്ണമാക്കുക എന്നതേ ഒരു ഉപായമുള്ളു എന്ന തത്വം ഞാൻ മുറുകെപ്പിടിച്ചു. പണി നടത്തി, തോൽവിയെ വെല്ലുന്നവനു് പേടി, നാണം മുതലായ എല്ലാ വികാരങ്ങളും ഉപേക്ഷിക്കേണ്ടിവരും എന്ന വിശ്വാസപ്രമാണം അംഗീകരിച്ചു്, താൻ ചെയ്യുന്ന പ്രവൃത്തികളെ സംബന്ധിച്ച നീതി—അനീതികളുടെ ചിന്തതന്നെ ഞാൻ വലിച്ചെറിഞ്ഞു. ചെയ്യുന്നതെല്ലാം നിർവ്വികാരനായി നോക്കിക്കൊണ്ടു് പണി പൂർത്തീകരിക്കുക—ഇതായി എൻെറ സ്ഥായിയായ രീതി. അങ്ങനെ എനിക്കു് 'ചാടിപ്പോയവൻ' എന്ന ബിരുദവും ലഭിച്ചു.

ധാർവാറിലേക്കു തിരിച്ചുവന്നശേഷം എല്ലാ ഉപായങ്ങളും പ്രയോഗിച്ചു്, ചിരംജീവി കൃഷ്ണനു് ഞാൻ എൻെറ മകളെ കെട്ടിക്കൊടുത്തു. എൻെറ പല ഉദ്ദേശ്യങ്ങളിൽ, ഗംഗക്കനോടു് വീണ്ടും യോജിച്ചു പഴയ കഥകളെല്ലാം മറക്കുകയെന്നതും ഉണ്ടായിരുന്നു. എന്നാൽ അവരുടെ ശാഠ്യവും ദുരഭിമാനവും എൻെറ ദുഷ്ടസ്വഭാവത്തിനു് ഒരു വെല്ലുവിളി ആയിട്ടാണു് പരിണമിച്ചതു്. എന്നോടുള്ള അവരുടെ തിരസ്കാരബുദ്ധി എന്നിലും ശഠസ്വഭാവം ഉളവാക്കി. അവരെ വെല്ലുവിളിച്ചു് ഞാൻ ആ കല്യാണം നടത്തി. ആ കല്യാണക്കാര്യത്തിൽ ഞാൻ നിങ്ങളേയും അകപ്പെടുത്തി. ചതി പററി എന്നു് നിങ്ങൾക്കു് ഒരിക്കലെങ്കിലും തോന്നിയിട്ടില്ലേ?

എനിക്കു നേരിട്ട രണ്ടാമത്തെ തോൽവി. വരദക്ഷിണയ്ക്കു് പണം കുറവാവുമെന്നു് എനിക്കു് ആദ്യമേ അറിയാമായിരുന്നു. ചിരംജീവി കിട്ടണ്ണൻെറ പണം നിങ്ങളുടെ കൈയിൽ ഉള്ളതു് അറിഞ്ഞു്, നിങ്ങളുടെ കൈ ഒന്നു കെട്ടിയിടാമെന്നു വിചാരിച്ചു്, അഞ്ഞൂറുരൂപ കുറവുള്ളതു് അങ്ങനെ അങ്ങോട്ടു ശരിപ്പെടുത്താമെന്ന എൻെറ പരിപാടിയിൽ നിങ്ങൾ വീണില്ലെങ്കിലും അതിൽ എന്നെ പുകഴ്ത്താതിരിക്കില്ല. എന്നാൽ ഒന്നു ചെയ്യാൻപോയിട്ടു് മററൊന്നായി. എനിക്കു് ഏററവും പ്രിയപ്പെട്ട ഒരു ജീവൻ, ആ കുറവുള്ള അഞ്ഞൂറുരൂപ, എൻെറ അറിവുകൂടാതെ നികത്തണമെന്ന മോഹത്തിൽ പെട്ടു്, എനിക്കു നഷ്ടമായി. ഇന്നും ആ നോവു് എനിക്കുണ്ടു്. എൻെറ ഇറക്കക്കാലത്തു് ഈ രണ്ടാ

മത്തെ തോൽവി എന്നെ തളർത്തിക്കളഞ്ഞു; ഇപ്പോഴും തളർത്തിക്കൊണ്ടിരിക്കുന്നു. മഹബൂബപാജാനിൻെറ മരണംകൊണ്ടു് ഉണ്ടായ ദുഃഖത്തെപ്പററി നിങ്ങളെപ്പോലെയുള്ള ആത്മാഭിമാനികൾക്കു് മനസ്സിലാവുകയില്ല. എന്നാൽ അതു് മൂന്നു മാസംകൊണ്ടു് എന്നെ കിഴവനാക്കിക്കളഞ്ഞു; പണിയെടുക്കുന്നതിലുള്ള ഒരു പിടുത്തംതന്നെ കെടുത്തിക്കളഞ്ഞു. ഞാൻ മറെറാരു രാഘപ്പ ആയിത്തീർന്നു. എൻെറ പിടിമുറുക്കം അയഞ്ഞുപോയി.

വെള്ളത്തിൽ കല്ലെറിഞ്ഞിട്ടു്, ഓളങ്ങൾ ഇന്ന ദിക്കിലേയ്ക്കു പോകണമെന്നു പറഞ്ഞാൽ ഓളങ്ങളുണ്ടോ കേൾക്കാൻപോകുന്നു........ഞാൻ ഒരു കവിയെപ്പോലെ സംസാരിക്കുകയല്ല. എൻെറ അനുഭവങ്ങളുടെ സാരമായി, എൻെറ കർമ്മങ്ങളുടെ രൂപകമായി, ഈ പ്രശ്നം എൻെറ മുമ്പിൽ, ഈ നാലു കൊല്ലങ്ങളായി, നിരന്തരം പൊന്തിവരുന്നു. കല്ലെറിഞ്ഞാൽ ഓളങ്ങൾ പൊന്തുമെന്നറിയാത്ത, ഓളങ്ങളെ നിയന്ത്രിക്കാൻ ആവാത്ത നാം എന്തിനു കല്ലെറിയണം?........ ഒന്നു ചെയ്യാൻ പോയിട്ടു് മറെറാന്നു് ആവുന്നതിൻെറ ചുമതല ആർക്കാണു്?.... അതിൻെറ അനുഭവം ഉണ്ടാവുന്നതു് ആർക്കാണു്?........ഞാൻ അനുഭവപാഠം പറയുകയാണു്; വേദാന്തപാഠമൊന്നും അല്ല. എന്നാൽ അനുഭവംതന്നെയാണു് വേദാന്തത്തിൻെറ അടുത്തേയ്ക്കു വലിക്കുക. ഇങ്ങനെ മയംവന്ന എൻെറ മനസ്സു് കഴിഞ്ഞതെല്ലാം ഓർത്തോർത്തു് വിഷമത്തിൽ ആണ്ടിരിക്കുന്നു. ഞാൻ അശക്തനായി, എന്നുവെച്ചു് എൻെറ ശരീരബലം നഷ്ടമായിട്ടില്ല. എന്നാൽ ഒരേ ഉദ്ദേശ്യത്തെ ഉന്നംവെച്ചു്, കഴിവു ചെലുത്താനുള്ള ഏകാഗ്രത എന്നിൽ ദിവസം ചെല്ലുന്തോറും കുറഞ്ഞുവരികയാണു്.

പിന്നീടുണ്ടായ അനുഭവവും കേൾക്കു. എനിക്കു് പണി എന്നു പറഞ്ഞാൽ ആലസ്യമല്ല, ഭയമാണു് തോന്നാൻ തുടങ്ങിയതു്. ഇന്നു് ഇങ്ങനെ ചെയ്യാൻ പോയിട്ടു് അങ്ങനെ സംഭവിച്ചാൽ ഉത്തരവാദി ആരാണു്?....ഇതേ പ്രശ്നം ദിവസംചെല്ലുംതോറും തീവ്രമായി പ്രത്യക്ഷപ്പെട്ടു്, പണിയെടുക്കുന്ന സമയം അപ്രതീക്ഷിത പരിണാമങ്ങളുടെ ആശങ്ക ഉയർത്തിവിടുന്നു. എന്നാൽ കർമ്മഫലമുണ്ടോ വിടുന്നു? പണിയെടുക്കുകതന്നെ വേണം. അങ്ങനെ പണ്ടത്തെപ്പോലെ പരിപാടിയിട്ടു പണിയെടുക്കുന്നതു് ഞാൻ സ്വയം വേണ്ടെന്നുവെച്ചു. അതിനുപകരം പൂർവ്വസഞ്ചിതമായ പ്രവാഹത്തിൽ കുതിച്ചുവീണു. വയ്യ, വയ്യ എന്നു പറഞ്ഞുകൊണ്ടുതന്നെ പുതിയ പുതിയ ആശകളേയും ആകാംക്ഷകളേയും വളർത്താൻ തുടങ്ങി. എൻെറ ആശങ്കയുടെ വിഷയങ്ങൾ പലതായിരുന്നു. അക്കുറു് എൻെറ സമ്പാദ്യം കിട്ടരുതെന്ന ഉദ്ദേശ്യത്തോടെ, എൻെറ ഭാര്യയുടെ ജീവനേയും പണയംവെച്ചു് ഒരു മകനെ സമ്പാദിക്കാൻ പ്രയത്നിച്ചു. ഇതിൽ ഞാൻ ഒരു വിജയിയായപോലെ തോന്നി. പക്ഷെ ഭാഗ്യം എനിക്കെതിരായി പന്തയംവെച്ചപോലെ ആയിത്തീർന്നു. ഇനി ഒരു പോംവഴിയും ഇല്ല.

വളരെ ചീത്ത സമയത്താണു് നിങ്ങൾ ആ കത്തുകൾ എൻെറ അടുത്തേയ്ക്കു് അയച്ചതു്. അതുകൊണ്ടു് ഞാൻ ഭയന്നുപോയി എന്നല്ല പറയുന്നതു്. പൂർവ്വ

കാലത്തെ ഓർമ്മ വളരെ സ്പഷ്ടമായിത്തീർന്നു്, ഞാൻ ഒരു ഭീരുവായി. എൻെറ പ്രവൃത്തികളുടെ പരിണാമത്തിൻെറ അഗമ്യതയെപ്പററി ഭീതി അധികമായി. എൻെറ അക്കൻ നിങ്ങളുടെ വീട്ടിൽ ഉപവാസം അനുഷ്ഠിക്കുന്ന സമയം, നിങ്ങളെ ഭയന്നു്, ഞാൻ എൻെറ മകളെ അയച്ചതല്ല. എന്നെപ്പോലെയുള്ളവനും ഗംഗക്കൻെറ നേരെ സഹതാപമേ ഉണ്ടാവൂ. അവർ കഷ്ടപ്പെട്ടതെല്ലാം കാണാൻ എനിക്കു കെല്പുണ്ടായിരുന്നു; പക്ഷെ അവർ പട്ടിണി കിടക്കുന്നതു കാണാൻ എനിക്കു് കെല്പില്ലായിരുന്നു.

ഇനി എൻെറ അവസാനത്തെ തോൽവി. അതായതു് എൻെറ ഭാര്യയുടെ മരണം. ചിലപ്പോൾ ഈശ്വരൻ, തനി ദുർബ്ബുദ്ധിക്കു് അതിശയകരമാംവണ്ണം സുബുദ്ധി പഠിപ്പിച്ചുകൊടുക്കുമെന്നു തോന്നുന്നു. ഞാൻ എൻെറ ഭാര്യയെ ആയിരം പ്രകാരത്തിൽ സ്നേഹിച്ചിരുന്നു. അത്രയും അനുഭവം നിങ്ങൾക്കു് ഉണ്ടാവുക അസാദ്ധ്യം. എന്നാൽ ആയിരത്തിഒന്നാമത്തെ ഒരു പ്രകാരവും ഉണ്ടെന്നു് എന്നെപ്പോലെ ഉള്ളവനും ആദ്യമായി മനസ്സിലായി. ഞാൻ അവളുടെ നേരെ അന്യായം പ്രവർത്തിച്ചപ്പോൾ, അവൾക്കു് സുഖമില്ലാതായപ്പോൾ, അവൾ അതു് മൂകയായി സഹിച്ചുകൊണ്ടിരുന്നപ്പോൾ, അവസാനം ചത്തുപോയപ്പോൾ, കരുണയും മമതയും മായയും എന്നിലൂടെ പരിപൂർണ്ണമായി പ്രവഹിച്ചു. അപാരമായ കരുണ, കടൽപോലെയുള്ള കരുണ, ഉദ്ഘോഷത്തോടെ പ്രവഹിക്കുന്ന കരുണ!....... മഹാത്മാക്കൾ ഇങ്ങനെതന്നെയോ ഈശ്വരനെ പ്രീതിപ്പെടുത്തിയതു് എന്നു് എനിക്കു സംശയം തോന്നുന്നു. എത്ര കണ്ണുനീർ വാർത്തുപോയാലും വററിപ്പോകാത്ത കരുണ! ദേഹമാകെ ഒന്നായാലും തീരാത്ത മമത!........ എൻെറ ഭാര്യയുടെ നേരെ ഇത്ര അപാരമായ, ഇത്ര ഉന്നതമായ പ്രേമഭാവം എന്നിൽ ഉളവാകുമെന്നു് ഞാൻ ഒരുകാലത്തും കണക്കാക്കിയിരുന്നില്ല. എൻെറ പരിണയംപോലും ക്ഷണികമായ ആനന്ദത്തിനുവേണ്ടിയുള്ള ആശയിൽ നിന്നു് ഉണ്ടായതത്രേ!

ഇനി അവസാനത്തെ സംഗതി. നിങ്ങളുടെ മകൻ വസന്തൻ കഠോരതയ്ക്കു പററിയവനല്ല. അടിവരുമ്പോൾ ഭയപ്പെടുന്നവനാണു്. നിങ്ങൾക്കു് അല്ലറ ചില്ലറ നഷ്ടം വരുത്തുന്നതുകൊണ്ടു് എനിക്കു് യാതൊരു സന്തോഷവും ഇല്ല. അവൻ അല്പം ഒത്ത മനുഷ്യൻ ആയിരുന്നുവെങ്കിൽ ഞാൻ നിങ്ങൾക്കു് എൻെറ കൈമിടുക്കിൻെറ മുഴുവൻ അനുഭവവും ഉണ്ടാക്കിത്തരുമായിരുന്നു. നിങ്ങളുടെ കൺമുന്നിൽവെച്ചുതന്നെ ഞാൻ എൻെറ മകളെ അവനു് കെട്ടിക്കൊടുത്തു്, അവൻെറ ഭാഗസ്വത്തിനുവേണ്ടി നിങ്ങളെ കോർട്ടിൻെറ പടി കയററാതെ വിടുമായിരുന്നില്ല. എന്നാൽ നിങ്ങളുടെ വസന്തനെപ്പോലെയുള്ളവരെ ഏററിക്കൊണ്ടു് കളിക്കുന്ന ഞാനാവും വിവേകശൂന്യൻ!

നിങ്ങളുടെ വസന്തനു് എൻെറ മകളെ കൊടുക്കണമെന്നു തീർച്ചപ്പെടുത്തിയതായിരുന്നു. എന്നാൽ എൻെറ ഭാര്യയെ ആശുപത്രിയിൽ കിടത്തിയിരുന്നപ്പോൾ അവൻ താനേ വന്നു് അവളെ 'കട്ടെടുത്തു'. മൂന്നു നാലു ദിവസംകൊണ്ടു്

ആ വാർത്ത എല്ലായിടത്തും പരക്കുമെന്നതിലും എനിക്കു് സംശയമില്ല. എന്നാൽ അതിനെപ്പററി ഞാൻ നിങ്ങളോട്ട് ഒന്നും പറയുന്നില്ല. ഇത്രയും ദിവസം നിങ്ങളോടുള്ള എൻെറ ദ്വേഷം സാധിച്ചുകൊണ്ടുവന്നു. ഇനി നിങ്ങൾക്കും ഒരു സന്ദർഭം ഉണ്ടാവട്ടെ!........അതു ചിരംജീവി ശാന്തയുടെ കുററംതന്നെ. ഞാനും എൻെറ ഭാര്യയെ 'കട്ടെടുത്ത'വൻ തന്നെയാണു്. എന്നാൽ എൻെറ ഭാര്യ ആകർഷിക്കപ്പെട്ടതു് രാഘപ്പയുടെ അടുത്തേയ്ക്കാണു്; എൻെറ മകൾ വസന്തൻെറ അടുത്തേയ്ക്കും. ആകാശവും ഭൂമിയും തമ്മിലുള്ള അന്തരം! തൻെറ അവിവേകത്തിനു് അവൾതന്നെ വില ഒടുക്കണം. വേണമെങ്കിൽ എന്നോടു പകരംവീട്ടാം. ഞാൻ ഒരു വിഷയം ഇട്ടുതന്നിരിക്കുന്നു.

എന്നാൽ ഇന്നു രാത്രി രണ്ടരമണിക്കു് ഞാൻ പണിയിൽനിന്നു വിരമിക്കുകയാണു്. അതിനുമുമ്പു് ഞാൻ എങ്ങാനും തോററുപോയാൽ അതു് നിങ്ങളോടല്ല എന്നു് നിങ്ങൾക്കു് സ്പഷ്ടമായി അറിയിച്ചുതരുന്ന അവസാനത്തെ പണി ഞാൻ ചെയ്തുകഴിഞ്ഞിരിക്കും.

ദയവുണ്ടാകട്ടെ.

നിങ്ങളുടെ മുമ്പിൽ കളിച്ച പഴയ എതിരാളി

—രാഘപ്പ

## 37. ഉപസംഹാരവും അച്യുതൻെറ മൂന്നാമത്തെ കത്തും

രാഘപ്പയുടെ മരണത്തിനുശേഷം ആറുമാസങ്ങൾക്കുള്ളിൽ കിട്ടിയുടെ വീട്ടിലെ അന്തരീക്ഷം തീരെ മാറി.

രാഘപ്പയുടെ മരണപത്രത്തിൽ, ''എനിക്കു് ആൺകുട്ടി ജനിച്ചാൽ പ്രശ്നമേയില്ല. എന്നാൽ പെൺകുട്ടിയാണു് ജനിക്കുന്നതെങ്കിൽ, ദത്തെടുത്താലും ഇല്ലെങ്കിലും എൻെറ സ്വത്തു് ചിരംജീവി കൃഷ്ണനു് ചേരുന്നതാകുന്നു. അയാളെ തന്നെ ദത്തെടുക്കേണ്ട ആലോചന ഉള്ളതാകുന്നു. എനിക്കു ഭ്രാന്തു പിടിക്കുമോ എന്നു ഭയമുണ്ടു്. അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ ദത്തെടുത്തില്ലെങ്കിലും, സ്വത്തു് അയാൾക്കുതന്നെ ചേരേണ്ടതാണു്.'' എന്നു് പറഞ്ഞിരുന്നു. ഇതിനും പുറമെ, വെങ്കടരായ തൻെറ ഭാഗം ആവശ്യപ്പെട്ടാൽ കൊടുക്കണമെന്നും, ശാന്തയുടെ കല്യാണം നടത്തണമെന്നും, ജനിക്കുന്ന കുഞ്ഞിനെ പോററണമെന്നും, ഭാര്യ ജീവിച്ചാൽ സംരക്ഷിക്കണമെന്നും വേറെ നിബന്ധനകൾ ഉണ്ടായിരുന്നു. ബ്രാഹ്മണരുടെ ഉപദേശപ്രകാരം കിട്ടി രാഘപ്പയുടെ വീടുവിട്ടു്, ശാന്തയേയും കൂട്ടി, തൻെറ വീട്ടിൽ ഒരു മാസം താമസിച്ചു. പിന്നീടു് ഉദകശാന്തി' നടത്തിയതിനുശേഷം തൻെറ വീടു വിട്ടു് രാഘപ്പയുടെ വീട്ടിൽ താമസിക്കാൻ പോയി.

കിട്ടിയുടെ മനസ്സു്, ആ ഭീഷണസംഭവങ്ങളാകുന്ന ചുററികയുടെ അടിയേററു് മയപ്പെട്ടു. അയാൾ ഒററ കുതിക്കു് 'കർമ്മകാണ്ഡ'ത്തിൽ എത്തിച്ചേർന്നു.

രാഹു ഗ്രസിച്ച വീട്ട്, 'ഉദകശാന്തി'സമയത്തെ വേദോദ്ഘോഷം നിമിത്തം, പ്രശാന്തമായതു കണ്ടതോടെ, അയാറം 'കർമ്മകാണ്ഡ'ത്തിൽ അപാരമായ ആനന്ദം കണ്ടെത്തി. അധികം കൂലങ്കഷമായി ചിന്തിക്കുന്നവനല്ല, അയാറം. സിനിമയ്ക്കു പകരം, പുരാണങ്ങറം കേറംക്കാൻ പോയിത്തുടങ്ങി. ഒന്നുരണ്ടു മാസം കൂടുമ്പോറം വീട്ടിൽ 'സത്യനാരായണവ്രതം' ഉണ്ടാകും. ചായക്കട തീരെ ഉപേക്ഷിച്ചു. ജോർജിയോട്ട് കേവലം വായ്കൊണ്ട് സ്നേഹം പ്രകടിപ്പിക്കും. അയാളോടൊപ്പം അയാളുടെ വീട്ടിൽ പോയി ചായ കുടിക്കുന്നതു് വേണ്ടെന്നു വെച്ചു. ക്രോപ്പിൻെറ നീളം കുറഞ്ഞുവന്നു. തലയുടെ ഉച്ചിയിൽ 'ഞെട്ടി'ൻെറ 'ഇഴ'കറം വീണ്ടും ഇളകിയാടാൻ തുടങ്ങി. 'സാളഗ്രാമ മഹിമ' എന്നൊരു മറാഠി പുസ്തകം ഒരണ കൊടുത്തു വാങ്ങി, അതു പാരായണംചെയ്തുകൊണ്ട് ദിവസവും സാളഗ്രാമത്തിന്ന് അഭിഷേകം നടത്താൻ തുടങ്ങി. ദിവസേന സന്ധ്യാവന്ദനത്തിന്ന് അര മണിക്കൂർ വേണം എന്ന നിലയായി. അത്തരം ദൈനന്ദിന പരിപാടികറം നിമിത്തം ഉറക്കത്തിന്നുള്ള സമയം കുറഞ്ഞുവന്നു. കാലത്തു് വേഗം ഉണർന്നെഴുനേൽക്കുക ഒരു ആവശ്യകതയായിത്തീർന്നു. അങ്ങനെ പ്രവൃത്തികറം കൂടിക്കൂടി വന്നു. അയാറം വീട്ടിൽവെച്ച് മന്ത്രങ്ങറം ഉച്ചരിക്കുന്നതു കേട്ട് എല്ലാവർക്കും അയാളോട്ട് മതിപ്പ് തോന്നിത്തുടങ്ങി. ആപ്പീസിലെ ജോലിയും ഭംഗിയായി മുറയ്ക്കു നടക്കാൻ തുടങ്ങി, 'സൊള്ള' പറച്ചിൽ മുതലായതു് തീരെ നിറുത്തിയതു നിമിത്തം. അങ്ങനെ ആപ്പീസിലും, സ്വയം അറിയാതെതന്നെ, അയാളുടെ ഗൗരവം വർദ്ധിക്കാൻ തുടങ്ങി. പണമാണെങ്കിലോ കൈയിൽ തത്തിക്കളിക്കാൻ ആരംഭിച്ചു. വൈദികതേജസ്സുമൂലം മുഖത്തിന്ന് ഒരു കാന്തി കയറി; അല്പം തടിയും വെച്ചു. അങ്ങനെ കിട്ടിയുടെ ജീവിതം ഒരു സ്ഥിരതയിൽ വന്നു.

അങ്ങനെ കിട്ടി തൻെറ യഥാർത്ഥ പ്രകൃതി, തൻെറ ആന്തരികശക്തി മനസ്സിലാക്കി. പക്ഷെ വെറും ലൗകികനായ അയാറംക്ക് അതിലും മുന്നോട്ടു പോവുക സാദ്ധ്യവുമല്ല. ഇനി ഒരു ഇരുപതു കൊല്ലക്കാലം അയാറം ശ്രമിച്ചാലും ആ വിഷയത്തിൽ വലിയ പരിവർത്തനം കാണപ്പെടുകയില്ല.

രത്നയുടെ ദുരഭിമാനവും കുറഞ്ഞു. അച്ഛനും അമ്മയും മരിച്ചപ്പോറം, ''ഞാൻ നിനക്ക് ഒരമ്മയല്ലേ?'' എന്നു ചോദിച്ച ഒരാറം ഉണ്ടല്ലോ എന്ന് ഓർക്കവേ, അവറം ഒരുതരം കൃതജ്ഞതാബോധത്തിന്ന് അടിപ്പെട്ടുപോയി. താനേ ചെന്ന് അമ്മായിഅമ്മയോടു ചോദിച്ചിട്ടേ അവറം എന്തെങ്കിലും ചെയ്യുകയുള്ളു. അമ്മായിഅമ്മയ്ക്കു വല്ലപ്പോഴുമൊക്കെ ഒരു കപ്പു പാൽ കൊണ്ടുപോയി കൊടുത്തു് ''ഇതു കുടിച്ചിട്ട് കിടന്നോളു'' എന്നു നിർബ്ബന്ധിക്കും. മററുള്ളവർ ഭർത്താവിനെ ആദരിക്കുന്നതു കണ്ട്, അവറംക്കും ഭർത്താവിൻെറനേരെ ആദരവ് വർദ്ധിച്ചു. കിട്ടി ഒരു ഭർത്താവു മാത്രമല്ല, ഗുരുവും ആയി. ഇരു കവിളിലും മഞ്ഞറംപ്പൊടി പൂശി, ദിവസവും കാലത്തു് തുളസിയുടെ കടയ്ക്കൽ അവറം വെള്ളം ഒഴിക്കാൻ തുടങ്ങി. അമ്മായിഅമ്മ പറയുന്നതുപോലെ നടന്നു, പുത്രലാഭം കൊതിച്ചിട്ട്.

'അനാഥ'രെപ്പോലെ ആയ രത്നയേയും ശാന്തയേയും ഗംഗവ്വ തൻെറ സ്വന്തം മക്കളായി കണക്കാക്കി. അവരുടെ ചുമതല ഗംഗവ്വ സ്വയം ഏറെറടുത്തു. രാഘപ്പയുടെ പ്രചണ്ഡമായ അസ്തിത്വം ഇല്ലാതായതോടെ ഗംഗവ്വക്കു തൻെറ മനസ്സ് ശൂന്യമായപോലെ തോന്നി. തന്നെ രാഘപ്പയുടെ പ്രേതം തല്ലുമെന്ന ഭീതി അവരെ ഉള്ളാലെ ശല്യപ്പെടുത്തി. നാലഞ്ചു ദിവസം തുടർച്ചയായി, അവർ ഭീകരസ്വപ്നങ്ങളും കാണുകയുണ്ടായി. എന്നാൽ രാഘപ്പയുടെ മക്കളെ സ്നേഹിച്ച്, ആ ഭീതി ഉച്ചാടനം ചെയ്യാൻ അവർ യത്നിച്ചു. ''ഇനി സത്യമായും മനസ്സ് വിശാലമാകണം'' എന്ന് ദേസായി അഭിപ്രായപ്പെട്ടപ്പോൾ ഗംഗവ്വ പറഞ്ഞു: ''ഗോപണ്ണ, ഇവരിൽ ആരുംതന്നെ എനിക്ക് അന്യരല്ല. അതങ്ങനെ ഒരു കാലം വന്നു പോയി!'' വീട്ടിൽ എല്ലാവരും, തന്നെ ബഹുമാനിക്കുന്നതു കണ്ട് അവർക്ക് ദേഹമാകെ ഒരു വിശ്രമം നേടിയപോലെ തോന്നി. ബദരി യാത്രക്കു പോകണമെന്ന് നിർബ്ബന്ധംപിടിച്ച അവർ അതിൽനിന്ന് ലഭിക്കാവുന്ന പരമാനന്ദത്തിനുവേണ്ടി പ്രാപഞ്ചിക വിഷയത്തിലേക്കു മനസ്സു തിരിച്ചു. ഭാഗ്യംകൊണ്ട് ഗംഗാമാതാവ് താനേ അവരുടെ വീട്ടിലേക്കു വന്നു. കാശിയിൽ അവരെ താമസിപ്പിച്ച 'പണ്ഡ'മാരിൽ ഒരാൾ രാമേശ്വരയാത്രക്കു പുറപ്പെട്ട്, ഊരുതോറും തങ്ങി തങ്ങി, തൻെറ പഴയ തീർത്ഥയാത്രക്കാരുടെ വീടുതോറും പോയി, അവിടെ ഭക്ഷണം കഴിച്ച് ദക്ഷിണയും മേടിച്ച്, അങ്ങനെ ധാർവാറിലും എത്തി. തൻെറ വലിയ ഒരു 'പററ്'കാരനായ ദേസായിയുടെ വീട് അന്വേഷിച്ച് അന്വേഷിച്ച് അവിടെ എത്തിക്കപ്പെട്ടു. ദേസായി, ഗംഗവ്വയേയും ആളയച്ചു വിളിച്ചുവരുത്തി. ഗംഗവ്വ കിട്ടിയൊന്നിച്ച് അവിടെ എത്തി, 'പണ്ഡ'യെ തൻെറ വീട്ടിലേക്കു ക്ഷണിച്ചു. രാത്രി അയാൾക്കു ഭോജനം നൽകി. കിട്ടിയെക്കൊണ്ട് അയാൾക്ക് ഒരു രൂപ ദക്ഷിണയും കൊടുപ്പിച്ചു. അതിനുശേഷം ഒരു കുപ്പി ഗംഗാജലം എട്ടണക്ക് അയാളുടെ കൈയിൽനിന്നു വാങ്ങി, ഈശ്വരവിഗ്രഹങ്ങളുടെ നടുക്ക്, പൂജക്കായി വെച്ചിച്ചു. അങ്ങനെ ഗംഗാമാതാവ് വീട്ടിലേക്കു വന്നുചേർന്നു.

അച്യുതരായ, ദേസായിയുടെ കത്തനുസരിച്ച് പൂനക്കു പോകുന്നതു വിട്ട് ധാർവാറിലേക്കു വന്നു. തന്നേക്കാൾ മുമ്പ് വസന്തൻെറ കല്യാണം നടത്തുന്നതിൽ അയാൾ യാതൊരു കുഴപ്പവും ഉണ്ടാക്കിയില്ല. വസന്തൻ ശാന്തയെ കല്യാണംകഴിക്കുവാൻപോകയാണെന്ന, ദേസായിയുടെ സൂചനയെ അയാൾ അംഗീകരിച്ചു. രാഘപ്പയുടെ അന്തിമാഭിലാഷം മാനിച്ച് ദേസായി, അയാളുടെ മകളെ തൻെറ മകനുവേണ്ടി സ്വീകരിച്ചുവെന്ന കേൾവി പരന്ന്, ഒരു യഥാർത്ഥ മനുഷ്യൻ, ഒരു വലിയ മനുഷ്യൻ'' എന്ന പേർ ദേസായിക്കു ലഭിച്ചു. കല്യാണത്തിൻെറ തീയതിയും നിശ്ചയിച്ചശേഷം അച്യുതൻ പൂനക്കു പോയി. എന്നാൽ വേണുബായി വിഷാദിക്കുകയാണ് ഉണ്ടായതു്. എന്തൊരു അപമാനം! പത്തു 'സെൻറു'' ഭൂമി മാത്രമുള്ള രാഘപ്പയുടെ മകൾ! ആത്മഹത്യചെയ്ത രാഘപ്പയുടെ മകൾ! അങ്ങനെയുള്ള ഒരുത്തി തൻെറ മരുമകളോ! വരദക്ഷിണ പൂജ്യവും! അച്യുതൻെറ കല്യാണം കഴിയാതെ നടത്തുന്ന ഒരു കല്യാണം! വയറുനിറ

യെ ഭക്ഷിച്ച്, ഭർത്താവിൻെറ മുമ്പിൽ കുത്തിയിരുന്ന്, വെററിലപാക്ക ചവ ച്ചുകൊണ്ട് 'ഹ്ം! ഹ്ം!' എന്ന് അവർ ഇടയ്ക്കിടയ്ക്ക് കരയും. ദേസായി അവരെ സമാധാനിപ്പിക്കാൻ യത്നിച്ചില്ല. കാരണം, അതു് തീരാത്ത കരിച്ചിൽ ആയി രുന്നു.

കല്യാണത്തെപ്പററി അറിഞ്ഞതിനുശേഷം ശാന്ത, വസന്തരായൻ സമ്മാനിച്ച മുത്തുമാലയും മഹബൂബാജാനിൻെറ 'ചന്ദ്രഹാര'വും ധരിച്ച്, അതേ തെരുവി ലുള്ള തൻെറ കൂട്ടുകാരികളെ സന്ദർശിച്ചുവന്നു.

ദേസായി, കിട്ടിയേയും ഗംഗവ്വയേയും ഒരുമിച്ചു വിളിച്ചുവരുത്തി; അവ രുടെ കണക്ക് വായിച്ചു കേൾപ്പിച്ചു; ഇനിമേൽ ആ പണത്തിൻെറ ചുമതല തന്നെക്കൊണ്ട് വഹിക്കാൻ ആവില്ലെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു. കിട്ടി എല്ലാററിനും ക്ഷമായാചനം ചെയ്തു. ആ തുകകൊണ്ട് എന്തു ചെയ്യണമെന്ന് ദേസായിതന്നെ പറയണമെന്നും, കടം വീട്ടേണ്ട ചുമതല തൻേറതാണെന്നും പറഞ്ഞു. കടം ഉടൻതന്നെ വീട്ടണമെന്നും ബാക്കിയുള്ള പണം ഗംഗവ്വയുടെ പേരിൽ പോസ്റ്റാഫീസിൽ ഇടണമെന്നും ദേസായി പ്രസ്താവിച്ചു. അതുപോലെ തന്നെ സംഗതി നടത്തപ്പെട്ടു. ഗംഗവ്വയുടെ പേരിൽ ആയിരത്തി ഇരുനൂറു രൂപ പോസ്റ്റാഫീസിൽ നിക്ഷേപിക്കപ്പെട്ടു. അങ്ങനെ കിട്ടി ഋണമുക്തനായി.

ജോർജ് വാഷിംഗ്ടൺ കംബാരഗണവിയുടെ കഠോരസത്യത്തിൻെറ യന്ത്രത്തിൽ ജോഷിരാമരായ കുടുങ്ങി, തരംതാഴ്ത്തൽ സമ്പാദിച്ചുവെന്നതു് മററൊരു വലിയ കഥയത്രേ. അയാൾ തരംതാഴ്ത്തപ്പെട്ട്, സ്ഥലംമാററ മായി പോയതിനുശേഷം, ജോർജിതന്നെ ആക്ററിംഗ് ഹെഡ് ഗുമസ്തനായി; മേലധികാരികളുടെ പ്രീതിക്കു പാത്രമായ അയാൾ കുറച്ചു ദിവസങ്ങൾക്കുള്ളിൽ സ്ഥിരം ഹെഡ് ഗുമസ്തനും ആയി. അയാൾക്ക് സ്റ്റീഫൻെറ താഴെ മററൊരു മകനുംകൂടി ഉണ്ടായി, സാമുവേൽ. സാറാമ്മ രത്നയെ കാണാൻ ഇടയ്ക്കിടയ്ക്ക് വരും. അവളുടെ കുട്ടികളെ ആശയോടെ കളിപ്പിച്ചുകൊണ്ടിരിക്കും, രത്ന.

XX XX XX XX

പുനയ്ക്കു പോയ അച്യുതൻെറ ഈ കത്തു വന്നു:

ക്ഷേമം ശ്രീ. പൂന.

തീർത്ഥരൂപരുടെ ചരണാരവിന്ദങ്ങളിൽ നമസ്കാരങ്ങൾ. എനിക്കു ക്ഷേമം തന്നെ. സ്വന്തം വങ്കത്തം നിമിത്തം എനിക്കുതന്നെ ബേജാറു തോന്നുന്നു. കുറച്ചു ബുദ്ധി ഉപയോഗിച്ചിരുന്നുവെങ്കിൽ ബോംബെയിൽ ഇരുന്നുകൊണ്ടുതന്നെ പകുതി പ്രശ്നത്തിനു് സമാധാനം കാണാമായിരുന്നു. ബോംബെയിൽ എനിക്കു വളരെ ഗുജറാത്തി—മാർവാഡി മിത്രങ്ങൾ ഉണ്ട്. അവരുടെ സ്വഭാവവും അവ രുടെ വീട്ടിലെ പെരുമാററങ്ങളും എനിക്കറിയാം. മിക്കവാറും പണക്കാരായതു

കൊണ്ടും വ്യാപാരികളായതുകൊണ്ടും അവർക്കു് നിയമമെന്നെല്ലാം പറഞ്ഞാൽ വലിയ ഭയമാണു്. അതു് അറിഞ്ഞിരുന്ന ഞാൻ ഈ സന്ദർഭത്തിൽ അതു് ഉപയോഗിക്കാതെപോയി.

തഖ്ത്മൽസേഠ് ഇന്നും പൂനയിൽ ഉണ്ടു്. ഞാൻ അയാളെ കണ്ടു. തൻെറ കീഴിൽ വെങ്കിടരായ എന്നൊരാരാം ജോലിക്കാരനായി ഉണ്ടായിരുന്നുവെന്നതു് അയാൾക്കു സ്പഷ്ടമായി ഓർമ്മയുണ്ടു്. കള്ളച്ചെക്കിനെപ്പററി ചോദിച്ചപ്പോൾ അയാൾ ഒഴിഞ്ഞുമാറുന്ന മട്ടിലുള്ള മറുപടിയാണു് പറഞ്ഞതു്: ''ഞാൻ എല്ലാം മറന്നു. ചെക്കു് ശരിയായിരുന്നു. അതുകാരണം കംപ്ലെയിൻറു് പിൻവലിക്കുകയാണു് ഉണ്ടായതു്'' പിന്നീടു്, ഉണ്ടായതൊന്നും ഞാൻ അയാളെ അറിയിക്കുകയുണ്ടായില്ല. ആവശ്യമെന്നു തോന്നിയാൽ ഇനി ഒരിക്കൽ പോയി ഏതെങ്കിലും പൊൻപണിക്കാരൻവഴി, ചെവി കുത്തിച്ചു്, അയാളുടെ പിടിമുറുക്കത്തിനു് അയവു വരുത്താൻ കഴിയുമോ എന്നു പരിപാടി ഇടണം.

ഇതിൽനിന്നു് എനിക്കു തോന്നുന്ന അനുമാനം ഇതാണു്: കണക്കിൽ ഏററക്കുറവു് കണ്ട ഉടൻ മുൻപും പിൻപും വിചാരിക്കാതെ സേഠ് പോലീസിനു പരാതി കൊടുത്തു. പോലീസു വന്നു് മെല്ലെ അന്വേഷണം ആരംഭിച്ചപ്പോൾ സേഠിനു്, ഈ പ്രകരണം തൻെറ മകൻെറ അടുത്തുവരെ ചെന്നു മുട്ടുമെന്നു് ഒരു വാസന അടിച്ചിരിക്കും. എല്ലാ സേഠുമാരുടെ മക്കളും ചെറുപ്പത്തിൽ അവിവേകം ചെയ്തിട്ടുള്ളവരാണു്. ആ മക്കൾതന്നെ പ്രായപൂർത്തി വന്നാൽ അച്ഛന്മാരുടെ വ്യാപാരത്തിൽ ഏർപ്പെട്ടു് അച്ഛന്മാരേക്കാളും കൂടുതൽ ബുദ്ധിമാന്മാരായിത്തീരുകയാണു് പതിവു്. ഇതു് അക്കൂട്ടരുടെ സാമാന്യമായ അനുഭവമാണു്. ഇന്നു് സേഠിൻെറ കടയുടെ മുമ്പിൽ അയാളുടെ പേരുള്ള ബോർഡിനോടൊപ്പം അയാളുടെ ആ മകൻ ബാബുഭായിയുടെ പേരുള്ള ബോർഡും തൂങ്ങിയാടുന്നതു് ഞാൻ കാണുകയുണ്ടായി. തങ്ങളുടെ മക്കൾ ക്രിമിനൽ കോർട്ടിൻെറ പടി കയറുന്നതു് (സാക്ഷി പറയാൻ ആണെങ്കിൽപ്പോലും) തങ്ങളുടെ വ്യാപാരധർമ്മത്തിനു് എതിരാണെന്നു് വ്യാപാരികളായ സേഠുമാർ കരുതുന്നു. അതു നിമിത്തം അവരുടെ പേർ് തുലഞ്ഞുപോകുന്നു. അതുകൊണ്ടു് നമ്മുടെ സേഠ് എന്തെങ്കിലും ഉപായങ്ങൾ ചെയ്തു്, ചെക്കു് ശരിയായിരുന്നുവെന്നും തൻെറ കണക്കാണു് തെററിയതെന്നും വരുത്തി, പിന്നീടു് വേറെ മാർഗ്ഗം ഉപയോഗിച്ചു്, കോർട്ടിൽ കിടന്നു തൂങ്ങിക്കളിയ്ക്കാതെ കരകയറുവാൻ അങ്ങനെ ചെയ്തതായിരിക്കുമെന്നു തോന്നുന്നു. താജിമുദ്ദീനെ ഭയപ്പെടുത്തിയോ, കൈമടക്കു് കൊടുത്തോ ഓടിച്ചിരിക്കണം. കേസു് നീണ്ടു നീണ്ടു് പോയപ്പോൾ മൂലകാരണം അസത്യമാണെന്നു് കാട്ടി, അവിടെവെച്ചുതന്നെ കാര്യം അവസാനിപ്പിക്കത്തക്കവിധം എന്തെങ്കിലും ചെയ്തിരിക്കാമെന്നാണു് എൻെറ ഊഹം.

ഞാൻ പയ്യനാണെന്നു കരുതി സേഠ് അധികം സംസാരിക്കുകയുണ്ടായില്ല. അയാൾ അശ്രദ്ധ കാണിച്ചതു നിമിത്തം മുന്നോട്ടു് ഒന്നും ചോദിക്കരുതെന്നു കരുതി ഞാൻതന്നെ അവിടെവച്ചു നിറുത്തി. അതിലേക്കു് അങ്ങുതന്നെ

ബോംബെയ്ക്കു വരണം. സേഠ് നല്ലവനാണ്. ആ ചെക്ക കാരണം സംഭവിച്ച ദുരന്തം അറിഞ്ഞാൽ അയാരം സ്വയം മുൻകൈയെടുത്തു സഹകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ആ കേസ്സിൻെറ നമ്പർ കിട്ടിയാൽമാത്രം മതി, അയാളിൽ നിന്നു്. മുന്നോട്ടുള്ള അന്വേഷണം എനിക്കുതന്നെ ചെയ്യാൻ കഴിയും.

മൊത്തത്തിൽ നോക്കിയാൽ, സ്വാമിരായന് പിന്നീടുണ്ടായ നഷ്ടം ഇപ്പോരം സർക്കാരിനെക്കൊണ്ട് നികത്തിക്കാൻ കഴിയുമെന്നു് ഞാൻ ഊഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ജാമ്യം നിന്നതിന് സ്വാമിരായനിൽ നിന്നു് അയ്യായിരം രൂപ വസൂലാക്കപ്പെട്ടു. പക്ഷെ അതേ കേസ്സ് പിന്നീട് അസത്യമായിത്തീർന്നു. കേസ്സു തള്ളിപ്പോയതുമൂലവും അതിൻെറ പരിണാമം ആർക്കും അറിയാതെപോയതുമൂലവും ആരും ആ പണം തിരിച്ചു വാങ്ങുന്നതിന് അപേക്ഷിച്ചില്ല. അങ്ങനെ ആ പണം സർക്കാരിൻെറ വശം ബാക്കിനിൽക്കുകയാണ്. അങ്ങിനെ നോക്കുമ്പോരം സ്വാമിരായൻെറ അവകാശിയായ കൃഷ്ണാജിയെക്കൊണ്ട് ഇപ്പോരം അപേക്ഷ കൊടുപ്പിക്കരുതോ? അതിനുംപുറമെ, വെങ്കിടരായ അജ്ഞാതവാസത്തിൽ ഇരിക്കുന്നതുമൂലം അകപ്പെടുകയുമില്ല. അയാരംക്കും പോലീസിനെ പേടിക്കാതെ പിന്നീട് നടക്കുകയും ചെയ്യാം.

എന്നാൽ എല്ലാററിനും സേഠ് തഖ്ത്മല്ലിൻെറ സഹയോഗം വേണം. അതു നേടുവാൻ എന്നെക്കൊണ്ട് സാദ്ധ്യമല്ല. അങ്ങുതന്നെ വരണമെന്നു് അപേക്ഷ. അങ്ങു വിചാരിച്ചാൽ ഈ പ്രവൃത്തി ഭംഗിയായിത്തീരുമെന്നു് എനിക്കു വിശ്വാസമുണ്ട്. അങ്ങു വന്നതിനുശേഷം ഇവിടെയുള്ള എൻെറ ഒരു സുഹൃത്തായ വക്കീലിനെ സന്ദർശിച്ച് സാദ്ധ്യമെങ്കിൽ അയാളെയും കൂട്ടി നമുക്ക് പൂനയ്ക്കു പോകാം. എന്നാണ് വരുന്നതെന്ന് അറിയിക്കണം. മാതൃശ്രീക്ക് അനന്ത വന്ദനങ്ങരം! വസന്തൻെറ കല്യാണത്തോടൊന്നിച്ചുതന്നെ ഞാനും കല്യാണം കഴിക്കണമെന്നു് അവർ എന്നെ നിർബന്ധിക്കുകയുണ്ടായി. സാദ്ധ്യമല്ലെന്നു് ഞാൻ വളരെ നിഷ്ഠൂരനായി പറഞ്ഞു. അവരുടെ മനസ്സ് വല്ലാതെ നൊന്തു. അതുകൊണ്ട് അവരെ സാന്ത്വനപ്പെടുത്തണം. അടുത്ത കത്തിൽ അവരെക്കൊണ്ട് ഒരു വരി എഴുതിപ്പിക്കണം എന്ന് വികാരപാരവശ്യത്തോടെ അപേക്ഷിക്കുന്നു. അനുജന്മാർക്ക് ആശീർവ്വാദങ്ങരം. വരുമ്പോരം ചിരംജീവി പുരുഷോത്തമനേയും കൂട്ടിക്കൊണ്ടുവരണം.

എന്നു് സ്നേഹമുള്ള

അച്യുതരായ.

PC Library & Research Center

ഗംഗവ്വ—ഗംഗാമാതാവ് ഒരു കുടുംബകഥയാണ്. യാഥാസ്ഥിതിക ശൈലിയിൽ എഴുതിയിട്ടുള്ള ഈ നോവൽ, തനതായ സവിശേഷതകൾകൊണ്ട്, അടുത്തകാലത്തുണ്ടായ കന്നഡ നോവലുകളിൽ, അതുല്യമായൊരു സ്ഥാനം നേടിയിരിക്കുന്നു. ഗംഗവ്വ, രാഘപ്പ, ദേസായി എന്നിവർ കുടുംബനാഥരായുള്ള മൂന്നു കുടുംബങ്ങളെ ചുററിപ്പററിയാണ് കഥയുടെ പുരോഗതി.

കവിയും നിരൂപകനുംകൂടിയായ ഡോ. ശങ്കരമൊകാശി പുണേകരുടെ ആദ്യ നോവലാണിത്.



വില രൂപ 11—50

# ഗംഗവ്വ ഗംഗാമാതാവ്

ശങ്കര മൊകാശി പുണേകർ



894.8143
SAN

Indic Digital Archive Foundation
gpura.org